വള്ളത്തോളിന്റെ
ഗദ്യഗ്രന്ഥനിരൂപണങ്ങളും പ്രസംഗങ്ങളും

Digitized By Kerala Sahitya Akademi

വള്ളത്തോളിന്റെ
ഗ്രന്ഥനിരൂപണങ്ങളും
പ്രസംഗങ്ങളും

പ്രസാധകർ
മാതൃഭൂമി പ്രിന്റിംഗ് ആന്റ് പബ്ലിഷിംഗ് കമ്പനി
ലിമിറ്റഡ്, കോഴിക്കോട് – 673 001

1986

വില: 34.00

Digitized By Kerala Sahitya Akademi

മാതൃഭൂമി പതിപ്പ് 1986 ജനവരി

All Rights reserved

Title: VALLATHOLINTE GRANTHANIROOPANANGALUM PRASANGANGALUM

Author: Vallathol

Printed by P. V. Chandran at the Mathrubhumi M. M. Press, Calicut – 1

Price: Rs. 34.00

Publishers :
The Mathrubhumi Printing & Publishing Company Ltd..
Calicut – 673 001

1986 January

Digitized By Kerala Sahitya Akademi

ഈ പ്രസിദ്ധീകരണത്തെപ്പറ്റി

ഗ്രന്ഥവിഹാരം എന്ന നാമധേയത്തിൽ, സുപ്രശസ്ത നിരൂപകനായ ശ്രീ. കുട്ടികൃഷ്ണമാരാരുടെ പ്രൌഢവും സവിസ്തരവുമായ ഒരവതാരികയോട് കൂടി പ്രസിദ്ധീകരിച്ചിരുന്നതിലെ നിരൂപണങ്ങളും വള്ളത്തോളിന്റെ ഏതാനും പ്രസംഗങ്ങളുമാണ് ഈ സമാഹരത്തിലുള്ളത്: വള്ളത്തോളിന്റെ ഗ്രന്ഥനിരൂപണങ്ങൾ ആദ്യം പ്രസിദ്ധംചെയ്തപ്പോൾ ഒരു കോളിളക്കം തന്നെ സൃഷ്ടിക്കയുണ്ടായി ആ പുസ്തകം. അതിന്റെ രണ്ടാം പതിപ്പ് നിശ്ശേഷം തീർന്നിട്ട് വർഷങ്ങളായി. ഇതു സഹൃദയരായ സാഹിത്യപ്രേമികൾക്ക്, പുതിയ തലമുറയ്ക്ക് വിശേഷിച്ചും, പ്രയോജനപ്രദവും, പ്രമോദകരവും ആയിരിക്കുമെന്നാണ് എന്റെ വിശ്വാസം. ഒന്നുമാത്രം: അറുപതുവർഷം മുമ്പ് പ്രസിദ്ധീകരിച്ചതാണവയെന്ന കാര്യം മറക്കരുത്.

ഇനി പ്രസംഗങ്ങളെപ്പറ്റി; 'പ്രസംഗവേദിയിൽ' എന്ന പേരിലാണ് (1963) അതു പ്രസിദ്ധീകരിച്ചത്. അതിലെ ഏതാനും പ്രസംഗങ്ങൾ എഴുതി തയ്യാറാക്കിയവയാണ്. മറ്റുള്ളവ വാചാ പ്രസംഗങ്ങളും. വാചാപ്രസംഗങ്ങൾ ശേഖരിക്കാൻ പത്രങ്ങളെ ആശ്രയിക്കുകയേ നിവൃത്തിയുണ്ടായുള്ളൂ. വാചാ പ്രസംഗങ്ങൾക്ക് നോട്ട് കുറിക്കുകപോലും ചെയ്തിരുന്നില്ല, വള്ളത്തോൾ. തന്മൂലം വാചാപ്രസംഗങ്ങളുടെ നൈസർഗ്ഗികമായ സമഗ്രഭംഗി ഒട്ടൊക്കെ ചോർന്നുപോയിട്ടുണ്ടാവും. പക്ഷേ വേറെ എന്തുണ്ട് പോംവഴി? വള്ളത്തോൾ ഒരു പ്രഗത്ഭ പ്രാസംഗികനായിരുന്നില്ല, അതിന്റെ നിയതാർത്ഥത്തിൽ. കവിതാഭംഗിയും, ഫലിതങ്ങളും ലാളിത്യവും ചേർന്ന് ഒരു ശ്രീമധുരമാണ് അദ്ദേഹത്തിന്റെ പ്രസംഗങ്ങളെന്ന് പറയാം. ഈ പ്രസംഗങ്ങൾക്കും മുൻപറഞ്ഞ പഴക്കം ബാധകമത്രേ. അദ്ദേഹം പില്ക്കാലത്ത് ചിന്താഗതിയിലും, വീക്ഷണത്തിലും എത്രയോ മാറിയിട്ടുണ്ട്. അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കാൻ ഭാഗ്യം സിദ്ധിക്കാത്തവർക്ക് ഈ പുസ്തകത്തിൽക്കൂടെയല്ലാതെ അതാസ്വദിക്കാൻ കഴിയില്ല.

ഇതിലെ വാചാപ്രസംഗങ്ങൾ പകർത്തിക്കിട്ടിയത് മാതൃഭൂമി പത്രങ്ങളിൽ നിന്നാണെന്നുകൂടി ഇവിടെ അനുസ്മരിക്കട്ടെ. അതിനു സഹായിച്ച, അന്നു മാനേജരായിരുന്ന ശ്രീ കൃഷ്ണൻനായരോടും, മറ്റു സുഹൃത്തുക്കളോടും ഞാൻ കൃതജ്ഞത രേഖപ്പെടുത്തിക്കൊള്ളട്ടെ.

ഈ പ്രസിദ്ധീകരണത്തിലൂടെ വള്ളത്തോളും മാതൃഭൂമിയുമായുള്ള ചിരകാലബന്ധം വീണ്ടും പുതുക്കാനിടവന്നതിൽ, ഞാനും മറ്റു കുടുംബാംഗങ്ങളും അതീവ സന്തുഷ്ടരാണ്. അതിനവസരം തന്ന മാതൃഭൂമിയോട് അകൈതവമായ നന്ദി രേഖപ്പെടുത്തി ഞാനവസാനിപ്പിക്കുന്നു.

19–11–85
പെരുന്തുരുത്തി.

സി. അച്യുതക്കുറുപ്പ്

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

അവതാരിക

മഹാകവി വള്ളത്തോൾ പത്രാധിപരുടെ നിലയിൽ 'കേരളോദ'യത്തിലും 'ആത്മപോഷിണി'യിലും എഴുതിയിരുന്ന പുസ്തകനിരൂപണങ്ങളിൽ നിന്നു തിരഞ്ഞെടുത്ത ഏതാനും നിരൂപണങ്ങളുടെ സങ്കലനമാണ് ഈ 'ഗ്രന്ഥവിഹാരം'. പത്തുപതിനഞ്ചുകൊല്ലംമുമ്പു നിന്നുപോയ ഒരു വർത്തമാനപ്പടലാസ്സായ കേരളോദയത്തിന്റെ ഏതാനും ലക്കങ്ങൾ മാത്രമേ രണ്ടുമൂന്നിടത്ത് അന്വേഷിച്ചതിന്റെ ഫലമായി കിട്ടിയുള്ളൂ; അവയിൽനിന്നു കിട്ടിയ ചില നിരൂപണങ്ങളാണ് ഇതിൽ. ഒന്നാംഭാഗമായി ചേർത്തിട്ടുള്ളത്. ആത്മപോഷിണിയിലേതായ രണ്ടാംഭാഗത്തിലെ നിരൂപണങ്ങളിൽ, 'അരമനരഹസ്യം' 'കള്ളന്റെ കള്ളൻ' 'കൃഷ്ണകാന്തന്റെ മരണപത്രം' 'സുധാബിന്ദു' എന്നീപ്പുസ്തകങ്ങളുടെ നിരൂപണങ്ങൾ ശ്രീമാൻ നാലപ്പാട്ട നാരായണമേനോൻ അവർകൾ എഴുതിയവയും പത്രാധിപരുടേതായി പ്രസിദ്ധീകരിക്കപ്പെട്ടവയുമാണ്. 'സ്വപ്നവാസവദത്ത' നിരൂപണമാകട്ടെ, പരേതനായ സ്വദേശാഭിമാനി കെ. രാമകൃഷ്ണപിള്ള (ബി. എ.) ആവശ്യപ്പെട്ടതനുസരിച്ചു വള്ളത്തോൾ എഴുതിക്കൊടുത്ത് ആത്മപോഷിണിയിൽ പ്രസിദ്ധീകരിച്ചതത്രേ.

തിരഞ്ഞുകിട്ടിയവയിൽ, പൂതുവർഷക്കുണുകളെപ്പോലെ നശിക്കുവാൻ വേണ്ടിമാത്രം ഉണ്ടായ പുസ്തകങ്ങളെപ്പറ്റിയുള്ള നിരൂപണങ്ങൾ സാമാന്യമായി ഇതിൽ ചേർത്തിട്ടില്ല; എന്നാൽ അങ്ങിനെയുള്ള പുസ്തകങ്ങളെപ്പറ്റിത്തന്നെ പ്രയോജനവശാൽ അവഗാഢമായി വിമർശിച്ചിട്ടുണ്ടെങ്കിൽ, ആവക വിമർശനങ്ങൾ ഉപേക്ഷിച്ചിട്ടുമില്ല. നേരെമറിച്ചു, പ്രസിദ്ധന്മാരായ ഗ്രന്ഥകാരന്മാർ എഴുതിയിട്ടുള്ളവയും ഇന്നു പ്രചാരത്തിലിരിക്കുന്നവയുമായ പുസ്തകങ്ങളെപ്പറ്റിയുള്ളതായാലും, അത്ര അവഗാഢമായിട്ടില്ലാത്ത നിരൂപണം ഉപേക്ഷിക്കയാണ് ചെയ്തത്. 'രാമചരിതം' 'കണ്ണശ്ശരാമായണം' തുടങ്ങിയ പ്രാചീനകൃതികളുടെ നിരൂപണങ്ങൾ ഈ വഴ്ത്തിൽപ്പെടും. ആത്മപോഷിണിയിലെ 'പ്രരോദന' നിരൂപണം സ്വീകരിക്കാഞ്ഞതിനുള്ള കാരണമാകട്ടെ, അതാരെഴുതിയോ, ആ മാന്യ സുഹൃത്തിനു സ്വന്തം പേർ വെളിപ്പെടുത്തുന്നതു സമ്മതമല്ലെന്നുള്ളതാണ്.

നിരൂപണങ്ങളെ ക്രമപ്പെടുത്തൽ, കാരണവശാൽ പറയത്തക്ക വ്യവസ്ഥയൊന്നും നോക്കാതെയാണ് വേണ്ടിവന്നത്. എന്നു മാത്രമല്ല, അക്കാര്യത്തിൽ കുറഞ്ഞൊരനൌചിത്യവും വന്നുപോയിട്ടുണ്ട്. 'അരമനരഹസ്യ'ത്തിന്റെ നിരൂപണം ആദ്യം ചേർത്തിട്ടുള്ളതിലാണ് ഇതു വ്യക്തമായിക്കാണുക; സ്വതന്ത്രതജ്ജമഗ്രന്ഥങ്ങളെപ്പറ്റിയുള്ള രണ്ടുമൂന്നു നിരൂപണങ്ങൾക്കു ശേഷമാണ് അതെഴുതിയിട്ടുള്ളതെന്ന് അതിന്റെ ആരംഭം വെളിപ്പെടുത്തുന്നുണ്ടല്ലോ.

ഈദൃശമായ ഒരു പ്രസിദ്ധീകരണത്തിന്റെ ഉദ്ദേശം മിക്കവാറും സ്പഷ്ടമാണ്. മലയാളഭാഷാസാഹിത്യത്തിൽ അഭിനന്ദനീയവും അനുകരണീയവുമായ ഒരു ഗ്രന്ഥനിരൂപണരീതി ഉണ്ടായിവരുന്നില്ലെന്ന ആക്ഷേപം ഏറിയ കാലമായി കേട്ടുതുടങ്ങിയിട്ട്. അതു മുറുകി മുറുകി ഇപ്പോൾ മിക്കവാറും കൊടുംപിരിക്കൊണ്ടിരിക്കുന്നു. ഇതിന്റെ ഫല

Digitized By Kerala Sahitya Akademi

മായിട്ട, കഴിഞ്ഞകൊല്ലം ഇടപ്പള്ളി സമസ്തകേരളസാഹിത്യപരിഷത്തിന്റെ കാര്യവിചാരയോഗത്തിൽ, നിരൂപകസംഘം ഏറ്റെടുത്തുവാനുള്ള ഒരു പ്രമേയം, അധ്യക്ഷപീഠത്തിന്റെ പിൻപുറത്തോളം വന്നു; പക്ഷേ, എന്തോ, അതവിടെത്തന്നെ വിലയിച്ചുപോയി. തിരുവിതാംകൂറിൽ ഒരു മാന്യൻ ഒരു വിമർശമാസിക തുടങ്ങുവാൻ ആലോചിച്ചുവരുന്നതായും ഇയ്യിടയിൽ അറിവായിരിക്കുന്നു. അത്തരം ഉദ്യമങ്ങൾക്ക് ഈ പ്രസിദ്ധീകരണം തുലോം സഹായമാകുമെന്നും ഞാൻ വിചാരിക്കുന്നു.

എന്നാൽ നമ്മുടെ ഇന്നത്തെ ഗ്രന്ഥനിരൂപണരീതി ജാതിക്കുശുമ്പും, വ്യക്തിപ്പക, കക്ഷിവഴക്കു മുതലായവയാൽ ദൂഷിതമാകുന്നുണ്ടെന്നു ചിലർ പറഞ്ഞുവരുന്നതു തികച്ചും സമ്മതിക്കാവുന്നതല്ല. മലയാളസാഹിത്യത്തിൽ കക്ഷിമത്സരവും ജാതിവഴക്കും മറ്റുമുണ്ടെന്ന അപവാദം, അതു വേണമെന്നാഗ്രഹിക്കുന്ന ചിലരുടെ മുഖത്തുനിന്നു പുറപ്പെട്ട് അവരുടെ ഹൃദയത്തിലേയ്ക്കുതന്നെ മടങ്ങിച്ചെല്ലുകയേ ചെയ്യുന്നുള്ളു. അഥവാ, മലയാളത്തിലെ ജാതിക്കുശുമ്പും ഒരു പരാശക്തിയാണ്; അതിന്നു മഹാകവികളെത്തന്നെയും സൃഷ്ടിപ്പാൻ ത്രാണിയുണ്ടെന്നു നമുക്കറിയാമല്ലോ! ആ നേരംപോക്കു നില്ക്കട്ടെ. നമ്മുടെ പത്രമാസികകാര്യം മിക്കതും കയ്യിൽക്കിട്ടിയ പുസ്തകത്തെ, അതു തുലോം നിസ്സാരമായിരുന്നാൽക്കൂടി, യുവഗ്രന്ഥകാരന്മാർക്കു പ്രോത്സാഹജനകമാകുമാറു, സ്തുതിക്കുകയാണ് പതിവ്; നന്നെ സഹിച്ചുകൂടായ്മതോന്നിയാൽ മാത്രമേ അല്പാല്പം ആക്ഷേപിക്കുമാറുള്ളു. ഇപ്പറഞ്ഞതിനൊരുദാഹരണമാണ്, 'അരുണോദയം' മാസികയുടെ ഇക്കഴിഞ്ഞ വൃശ്ചികം ലക്കത്തിലുള്ള വനകുസുമനിരൂപണത്തിന്റെ മിക്ക ഭാഗവും:—

'പാഴറൈരാസുരവാഴ്ചയാം വേനലിൽ കേഴും ത്രിഭുവന ചാതകത്തെ
ഓടക്കുഴലിൽനിന്നൂറുമമൃതിനാൽ കോടക്കാർവണ്ണ നീയല്ലോ കാത്തു.'

എന്നീവിധത്തിൽ പദപ്രയോഗൗചിത്യം (ചാതകത്വകല്പനത്തിന്നനുസരണമായി കോടക്കാർവണ്ണ എന്ന സംബുദ്ധികൊണ്ടു മേഘത്വം കല്പിച്ചതു) കാണിച്ചിരിക്കുന്നതിലും 'വനകുസുമ'കർത്താവിനെ പ്രത്യേകം ശ്ലാഘിക്കേണ്ടിയിരിക്കുന്നു.' എന്നു നിരൂപകൻ പറയുന്നു. നിരൂപകൻതന്നെ ഈ കൃതിയെ (ഗോകുലാഷ്ടമി')യാതൊന്നിനോടുപമിച്ചുവോ, ആ 'അമ്പാടിയിൽച്ചെല്ലുന്ന അക്രൂര'നിൽ,

'അക്രൂരചാതക, പോരും നിൻ ചിന്തകം,
ചിക്കെന്നു തേർവിട്ടിറങ്ങിക്കൊൾക:
തുക്കണ്ണാൽ പൈക്കറ വീക്ഷിച്ചുകൊണ്ടതാ
നില്പുണ്ടു നിന്നുടെ നീലമേഘം!'

എന്നിങ്ങിനെ പ്രയോഗിച്ചിട്ടുള്ളതിന്റെയോ, അല്ലെങ്കിൽ മറ്റു പൂർവ്വകവികളം പ്രയോഗിച്ചിട്ടുള്ളതിന്റെയോ (പലരും പ്രയോഗിച്ചിട്ടുള്ളതാണിത്) അപഹരണമാണ്, വനകുസുമത്തിലെ ഈ പ്രയോഗം; അതിൽത്തന്നേ, 'കോടക്കാർവണ്ണ' എന്നുള്ളതുകൊണ്ടു കൃഷ്ണനു മേഘത്തിന്റെ നിറം മാത്രമല്ലാതെ മേഘത്വം കിട്ടുന്നുമില്ല. ശ്രീകൃഷ്ണന്റെ ഓടക്കുഴലൂത്തുകൊണ്ടാണ് ലോകത്തിലെ ആസുരപീഡ ശമിച്ചതെന്നു പറഞ്ഞതിലെ അൽപ്പഹാനി വേറെയുമുണ്ട്. എന്നിട്ടും ഹൃദയാലുവായ നിരൂപകൻ ആ യുവകവിയെ 'പ്രത്യേകം' ശ്ലാഘിക്കുകയല്ലേ ചെയ്തുള്ളു? പോരെങ്കിൽ,

Digitized By Kerala Sahitya Akademi

'ദിവാകരസരോജിനീനിഭൃതസംഗമംപോലെയാ—
യുവാവുമവളും പരസ്പരവിലോകനം ചെയ്കവേ.'

എന്നുതുടങ്ങി രണ്ടുമൂന്നിടത്തുള്ള വാക്യവൈരൂപ്യങ്ങൾ—അതും ഒരേ തരത്തിൽപ്പെട്ടവ—എടുത്തുകാണിച്ച്, അതൊക്കെ കാവ്യചാരുതയെ ബാധിക്കാത്ത നിസ്സാരദോഷങ്ങളാണെന്നു പറഞ്ഞു കവിയെ ആശ്വസിപ്പിക്കുകയും ചെയ്യുന്നു. മറെറാരു നിരൂപകനാണെങ്കിൽ. 'ഈ പദ്യകാരൻ വാക്യരചനമുതൽ പഠിക്കണം,' എന്നല്ലേ എഴുതുമായിരുന്നത്! അതുമാത്രമോ?

'ഉള്ളംതകർത്തുകയ്ക്കുമഴൽത്തിരത്തള്ളലിൻ തുള്ളികളെന്നപോലെ,
ആ മുഗ്ധമാം മുഖപ്പുവിങ്കൽ സേദാംബു തുമുത്തൊളിമിന്നിക്കാണാ
മാറായ്.'

എന്ന വരികളിൽ 'സേദാംബുതുമുത്ത്' എന്നീ പദങ്ങളെ, വൈയാകരണന്റെ ദ്വിത്വമോ അച്ചടിക്കാരന്റെ ശൃംഖലയോ (Hyphen) കാണാതെതന്നെ, സമസ്തപദമാക്കി, ഈ വരികളിലും മുൻപറഞ്ഞ വാക്യദോഷമുണ്ടെന്നു പറയപ്പെട്ടിരിക്കുന്നു. നിരൂപകൻ പറയുന്ന ദോഷം നിസ്സാരമാണെന്നു ഗ്രന്ഥകർത്താവിനു ബോധപ്പെടുവാൻ ഇതുതന്നെ ധാരാളമല്ലേ!

സുപ്രസിദ്ധന്മാരായ രണ്ടു സാഹിത്യകാരന്മാരുടെ 'സാഹിത്യനായക'ത്വത്തിൽ നടക്കുന്ന ഒരു മാസികയിലുള്ളതാണല്ലോ എന്ന ഗൗരവബുദ്ധിയിലാണ് ഇതിവിടെ എടുത്തുകാണിച്ചത്. ഇങ്ങിനെ ഏതു പത്രാധിപനും മിക്കവാറും ഏതു പുസ്തകത്തോടും എത്രയും ഔദാര്യവത്തായ ഒരു മനോഭാവത്തോടുകൂടിയേ പെരുമാറാറുള്ളൂ; ഗ്രന്ഥകർത്താവിന്റെ പേരിനോ ഗ്രന്ഥത്തിനോ കുറഞ്ഞൊരുല്കൃഷ്ടംകൂടിയുണ്ടെങ്കിൽ, അദ്ദേഹം സാഷ്ടാംഗം നമസ്കരിക്കുകതന്നെ ചെയ്യും! മറ്റു നിരൂപകന്മാരും സ്തുതിവിഷയത്തിൽ പ്രായേണ ഈ പത്രാധിപനിരൂപകന്മാരെ പിന്നിലാക്കിയതായിട്ടേ കണ്ടുവന്നിട്ടുള്ളൂ.

'എങ്ങിനെയോ സാഹിത്യകാരന്മാരുടെ പംക്തിയിൽ സ്ഥലം പിടിച്ച വാഗ്ദേവിയോടു മല്ലിടുന്ന 'മഹാനുഭാവ'ന്മാരുടേയും അതുപോലുള്ള ചില ദുർവ്വാശിക്കാരായ ഗ്രന്ഥകാരന്മാരുടേയും കാര്യത്തിൽ തീക്ഷ്ണമായ നിരൂപണം അത്യാവശ്യമായിരിയ്ക്കേ; അതിലും നമ്മുടെ നിരൂപകന്മാർ മിക്കപൊറും സൌമ്യന്മാരായിട്ടേ പ്രവർത്തിക്കാറുള്ളൂ. ഇവരുടെ നിരൂപണായുധം കണ്ട് ആ ദുർഗ്രന്ഥകാരന്മാരുടെ പടം ഒന്നുകൂടി ഉയർന്നു എന്നല്ലാതെ, ഒരിക്കലും താഴ്ന്നുപോയി എന്നു വരുന്നതല്ല. ഉദാഹരണമായി, 'സാഹിതി' മാസികയുടെ 1102 വൃശ്ചികം ലക്കത്തിലുള്ള 'അംബുജാക്ഷി' നിരൂപണം നോക്കുക: 'അംബുജാക്ഷി, നമ്പൂതിരിസ്സംബന്ധത്തെ സ്തുതിക്കുവാനായി ലോകസ്വഭാവത്തേയും സൂജനാഭിപ്രായത്തേയും സാഹിത്യവ്യവസ്ഥയേയുമെല്ലാം കല്പിച്ചുകൂട്ടി ഉല്ലംഘിച്ചു, ഒരു നമ്പൂതിരിയുവാവിനേയും ഒരു നായർസ്ത്രീയേയും നായികാനായകന്മാരാക്കി, പതിനാറു സർഗ്ഗങ്ങളിലായി എഴുതപ്പെട്ട ഒരു പുതുമഹാകാവ്യമാണ്. നിരൂപകൻ ഇതിവൃത്തത്തിന്മേൽനിന്നു തുടങ്ങി ദോഷം പറയുന്നു: "ഈ ഇതിവൃത്തം ഇന്നു നമ്പൂതിരിസമുദായത്തിലും നായർസമുദായത്തിലുമുള്ള പ്രാമാണികന്മാരായ സമുദായപരിഷ്കർത്താക്കന്മാരുടെ ആദർശത്തിനു പ്രതികൂലമാണ്." ഇതു കേട്ട മന്ദഹാസപൂർവ്വം 'അതേ, അതേ!' എന്നു പറയുന്ന ഗ്രന്ഥകാരനോടു നിരൂപകനു പറയാനുള്ളതിത്രമാത്രം: "അതു തീർച്ചയായും ആക്ഷേപ

Digitized By Kerala Sahitya Akademi

യോഗ്യമാണ്.'' ഗ്രന്ഥകാരൻ പറയുന്നു: 'നിരൂപകനെപ്പോലുള്ള ചില പാരുങ്ങാം എന്റെ കാവ്യത്തിൽത്തന്നെയുണ്ട്!' നിരൂപകൻ ഇതിവൃത്തത്തിൽക്കാണുന്ന മറെറാരു ദോഷം, ഈ കഥ സമുദായസ്പർദ്ധയെ ജനിപ്പിക്കുന്നതാണെന്നാണ്. മറെറന്തു ദോഷമുണ്ടായാലും, അംബുജാക്ഷിയിലില്ലാത്ത ഒരു ദോഷമാണിത്. നായർപ്പാത്രങ്ങളെക്കൊണ്ടു നമ്പൂതിരിസമുദായത്തെ ശകാരിപ്പിച്ചിട്ടുണ്ടെങ്കിൽ, നമ്പൂതിരിപ്പാത്രങ്ങളെക്കൊണ്ടു നായർസമുദായത്തെയും ശകാരിപ്പിച്ചിട്ടുണ്ട്. ഗ്രന്ഥകാരനാകട്ടെ, മദ്ധ്യസ്ഥനായി നിന്നു രണ്ടു സമുദായത്തിലേയും നല്ല പാത്രങ്ങളെ (അദ്ദേഹത്തിനു സമ്മതമായ ആദർശമെടുത്തവരെ) പ്രശംസിക്കുകയേ ചെയ്യുന്നുള്ളു. അദ്ദേഹത്തിന്റെ നായികയും നായകനുംതന്നെ ഭിന്നസമുദായങ്ങളിലുള്ളവരാണല്ലോ. അഥവാ, ഗ്രന്ഥകാരനോട് ആ രണ്ടു സമുദായക്കാക്കും സ്പർദ്ധയുണ്ടാവുമെന്നാവാം നിരൂപകന്റെ ആശയം. ''മഹാകവികുണ്ഡങ്ങളായ കാവ്യലക്ഷണപദ്ധതികളൊന്നും തെളിഞ്ഞുകാണുന്നില്ലെ''ന്ന പിന്നത്തെ ആക്ഷേപം അവതാരികാകാരന്റെ നേക്കുള്ളതാണ്; ഗ്രന്ഥകാരന്റെ നേക്കുള്ളതല്ല. ഗ്രന്ഥകാരൻ മലയാളത്തിലെ പഴയ നടപടികളെ രക്ഷിക്കണമെന്നല്ലാതെ, കവികളുടെ പഴയ മാഗ്ഗങ്ങളെ അനുസരിക്കണമെന്നുദ്ദേശിച്ചിട്ടില്ലെന്നാണ് തോന്നുന്നത്. അല്ലെങ്കിൽ, നിരൂപകൻ ഖണ്ഡിക്കുന്ന നോവൽസ്സമ്പ്രദായം ഇതിൽ വരില്ലായിരുന്നുവല്ലോ.

പതിനാറു സർഗ്ഗമുള്ള ഈ കാവ്യത്തിൽനിന്നു, നിരൂപകൻ മിനക്കെട്ടു തിരഞ്ഞെടുത്തു കാണിച്ച ആറപശബ്ദങ്ങളിൽ പകുതിയും സുശബ്ദങ്ങളത്രേ! ദുർഭിക്ഷം എന്നു നാമവിശേഷണമാകുന്നതുകൊണ്ടു (ദുർല്ലഭാഭിക്ഷായത്ര) 'ദുർഭിക്ഷത' ദാരിദ്ര്യമെന്നർത്ഥത്തിൽ തെറെറല്ല; 'യുവലക്ഷ്മി' എന്നതിനു യൌവ്വനലക്ഷ്മി എന്നർത്ഥംവരാൻ യാതൊരു ക്ലേശവുമില്ല (നൃപശ്രീ മുതലായതു നോക്കുക); ക്ഷീണത്വമെന്നർത്ഥത്തിൽ 'ക്ഷീണം' മലയാളത്തിൽ പ്രചുരപ്രയോഗംകൊണ്ടു സാധുവാണ്, സമാസത്തിലായാലേ അസാരസമുള്ളു. ഈ നിരൂപകനോട് ഗ്രന്ഥകാരന്നു് ഇങ്ങനെ പറയാം: 'എന്റെ ക്ഷീണംതീർക്കുന്നതിനുമുമ്പു് നിങ്ങളുടെ സ്വഭാഷാജ്ഞാനത്തിന്റെ ക്ഷീണം മാറുക: 'സ്വാധീനിച്ചു്,' സവിശേഷയോഗ്യത എന്നർത്ഥത്തിലുള്ള 'പ്രത്യേകയോഗ്യത', 'ഓരോ സർഗ്ഗങ്ങാം' (സർഗ്ഗം എന്ന മതി), 'നടത്തിക്കുവാൻ' (നടത്തുവാ.ർ) 'പറയിപ്പിച്ചിരിക്കുന്നതു്'' (പറയിച്ചിരിക്കുന്നതു്)—മുതലായവയാണു് ക്ഷീണത്തേക്കാാം അസഹ്യങ്ങാം.'

പണ്ഡിതനും വിമർശകനുമാണെന്നു പണ്ടെയ്ക്കുപണ്ടേ വിളികൊണ്ടിരിക്കുന്ന ശ്രീമാൻ കെ. വാസുദേവൻ മൂസ്സതവർകളുടെ സാഹിത്യസാഹായ്യത്തോടുകൂടി നടക്കുന്ന ('സാഹിതി'യുടെ 1101 കുംഭം ലക്കത്തിലെ പ്രസ്താവനനോക്കുക) ഒരു മാസികയിൽ, അതിന്നു് 'ഒട്ടും ബോധിച്ചിട്ടില്ലാ'ത്ത ഒരു ദുഷ്കാവ്യത്തെപ്പററിയുള്ള നിരൂപണത്തിന്റെ പ്രധാനഭാഗങ്ങളാണു് മുകളിൽ എടുത്തുകാണിച്ചതു്. അപ്പോാം, മലയാളത്തിലെ ഇന്നത്തെ ഗ്രന്ഥനിരൂപണരീതി പൌരോഭാഗ്യസ്പൃഷ്ടമാണെന്നു് എങ്ങിനെ പറയാം? ഒന്നുമാത്രം—അനുകമ്പാർഹം!

പാവം, ഒരു പുസ്തകത്തിന്റെ ഗുണമാകട്ടെ ദോഷമാകട്ടെ പിഴയ്ക്കാതെ എടുത്തുപറവാൻ കഴിവില്ലാത്ത ഈ നിരൂപകന്മാരോടാണോ, 'നിങ്ങളുടെ നിരൂപണങ്ങാംകൊണ്ടു മലയാളഭാഷാസാഹിത്യത്തിന്നു ഗുണം വരുന്നില്ലേല്ലോ!' എന്നു് ആവലാതിപറയാൻ പോകുന്നതു്! നിരൂപ്യമാണമായ

Digitized By Kerala Sahitya Akademi

ഗ്രന്ഥത്തിലെ ഗുണങ്ങളേയും ദോഷങ്ങളേയും ശരിക്കെടുത്തുപറഞ്ഞാൽ ത്തന്നെ, അതു നിരൂപണത്തിന്റെ പ്രൌതികപിണ്ഡംമാത്രമേ ആയുള്ള. ശ്രേഷ്ഠഗ്രന്ഥങ്ങളുടെ ശരിയായ ഗുണങ്ങളെ, ഉള്ളിൽത്തട്ടുമാറു വിവരിക്കുക; ദുർഗ്രന്ഥങ്ങളെ അച്ചടിച്ച പ്രസ്സിൽത്തന്നെ കെട്ടിക്കിടത്തി ദ്രവിപ്പിക്കുക— മുതലായ പരമോദ്ദേശങ്ങളും സാധിക്കുമാറു നിരൂപണത്തിന്നു ശക്തിചൈതന്യങ്ങളും ഉണ്ടാകുന്നതാകട്ടെ, മറെറാരു വഴിക്കുത്രേ. 'ഗ്രന്ഥനിരൂപണം സമീചീനമായി സാധിക്കേണമെങ്കിൽ, അറിവുവേണം, നെറിവുവേണം, കാഴ്ചവേണം, ഓർച്ചവേണം—എന്നൊക്കെ കേട്ടാൽ നമ്മുടെ നിരൂപകന്മാർ പകച്ചുപോവുകയില്ലയോ? 'നമ്മുടെ ഗ്രന്ഥനിരൂപണം ശരിയാവുന്നില്ലാ, ശരിയാവുന്നില്ലാ!' എന്നു മുറവിളികൂട്ടുന്നവർതന്നെ, എന്തൊക്കെയാണ് ശരിയാകായ്ക എന്നറിയുന്നുണ്ടോ; ആവോ? നിരൂപണങ്ങളുടെ കുള്ള വൈകല്യങ്ങളും എന്തൊക്കെയാണ് എന്നറിയാതെ, അതിനെ പരിഷ്കരിക്കാൻ ചെയ്യുന്ന പരിശ്രമം എത്രത്തോളം വിജയപര്യവസായിയാവാം?

'മലയാളത്തിലെ നോവൽസ്സാഹിത്യം അഭിവൃദ്ധിപ്പെടുന്നില്ല; നാടകസാഹിത്യം അങ്ങിനെതന്നെ കിടക്കുന്നേ ഉള്ളൂ' എന്നും മറുമുള്ള ആക്ഷേപങ്ങളും തീരുവാൻ പുരുഷകാരവും ദൈവാനുകൂല്യവും എത്രകണ്ടു വേണമോ, അത്രകണ്ടുതന്നെ നമ്മുടെ നിരൂപണപ്രസ്ഥാനത്തെ ഉയർത്തിക്കൊണ്ടുവരുവാനും അവ കൂടിയേ കഴിയൂ. ഗ്രന്ഥനിരൂപണം സാഹിത്യത്തിലെ ഒരു പ്രസ്ഥാനവിശേഷമല്ലാതെ മറെറാന്നുമല്ല; സാഹിത്യം പ്രപഞ്ചത്തെയും ജീവിതത്തെയും വിമർശിക്കുമ്പോലെ—അവയിലെ ഗുണദോഷങ്ങളെ ഹൃദയംഗമങ്ങളായ ശബ്ദാർത്ഥങ്ങളെക്കൊണ്ടു പ്രതിപാദിക്കുമ്പോലെ—, നിരൂപണസാഹിത്യം ഗ്രന്ഥത്തിന്റെ ഗുണദോഷങ്ങളെ ആവിധം വിമർശിക്കുന്നു. നിരൂപകനു ഗ്രന്ഥത്തിന്റെ ഗുണദോഷങ്ങളെ കാണുവാനുള്ള സഹൃദയത്വവും വിദ്വത്ത്വവും മാത്രമുണ്ടായാൽപ്പോരാ, അവയെ ഹൃദയസ്പർശിയാംവണ്ണം പ്രതിപാദിപ്പാനുള്ള കവിത്വവും രസികത്വവും കൂടി വേണം. കാവ്യനിർമ്മാണം ചെയ്യുന്ന ഒരു കവി തന്റെ വിവിധകഥാപാത്രങ്ങളിലെന്നപോലെ, നിരൂപകൻ, മഹാന്മാരായ ഗ്രന്ഥകാരന്മാരിൽ ബഹുമാനം, കുട്ടിത്തരക്കാരിൽ അനുകമ്പ, സാഹിത്യലോകത്തിൽ തങ്ങൾ തീരെ അർഹിക്കാത്തതായ മാന്യസ്ഥാനത്തു ശാഠ്യംപിടിച്ചുകൂടുന്ന കൂട്ടരിൽ തീക്ഷ്ണമായ പരിഹാസം മുതലായ ചിത്തവൃത്തികളെ, തന്റെ കുലീനതയ്ക്കും ഗൌരവത്തിനും ഉടവുതട്ടിപ്പോകാതെ വെളിപ്പെടുത്തിക്കൊണ്ടുതന്നെ ഇരിക്കണം. ഉന്നതമായ ആശയം, രസസ്ഫുർത്തിയുള്ള പ്രതിപാദനരീതി, അഭിജാതമായ ഹലിതരസികത്വം മുതലായവ ഒരു ഗ്രന്ഥകാരനു വേണ്ടേടത്തോളം തന്നെ ഒരു വിമർശകാരനും ഉണ്ടായിരിക്കണം. നമ്മുടെ ഇന്നത്തെ നിരൂപണപ്രസ്ഥാനം അത്രയും അചേതനവും അനുകമ്പാർഹവുമായിരിക്കുന്ന സ്ഥിതിക്കു, മുകളിൽപ്പറഞ്ഞ തരത്തിലുള്ള ഒരു നിരൂപണസാഹിത്യത്തിനു നമ്മുടെ ഭാഷയിൽ പ്രചാരം വരുത്തുവാനുള്ള മാർഗ്ഗം സുഗമമോ സുസ്പഷ്ടമോ സുന്ദരമോ ആകുന്നതെങ്ങിനെ? എന്നിരിക്കിലും,

'കാലിനെ വിഴുങ്ങുന്ന കഷ്ടാധ്വാക്കളിലൂടെ
കാര്യസിദ്ധിയ്ക്കായ് നടക്കേണ്ടുന്ന നടകാട്ടാൻ'

Digitized By Kerala Sahitya Akademi

ചില പുരോഗാമികൾ നമുക്കുണ്ടായിട്ടുണ്ട്. പരേതനായ കെ. രാമകൃഷ്ണപിള്ള (ബി. എ.), വിദ്യാവിനോദത്തിൽനിന്നു വിരമിച്ചിരിക്കുന്ന സി. പി. അച്യുതമേനോനവർകൾ തുടങ്ങിയ ആ പുകഴ്ന്ന പുരോഗാമികളിൽവെച്ചു മഹാകവി വള്ളത്തോളിനുള്ള സ്ഥാനം അദ്വിതീയമത്രേ. എന്തുകൊണ്ടെന്നാൽ, ഒരു മഹാകവിയോടു കിടപിടിക്കുന്ന ഒരു നിരൂപകൻ ഉണ്ടാവാൻ വയ്യ: ഏതു മഹാകവിയെപ്പറ്റിയും അന്നന്നത്തെ നിരൂപകന്മാർ പിറുപിറുത്തുകൊണ്ടിരിക്കുന്നു; എല്ലാം തട്ടിനിരത്തിക്കൊണ്ടു പോകുന്ന കാലമാകട്ടെ, തന്റെ യാത്രയിൽ മഹാകവികളെ മാത്രം ഭാവിയിലെയ്ക്കായി തിരഞ്ഞെടുത്തു കയ്യിൽ വെയ്ക്കുന്നു.

മഹാകവി വള്ളത്തോളിന്റെ നിരൂപണാദർശങ്ങൾ എന്തെല്ലാമാണെന്നു വെളിപ്പെടുത്തുവാൻ, അദ്ദേഹം ആത്മപോഷിണിയുടെ പത്രാധിപത്യം ഏറ്റെടുത്ത ആയിടയിൽ—1091ധനുവിൽ—എഴുതിയ ഒരു പത്രാധിപക്കുറിപ്പിലെ ഒരു ഖണ്ഡിക ഇവിടെ ഉദ്ധരിക്കുന്നതിൽ ഔചിത്യക്കേടില്ല:—

"പഠിപ്പും പരിചയവും പരുങ്ങലാണെങ്കിലും, ഉള്ളിൽ തോന്നിയ അഭിപ്രായം, മനസ്സാക്ഷിയെ മറയ്ക്കുന്നതല്ലാതെ വെളിപ്പെടുത്തുക എന്നൊരു വ്രതം ഗ്രന്ഥനിരൂപകന്മാക്കു പരക്കെ അനുഷ്ഠിക്കാവുന്നതാണ്. ഒരു ഗ്രന്ഥം ഗുണഭൂയിഷ്ഠമാണെങ്കിൽ, അതിന്റെ ഗുണങ്ങളെ വേണ്ടും വണ്ണം പ്രശംസിക്കുന്നതുകൊണ്ടു നിരൂപകന്റെ വൈദുഷ്യകീർത്തിക്കു് ഒരു വാട്ടവും വരാനില്ല: ഗുണശ്ലാഘനത്തെക്കാളും ദോഷഘോഷണം ഇഷ്ടപ്പെടുന്ന വായനക്കാരുണ്ടാവാം. എന്നാൽ അവരെ പ്രസാദിപ്പിക്കുന്നതിനു നിരൂപകൻ ശ്രമിക്കുന്നതു, ദുർവ്വാസനയ്ക്കു വളം കൊടുക്കുകയാണ്. സൌമ്യങ്ങളും ഗുണാശംസയെ ദ്യോതിപ്പിക്കുന്നവയുമായ അക്ഷരങ്ങളാംകൊണ്ടു വേണം ദോഷങ്ങളെ ഉപന്യസിപ്പാൻ. തീക്ഷ്ണമായ ദോഷപ്രഖ്യാപനം, മേലിൽ നന്നാകുമാവരായി കാണപ്പെടുന്ന യുവകവികൾക്കു് ഉത്സാഹഭംഗം വരുത്തിയേയ്ക്കാവുന്നതാകയാൽ, അവരെസ്സംബന്ധിച്ചേടത്തോളം വിശേഷിച്ചും, വർജ്ജനീയമാകുന്നു. എന്നാൽ, എങ്ങിനെയോ സാഹിത്യകാരന്മാരുടെ പംക്തിയിൽ സ്ഥലംപിടിച്ചു വാഗ്ദേവിയോടു മല്ലിടുന്ന 'മഹാനുഭാവ'ന്മാരുടെ കാര്യത്തിൽ, ഈ നിയമത്തിന്നു് അല്പം ഭേദഗതി വരുത്തിക്കളയുന്നില്ല; അതു പക്ഷേ, പ്രയോജനകരമായും ഭവിച്ചേയ്ക്കാം. ഈ തത്വം ഉള്ളിൽ വെച്ചുംകൊണ്ടാണു്, പ്രായേണ സി. പി. അച്യുതമേനോനവർകളും പരേതനായ രാമകൃഷ്ണപിള്ള അവർകളും ഗ്രന്ഥവിമർശം ചെയ്തിരുന്നതു്. അവരെ അനുകരിപ്പാൻ ചില്വറക്കാരെക്കൊണ്ടാവില്ലെന്നു് ഉള്ള. ശ്രീമാൻ പിള്ളയുടെ യശശ്ശരീരത്തിന്മേൽ, അദ്ദേഹം നിർദ്ദാക്ഷിണ്യമായി ആക്ഷേപിച്ച ചില പുസ്തകങ്ങളുടെ ഉടമസ്ഥന്മാർ ഇപ്പോഴും ഇടയ്ക്കിടയ്ക്കു് ഒളിയമ്പെയ്തു നോക്കുന്നതുതന്നെ, ആ ദീർഘവിശ്രമം അംഗീകരിച്ച തൂലികയുടെ അവിസ്മരണീയശക്തിക്കു് ഉദാഹരണമാണല്ലോ. ഗ്രന്ഥനിരൂപണം സമീചീനമായി സാധിക്കേണമെങ്കിൽ, അറിവുവേണം, നെറിവു വേണം, കാഴ്ചവേണം, ഓർച്ചവേണം എന്നതൊക്കെ പഴംകഥയായിപ്പോയി! ഇപ്പോഴത്തെ 'മഹാനിരൂപക'ന്മാർ, ഇതു വിചാരിച്ചു ഗ്രന്ഥനിരൂപണത്തെ വൈരനിര്യാതനത്തിനുള്ള ആയുധമാക്കാതിരിക്കയെങ്കിലും ചെയ്യുമോ, ആവോ!!"

Digitized By Kerala Sahitya Akademi

ഇതിൽനിന്ന വെളിപ്പെടുന്ന നിരൂപണാദർശങ്ങളിൽനിന്ന് ലേശവും വ്യതിചലിച്ചുപോകാതെ—മനഃക്ഷുദ്രതയുടെ പുഴക്കത്താകട്ടെ, നിർദ്ദയത്വത്തിന്റെ പരുപരുപ്പാകട്ടെ, അപ്രഗല്ഭതയുടെ അയവാകട്ടെ എങ്ങും വന്നുപോകാതെ—അദ്ദേഹം നിരൂപണസാഹിത്യത്തെ പരിപോഷിപ്പിച്ചുപോന്നു. എത്ര തന്നെ ക്ഷുദ്രമായ ഗ്രന്ഥമായാലും അതിൽ ലേശമെങ്കിലും ഗുണമുണ്ടെങ്കിൽ സൂക്ഷ്മദൃഷ്ടിയായ അദ്ദേഹം അതിനെ സവിശേഷമായെടുത്തു ശ്ലാഘിയ്ക്കാതിരിക്കയില്ല. ആത്മപോഷിണിയിൽ അന്നെഴുതിയ ഗ്രന്ഥനിരൂപണങ്ങളിൽ പലതും ഇതിലേയ്ക്കു തെളിവു തരുന്നു; ഈ തിരഞ്ഞെടുത്തവയിലും അങ്ങിനെ ചിലതു കാണപ്പെടും. അദ്ദേഹത്തിന്റെ ദോഷോപന്യാസത്തിലുള്ള തീക്ഷ്ണതയും മാർദ്ദവവും, ദോഷങ്ങളുടെ ഗൗരവലാഘവങ്ങളെ അനുസരിച്ചിരിക്കും; ഇതു വശ്യവാക്കായ ആ മഹാകവിയുടെ ഒരു സവിശേഷ ഗുണമത്രേ. ഗ്രന്ഥകർത്താവിനെ നോക്കിയിട്ടേ അദ്ദേഹം നിരൂപണമെഴുതാറുള്ളു. പക്ഷേ, അതു മറ്റു ചില നിരൂപകന്മാർ ചെയ്യുന്നതുപോലെ, ദോഷങ്ങളെ പുഴുത്തിവെപ്പാനോ ആരോപിപ്പാനോ അല്ല: ഗ്രന്ഥകാരൻ അർഹിക്കുന്നതു നിർദ്ദയമായ നിരൂപണമോ സാനുകമ്പമായ ഉപദേശമോ എന്നു തീർച്ചപ്പെടുത്താനാണു. അദ്ദേഹം ഇളയ പരിശ്രമങ്ങൾക്കു പാകംപോലെ വളംവെച്ചുകൊടുക്കും; മുതുപോയ ദുശ്ശീലങ്ങൾക്കു പരിക്കേൽപ്പിക്കും; ആ ദുരഹങ്കാരികളായ 'മഹാനുഭാവ'ന്മാർക്കു് എന്നെന്നും അറിയാതെ ചുമന്നു കൊണ്ടുനടക്കുവാൻ തക്കവണ്ണം നല്ലൊരു പരിഹാസഭാണ്ഡം മുതുകത്തേററിക്കൊടുക്കും—എല്ലാററിലും അദ്ദേഹത്തിന്റെ അഭിജാതത്വവും മഹാസത്വതയും ഫലിതരസികത്വവും ആർദ്രമായ ശാസനോപദേശങ്ങളും തെളിഞ്ഞുകാണാം. അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ—വാക്യങ്ങൾ തന്നെ—എന്നെന്നും അക്ഷോഭ്യങ്ങളാണു. ഹാ, അന്നു് ആ പത്രാധിപപീഠം ആറ്റാദാഭിമാനങ്ങളാൽ എത്രമേൽ അപൂർണ്ണമായിരുന്നിരിയ്ക്കില്ല! അതു്, അസാധാരണമായ തന്റെ പ്രകാശവിശേഷത്താൽ കൈരളീസാഹിത്യത്തെ എത്രമേൽ മിന്നിത്തിളങ്ങിച്ചില്ല! പക്ഷേ, അതുകൊണ്ടുണ്ടായ ഫലമെന്താണു്? അദ്ദേഹത്തിന്റെ സാരവത്തരങ്ങളായ സാഹിത്യതത്ത്വോപദേശങ്ങളിൽ മറ്റുള്ളവർ വേണ്ടിടത്തോളം ശ്രദ്ധവെച്ചുവോ? ഇതിന്നു, നിരൂപണം ചെയ്യപ്പെട്ട ഗ്രന്ഥങ്ങളിൽച്ചിലതിന്റെ രണ്ടാം പതിപ്പും, അതാതു ഗ്രന്ഥകാരന്മാരുടെ പിന്നത്തെ സാഹിത്യപരിശ്രമങ്ങളും ഉത്തരം പറയും. അവർ കാണിക്കുന്ന ഈ അനാദരത്തിന്നു് അവരുടെ ദുരഹങ്കാരം മാത്രമാണു് കാരണമെന്നു കരുതേണ്ട; കക്ഷിമത്സരാദികളാൽ കലുഷീകൃതമായ അന്നത്തെ 'പത്രങ്ങളുടെ പുസ്തകാഭിപ്രായങ്ങളിൽ അഭിജ്ഞന്മാർക്കു് അവജ്ഞ വർദ്ധിക്കുകയും, അതു ക്രമേണ ഉത്തമപത്രങ്ങൾക്കുകൂടി അയശസ്സുരമായിത്തീരുകയും, ചെയ്തതാവണം അതിന്നുള്ള മുഖ്യകാരണം. വാസ്തവത്തിൽ ഒരു പത്രാധിപരുടെ പുസ്തകാഭിപ്രായത്തിന്നുള്ള വിലയെന്താണെന്നു മനസ്സിലാക്കുവാൻ മലയാളിക്കിടവന്നില്ല.

വള്ളത്തോളിന്റെ ആ നിരൂപണമാഗ്ഗസഞ്ചാരംകൊണ്ടുണ്ടായിട്ടുള്ള ഫലം പ്രധാനമായിട്ടു് ഇതു മാത്രമാണു്: 'അദ്ദേഹം നിർദ്ദാക്ഷിണ്യമായി ആക്ഷേപിച്ച ചില പുസ്തകങ്ങളുടെ ഉടമസ്ഥന്മാ'രും, അദ്ദേഹത്തിന്റെ സാക്ഷ്യമായ യശഃപുഞ്ജത്തിന്മേൽ ചേർ വാരിയെറിയുകയുണ്ടായി; ഇപ്പോഴും ചിലരതു തുടർന്നുപോരുന്നു. ഇതൊക്കെക്കണ്ടു വിവേകികൾ തുകുന്ന വെൺ

Digitized By Kerala Sahitya Akademi

പുഞ്ചിരിയാൽത്തന്നെ ആ യശസ്സു് അപ്പഴപ്പോഴും കഴകപ്പെട്ടപോരുന്നുണ്ടു്. പക്ഷേ, ആ ചേറെല്ലാം ചെന്നടിയുന്നതു് നമ്മുടെ സാഹിത്യമാഗ്ഗത്തിലായിരിക്കുന്നു!

ഏതായാലും മലയാളഭാഷാസാഹിത്യത്തിലെ ഗ്രന്ഥനിരൂപണപ്രസ്ഥാനത്തെ പരിശുദ്ധവും പരിഷ്കൃതവുമാക്കുവാൻ കോപ്പുകൂട്ടുന്നവർ, മഹാകവി വള്ളത്തോളിന്റെ സാഹിത്യസിദ്ധാന്തങ്ങളെ അവധാനപൂർവ്വം നോക്കിപ്പോകുന്നതു് അത്യാവശ്യമത്രെ.

കഴിഞ്ഞ കൊല്ലം ഇടപ്പള്ളിവെച്ചു സ. കേ. സാ. പരിഷത്തു് ഒന്നാമതായി സമ്മേളിച്ച സന്ദർഭത്തിൽ ഒരു ബി. എ. ക്കാരൻ—അയാളുടെ പേരിവിടെ എഴുതുന്നില്ല—, അയാൾക്കു തീരെ അപരിചിതനായ ഇതെഴുത്തുകാരനോടു് ഇങ്ങനെ പറയുകയുണ്ടായി: "ആത്മപോഷിണിയിൽ അന്നു് 'സുധാബിന്ദു' നിരൂപണമെഴുതിയ വള്ളത്തോൾ തന്നെയല്ലേ, ഇപ്പോൾ 'പാവങ്ങൾ'*ക്കനുകൂലമായി സംസാരിക്കുന്നതു്! ആളുകൾക്കു് ഇത്ര വ്യത്യാസം വരാമല്ലോ." ഈയാൾ തന്നെയോ ഈയാളുടെ സ്നേഹിതനോ എന്നറിഞ്ഞുകൂടാ, അതിന്റെ ഏതാനും മാസങ്ങൾക്കു് മുമ്പു് 'സമദർശി' പത്രത്തിൽ 'The Cage of Gold'—ന്റെ സ്വതന്ത്രതർജ്ജമയായ 'ഊമ്മിള'യെപ്പറ്റി എഴുതിയ വിമർശനത്തിൽ—ഇങ്ങിനെയെല്ലാമാണു് ഓർമ്മ—, 'പാവങ്ങ'ളുടെ പരിഭാഷകനോടു് ആത്മപോഷിണിയിലെ ആ സുധാബിന്ദുനിരൂപണം ഒന്നു വായിച്ചുനോക്കുവാൻ ഉപദേശിച്ചിരുന്നു! ഗ്രഹപ്പിഴയ്ക്കു് ആ സുധാബിന്ദുനിരൂപകൻതന്നെയായി പാവങ്ങളുടെ പരിഭാഷകൻ! അതിരിയ്ക്കട്ടെ. സുധാബിന്ദുനിരൂപണവും 'ലേ മിസറാബ'ളിന്റെ പരിഭാഷയും ഒരേ ആദർശത്തെ മുൻനിർത്തി എഴുതപ്പെട്ടവയാണെന്നറിവാൻ അവ ശരിക്കു വായിച്ചു നോക്കുകയേ വേണ്ടു. അതു ചെയ്യാത്തതുകൊണ്ടല്ലേ, ഈ സാഹിത്യസഞ്ചാരികൾക്കു് ഇങ്ങിനെയൊരു കാലിടർച്ച പറ്റിയതു്. അതുകൊണ്ടു—ഞാനാവർത്തിക്കുന്നു—നമ്മുടെ എഴുത്തുകാർ മഹാകവി വള്ളത്തോളിന്റെ സാഹിത്യസിദ്ധാന്തങ്ങളെ അവധാനപൂർവ്വം നോക്കിപ്പോകട്ടെ.

നമ്മുടെ യുവപണ്ഡിതന്മാരുടെ വിസ്മൃതിക്കലവറയിൽനിന്നു് ഇങ്ങിനെയൊന്നു്—ഇതു പക്ഷേ ഉള്ളവയിൽവെച്ചു തുച്ഛമാവാം—ഇവിടെ എടുത്തുകാണിച്ചതു വെറുതെയല്ല. ഈ 'ഗ്രന്ഥവിഹാര'ത്തിലെ എതുമുഖ്യം പ്രധാനമായിട്ടുള്ള ഒരുസിദ്ധാന്തത്തെപ്പറ്റിയുള്ളതാണു് ഈ ആക്ഷേപം; ഇതിന്റെ രണ്ടാംഭാഗത്തിലുള്ള നിരൂപണങ്ങളിൽ പകുതിയോളവും സംസ്കൃതത്തിൽനിന്നോ ഇംഗ്ലീഷിൽനിന്നോ വിവർത്തനം ചെയ്യപ്പെട്ട പുസ്തകങ്ങളെപ്പറ്റിയുള്ളതാണല്ലോ. അവയിലെല്ലാം, അനുഗതതർജ്ജമകൊണ്ടു തർജ്ജമയുടെ പൂർണ്ണഫലം സിദ്ധിക്കുക എന്നു സിദ്ധാന്തിച്ചിരിക്കുന്നു. എന്നാൽ രണ്ടു മൂന്നു കൊല്ലമായി അനുഗതതർജ്ജമയെപ്പറ്റി ചില ക്ഷുദ്രങ്ങളായ അഭിപ്രായങ്ങളും നിന്ദാഗർഭങ്ങളായ പരിഹാസങ്ങളും മഹാകവി വള്ളത്തോളിനെക്കൂടി സ്പർശിക്കുമാറു് അവിടവിടെനിന്നു പൊങ്ങിപ്പുറപ്പെട്ടുന്നുണ്ടു്. അവ, സ. കേ. സാ. പരിഷത്തിന്റെ മുഖത്തുപോലും സ്പുരിക്കുകയുണ്ടായി. നമ്മുടെ ഇടയിൽ ഉൽകൃഷ്ട

---

* ഫ്രഞ്ചു് മഹാകവി വിക്തോർ യുഗോവിന്റെ 'ലേ മിസറാബ'ൾ' ശ്രീ. നാലപ്പാട്ടു നാരായണമേനോൻ അവർകൾ തർജ്ജമ ചെയ്തതു്.

Digitized By Kerala Sahitya Akademi

ചിന്തകന്മാരായ ഉത്തമ സാഹിത്യകാരന്മാർ ധാരാളം ഉണ്ടായിവരുന്നതിനുള്ള പ്രധാനമാർഗ്ഗമാകട്ടേ, ഇതരമഹാഭാഷകളിലുള്ള മഹത്തരങ്ങളായ ഗ്രന്ഥങ്ങൾ തർജ്ജമചെയ്യെടുക്കുകയാണ്. അങ്ങിനെ ചെയ്യേണ്ടുന്നതിന്റെ ആവശ്യകതയെപ്പററിയും, മൂലത്തിന്റെ ശരിപ്പകർപ്പായിരിക്കണം തർജ്ജമ എന്നതിനെപ്പററിയും, ഈ ഗ്രന്ഥവിഹാരത്തിൽക്കാണുന്ന നിരൂപണങ്ങളിലെന്നപോലെതന്നെ, മഹാകവി വള്ളത്തോൾ ഇയ്യിടെയായി മൂന്നുനാലു സഹൃദയസമാജങ്ങളിൽവെച്ചു സന്ദർഭവശാൽ ഊന്നിയൂന്നിപ്പറയുകയുണ്ടായിട്ടുണ്ട്. ഇക്കഴിഞ്ഞ സ. കേ. സാ. പരിഷത്ദ്വിതീയസമ്മേളനത്തിന്റെ നിർവ്വാഹകസംഘാദ്ധ്യക്ഷനു് അദ്ദേഹം അയച്ച എഴുത്തിലും ഇങ്ങിനെ പ്രസ്താവിച്ചിരുന്നുവല്ലോ:—

"ഇതരഭാഷകളിലെ ഉൽകൃഷ്ട ഗ്രന്ഥങ്ങളുടെ സംക്രമണം നമ്മുടെ ഭാഷ പുഷ്ടിപ്പെടുന്നതിനു വിശേഷിച്ചും പ്രയോജനപ്പെടുമെന്നു് അറിയാമല്ലോ. അതിനാൽ വിവർത്തനത്തിനു വിദഗ്ധന്മാരുടെ ഒരു സംഘം ഉടനടി നിയമിക്കപ്പെടേണ്ടിയിരിക്കുന്നു. അതിലും ഇതിലും ചേരുന്ന വകയല്ലാത്ത ഏകദേശതർജ്ജമ, അല്ലെങ്കിൽ സ്വതന്ത്രതർജ്ജമ വർജ്ജനീയമാണെന്നു ഞാൻ പലപ്പോഴും പറയാറുള്ളതു് ഒന്നുകൂടി ആവർത്തിച്ചുകൊള്ളട്ടെ. ലോകത്തിലെ ഏതൊരു പരിഷ്കൃതഭാഷയാലും അംഗീകരിക്കപ്പെട്ടിട്ടില്ലാത്ത ഈ സമ്പ്രദായത്തെ മലയാളഭാഷ എന്തിനു കൈക്കൊള്ളുന്നു? ഇത്രയും പരിമിതങ്ങളായ നീർത്തുള്ളികൾകൊണ്ടു ശമിപ്പിക്കപ്പെടാവുന്നതാണോ, നവീന കൈരളിയുടെ ജ്ഞാനതൃഷ്ണ? ഈ അശക്തിവിശേഷത്തിന്റെ സോപാനങ്ങളിലൂടെ മേൽപ്പോട്ടു കയറുവാൻ വരാകിയായ കൈരളിയെക്കൊണ്ടു മേലിലും പാഴ്ശ്രമം ചെയ്യിക്കേണമോ?

ഈ ഉജ്ജ്വലാശയങ്ങളുടെ ആഭ്യന്തര വ്യാഖ്യാനങ്ങളത്രേ, ഈ ഗ്രന്ഥവിഹാരത്തിലുള്ള വിവർത്തിതഗ്രന്ഥനിരൂപണങ്ങൾ. വിവർത്തിതഗ്രന്ഥങ്ങളെ മൂലത്തോടു് ഒത്തുനോക്കി നിരൂപണം ചെയ്യുക എന്ന പാരതന്ത്ര്യം സ്വതന്ത്ര തർജ്ജമക്കുറുകാരായ ആധുനിക നിരൂപകന്മാർക്കു് അസഹനീയമായിരിക്കാം; എന്നാൽ മഹാകവി വള്ളത്തോൾ അന്യസാഹായ്യം സ്വീകരിച്ചും ആ 'പാരതന്ത്ര്യ'ത്തെ ചുമന്നുപോന്നു. അതിനാൽ, സ്വതന്ത്രഗ്രന്ഥവും തർജ്ജമഗ്രന്ഥവുമല്ലാത്ത നപുംസകങ്ങളെക്കൊണ്ടു കൈരളിയെ ആശ്ലേഷിപ്പിക്കുന്നതിലെ അന്യായ്യതയും 'പോരായ്മ'യും നിഷ്പ്രയോജനതയും എത്രകണ്ടുണ്ടെന്നു് ഈ നിരൂപണങ്ങൾ വ്യക്തിയോടും ശക്തിയോടും കൂടെ ഉൽഘോഷണം ചെയ്യുന്നു. അനുഗതപരിഭാഷയ്ക്കുറുമ്പെട്ടാൽത്തന്നെ, നല്ല കരുത്തും കരുതലും ഇല്ലെങ്കിൽ, പരിഭാഷകനു് എത്രയെത്ര അബദ്ധങ്ങൾ പററാമെന്നും ഈ നിരൂപണങ്ങൾ വിശദീകരിക്കുന്നു.

തർജ്ജമയെപ്പററിയുള്ള തെററിദ്ധാരണ കേരളീയരിൽ എത്ര കനത്തിലാണു് ഇഴകിപ്പിടിച്ചിരിക്കുന്നതെന്നു നോക്കുക: രണ്ടു രണ്ടരക്കൊല്ലംമുമ്പു തിരുവനന്തപുരത്തുനിന്നു പ്രസിദ്ധീകരിച്ച 'കണ്ണശ്ശരാമായണം' ബാലകാണ്ഡത്തിന്റെ 'അവതാരക'ത്തിൽ—അതെഴുതിയ ആൾ വലിയ പേരെടുത്ത ഒരു പണ്ഡിതനാണു്—ഇങ്ങിനെ എഴുതിക്കാണുകയുണ്ടായി: "തർജ്ജമയെന്ന പഴിപറഞ്ഞു് ഏതാദൃശഗ്രന്ഥങ്ങളെ (കണ്ണശ്ശരാമായണാദികളെ) അനാദരിക്കുകയാണെങ്കിൽ, അതിൽപ്പരമായ ബാലിശത സാഹിത്യസാമ്രാജ്യത്തിൽ സംഭവിക്കുവാൻ ഇല്ലതന്നെ. തർജ്ജമകളിൽ ആവാപോദ്വാപ

Digitized By Kerala Sahitya Akademi

ങ്ങൾമൂലം സ്വാതന്ത്ര്യം പ്രകടിപ്പിച്ചിട്ടുള്ളവരാണ് പ്രാചീന കേരളകവികൾ, എന്നറിയുമ്പോൾ അവരിൽ ഈ പരിവാദത്തിന് അവകാശം കാണുകയില്ല. നമ്മുടെ പൂർവ്വകവികളുടെ ശ്രമം അന്നത്തെ പൊതുജനങ്ങൾക്ക് കഥയുണ്ടാക്കിക്കൊടുക്കുക എന്നതായിരുന്നു. അതിന്നായി അവർ സംസ്കൃത പുരാണേതിഹാസങ്ങളെ അനുസരിച്ചു, ചിലേടത്തുമാത്രം വിവർത്തകത്വം വഹിച്ചു, കാവ്യനിർമ്മാണംചെയ്തു. ഇന്നേത്തെ വിമർശകന്മാരാകട്ടെ, അതു പിടിച്ചു തർജ്ജമ ചെയ്യൽ പരിവാദഹേതുവായിക്കരുതുന്നു! അതുകൊണ്ടാണു പോൽ, വാല്മീകിപ്രഭൃതികളായ വന്ദ്യകവികളുടെ മുമ്പിൽ നമ്മുടെ പൂർവ്വന്മാർ സ്വാതന്ത്ര്യം 'പ്രകടിപ്പി'ച്ചത്! അഹോ, അവർ, കണ്ണശ്ശൻ മുതൽപേർ, സ്വാതന്ത്ര്യം പ്രകടിപ്പിച്ചിരുന്നു എങ്കിൽ, രാമായണഭാരതാദി സനാതനഗ്രന്ഥങ്ങളെ ആശ്രയിക്കാതിരുന്നു എങ്കിൽ, മലയാളികളുടെ സ്ഥിതി എന്താകുമായിരുന്നു! കേരളീയസാഹിത്യം എവിടെയാകുമായിരുന്നു!!

മുകളിലുദ്ധരിച്ച വാക്യങ്ങളുടെ 'ബാലിശത'യെ കയ്യിലെടുത്ത് താലോലിക്കുന്നവയാണ്, ആ അവതാരകത്തിലെ അനന്തരവാക്യങ്ങൾ: "ഒരേ വസ്തുവെ പ്രതിപാദ്യമാക്കി, സ്വതന്ത്രരായ രണ്ടു മഹാകവികൾ രചിച്ച നാടകങ്ങൾക്കൊപ്പം ഇവ രണ്ടും (വാല്മീകി രാമായണവും കണ്ണശ്ശ രാമായണവും) സ്ഥിതിചെയ്യുന്നു. രണ്ടു കവീശ്വരന്മാരും പരസ്പരം വിധേയരാകാതെ, ഒരേ കഥാവസ്തുവും കൊണ്ട് സ്വച്ഛന്ദം സഞ്ചരിക്കുകയാണ്. ചിലപ്പോൾ അവർ രണ്ടുപേരും ഒരു സരണിയിൽ പ്രവേശിച്ചിരിക്കുന്നതായി കണ്ടേക്കാം; അതു കേവലം അവിതർക്കിതമായ ഒരു സംഭവമെന്നേ വിചാരിക്കാനുള്ളൂ. എന്തെന്നാൽ, ഉത്തരക്ഷണത്തിൽ അവർ വീണ്ടും അകന്നു യഥാപൂർവ്വം ഏകാന്തഗമനം ചെയ്യുന്നു. ഇങ്ങനെയാണ് കവികോകിലങ്ങളായ വാല്മീകിയും കണ്ണശ്ശനും രാമായണത്തിൽ വിഹരിക്കുന്നത്." കണ്ണശ്ശരാമായണം വാല്മീകിരാമായണത്തിന്റെ സ്വതന്ത്രതർജ്ജമയാണെന്നും മറ്റും ഇതിന്നു മുമ്പേത്തെ ഖണ്ഡികകളിൽ എടുത്തുപറയപ്പെട്ടിട്ടുള്ളതു നമുക്കു മറക്കുക; ഈ ഭാഗത്തു, കണ്ണശ്ശൻ വാല്മീകിരാമായണം വായിച്ചിട്ടേ ഇല്ലെന്നു ധ്വനിപ്പിച്ചിട്ടുള്ളതും സഹിക്കുക; കണ്ണശ്ശൻ രാമായണം നിർമ്മിക്കുമ്പോൾ വാല്മീകിയെന്നപോലെ, വാല്മീകിരാമായണം രചിക്കുമ്പോൾ കണ്ണശ്ശനും വിധേയനായിട്ടില്ലപോൽ! ഭഗവൻ വല്മീകജന്മാവേ, അവിടുന്ന് 'അഭിനവകല്പഗ്രന്ഥമാല'യിലെ ഈ രണ്ടാം നമ്പർ പുസ്തകം ഒന്നു വായിച്ചുനോക്കിയിട്ട മതിയായിരുന്നില്ലേ, രാമായണം നിർമ്മിക്കുക? ശ്രീനാരദന്നും ബ്രഹ്മാവിന്നും വിധേയനായിത്തീർന്ന അവിടുന്ന് എന്തുകൊണ്ട് ഞങ്ങളുടെ കണ്ണശ്ശനുമാത്രം വിധേയനാവാൻ മടിച്ചു!

ഈ പ്രകരണം അവസാനിപ്പിക്കുന്നതിന്നു മുമ്പ്, നമ്മുടെ ഭാഷയ്ക്കു സ്വതന്ത്രതർജ്ജമകളാണ് വേണ്ടതെന്ന് ഹൃദയപൂർവ്വം വിചാരിക്കുന്നവരോട് ഇത്രംകൂടി പറഞ്ഞുനോക്കട്ടെ: ഇന്നു പുസ്തകമെഴുതി, നാളെ അച്ചടിച്ചു, മറെന്നാളെയ്ക്കു വിറ്റുതീരണമെന്നുമാത്രം ആഗ്രഹിക്കുന്നവരല്ല നിങ്ങളെങ്കിൽ; മലയാളഭാഷ അഭിവൃദ്ധിപ്പെട്ടാലും ശരി, ഇല്ലെങ്കിലും ശരി, തങ്ങൾക്കു മഹാകവികളും സുപ്രസിദ്ധസാഹിത്യകാരന്മാരുമായേ കഴിയൂ എന്നല്ല നിങ്ങളുടെ ഉദ്ദേശമെങ്കിൽ; നിങ്ങൾ ലോകോത്തരങ്ങളായ മഹാഗ്രന്ഥങ്ങളെഴുതിയ മഹാത്മാക്കളുടെ അരികത്തു ചെല്ലുവിൻ. അവരെക്കണ്ടാൽ, അവരുടെ വന്ദ്യപാദസന്നിധിയിൽ നിങ്ങളുടെ ശരീരം സാഷ്ടാം

Digitized By Kerala Sahitya Akademi

ഗമായി പതിച്ചുകഴിയും. യാവചിലരുടെ അരികത്തു ചെല്ലുമ്പോൾ നിങ്ങളുടെ മുദ്രാവ് കനിയുന്നില്ലയോ, ഇടത്താക്കാരായ അവരെ നമ്മുടെ കൊച്ചുസാഹിത്യത്തിലേയ്ക്കു ക്ഷണിച്ചു കൊണ്ടുവരുന്നതു പതുക്കെ മതി. എവിടെയെവിടെ നിങ്ങളുടെ ശിരസ്സ് സ്വയം ചാഞ്ഞുപോകുന്നുവോ, അവിടെയവിടെ കഴിവുള്ളേടത്തോളം അനുസരിപ്പാനല്ലാതെ, സ്വാതന്ത്ര്യം കാട്ടുവാൻ — സേച്ഛപോലെ ചേഷ്ടിയ്ക്കുവാൻ — നിങ്ങൾക്കൊരിയ്ക്കലും തോന്നുകയില്ല, ഹൃദയമുണ്ടെങ്കിൽ.

കൈരളീപുണ്യപരിപാകമായ കേരളവാല്മീകി ഇതിൽ അവിടവിടെ ഹിതവും പ്രിയവുമായി ഉപന്യസിച്ചിട്ടുള്ള കാവ്യോപനിഷദ്രഹസ്യങ്ങളെ ശ്രദ്ധാലുക്കളായ യുവകവികൾ ഭക്ത്യാദരപൂർവ്വം ഉരുവിട്ടു പഠിയ്ക്കട്ടെ. മലയാളഭാഷയുടെ മംഗളോദർക്കത്തിനായി, മഹാകവി വള്ളത്തോളിനെ അനുസരിച്ചു കാവ്യനിർമ്മാണംചെയ്യുന്ന പല യുവകവികളും നമ്മുടെ ഇടയിൽ ഉണ്ടായിവരുന്നുണ്ട്; അതിൽ വാസനാബലമുള്ളവരായിട്ടും ചിലരുണ്ട്. പക്ഷേ, പരിജ്ഞാനവും പരിചയവും വിരളമാകയാൽ അവർക്കു വള്ളത്തോൾകൃതികളുടെ ബാഹ്യരൂപത്തെയല്ലാതെ— അതുതന്നെ പലപ്പോഴും വേണ്ടപോലെയാകുന്നില്ല—ആഭ്യന്തരസാരത്തെ അനുവർത്തിപ്പാൻ കഴിയുന്നില്ല. വഴിപിഴയ്ക്കാതിരുന്നാൽ കാലംകൊണ്ട് നേരെയാവുമെന്നാശിയ്ക്കാം. എന്നാൽ, വിവേകഹീനരായ ചില വിമർശകന്മാർ 'നിങ്ങളുടെ കവിതയ്ക്ക വള്ളത്തോൾക്കവിതയുടെ സാഹോദര്യമുണ്ട്. അതാ, നിങ്ങൾ വള്ളത്തോളിനെപ്പോലെയായി!' എന്നും മറ്റും പറഞ്ഞ് അവരെ മേനി കേറുന്നു. 'എനിക്കു കവികളുടെ ഇടയിൽ സ്ഥാനമുണ്ടോ?' എന്നു ചോദിക്കുന്ന ചെറുപ്പക്കാരനോട് അവർ പറയുന്നതിതാണ്: 'എന്ത്! നിങ്ങൾ മഹാകവിയല്ലേ!!' ഈ കനംകൂടിയ പ്രശംസ ഉത്തിഷ്ണമാനസന്മാരായ യുവകവികളെ ഇരുന്നേടത്തുതന്നെ ഇരുത്തുന്നു; പോരാ, കീഴ്പ്പോട്ടമർത്തുന്നു. ഇളയ ചെടികൾക്കു കടുത്ത വെയിലെന്നപോലെ കനത്ത പേമാരിയും നാശഹേതുവാണല്ലോ. ഇങ്ങിനെയുള്ള ഒരു കൂട്ടം യുവകവി–വിമർശകന്മാരെക്കൊണ്ട് പൊറുതിമുട്ടിയിട്ടാണല്ലോ, ആത്മപോഷണിയിലെ ആ ഗ്രന്ഥവിഹാരപംക്തിയിൽ ഇപ്രകാരം എഴുതിക്കാണുന്നത്:—

".....അതാതു സന്ദർഭത്തിനു തികച്ചും അനുഗ്രണങ്ങളായ പദങ്ങളെ തിരഞ്ഞെടുത്ത് അവയെ ദുഃശ്രവതാദിദോഷങ്ങൾ പറയാതെ വേണ്ടദിക്കിൽ വേണ്ടവിധം വിന്യസിച്ചാൽ മാത്രമേ രസഭാവങ്ങൾ ശരിയ്ക്കു പുറപ്പെടുകയുള്ളൂ. ഇക്കാര്യത്തിൽ പ്രാചീനകവികൾക്കുണ്ടായിരുന്ന നിർബ്ബന്ധം കുറച്ചൊന്നുമല്ല. നമ്മുടെ നവീനകവികൾ ഇങ്ങിനെയൊരു സംസാരമേ കേട്ടിട്ടില്ല; കാരണം, 'വാക്യം രസാത്മകം കാവ്യം' എന്ന മുദ്രാവാചകത്തെ മുക്തകണ്ഠം ഉൽഘോഷിക്കുന്ന 'മഹാനിരൂപക'ന്മാരുടെ കോലാഹലമായിരിക്കാം. അഥവാ കേട്ടിട്ടുണ്ടെങ്കിൽത്തന്നെ എന്താണ്? പണ്ടുള്ളവർ കവിത ഉണ്ടാക്കുകയായിരുന്നു; ഇന്നത്തെ കൂട്ടരോ, കവിത 'എഴുത്ത'ന്നവരാണല്ലോ."

(മധ്യമലയാള മാതൃകകൾ പു 8; ല.9.)

യുവകവികളുടെ സവിശേഷശ്രദ്ധയെ ഇതിലെയ്ക്കാകർഷിപ്പാൻ, ഇതിലധികം ഇവിടെ പറയേണ്ടതില്ലെന്നു വിശ്വസിക്കുന്നു. എന്നാൽ,

Digitized By Kerala Sahitya Akademi

പലതരത്തിലും വഴിതെറ്റി നടക്കുന്ന ഇന്നത്തെയുവകവികൾക്കു വേണ്ടുവോളം ശാസനോപദേശങ്ങൾ ഈ ഗ്രന്ഥവിഹാരത്തിൽനിന്നു കിട്ടുമെന്നു പറയുന്നില്ല. പണ്ടത്തെ സ്ഥിതിഗതികളെല്ലാം പോയി, പുതുപ്രസ്ഥാനമെന്ന പുറംപൂച്ചുകൊണ്ടു കൺമയക്കുന്ന ദുഷ്ടാവ്യങ്ങൾ നാംകുനാം പെരുകുകയും, സാഹിത്യലോകത്താൽ സാദരം സ്വീകരിക്കപ്പെടുകയും ചെയ്യുന്ന ഒരു കാലമാണിത്. 'പുതുപ്രസ്ഥാനം' എന്നുള്ള ആ ലഹരി പിടിപ്പിക്കുന്ന പേർ നമ്മുടെ ഇടയിൽ വരുത്തിക്കൂട്ടുന്ന വിഭ്രമം എത്രമാത്രമുണ്ടെന്നു നോക്കുക: ഇന്നത്തെ ഉൽപതിഷ്ണുക്കളിൽ അഗ്രേസരനും പാശ്ചാത്യപൌരസ്ത്യവിദ്യാസമ്പന്നനുമായ ഒരു വിമർശകവീരൻ, വാസനയോ അഭ്യാസമോ വേണ്ടതിൻവണ്ണമില്ലാത്ത ഒരാളെഴുതിയ ഏതാനും നിസ്സാരപ്രബന്ധങ്ങളെ, 'പ്രസ്ഥാന'ശബ്ദത്താൽ അന്ധാളിച്ചു, കേരളത്തിലെ സാഹിത്യവ്യാപാരികളുടെ മുമ്പിൽ 'നിങ്ങൾക്കുള്ള ഉത്തമമാതൃകകളാണ് ഇവ' എന്നു പറഞ്ഞ് അവതരിപ്പിച്ചിട്ട് അധികം മാസങ്ങളായിട്ടില്ല! കല്പാന്തയശസ്സുകളായ കവീശ്വരന്മാരാൽ അനുസൃതമായ പഴയ പ്രസ്ഥാനം, ഗർഹണീയമായത്, അശക്തരും അവ്യുൽപ്പന്നരുമായ കുകവികളുടെ തായാട്ടുകൊണ്ടാണല്ലോ; മലയാളത്തിൽ അചിരാവതീർണ്ണമായ പുതുപ്രസ്ഥാനത്തിന്നും അതേ ദശ താമസിയാതെ വന്നേയ്ക്കുമോ എന്നു ഭയപ്പെടേണ്ടിയിരിക്കുന്നു— അത്രയ്ക്കുണ്ട് ഇന്ന് അവ്യുൽപ്പന്നരായ, പോരെങ്കിൽ ദുരഹങ്കാരികൾകൂടിയായ കുട്ടിക്കവികളുടെ തള്ളിക്കയറ്റം. നിരൂപകന്മാരാണെങ്കിൽ, കണ്ടതൊക്കെ 'അസ്സല്', അസ്സല്'! എന്നുമാത്രം പറവാനറിയാവുന്നവരും. ഈ സ്ഥിതിയ്ക്ക്, അഭ്യുദയാഭിലാഷികളായ യുവകവികൾ—എന്തുചെയ്യണമെന്നു പറയട്ടെ!—അതേ, തൻറേടംവിടാതെ നിൽക്കുക; പ്രശംസയിൽ മയങ്ങാതെ, സദ്യോയശസ്സു കാംക്ഷിയ്ക്കാതെ, 'ഞാൻ അല്പജ്ഞനാണ്' എന്ന ബോധത്തോടും ഏകാന്തശ്രദ്ധയോടുംകൂടി പ്രയത്നം ചെയ്യുക.

ഗ്രന്ഥവിഹാരത്തിലെ നിരൂപണങ്ങളിൽ മിക്കതിലും നിരൂപ്യമാണമായ ഗ്രന്ഥത്തിലുള്ള വളരെ അപശബ്ദങ്ങൾ എടുത്തു തിരുത്തിക്കാണിച്ചിട്ടുണ്ട്; അവയിൽ അധികവും, ഗ്രന്ഥകാരൻ കയ്യിലിട്ടു ഞെരിച്ചു തോന്നിയേടത്തെയ്ക്കേറിഞ്ഞ സംസ്കൃതശബ്ദങ്ങളാണ്. സ. കേ. സാ. പരിഷത്തിൻറെ അധ്യക്ഷപീഠംകൂടി ഏതോ അശക്തിയുടെ നിഗ്രഹപ്രേരണയാൽ സംസ്കൃതാപശബ്ദങ്ങളെപ്പറ്റി ശ്രുപാർശിപ്രസംഗം ചെയ്യുന്ന ഇക്കാലത്ത് ആ രോഗത്തെപ്പറ്റിയും രണ്ടുവാക്കു പറയാതിരുന്നുകൂടല്ലോ.

പല നൂറ്റാണ്ടുകൾക്കു മുമ്പേ വ്യവഹാരദശയിൽനിന്നു വിഭ്രംശിച്ച സംസ്കൃതത്തിലെ പദങ്ങളുടെ ശക്തി വ്യുൽപന്നന്മാർക്കുതന്നെയും സുജ്ഞേയമല്ല; സംസ്കൃതവ്യുൽപത്തിയുള്ളവരുടെ സംഖ്യ നമ്മുടെ നാട്ടിൽ കുറഞ്ഞുകുറഞ്ഞാണ് വരുന്നതും. അതുകൊണ്ട് അപശബ്ദങ്ങളുടെ കാര്യത്തിൽ കുറെയൊക്കെ വിട്ടുവീഴ്ച ചെയ്യാതെ കഴിഞ്ഞുകൂടുകയില്ല; പ്രാമാണികനായ പ്രഫസർ തമ്പുരാൻ തുടങ്ങിയവർ അതിന്നനുവാദവും തന്നിട്ടുണ്ട്. പക്ഷേ, ഇന്ന വഴിക്കേ ഇത്രയൊക്കെയേ പിഴച്ചുപോകാവൂ എന്നില്ലാത്ത അവ്യുൽപ്പന്നതയുടെ ദുർവ്യാപാരങ്ങൾക്കെല്ലാം സമ്മതം മൂളുവാൻ നിന്നാൽ അതിന്നെവിടെയാണൊരതിർത്തി? 'പാതിത്യ'മുള്ളവന്നു 'പതിത്വം' കൊടുക്കുന്ന കൂട്ടർക്കു ചെയ്യാൻ വയ്യാത്തതായിട്ടെന്തുണ്ട്?

സംസ്കൃതത്തിൽനിന്ന് ഏതാനും വാക്കുകൾ മലയാളനിഘണ്ടുവിൽ പകർത്തിയിട്ടതിന്നുശേഷം നമുക്ക് ആ മൃതഭാഷയെ പരിത്യജിക്കാമെങ്കിൽ,

Digitized By Kerala Sahitya Akademi

നമ്മുടെ ഉമ്മറത്തു കറെ വാക്കുകൾ കൊണ്ടുവന്നിട്ടേച്ചു മടങ്ങിപ്പോവുകയാണു് സംസ്കൃതഭാഷ ചെയ്യുന്നതെങ്കിൽ, നമുക്കു് അവയെ എങ്ങനെയെങ്കിലും ഉപയോഗിക്കാമായിരുന്നു. പക്ഷേ, മലയാളവും സംസ്കൃതവും തമ്മിലുള്ള ബന്ധം ആ നിലയ്ക്കുള്ളൊന്നല്ല; വേർപെടുത്തിക്കൂടാത്തതും വേർപെടുത്താവതല്ലാത്തതും ആന്തരവുമായ ഒരു ബന്ധം അവയ്ക്കു തമ്മിലുണ്ടു്. പ്രൗഢിയും ഓജസ്സും ചിലപ്പോൾ മാധുര്യംകൂടിയും ഗൈർവ്വാണിയിൽനിന്നാണു് കൈരളിക്കു കൈവരുന്നതു്. മലയാണ്മയുടെ ചരിത്രവും തത്ത്വവും അറിവാനാഗ്രഹിക്കുന്ന ഒരു ഭാഷാഭിമാനിക്കു സംസ്കൃതപരിചയം കൂടാതെ കഴികയില്ല. മലയാളത്തിൽ ഒരു സാഹിത്യകാരന്നു് അവികലവും ശാശ്വതവുമായ യശസ്സുണ്ടാവേണമെങ്കിൽ, അതിന്നാവശ്യമായ ഭാരതീയ സംസ്കാരബോധവും ഭാരതീയസാഹിത്യപരിചയവും സംസ്കൃതഭാഷാസേവനംകൊണ്ടല്ലാതെ സമ്പാദിക്കാവതല്ല. അതുകൊണ്ടു്, സംസ്കൃതാഭിജ്ഞരായ സഹൃദയന്മാർ, മറ്റുള്ളവർ വലിച്ചുകൊണ്ടുവരുന്ന അപശബ്ദങ്ങളെ ഗളഹസ്തം ചെയ്യുന്നതിൽ ജാഗ്രൂകരായിരുന്നേ കഴിയൂ. ഇതിന്നു നമ്മുടെ മഹാപണ്ഡിതന്മാരോടു ഞാനപേക്ഷിക്കുന്നില്ല; മാതൃഭാഷയിൽ അസഹ്യങ്ങളായ പല പല അപശബ്ദങ്ങളും കടന്നുകൂടുമ്പോൾ, 'ചെറുപുസ്തക'ങ്ങളും 'പ്രസിദ്ധീകരണ'ങ്ങളും 'ലേഖന'ങ്ങളും 'ശേഖരിക്കുന്നതു്' ഇല്ലാതാക്കുവാനും, 'മുൻഗാമി'കളേയും 'പിൻഗാമി'കളേയും നശിപ്പിക്കുവാനുമാണല്ലോ അവർ അശ്രാന്തമായി പരിശ്രമം ചെയ്യുന്നതു്.

എന്തുതന്നെയായാലും, ഇന്നേവരെയെന്നപോലെ, മേലിലും പല അപശബ്ദങ്ങളും മലയാളത്തിലേയ്ക്കു കടന്നുവന്നുകൊണ്ടേയിരിക്കും; ഇന്നേത്തെ ജീവിതത്തിന്നാവശ്യമില്ലാത്തതും വിഷമതരവുമായ സംസ്കൃതഭാഷ പഠിച്ചിട്ടു സാധിക്കുമോ എല്ലാവർക്കും ഗ്രന്ഥമെഴുതാൻ? പഠിച്ചവരിൽത്തന്നെ പലരും, ശബ്ദശക്തിഗ്രഹമില്ലായ്കയാലും അപശബ്ദപരിശീലനത്താലും ധാരാളം തെറ്റി പ്രയോഗിക്കുന്നുണ്ടല്ലോ. എന്നാലും നമ്മുടെ മാതൃഭാഷയുടെ നിത്യസഹചാരിണിയായ ഗൈർവ്വാണിയെ ഒരു വിധത്തിലും ചീത്തപ്പെടുത്താതിരിക്കേണ്ടതു തങ്ങളുടെ കടമയാണെന്നു് മലയാളികൾ ഓർമ്മ വിടരുതു്.

എന്തിനു സംസ്കൃതശബ്ദങ്ങളെപ്പറ്റി പറയുന്നു? സ്വഭാഷാപദങ്ങളെത്തന്നെ തെറ്റാതെ പ്രയോഗിക്കാൻ ത്രാണിയുള്ളവരായി ഇന്നു നമ്മുടെ സാഹിത്യകാരന്മാരിൽ എത്രപേരുണ്ടാവും? അവരിൽ പലർക്കുമുള്ള 'ബുദ്ധിക്ഷ്മത' തന്നെ ഇതിന്നു ചുരുങ്ങിയനിലയിൽ മറുപടി പറയുന്നുണ്ടു്. ലിപിവിന്യാസത്തെറ്റു തുടങ്ങി, സംഹിതയും തന്മൂലമായ സന്ധികാര്യവും വേണ്ടേടത്തു് അവ ചെയ്യാതിരിക്കുക (ആരാധ്യൻ ആകുന്ന വിഗ്രഹം രാജവസ്ത്രങ്ങൾ ധരിച്ചുള്ള രസികരത്നം ആയി കൂടാരത്തിനകത്തോട്ടു പ്രവിഷ്ടൻ ആയി', 'ഒരു ഏപ്പാടു്' എന്ന തരത്തിലും മറ്റും), അസ്ഥാനത്തിൽ അവ ചെയ്യുക, വിസന്ധി ചെയ്യുക (ഉം: പലയാളുകളുമിങ്ങിനെയെഴുതാറുണ്ടു്), നാമപദങ്ങളെ നാമവിശേഷണമായി പ്രയോഗിക്കുക ('തിടുക്കമായ ജോലി', 'പുതുമയായ സിദ്ധാന്തം' തുടങ്ങിയവ ഉദാഹരണം) മുതലായി എത്രയെത്ര അബദ്ധപ്രയോഗങ്ങളാണു് പേരെടുത്ത എഴുത്തുകാർ കൂടി തട്ടിവിടാറുള്ളതു്! ശൈലീഭംഗം മുതലായ വാക്യവൈകൃതങ്ങളാണെങ്കിൽ സർവ്വത്ര സുലഭങ്ങളാണു്. ഇക്കഴിഞ്ഞ സ. കേ. സാ. പരിഷത്തിലെ ഒരധ്യക്ഷപ്രസംഗത്തിലുള്ള ഈ ഭാഗം നോക്കുക: "—....ഇംഗ്ലീ

Digitized By Kerala Sahitya Akademi

ഷിൽ ചിന്തിച്ചിട്ട്, അതു മലയാളത്തിൽ ആക്കുന്നത് ഇപ്പോഴും സാധാരണമാണ്. അതുനിമിത്തം ഇംഗ്ലീഷ് വാക്കുകളും വാചകരീതിയും മലയാളത്തിൽ പരന്ന്, ഒരു വക ഇംഗ്ലീഷുമലയാളം സംഭാഷണത്തിൽ ധാരാളമായും ലേഖനങ്ങളിൽ കുറഞ്ഞൊന്നും കണ്ടുവരുന്നുണ്ട്. പ്രസംഗങ്ങളിലും പത്രപംക്തികളിലും ഈ പുതിയ ഭാഷ വളരെ പ്രചാരം വന്നിട്ടുണ്ട്.'' 'ഭാഷയ്ക്ക് പ്രചാരം വന്നിട്ടുണ്ട്'' എന്നോ, 'ഭാഷ പ്രചാരത്തെ പ്രാപിച്ചിട്ടുണ്ട്'' എന്നോ മറേറാ അല്ലാതെ 'ഭാഷ പ്രചാരം വന്നിട്ടുണ്ട്'' എന്നുള്ളത് എത്ര മലയാളമാണ്—സംസ്കൃതമലയാളമോ, ഹിന്ദിമലയാളമോ, ജർമ്മൻ മലയാളമോ? ഇതിലും എത്രയോ കവിഞ്ഞ നിലയിലുള്ള വാക്യവൈരൂപ്യങ്ങളും വലിയ വലിയ എഴുത്തുകാരുടെ പ്രബന്ധങ്ങളിൽത്തന്നെ ചുരുക്കമല്ല; പക്ഷേ, മലയാളസാഹിത്യത്തിൽ |ശൈലീഭംഗം തുടങ്ങിയ ഭാഷാവൈകൃതങ്ങളുണ്ടെന്നു മുറവിളികൂട്ടുന്ന മഹാനുഭാവന്മാർ, വാസ്തവത്തിൽ തങ്ങൾ ചെയ്യുന്നതെന്താണെന്നാലോചിച്ചിട്ടല്ല അങ്ങനെ ഒച്ചപ്പാടുണ്ടാക്കുന്നതെന്നുകൂടി, മുകളിലെടുത്ത ഉദാഹരണം ചുരുക്കത്തിൽ വെളിപ്പെടുത്തുന്നു.

ഗദ്യകാരന്മാരുടെ ഈ ദുഷ്പ്രയോഗസഞ്ചയത്തിലേയ്ക്കും പദ്യകാരന്മാർ തങ്ങളുടെ വരികൊടുത്തുപോരുന്നു. തങ്ങൾക്കുമാത്രം പ്രയോഗിപ്പാൻ അവകാശമുള്ള പഴയ ഭാഷാപദങ്ങളുടെ മേലാണ് അവരുടെ തായാട്ടെല്ലാം. മുമ്പൊരിടത്തു പരാമർശിക്കപ്പെട്ട ആ അപരിരാവതീഗ്രന്ഥത്തിൽ പലേടത്തായി, 'അരിയഭവഭയാബ്ധി' വിഷ്ണുവിന്റെ 'അരിയനാസിക' 'അണ്ടർകോനരിയ കോപമാന്തും' എന്നിങ്ങനെ ഏതിനേയും ഒരുപോലെ 'അരിയ' (=പ്രിയപ്പെട്ട) എന്ന പദംകൊണ്ടു വിശേഷിപ്പിച്ചിട്ടുള്ളതു ചില്ലറക്കാരനായ ഒരു സാഹിത്യകാരനല്ല, പഴയ മലയാണ്മയിൽ പരമവ്യൽപ്പന്നനും പ്രാമാണികനുമാണെന്നു വിശ്വസിക്കപ്പെട്ടുപോരുന്ന ഒരു വിഖ്യാതഗ്രന്ഥകാരനാണ്. അത്തരക്കാരെ അനുവർത്തിച്ചുപോരുന്ന മറ്റുള്ളവരുടെ കഥ പിന്നെ പറയേണമോ?

'തകർന്നിടും നീർക്കുടമെങ്കിലാലിൻ
തടത്തിലായാൽ തണലൂഴിയെല്ലാം.'

എന്നിങ്ങിനെ അലിംഗശബ്ദങ്ങളായ കർത്തൃകർമ്മങ്ങളെ (ഊഴി, തണൽ) മറിച്ചു വെയ്ക്കുക;

'ആ നിലത്തുടെഴുന്നള്ളീ മഗധേശൻ
ഭൂനിലിമ്പന്മാരാലാവൃതനായ്.'

ഇത്യാദി വിസന്ധികരം(നിലത്തുടെ+എഴുന്നള്ളീ) ചെയ്യുക മുതലായവയെ ഇന്നും ചിലർ ആദരിച്ചുവരുന്നതു കാണുമ്പോഴും, ആ വകയെ ആർ ഒരു ദുശ്ശാഠ്യത്താലെന്നപോലെ ആദരിച്ചുപോന്നുവോ, അദ്ദേഹത്തിന്റെ പ്രാമാണ്യം മുഴുവൻ കിടക്കുന്നതു അവയെത്തന്നെ ആശ്രയിച്ചിട്ടാണെന്നു തോന്നിപ്പോകുന്നു. എന്തിന്? നമ്മുടെ ഭാഷയിൽ കുട്ടിത്തരക്കാരായ കവിതക്കാർ കാട്ടിക്കൂട്ടുന്ന കുചേഷ്ടിതങ്ങൾക്കു ഒരതിരും എതിരുമില്ലാതായിരിക്കുന്നു എന്നേ പറയേണ്ടൂ.

ഇവർക്കു പാകത്തിൽ, സ്വഭാഷാപരിജ്ഞാനം കുറവായ ചില നിരൂപകന്മാരുമുണ്ട്. അതായതു ഗ്രന്ഥങ്ങളിലുള്ള അപശബ്ദങ്ങളേയും ദുഷ്പ്ര

Digitized By Kerala Sahitya Akademi

യോഗങ്ങളേയും കണ്ടു പിടിപ്പാൻ അവക്കറിവുമില്ല ഉത്സാഹവുമില്ല എന്നതിരിക്കട്ടെ; ഏതോ ദുഷ്പ്രേരണയാൽ വല്ല ഗ്രന്ഥത്തിലും അസാധുപ്രയോഗങ്ങളുണ്ടെന്നു വരുത്താൻ മനക്കെട്ടെന്ന അവരുടെ കൈ ചെല്ലുന്നതെല്ലാം സാധുപ്രയോഗങ്ങളിലാവുകയും ചെയ്യും! 'ഗുരുനാഥൻ' മാസികയുടെ ഇക്കഴിഞ്ഞ ലക്കത്തിലുള്ള 'ലോക'ത്തിന്റെ നിരൂപണം, ഇതു വേണ്ടുവോളം തെളിയിക്കുന്നു:

'ഇന്നാളോളം നിനക്കായുടലുതകിയതാം
സാധനത്തെപ്പറംതൊ—
ണ്ടെന്നോക്കിത്തൊട്ടുകൂടെന്നൊരു നിലയിൽ
നിറുത്തിച്ചുവല്ലോ, പുളിങ്ങേ!'

ഇത്യാദിപദ്യത്തിലെ ഉടൽ നൽകിയ(ഉടലായി നിന്ന) എന്നർത്ഥത്തിലുള്ള 'ഉടലുതകിയതാം' എന്ന പ്രയോഗത്തെപ്പററി നിരൂപകൻ പറയുന്നു: ''ഉതകുക എന്ന പദത്തിനു സാഹായികം(?) എന്നാണർത്ഥം.....അതുകൊണ്ട് 'ഉടലിനു' എന്നല്ലേ പ്രയോഗിക്കേണ്ടത്. അങ്ങിനെ അല്ലെങ്കിൽ അർത്ഥഹാനി കൂടിയുണ്ടാകുന്നു.'' ഈ അല്പജ്ഞതയ്ക്കു ശീട്ടുകളിക്കാരുടെ 'ഉതവി' തന്നെ 'ഭേഷ്യെയ്യുന്നു' എന്നു സമാധാനം പറയുന്നതാണ് പാകം;

'പത്ഥ്യം ഭക്തക്കു നൽകും ചില,രവരുതകാ
വാഞ്ഛിതം; വത്സലത്വാ—
ലത്ഥിച്ചീടുന്നതേകും ചില,രഹിതവിചാ—
രേതരം പ്രീതരായാൽ—
ഇത്ഥം ദൈവസ്വഭാവം.....'
(ഒറവങ്കര നീലകണ്ഠൻനമ്പൂതിരി—'ദേവീസ്തവം')

'ഭർത്താവുമിയ്യുള്ളോരാക്കിങ്ങുണ്ടു—നൂൽചക്ര;—മിതു
ഭദ്രശബ്ദത്താലെങ്കൽത്തുകുന്നു പ്രിയവാക്യം;
വെൺനൂൽത്തുമ്പുകളാലേ പുഞ്ചിരിക്കൊണ്ടിടുന്നു;
മന്ദിയാതെനിയ്ക്കുണ്മുടപ്പുമുതകുന്നു.'
(വള്ളത്തോൾ—'ബഹിഷ്കൃതമായ അന്തർജ്ജനം')

എന്നും മറ്റുമുള്ള പ്രാമാണികപ്രയോഗങ്ങൾ എടുത്തുകാണിക്കേണ്ടതു സന്ദിശ്ധവിഷയങ്ങളിൽ മാത്രമാണല്ലോ. '.....മോടിത്തികവിൽ വെളിയിൽ വന്നാനമയക്കേണ്ടതുണ്ടോ?' എന്ന ഭാഗത്ത്, '' 'ന്ന' ഗുരുവാക്കിയിരിക്കുന്ന സമ്പ്രദായം പ്രയോഗാനർഹമെന്നു പണ്ടുപണ്ടേ വിധിച്ചിട്ടുള്ളൊന്നാണ്'' എന്ന നിരൂപകന്റെ അനായാസപ്രതിജ്ഞ കേൾക്കുമ്പോഴും, 'പദമില്ലൊററമാത്രയിൽ' (കേരളപാണിനീയം—സൂത്രം 18) എന്ന വൈയാകരണോക്തി ചൊല്ലിക്കേൾപ്പിക്കാനല്ല തോന്നുന്നത്; അദ്ദേഹം 'ന്ന'വിനെ ഒന്നു ലഘുവാക്കി പ്രയോഗിച്ചു കാണിച്ചുതരുമോ എന്നു നമുക്കു ചോദിക്കുക. കഷ്ടം, 'ചില്ലുകളെ ആധ്മാനം ചെയ്യുക' എന്നാരോ പറഞ്ഞുകേട്ടിട്ടുള്ളതു ഈ നിരൂപകനെ എത്ര വലിയ അബദ്ധത്തിൽച്ചാടിച്ചു! 'വംശക്കാർ+ആയ് (മുറ്റുവിന)+എങ്ങും എന്നീപ്പദങ്ങളെ ചേർത്തെഴുതുകമാത്രം ചെയ്തിട്ടുള്ള 'വംശക്കാരായെങ്ങും' ഇത്യാദി സ്ഥലങ്ങളിൽ, നിഷ്കൃഷ്ടിച്ചാൽ, സംഹിതയല്ലാതെ 'സംയോഗജന്യവികാര'ലക്ഷണമായ

Digitized By Kerala Sahitya Akademi

സന്ധിയുണ്ടെന്നേതന്നെ പറഞ്ഞുകൂടെ; നിരൂപകൻ പറയുന്നതോ, ഇവിടെ കസന്ധിയുണ്ടെന്നാണ്! ഇവിടെ മാത്രമോ? "വംശക്കാരായെങ്ങും" എന്നുള്ള കസന്ധി പല ദിക്കിലും കാണുന്നതു വലിയ കഷ്ടംതന്നെ." മതി. നിരൂപകനെപ്പറ്റി ഇത്രത്തോളം പറഞ്ഞതുതന്നെ 'ബാലിശത'യായിപ്പോയോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു:

'പട്ടായ് നേർക്കും മിനുപ്പുള്ളിലകളൊടഴകിൽ—
പ്പാർവിരിപ്പായ്പ്പടന്നി—
ട്ടൊട്ടാക്കും കാലണപ്പാൻ കൊതിയുതകിടുമി—
ത്തെച്ചെടിക്കുട്ട, മമ്പോ,
തൊട്ടാൽ വാടുന്നത, മുള്ളുകൾ മുറിവു പെടു—
ത്തുന്നതിന്നാണു—ദൈവം:
തൊട്ടാവാടിയ്ക്കുതെത്തുന്നവിടെ നിറയുവാൻ
നൽവരം നല്കിയല്ലോ!'

എന്ന പദ്യത്തിന്ന്, ".....എന്ന ദിക്കിൽ മുള്ള വാടുന്നതാണെന്ന അർത്ഥം സിദ്ധിക്കുന്നു. എന്നാൽ അങ്ങിനെ കാണുന്നുമില്ല. വാടിയ മുള്ള മുറിവുപെടുത്തുമെന്നു പറയുന്നതും അസംബന്ധമാണ്." എന്നു വിമർശനം ചെയ്താളാണല്ലോ ആ നിരൂപകൻ! ഈ ഗ്രന്ഥത്തിനുള്ള ടിപ്പണം "സാമാന്യജനത്തിന് ഉപകരിക്കാത്ത"താണെന്നു നിരൂപകൻ ആദ്യമേ പറഞ്ഞതു വെറുതെയാണോ? ആ പദ്യത്തിനു, 'തൈച്ചെടിക്കുട്ടം തൊട്ടാൽ വാടുന്നത്,+ആ+മുള്ളുകൾ മുറിവു പെടുത്തുന്നതിന്നാണ്" എന്നൊക്കെ പദച്ഛേദം ചെയ്ത് അന്വയിച്ചർത്ഥം പറയാശ്ശയാൽ, നിരൂപകന്ന് അതിൽ 'അസംബന്ധം' പറയേണ്ടിവന്നതു കണ്ടില്ലേ? ഇത്തരം 'ഗുരുനാഥ'ന്മാരുടെ, ഈ 'ലോകം' സാമാന്യജനത്തിന് രുചിക്കുന്ന മട്ടിൽ ആയിട്ടില്ല," "ഇംഗ്ലീഷുകാരുടേയും നമ്മുടേയും കാവ്യാസ്വാദനസ്വഭാവം ഭിന്നിച്ച രീതിയെ അവലംബിച്ചിരിക്കുന്നു" എന്നും മറ്റുമുള്ള അത്ഭുതോപദേശങ്ങളെ അങ്ങിനെത്തന്നെ വിഴുങ്ങുവാനേ നമ്മുടെ പുസ്തകവായനക്കാരെക്കൊണ്ടാവുന്നുമുള്ളൂ!!

ഈ അപ്രകൃതസഞ്ചാരം ഇവിടെ നിർത്തി, സുശബ്ദജിജ്ഞാസുക്കളായ സാഹിത്യകാരന്മാർക്ക് ഈ ഗ്രന്ഥവിഹാരത്തിൽനിന്നു വളരെ പഠിപ്പാനുണ്ടെന്നേ പ്രകൃതത്തെ ഇവിടെ ഉപസംഹരിക്കട്ടെ.

ചുരുക്കത്തിൽ മുകളിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളവയും ഇല്ലാത്തവയുമായ പലപല ഭാഷാസാഹിത്യതത്ത്വങ്ങളേയും പ്രതിപാദിയ്ക്കുന്ന ഈ പുസ്തകം, സൂക്ഷ്മത്തിൽ ഒരസാധാരണസാഹിത്യശാസ്ത്രമത്രേ. സർവ്വോപരി ഇത് ഒരു മാതൃകാഗദ്യസാഹിത്യഗ്രന്ഥംകൂടിയാണ്. ഇക്കാര്യത്തിൽ ഇതിനോട് സാദൃശ്യപ്പെടുത്താവുന്നതായി നമുക്കൊരു ഗ്രന്ഥമുള്ളതു 'സാഹിത്യസാഹ്യ'മാണ്. സാഹിത്യസാഹ്യം, ഗദ്യ 'കൃതിപ്രണയന'ത്തിൽ അനുസരിയ്ക്കേണ്ട തത്ത്വങ്ങളെ വ്യാഖ്യാനിയ്ക്കുന്നതൊന്നിച്ച സ്വയം ഒരു ഗദ്യമാതൃകയെ ഉദാഹരിയ്ക്കുകകൂടി ചെയ്യുന്നു; തത്തോപന്യാസങ്ങളെക്കാളും അധികം സ്വരൂപംകൊണ്ടു സാഹിത്യവിദ്യാർത്ഥികളെ സഹായിയ്ക്കുന്നൊന്നാണ് ഈ ഗ്രന്ഥവിഹാരവും.

വള്ളത്തോളിന്റെ ഗദ്യരീതി, അദ്ദേഹത്തിന്റെ പദ്യരീതിയെപ്പോലെതന്നെ, ഒട്ടും താഴെയല്ലാതെ, പ്രൌഢവും പ്രസന്നമധുരവുമാണ്; സംസ്കൃ

Digitized By Kerala Sahitya Akademi

തോപന്യസ്തമായ മലയാണ്മയുടെ ആകൃതിസൗഭാഗ്യവും ആശയസൗഷ്ഠവവും തെളിയിച്ചു കാണിയ്ക്കുന്നതത്രേ വള്ളത്തോളിന്റെ ഗദ്യരീതി; ഉജ്ജ്വലങ്ങളും ഉചിതങ്ങളുമായ അലങ്കാരങ്ങളണിഞ്ഞു വന്ദ്യസഖിയായ ഗൈവ്വാണിയുടെ കൈകോർത്തുപിടിച്ചു സാരവും സാരസ്യവും തികഞ്ഞ ഫലിതങ്ങളും പറഞ്ഞു പൊട്ടിച്ചിരിച്ചുകൊണ്ടും, ഹൃദസ്പൃശികളായ പ്രൌഢവിഷയങ്ങളിലേയ്ക്കു് അപാംഗവീക്ഷിതമയച്ചുകൊണ്ടും, അസ്ഥാനത്തിലോ അശക്തമായിട്ടോ ഒരു പദവും വെച്ചുപോകാതെ, സവിലാസം സഞ്ചരിയ്ക്കുന്ന നമ്മുടെ മാതാവായ സാക്ഷാൽ കൈരളീദേവിതന്നെയാണു് വള്ളത്തോളിന്റെ ഗദ്യരീതി—ഹാ, ഭവ്യവും ദിവ്യവുമായ ആ സരസ്വതീനിഷ്യന്ദത്തെ വർണ്ണിപ്പാൻ ഞാനാരാണു്! ആരാണു്, ഇതല്പമെങ്കിലും മനസ്സിലാക്കാതെ കേരളീയസഹൃദയലോകത്തിലുള്ളതു്!

പക്ഷേ, വള്ളത്തോളിന്റെ ഗദ്യസാഹിത്യം ചില പത്രാധിപക്കുറിപ്പുകളിലായും ചില പുസ്തകനിരൂപണങ്ങളിലായും ചുരുക്കം ചില ചെറുപ്രബന്ധങ്ങളിലായും അവിടവിടെ നക്ഷത്രങ്ങളെപ്പോലെ ചിന്നിക്കിടക്കുന്നതേ ഉള്ളൂ. നമുക്കു കൺനിറയെ കണ്ടാനന്ദിപ്പാൻ തക്കവണ്ണം അദ്ദേഹം ഒരു സ്വതന്ത്രഗദ്യഗ്രന്ഥം എഴുതിത്തരുന്നതെന്നോ! സഹൃദയചകോരലോകം ആ പൂർണ്ണചന്ദ്രോദയത്തെ ഉൽക്കണ്ഠയോടേ കാത്തുകൊണ്ടിരിയ്ക്കുന്നു.

ഇപ്പോടെയായി അദ്ദേഹത്തിന്റെ ഗദ്യരീതിയ്ക്കു കുറെയ്ക്കെ ശൈലീഭംഗം പറഞ്ഞുപോകുന്നുണ്ടെന്നു—വലീഭംഗകാരിയായ വാർദ്ധക്യത്തോടടുത്തതുകൊണ്ടാവാം!—ചിലർക്കഭിപ്രായമുള്ളതു ഞാനിവിടെ വിസ്തരിയ്ക്കുന്നില്ല:

"പുരുഷന്റെ മേന്മയ്ക്കുവേണ്ടി സ്ത്രീ അബലയായിത്തന്നെ ഇരിയ്ക്കട്ടെ. എന്നാൽ അവളുടെ ആനതമായ തോളിലാണു്, ഗൃഹമെന്ന മഹാസ്ഥാപനത്തിന്റെ ഭാരം; അവളുടെ മാതൃഹൃദയത്തിന്നലിവുണ്ടാകണം, സമുദായത്തിന്റെ വളച്ചു്യ്യു"; അവളുടെ പട്ടടയാടതന്നെ ചീന്തേണ്ടിവരും, രാജ്യത്തിന്റെ മുറി കെട്ടാൻ." (ടി. കെ. കൃഷ്ണമേനോനവർകളുടെ 'ഭാരതീയവനിതാദർശങ്ങൾക്കെഴുതിക്കൊടുത്ത അഭിപ്രായത്തിൽനിന്നു്) ഇത്യാദി.

ഇതിനെപ്പററി നമ്മുടെ പണ്ഡിതവരേണ്യന്മാർ പറയുന്നു: "തെറ്റു്! തെറ്റു്! ഇതു മലയാളഭാഷയുടെ ശൈലിയല്ല; ഇംഗ്ലീഷിന്റെയോ പരസ്യീസ്സിന്റെയോ ആണു്! വള്ളത്തോളിനെപ്പോലുള്ളവർ ഇങ്ങിനെ നിലതെറ്റിയാലോ! അദ്ദേഹത്തെ അനുകരിയ്ക്കുന്ന ചിലരും ഇനി ഇങ്ങിനെത്തന്നെയല്ലേ ചെയ്യുക!! ഈ ഉൽപഥഗമനം—അന്യധർമ്മസ്വീകാരം—മലയാളഭാഷയുടെ നാശത്തിന്നാണു്!!!"

മൃദുലമനോജ്ഞമായ പൂമൈ കാണുമ്പോഴും 'കല്ലെറു'വാൻ രസം തോന്നുന്ന ഇത്തരം കാട്ടവികൃതികളും മലയാളത്തിൽ മാത്രമല്ലാ ഉള്ളൂ; ഏകദേശം ഒരു മുക്കാൽ നൂറ്റാണ്ടിന്നു മുമ്പു ഫ്രാൻസിലുണ്ടായിരുന്ന ചില 'ഭാഷാതത്ത്വവേദി'കളും ഇങ്ങിനെ ചിലതു പറഞ്ഞിരുന്നുവെന്നു്, അവരോടുകൂടെ അവരുടെ അഭിപ്രായവും നശിച്ചുപൊയ്ക്കഴിഞ്ഞുവെങ്കിലും, ട്ടൂഷിതുല്യനായ വിക്തോർയൂഗോ ഒരു കത്തിലെഴുതിയവയും എന്നും മാഞ്ഞുപോകാത്തവയുമായ ഈ വരികളിൽനിന്നൂഹിയ്ക്കാം—"ഫ്രാൻസിലെ ചില നിരൂപകന്മാർ, എന്റെ അപരിമിതമായ ആഹ്ലാദത്തിന്നു, ഞാൻ 'ഫ്രാൻസുകാരുടെ സഹജമായ രുചിഭേദം' എന്നു് അവർ പറയുന്ന ഒന്നിന്റെ അതിർവരമ്പുകളെ അതിക്രമിച്ചിരിയ്ക്കുന്നു എന്നു് അധിക്ഷേപി-

Digitized By Kerala Sahitya Akademi

സ്സുകയുണ്ടായി; ഈ സ്തുതിയെ അർഹിയ്ക്കുന്നുണ്ടെങ്കിൽ, ഞാൻ കൃതാർത്ഥനായി.'' എല്ലാ ഭാഷകൾക്കും സാധാരണമായ പ്രയോഗവിശേഷങ്ങളും വാക്യഭേഗികളും എന്തെല്ലാമാണ്, ഏതെല്ലാമാണ് അതാതു ഭാഷകൾക്കു മാത്രമുള്ള സവിശേഷശൈലികളും എന്നൊന്നും അറിയാതെയും അറിയാൻ ശ്രമിയ്ക്കാതെയും സങ്കലയുദ്ധത്തിനൊരുങ്ങുന്ന ഇത്തരം മെനങ്കാവിമർക്കന്മാരെക്കൊണ്ട് ഏതു ഭാഷയ്ക്കാണ് പൊറുതിമുട്ടുണ്ടാവാതിരുന്നിട്ടുള്ളത്!

മുകളിലുദ്ധരിച്ച വാക്യങ്ങളുടെ ബന്ധരീതിയാണ്, മലയാണ്മയുടെ സ്വാഭാവികമായ ശൈലിയെന്ന്, ആ ഭാഷ സംസാരിയ്ക്കുന്നവരോട് എടുത്തുപറയേണ്ടതില്ല. സ്ഫോടം പുറപ്പെടുന്നതിനൊത്തവണ്ണം വാക്യബന്ധത്തിനു വൈചിത്ര്യം വരുത്തുന്നത് ഏതു ഭാഷയുടേയും സ്വാഭാവികശൈലിയാണ്; അതു ഹൃദയമുള്ളവർക്കുമാത്രം കണ്ടറിയാവുന്നതായ ഹൃദയത്തിന്റെ ചലനവിശേഷമല്ലാതെ മറെറാന്നുമല്ല. ഇത്തരം വാക്യങ്ങൾ നമ്മുടെ അർവ്വാചീനപണ്ഡിതന്മാരുടെ ഗ്രന്ഥങ്ങളിൽനിന്നുതന്നെ കിട്ടും; പക്ഷേ, ഇതെഴുതുന്നാൾ മഹാകവി വള്ളത്തോളിന്റെ പ്രാമാണ്യത്തിനു മറെറാന്നുകൊണ്ട് ഊന്നുകൊടുക്കണമെന്നു വിചാരിയ്ക്കുന്ന കൂട്ടത്തിൽപ്പെട്ടാളല്ല.

ഏതായാലും, നമ്മുടെ സാഹിത്യകാരന്മാരിലാക്കും അത്ര വശപ്പെട്ടിട്ടില്ലാത്തതും അത്രമേൽ വിശിഷ്ടവുമായ ഒരു ഗദ്യരീതിയാണ് വള്ളത്തോളിനേറതെന്നു സഹൃദയലോകം സമ്മതിച്ചിട്ടുള്ളതാണ്; ഗ്രന്ഥവിഹാരത്തിലെ ഓരോ പുസ്തകനിരൂപണവും അതിനെ തെളിയിയ്ക്കുന്നതുമാണ്. വള്ളത്തോളെഴുതിയ പുസ്തകനിരൂപണങ്ങളിൽ പലതും, അതിലെ സാഹിത്യഭേഗിത്തികവിനാൽത്തന്നെ ശാശ്വതമായിരിയ്ക്കും. നിസ്സാരങ്ങളായ ഗ്രന്ഥങ്ങളെപ്പററിയായാലും, അതിൽ ശ്രദ്ധാർഹമായ എന്തെങ്കിലും ഒരു ഭാഗമുണ്ടെങ്കിൽ, അതിനെ വിഷയമാക്കി നല്ലൊരുപന്യാസമെഴുതുന്നതാണ് മഹാകവിയുടെ പതിവ്. ഈ കാരണത്താൽ, ഏതൊരുദ്ദേശത്തെ മുൻനിർത്തിയിട്ടാണോ ഞാൻ ഈ നിരൂപണങ്ങൾ തിരഞ്ഞെടുത്തത്, അതനുസരിച്ച് ഇതിൽ ചേർക്കുവാൻ അർഹതയില്ലാത്തതായിത്തോന്നിയ ചില നിരൂപണങ്ങൾ വിട്ടുകളഞ്ഞതു വളരെ വ്യസനത്തോടുകൂടിയാണ്. താഴേ ഉദ്ധരിയ്ക്കുന്ന രണ്ടു നിരൂപണാരംഭങ്ങൾ നോക്കുക:—

''അഗാധമായ ബുദ്ധിവൈഭവംകൊണ്ടും, അപാരമായ പാണ്ഡിത്യാതിശയംകൊണ്ടും അദ്വിതീയനായ ഒരു മഹാനാകുന്ന ബാലഗംഗാധരതിലകൻ എന്നതു മിക്കപേരേയും പറഞ്ഞറിയിയ്ക്കേണ്ടതില്ല. 'ടിലാക്' എന്ന പാവനമായ ഈ മൂന്നക്ഷരം ഭൂഗോളത്തിന്റെ ഏതു ഭാഗത്തും ഏറെക്കുറെ പരിചിതമായിത്തീർന്നിട്ടു കാലം വളരെയായി. എന്നാൽ, ഇതു കൊണ്ടൊന്നുമല്ല ഇദ്ദേഹം 'ലോകമാന്യൻ' എന്ന അനന്യഗാമിയായ ശബ്ദത്തെ അർഹിയ്ക്കുന്നത്. 1856—ാം സംവത്സരത്തിൽ ഭൂജാതനായി, 1879—ൽ നിയമപരീക്ഷയിൽ വിജയംനേടിയ ഇദ്ദേഹം ആ അവസ്ഥയിലെത്തിയ സാധാരണയുവാക്കന്മാരിൽ കാണപ്പെടുന്ന ഉദ്യോഗഭ്രമത്തിനോ, ധനാജ്ജനാശയ്ക്കോ വശംവദനാകാതെ, തന്റെ ആയുഷ്കാലത്തെ മുഴുവൻ സ്വരാജ്യോന്നമനത്തിന്നായി വിനിയോഗിയ്ക്കണമെന്നൊരു ദൃഢവ്രതം കൈക്കൊള്ളുകയും, അതനുസരിച്ചു പ്രവർത്തിച്ചുതുടങ്ങുകയും ചെയ്തു. ഈയൊരു കാരണത്താലത്രെ, ഇദ്ദേഹത്തെ, ഇന്നു സർവ്വജനങ്ങളും ഒരുപോലെ പൂജിച്ചുവരുന്നത്. ഇതുകൊണ്ടുതന്നെയാണ്, ഈ 'പൂനാമഹാരാ

Digitized By Kerala Sahitya Akademi

ജ'ന്റെ പുരികമൊന്നിളകിയാൽ, എന്തുചെയ്യുന്നതിന്നും അനേകലക്ഷം പേർ സന്നദ്ധരായി നിൽക്കുന്നത്. മറെറാന്നുകൊണ്ടുമല്ല, പണ്ടത്തെ ഓജസ്സും തേജസ്സുമെല്ലാം ക്ഷയിച്ച പലതുകൊണ്ടും പാരവശ്യത്തിൽപ്പെട്ടിരിയ്ക്കുന്ന ഇന്ത്യാദേവി, തന്റെ ബാഷ്പകലുഷങ്ങളായ തൃക്കണ്ണുകളെക്കൊണ്ട്, ഈ ശ്രേഷ്ഠപുത്രന്റെ പ്രസന്നഗംഭീരമായ മുഖത്തെ പ്രത്യാശയോടുകൂടി സവിശേഷം വീക്ഷിയ്ക്കുന്നതും.

ലോകാഭിവൃദ്ധിയ്ക്കായി യതിയ്ക്കുക എന്നതാണ്, സർവ്വോപരി ലോകപിതാവിനെ പ്രീതിപ്പെടുത്തുന്ന മഹായജ്ഞമെന്നാകുന്ന 'ഗീതാരഹസ്യ'കർത്താവായ ഈ കർമ്മയോഗിയുടെ മതം. തന്റെ ഹൃദയത്തിൽ കുത്തിയെരിയുന്ന രാജ്യഭക്തി, മൂന്നുനാലു പ്രാവശ്യം തങ്കൽ ആപതിച്ച അതിതീക്ഷ്ണമായ രാജദണ്ഡത്തോടുപോലും സ്വാഗതം പറവാൻ ഇദ്ദേഹത്തെ ധൈര്യപ്പെടുത്തി. വാസ്തവത്തിൽ 'പരോപകാരപ്രഭവ'മായ ദുഃഖമാണ് മഹാന്മാക്കു സുഖം. ഹാ, ബാലഗംഗാധരതിലകന്റെ തടവുമുറിയിൽ നിന്നു, ഒരു ലോകദ്രഷ്ടാവായ ദ്രഷിയുടെ പുണ്യാശ്രമത്തിൽ നിന്നെന്നപോലെ, എത്രയെത്ര ഉൽകൃഷ്ടചിന്തനങ്ങളാണ് പൊങ്ങിപ്പുറപ്പെട്ടത്! 'യുറോപ്പിലേയും അമേരിക്കയിലേയും വലിയ ചരിത്രജ്ഞന്മാരെ'ക്കൂടി വിസ്മയപരതന്ത്രന്മാരാക്കിയ 'ആര്യന്മാരുടെ ആദിമവാസസ്ഥാനം' എന്ന ഇംഗ്ലീഷുപുസ്തകവും, അച്ചടിച്ചിട്ട് ഒരൊററ ആഴ്ചയ്ക്കുള്ളിൻ 6,000 പ്രതികളും ചെലവായിപ്പോയ 'ഗീതാരഹസ്യം' എന്ന മഹാരാഷ്ട്രഗ്രന്ഥവും, താൻ ബന്ധനത്തിലിരുന്ന കാലങ്ങളിൽ എഴുതപ്പെട്ടവയാണല്ലോ. മറെറന്തു പറയാനാണ്? കാരാഗൃഹത്തിലും, ഏകാകിയായ ഈ ധീരപുരുഷനെ വാണിമാതാവു പുത്രവാത്സല്യത്തോടുകൂടി നിരന്തരം ശ്രുശ്രൂഷിച്ചുപോന്നു! ജഗദീശ്വരാ, 1916–ൽ ഷഷ്ടിപൂർത്ത്യുത്സവം കൊണ്ടാടപ്പെട്ട ഈ ഭാരതീയനേതാവിന്നു പുരുഷായുസ്സുമുഴുവനും പ്രദാനം ചെയ്യുന്നതിന്ന് കരുണയുണ്ടാകേണമേ!!

തിലകൻ പത്രാധിപലോകത്തിന്നും ഒരു തിലകം തന്നെയാണ്. ഇദ്ദേഹത്തിന്റെ 'കേസരി' പത്രവനത്തിലെ കേസരിതന്നെയായിരുന്നു. അതിന്റെ ഗംഭീരഗർജ്ജിതം ഭാരതീയജനങ്ങളെ, അവരുടെ ഗാഢനിദ്രയിൽനിന്നുണർത്തുവാൻ എത്രമാത്രം ഉപയോഗപ്പെട്ടിട്ടില്ല?.....''

''യാതൊന്നിന്റെ പ്രഭാവത്താലാണോ, രന്തിദേവൻ, ഔശീനരശിബി മുതലായവർ ഇന്നും ഈ ലോകത്തിൽ യശശ്ശരീരംകൊണ്ടു ജീവിച്ചിരിയ്ക്കുന്നത്; സർവ്വമഹാസിദ്ധികളും യാതൊന്നിന്റെ കിംഭോസികളാണോ; പാറപ്പുറത്തെ പട്ടുമെത്തയും, കാനനത്തെ കനകമേടയുമാക്കുന്നതു യാതൊന്നോ; യാതൊന്നാണോ, പുണ്യശാലിനിയായ നമ്മുടെ മാതൃഭൂമിയ്ക്കു നിത്യോപാസനാവിഷയമായ ദ്വ്യക്ഷരമന്ത്രം; ആ പരിപാവനമായ ത്യാഗത്തിന്റെ—അകൈതവമായ ആത്മത്യാഗത്തിന്റെ—ഒരു പ്രത്യക്ഷസ്വരൂപമാണ്, മോഹനദാസ് കരംചന്ദ് ഗാന്ധി. മികച്ച വാഗ്മിയും നിയമകോവിദനുമായ ഒരു ബാരിസ്റ്ററുടെ നിലയിൽ മാസം തോറും അനേകായിരം ഉറുപ്പിക വരവുണ്ടായിരുന്ന ഇദ്ദേഹത്തിന്നു വേണമെങ്കിൽ, ഒരു മഹാരാജാവിന്നൊത്ത പദവിയിൽ കാലം കഴിയ്ക്കാമായിരുന്നു. എന്നാൽ, സമ്പദ്ദേവതയുടെ മണിമഞ്ചത്തിൽ മലർന്നുകിടക്കാനല്ല, ദീനജനങ്ങളെ കൈകൊടുത്തുയർത്തുവാനാണ് ഈ മഹാപുരുഷന്റെ അവതാരം.

Digitized By Kerala Sahitya Akademi

തെക്കെ ആഫ്രിക്കയിലെ തീവ്രനരകത്തിൽനിന്നു ദയനീയരായ ഭാരതീയരെ വല്ലപാടും മോചിപ്പിയ്ക്കുന്നതിനു മോഹനദാസ്‌ഗാന്ധി ചെയ്ത പ്രയത്നങ്ങളും, അനുഭവിച്ച പീഡകളും കേവലം അമാനുഷങ്ങളല്ലയോ? എതിരാളികൾ ഈ മാന്യനെ ഏതെല്ലാം തരത്തിൽ അപമാനിച്ചു! എത്ര യെത്ര പരിക്കേല്പിച്ചു! ഒന്നിലധികം തവണ തടവിൽ പാപ്പിയ്ക്കപ്പെട്ട പ്പോഴൊക്കെടി, ആ ഗംഭീരമായ ഹൃദയമാകട്ടെ, ആ ധീരശാന്തമായ മുഖമാ കട്ടേ യാതൊരു വികാരഭേദത്താലും സ്പൃശിയ്ക്കപ്പെടുകയുണ്ടായില്ല!! അഥവാ, ബന്ധനിർമ്മുക്തനായ അദ്ദേഹത്തെ ബന്ധനത്തിലാക്കി എന്നോ! ആ പരമഷ്ടിയുടെ പാദപാംസുക്കളാൽ കാരാഗൃഹം സിദ്ധാശ്രമമാക്കപ്പെട്ട എന്നു പറയുന്നതായിരിയ്ക്കും യുക്തം!

'ആത്മത്യാഗംകൊണ്ടു ലോകത്തെ സ്വാധീനമാക്കുക, ദോഷത്തെ നന്മകൊണ്ടു പരിഹരിയ്ക്കുക, ദ്വേഷത്തെ സ്നേഹംകൊണ്ടു ശമിപ്പിയ്ക്കുക' ഇതാണ് ഗാന്ധിയുടെ ആന്തരമായ മതം. അദ്ദേഹം ഭാരതക്ഷേത്രത്തിലെ പ്രാചീനമഹർഷിമാരെപ്പോലെ, ലോകസംഗ്രഹാർത്ഥം അകതോഭയനായി വ്യാപരിച്ചുകൊണ്ടിരിയ്ക്കുന്നു. സത്യം എന്ന ഒന്നിന്റെ മുമ്പിലല്ലാതെ മോഹനദാസ്‌ഗാന്ധിയുടെ മുദ്ധാവ് ഈ നിമിഷംവരെ കുനിയുകയുണ്ടാ യിട്ടില്ല. അദ്ദേഹത്തിന്റെ വ്യാഹാരങ്ങളും വ്യാപാരങ്ങളും വിചാര ങ്ങളും സത്യത്തിന്റെ അടിത്തട്ടിൽനിന്നു പുറപ്പെടുന്നവയാകുന്നു. അസത്യ ത്തോടും അധർമ്മത്തോടും അനീതിയോടും അദ്ദേഹം ആയുധംകൂടാതെ പോര ടിച്ചു വിജയം നേടുന്നു. ഹാ! ആ യമനിയമകൃശമായ ശരീരത്തിന്റെ മുമ്പിൽ അസത്യം ആലിലപോലെ വിറച്ചുപോകുന്നു!.....
....."

ഗദ്യത്തിലും പദ്യത്തിലും മഹാകവി വള്ളത്തോളിനെ സവ്വാത്മനാ അനുവർത്തിച്ചുപോരുന്ന ശ്രീ. നാലപ്പാട്ടു നാരായണമേനോനവർകൾ എഴു തിയ മൂന്നുനാലു നിരൂപണങ്ങൾകൂടി ഇതിലുൾപ്പെടുത്തിയിട്ടുള്ളതിനെ പ്പററി വിശേഷിച്ചൊന്നും പറയേണ്ടതില്ല; ആ നിരൂപണങ്ങൾ ഇതിൽ ചേർക്കുവാൻ അനുവദിച്ചതിനു ഞാൻ അദ്ദേഹത്തോടു നന്ദി പറഞ്ഞു കൊള്ളുന്നു.

ഈ ദീർഘമായ അവതാരികകൊണ്ട് വെളിപ്പെടുത്തുവാൻ ശ്രമിച്ചി ട്ടുള്ള വിധം, പല വിധത്തിലും അദ്വിതീയവും അത്യുത്തമവുമായ ഈ സാഹിത്യോപനിഷത്തിനെ ഞാൻ എന്റെ മാതൃഭാഷയുടെ തൃക്കാലടിക ളിൽ ഉപഹരിയ്ക്കുന്നത് എത്രമാത്രം അഭ്യുദയാംശംസയോടും ആഹ്ലാദാഭിമാന ത്തോടുംകൂടിയാണെന്നു പറഞ്ഞാലൊടുങ്ങുകയില്ല.

വന്നേരി,
1103 എടവം 16—ാംനു

കുട്ടികൃഷ്ണമാരാർ

Digitized By Kerala Sahitya Akademi

വിഷയവിവരം

ഗ്രന്ഥനിരൂപണങ്ങൾ

1.	കൃഷ്ണവിജയം	3
2.	ലീല	7
3.	അന്യാപദേശമാല	12
4.	താമരശ്ശേരി	14
5.	നീതിബോധകഥകൾ	18
6.	ദത്താത്രേയാവധൂതഗീത	22
7.	ഭാരതകഥാനിരൂപണം	24
8.	കൃഷ്ണഗാഥ	28

രണ്ടാം ഭാഗം

9.	വേണീസംഹാരം—ഭാഷാനാടകം	32
10.	ഭാഷാമൈമീപരിണയം	34
11.	വിരഹതാപം	39
12.	അമ്പുനായർ	45
13.	പ്രതാപസിംഹൻ	47
14.	മംഗളമഞ്ജരി	49
15.	വഞ്ചിരാജീയം	51
16.	സ്കാന്ദമഹാപുരാണം	55
17.	പ്രഹസനമാല	60
18.	അരമനരഹസ്യം *	62
19.	സാപ്പുവാസവദത്തം ഭാഷാനാടകം	67
20.	പഞ്ചരാത്രം	71
21.	രാമായണപാഠങ്ങൾ	74
22.	ശ്രീഹസ്തരത്നാവലി	76
23.	സാഹിത്യപ്രകാശിക	79
24.	ശ്രീമാൻ ഗോപാലകൃഷ്ണഗോഖലെ	83
25.	കവിതാമൃതം	85
26.	പ്രേമബന്ധം	87
27.	കേരളപാണിനീയം	90
28.	ജാഹനീറ	93
29.	ഭാഷാകർണ്ണഭാരം	96
30.	അംഗദൻ	100
31.	തിരുപ്പതിമാഹാത്മ്യം	102
32.	യോഗവാസിഷ്ഠം	105
33.	രാജാകേശവദാസ്	111
34.	ഭാഷാവിലാസം 3—ാം പുസ്തകം	113
35.	,, 4—ാം പുസ്തകം	115

Digitized By Kerala Sahitya Akademi


36.	കൃഷ്ണകാന്തന്റെ മരണപത്രം *	118
37.	പ്രേതകുമാരൻ	123
38.	വീരവരൻ അഥവാ രാജഭക്തി	126
39.	കള്ളന്റെ കള്ളൻ *	128
40.	വാടിയ പൂവ്	131
41.	കോമളവല്ലി	134
42.	ഒരു പിതൃഭക്തന്റെ സ്വാർത്ഥത്യാഗം	136
43.	ദമയന്തി	139
44.	സുധാബിന്ദു *	141

* നിർമ്മപകൻ: നാലപ്പാട്ട് നാരായണമേനോൻ

പ്രസംഗങ്ങൾ

1.	മലയാളസാഹിത്യത്തിന്റെ വളർച്ച	147
2.	എന്റെ യഥാർത്ഥവിദ്യാരംഭം	158
3.	നമ്മുടെ ഭാവിപൗരന്മാർ	163
4.	ഭാഷാസ്നേഹം വളർത്തുക	166
5.	ഏതുതരം പുസ്തകങ്ങൾ ശേഖരിക്കണം?	171
6.	കാലടിയുടെ സന്ദേശം	178
7.	കർമ്മബോധം വളരണം	184
8.	ഭാഷാഭിവൃദ്ധിക്ക് കേരളം സ്വതന്ത്രസംസ്ഥാനമാവണം	187
9.	യുവജനങ്ങളുടെ കർത്തവ്യം	198
10.	പ്രാചീനസാഹിത്യം	208
11.	കഥകളി	213
12.	കേരളം ഒന്നാകട്ടെ	220

Digitized By Kerala Sahitya Akademi



Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

ഗ്രന്ഥനിരൂപണങ്ങൾ

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

കൃഷ്ണവിജയം

ഗ്രന്ഥകർത്താവ്: ശങ്കരകവി

ഒരു ദിവസം ചെറുകുന്നത്തു ക്ഷേത്രത്തിൽ ദേവീവന്ദനം ചെയ്യുന്ന സാക്ഷാൽ ഉദ്ദണ്ഡശാസ്ത്രികളുടെ,

"സംഭരിതഭ്രരികൃപമംബ ശ്രുഭമംഗം
ശ്രുംഭതു ചിരന്തനമിദം തവ മദന്തഃ"

എന്ന പദ്യാർദ്ധത്തെ, തൽക്ഷണംതന്നെ, അവിടെ മാല കെട്ടികെട്ടിക്കൊണ്ടിരുന്ന ഒരു വാരിയർ,

"ജംഭരിപുകുംഭിവരകുംഭയുഗഡംഭ-
സ്തുംഭികുചകുംഭപരിരംഭപരശുംഭഃ"

എന്നിങ്ങിനെ പൂരിപ്പിച്ചു എന്നും 'അഹോ, കവിമല്ലഃ' എന്ന വിസ്മയപരതന്ത്രനായ ശാസ്ത്രികൾ തന്നെത്താനറിയാതെ പറഞ്ഞുപോയി എന്നും ഒരൈതിഹ്യം ഇവിടങ്ങളിൽ പലരും കേട്ടിട്ടുണ്ടായിരിക്കാം. ഉദ്ദണ്ഡകേസരിയെ ഉൽഭ്രമിപ്പിച്ച ആ സ്നിഗ്ധഗംഭീരമായ ശബ്ദസമുച്ചയം യാതൊരു 'കവിമല്ല'നിൽനിന്നു പുറപ്പെട്ടുവോ, 'വേലാതീതപ്രഥിതവചസശ്ശങ്കരാദ്യാഃ കവീന്ദ്രാഃ' എന്ന കോകിലസന്ദേശത്തിൽ കീർത്തിക്കപ്പെട്ടിട്ടുള്ള ആ ശങ്കരവാരിയരുടെ കൃതിയാണ്, 'കൃഷ്ണവിജയം' എന്ന സംസ്കൃത മഹാകാവ്യം. ഇതു നമുക്കു ലഭിച്ചതിനു നാം കടപ്പെട്ടിരിക്കുന്നതു, 'മംഗളോദയം' കമ്പനി മാനേജർ സി. കുഞ്ഞിരാമൻമേനോനവർകൾക്കാകുന്നു. ഇദ്ദേഹമാണ്, ഇയ്യിടയിൽ ഈ വിശിഷ്ടഗ്രന്ഥം, ഇതിന്റെ ജന്മഭൂമിയായ ചിറയ്ക്കൽ രാജസ്വരൂപത്തിലെ ഗ്രന്ഥപ്പുരയിൽനിന്ന്, അവിടത്തെ ഇളംകൂറും പ്രാചീനഗ്രന്ഥപ്രസിദ്ധീകരണത്തിൽ തൽപരനുമായ രാമവർമ്മരാജാവവർകൾമുഖേന സമ്പാദിച്ചു, ദേവനാഗരാക്ഷരത്തിൽ കമനീയമായി അച്ചടിപ്പിച്ചു പ്രസിദ്ധീകരിച്ചത്. മിസ്റ്റർ മേനോന്റെ ശ്രമത്തെ ഞങ്ങൾ കൃതജ്ഞതയോടുകൂടി അഭിനന്ദിച്ചുകൊള്ളുന്നു.

പെരുശ്ശേരി എന്നപോലെ, ശങ്കരകവിയും കോലത്തിരി (ചിറയ്ക്കൽ) രാജസ്വരൂപത്തിലെ ആശ്രിതന്മാരിൽ ഒരാളായിരുന്നു. പെരുശ്ശേരി 'ഉദയവർമ്മാവെന്ന കോലഭൂപ'ന്റെ ആജ്ഞയാൽ 'കൃഷ്ണഗാഥ' രചിച്ചതുപോലെ, ശങ്കരകവി 'കേരളവർമ്മനാമാവായ കോലാധിപ'ന്റെ കല്പനയനുസരിച്ചു കൃഷ്ണവിജയം നിർമ്മിച്ചു. കൃഷ്ണഗാഥയിലേതുപോലെ, കൃഷ്ണവിജയത്തിലെ കഥാവസ്തുവും ശ്രീമത് ഭാഗവതദശമസ്കന്ധത്തിൽനിന്നു സംഗ്രഹിച്ചതുതന്നെയാണ്. സുകുമാരമഹാകവിയുടെ 'കൃഷ്ണവിലാസ'ത്തെ ആദരിച്ചും അനുകരിച്ചും എഴുതപ്പെട്ടതായ വിജയം വിലാസത്തെക്കാൾ താഴെയാണെങ്കിലും, പ്രാചീനസംസ്കൃതകാവ്യങ്ങളിൽ പലതിനോടും കിടപിടിക്കത്തക്ക ഉൽകൃഷ്ടത ഈ കാവ്യത്തിനുണ്ട്. വാക്യങ്ങൾക്കു വൈചിത്ര്യം വരുത്തുന്നതിലും ശബ്ദങ്ങൾക്കു സൗകുമാര്യം സമ്പാദിക്കുന്നതിലും ശങ്കരകവിക്കുള്ള നിഷ്കർഷയും കുസലില്ലായ്മയും ഇതിലെ ഓരോ ശ്ലോക

Digitized By Kerala Sahitya Akademi

ത്തിലും ധാരാളമായി തെളിഞ്ഞുകാണുന്നുണ്ട്; ഇക്കാര്യത്തിൽ ഇദ്ദേഹം അദ്വിതീയൻതന്നെയാണ്. ഏറ്റവും ശ്രവണസുഖത്തെ ഉണ്ടാക്കാത്തതോ അത്യന്തം സുകുമാരമല്ലാത്തതോ ആയ ഒരു പദം, കുറ്റവിജയം മുഴുവൻ തിരഞ്ഞുനോക്കിയാലും, കണ്ടുകിട്ടുന്നതല്ല. ആയിരം പേരുകളുള്ള ഭഗവാനെ മിക്ക ഘട്ടങ്ങളിലും പുണ്ഡരീകാക്ഷപര്യായങ്ങൾ കൊണ്ടുതന്നെ കീർത്തിക്കുവാൻതക്കവണ്ണം, അത്ര മുഗ്ധന്യാവസ്ഥയിലെത്തിയിട്ടുള്ളതാണ്, വാരിയരുടെ സുകുമാരപദപ്രതിപത്തി. ഗംഗാപ്രവാഹംപോലെ അനർഗ്ഗളമായി തള്ളിയൊഴുകുന്ന അനുപ്രാസധോരണിയോടുകൂടി, ഒന്നാന്തരം പുതിയ പുതിയ അർത്ഥാലങ്കാരങ്ങളെ നിഷ്പ്രയാസം തട്ടിമിന്നിച്ചിരിക്കുന്ന ഈ കവിമല്ലന്റെ വാസനാവൈഭവവും വ്യുൽപത്തിദാർഢ്യവും എത്ര ആശ്ചര്യകരം! എത്ര ആഹ്ലാദപ്രദം!!

ഹാ, ഒരു കാലത്ത് ഇത്തരം കവിശ്രേഷ്ഠന്മാരാൽ പ്രശോഭിതമായിരുന്ന കേരളരാജ്യത്തിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ്? ശരിയായ ശാസ്ത്രവ്യുൽപത്തിയും കറകളഞ്ഞ കവിതാവും നമ്മുടെ രാജ്യത്തെ ഉപേക്ഷിച്ചുകൂട്ടത്തിലായി! ഉത്തമന്മാരായ സാഹിത്യകാരന്മാരെവിടെ? അവരെ പ്രോത്സാഹിപ്പിക്കുന്ന പ്രഭുക്കന്മാരെവിടെ? അഭിനന്ദിക്കുന്ന സഹൃദയന്മാരെവിടെ? ചിലർ യഥാർത്ഥകവിത, യഥാർത്ഥകവിത എന്നിങ്ങനെ ഉൽഘോഷിക്കുന്നതു കേട്ടാൽ, അവർ സഹൃദയത്വത്തിന്റെ അവതാരമൂർത്തികളാണെന്നു തോന്നിപ്പോകും! യഥാർത്ഥകവിതയെ ആസ്വദിപ്പാനുള്ള ഹൃദയങ്ങൾ അടുത്ത കാലത്തു നമ്മുടെയിടയിൽ ഉണ്ടായിത്തീരുമെന്നാശിപ്പാൻകൂടി വഴികാണുന്നില്ല.

"കാലത്തുണർന്നീശ്വരം
ദേഹശുദ്ധി വരുത്തണം
പുസ്തകക്കെട്ടെടുക്കേണം
പാഠം ചൊല്ലിപ്പഠിയ്ക്കുണം."

എന്ന തരത്തിലുള്ള നീതിമാലകളെയല്ലേ, ചില പണ്ഡിതന്മാർ നമ്മുടെ പിന്തുടച്ചുക്കാരായ കുട്ടികൾക്കു കണ്ഠാഭരണങ്ങളായി കല്പിച്ചിരിക്കുന്നത്?

പ്രസ്തുത കാവ്യത്തിന്ന്, ഇതിന്റെ പ്രസാധകനായ പി. എസ്സ്. അനന്തനാരായണശാസ്ത്രിയവർകൾ ഒരു ടിപ്പണിയും അവതാരികയും എഴുതിച്ചേർത്തിട്ടുണ്ട്. ടിപ്പണിയിൽ ഇത്രതന്നെ പിശകു പിടിയ്ക്കുണ്ടായിരുന്നില്ല എന്നൊരു പക്ഷക്കാരുണ്ടാകാം.

"യഥാ യഥാ ഭാവവികാരഭദ്രയാ
മനോഭവോ വിഭ്രമമാപ ഭദ്രയാ
തഥാ തഥാ രാഗവികാരസൂചിനീ
രതേശ്ച ലീലാജനി ധൈര്യമോചിനീ."

എന്നും മറ്റുമുള്ള ശ്ലോകങ്ങൾ ടിപ്പണിയെ അഹിക്കുന്നവതന്നെയാണ്; എന്നാൽ 'പ്രസന്നപ്രൌഢസരസ'മായ അവതാരിക ശാസ്ത്രികളുടെ പാണ്ഡിത്യത്തിന്നും ഗ്രന്ഥത്തിന്റെ പ്രാശസ്ത്യത്തിന്നും അത്യന്തം അനുരൂപമായിരിക്കുന്നു. ഇതിൽ, കൃഷ്ണനാട്ടക്കാരൻ, തന്നെപ്പോലെയുള്ള ഒരു രാജാവിന്റെ സേവകനായിരുന്ന ശങ്കരകവിയുടെ 'അർത്ഥ'ജാതത്തെ പലപ്പോഴും അപഹരിച്ചിട്ടുള്ളതായി, ചമൽക്കാരകരമാംവണ്ണം പ്രതിപാദിച്ചി

Digitized By Kerala Sahitya Akademi

ട്ടുണ്ട്. ഞങ്ങളുടെ അഭിപ്രായത്തിൽ, കൃഷ്ണനാട്ടക്കാരനെ മനോധർമ്മമുള്ള ഒരു കവിയുടെ നിലയിൽ കരുതുന്നതിനേക്കാൾ നല്ലത്, ഒരു മുരട്ട വൈയാകരണനായി ഗണിക്കുകയാണ്. കവിത്വത്തെക്കാൾ അധികം പ്രൂഫ്റീഡ്റ തന്നെ മാണ്, മാനവേദരാജാവിനെ കവിയശസ്സമ്പാദനത്തിൽ സഹായിച്ചിട്ടുള്ളത്. പ്രൂഫ്റീഡ്റക്കന്മാക്കും സ്തുതികർക്കും ചെറിയ അറിവുകൊണ്ടു വലിയ പേരു കിട്ടാൻ പ്രയാസമില്ലെന്നുള്ളതു നമ്മുടെ അനുഭവത്തിലിരിക്കുന്ന ഒരു കാര്യമാണല്ലോ.

ഈ പുസ്തകത്തിൽ അച്ചടിത്തെറ്റുകൾ നന്നെ കുറവാണ്; എന്നാൽ ശുദ്ധിപത്രത്തിൽ ഉൾപ്പെട്ടിട്ടില്ലാത്ത ചില സ്ഖലിതങ്ങൾ ഞങ്ങളുടെ ദൃഷ്ടിയിൽ പെട്ടില്ലെന്നില്ല. ഒന്നാംസർഗ്ഗത്തിലെ നാലാംശ്ലോകത്തിന്റെ രണ്ടാം പാദത്തിൽ 'കുമുദ്വതീഭംഗ്യ' എന്നു കാണുന്നതിനു പകരം 'കുമുദ്വതീ ഭാഗ്യ' എന്നല്ലയോ വേണ്ടത്? നാലോ അഞ്ചോ ദിക്കിൽ, അച്ചുനിരത്തുകാരെ കുറ്റപ്പെടുത്തുവാൻ പാടില്ലാത്ത ചില അപഭ്രംശങ്ങളും പറ്റിപ്പോയിട്ടുള്ളതായി ഞങ്ങൾക്കു തോന്നുന്നുണ്ട്. അഞ്ചാംസർഗ്ഗത്തിലെ,

"ദിശി ദിശി കളഭൃംഗീനാദസംഗീതഭംഗീ—
ശിഥിലിതമദിരാക്ഷീമൌനമുദ്രാ വിചേരുഃ
നവനളിനവനാളീധൂതനാളീകകേളീ—
പരിമിളിതമധുളീബിന്ദവോ മന്ദവാതാഃ."

എന്ന അനുപ്രാസസമൃദ്ധമായ ശ്ലോകത്തിന്റെ ഉത്തരാർദ്ധത്തിൽ 'നവനളിനവനാളീ' എന്ന കാണുന്നതുതന്നെയാണ് ശരിയായ പാഠമെങ്കിൽ, അതിന്റെ അർത്ഥസാംഗത്യം എങ്ങനെയെന്നു ഞങ്ങൾക്കു മനസ്സിലായില്ല. 'മദലളിതമരാളീ' എന്നോ മറ്റോ ആയിരുന്നതു പകർപ്പെഴുത്തുകാരുടെ പ്രമാദംനിമിത്തം മാറിമറിഞ്ഞതായിരിക്കുമോ എന്നു ഞങ്ങൾ സംശയിക്കുന്നു. പൂർവാർദ്ധത്തിൽ 'മദിരാക്ഷീ' എന്ന പദംകൊണ്ടു തരക്കേടൊന്നുമില്ലെങ്കിലും അതിനു പകരം 'തടിദാംഗീ' എന്നായാലേ, ഈ ശ്ലോകത്തിലെ ശബ്ദാഡംബരത്തിനു പുഷ്ടിവരികയുള്ളൂ. ഉത്തരാർദ്ധത്തിൽ 'ളീകാരങ്ങളെയെന്നപോലെ, പൂർവാർദ്ധത്തിൽ 'ങ്ഗീ'കാരങ്ങളെയും നാലെണ്ണം ആവർത്തിക്കാതെ തൃപ്തിപ്പെടുന്ന മട്ടുകാരനല്ല, ശങ്കരകവി. II—ാം സർഗ്ഗത്തിലെ,

"കരിപുരമഥ തേന വിഷ്ണുപദ്യാം
സപദി വിപാതയിഷുസ്തദാപകഷ്ടും
സ്തുപയിതുമിവ ദുർഗ്ഗമം നിഷാദീ
സപദി മതംഗജമങ്കുശേന രോഷാൽ."

എന്ന അതിമനോഹരമായ അലങ്കാരഭംഗിയുള്ള പദ്യത്തിൽ രണ്ടു 'സപദി' പദം വന്നുകൂടിയതും എഴുത്തുകാരുടെ കൈത്തപ്പു കൊണ്ടായിരിക്കണം. 'വിഷ്ണുപദ്യാം സപദി' എന്നേടത്ത്, കവികൃതമായ പാഠം 'വിഷ്ണുപദ്യാഃ പയസി' എന്നോ മറ്റോ ആയിരിപ്പാനേ സംഗതിയുള്ളൂ.

ഞങ്ങൾ ഇത്രയും എഴുതിയതു കൃഷ്ണവിജയത്തിന്റെ ഒരു വിമർശനമായിട്ടാണ് എന്നു വായനക്കാർ ധരിച്ചുപോകരുത്: ആ സരസഗംഭീരമായ മഹാകാവ്യം എവിടെ? കിഞ്ചിൽജ്ഞന്മാരായ ഞങ്ങളെവിടെ? ശങ്കരകവിയുടെ അനന്യസാധാരണമായ സൂക്തിമാധുര്യം യഥാശക്തി

Digitized By Kerala Sahitya Akademi

ആസ്വദിപ്പാൻ ഇടംപ്രഥമമായി സംഗതിവന്നതിനാൽ ഞങ്ങളുടെ ഹൃദയത്തിൽ തിങ്ങിനിറഞ്ഞിരിക്കുന്ന സന്തോഷത്തിന്റെ എത്രയും ചെറിയ ഒരു ഭാഗമെങ്കിലും പ്രത്യക്ഷപ്പെടുത്തുവാൻ പ്രയത്നിച്ചുനോക്കുകമാത്രമാണ് ഞങ്ങളിവിടെ ചെയ്തത്.

കൃഷ്ണവിജയംപോലെയുള്ള ഉൽകൃഷ്ടസാഹിത്യഗ്രന്ഥങ്ങൾ, അവിടവിടെ തിരഞ്ഞുനോക്കുന്നതായാൽ, ഇനിയും വളരെയെണ്ണം കണ്ടുകിട്ടാതിരിയ്ക്കയില്ല. ഈ വിഷയത്തിൽ നാം വേണ്ടേടത്തോളം പ്രയത്നം ചെയ്യുന്നില്ലെന്നു സലജ്ജം സമ്മതിക്കുകയേ നിവ്വാഹമുള്ളൂ. മാതൃഭൂമിയ്ക്കു പുത്തനായിട്ടൊരു മഹിമ ഉണ്ടാക്കാൻ നമുക്കു ശേഷിയില്ലായിരിയ്ക്കാം; എന്നാൽ അതിന്റെ പഴയ പ്രശസ്തിയെ പ്രകാശിപ്പിക്കുന്നതിന്നു അത്ര വലിയ പ്രയാസമൊന്നുമില്ലല്ലോ. ഓരോറ പ്രാചീനഗ്രന്ഥം പ്രസിദ്ധീകരിച്ചാൽമതി, നൂറു നവീനപുസ്തകങ്ങൾക്കു പകരം എന്നും ഞങ്ങൾക്കു പലപ്പോഴും തോന്നാറുണ്ടു. പഴയ ഗ്രന്ഥങ്ങളെ പ്രചരിപ്പിക്കുക എന്ന പരമോദ്ദേശത്തോടുകൂടി ആരംഭിച്ചതായ മംഗളോദയംകമ്പനി, അതിന്റെ പ്രാരംഭോദ്ദേശത്തെ ചിലപ്പോളെങ്കിലും അനുസ്മരിക്കുന്നുണ്ടെന്നു കാണുന്നതു ആശ്വാസകരംതന്നെ.

Digitized By Kerala Sahitya Akademi

ലീല

(ഒരു ലഘുകാവ്യം)

ഗ്രന്ഥകർത്താവ്: എൻ. കുമാരനാശാൻ

സമുദായാചാരങ്ങളിലെന്നപോലെ, സാഹിത്യവിഷയത്തിലും മാമൂൽ വിട്ട പ്രവർത്തിപ്പാൻ മലയാളികൾക്കു മനോധൈര്യംപോരാ. ഇതു തന്നെയാണ്, മലയാള കവിത ഇന്നും ആ പഴക്കംകൊണ്ടു മണ്ണുപിടിച്ചു തുടങ്ങിയ ചങ്ങലക്കെട്ടിൽത്തന്നെ കിടക്കുന്നതിന്നു മുഖ്യകാരണം. കവിതാവനിതയെ അക്ഷുണ്ണമായ പന്ഥാവിലൂടെ കൊണ്ടുനടപ്പാൻ കൂസലില്ലാത്തവരായി നമ്മുടെയിടയിൽ വല്ലവരുമുണ്ടെങ്കിൽ അവരിലൊരാളാണ് മിസ്റ്റർ എൻ. കുമാരനാശാൻ. 'നളിനി' കർത്താവിന്റെ നവനവോല്ലേഖനൈപുണ്യം സഹൃദയന്മാർക്ക് അനുഭവഗോചരമായിരിയ്ക്കുമല്ലോ.

കുമാരനാശാനവർകളുടെ പുതിയ കൃതിയായ 'ലീല' ഒരു കമനീയമായ ഖണ്ഡകാവ്യമാകുന്നു. ഇതിലെ കഥാവസ്തു സ്വന്തമല്ലായിരിക്കാം. എന്നാൽ കഥ നോവലുകളിലെമാതിരി ക്രമത്തിനു തുടങ്ങാതെ പ്രധാനമായ ഒരു ഘട്ടത്തിൽനിന്നാരംഭിച്ചതും, നായികയുടെയും സഖിയുടെയും സന്ദർഭാനുഗ്രഹണങ്ങളായ ചിത്രങ്ങൾ ചേർത്തിട്ടുള്ളതും ഒരു പുതുമതന്നെ. നല്ല ആശയങ്ങൾകൊണ്ട് അത്യന്താസ്വാദ്യങ്ങളാണ്, ഇതിലെ മിക്ക ശ്ലോകങ്ങളും. 'മലയാളഭാഷയിൽ നല്ലൊരു കൃതി കണ്ടാൽ, അതു ഭാഷാന്തരമോ അനുകരണമോ ആണെന്നു തീർച്ചയാക്കി, അതിനെ യഥായോഗ്യം ആദരിക്കാതിരിക്കുക' എന്നത്, ഇതിന്റെ മുഖവുരയിൽ ഗ്രന്ഥകർത്താവു പ്രസ്താവിച്ചതുപോലെ, നമ്മുടെ കൂട്ടരുടെ ഒരു ചീത്തസ്വഭാവമാകുന്നു. തന്നിമിത്തം ആശാനവർകളെപ്പോലെ ശരിയായ കല്പനാശക്തിയുള്ള കവികൾക്കു പലപ്പോഴും ഉത്സാഹഭംഗം നേരിടുന്നുണ്ട്. ഇതു സൽക്കാവ്യങ്ങളുടെ ആവിർഭാവത്തിനു പ്രതിബന്ധകമാണെന്നു പറയേണ്ടതില്ലല്ലോ. ലീല അവഗാഢമായി ആലോചിച്ചു നിർമ്മിക്കപ്പെട്ട ഒരു കൃതിയാണെന്ന്, ഇതിന്റെ ഏതു പുറം നോക്കിയാലും സ്പഷ്ടമായി അറിയാവുന്നതാണ്. ഇതിലെ ദൃഷ്ടാന്തോപമാദ്യലങ്കാരങ്ങളിൽ പലതും കവിയുടെ പ്രകൃതിനിരീക്ഷണശക്തിയെ ധാരാളം വെളിപ്പെടുത്തുന്നുണ്ട്.

"കരുതരുതിരുഭ്രുതി കാങ്കിലും
സ്ഥിരശ്രുഭയോണിഹ ലീലയെന്നു നാം:
പരമരുചിരമാ, മഹർമ്മുഖം
ചരമധരോപരി കാറു നില്ക്കുവേ."

എന്നും മറ്റുമുള്ള ശ്ലോകങ്ങൾ ഞങ്ങളെ ആഹ്ലാദിപ്പിച്ചതിന്നവസാനമില്ല. വിപ്രലംഭശൃംഗാരത്തെ തദനുഗ്രഹമായ കരുണരസത്തിന്റെ സ്തുത്തിയോടുകൂടി ഇത്ര മനോഹരമായി വർണ്ണിക്കുന്നതായ ഒരു കാവ്യം മലയാളഭാഷയിൽ ഇതേവരെ അവതരിച്ചിട്ടില്ലെന്നുകൂടി പറയാൻ തോന്നുന്നു. എല്ലാംകൊണ്ടും 'ലീല'യോടു കിടനില്ക്കാൻ ഒരു കൃതി വേറെയുണ്ടെങ്കിൽ, അതു 'നളിനി' മാത്രമാണ്. 'നളിനി'യിലെ നായികാനായകന്മാർ രാജസം

Digitized By Kerala Sahitya Akademi

മിക്കവാറും വിട്ട സാത്വികാവസ്ഥയിൽ എത്തിനില്ക്കുന്ന പുണ്യാത്മാക്കളാണെ'ങ്കിൽ, അതിന്നടുത്ത താണപടിയിൽ സ്ഥിതി ചെയ്യുന്നവരാണ് 'ലീല'യും 'മദന'നും. നളിനി കാട്ടിൽവെച്ചു കണ്ടെത്തിയ കാമുകന്റെ മാറിൽ ചാഞ്ഞു മരിയ്ക്കുന്നു; ലീലയോ, പ്രിയതമന്റെ പിറകേ പുഴയിൽ ചാടി പ്രാണത്യാഗം ചെയ്യുന്നു. ഇങ്ങനെ മിക്ക സംഗതികൾകൊണ്ടും 'നളിനി'യുടെ അടുത്ത അനുജത്തിയാണ്, 'ലീല.' ഒരച്ഛന്റെ മക്കൾ ഒരേ ഛായയിലായിത്തീരുന്നത് ഒട്ടും അസാധാരണമല്ലല്ലോ.

കഥാഘടനയിൽ സ്വല്പം വിപ്രതിപത്തിക്കിടയ്ല്ലായ്കയില്ല. അത്ഥ പാലകൻ എന്ന മഹാവത്കൻ, തന്റെ മകളായ ലീലയെ അവിംക്കനഭിമതനായ വരന്നു കൊടുത്തു എന്നുള്ളതാണ്, കഥയുടെ അടിസ്ഥാനം. അനിഷ്ടപ്രാപ്തിയിൽ തന്നിവാരണത്തിന്നു പ്രയത്നിച്ചുനോക്കുക എന്നതു സകല പ്രാണികളുടെയും നിയതസ്വഭാവമാകയാൽ, അച്ഛൻ വിവരമൊന്നും അറിയാതെ നിശ്ചയിച്ച വിവാഹത്തിൽനിന്നൊഴിയുവാൻ 'തരുമന്മതി താതനിങ്ങു' എന്നു പ്രതീക്ഷിച്ചിരുന്ന മകൾ ശ്രമിച്ചുനോക്കാഞ്ഞതു വിനയംകൊണ്ടോ ഗുരുജനഭയംകൊണ്ടോ ആണെന്നു കവി പറയുന്നതിന്നു വിശ്വാസയോഗ്യത പോരാ. എന്നാൽ 'മാധുരീസദന'വും 'ഗുണോത്തര'നും 'സഖാ'വുമായ മദനന്നു വല്ല ന്യൂനതയുമുണ്ടോ? ഉണ്ടെങ്കിൽ അതു നിർദ്ധനതയാണെന്നാണ്, ചില സൂചനകൾകൊണ്ട് ഊഹിക്കേണ്ടിയിരിക്കുന്നത്. ഇതു ശരിയാണെങ്കിൽ, ഈയൊരു കാരണത്തിന്മേൽ, തന്റെ പ്രാണാധിക പ്രേമഭാജനമായ ഏകപുത്രിയെ എന്നെന്നും ദുഃഖഭാഗിനിയാക്കിത്തീർക്കാൻ കുബേരതുല്യനായ ഒരു പിതാവു തീർച്ചപ്പെടുത്തിയേയ്യുമോ? ഇനി അപ്രഗത്ഭതകൊണ്ടാണ് ലീല പരപരിണയത്തിന്നു വഴിപ്പെട്ടത് എന്നതന്നെ ഇരിക്കട്ടെ. ആ നിലയിലും, അവിംക്കു ചാരിത്രം രക്ഷിപ്പാൻ കഴിയുമായിരുന്നില്ലയോ? അതും അവം ചെയ്തിട്ടില്ല. ഉവ്വെങ്കിൽ, അവളുടെ ഭർത്താവ് 'അഭിമാനകൃതാത്ഥ'നാകുന്നതല്ലല്ലോ.

"സുപരീക്ഷിതമിപ്പൊഴെന്മന—
സ്സുപശങ്കം, സഖി; മുമ്പിതേലുകിൽ
ത്രുപ വിട്ടിവം ചെയ്യുമായിരു—
ന്ന, പരോക്ഷം പ്രിയഹസ്തപീഡനം."

എന്നു പശ്ചാത്തപിക്കുന്നതുകൊണ്ടു, മദനന്റെ പേരിൽ തനിക്കുള്ള അനുരാഗത്തിന്റെ അപരിഹാര്യതയെപ്പറ്റി 'കൃതമതി'യായ ലീലയ്ക്ക് ആദ്യം അത്ര വിശ്വാസമുണ്ടായിരുന്നില്ല എന്നാണ് സൂചിക്കുന്നത്. ഇതും നായികയ്ക്ക് അപകർഷകരമല്ലയോ? മദനന്റെ മനസ്വിതയെക്കുറിച്ചും അവിംക്കുള്ള അറിവു തുലോം ലഘുവായിരുന്നുവെന്നു വേണം പറയുവാൻ. അതല്ലെങ്കിൽ വിധവയുടെ, അഥവാ പരകളത്രത്തിന്റെ, സംഗമത്തെക്കാളും മരണമാണുത്തമമെന്നു കരുതുന്ന മദനനെക്കൊണ്ടു, വിഗത ചാരിത്രയായ തന്നെ സ്വീകരിപ്പിപ്പാൻ ലീല ശ്രമിച്ചതിൽ യഥാർത്ഥാനുരാഗോചിതമല്ലാത്ത സ്വാർത്ഥപരതകൂടി ഉൾപ്പെട്ടിട്ടുണ്ടെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ആകപ്പാടെ നായിക തികച്ചും 'സതീ'ശബ്ദത്തെ അർഹിക്കുന്നവളല്ല; ഇതുദ്ദേശിച്ചു കവി സങ്കല്പിച്ചിട്ടുള്ള എന്നു സമാധാനിക്കാം.

Digitized By Kerala Sahitya Akademi

"അവളുടെ ശയനീയശായിയാമവനൊരുഷസ്സിലുണർന്നിടാതെയായ്" —ഇങ്ങനെയാണ്, ലീലയുടെ ഭർത്താവിന്റെ മരണം; അച്ഛൻ മരിച്ചിട്ട് ഒരു മാസം കഴിഞ്ഞിട്ടും, ആ വിവരം മകളെ ഗ്രഹിപ്പിക്കാൻ ആ മഹാപ്രഭുവിന്റെ ആൾക്കാരിലാരുമുണ്ടായില്ല; ഈ ഘട്ടങ്ങൾ വായിക്കുമ്പോൾ, നായികയെ സ്വതന്ത്രയാക്കാൻവേണ്ടി, കവി രണ്ടു കൊലപാതകങ്ങൾ നടത്തിയതായിട്ടാണ് തോന്നുക!

ലീല സഖിയുമൊരുമിച്ചു മദനനെ തിരഞ്ഞുകൊണ്ടു കാട്ടിൽ നടക്കുമ്പോൾ,

"സുഖദമയി വരുന്നിതെങ്ങുനിന്നോ
സഖി, യിത ചമ്പകഗന്ധമെന്തു ചിത്രം."

എന്നത്ഭുതപ്പെടുന്നതെന്താണെന്നു ഞങ്ങൾക്കു മനസ്സിലായില്ല. പലതരം മരങ്ങളും പെടികളും പൂത്തും കായ്ച്ചും ഇടതിങ്ങിനില്ക്കുന്ന ഒരു വനത്തിൽ ചമ്പകസൌരഭ്യത്തോടുകൂടി കാറടിക്കുക എന്നത് അസംഭാവ്യമാണോ? ചമ്പകപ്പൂങ്കുല മുമ്പു തനിക്കും മദനനും ദ്യുതിയായിട്ടുണ്ടെന്നു ലീല ഈ ഘട്ടത്തിൽ പറയുന്നുണ്ട്. ഇക്കഥ അവളുടെ അന്തരംഗസഖിയായ മാധവി തന്നെ അറിഞ്ഞിട്ടുള്ളതല്ലാത്ത സ്ഥിതിക്ക് അതിനെ ഒന്നു വിവരിക്കേണ്ടതായിരുന്നു. വിപ്രലംഭശൃംഗാരത്തിന്നു പോഷകങ്ങളായ ഈവക സംഗതികളെ കവികൾ കൈവിട്ട കളയാറില്ലല്ലോ. ചമ്പകപ്രിയനായ മദനൻ ചമ്പകത്തോപ്പിലുണ്ടാകുമെന്നും ഉടനെ തന്റെ അടുക്കൽ വരാതിരിക്കില്ലെന്നും നിശ്ചയിച്ചു നായിക നായകാന്വേഷണം നിർത്തിയതും വള്ളിക്കെട്ടിൽ കടന്നിരുന്നു തന്റെ ശരീരത്തെ തോഴിയെക്കൊണ്ട് അണിയിച്ചതും മറ്റും സ്വാഭാവികംതന്നെയോ എന്നു സംശയമുണ്ട്. കാട്ടിൽ ഭ്രാന്തനായി അലയുന്ന മദനനെ, അവന്റെ അനുരാഗമഹിമയാൽ, ദുഷ്ടമൃഗങ്ങൾ ഉപദ്രവിച്ചില്ല എന്ന പഴങ്കഥ ഇക്കാലത്താരും വിശ്വസിക്കുന്നതല്ല. ലീല മദനാഗമനത്തെ പ്രതീക്ഷിച്ചു വിലപിച്ചുംകൊണ്ടു പാറപ്പുറത്തിരിപ്പായപ്പോൾ, സഖി അടുത്തൊരു ദിക്കിൽ മറഞ്ഞുനില്ക്കയാണുണ്ടായത്. അതിന്നു കവി കാണിച്ചിട്ടുള്ള കാരണങ്ങളിലൊന്ന്, അവൾക്കു ലീലയുടെ 'വ്യവസിതസിദ്ധി'യിലുള്ള 'ആശ'യാണ്. ഇതു കുറെ ഗ്രാമ്യംകൂടിയായിപ്പോയി. ഇതുപോലെതന്നെയാണ്, നായിക നായകനെ 'ഓമനേ' എന്നു പല തവണ വിളിക്കുന്നതും. ലീലയുടെ വിലാപത്തിൽ പെട്ടതായ,

"പരവശയിവളപ്രഗൽഭയാം നാം
വിരസത പോർത്തതിൽ വെയ്ക്കോലാ വിരോധം
വരിക, യനുഭവിക്ക, കസ്തുപോയി—
പ്പരിണതമാം ഫലമിപ്പൊഴോമനേ നീ."

എന്ന പദ്യം അശ്ലീലസ്പൃഷ്ടമാകുന്നു. ഇത്തരം വേറെയുമുണ്ട്. മദനന്റെ പിന്നാലെ പുഴയിൽ ചാടി മരിപ്പാൻ പോകുന്ന ലീലയെ തദനുയായിനിയായ മാധവി തടയാൻ നോക്കാഞ്ഞത്, അവളുടെ ആസന്നമായ വൈരാഗ്യത്തിന്റെ പൂർവരൂപമായിരിക്കാം!

രചനാരീതിയെപ്പറ്റി എന്താണ് പറയേണ്ടതെന്നു ഞങ്ങൾക്കു നിശ്ചയമില്ല. ഈ കാവ്യത്തിൽ എത്രത്തോളം ആശയഗ്രഹണങ്ങളുണ്ടോ, അത്രത്തോളമോ അധികമോ രചനാദോഷങ്ങൾ കാണപ്പെടുന്നുണ്ട്.

Digitized By Kerala Sahitya Akademi

ഇതിൽ മൂന്നു സഗ്ഗങ്ങളിലായി 231 ശ്ലോകങ്ങളുള്ളതിൽനിന്നു, നന്നെ ക്ലിഷ്ടതയില്ലാത്തതോ തെല്ലൊരു ശ്രവണസുഖത്തെ ഉണ്ടാക്കുന്നതോ ആയിട്ട പത്തു ശ്ലോകം തികച്ചു കിട്ടിയാൽ ഭാഗ്യമായി! കുമാരനാശാനവർകളുടെ ഭാഷ ഒരു വിലക്ഷണരീതിയിലുള്ളതാണു്: 'അധരിതതാരക', 'അനിതരസാധ്വൃതി' മുതലായ പ്രൌഢസംസ്കൃതപദങ്ങളുടെ ഇടയിൽ 'തുല യുക', 'മുത്തുക' തുടങ്ങിയ പച്ചപ്രാകൃതപദങ്ങളും കടന്നുകൂടിയിട്ടുണ്ടാവും. 'ഒന്നായ്ച്ചേക്കയുമാം പദങ്ങളിടവിട്ടെങ്കിലും ചേത്തിടാം' ഇത്യാദി സംസ്കൃതസമ്പ്രദായം മലയാളഭാഷയിൽ പറ്റുകയില്ലെന്നു് ആശാനവർകൾക്കറിഞ്ഞുകൂടെന്നു വരുന്നതല്ലല്ലോ. എന്നാലും, അതുമല്ല എന്നു വേണ്ടെടത്തു് 'അല്ലതും' എന്നും വാടിവലഞ്ഞാൾ എന്നു പറയേണ്ടതിന്നുപകരം 'വാടിപ്പെങ്കൊടിയന്നവാസരം വലഞ്ഞാൾ' എന്നും മറ്റുമായി പദങ്ങളെ മാറ്റിമറിച്ചു വെയ്ക്കുവാൻ അദ്ദേഹം അശേഷം മടിച്ചിട്ടില്ല. പദവിന്യാസങ്ങളിൽ കൂടിയേ കഴിയൂ എന്നുള്ള ക്രമംപോലും നോക്കാതു്, സന്ദർഭോചിതങ്ങളായ പദങ്ങൾക്കു പകരം നേയാർത്ഥങ്ങളായ പദങ്ങളെ ഉപയോഗിക്കുക മുതലായവയാണു്, ഈ കൃതിക്കു് ഇത്ര കഠിനമായ സുഗമതക്കുറവിനെ ഉണ്ടാക്കിത്തീർത്തതു്. ഒടുവിൽ ഒരു ടിപ്പണി ചേർത്തിട്ടില്ലായിരുന്നുവെങ്കിൽ, ഇതിലെ പല ശ്ലോകങ്ങളുടെയും ആന്തരാർത്ഥം മനസ്സിലാകാതെ സാധാരണവായനക്കാരൊക്കെ കുഴങ്ങിപ്പോകുമായിരുന്നു.

പഠിച്ചു—ഇവൾ എന്നതിന്നു 'പഠിച്ചിവൾ' എന്ന സന്ധി എത്രയും അസുഖകരമായ ഒന്നാണു്. മെസ്സേഴ്സു് പരമേശ്വരയ്യർ, പന്തളത്തു തമ്പുരാൻ തുടങ്ങി ചിലർ കൂടി ഈ കുസന്ധിയെ സ്വീകരിച്ചുകഴിഞ്ഞാൽ, ഇതിന്നു തിരുവിതാംകൂർസ്സന്ധി എന്നുതന്നെ പേരിടാം. 'കണക്കെ തകർന്ന', 'കടലിൽ ബഹു' ഇത്യാദി സ്ഥലങ്ങളിൽ തബകാരങ്ങൾക്കു ദ്വിത്വം കൂടിയേ കഴിയൂ. അഥ, അതു മുതലായവയെ പാദപൂരണാർത്ഥം പല ദിക്കിലും ഉപയോഗിച്ചിട്ടുള്ളതും കഷ്ടംതന്നെ. 'മനമഭിഹതമസ്മരാഗമാം' എന്ന വാക്യം, ലീലയ്ക്കു് അച്ഛന്റെ പേരിൽ സ്നേഹമില്ലാതായി എന്നൊരു ദുരർത്ഥത്തെ ദ്യോതിപ്പിക്കുന്നു. 'ഘനതരുജയൊട്ടു യാത്രകൂട്ടുമാജ്ജന കവിയോഗം' ഇനിയും വെച്ചുകൊണ്ടിരിക്കേണ്ട പ്രയോഗമല്ല; 'രാക്ഷസരാജാവായ രാവണഭഗിനി ഞാൻ' മുതലായവയുടെ കാലം കഴിഞ്ഞുപോയി. ദഹിപ്പിച്ചു എന്നർത്ഥം കിട്ടുവാൻ 'ദഹിച്ചാൽ' മതിയാവില്ല; എന്നാൽ കബളിച്ചതിന്നു പകരം കബളിപ്പിക്കേണ്ടതാനും. 'മനോഭഗ', 'ചര്യം','തരുണികാന്തന്നുടെ' മുതലായവ അപശബ്ദങ്ങൾതന്നെ. ചൂഴിലും,' ഇളകിലും, പോണ മുതലായവ ഭംഗിയില്ലാത്ത ലുപ്തപദങ്ങളാകുന്നു. 'പീറ' അപ്രസിദ്ധം. എല്ലാക്കും പരിചിതനായ ശുക്രനെ 'വെള്ളി' എന്നു പച്ച മലയാളത്തിലാക്കേണ്ടിയിരുന്നില്ല. ൽ, ൾ മുതലായ ചില്ലുകൾക്കു് ആധ്മാനം വരുത്തുന്നതും ദ്വിതീയാന്തത്തെ (ലീലയേ എന്നും മറ്റും പോലെ) ദീർഘീകരിക്കുന്നതും പുതുഭാഷാരീതിക്കു യോജിച്ചതല്ല. ഇകാരത്തിലവസാനിക്കുന്ന സംബുദ്ധിയോടു പരമായ അച്ചിനെ യകാരമാക്കി സന്ധിപ്പിക്കുന്നതു് ഒട്ടേറെ കർണ്ണാരുന്തുദമാകുന്നു. ഉദാഹരണത്തിന്നു് 'അയി', 'സഖി', 'യയി സോദരീ, യഹോ' എന്നതു ധാരാളം മതിയാകും. വേഗത്തെപ്പോലെ 'ജവ'ശബ്ദത്തേയും 'ജവം' എന്നു് അവ്യയമായി പ്രയോഗിച്ചുകാണുമെങ്കിൽ, രയസ്യദാദികളെയും അങ്ങിനെ പ്രയോഗിക്കരുതോ?

Digitized By Kerala Sahitya Akademi

ദ്വിതീയാക്ഷരപ്രാസത്തിൽ ആശാനവർകൾക്കു നല്ല പ്രതിപത്തിയുണ്ടെന്നു തോന്നുന്നു. എന്നാൽ കേരളവർമ്മപ്രാസത്തിൽ നിർബ്ബന്ധം കുറവാണു്. പഴയ പ്രാസംതന്നെ അദ്ദേഹത്തെ ഒട്ടധികം കുഴക്കാതിരുന്നിട്ടില്ല. കവിതയുടെ ബലാദാകൃഷ്ടതയ്ക്കു് ഈ പ്രാസദീക്ഷകൂടി കാരണമായിട്ടില്ലേ എന്നു സംശയമുണ്ടു്. രണ്ടാംസർഗ്ഗം 6–ാം ശ്ലോകത്തിലെ 'മുറയായാം' എന്നതിന്റെ അർത്ഥം എന്തായാലും, ഫലം പ്രാസനിർവഹണമാണു്. ഒന്നാംസർഗ്ഗം ഇരുപത്തിരണ്ടാം ശ്ലോകത്തിൽ പ്രാസം ഒപ്പിച്ചിരിക്കുന്നതു്, 'സദന'ശബ്ദത്തെ രണ്ടു ദിക്കിൽ ഉപയോഗിച്ചിട്ടാണു്. രണ്ടാംസർഗ്ഗം 13–ാം ശ്ലോകത്തിന്റെ മൂന്നാംപാദം 'ഉരസുന്നു നഭസ്സെ' എന്നു തുടങ്ങേണ്ടിവന്നതും പ്രാസത്തിനുവേണ്ടിത്തന്നെയാകുന്നു. ഇന്നു ദിക്കിൽ ഒരു പർവതമുണ്ടു്, എന്നല്ലാതെ, 'ഇന്നേടത്തു് ഒരു ഗിരി ആകാശത്തെ ഉരസുന്നു' എന്നായിട്ടല്ലല്ലോ ഒരു കഥ ആരംഭിക്കുക.

ഞങ്ങളുടെ ദൃഷ്ടിയിൽപ്പെട്ട പലതരം ദോഷങ്ങളിൽ പകുതി ഭാഗമെങ്കിലും എടുത്തു കാണിപ്പാൻ ഇവിടെ സ്ഥലമില്ല; അങ്ങിനെ ചെയ്യണമെന്നു ഞങ്ങൾക്കാഗ്രഹവുമില്ല. ഞങ്ങൾ കുറഞ്ഞൊന്നു സൂചിപ്പിച്ചതു്, ഈ വക അഴുക്കുകൾ നീക്കം ചെയ്യാനുദ്ദേശിച്ചിട്ടല്ല, ഈ വിലയേറിയ കാവ്യരത്നത്തിന്റെ പ്രകാശം ഇത്രത്തോളം മങ്ങിപ്പോയല്ലോ എന്ന വ്യസനംകൊണ്ടു മാത്രമാണു്. മിസ്റ്റർ കുമാരനാശാന്റെ കവിതയിൽ പണ്ടേ ഒരു പ്രത്യേക പ്രതിപത്തിയുള്ളവരാണു് ഞങ്ങൾ. അദ്ദേഹം ഒരൊന്നാന്തരം വിചാരശീലനായ കവിയാകുന്നു. തന്റെ വിചാരങ്ങളെ സഹൃദയന്മാക്കു സുഗ്രഹവും സുഖകരവുമാകുംവണ്ണം പദ്യങ്ങളിൽ പകർത്തുവാൻ വേണ്ടേടത്തോളം ശീലിച്ചതിനുശേഷമാണു്, ആശാനവർകൾ ഈ ഗ്രന്ഥം എഴുതിയതെങ്കിൽ, ഹാ! ഇത്ര മലയാളഭാഷയ്ക്കു് എത്ര മഹത്തരമായ ഒരു നിധിയായിത്തീരുമായിരുന്നു.

ദോഷങ്ങൾ എത്രയെങ്കിലും കിടക്കട്ടെ; 'ലീല' ഒരു വിശേഷപ്പെട്ട യഥാർത്ഥ കവിതയാണെന്നു് ആരും സമ്മതിക്കും. ചവിട്ടും കുത്തും കലശലാണെന്നുവെച്ചു, ധാരാളം പാലുള്ള ഒരു പശുവിനെ ആരും കറക്കാതിരിക്കുക പതിവില്ലല്ലോ. അതുകൊണ്ടു് രചനാവൈഷമ്യംകൊണ്ടുള്ള കഷ്ടപ്പാടുകളെ ഗണിക്കാതെ ഈ ലഘുകാവ്യം മുഴുവനും ക്ഷമയോടുകൂടി വായിക്കേണമെന്നു ഞങ്ങൾ പ്രിയപ്പെട്ട വായനക്കാരോടു് പ്രത്യേകം അപേക്ഷിച്ചുകൊള്ളുന്നു. മഹാർഘ്യങ്ങളായ രത്നങ്ങൾ കിട്ടേണമെങ്കിൽ, സമുദ്രമജ്ജനക്ലേശം അനുഭവിക്കാതെ നിവൃത്തിയില്ല. 'സിദ്ധ്യന്തി കർമ്മസുകൃതാനി വിനാ ശ്രമേണ?'

Digitized By Kerala Sahitya Akademi

അന്യാപദേശമാല

ഗ്രന്ഥകർത്താവ്: ഗ്രാമത്തിൽ രാമവർമ്മ കോയിത്തമ്പുരാൻ

മാവേലിക്കരെ ഗ്രാമത്തിൽ കൊട്ടാരത്തിൽ രാമവർമ്മ കോയിത്തമ്പുരാനവർകളുടെ കൃതിയാണ് ഈ ചെറിയ ഖണ്ഡകാവ്യം. ഇതിലടങ്ങിയിരിക്കുന്ന അന്യോക്തിപരങ്ങളായ ശ്ലോകങ്ങൾ അമ്പത്തിരണ്ടും അമ്പത്തിരണ്ടുതന്നെയാണ്. എന്തെങ്കിലും ചമൽക്കാരകരമായ ഒരാശയവിശേഷമില്ലാത്തതായി ഒരൊറ്റ ശ്ലോകംപോലും ഇതിൽനിന്നു തിരഞ്ഞെടുക്കാവുന്നതല്ല. ഇത്രയും മനോധർമ്മമുള്ള ഈ കവി കവനവിഷയത്തിൽ കാണിക്കുന്ന അലസത, ഇപ്പുസ്തകത്തിന്റെ പ്രസാധകനും ടിപ്പണീകാരനുമായ മിസ്റ്റർ കെ. രാമകൃഷ്ണപിള്ള ബി.എ. പറയുന്നതുപോലെ, കേവലം നിർദ്ദയം തന്നെയാണ്. രസസ്വരൂപനിരൂപണം എന്നൊരു ഭാഷാഗ്രന്ഥംകൂടി ഇദ്ദേഹം നിർമ്മിച്ചിട്ടുള്ളതായി, അതിൽനിന്ന് ഏതാനും ശ്ലോകങ്ങൾ ഭാഷാഭൂഷണത്തിൽ ധ്വനിപ്രകരണത്തിൽ എടുത്തുചേർക്കപ്പെട്ടിട്ടുള്ളതുകൊണ്ട്, മനസ്സിലാകുന്നുണ്ട്. അത് ഇന്നും അച്ചടിച്ചു പ്രസിദ്ധീകരിച്ചിട്ടില്ലെന്നാണ് തോന്നുന്നത്. 'അന്യാപദേശമാലാ'കർത്താവ് അല്പം ശ്രദ്ധവെയ്ക്കുന്നതായാൽ, വാസന പൊങ്ങിപ്പരക്കുന്ന പലതരം മാലകളും നമ്മുടെ ഭാഷാദേവിക്കു ചാർത്തുവാൻ കിട്ടുമായിരുന്നു! ഇദ്ദേഹത്തിന്റെ നവനവോല്ലേഖനനൈപുണ്യം കാണിപ്പാനായി ഇതിൽനിന്ന് ഒരു ശ്ലോകം താഴെ പകർത്താം:—

"മാറില്ലെന്നവിധം പരസ്പരമുര—
ച്ചെന്നും പിണങ്ങുന്നൊരീ
നാരീകൊങ്കകളം രണ്ടിനേയുമൊരുപോൽ
നീ ഭംഗിയാക്കുന്നഹോ!
ചാരുശ്രീ കലരുന്ന ഹാരലതികേ,
ചേലൊത്ത നിന്നുള്ളിനെ—
പ്പുരിയുന്നൊരു സൂത്രമിത്ര വലുതാ—
ണെന്നോർത്തിരുന്നീല ഞാൻ."

ഗുണങ്ങളിൽ അലംഭാവമില്ലായ്മ മനുഷ്യസ്വഭാവമാണല്ലോ. ആശയഭംഗിയിലെന്നപോലെ, രചനാസൗകുമാര്യത്തിൽകൂടി കവിയുടെ ദൃഷ്ടി പതിഞ്ഞിരുന്നുവെങ്കിൽ, ഇക്കൊച്ചുകാവ്യം എത്രയധികം ആസ്വാദ്യമാകുമായിരുന്നു! 'തർശ്രു', 'അടവീങ്കൽ' മുതലായ ലുപ്തപദങ്ങളും, 'വഴന്നു', 'ആണം' മുതലായ ദേശ്യപദങ്ങളും 'തരട്ടിഹ, (തരട്ടെ+ഇഹ)' 'ഇങ്ങനുലച്ചൽ (ഇങ്ങനെ+ഉലച്ചൽ)' മുതലായ കുസന്ധികളും മറ്റുമായി പല ദോഷങ്ങളും അന്യാപദേശമാലയിലെ പദ്യങ്ങളെ അസുഖകരങ്ങളാക്കിത്തീർത്തിരിക്കുന്നു. ഇതിന്നു കാരണം ഗ്രന്ഥകർത്താവിന്റെ ശ്രദ്ധക്കുറവോ പരിചയക്കുറവോ ആയിരിക്കാം. ഏതായാലും ഇക്കാര്യത്തിൽ, അദ്ദേഹം പറഞ്ഞിട്ടുള്ളതുതന്നെയാണ് ഞങ്ങൾക്കും സമാധാനം.

Digitized By Kerala Sahitya Akademi

"വണ്ണത്തിലുള്ള ഗുണദോഷവിചാരമാക്കി—
ന്നെ?—ണ്ണുന്നതാരു പെരുതായൊരു വൃത്തിഭേദം?
പൂണ്ണാർത്ഥമുണ്ടിവിടെയെന്നു വരുന്നപക്ഷം
വണ്ണിച്ചിടാതെ വരികില്ലൊരുനാളുമാരും"

പൂണ്ണാർത്ഥവത്ത്വംമൂലം ഈ കാവ്യം സഹൃദയന്മാരാൽ ആദരിക്കപ്പെട്ടിട്ടുണ്ടെന്നുള്ളതിലേയ്ക്ക, പുതിയ മലയാളപുസ്തകങ്ങളിൽ മിക്കതിന്നും പതിവില്ലാത്തതായ രണ്ടാംപതിപ്പ് ഇതിന്ന് ആവശ്യമായിവന്നതുതന്നെ ഒരു തെളിവാണല്ലോ. രാമഗോപാൽ കമ്പനി വകയായി കോട്ടയ്ക്കൽ ലക്ഷ്മീ സഹായം അച്ചുക്കൂടത്തിൽ അച്ചടിച്ച ഇപ്പുസ്തകത്തിന്നു നാലണയാണ് വില.

Digitized By Kerala Sahitya Akademi

താമരശ്ശേരി

അഥവാ

അമ്മുവിന്റെ ഭാഗ്യം

ഗ്രന്ഥകർത്രി: ബി. കല്യാണി അമ്മ

ഒരു ഭാഷയുടെ സാഹിത്യവകുപ്പിൽ പ്രാധാന്യം ആഖ്യായികകൾക്കാണെങ്കിൽ, മലയാളഭാഷാസാഹിത്യം അഭ്യുദയമാഗ്രത്തിലേയ്ക്ക് എത്തിനോക്കിത്തുടങ്ങിയിട്ടേ ഉള്ളൂ. ഒട്ടേറെ നോവലുകൾ ഇപ്പോൾ നമ്മുടെ ഭാഷയിൽ അവതരിച്ചിട്ടുണ്ടെങ്കിലും, അവയിൽ കൊള്ളാവുന്നവയായിട്ട് നാലഞ്ചെണ്ണത്തിലധികമില്ല. ഈ ദുർഭിക്ഷം നീങ്ങുവാൻ, ഇന്നത്തെ ഭാഷാചക്രവർത്തിയായ ഇംഗ്ലീഷിനെ ശരണം പ്രാപിക്കുകയല്ലാതെ തൽക്കാലം ഗത്യന്തരമില്ലായ്കയാൽ, ഇംഗ്ലീഷ് നോവലുകളുടെ തർജ്ജമയായിട്ടോ അനുകരണമായിട്ടോ ആഖ്യായികകൾ രചിക്കുന്നവരെ മുഷിപ്പിക്കുകയല്ലാ, പ്രോത്സാഹിപ്പിക്കുകയാകുന്നു ഭാഷാസ്നേഹികൾ ചെയ്യേണ്ടതു്. എന്നാൽ ഇംഗ്ലീഷ് നോവലുകളെ അടിസ്ഥാനമാക്കി എഴുതപ്പെട്ട മിക്ക മലയാള നോവലുകളിലും, പ്രധാനമായി ഒരു ദോഷം കണ്ടുവരുന്നുണ്ടു്: വേഷംകൊണ്ടും പേരുകൊണ്ടുംമാത്രം നാട്ടുകാരായിത്തീർന്ന ഒരുതരം വെള്ളക്കാരായിരിക്കും, അവയിലെ കഥാപാത്രങ്ങൾ മുക്കാലും. ഈയൊരു വൈകൃതം, ബി. കല്യാണി അമ്മ ബി. എ. അവർകളാൽ ഒരിംഗ്ലീഷ് നോവലിനെ അനുകരിച്ചു നിർമ്മിക്കപ്പെട്ടതായ 'താമരശ്ശേരി'യെന്ന ആഖ്യായികയെ അലങ്കോലപ്പെടുത്തിയിട്ടില്ല. ദേശപാത്രാദിനാമങ്ങൾക്കു മാത്രമല്ലാ, കഥാവസ്തുവിനും, മലയാളനാട്ടിലേയ്ക്കു യോജിക്കുന്ന വിധത്തിൽ, വേണ്ടുന്ന ഭേദഗതികൾ വരുത്തുവാൻ ഗ്രന്ഥകർത്രി നല്ലവണ്ണം ശ്രദ്ധിക്കുകയാൽ 'അമ്മുവിന്റെ ഭാഗ്യം' ആകപ്പാടെ ഒരു 'മലയാളകഥ'യായിട്ടുതന്നെയാണു് തീർന്നിരിക്കുന്നതു്.

ഇക്കഥയുടെ പ്രധാനരംഗമായ 'വീരപുരം', 'പ്രജാസഭ'യെപ്പറ്റി പ്രസ്താവിച്ചിട്ടുള്ളതുകൊണ്ടും മറ്റും, ഗ്രന്ഥകർത്രിയുടെ ജന്മഭൂമിയായ തിരുവിതാംകൂറിന്റെ ഒരു ഭാഗമാണെന്നൂഹിക്കാം. കഥാപാത്രങ്ങളും ഗ്രന്ഥകർത്രിയുടെ സജാതീയരാണു്; എന്നുമാത്രമല്ല അധികം സ്ത്രീകളുമാണു്. അതിൽ, നായികയുടെ അമ്മയ്ക്കു് ഏതാണ്ടു പരിപൂർണ്ണമായ 'വ്യക്തി' വന്നിട്ടുണ്ടു്. ആ അമ്മയുടെ ആഭിജാത്യഗർവ്വിനോ ദുർവ്വാശിക്കോ അവിവേകത്തിനോ ഏതിനാണേറെശ്ശക്തി എന്നു കണ്ടുപിടിപ്പാൻ പ്രയാസം. വാസ്തവത്തിൽ, കഥയ്ക്കു് ഇത്ര കമനീയത വരുത്തിയതുതന്നെ, നാരായണി അമ്മയുടെ ഈ സ്വഭാവവിശേഷമാകുന്നു. നാരായണി അമ്മയെ ഒരിക്കൽ കണ്ടവരാരും പിന്നെ മറക്കുകയില്ല. 'തവിട തിന്നാലും തകുതിത്തം വിട്ടുകൂടാ' എന്ന വ്രതക്കാരായ 'നാരായണി അമ്മമാർ' മലയാളത്തിലെ ചില പ്രഭ്രത്തറവാടുകളിൽ ധാരാളമുണ്ടു്. അവർ, ഈ 'താമരശ്ശേരിപ്രഭ്വി'യ്ക്കു തന്റെ ദുസ്സ്വഭാവത്താൽ നേരിട്ട ദുഃഖാനുഭവങ്ങളെ വായിച്ചു ധരിച്ചുവെയ്ക്കുന്നതു്

Digitized By Kerala Sahitya Akademi

ഉപകാരമായിരിക്കും. നായകൻ കൃഷ്ണക്കുറുപ്പ്, സ്വപ്രയത്നം ഒന്നുകൊണ്ടു 'കടിലിൽനിന്നു കൊട്ടാരത്തിൽ' എത്തിയ ഒരാളാണ്. എന്നാൽ നാലു കാശിന്റെ വകയുണ്ടാകുമ്പോഴേയ്ക്കും തന്നെത്താൻ മറന്നു സാവ്വഭൗമത്വം അഭിനയിക്കുന്ന കൂട്ടത്തിലല്ല ഇദ്ദേഹം. നേരേമറിച്ചു, തന്റെ ചെറുപ്പത്തിലെ ദയനീയാവസ്ഥയെ കുറുപ്പ് ഒരിക്കലും 'മറക്കുകയോ മറയ്ക്കുകയോ' ചെയ്യുന്നില്ല. "ദാരിദ്ര്യമെന്നുള്ളതറിഞ്ഞവക്കേ പാരിൽ പരക്ലേശവിവേകമുള്ളൂ" എന്നതിനു നിദർശനമായിത്തീരുമാറു, ദീനജനാനുകമ്പയും പരോപകാരതൽപരതയും കൃഷ്ണക്കുറുപ്പിനുണ്ടെന്നതാനും. നായികയായ അമ്മുക്കുട്ടിയും നല്ലൊരു യുവതിയാണ്.. അമ്മയുടെ ദുർഗ്ഗുണങ്ങളിലൊന്നും മകളെ സ്പർശിച്ചിട്ടില്ല. ഗുരുജനങ്ങളുടെ നിയന്ത്രണം കൂടാതെയാണ് അവളുടെ വളർച്ചയെങ്കിലും, അവൾ പ്രകൃതിസിദ്ധങ്ങളായ ധൈര്യസ്ഥൈര്യാദിസൽഗുണങ്ങളാൽ പ്രശോഭിതയായിരിക്കുന്നു. അവൾക്കിത്ര തന്റേടവും വകതിരിവുമില്ലായിരുന്നുവെങ്കിൽ, അവളുടെ പ്രിയസഹോദരനായ സാധു മാധവനുണ്ണിത്താൻ വലിയ ആപത്തിൽ അകപ്പെട്ടുപോയേനെ. കൃഷ്ണക്കുറുപ്പിന്റെ പേരിൽ തനിക്കുണ്ടായ അഭിനിവേശം അമ്മയ്ക്കനിഷ്ടമാണെന്നറിഞ്ഞപ്പോൾ, അതിനെ ദൂരീകരിച്ചു നിത്യകന്യകയാകുവാൻപോലും തയ്യാറാകത്തക്കവിധം, അത്ര ഉൾക്കരുത്തും സഹനശക്തിയും അമ്മുവിനുണ്ട്. അവൾക്കു, തന്റെ അച്ഛനാകുവാൻ പ്രായമുള്ള കുറുപ്പിന്റെ പേരിൽ വെറുപ്പു നീങ്ങി, ആദ്യമായി അനുരാഗം അങ്കുരിച്ചതും അതു പതുക്കെപ്പതുക്കെ തഴച്ചു തളിർത്തുതുടങ്ങിയതും വിവരിച്ചിരിക്കുന്നത്, സ്ത്രീഹൃദയത്തിന്റെ ശരിയായൊരു ചിത്രംതന്നെ എന്നുവേണം പറയുവാൻ. ഇങ്ങനെ പല ഘട്ടങ്ങളിലും ഗ്രന്ഥകർത്രിയുടെ പ്രശംസനീയമായ ലോകപരിജ്ഞാനം തെളിഞ്ഞുകാണുന്നതു സഹൃദയന്മാരെ എത്രയെത്ര സന്തോഷിപ്പിക്കുകയില്ല?

ഇതിൽ, ചിലേടത്തു വിദേശീയച്ഛായ തീരെയില്ലെന്നു പറഞ്ഞുകൂടാ. താമരശ്ശേരിയിലെ കാരണവനായിരുന്ന വിക്രമനുണ്ണിത്താന്റെ ഭാര്യ ലക്ഷ്മിഅമ്മ, ഭർത്താവു മരിച്ചിട്ടു മൂന്നു കൊല്ലം കഴിഞ്ഞതിനുശേഷം, പുത്രീമാത്രകുടുംബനായ ഒരന്യന്റെ അധിവാസമായിത്തീർന്നിരിക്കുന്ന താമരശ്ശേരിവീട്ടിൽ, ഭർത്താവിന്റെ സംസ്കാരസ്ഥലത്തെ വന്ദിപ്പാനായി പെന്നു ഏഴെട്ടു ദിവസം അതിഥിയായി താമസിക്കുന്നതിലും നല്ലൊരു തറവാട്ടുകാരിയായ അമ്മുക്കുട്ടി രാത്രിയിൽപ്പോലും ഏകാകിനിയായി അവിടവിടെ സഞ്ചരിക്കുന്നതിലും കൃഷിക്കാർ, കൂലിക്കാർ മുതലായവരുടെ വായനശാലാസമ്മേളനത്തിലും 'പിറന്നാളിനെ അനുമോദിച്ചു ബന്ധുജനങ്ങളിൽനിന്നു പല സമ്മാനങ്ങളും രാധയ്ക്കു ലഭിക്കു'ന്നതിലും മറ്റും കാച്ചൊരു പടിഞ്ഞാറൻചുവ തോന്നുന്നുണ്ട്. കുറുപ്പ് അമ്മുക്കുട്ടിയോടു് ആദ്യമായി സംസാരിച്ച സ്ഥലവും സംഗതിയും ഞങ്ങൾക്കത്ര രുചിച്ചില്ല. സ്ഥലം, 'താലപ്പൊലി'യാകയാൽ വിജനമായിരിപ്പാൻ പ്രയാസമുള്ള പെരുവഴിയും ക്ഷേത്രവും; സംഗതിയോ, തന്റെ മാലകൂടി അമ്പലത്തിലേയ്ക്കു കൊണ്ടുപോകേണമെന്നു്. നായന്മാർ കൊണ്ടുചെല്ലുന്ന പൂമാല, ഇക്കഥ നടന്ന നാട്ടിലെ ക്ഷേത്രങ്ങളിൽ സ്വീകരിക്കാറുണ്ടായിരിക്കാം; അതിരിക്കട്ടെ. പൂർവകാലസ്മരണയും, താൻ ലക്ഷപ്രഭുവായെങ്കിലും തനിയ്ക്കു തറവാടികളുടെ ഇടയിൽ പ്രവേശമില്ലെന്ന ബോധവുമുള്ള കുറുപ്പു്, തന്റെ പൂർവസ്വാമിനിയുടെ മകളും അപരിചിതയുമായ അമ്മുക്കുട്ടിയോടു് ഇങ്ങി

Digitized By Kerala Sahitya Akademi

നെയൊരു കാര്യം ആവശ്യപ്പെട്ടത് അദ്ദേഹത്തിന്റെ വിവേകത്തിന്നനുഗുണമായിരിക്കുന്നില്ല; ഇതുപോലെ തന്നെയാണ്, കുറുപ്പ്, നാരായണിഅമ്മയെ ഒന്നാമതായി ചെന്നുകണ്ട സന്ദർഭത്തിൽ, തനിക്ക് അമ്മുവിനെ സംബന്ധം കഴിച്ചുതരേണമെന്നപേക്ഷിക്കുന്നതും. ഇതു വിചാരിക്കുമ്പോഴും പക്ഷികളെ പിടിപ്പാൻ പാഞ്ഞുനടക്കുന്ന ആ ബാലികയെ(കമലയെ) തടുത്തുനിർത്തി, വിവാഹപ്രാർത്ഥന ചെയ്ത മാധവന്റെ സാഹസം ക്ഷന്തവ്യമാണ". കുറുപ്പിന്റെ മകളായ ഭാഗീരഥിയുടെ ദാനധർമ്മവർണ്ണനയിൽ കുറെ അതിശയോക്തിയില്ലേ എന്നു സംശയിക്കുന്നു. ഒരു നായർപ്പെൺകുട്ടി 'ക്ലേശവും ദാരിദ്ര്യവും നിറഞ്ഞ കുടിലുകളെ അന്വേഷിച്ചു", ആഹാരങ്ങളെ 'വേലക്കാരെക്കൊണ്ടു ചുമപ്പിച്ചുകൊണ്ടുപോയി കൊടുത്തി'രുന്നു എന്നു പറഞ്ഞാൽ, അതൊരു കെട്ടുകഥയാണെന്നേ മലയാളികൾക്കു തോന്നാൻ വഴിയുള്ളൂ. 'ഔചിത്യമില്ലാത്ത ഔദാര്യം' പരിഹാസകരമാകുമെന്ന തത്ത്വത്തെ കുറേക്കൂടി വിശ്വസനീയമായ വിവരണംകൊണ്ടായിരുന്നു പ്രദർശിപ്പിക്കേണ്ടത്. കായലിൽച്ചെന്നു കുളി കഴിഞ്ഞ അമ്മുക്കുട്ടി തനിയെ തോണികളിപ്പാൻ ഒരുങ്ങിയതിലും സ്വാഭാവികത പോരാ. ഇതു നായകൻ നായികയെ ഒരു പ്രാണാപായത്തിൽനിന്നു സംരക്ഷിച്ചു എന്നു വരുത്താൻമാത്രം ഉണ്ടാക്കിത്തീർത്തതാണെന്നു വായനക്കാർക്കു തോന്നിയേയ്ക്കാം.

'താമരശ്ശേരി'യിലെ വാചകരീതിയെപ്പറ്റി വിശേഷിച്ചൊന്നും പറയേണ്ടതില്ല. ശ്രീമതി കല്യാണിഅമ്മയുടെ ഗദ്യരചനാവൈദഗ്ധ്യം സാഹിത്യരസികന്മാർക്കു പരക്കെ പരിചിതമായിട്ടുള്ളതാണല്ലോ. അതു ഈ ഗ്രന്ഥത്തിലും ആപാദചൂഡം തെളിഞ്ഞുകാണുന്നുണ്ട്. ഉദ്യാനം, താലപ്പൊലി, വഷ്ടാരംഭം മുതലായവയുടെ വർണ്ണനവും പല ഘട്ടങ്ങളിലുമുള്ള ലോകസ്വഭാവനിരൂപണവും പുതിയ ആശയങ്ങൾകൊണ്ടും ലളിതപദങ്ങൾകൊണ്ടും സവിശേഷം അലംകൃതമായിരിക്കുന്നു. "നാരായണിഅമ്മ കോപംകൊണ്ടു തുള്ളി സംഹാരരുദ്രനെപ്പോലെ....." എന്ന ദിക്കിൽ സംഹാരരുദ്രനേക്കാൾ ചേർച്ച 'ഭദ്രകാളി'യ്ക്കുല്ലേ? 36–ാം ഭാഗത്തുള്ള 'മോടി പിടിപ്പിച്ചു' എന്ന പദം സാധ്വിയായ ലക്ഷ്മിയമ്മയെപ്പറ്റി ദുർഘട ജനിപ്പിച്ചേയ്ക്കാം. 'വൃത്തിപ്പെടുത്തി'യെന്നോ മറ്റോ മതിയായിരുന്നു. പല വെഞ്ചനം, നരിച്ചപ്പച്ച, ഇരുവാച്ചി മുതലായവ ദേശ്യങ്ങളാണ്. 'ഘനം' (കനം) എന്നതിനെ നാമമായിട്ടും നാമവിശേഷണമായിട്ടും പ്രയോഗിച്ചുകാണുന്നുണ്ട്. 17–ാം പുറത്തെ 'ഇരുന്നുതിന്നുക' കുറെ ഗ്രാമ്യമായിതോന്നും. 'അന്നു 'നാരായണിഅമ്മ' പെറുപ്പമായിരുന്നു' എന്ന വാക്യത്തിൽ നാരായണിഅമ്മയ്ക്ക് എന്നാണ് ഭംഗി. മൂത്തീകരിച്ചു എന്നതിന്നു, മൂത്തം (മൂത്തിയുള്ളത്) ആക്കിച്ചെയ്തു എന്നാണല്ലോ അർത്ഥം. ആ നിലയിൽ, 'ആരോഗ്യം മൂത്തീകരിച്ചു" എന്നതു (7–ാംഭാഗം) 'മൂത്തീഭവിച്ചു" എന്നു തിരുത്തിയാലേ സുഖമാവൂ. സംഭാഷണങ്ങളിൽ, പ്രായേണ വൈചിത്ര്യവും തന്മയത്വവും വന്നിട്ടുണ്ട്. 3–ാം അധ്യായത്തിൽ മാധവനുണ്ണിത്താനെക്കൊണ്ട്, അയാളുടെ ജ്യേഷ്ഠത്തിയോടു, നളചരിതത്തിലെ കാട്ടാളൻ ദമയന്തിയോടു പറയുന്ന പദം പാടിച്ചതു് അത്ര ഉചിതമായില്ല. "നിങ്ങളുടെ വീട്ടിലുള്ള ആക്കെങ്കിലും നല്ല സംബന്ധക്കാർ വന്നു ചേർന്നിട്ടുണ്ടോ?" എന്ന മാധവനുണ്ണിത്താനോടു കമല ചോദിച്ച ചോദ്യം, ഒളിച്ചുകളിപ്പാൻ സ്ഥലം കണ്ടുപിടിക്കുന്ന ആ പെൺകുട്ടിയുടെ പ്രായത്തിനും സ്വഭാവത്തിനും യോജിച്ചതല്ല. 'സ്ത്രീണാഞ്ച ചിത്തം

Digitized By Kerala Sahitya Akademi

പുരുഷസ്യ ഭാഗ്യം' എന്നതിനെ ഒരു സ്ത്രീയെ(തുളസിയെ) കൊണ്ട് ഒരു സ്ത്രീ (ഗ്രന്ഥകർത്രി) സമ്മതിപ്പിച്ചതിൽ ഇന്നത്തെ സ്ത്രീജനങ്ങൾക്കു നീരസമുണ്ടാവില്ലെന്നുറച്ചുകൂടാ!

ഇങ്ങിനെ നോക്കിയാൽ ഏതാനും ന്യൂനതകൾ ഇനിയും അവിടവിടെ കണ്ടേയ്ക്കാം. അതുകൾക്കൊക്കെ വകതള്ളിയാൽത്തന്നെ, ശ്ലാഘാർഹങ്ങളായ അനേകം ഗുണങ്ങൾ ഇക്കൃതിക്കുണ്ട്. അതിനാൽ, ഉത്തമഗ്രന്ഥങ്ങളിലുൾപ്പെടുത്താവുന്ന ഒരു ആഖ്യായികയാണിത്. ഇതു വായിപ്പാനായി വിനിയോഗിക്കുന്ന സമയം ഒരിക്കലും പാഴായിപ്പോകുന്നതല്ലെന്ന് സധൈര്യം പറയാം. തൃശ്ശിവപേരൂർ ഭാരതവിലാസം അച്ചുകൂടത്തിൽ ഭംഗിയായി അച്ചടിക്കപ്പെട്ടതും, 212 പുറങ്ങളുള്ളതുമായ ഈ പുസ്തകത്തിന്നു ഒന്നേകാലുറുപ്പികയാണ് വില.

Digitized By Kerala Sahitya Akademi

നീതിബോധകഥകൾ

പരിഭാഷകൻ: തേലപ്പുറത്ത് നാരായണനമ്പി

മിസ്റ്റർ തേലപ്പുറത്ത നാരായണനമ്പി 'പാലി' ഭാഷയിൽനിന്ന മലയാളത്തിലേയ്ക്ക തർജ്ജമ ചെയ്തതും തൃശ്ശിവപേരൂർ ഭാരതവിലാസം അച്ചുക്കൂടത്തിൽ അച്ചടിച്ച് 8 ണ വിലയ്ക്ക വില്പാൻ വെച്ചിട്ടുള്ളതുമായ ഒരു ഗദ്യ പുസ്തകമാകുന്ന 'നീതിബോധകഥകൾ'. ഇതിന്റെ മൂലഗ്രന്ഥത്തിന്റെ പേർ 'ജാതകകഥകൾ' എന്നാണെന്നും 'നീതിബോധകഥകൾ' എന്ന പേർ 'ഇതിലടങ്ങിയിട്ടുള്ള തത്ത്വങ്ങളെ അടിസ്ഥാനമാക്കി' പരിഭാഷകൻ കല്പിച്ചിട്ടുള്ളതാണെന്നും ബുദ്ധന്റെ നാനാവതാരങ്ങളോട സംഘടിച്ചവയാകയാൽ ഈ കഥകൾക്ക 'ബുദ്ധാവതാരങ്ങൾ' എന്നും പേർ പറയാമെന്നും മറും പ്രസ്താവനയിൽ കാണിച്ചിട്ടുണ്ട്. നീതി, ധർമ്മം, സദാചാരം ഇവയെ ബോധിപ്പിക്കുന്നവയാകുന്ന ഈ 'നീതിബോധകഥകൾ'. കഥകളിലെ പ്രധാനസംഗതി പ്രായേണ ചെറിയ ചെറിയ ശ്ലോകങ്ങളിൽ ഉപന്യസിച്ചിരിക്കുന്നതിനാൽ, അത് അനായാസേന ഹൃദിസ്ഥമാക്കി വെയ്ക്കാവുന്നതുമാണ്.

അസംഭവ്യങ്ങളും അസംഗതങ്ങളുമായ സംഗതികൾ കൂടാതെ കഴിയുന്നേടത്തോളം ലോകരീതിക്ക യോജിപ്പിച്ച നിർമ്മിയ്ക്കപ്പെടുന്ന കഥകൾക്കേ രസിപ്പിച്ചുകൊണ്ട കൃത്യാകൃത്യോപദേശം ചെയ്വാൻ ശക്തിയുണ്ടാകയുള്ള എങ്കിൽ, ഈ 'നീതിബോധകഥക'ളുടെ ആവിർഭാവത്തിൽ വിശേഷിച്ചൊന്നും ആശിപ്പാൻ വഴിയില്ല. ഇതിൽ ആകെ 42 കഥകളുണ്ട്. അതിൽ പകുതിയോളം കഥകൾ പഞ്ചതന്ത്രം, പുരാണേതിഹാസങ്ങൾ, ബുദ്ധചരിതം, ഇസോപ്പ്ഫേബ്ൾസ്, കഥാസരിത്സാഗരം, തെന്നാലിരാമൻകഥ എന്നിവയിൽ, ഇതിലും വളരെയധികം ഭംഗിയോടുകൂടി പറഞ്ഞിട്ടുള്ളവയാണ്. ബാക്കി കഥകളിൽ മിക്കതിന്നും ഹൃദയംഗമത്വം തീരെയില്ലെന്ന മാത്രമല്ല, ഒട്ടേറെ അസംബന്ധങ്ങളുണ്ടുതാനും. ചിലത് ഒരു കഥയാണെന്നുതന്നെ പറയുവാൻ തരമില്ല. 34—ാം കഥ നോക്കുക: ലോഭം ഗർഹണീയമാണെന്ന് ആചാര്യൻ ശിഷ്യനോട പറഞ്ഞു. ശിഷ്യൻ വിരക്തനായി "ഒടുവിൽ സൽഗതി ലഭിക്കുകയും ചെയ്തു." ഇനി സാമാന്യം വലുതും പല പാത്രങ്ങളുള്ളതുമായ ഒരു കഥ നോക്കാം: ദുർജ്ജനസംസർഗ്ഗം ദോഷത്തെ ഉണ്ടാക്കും. "അതിമധുരങ്ങളായ ഫലങ്ങളോടുകൂടിയ തെന്മാവിന്ന വേപ്പുമരത്തോട ചേരുകയാൽ പഴങ്ങൾക്ക മാധുര്യം നശിച്ചുപോകയുണ്ടായി." ഈ അവതാരികയോടുകൂടി ആരംഭിക്കുന്ന ദധിവാഹനകഥയുടെ ചുരുക്കം ഇതാണ്:

കാശിരാജ്യക്കാരായ നാലു ബ്രാഹ്മണഭ്രാതാക്കൾ ഹിമവൽ പാർശ്വത്തിൽ തപസ്സു ചെയ്തു. അതിൽ മുത്ത ആൾ മരിച്ചു ദേവേന്ദ്രനായി. അയാൾ അനുജന്മാരിൽ ഒന്നാമനു തീക്കായാൻ താനേ പോയി വിറകു വെട്ടിക്കൊണ്ടുവരുന്ന ഒരു മഴുവും, രണ്ടാമന് ആനകളെ ആട്ടാൻ ഒരു ചെണ്ടയും, തൈർക്കൊതിയനായ മൂന്നാമനു വിചാരിച്ചാൽ തൈരുണ്ടാ

Digitized By Kerala Sahitya Akademi

കന്ന ഒരു കടവും കൊടുത്തു. അവർ സുഖമായിരുന്നു. അക്കാലത്ത് ഒരു പന്നിയ്ക്ക് ഒരു ജീണ്ണഗ്രാമത്തിൽ നടക്കുമ്പോൾ ആകാശഗമനശക്തി കൊടുക്കുന്ന ഒരു കടമണി കിട്ടി. അതുംകൊണ്ട് അത് ഒരു ദ്വീപിൽ പോയി സഞ്ചരിച്ച് ഒരത്തിച്ചുവട്ടിൽ കിടന്നുറങ്ങി.

ഇനി കഥാനായകനായ ദധിവാഹനന്റെ പുറപ്പാടായി. ഇയ്യാളുടെ ധർമ്മോപദേഷ്ടാവു താൻതന്നെയാണെന്നു ഭഗവാൻ ഒടുവിൽ പറയുന്നത് ഇവിടെത്തന്നെ പറഞ്ഞാൽ കഥയ്ക്കധികം രസമുണ്ടാവാം. ഈ നായകനെ, യൗവനമായപ്പോൾ, അച്ഛനും അമ്മയ്ക്കും ബന്ധുക്കൾക്കും കണ്ടുകൂടാതായി; അവർ ആട്ടിയോടിച്ചു. അയാൾ ഒരു കപ്പലിൽ കൂലിക്കാരനായി പോകുമ്പോൾ കപ്പലുടഞ്ഞു. ഒരു പലക പിടിച്ചു നീന്തി, കടമണിക്കാരൻ പന്നി കിടന്നുറങ്ങുന്ന ദ്വീപിലെത്തി, അയാൾ മണി കൈക്കലാക്കി. മണിയുള്ളപ്പോൾ പന്നിയെ പേടിക്കാനില്ലെങ്കിലും, മണി കിട്ടാൻ കാരണമായ ജന്തുവല്ലേ എന്നു വിചാരിച്ചായിരിക്കാം, അതിനെതല്ലിക്കൊന്നു. എന്നിട്ടയാൾ നമ്മുടെ ഇന്ദ്രാവരജന്മാരുടെ അടുക്കൽ ചെന്നു. മേല്പറഞ്ഞ മഴ ഉപായത്തിൽ വാങ്ങി മുന്നു ദ്രുഷികളെയും അതയച്ചു വെട്ടിക്കൊല്ലിച്ചു. പിന്നെ, അതും ചെണ്ടയും കടവുംകൊണ്ടു, മര്യാദയ്ക്കു രാജ്യഭാരം ചെയ്തിരുന്ന കാശിരാജാവിനെ പോരിനു വിളിച്ചു. ചെണ്ടയിൽനിന്നുണ്ടായ സൈന്യംകൊണ്ടും, കടത്തിൽനിന്നുണ്ടായ തയിർപ്പുഴകൊണ്ടും രാജസൈന്യങ്ങളെ ഒക്കെക്കൊന്നു. മഴകൊണ്ടു രാജാവിനെയും വെട്ടിക്കൊല്ലിച്ചു, അവിടെ രാജാവായി.

ഇതുവരെയുള്ള കഥകൊണ്ട്, അവതാരികയിൽപ്പറയുന്ന ഉപദേശത്തെ സംബന്ധിച്ചേടത്തോളം യാതൊരാവശ്യവുമില്ലെന്നു സ്പഷ്ടമാണല്ലോ. ഇങ്ങനെ ഇരിക്കുമ്പോൾ ആ രാജ്യത്തെ ഒരു മീൻ പിടിയന്നു പുഴയിൽ നിന്നു ഒരു കടത്തോളം പോന്ന മാമ്പഴം വലയിൽ കിട്ടി. അതവൻ രാജാവിന്നു കാഴ്ചവെച്ചു. അതിന്റെ അണ്ടി രാജാവു തോട്ടത്തിൽ കഴിച്ചിട്ടു വളർത്തി, അതുപോലെയുള്ള മാമ്പഴമുണ്ടാക്കി. ഇതു മുമ്പത്തെ കാശിരാജാവു ചെയ്തിരുന്നു എങ്കിൽ, ഇതുവരെ പറഞ്ഞ അസംബന്ധമൊക്കെ കൂടാതെ കഴിക്കാമായിരുന്നു!

പിന്നെ ആ മാവിനോടു വേപ്പുമരം ചേർക്കാനുള്ള ഉത്സാഹമായി. ദധിവാഹനൻ മാമ്പഴം എല്ലാ രാജാക്കന്മാർക്കും അയച്ചു. പക്ഷേ, അവർ ആ മാവുണ്ടാക്കിയെങ്കിലോ എന്നു പേടിച്ചു, അണ്ടികളൊക്കെ കേടുവരുത്തീട്ടാണയച്ചതു. അതു മനസ്സിലായിട്ടു, അവരിലൊരാൾ ആ മാവു ചീത്തയാക്കാൻ തന്റെ തോട്ടക്കാരനെ അയച്ചു. അവൻ കഥാനായകന്റെ സേവയ്ക്കു കൂടി, അവിടെ തോട്ടക്കാരനായി മാവിന്റെ കടയ്ക്കൽ വേപ്പു നട്ടു പിടിപ്പിച്ചു. അപ്പോൾ ആ മാവിന്റെ മാങ്ങയ്ക്കും കയ്പുതുടങ്ങി. പിന്നെ ധർമ്മോപദേഷ്ടാവായ ഭഗവാന്റെ ഉപദേശപ്രകാരം വേപ്പു മുറിച്ചുകളഞ്ഞപ്പോൾ മാങ്ങ പണ്ടത്തെപ്പോലെയായി. ദധിവാഹനൻ സുഖമായിരുന്നു.

ഇതിലെ അനാവശ്യങ്ങളും അസ്വാഭാവികതകളും ഒക്കെ കിടക്കട്ടെ. സ്വന്തം മാതാപിതാക്കന്മാരെക്കൂടി വെറുപ്പിച്ച ദുഷ്ടൻ—രണ്ടുമൂന്നു ബ്രഹ്മഹത്യകൾകൂടി നിർദ്ദയമായി ആദരിച്ച നീചൻ—ഒടുവിൽ, വളരെക്കാലം സുഖിച്ചു എന്നതു സദാചാരത്തിന്നു ഒരിക്കലും അനുകൂലമായി വരുന്നതല്ല, തീർച്ചതന്നെ. ബുദ്ധാനുസ്മരണത്താൽ നദി ഇറങ്ങിക്കടന്നിട്ടുള്ളതു വിവ

Digitized By Kerala Sahitya Akademi

രിപ്പാനായി ആരംഭിച്ച 'ശീലവിമർശം' എന്ന 10–ാം കഥ കപ്പലിൽ കയറി കടൽ കടന്നതായിട്ടാണ് അവസാനിക്കുന്നത്! 11–ം 12–ം കഥകളിൽ ഒരേ സംഗതി രണ്ടിടത്തു വെറുതേ ആവർത്തിച്ചിട്ടുണ്ട്. 19–ാം കഥയിൽ കരുടനായ സുസ്ഫാരകനെ രാജാവു പ്രധാന സാധനങ്ങളെ വിലയ്ക്കു വാങ്ങുവാനുള്ള ഉദ്യോഗസ്ഥനാക്കിവെച്ചതും മറും അസ്വാഭാവികതയ്ക്കു മുദ്ദാഹിഷിക്കേതാദാഹരണം തന്നെ. 23–ാം കഥയിലെ മഹാദേവൻ അനേകലക്ഷം സംവത്സരങ്ങൾ ജീവിച്ചിരുന്നതു കല്പസിദ്ധി വരുത്തിയിട്ടാണെന്നു പറഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ ക്ഷുരകന്നു 'ലക്ഷക്കണക്കായി ആയുസ്സു വർദ്ധിച്ചതെ'ങ്ങിനെ എന്ന് ആരും ചോദിക്കില്ലായിരിക്കാം; 'കഥയിൽ ചോദ്യമില്ല' എന്നല്ലേ പ്രമാണം! അഥവാ, അവരും കല്പസിദ്ധി വരുത്തിയിട്ടുണ്ടെന്നു വിചാരിക്കരുതേ? 'കല്പകൻ' എന്നാണല്ലോ അവന്റെ പേർ. ഇങ്ങനെ ഇതിലെ അപ്രസിദ്ധകഥകളിലുള്ള അസാമഞ്ജസ്യങ്ങൾ എടുത്തു കാണിപ്പാൻ തുടങ്ങിയാൽ, അതു വേഗത്തിലൊന്നും അവസാനിക്കയില്ല. ഇതിനൊക്കെ മൂലകാരനല്ലാതെ തർജ്ജമക്കാരനല്ലല്ലോ ഉത്തരവാദി എന്നു സമാധാനിച്ചാൽ മതി. പോരെങ്കിൽ, ജാതകകഥകം, "നീതിയേയും ധർമ്മത്തേയും അത്യാശ്ചര്യരീതിയിൽ വെളിപ്പെടുത്തുന്നവയാണെ"ന്ന്, അതു വായിച്ചപ്പോൾ ബോധപ്പെട്ട മിസ്റ്റർ നാരായണനമ്പിയ്ക്കൊത്ത മനോഗതിയുള്ളവക്ക് ഇതിൽ അസ്വരസം തോന്നുന്നതുമല്ല.

ആക്ഷം ഒരുവിധം മനസ്സിലാകത്തക്കവിധത്തിലാണ് ഇതിലെ വാക്യരീതി. മറു പറയത്തക്ക ഗുണമൊന്നും ഗദ്യങ്ങളിലോ പദ്യങ്ങളിലോ കാണുന്നില്ല. അപഭ്രംശങ്ങൾ കുറെ അധികമുണ്ടുതാനും. 25–ാം ഭാഗത്ത് "ഇതു കേട്ടപ്പോൾ ആക്കഥ കേൾപ്പാൻ ഉപാസകൻ ആവശ്യപ്പെട്ടു" എന്നെഴുതിയിരിക്കുന്നു. ഇവിടെ ഉപാസകനല്ല, ഭഗവാനാണ് വക്താവ്; ശ്രോതാവല്ല, വക്താവാണല്ലോ കേൾപ്പാൻ ആവശ്യപ്പെടേണ്ടത്. 26–ാം ഭാഗത്തുള്ള "ആവശ്യമില്ലെന്നു പറഞ്ഞു തള്ളി" എന്നത് ആ ഘട്ടത്തിലേയ്ക്കധികമാണ്. "സുഗന്ധതൈലത്താൽ ബലപ്പെട്ടുകൊണ്ടു വിളക്കു കത്തുന്നു" (105) ".....പറഞ്ഞുകൊണ്ടു നാട്ടുകാരൻ തന്റെ നഷ്ടത്തെ വിലവെച്ചില്ല." (107) ".....പരുന്തു വന്ന് അവനെ പൊക്കിക്കൊണ്ടുപോയി." (109) എന്നീ വക വാചകങ്ങൾ, മലയാളഭാഷ പഠിച്ചിട്ട് ഏറെക്കാലമായിട്ടില്ലാത്ത ഒരു വിദേശീയൻ എഴുതിയവയാണെന്നേ തോന്നൂ. "ദ്വൈതവനത്തിന്നുപോകൽ", "ബോധിസത്വന്നറിയിക്കൽ," "ആടിന്റെ കത്തൽ," മുതലായതും മലയാളിയ്ക്കു സമ്മതമാകുന്നതല്ല. "അവർ തന്നെ കള്ളന്മാരാണെന്നുറച്ചു" എന്നതിന്റെ അർത്ഥം അവർതന്നെയാണ് കള്ളന്മാർ എന്നുറച്ചു എന്നാണ്! 117–ാം ഭാഗത്ത് "ഒരു കുമ്പാരൻ" എന്നു തുടങ്ങുന്ന വാചകം "കുമ്പാരൻ കൊടുത്തു" എന്നാണ് അവസാനിച്ചിരിക്കുന്നത്. ഇവിടെ രണ്ടു 'കുമ്പാര'ന്മാക്കെന്താണ് ജോലി? 131–ാം ഭാഗത്തെ "അതിന്നുശേഷം അവർ" എന്നാദിയായ വാക്യത്തിൽ 'അവരോ', 'പക്ഷികളോ' ഏതെങ്കിലും ഒന്നേ ആവശ്യമുള്ളൂ.

".....അയയ്ക്കാനും.....ചെയ്യേണമെന്നും പറഞ്ഞിട്ടുണ്ട്." (111) എന്നീ വാചകം ചില പത്രലേഖകന്മാരെക്കൂടി ലജ്ജിപ്പിച്ചേയ്ക്കാം. ഇപ്പുസ്തകത്തിൽ 'ഉണ്ടാവൽ' സുലഭമാണ്. ചെയ്ക എന്നതിന്നു പകരം മിക്കവാറും 'ഉണ്ടായി' ആണ് കാണുന്നത്; 'കളകയാണ് അയാളുണ്ടായത്.' (88)

Digitized By Kerala Sahitya Akademi

99–ാം ഭാഗത്ത്, അമരാദേവി ചിരിച്ചതെന്താണെന്നു ബോധിസത്ത്വൻ ചോദിച്ചപ്പോൾ അവൾ പറയുന്നു:—'സ്വാമിൻ, ഞാൻ.....എന്നും കരുതി ചിരിക്കുകയുണ്ടായി.' ഇവിടെ വായനക്കാരും 'ചിരിക്കുകയുണ്ടാവും.' അമരാദേവി ചിരിച്ചുവോ ഇല്ലയോ എന്ന ശങ്കയാണോ ബോധിസത്ത്വനുണ്ടായിരുന്നത്? ചോദിച്ചു, ചോദിക്കുകയുണ്ടായി ഇത്യാദി കാര്യങ്ങൾ തമ്മിലുള്ള അന്തരം പരിഭാഷകൻ ഗ്രഹിച്ചിട്ടില്ലെന്നാണ് തോന്നുന്നത്. സൗകര്യം കൗശലം മുതലായവയെ മിസ്റ്റർ നമ്പി നാമവിശേഷണങ്ങളാക്കിയിട്ടുണ്ടെങ്കിൽ, അധീനാദികളെ നാമപദങ്ങളുമാക്കിയിട്ടുണ്ട്. ഇങ്ങനെ പദങ്ങളെ 'സ്വാധീനിച്ചാൽ' ഗ്രന്ഥനിർമ്മാണം 'സൗകര്യ'മായി വരാം! കുറിച്ച് എന്നർത്ഥമായ അധികരിച്ച് എന്നതിനെ അധികമായി എന്നർത്ഥത്തിൽ വ്യൽപന്നന്മാർ പ്രയോഗിയ്ക്കുമാറില്ല. 'കൗതുകയാത്ര', 'സമാധാനചിത്തൻ' 'സൌഹാർദ്ദചിത്തന്മാർ' മുതലായവയും സംസ്കൃതഭാഷാഭിജ്ഞന്മാർക്കു വ്യസനകരങ്ങളായിരിക്കും. ശ്ലോകങ്ങൾ അധികവും അനുഷ്ടുപ്പിലുള്ളവയാണ്. "ഭേരുകച്ചുക്കാർ ധനൈഷി", "ചോദിക്കാം സുസ്മാരകനോ"—എന്നും മറ്റുമായി, വായിപ്പാൻ വയ്യാത്ത പാദങ്ങൾ ഇടയ്ക്കിടയ്ക്കുണ്ടെങ്കിലും, തീരെ വൃത്തഭംഗം പറ്റിയതായി ഒരു പദ്യവും ഇതിലില്ല! ഈ വിഷയത്തിൽ പരിഭാഷകൻ നന്നായി ശ്രദ്ധിച്ചിട്ടുള്ളതിന്നു ദൃഷ്ടാന്തമാണല്ലോ, 130–ാം ഭാഗത്ത് "ഈ മട്ടാണല്ലോ യാചനം" എന്നിങ്ങനെ 'അല്ലോ' എന്നീ പദം ഹ്രസ്വമായിരിക്കുന്നത്. 'അപി മാഷം മഷം കുര്യാൽ ഛന്ദോഭംഗം ന കുത്രചിൽ' എന്നല്ലേ പ്രമാണം! 27–ാം കഥയിലെ ശ്ലോകത്തിലുള്ള 'തുടന്നീടരുതായ്ക' ഒരു പുതിയ പദം തന്നെയാണ്. അരുത്, ആയ്ക എന്നിങ്ങനെ നിഷേധാർത്ഥത്തിൽ രണ്ടെണ്ണം പ്രയോഗിച്ചത് 'അധികസ്യാധികം ഫലം' എന്നു വെച്ചിട്ടായിരിക്കാം! മിസ്റ്റർ നാരായണൻനമ്പിയെപ്പോലെയുള്ള പണ്ഡിതന്മാർ കൂടി സ്വന്തം മാതൃഭാഷയെ ഇങ്ങനെ നിത്യമായി വൈരൂപ്യപ്പെടുത്തുന്നതു മഹാകഷ്ടംതന്നെ. അഥവാ, ഈ കഥകൾക്ക് ഈ വാക്യരീതി മതി എന്നു സമാധാനിക്കാം.

ഏതായാലും, പഴമയേറിയ പാലിഭാഷ പഠിച്ച്, ആ അറിവിനെ സ്വന്തം നാട്ടുകാർക്ക് ഉപകാരമായിവരുംപ്രകാരം വ്യാപരിപ്പിക്കുന്ന മിസ്റ്റർ നമ്പിയുടെ പരിശ്രമശീലത്തെ നാം നിർവ്യാജമായി അഭിനന്ദിക്കേണ്ടിയിരിക്കുന്നു.

Digitized By Kerala Sahitya Akademi

ദത്താത്രേയാവധൂതഗീത

പരിഭാഷകൻ: പി. ഗോപാലൻ നായർ

"ഇതെല്ലാം ബ്രഹ്മംതന്നെയാകുന്നു," "ഞാനും ഇക്കാണുന്നതൊക്കെയും ബ്രഹ്മംതന്നെയാകുന്നു," "ഞാൻ ബ്രഹ്മമാകുന്നു" ഇത്യാദി ശ്രുതിവാക്യങ്ങളുടെ അർത്ഥംതന്നെയാണ് ഒരവധൂതന്റെ ജീവിതം. ഞാൻ പുരുഷനല്ല, സ്ത്രീയല്ല, നപുംസകമല്ല; ബുദ്ധിയല്ല, മനസ്സല്ല, അഹങ്കാരമല്ല; ഇന്ദ്രിയങ്ങളല്ല, ദേഹമല്ല, സുഖിയല്ല, ദുഃഖിയല്ല, ബദ്ധനല്ല, മുക്തനല്ല, ജ്ഞാതാവല്ല, ജ്ഞാനമല്ല, ജ്ഞേയമല്ല, എനിക്കു ജാഗ്രൽസ്വപ്നസുഷുപ്തികളില്ല, ജനനമരണങ്ങളില്ല, സ്ഥൂലസൂക്ഷ്മകാരണഭേദങ്ങളില്ല, രാവില്ല, പകലില്ല; ഉള്ളില്ല, പുറമില്ല; മേലില്ല, കീഴില്ല; ദ്വന്ദ്വങ്ങളൊന്നുംതന്നെയില്ല——ഇങ്ങനെ, വാസ്തവത്തിൽ അസത്തായ സത്തെയും അദ്ദേഹം തള്ളിക്കളയുന്നു. സദ്രൂപമായും ആനന്ദരൂപമായും സർവ്വത്ര പരിപൂർണ്ണമായും നിരന്തരമായും സമരസമായുമിരിക്കുന്ന ബ്രഹ്മതത്ത്വം ഒന്നുമാത്രമേ ഉള്ളൂ എന്നുറപ്പിക്കുന്നു; അതു താൻതന്നെയാണെന്നറിഞ്ഞ് അനുഭവിക്കുകയുംചെയ്യുന്നു. ആത്മതത്ത്വം, 'നേതി നേതി' അസന്നിരസനം കൊണ്ട് അനുഭവിക്കത്തക്കതാകുന്നു; അറിയിക്കത്തക്കതല്ല. ഏതു തരത്തിൽ പറഞ്ഞാലും അതിനെ പ്രകാശിപ്പിക്കുവാൻ കഴിയുകയില്ല. അപരിച്ഛിന്നമായും അഖണ്ഡമായും ഏകരസമായുമിരിക്കുന്ന വസ്തുവിനെ പരിച്ഛിന്നാർത്ഥദ്യോതകങ്ങളായ ശബ്ദങ്ങളെക്കൊണ്ട് എങ്ങനെ വിശദീകരിക്കാം? "തള്ളത്തക്കതു സർവ്വം തള്ളിയാൽ പോകാതെകണ്ടുള്ളതുതന്നെ ശിവം കേവലം സമം ശാന്തം." അങ്ങനെയുള്ള കേവലാത്മതത്ത്വത്തിൽ ലയിച്ചിരിക്കുന്ന ദത്താത്രേയമഹർഷിയുടെ ഹൃദയത്തിൽനിന്നു താനേ പ്രവഹിച്ച ഒരു ഗാനമാകുന്നു ദത്താത്രേയാവധൂതഗീത. ഈ സംസ്കൃത വേദാന്തഗ്രന്ഥത്തെ കിളിപ്പാട്ടുരീതിയിൽ തർജ്ജമചെയ്തതന്നതിന്നു, കൊല്ലം കോട്ട പി. ഗോപാലൻനായരവർകളെ നാം അഭിനന്ദിക്കേണ്ടിയിരിക്കുന്നു. ശിവഗീത, ഹരിഭക്തിസുധോദയം മുതലായവയെ കിളിപ്പാട്ടിലാക്കിയും ശ്രീമഹാഭാഗവതത്തിന്നു സവിസ്തരമായ മലയാളവ്യാഖ്യാനമെഴുതിയും മറ്റും പേരെടുത്ത ഒരു പണ്ഡിതനാണ് മിസ്റ്റർ ഗോപാലൻനായർ. തന്റെ കവനവ്യാപാരത്തിന്നു പരിശുദ്ധങ്ങളായ വിഷയങ്ങളെ തിരഞ്ഞെടുക്കുന്നതിൽ ഇദ്ദേഹത്തിന്നു നല്ല നിഷ്കർഷയുണ്ട്. ദത്താത്രേയാവധൂതഗീതാഭാഷാഗാനവും, ഇദ്ദേഹത്തിന്റെ മറ്റു കിളിപ്പാട്ടുകളിൽനിന്ന് ഒട്ടും താഴെയല്ല.

"ഭിന്നമായ് ഘടമെന്നാലതിലുള്ളാകാശമ—
ന്നൊന്നിച്ചു മഹാകാശത്തോടു ചേർന്നിരുന്നീടും;
അല്ലാതെ, കടമുടഞ്ഞീടുമ്പോളാകാശവു—
മില്ലാതെയാകുമെന്നു ചിന്തിപ്പോരുണ്ടോ ലോകേ?"

എന്നിങ്ങനെ സുഖകരങ്ങളായ പല വരികളും എട്ടധ്യായമുള്ള ഈ പുസ്തകത്തിലുണ്ട്. ചില ദോഷങ്ങളും അവിടവിടെ ഇല്ലെന്നില്ല.

Digitized By Kerala Sahitya Akademi

'പൊൽ' എന്ന ലുപ്തപദം പാദാന്തത്തിൽ വിശേഷിച്ചും അസുഖകരമാണ്. "ആക്ഷേപയോഗ്യമതു പൊൽവാനില്ലയോ ലജ്ജാ" എന്നതിലെ 'ലജ്ജ' ക്കുപകരം 'നാണം' ആക്കിയാൽ, വായ് പിളർന്നു നിൽക്കാതെ കഴിക്കാമായിരുന്നു. 'മേദിനിതന്നിലതിന്നില്ല സഞ്ചാരമേതും'എന്നേടത്തു മേദിനീ ശബ്ദത്തിന്നു ലോകമെന്നാണല്ലോ അർത്ഥം കരുതേണ്ടിയിരിക്കുന്നത്; ഇതും കുറെ പോരായ്മയാണെന്നു തോന്നുന്നു. 'സാവധാനത്തിൽ' എന്നതിനെ, മെല്ലെ എന്നർത്ഥത്തിൽ നാം സംസാരിക്കുമ്പോൾ ഉപയോഗിക്കാറുണ്ടെങ്കിലും, മിസ്റ്റർ ഗോപാലൻനായരെപ്പോലെയുള്ള വ്യൽപന്നന്മാർ അതിന്നു ഗ്രന്ഥത്തിൽ പ്രവേശം കൊടുക്കാതിരിക്കയാണ് വേണ്ടത്. വിശേഷിച്ചും, "സാവധാനത്തിലാലോചിക്കായ്കകൊണ്ടുതന്നെ" എന്നതിലെ സാവധാനശബ്ദത്തിന്നു സമുചിതമായ അർത്ഥം അവധാനത്തോടുകൂടി എന്നാകയാൽ ഇതു 'സസുഖ'ത്തിൽ എന്നും മറ്റും പറയുന്നതുപോലെ, പരിത്യാജ്യം തന്നെയാണ്. നിവ്വികാരത്താൽ, നിവ്വികാരേണ എന്നിങ്ങനെ വിശേഷണങ്ങളെ വിശേഷ്യങ്ങളാക്കി പ്രയോഗിച്ചുപോയതു പ്രമാദത്താലായിരിക്കാം. വന്നുംപോയുമിരിക്കുന്ന എന്നു വേണ്ടേടത്തു "വന്നുംപോയിരിക്കുന്ന" എന്നാക്കിയതും തൃപ്തികരമല്ല. ഗാഥാവൃത്തങ്ങളിൽ പദ്യങ്ങളെഴുതുവാൻ വളരെ എളുപ്പമുണ്ട്. സംസ്കൃതച്ഛന്ദസ്സുകളെ അപേക്ഷിച്ച് അവയ്ക്കു ബന്ധദാർഢ്യം നന്നെ കുറവാണല്ലോ. എന്നിട്ടും ഈ ചെറുകൃതിയിൽ ഇത്രത്തോളം ക്ലിഷ്ടത കണ്ടപ്പോൾ, ഇതു ഗദ്യത്തിലെഴുതുകയായിരുന്നു ഭേദം എന്നു കൂടി ഞങ്ങൾക്കു തോന്നിപ്പോയി. ഞങ്ങൾ ഇത്രയും ഇവിടെ സൂചിപ്പിച്ചതു, ഈ പുസ്തകത്തിന്റെ രണ്ടാം അധ്യായത്തിലുള്ള,

"മാധുര്യമർത്ഥവ്യക്തി ലാളിത്യമലങ്കാര—
മാദരണീയമാമിമ്മാതിരി കാവ്യഗ്രണം
ചേർന്നതോ ചേരാത്തതോ സാരോപദേശമെന്നു
മന്ദന്മാരോർക്കും, ഗ്രണമുള്ളവർ സാരം നോക്കും."

എന്ന പദ്യത്തെ അനാദരിക്കയാലല്ല; ഇതിന്നു നേരെ മുകളിലുള്ള,

"എത്രയും ത്യാജ്യമായ ചേറിലെന്നാലും രത്നം
വർത്തിക്കുന്നതു കണ്ടാലാരാനും വെടിയുമോ?
പിന്നെയെന്തുരചെയ്യാം, നന്നായ് ശോഭിച്ചീടുന്ന
സ്വർണ്ണപീഠത്തിൽ വെച്ചുകൊടുത്താലുള്ള കഥ!"

എന്നതിനെ ഏറെ പ്രമാണീകരിക്കയാലാണ്.

എട്ടാം അധ്യായം സ്ത്രീദൂഷണമായിട്ടാണ് കലാശിച്ചിരിക്കുന്നത്. ഇത്, ഇടക്കാലങ്ങളിൽ വല്ല വിദ്വാന്മാരും എഴുതിച്ചേർത്തതായിരിക്കണം. സകലചരാചരപ്രപഞ്ചത്തേയും ബ്രഹ്മമയമായി കണ്ടാനന്ദിക്കുന്ന ദത്താത്രേയന്റെ മുഖത്തുനിന്ന് ഇത്ര തീക്ഷ്ണമായ ഒരു ശകാരം പുറപ്പെടുക എന്നതു കുറെ അസംഭാവ്യമാണ്. അടുത്ത കാലത്ത് അവതരിച്ച മഹാത്മാവായ ശ്രീരാമകൃഷ്ണപരമഹംസനും മറ്റും എല്ലാ സ്ത്രീകളെയും മാതൃനിർവ്വിശേഷമായി കരുതി ഭക്തിപൂർവ്വം വന്ദിച്ചുപോന്നിരുന്ന കഥ സുപ്രസിദ്ധമാണല്ലോ. ഏതായാലും, അശ്ലീലമയമാകയാൽ ഒരു തറവാട്ടിൽവെച്ച് ഉറക്കെ വായിപ്പാൻ തരമില്ലാത്ത ഈ ഭാഗം പരിഭാഷകൻ വിട്ടുകളയേണ്ടതായിരുന്നു എന്നു പറയാതിരിപ്പാൻ നിവർത്തിയില്ല. ഈ പുസ്തകം ഗ്രന്ഥകർത്താവിനോട് ആവശ്യപ്പെട്ടാൽ നാലണ വിലയ്ക്കു കിട്ടുന്നതാണ്.

Digitized By Kerala Sahitya Akademi

ഭാരതകഥാനിരൂപണം

ഗ്രന്ഥകർത്താ: കുന്നത്ത് ജനാർദ്ദനമേനോൻ

പരക്കെ അറിയപ്പെട്ടിട്ടുള്ള ഒരു ഗദ്യകാരനായ മിസ്റ്റർ കുന്നത്ത് ജനാർദ്ദനമേനോന്റെ കൃതിയാകുന്നു മേൽക്കാണിച്ച ഗദ്യപുസ്തകം. ഇതിലെ പ്രമേയം മഹാഭാരതകഥയിലെ ഏതാനും പാത്രങ്ങളുടെ ഒരു സ്വഭാവ വർണ്ണനയാണ്. ഇത്, 'ആത്മപോഷിണീ'മാസികയിൽ ഖണ്ഡശഃ പ്രസിദ്ധീകരിച്ച ലേഖനങ്ങളെ ഒന്നിച്ചുചേർത്തു പുസ്തകമാക്കി പുറപ്പെടുവിച്ചിട്ടുള്ളതാകയാൽ മുമ്പുതന്നെ പലരും വായിച്ചിരിപ്പാനിടയുണ്ട്.

ഹിന്ദുപുരാണഗ്രന്ഥങ്ങൾക്കു സർവ്വോൽകൃഷ്ടമായ ഒരു മാഹാത്മ്യമുള്ളതിനു കാരണം അവയുടെ നാനാസ്വരൂപതയാകുന്നു. ഒരു മഹാകാവ്യമായോ നാടകമായോ ആഖ്യായികയായോ വെറും ചരിത്രമായോ വേദാന്തഗ്രന്ഥമായോ മതഗ്രന്ഥമായോ ഏതു നിലയിൽ ഒരന്വേഷകൻ അവയെ പരിശോധിക്കുന്നുവോ, ആ നിലയിലെല്ലാം അവയ്ക്ക് അനാദൃശങ്ങളായ ഗുണവിശേഷങ്ങൾ കാണപ്പെടാതിരിക്കില്ല. അപ്രകാരമുള്ള മഹാഗ്രന്ഥങ്ങളിൽവെച്ചു, വിസ്തരംകൊണ്ടും പാത്രങ്ങളുടെ വിവിധത്വംകൊണ്ടും വിഷയഗൗരവംകൊണ്ടും, എന്നുവേണ്ടാ, ഏതുകൊണ്ടും പ്രഥമസ്ഥാനത്തെ അർഹിക്കുന്ന മഹാഭാരതത്തിൽ ആർ കൈ വെയ്ക്കുന്നുവോ,അവർക്കെല്ലാം അവരുടെ ബുദ്ധിസൂക്ഷ്മതയ്ക്കും മനോഗതികൃത്യം അനുരൂപമായ വിധത്തിൽ നവനവങ്ങളായ അമൂല്യതത്ത്വങ്ങൾ കണ്ടുപിടിക്കുന്നതിനു ലോകാവസാനംവരെ സാധിക്കുന്നതാണ്. മഹാഭാരതത്തിലെ കൃഷ്ണൻ, ഭീഷ്മൻ, ധൃതരാഷ്ട്രൻ, ദ്രുപദൻ, സുയോധനൻ, കർണ്ണൻ, ശകുനി, വികർണ്ണൻ, യുധിഷ്ഠിരൻ, ഭീമൻ, അർജ്ജുനൻ, പാഞ്ചാലി, കുന്തി എന്നീപ്പതിമൂന്നു പാത്രങ്ങളെ ലൗകികനിലയിൽനിന്നു നോക്കി, അവരുടെ സ്വഭാവവിശേഷങ്ങളെയും തജ്ജന്യങ്ങളായ അനുഭവങ്ങളേയും കണ്ടറിഞ്ഞു വിവരിക്കയാണ് മിസ്റ്റർ ജനാർദ്ദനമേനോൻ ചെയ്തിരിക്കുന്നത്. ഈ നിരൂപണത്തെ പരക്കെ ബാധിച്ചതായ വല്ല ദോഷവുമുണ്ടെങ്കിൽ അത് ഒരപൂർണ്ണത മാത്രമാകുന്നു. അതിനു ഗ്രന്ഥകാരനെ കുറപ്പെടുത്തിക്കൂടാ; നേരെമറിച്ചു, മേല്പറഞ്ഞ കഥാപാത്രങ്ങളിൽ ഓരോന്നിനെക്കുറിച്ചും ഓരോ പുസ്തകം എഴുതാവുന്നതായിരിക്കെ, അവരുടെയെല്ലാം ജീവചരിതത്തെപ്പറ്റിയുള്ള നിരൂപണം നാല്പത്തെട്ടു ഭാഗങ്ങൾമാത്രമുള്ള ഒരു പുസ്തകത്തിൽ ഇത്ര നന്നായി നിർവ്വഹിച്ചതിനു ഗ്രന്ഥകാരനെ ശ്ലാഘിക്കുകയാണ് വേണ്ടത്. ഓരോ പാത്രത്തെക്കുറിച്ചും അല്പാല്പമേ പറഞ്ഞിട്ടുള്ളുവെങ്കിലും, പറഞ്ഞേടത്തോളം സംഗതികൾ മിസ്റ്റർ മേനോന്റെ പരീക്ഷണപാടവത്തേയും ലോകവ്യുൽപ്പത്തിയേയും ഉദ്ദേശഗ്രഹണത്തേയും ഏറെക്കുറെ വെളിപ്പെടുത്തുന്നുണ്ട്.

ലോകവ്യവഹാരങ്ങളിൽനിന്നു വിമുക്തന്മാരാണെങ്കിലും പൊതുജനനന്മക്കുവേണ്ടി ലൗകികകർമ്മങ്ങളെ നിഷ്കാമബുദ്ധിയോടെ അനുഷ്ഠിച്ചുകൊണ്ടിരുന്ന രണ്ടു തരം ശക്തികളായി കൃഷ്ണനെയും ഭീഷ്മനെയും വർണ്ണിച്ചിരിക്കുന്നതു വളരെ ശരിയായിരിക്കുന്നു. മക്കളെ അതിയായി ലാളി

Digitized By Kerala Sahitya Akademi

ച്ചാൽ പിതൃജനത്തിന്നു നേരിട്ടുന്ന മഹാദുഃഖത്തെ ധൃതരാഷ്ട്രന്റെ അന്ധ്യ ദശകൊണ്ടും, അവരെ വേണ്ടുംവിധം വളർത്തിയാൽ ഉണ്ടാകുന്ന ചാരിതാർത്ഥ്യത്തെ ദ്രുപദന്റെ കഥകൊണ്ടും, ബാലശിക്ഷാക്രമത്തെ കുന്തിയുടെ നടപടികൊണ്ടും ഉദാഹരിച്ചിട്ടുള്ളതിലും അഭിപ്രായവ്യത്യാസത്തിന്നു വകയില്ല.

ദുര്യോധനൻ ദുഷ്ടൻ, കർണ്ണൻ ഗർവിഷ്ഠൻ എന്നൊക്കെയാണല്ലോ സാധാരണക്കാരായ വായനക്കാരുടെ അഭിപ്രായം. അതനുസരിച്ചുതന്നെയാണ് മിസ്റ്റർ മേനോനും അവരെപ്പറ്റി ഉപന്യസിച്ചിരിയ്ക്കുന്നത്: സുയോധനനെ നല്ല കണക്കിൽ ശകാരിച്ചിട്ടുണ്ട്. എന്നാലും, അദ്ദേഹം തീരെ മുഷിയാൻ സംഗതിയില്ല. പാണ്ഡവന്മാരുടെ വനവാസം ഒരു കൊല്ലത്തേയ്ക്കുകൂടി നീട്ടി പതിമൂന്നു കൊല്ലമാക്കിയത് ആ പാണ്ഡവപരിപന്ഥിയ്ക്കു രസകരമാവാതിരിയ്ക്കയില്ലല്ലോ! മിസ്റ്റർ മേനോൻ പറയും പോലെ അജ്ഞനും അനുത്സാഹിയും മറ്റുമാണോ ദുര്യോധനൻ? "അദ്ദേഹം പ്രാണത്തെക്കാളും മാനം വലുത്" എന്ന വ്രതക്കാരനാണ്. പ്രജകളെ വശീകരിപ്പാൻ ഒരു പ്രത്യേകസാമർത്ഥ്യം അദ്ദേഹത്തിനുണ്ട്. ആ നയകൌശലംകൊണ്ടാണ്, അല്ലാതെ മിസ്റ്റർ മേനോൻ പറയുന്ന ധീരതകൊണ്ടുമാത്രമല്ല, അദ്ദേഹം കുറെക്കാലം സ്വച്ഛന്ദമായി രാജ്യലക്ഷ്മിയെ അനുഭവിച്ചത്. സൽസ്വഭാവികളായ പാണ്ഡവന്മാരെ ചതിപ്പണികൾകൊണ്ടു കാട്ടു കേറിയതിൽ ഉണ്ടായിത്തീർന്ന വെറുപ്പുമൂലം പ്രജകൾ ഒത്തൊരുമിച്ചിളകിപ്പുറപ്പെട്ടുവെങ്കിൽ സുയോധനന്റെ 'ധീരത' അവരെ അടക്കിനിർത്തുവാൻ മതിയാകുമായിരുന്നുവോ? പ്രജകൾ ക്ഷോഭിച്ചെതിർത്താൽ ഏതു ധീരനാണ് നാട്ടു വാഴാൻ കഴിയുക? നാട്ടുകാർ അങ്ങനെ ലഹളയ്ക്കൊരുങ്ങാഞ്ഞതു ധൃതരാഷ്ട്രപുത്രന്റെ അനുരഞ്ജനനൈപുണികൊണ്ടും മറ്റുമാണ്.

"നിത്യം ദുര്യോധനൻ മന്നോ—
ക്കിഷ്ടം നോക്കി നടപ്പവൻ
പൂജിച്ചു വിപ്രരെബ്ഭൂരി—
ദക്ഷിണാഢ്യമഖങ്ങളാൽ."

ഇത്യാദി വ്യാസവാക്യവും അതനുസരിച്ചുള്ള ഭാസാദിമഹാകവികളുടെ വർണ്ണനവും നമുക്കു വിസ്മരിപ്പാൻ തരമില്ല. ജീവനിൽ കൊതികൊണ്ടല്ല, നാഗധ്വജൻ യുദ്ധരംഗത്തിൽനിന്നു പിന്മാറി കളത്തിൽച്ചെന്നു മുങ്ങിക്കിടന്നത്. ശരീരപീഡയ്ക്കു കുറച്ചൊരു ശമനം കിട്ടിയിട്ടു ശത്രുസംഹാരത്തിന്നൊരുങ്ങാമെന്നായിരുന്നു അദ്ദേഹത്തിന്റെ വിചാരം. അല്ലാതെ, അദ്ദേഹം ഒരിയ്ക്കലും ഭീരുവോ അസമർത്ഥനോ അല്ല. വഞ്ചനപ്രയോഗംകൂടാതെ നേരെ നിന്നു പൊരുതുകയാണെങ്കിൽ ബലശാലികളിൽ മുമ്പനായ ബകാന്തകനെക്കൂടി വെള്ളം കുടിപ്പിയ്ക്കുന്നതാണ് ഗദായുദ്ധവൈദഗ്ധ്യം ദുര്യോധനനുണ്ടായിരുന്നു. "എവിടെയും നേരെനിന്നു പൊരുതുകയല്ലാതെ ശത്രുക്കളിൽ വഞ്ചന പ്രയോഗിയ്ക്കുന്നതു ഭീമനാണ് ഇഷ്ടമല്ല" എന്ന ഘട്ടത്തിൽക്കൂടി, ഭീമൻ സുയോധനനിൽ വഞ്ചന പ്രയോഗിച്ച കഥ നിരൂപകൻ മിണ്ടാത്തതു ദുര്യോധനന്റെ പേരിലുള്ള ഈർഷ്യകൊണ്ടായിരിയ്ക്കുമോ എന്നറിഞ്ഞില്ല. "സുയോധനനുള്ള ഗുണം വേറെ ചിലതാണ്" എന്നാരംഭിച്ചിട്ട്, ആ 'ചിലതി'നെക്കൂടി മിസ്റ്റർ മേനോൻ, അയാളും ധീരനായിരുന്നു" എന്നൊന്നുകൊണ്ട് ഒപ്പിച്ചുകളഞ്ഞു! ഇതുയും

Digitized By Kerala Sahitya Akademi

പറഞ്ഞതുകൊണ്ട്, ഞങ്ങൾ സുയോധനന്റെ ജീവിതരീതിയേയും മനോവൃത്തികളെയും നിശ്ശ്രേഷം കൊണ്ടാടുന്നതായി വായനക്കാർ തെറ്റിദ്ധരിയ്ക്കയില്ലെന്നു വിശ്വസിക്കുന്നു.

പാഞ്ചാലിയുടെ ബഹുഭർതൃകതയ്ക്കുള്ള കാരണം ഗ്രന്ഥകാരൻ ഇങ്ങനെ ഉൽപ്രേക്ഷിയ്ക്കുന്നു: അരക്കില്ലം വെന്ത് അർജ്ജുനൻ മരിച്ചുപോയി എന്നറിവായതിൽ "പിന്നെ ആരെയാണ് വരിയ്ക്കേണ്ടത്" എന്നവൾ ആലോചിച്ചു തുടങ്ങുകയും" സങ്കല്പത്താൽ പല യോഗ്യന്മാരുടെയും ഭാര്യയായിരുന്നു സുഖദുഃഖങ്ങൾ അനുഭവിച്ചുനോക്കുകയും ചെയ്തിട്ടുണ്ടാവണം. ഇങ്ങനെ മനസ്സു വ്യഭിചരിച്ചതിന്റെ ഫലമായിട്ടായിരിയ്ക്കാം, പാഞ്ചാലിക്ക് ഒന്നിലധികം ഭർത്താക്കന്മാരുണ്ടായി വന്നത്. ഇതാണ് ഈ കൃതിയിൽ പുതിയതായ ഒരു ആശയവിശേഷമുള്ളത്. എന്നാൽ, ഈ ഉൽപ്രേക്ഷയും, യന്ത്രം എയ്തുറിച്ചത് അഞ്ചു ബാണങ്ങൾകൊണ്ടായിരുന്നതിനാലാണ് പാഞ്ചാലിയ്ക്ക് അഞ്ചു ഭർത്താക്കന്മാരുണ്ടായത് എന്ന് ഇനി മറെറാരെഴുത്തുകാരൻ പറയുന്നതായാൽ, അതും തമ്മിൽ ഏറെ വ്യത്യാസമുണ്ടെന്നു തോന്നുന്നില്ല. പാഞ്ചാലിയും ബന്ധുക്കളും പാണ്ഡവനാശത്തെ പൂർണ്ണമായി വിശ്വസിച്ചിരുന്നില്ല. ദ്രുപദൻ അർജ്ജുനേതരനാൽ അഭേദ്യമായ യന്ത്രം നിർമ്മിച്ചതിൽ, പാണ്ഡവന്മാരെ കണ്ടുപിടിയ്ക്കണമെന്ന ഉദ്ദേശംകൂടിയുണ്ടായിരുന്നു. ഈ സ്ഥിതിയ്ക്കു പാഞ്ചാലി വ്യഭിചരിച്ചു എന്നു വിചാരിപ്പാൻ യാതൊരവകാശവുമില്ല. അവളുടെ അനേകഭർതൃകതാദോഷത്തിന്നു വൈദികമായും ലൌകികമായുമുള്ള സമാധാനം വ്യാസൻതന്നെ പറഞ്ഞിട്ടുണ്ടുതാനും. പാഞ്ചാലിക്ക് അർജ്ജുനനിലാണ് അധികം അനുരാഗം എന്നതു പ്രസിദ്ധമാണല്ലോ. മിസ്റ്റർ മേനോൻ അതു നകുലസഹദേവന്മാരിലാക്കിയിരിക്കുന്നു. പരിച്ചിട്ടുവേണം ഗ്രന്ഥം നിർമ്മിപ്പാൻ എന്നൊരു നിർബ്ബന്ധനിയമം നമ്മുടെയിടയിൽ നടപ്പാകാൻ പൈകി എന്ന്, ഇപ്പുസ്തകത്തിലെ ഈ വക ഘട്ടങ്ങൾ വായിച്ചപ്പോൾ വിശേഷിച്ചും, ഞങ്ങൾക്കു തോന്നാതിരുന്നില്ല.

എത്ര ദോഷങ്ങളിരുന്നാലും, അവയെയെല്ലാം തീരെ വിസ്മരിച്ചുപോകുമാറ്, അത്ര മനോഹരമാകുന്നു ഈ കൃതിയിലെ ഗദ്യരീതി. ധരിയ്ക്കത്തക്ക കാര്യമൊന്നുമില്ലെങ്കിൽക്കൂടി, 'കവിതാരസം' കൊണ്ടു വായനക്കാരുടെ ഹൃദയത്തെ വശീകരിപ്പാൻ മിസ്റ്റർ ജനാർദ്ദനമേനോന്റെ വാചകങ്ങൾക്കുള്ള ശക്തി ഒന്നു വേറെയാണ്. ഇത്ര ഊക്കിലും ഒഴുക്കിലും ഭംഗിയിലും ഗദ്യമെഴുതിത്തള്ളുവാൻ കഴിവുള്ളവരായി, നമ്മുടെ ഇടയിൽ അധികംപേരില്ല. 'മൂർത്തീകരിച്ച' (മൂർത്തിമത്തായ എന്നർത്ഥം), 'സ്വാർത്ഥത' (സ്വാർത്ഥതൽപരത), 'ജനസാമാന്യം' (പൊതുജനം), 'സാദ്ധ്യം' (സിദ്ധി) മുതലായ അപശബ്ദങ്ങളും, 'ഞെളിഞ്ഞിരിയ്ക്കുക' മുതലായ ഗ്രാമ്യപദങ്ങളുമാകുന്ന കല്ലും കരടുമില്ലായിരുന്നു എങ്കിൽ, ഈ കൃതി രസജ്ഞന്മാർക്ക് ഇതിലുമധികം സുഖാസ്വാദ്യമായിത്തീരുമായിരുന്നു.

ഇത്തരം പുരാണകഥാഗ്രന്ഥങ്ങൾ നമ്മുടെ ഭാഷയിൽ ധാരാളം ഉണ്ടായിവരേണ്ടതാകയാൽ, ഇതിന്നായി മിസ്റ്റർ മേനോൻ ചെയ്ത ശ്രമത്തെ ഞങ്ങൾ അത്യന്തം കൃതജ്ഞതയോടെ അഭിനന്ദിയ്ക്കുകയും, ഇദ്ദേഹംതന്നെ ഇതുപോലെയുള്ള നിരൂപണങ്ങൾ ഇതിലും വിസ്തരിച്ചെഴുതിക്കാണുവാൻ ആഗ്രഹിയ്ക്കുകയും ചെയ്യുന്നു. ഈ നിരൂപണം അപൂർണ്ണമായിട്ടുള്ളതാ

Digitized By Kerala Sahitya Akademi

ണെന്നും ഇതിനെ ഒരു മാർഗ്ഗദർശിയായിട്ടുമാത്രമേ താൻ കരുതിയിട്ടുള്ളൂ എന്നും നിരൂപകൻതന്നെ സമ്മതിയ്ക്കുന്നതിനാൽ അദ്ദേഹം ഇനി അടുത്ത സൌകര്യത്തിൽ എഴുതുന്ന നിരൂപണം കുലംകഷവും പര്യാപ്തവുമായിരിക്കുമെന്നു നമുക്കു തീച്ചയായും വിശ്വസിക്കാം. ഈ പുസ്തകത്തെ ഇപ്രകാരമാണ് നിരൂപകൻ ഉപസംഹരിക്കുന്നത്:—"ഇങ്ങനെ മഹാഭാരതത്തിലെ കഥാപാത്രങ്ങളെപ്പറ്റി നിരൂപണം ചെയ്തുതുടങ്ങിയാൽ ജീവിതതത്ത്വങ്ങൾ പലതും വെളിവായിക്കാണാം. ഇനിയുള്ള ഭാരം വായനക്കാക്കായിവിടുകയല്ലാതെ ഇതിലധികം വിസ്തരിയ്ക്കുന്നതിനും ഇനിയുള്ള പാത്രങ്ങളെപ്പറ്റി നിരൂപിയ്ക്കുന്നതിനും എനിക്ക് ഇപ്പോൾ സൌകര്യമില്ല. വഴികാട്ടിത്തരിക എന്നുമാത്രമേ ഞാൻ ഇവിടെ ചെയ്തിട്ടുള്ളൂ. ഈ വഴിയിൽക്കൂടി കടന്നുപോകുന്നവർ സുന്ദരങ്ങളായ കാഴ്ചകൾ പലതും കാണാറാകും; അങ്ങനെ അവർ സുഖജീവിതത്തെ പ്രാപിയ്ക്കുയും ചെയ്യും" ഈ വഴി മുമ്പു ചില യോഗ്യന്മാർ കാണിച്ചിട്ടുള്ളതാകയാൽ വിശേഷിച്ചും, ഈ ഉപസംഹാരം കുറെ ഉദ്ധതമായിപ്പോയി എന്നു ചിലർ ശങ്കിച്ചേയ്ക്കാം. അതു ശരിയല്ല; ഇതിൽ നിന്നു നാം മനസ്സിലാക്കേണ്ടതു ശ്രീഹർഷാദി മഹാകവികൾക്കെന്നപോലെ മിസ്റ്റർ ജനാർദ്ദനമേനോനും സ്വഗ്രന്ഥത്തെക്കുറിച്ചു പരിപൂർണ്ണമായ 'ആത്മവിശ്വാസം' ഉണ്ട് എന്നാകുന്നു. ഈയൊരു ഗുണം സാധാരണ ഗ്രന്ഥകാരന്മാരിൽ കാണപ്പെടുന്നതല്ല. മിസ്റ്റർ കെ. സി. ശങ്കരൻതമ്പാന്റെ ഒരു പെരിയ പ്രസ്താവനയോടുകൂടിയതും കുന്നംകുളം 'അക്ഷരരത്നപ്രകാശികാ' അച്ചുകൂട്ടത്തിൽ ഭംഗിയായി അച്ചടിച്ചതും നാലണ വിലയുള്ളതുമായ ഈ പെരിയ വിശിഷ്ടപുസ്തകം വായിപ്പാൻ വേണ്ടി ചെലവിടുന്ന സമയം ഒരിയ്ക്കലും വ്യർത്ഥമായിപ്പോകുന്നതല്ലെന്നു ഞങ്ങൾ നിസ്സംശയം അഭിപ്രായപ്പെട്ടുകൊള്ളുന്നു.

Digitized By Kerala Sahitya Akademi

കൃഷ്ണഗാഥ

(പരിഷ്കരിച്ച പുതിയ പതിപ്പ്)

പ്രസാധകൻ: കെ. എൻ. ഗോവിന്ദപ്പണിക്കർ

നൂറു പുതിയ പുസ്തകങ്ങളെ പുറത്തിറക്കുന്നതിനെക്കാൾ പുണ്യം ഒരൊറ്റ പഴയ പുസ്തകത്തെ നേരാംവണ്ണം അച്ചടിച്ചു പ്രസിദ്ധീകരിയ്ക്കുന്നതാണ് എന്നു ഞങ്ങൾ മുമ്പൊരിക്കൽ പ്രസ്താവിച്ചിട്ടുണ്ട്, ഞങ്ങളുടെ ഈ അഭിപ്രായത്തോടു യോജിക്കുന്നവരെ കൃഷ്ണഗാഥയുടെ ഈ പുതിയ പതിപ്പ് എത്രയധികം ആഹ്ലാദിപ്പിച്ചിരിക്കും! ഇതിന്റെ പ്രസാധകനായ കോട്ടയം കോളേജ് മലയാളപണ്ഡിതർ മിസ്റ്റർ കെ. എൻ. ഗോവിന്ദപ്പണിക്കരെ ഏതെല്ലാം വിധത്തിൽ അഭിനന്ദിച്ചാലാണ് അവർക്കു തൃപ്തിയാവുക? ഭാഷാദേവിയുടെ പ്രധാനമണിമാളികയാണ് കൃഷ്ണഗാഥയെന്ന വിശിഷ്ടഗ്രന്ഥം. എന്നാൽ അതുതന്നെയാണ്, ഇതേവരെ വല്ലാതെ കാടുപിടിച്ചുകിടന്നിരുന്നതും. അതിനെ ഇത്തരത്തിൽ വൃത്തിപ്പെടുത്തുന്നതിനു മിസ്റ്റർ ഗോവിന്ദപ്പണിക്കർ ചെയ്തിട്ടുള്ള പ്രയത്നത്തിന്റെ ശ്രേഷ്ഠതയും തീവ്രതയും ശരിയായി മനസ്സിലാകേണമെങ്കിൽ, ഇപ്പുസ്തകം ശ്രദ്ധയോടുകൂടി വായിക്കുകതന്നെ വേണം. പത്തു പഴയ പനയോലഗ്രന്ഥങ്ങൾ നോക്കി പിഴതീർക്കപ്പെട്ടതാകുന്നു ഇപ്പുസ്തകം. ഇതേവരെ അച്ചടിച്ചിട്ടുള്ള കൃഷ്ണഗാഥാപുസ്തകങ്ങൾ മുഴുവനും അബദ്ധപ്രചുരങ്ങളാണെന്നതിരിക്കട്ടെ, അവയിൽ അവിടവിടെയായി നാനൂറോളം പാദങ്ങൾ വിട്ടുപോയിട്ടുമുണ്ടെന്നു, പ്രസാധകന്റെ പരിശോധനയാൽ, പ്രത്യക്ഷപ്പെട്ടിരിക്കുന്നു. ചെറുശ്ശേരിയുടെ ചെറുതേനിടയുന്ന സൂക്തികളിൽനിന്നു നാലു പദം വിട്ടുപോകുന്നതുതന്നെ നമുക്കെത്ര വലിയ നഷ്ടമാണ്! ഇതിൽ, വിട്ടുപോയതായിക്കണ്ട വരികളെ യഥാസ്ഥാനം എടുത്തുചേർത്തിട്ടുള്ളതുകൊണ്ട്, ആ വക സന്ദർഭങ്ങളുടെ ആസ്വാദ്യതയ്ക്ക് അത്യധികം കൂടുതൽ വന്നിട്ടുണ്ടെന്നു പറയേണ്ടതില്ലല്ലോ. ഇപ്പോൾ ലുപ്തപ്രചാരങ്ങളായ കൃഷ്ണഗാഥയിലെ ദ്രാവിഡപദങ്ങളിൽ മിക്കവയ്ക്കും, പല സംസ്കൃതപദങ്ങൾക്കും, അകാരാദിക്രമത്തിൽ ഒരു ടിപ്പണിയും പ്രസാധകൻ എഴുതിച്ചേർത്തിട്ടുണ്ട്. ഇതു, പഴയ പദങ്ങളുടെ അർത്ഥം മനസ്സിലാകുന്നില്ലെന്ന ഏകകാരണത്താൽ 'ഗാഥ' വായിച്ചിട്ടില്ലാത്തവരായി ഇന്നും നമ്മുടെയിടയിലുള്ള അനേകം കാവ്യരസികന്മാർക്ക് ഒരാനുഗ്രഹംതന്നെയാണ്. പാഠഭേദങ്ങളെ, അതാതു പുറത്തു പ്രത്യേകമടയാളമിട്ട് അടിയിൽ ചേർത്തിട്ടുള്ളതാകുന്ന ഇപ്പതിപ്പിലെ മറെറാരു പരിഷ്കാരം. ഇത്രത്തോളം പ്രയത്നിക്കുവാൻ ഒരുക്കമുള്ളവരായിട്ട, മിസ്റ്റർ പണിക്കരെപ്പോലെ ഒരു പത്തു പേർ തികച്ചില്ലാഞ്ഞിട്ടല്ലേ, നമ്മുടെ വിലയേറിയ പ്രാചീനഗ്രന്ഥങ്ങൾ, ഇപ്പരിഷ്കാരകാലത്തും, അവസ്ഥ നേരിട്ട അശ്രദ്ധസ്ഥിതിയിൽത്തന്നെ മങ്ങിമയങ്ങിക്കിടക്കുന്നത്?

കൃഷ്ണഗാഥയുടെ ഇപ്പതിപ്പു തീരെ നിർദ്ദോഷമാണെന്നു ഞങ്ങൾ പറയുന്നില്ല; ഇതിലും പല അസാമഞ്ജസ്യങ്ങളും അവിടവിടെ പററിപ്പോയി

Digitized By Kerala Sahitya Akademi

ട്ടുണ്ട്. സംസ്കൃതപദങ്ങളുടെ തൽഭവപദങ്ങൾ ഇതിൽ കുറെയധികം കാണുന്നു. അവയിൽ, കോട്ടി, (ഗോഷ്ഠി) തിക്കരിക്കുക, (ധിക്കരിക്കുക) തെണ്ടം, (ദണ്ഡം) ദീവ്, (ദീപ്) പയിപ്പിക്കുക, (പചിപ്പിക്കുക) പിണ്ടം (പിണ്ഡം) മുതലായ ശബ്ദങ്ങൾ ഒട്ടും സുഖകരങ്ങളല്ല; കുറെ ഗ്രാമ്യങ്ങൾകൂടിയാണെന്നു വേണം പറയുവാൻ. ചെയ്ക എന്നർത്ഥത്തിലുള്ള 'വെണ്ണി'യ്ക്കു പകരം 'പെണ്ണി'യെയാണ് പ്രസാധകൻ സ്വീകരിച്ചുകാണുന്നത്. ഇത്, ഏതിന്റെ രൂപാന്തരമാണോ, ആ തമിഴ്വാക്കു നമുക്ക് അശ്ലീലമാകയാൽ, 'പെണ്ണി'യെക്കാൾ നല്ലതു മുൻപതിപ്പുകളിൽ കാണുന്ന 'വെണ്ണി'തന്നെയാണെന്നു ഞങ്ങൾക്കു തോന്നുന്നു. മുൻഭാഗത്ത് എന്നർത്ഥമായ 'മുന്നിനു' എന്നതിനെ എല്ലാടത്തും 'മുന്നൽ' എന്നാക്കിയിരിയ്ക്കുന്നതിന്നു വല്ല പ്രത്യേക സംഗതിയുമുണ്ടോ എന്നറിഞ്ഞില്ല. കാണായ്+അപ്പോൾ എന്ന പദങ്ങൾക്കു 'കാണായപ്പോൾ' എന്നല്ലാതെ, 'കാണായ്പ്പോൾ' എന്ന സന്ധി കഷ്ടമല്ലയോ? 'കേസരിപ്പോത'വും മറും 'വർത്തമാനപ്പത്ര'ത്തെക്കാൾ അപകടംതന്നെ. കാച്യ (കാച്ചിയ) എന്ന പദവും, 'വലിയ' എന്നതിന്നു 'വല്യ' എന്നു പറയാറില്ലാത്തവർക്കു ദുശ്ശ്രവം തന്നെയായിരിക്കും. 9—ാംഭാഗത്തുള്ള 'മീതലേ' എന്നതിനെക്കാൾ പഴയ പുസ്തകങ്ങളിലെ 'മീതെയായ്' എന്ന പദത്തെയാണ് ഞങ്ങൾ ഇഷ്ടപ്പെട്ടതു. ഇതു പക്ഷേ, രാജരാജവർമ്മ കോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു പ്രസാധകനോട് അരുളിച്ചെയ്തതുപോലെ, "ദാക്ഷിണാത്യപാഠമായി വകവെച്ചുകൊള്ളാം." 10—ാം ഭാഗത്തെ 'നാസി'യെക്കാൾ പഴയ 'നാസ'തന്നെയല്ലേ നല്ലത്? 11—ാം ഭാഗത്തുള്ള 'ഉണ്മദം' അച്ചടിത്തെറ്റായിരിക്കാം. 12—ാം പുറത്തു 'ബാലകന്മാരെന്ന വാർത്തകളെന്നിയേ' എന്ന പദത്തിൽ 'എന്നിയേ' എന്നതിനെ മുൻപാഠപ്രകാരമുള്ള 'ഒന്നുമേ' എന്നായി തിരുത്തിയാലാണ് വിവക്ഷിതാർത്ഥം സുഗമമായിത്തീരുന്നത്. 26—ാം ഭാഗത്തുള്ള 'ഉൽഗതം' 'ഉൽഗതി' എന്ന തിരുത്തലിനെ അർഹിക്കുന്നതാണ്. ഉൽഗതത്തെക്കാൾ പ്രസിദ്ധി ഉൽഗതിക്കാണല്ലോ. "ചുരക്കോൽ കൊമ്പെല്ലാം കയ്യുടെ കീഴ്." (32—ാം പുറം) എന്ന വിരസവിരമമായ പാദം ചെറുശ്ശേരിയുടെതാണെന്ന് ഒരിക്കലും വിശ്വസിച്ചുകൂടാ. ചിലേടത്തു വൃത്തത്തിന്നും അംഗഭംഗി പറ്റിപ്പോയിട്ടുണ്ട്: "കഞ്ചനെപ്പേടിച്ചു മുന്നെപ്പോലെ ചെന്നാ' എന്ന വരിയിലെ 'മുന്നെപ്പോലെ ചെന്നാ' എന്ന ഭാഗം ചെറുശ്ശേരിരീതിക്കു നല്ലവണ്ണം യോജിച്ചതല്ല. ഇവിടെ 'മുന്നമേപോലെയാ' എന്ന പഴയ പാഠത്തെ തള്ളേണ്ടിയിരുന്നില്ല. "നഗവരകല്പിതച്ഛത്ര നമസ്തേ" "മഴകൊണ്ടു മാരി തടുത്തവനേ! ഹരി" "മണമെഴുംമാലകൾ പുണ്ടവനേ! ഹരി" എന്നീപ്പാദങ്ങളിൽ ഓരോ മാത്ര അധികമായിട്ടുണ്ട്. സ്വർഗ്ഗാരോഹണത്തിലെ "ഭസ്മധൂളി ധരിച്ചു വന്നിങ്ങു പത്മനേത്രനെ വാഴ്ത്തിനാർ", "വേദസാരവിനോദനേ! നമഃ വേദപാലകനേ! നമഃ വേദവേദികൾവേദ്യനേ! നമഃ വേദമായവനേ! നമഃ" എന്നീ വരികളും ഹതവൃത്തങ്ങളായിരിക്കുന്നു. ഇതിൽ 'വന്നിങ്ങു' എന്നേടത്തു 'വന്നിഹ' എന്നാണ് മുൻ അച്ചടിക്കപ്പെട്ട പുസ്തകങ്ങളിൽ കാണുന്നത്. മറേറ രണ്ടു വരികൾ 'വേദസാരവിനോദനേ! ജയ വേദപാലകനേ! നമോ വേദവേദികൾ വേദ്യനേ! ജയ വേദമായവനേ! നമഃ' എന്നായി, പുലച്ചൊല്ലു സംകീർത്തനം ചൊല്ലുക പതിവുണ്ടായിരുന്ന ഒരു പഴമക്കാരൻ ചൊല്ലിക്കേട്ടിട്ടുള്ളതായി ഇതെഴുതുന്നാൾ

Digitized By Kerala Sahitya Akademi

ഓക്കുന്നു. "ദലിതാഞ്ജന നിരയും" ഇത്യാദി പദ്യം രണ്ടേടത്തു ചേർത്തതു കൊണ്ടു പക്ഷേ വൈഷമ്യമൊന്നുമില്ല.

ഈ വക അപഭ്രംശങ്ങൾ ഇതിൽ വളരെ കാണുന്നുണ്ട്. ഇതുകൊണ്ടു, പഴയ ഗ്രന്ഥങ്ങളിൽ കണ്ടതിനെ അങ്ങനെതന്നെ പകർത്തെഴുതിയ പ്രസാധകൻ ഉത്തരവാദിയാകുന്നതല്ലല്ലോ. സുഖമായ അർത്ഥസമന്വയമില്ലാത്തതും തീരെ നിരർത്ഥവുമായ പാഠഭേദങ്ങളെക്കൂടി തള്ളിക്കളയാഞ്ഞതുതന്നെ, പ്രസാധകനു പഴയ ഗ്രന്ഥങ്ങളുടെ പേരിലുള്ള ഭക്ത്യതിശയത്തെ ധാരാളം വിശദീകരിക്കുന്നുണ്ട്. എന്നാൽ "മാന്ദ്യമായുള്ള വലിത്രയം," 'മോദന്മാരായ് വന്നേൻ' ഇത്യാദി നിരർത്ഥങ്ങളായ പാഠഭേദങ്ങളെ പകർത്തുവാൻ വേണ്ടിവന്ന സമയത്തെ ടിപ്പണിയിൽ വിട്ടുപോയിട്ടുള്ള പദങ്ങളിൽ ചിലതിനുകൂടി അർത്ഥമെഴുതുവാനായി വിനിയോഗിച്ചുവെങ്കിൽ, അതു കുറെക്കൂടി പ്രയോജനപ്പെടുമായിരുന്നു. കാതൽ, തളിർ മുതലായ പല സുപ്രസിദ്ധപദങ്ങൾക്കും ടിപ്പണിയുണ്ടെങ്കിലും, മലിപുകം, മരുവലർ തുടങ്ങിയ അനേകം അപ്രസിദ്ധപദങ്ങൾക്ക് ഇതിൽ അർത്ഥം കൊടുത്തു കാണുന്നില്ല. അർത്ഥം വിവരിച്ചതുതന്നെ, പ്രസാധകൻ തന്റെ പ്രസ്താവനയിൽ സൂചിപ്പിച്ചിട്ടുള്ളപ്രകാരം, മുഴുവനും ആലോചനാപൂർവ്വമല്ലാതെ അംഗീകരിക്കപ്പെടാവുന്നതല്ലെന്നു ഞങ്ങൾക്കും തോന്നുന്നു. 'ചുരക്കണ്ടി' എന്നതിനു 'മലയിടുക്കുവഴി' എന്നാണർത്ഥം പറഞ്ഞിരിക്കുന്നതു്. ഇതിനു സരിച്ചു നോക്കുമ്പോൾ, "നൽത്തെരുവിനു മന്നൽച്ചുരക്കണ്ടിക്കുമത്തൽ പിണയാസ്സിലുണ്ടുതാനും." എന്ന പദങ്ങളുടെ അർത്ഥം സുവ്യക്തമാകുന്നില്ല. "നൽത്തെരുവിനുമിന്നൽച്ചുരങ്ങളുമിന്നത്തൽ....." എന്നാണു് പഴയ പുസ്തകങ്ങളിലെ പാഠം. 'മുഖരീകൃത'ത്തിനു 'പറയത്തക്കതു്" എന്നർത്ഥം വരുമോ എന്നു സംശയമുണ്ടു്. 'വിപത്തു്, വിപദം=ആപത്തു്.' എന്നിങ്ങിനെ അർത്ഥംകൊടുത്തിട്ടുള്ളതു കണ്ടിട്ടു, 'വിപദം' വിപൽശബ്ദത്തിന്റെ ദ്വിതീയാന്തമാണെന്നറിയാതെ, 'മുടമൊട്ട' എന്നു പ്രയോഗിക്കുക പതിവുള്ള ഇപ്പോഴത്തെ കവിതക്കാർ, ഇനി, 'വിപദത്തെ' എന്നും മറ്റും പ്രയോഗിച്ചുതുടങ്ങില്ലെന്നു് ഉറച്ചുകൂടാ.

ഇപ്പുസ്തകത്തിനു പി. കെ. നാരായണപിള്ള ബി. എ. ബി. എൽ. അവർകൾ എഴുതിച്ചേർത്തിട്ടുള്ള നിരൂപണരൂപമായ അവതാരികയെ എതെല്ലാം വാക്കുകളെക്കൊണ്ടാണു് ശ്ലാഘിക്കേണ്ടതു് എന്നു ഞങ്ങൾക്കറിഞ്ഞുകൂടാ. 57 ഭാഗങ്ങളെ മുഴുവൻ വ്യാപിപ്പാൻതക്കവണ്ണം അത്ര ദീർഘമായ ഒരുപന്യാസമാണിതു്. എന്നിട്ടും, വായിച്ചുതീർന്നപ്പോൾ, കഴിഞ്ഞുപോയല്ലോ എന്ന സങ്കടമാണു് ഞങ്ങൾക്കുണ്ടായതു്. ഇത്ര ഹൃദയാകർഷകവും കുലങ്കഷവുമായ ഒരു കാവ്യനിരൂപണം ഇതേവരെ മലയാളഭാഷയിൽ അവതരിച്ചിട്ടില്ലെന്നുതന്നെ പറയാം. കൃഷ്ണഗാഥയുടെ നിസ്തുല്യമായ രാമണീയകത്തിനും പ്രൌഢിക്കും മിസ്റ്റർ നാരായണപിള്ളയുടെ അസാമാന്യമായ സാഹിത്യാവഗാഹത്തിനും രസികതയ്ക്കും അനുരൂപമായിരിക്കുന്ന ഈ നിരൂപണം ഇന്നത്തെ കാവ്യവിമർശകന്മാർ നോക്കി പഠിക്കേണ്ടതാണു്. പക്ഷേ ചെറുശ്ശേരി പല പ്രാചീനകവികളുടെയും ആശയവിശേഷങ്ങളെ പകർത്തിയിട്ടുള്ളതായി ഇതിൽ എടുത്തുകാണിച്ചിരിക്കുന്നതു കണ്ടിട്ടു്, അദ്ദേഹം കവിതവമില്ലാത്ത ഒരു കവിതാമോഷകനാണെന്നു് അക്ഷുട്ടർ വിധിച്ചേയ്ക്കുമോ എന്നു ഞങ്ങൾക്കു ഭയമുണ്ടു്. കൃഷ്ണഗാഥയുടെ കർത്താവു് ചെറുശ്ശേരിയല്ലെന്നും പൂനമാണെന്നും കവനോദയക്കാരിൽനിന്നു

Digitized By Kerala Sahitya Akademi

പുറപ്പെട്ട വാദം ഈ അവതാരികയാൽ യുക്തിപൂർവ്വം ഖണ്ഡിക്കപ്പെട്ടിരിക്കുന്നു. എന്നാൽ 'പെറുശ്ശേരിഭാരത'ത്തിന്റെ കർത്തൃത്വം കൃഷ്ണഗാഥക്കാരനിൽ സമർപ്പിക്കുവാൻ മിസ്റ്റർ പിള്ള ശ്രമിക്കുന്നതിൽ ഞങ്ങൾക്ക് അല്പം വിപ്രതിപത്തിയില്ലായ്കയില്ല. അക്കാര്യം ഒന്നുകൂടി ആലോചിച്ചിട്ടു വേണം തീച്ചപ്പെടുത്തുവാൻ.

ആകപ്പാടെ നമുക്കിപ്പോൾ ലഭിച്ചിരിക്കുന്ന കൃഷ്ണഗാഥയുടെ പുതിയ പതിപ്പ് എത്രയും ഗ്രണഭ്രയിഷ്ഠവും നമ്മുടെ നിർവ്യാജമായ കൃതജ്ഞതയെ അർഹിക്കുന്നതുമാകുന്നു. ഏതാനും ദോഷങ്ങളെ ഞങ്ങൾ പ്രസ്താവിച്ചത്, ഇത്രയുംകൊണ്ടു കൃഷ്ണഗാഥാസംസ്മരണം എന്ന ഗൗരവമേറിയ വിഷയത്തിൽ നിന്നു പിൻവലിച്ചുകൂടാ എന്നു കാണിപ്പാൻമാത്രമാണ്. ഈ പതിപ്പ്, ഉദ്ദിഷ്ടകാര്യത്തിന്റെ ഒരു പ്രാരംഭകേന്ദ്രംമാത്രമായി വിചാരിച്ചാൽ മതി. ഇനിയത്തെ പതിപ്പ് ഇതിലുമധികം ശുദ്ധിപ്പെടുത്തുവാൻ മിസ്റ്റർ പണിക്കർക്ക് ഇത്ര വലിയ ശ്രമം വേണ്ടിവരുന്നതല്ലല്ലോ. അങ്ങനെ ക്രമേണ "പണിക്കരവർകളുടെ സ്തുത്യർഹമായ അത്യുത്സാഹംനിമിത്തം അച്ചുകൂടരാക്ഷസന്റെ ഗ്രഹണത്തിൽനിന്നു മോചനം സിദ്ധിച്ച കോമളമായ ഈ ഗ്രന്ഥം ഭാഷാനടോമണ്ഡലത്തിൽ അഭംഗമായി വിലസട്ടേ" എന്ന് അവതാരികാകാരനെപ്പോലെ, ഞങ്ങളും പ്രാർത്ഥിച്ചുകൊള്ളുന്നു.

തൃശ്ശിവപേരൂർ വിദ്യാവിനോദിനി അച്ചുകൂടത്തിൽ അച്ചടിക്കപ്പെട്ട ഈ പുസ്തകത്തിന് ഒന്നര ഉറുപ്പികയാണ് വില.

Digitized By Kerala Sahitya Akademi

വേണീസംഹാരം—ഭാഷാനാടകം

പരിഭാഷകൻ: പന്തളത്ത് കേരളവർമ്മ തമ്പുരാൻ

വീരരസപ്രധാനങ്ങളായ സംസ്കൃതനാടകങ്ങളിൽവെച്ച് ഏറ്റവും മേലേക്കിടയിലുള്ള ഒന്നാകുന്നു വേണീസംഹാരം. വേണിയെ (ദ്യൂതസഭയിൽവെച്ചു ദുശ്ശാസനൻ പിടിച്ചുവലിച്ചഴിച്ചിട്ടതും പ്രതിജ്ഞാഗൌരവത്താൽ പതിമ്മൂവ്വാണ്ടുകാലം അതേ നിലയിൽ കിടക്കുന്നതുമായ ദ്രൗപദിയുടെ തലമുടിയെ) സംഹരിയ്ക്കുക (ദുശ്ശാസനഹൃദയരക്തപങ്കിലമായ ഭീമന്റെ കൈകൊണ്ടു കുട്ടിപ്പിടിച്ചു കെട്ടുക) എന്നതാണ് ഇതിലെ പ്രമേയം. വ്യാസമഹർഷിയുടെ വാഗ്വിലാസത്തിനു വിഷയീഭവിച്ച ആ കുരുക്ഷേത്രമഹായുദ്ധംതന്നെയാണ് വേണീസംഹാരത്തിൽ വർണ്ണിക്കപ്പെട്ടിരിക്കുന്നതെന്ന് ഇനി വേറെ പറയേണ്ടതില്ലല്ലോ. യുദ്ധം രംഗത്തിൽ പ്രയോഗിച്ചുകൂടാത്തവയിൽ ഒന്നായിരിക്കെ, യുദ്ധംകൊണ്ടുതന്നെ ആറങ്കങ്ങളോടുകൂടിയ ഒരു പ്രശസ്തനാടകം എഴുതിത്തള്ളിയ നാരായണഭട്ടമഹാകവിയുടെ മനോധർമ്മം'ക്കുറുമ്പു' മഹാവിസ്മയംതന്നെ!

വേണീസംഹാരത്തിന്റെ ഒരു തർജ്ജമ, പണ്ടു 'വിദ്യാവിനോദിനി'യിലോ മറേറാ വായിച്ചതായി ഇതെഴുതുന്ന ആൾ ഓർക്കുന്നുണ്ട്. ആ തർജ്ജമയിലെ രചനാരീതി പുതുമലയാളത്തിനു തീരെ യോജിച്ചതല്ലായ്കയാൽ, പ്രൗഢപണ്ഡിതനും പ്രസിദ്ധ കവിയുമായ പന്തളത്തു കേരളവർമ്മ തമ്പുരാനവർകൾ. പ്രസ്തുത നാടകത്തിൽ കൈവെച്ചിട്ടുണ്ടെന്നുകേട്ടപ്പോൾത്തന്നെ ഞങ്ങൾക്കു വലുതായ ആശ്വാസം തോന്നി. അവിടുത്തെ ഉചിതസമുദ്യമത്തിന്റെ ഫലമായ ഈ തർജ്ജമ വായിച്ചപ്പോഴാകട്ടെ, ആശംസയെ അതിശയിച്ച ആഹ്ലാദം ഞങ്ങൾക്കനുഭവപ്പെടുകയും ചെയ്തു.

"ശസ്ത്രത്തെശ്ശരനാമെൻജനകനിനിയെടു—
ക്കില്ല, നന്നെന്നുറച്ചി—
ട്ടുസ്സൻ നീയശങ്കം കരമിഹ ഗുരുതൻ
മൌലിയിൽച്ചേർത്ത നേരം,
വിശ്വത്തിൽപ്പ്രാർത്ഥപാഞ്ചാലകനിഖില ചമൂ—
മദ്ധ്യിയായ്ച്ചാപഭൃത്താ—
മശ്വത്ഥാമാവു വാഴുന്നൊരു കഥ വഴിപോ—
ലുള്ളിലോർത്തില്ലയോ നീ?"

പിതൃവധാമർഷിതനായ അശ്വത്ഥാമാവു ധൃഷ്ടദ്യുമ്നനോടായി പറയുന്നതായ ഈ പദ്യംപോലെയോ ഇതിൽക്കവിഞ്ഞോ രസം തുളുമ്പുന്നവയാണ് ഇതിലെ മിക്ക പദ്യങ്ങളും. ചില ശ്ലോകങ്ങൾക്കു മൂലത്തെക്കാൾ മെച്ചമേറുമെന്നുകൂടി പറയേണ്ടിയിരിക്കുന്നു. എന്നാൽ അതിനടുത്ത ഗുണം ഗദ്യങ്ങളിൽ പരക്കെ കാണുന്നില്ല. സർവതന്ത്രസ്വതന്ത്രനായ എ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാനവർകൾ ഇപ്പുസ്തകത്തിന്നെഴുതിയിരിക്കുന്ന അതിമനോഹരമായ 'ഒരു വിമർശന'ത്തിൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ,

Digitized By Kerala Sahitya Akademi

'ഒരു സംസ്കൃതച്ചുവ' ഗദ്യഭാഗങ്ങളിൽ ചിലേടത്തൊക്കെ പററിപ്പോയിട്ടുള്ളത് അടുത്ത പതിപ്പിൽ പരിഹരിച്ചാൽക്കൊള്ളാമെന്നു ഞങ്ങൾ പരിഭാഷകനെ അനുസ്മരിപ്പിച്ചുകൊള്ളുന്നു.

പരിഭാഷകൻ എഴുതിയിട്ടുള്ള പീഠികയിൽനിന്നു്, അവിടുന്നു 'മുദ്രാരാക്ഷസം' സംസ്കൃതനാടകവും പരിഭാഷപ്പെടുത്താൻ നിശ്ചയിച്ചിട്ടുള്ളതായി കാണുന്നതിനാൽ ഞങ്ങൾക്കു് അകൈതവമായ സന്തോഷമുണ്ടു്. മുമ്പു 'വിദ്യാവിനോദിനി' വഴിയായിത്തന്നെ പുറത്തിറങ്ങിയ മുദ്രാരാക്ഷസതർജ്ജമയും പഴയ മട്ടിലുള്ളതാകയാൽ അതുകൊണ്ടു മലയാളികൾക്കു തൃപ്തിപ്പെടാൻ തരമില്ലല്ലോ. മുദ്രാരാക്ഷസത്തിനുശേഷം പ്രസന്നഗംഭീരമായ 'മൃച്ഛകടിക'വും അവിടുത്തെ തൂലികയ്ക്കു ലാക്കാകട്ടേ എന്നു് ഈ അവസരത്തിൽ പ്രാർത്ഥിക്കാതിരിപ്പാൻ ഞങ്ങളുടെ 'ഭാര' സമ്മതിക്കുന്നില്ല.

Digitized By Kerala Sahitya Akademi

ഭാഷാഭൈമീപരിണയം

(നാടകം)

പരിഭാഷകൻ: വിദ്വാൻ കെ. പി. കറുപ്പൻ

മൈസൂർ മഹാരാജാവിന്റെ ആസ്ഥാനപണ്ഡിതന്മാരിൽ ഒരാളായ മണ്ടിക്കൽ രാമശാസ്ത്രി അവർകളാൽ നിർമ്മിക്കപ്പെട്ട ഒരു വലിയ നാടകമാണ് 'ഭൈമീപരിണയം.' ശ്രുതിസ്മൃതീതിഹാസാദികളിലും വ്യാകരണാദി ശാസ്ത്രങ്ങളിലും ശാസ്ത്രീകർക്കു പരിഗണനീയമായ പാണ്ഡിത്യമുണ്ട്; സംസ്കൃതഭാഷ തുലോം സ്വാധീനയുമാണ്. എന്നാൽ കവിതാദേവി ഈ ഗ്രന്ഥകാരനെ അത്ര കടാക്ഷിച്ചിട്ടില്ല. നിസർഗ്ഗസുന്ദരമായ നളോപാഖ്യാനം സാമാന്യത്തിലേറെ വികൃതമാക്കിയിട്ടാണ് 'ഭൈമീപരിണയ'ത്തിൽ പ്രതിപാദിയ്ക്കപ്പെട്ടിട്ടുള്ളത്. ആരുടെ കീർത്തനം കലിനാശനമാണെന്നു പറയപ്പെടുന്നുവോ, ആ പുണ്യശ്ലോകനായ നളൻ, ശാസ്ത്രികളുടെ അടുക്കൽ ചെന്നപ്പോഴേക്കും, ദേവന്മാർക്കുകൂടി വിശ്വാസ്യനല്ലാതായിത്തീർന്നു. പിന്നെയെങ്ങനെയാണ്, ഇന്ദ്രാദികളാൽ ആഹിതദൂത്യനായ നളന്റെ പിന്നാലെ ദമയന്തിയുടെ അടുക്കലേയ്ക്ക് അപ്സരസ്ത്രീകളെക്കൂടി ദൂതികളായി അയയ്ക്കാതിരിക്കുക? കുലീനയും വിനീതയുമായിരുന്ന ദമയന്തിയോ അഹല്യാജാരത്വവും മറ്റും പ്രഗൽഭമായി ഉപന്യസിച്ച് ഇന്ദ്രാദികളെ നല്ലകണക്കിൽ ശകാരിക്കുന്നു! ഇന്ദ്രാദികളെ മാത്രമോ? ശിവൻ, വിഷ്ണു എന്നിവരെക്കൂടിയും——ശാന്തം പാപം!! ഈ വായാടിപ്പെണ്ണിന്റെ അസഭ്യഗർജ്ജിതം മറഞ്ഞുനിന്നു കേട്ട ദേവദൂതൻ——ആ സ്വാർത്ഥത്യാഗിയും സത്യസംഗരനുമായ നളൻ—മയിലിനെപ്പോലെ നൃത്തം തുള്ളുന്നു!!!

മുലത്തെ വിമർശനംചെയ്വാൻ നമ്മൾ ശ്രമിക്കേണ്ടതില്ല. ഇത്ര വിലക്ഷണമായ ഒരു ഗ്രന്ഥം വിദ്വാൻ കറുപ്പനവർകൾ സ്വഭാഷയിലേയ്ക്കു കൊണ്ടുവന്നതെന്തിനാണ്?ഇതിൽ മിസ്റ്റർ കറുപ്പൻ അപരാധിയല്ല.സാഹിത്യകുശലൻ ടി. കെ. കൃഷ്ണമേനോനവർകളാണ് മിസ്റ്റർ കറുപ്പനെക്കൊണ്ട് ഈ പാഴ്വേലചെയ്യിച്ചത്. നളചരിതാത്മകമായ ഒരു നാടകം മലയാളഭാഷയിൽ ഇല്ലാത്തതിനെപ്പറ്റി ഭാഷാഭിമാനിയായ കൃഷ്ണമേനോനവർകൾ വളരെനാളായി വ്യസനിച്ചിരിക്കയായിരുന്നുപോൽ. അങ്ങനെ ഇരിക്കുമ്പോൾ, 'ന്യൂ ഇൻഡ്യ' എന്ന ഇംഗ്ലീഷുപത്രത്തിൽ "ഭൈമീപരിണയം എന്നൊരു സംസ്കൃതനാടകത്തെക്കുറിച്ചൊരു നിരൂപണം കണ്ടു. വേഗം ആകൃതി വരുത്തി നോക്കുകയും പത്രത്തിലെ സ്തോത്രം അസ്ഥാനത്തിലല്ലെന്നു ബോദ്ധ്യപ്പെടുകയും" "ബാലാകലേശകർത്താവായ ശ്രീമാൻ കെ. പി. കറുപ്പ"നെക്കൊണ്ടു തർജ്ജമചെയ്യിക്കുകയും ചെയ്തു. ഇങ്ങനെയാണ്, ഭാഷാഭൈമീപരിണയത്തിന്റെ ആഗമം. .തർജ്ജമ ചീത്തയാണെന്നു പറഞ്ഞുകൂടാ.

"പട്ടമദ്ദകളകണ്ഠകണ്ഠനാദം
കട്ടതരമായ്ച്ചെവികൾക്കു തോന്നിടുന്നു;
മട്ടമലർനിര ചേർന്ന മഞ്ജുകുഞ്ജ—
ത്തൊട്ട നയനങ്ങൾ വിരക്തി പൂണ്ടിടുന്നു"

(ഭാ: 12)

Digitized By Kerala Sahitya Akademi

എന്നും മറ്റുമുള്ള ഏതാനും പദ്യങ്ങളും "എന്നാലും അടിയങ്ങടെ ക്ഷേത്രത്തുച്ചേവടിയിലാണ് ഓടിയണയുന്നത്"" (144) ഇത്യാദികളായ ചില ഗദ്യങ്ങളും പരിഭാഷകൻ ഒരു വാസനക്കാരനാണെന്നു കാണിക്കുന്നുണ്ട്. (മിസ്റ്റർ കറുപ്പന്റെ മറ്റു കൃതികളൊന്നും—തത്താദൃശമായ 'ബാലാകലേശം'പോലും—ഇതെഴുതുന്ന ആൾ വായിച്ചിട്ടില്ലെന്ന് ഇവിടെ സലജ്ജം പ്രസ്താവിച്ചുകൊള്ളട്ടെ) എന്നാൽ വിദ്വാനായ കറുപ്പനവർകൾക്കു മൂലത്തിന്റെ അർത്ഥം നല്ലവണ്ണം മനസ്സിലായിട്ടില്ലെന്നു തോന്നുന്നു. ".....വനവിഹാരോപി ഭവേനവിഹാരവദേവ മേ അസഹ്യതരസംവൃത്തഃ" എന്ന വാക്യത്തിന്റെ തർജ്ജമ, ".....അരമനയിൽ എന്നപോലെ ആരാമത്തിലും വിനോദം എനിക്കു വഹിക്കുവാൻ പാടില്ലാത്ത ഭാരമായിത്തീർന്നിരിക്കുന്നു" (9) എന്നാണ്. വിനോദേ പ്രഹൃവായ ഒരു വിരഹിക്കു വിനോദം എങ്ങനെ ഭാരമാകുന്നു എന്നു ഞങ്ങൾ അറിയുന്നില്ല; ഈ വാക്യം ഇങ്ങനെതന്നെ പകർത്തിയെഴുതിയിട്ടുള്ള അവതാരികാകാരനോടു ചോദിച്ചാൽ സംശയം തീരുമോ, ആവോ! "ഉപവനത്തിലെ പെരുമാറ്റവും ഭവനത്തിലെ പെരുമാറ്റംപോലെതന്നെ എനിക്കു തുലോം അസഹ്യമായിത്തീർന്നിരിക്കുന്നു" എന്നാണ് മൂലവാക്യത്തിന്റെ അർത്ഥം. അപവാര്യ എന്നതിനു 'തടഞ്ഞിട്ട്" എന്നാണ് തർജ്ജമ. (9) ഒരു പാത്രം മറ്റൊരു പാത്രത്തോട്, ഇതരപാത്രങ്ങൾ കേൾക്കാത്തമട്ടിൽ സംസാരിക്കുന്ന ഘട്ടത്തിലാണല്ലോ നാടകകർത്താക്കന്മാർ അപവാര്യ എന്ന പദം എഴുതാറുള്ളത്. ഈ വക നടോപദേശങ്ങളുടെ അർത്ഥംപോലും ഒരു തർജ്ജമക്കാരന്നു അജ്ഞാതമായിരിക്കയോ! സകപടം എന്ന പദത്തിന്റെ തർജ്ജമയായ 'കോപത്തോടുകൂടി' (9) എന്നതിനെ അവതാരികാകർത്താവു കണ്ണടച്ചു കൈക്കൊണ്ടു,....."മധുമുഖന്റെ നേരെ കയർക്കുന്നുണ്ടെങ്കിലും" എന്നു എഴുതിയിരിക്കുന്നു. (അവ: ഭാ: 27) പരിഭാഷകപ്രസാധകന്മാർ എത്ര യോജിച്ചുനിന്നാലും 'കപടം' കോപമാകുമെന്നു തോന്നുന്നില്ല. "ചോളികൾ ശത്രുബാധിതകളായ്ക്കോപിച്ചു രോദി"ക്കലല്ല (12) "വിമതകൃപിതചോളീവിപ്രലാപഃ", സപത്നീവിഷയകമായ കോപം പൂണ്ട ചോളസ്ത്രീകളുടെ പ്രലാപമാണ്. ഒന്നാമങ്കത്തിൽ ഉപവേശം പ്രവേശവും (13) രണ്ടാമങ്കത്തിൽ ഇരിപ്പു (ാ9) മായി കാണുന്നു. ഒന്നാമങ്കം എഴുതിക്കഴിഞ്ഞതിന്നുശേഷമായിരിക്കാം, കറുപ്പനവർകൾക്ക് ഉപവേശത്തിന്റെ ശരിയായ അർത്ഥം മനസ്സിലായത്. കാലിന്മേൽ പൊൻതള ഇട്ടിരുന്നതിനാൽ കന്യകയാണെന്നു കണ്ടിട്ടാണ് ദമയന്തിയെ നളൻ കാമിച്ചതെന്നു ശാസ്ത്രികൾ പറയുന്നു; മിസ്റ്റർ കറുപ്പനോ, നളനെക്കൊണ്ട് 'ആ തനവി'യോടു "നിൻപതിയെവൻ"(15) എന്നു ചോദിക്കുന്നു. 'കന്യാർഹവേഷ'യായ ദമയന്തി ഭർത്തൃമതിയാണെന്നതിൽ മിസ്റ്റർ കറുപ്പന്റെ നളനു സംശയമില്ല; ഭർത്താവാരെന്നേ സംശയമുള്ളൂ! നീ ആരുടെ (മകൾ) എന്നർത്ഥത്തിലുള്ള 'കസ്യാസി' എന്ന മൂലവാക്യത്തെ പരിഭാഷകൻ ഇത്ര അപകടത്തിലാക്കിക്കളഞ്ഞു!! 16–ാം ഭാഗത്തുള്ള 'അന്വേഷിച്ചു വരുംവഴി' അഭിഷിഷേണയിഷുഃ എന്നതിന്റെ തർജ്ജമയാണ്. സേനയോടുകൂടി എതിരിടൽ എന്നർത്ഥത്തിലുള്ള അഭിഷേണനം അന്വേഷണമാകുമോ എന്നു അന്വേഷിക്കേണ്ടിയിരിക്കുന്നു. ".....ദ്വിഷദവസ്കന്ദനാർത്ഥം പ്രസ്ഥാതുകാമേന മയാ സമാദിഷ്ടാശ്ചന്ദ്രസേനപ്രഭൃതയഃ സേനാപതയഃ" എന്നതിനു, ശത്രുവിനെ ആക്രമിക്കുന്നതിനു പുറപ്പെടാൻ നിശ്ചയിച്ച ഞാൻ ചന്ദ്രസേനാദിസേനാപതികളെ നിയോഗിച്ചു എന്നാണല്ലോ

Digitized By Kerala Sahitya Akademi

അത്ഥം; തജ്ജമയാകട്ടെ, "ശത്രുവിനെ അക്രമിക്കുവാൻ ചന്ദ്രസേനൻ തുടങ്ങിയസേനാപതികളും എന്നോടു പറഞ്ഞു" എന്നാണു്! പരിഗ്രാഹ്യ(വേശ്യക്കത്തക്കവൾ) മിസ്റ്റർ കുറുപ്പന്റെ ഭാഷയിൽ 'അറിയപ്പെട്ടന്ന' (21) ആയിപ്പോയി! ശരൽക്കാലത്തു് ഉദ്യാനത്തിൽച്ചെന്ന നളൻ "ശിശിരത്ത്രുസംഭവ സമീരണ"നെ (21) ഏല്ക്കുന്നതു വിസ്മയകരമായിരിക്കുന്നു. മുലത്തിലെ ശിശിരവാതം കുളിർകാറ്റാണെന്നുപോലും പരിഭാഷകൻ അറിഞ്ഞില്ല!! വിനോദത്തിന്നായി ഇറങ്ങിയ നളൻ "നാലഞ്ചു നാഴികയിലധികം ഉദ്യാനത്തിൽ കഴിച്ചുകൂട്ടിയിട്ടില്ലെന്നു" അവതാരികാകാരൻ ഊഹിക്കുന്നു. പരിഭാഷകനെ പ്രമാണിച്ചു കണക്കാക്കിയാലോ, നായകൻ നാലു മാസം ഉദ്യാനത്തിൽ താമസിച്ചതായി ഊഹിക്കേണ്ടിയിരിക്കുന്നു!!! "അഹോ! മഹാൻ പരിശ്രുദ്ധ്യതിശയഃ, യ ഏവം ദമനേനാപി ശ്ലാഘ്യതേ" എന്ന വാക്യത്തിലെ യഃ എന്നതു പരിശ്രുദ്ധ്യതിശയംതന്നെയാണെന്നറിയാതെ, "ആശ്ചര്യം! പരിശ്രുദ്ധതയുടെ അതിശയം മഹത്തരമായിരിക്കുന്നു. ഇട്ടേഹത്തെ ദമനമഹഷ്ിപോലും ഇപ്രകാരം ശ്ലാഘിക്കുന്നുണ്ടല്ലോ" (31) എന്നു പരിഭാഷപ്പെടുത്തിയതു തുലോം ദയനീയംതന്നെ. "കിഞ്ചിദന്തരമന്യത്ര" (കുറച്ചിട പിന്നാലെ ചെന്നിട്ടു) എന്നതിന്നു്, "അല്പം വിചാരിച്ചു" (34) എന്നാണുപോൽ അത്ഥം.

ഇവയൊക്കെ ഒന്നാമങ്കത്തിൽമാത്രമുള്ള അപഭ്രംശങ്ങളാണു്; വേറെയും വളരെയുണ്ടതാനും. ഇനി മറങ്കങ്ങളിൽനിന്നു വേണമെങ്കിൽ, ഓരോന്നു മാത്രം എടുത്തു കാണിച്ചേയ്ക്കാം: "മമോൽഗ്രീവികയാ പശ്യതഃ" (കഴുത്തുയത്തി നോക്കുന്ന എന്റെ) എന്നതിന്റെ തജ്ജമ "എന്റെ കഴുത്തിനുനേരെ നോക്കു" (രണ്ടാമങ്കം 41) എന്നാണു്. ശ്രീസിംഹൻ എന്ന മഗധരാജാവാകുന്ന കാളമേഘം ഭൂമിയിൽ ജീവനൌഘത്തെ വഷ്ിക്കുമ്പോഴും ആരുടേയും മനോമന്ദിരമുറ്റം ചളിക്കെട്ടുകയുണ്ടായില്ല ("ചിത്രം ചിത്തഗൃഹാങ്കണം സമഭവൽ കസ്യാപി നോ പങ്കിലം") എന്നു ശാസ്ത്രികളും ആശ്ചര്യപ്പെടുമ്പോഴും, കുറുപ്പനവർകളും, "പങ്കമുംപ്പെട്ട ചിത്തഗൃഹാങ്കണങ്ങളിലഹോ സവ്വ്ക്കുമവ്വീതലേ" (മൂന്നാമങ്കം 86) എന്നു വാശിയോടെ എതിർവാദംചെയ്യുന്നു. ശാസ്ത്രികളും നളനെ രാജമാഗ്രത്തിൽ എത്തിച്ചപ്പോഴേയ്ക്കും ("രാജവീഥീമയാസീൽ") കുറുപ്പൻ പട്ടണം ചുറ്റിക്കൽ ('പട്ടണം ചുറ്റിനാൻ' നാലാമങ്കം 103) തന്നെ കഴിച്ചു!! നാലാമത്തേതായ 'തുരീയം' തജ്ജമയിൽ 'മൂന്നാമ'ത്തേ (അഞ്ചാമങ്കം 123)താണു്. "കാടതിലരുളുവതിന്നും നാസ്തി മേ വസ്തുമേകം" (ആറാമങ്കം 160) എന്നതിന്റെ മുലം ഇതാ: "വസിതുമപി വനാന്തേ വസ്തുമേകം ന മേത്രൽ" ഇതിലെ വസിതും' (ഉടുപ്പാൻ) എന്നതിന്നു വസിപ്പാൻ എന്നാണു് പരിഭാഷകൻ അത്ഥം നിശ്ചയിച്ചതു്. "സാഹസം! ചരണം ചാരു വാഹസം ഹാ ഗ്രഹിപ്പതാം" (ഏഴാമങ്കം 170) എന്ന അദ്ധം "കാന്തം മുഖമിദം കാചിൽ ഗ്രസ്യതേ ശയനാമുനാ" (ഇതൊരു ഭംഗിയുള്ള മുഖമാണു്; ഒരുവൾ ഈ പെരുമ്പാമ്പിനാൽ വിഴുങ്ങപ്പെടുന്നു) എന്നതിന്റെ തജ്ജമയാണു്. 'ആകണ്ഠം പാമ്പു വിഴുങ്ങിയ ദമയന്തിയുടെ 'ചരണം' ദുഷ്ടസേനന്നു ദുഷ്ടിഗോചരമായതെങ്ങനെ? "സാഹാരമണനേ രാഹു ഗ്രഹിച്ചിടുന്നുവോ ഭവി" എന്നു് അവൻ സന്ദേഹിച്ചതെന്തുകൊണ്ടു്? അഥവാ, കാലിന്നു ചന്ദ്രസാദൃശ്യം കല്പിച്ചതു് ഒരു നല്ല പുതുമയാണല്ലോ! "വിലിഖികോപി വിജ്ഞാപ്യതാം തദീയോ വ്യവഹാരഃ" (എഴുതിക്കൊടുത്തിട്ടുണ്ടെങ്കിലും ഭവാന്റെ വ്യവഹാരം

Digitized By Kerala Sahitya Akademi

ബോധിപ്പിക്കു) എന്നതിന്നു, 'നിങ്ങളുടെ വ്യവഹാരത്തെ ചുരുക്കത്തിൽ ബോധിപ്പിക്കാം' (എട്ടാമങ്കം. 207) എന്ന അർത്ഥം ഉണ്ടായതെങ്ങനെയോ? പയോധികന്യാപതിപാദപത്മമരന്ദധാരയുടെ (വിഷ്ണുപദഗളിതയായ ഗംഗയുടെ) കരയിൽ ചെന്നു താമസിക്കുന്ന സത്യവ്രതൻ മലയാണ്മയിൽ ഇറങ്ങിയപ്പോൾ, "മതിമധുപനു നിമ്നഗേശകന്യാപതിപദപത്മമരന്ദമേ ക"ന്നവനായിച്ചമഞ്ഞു! (ഒമ്പതാമങ്കം. 226) മരന്ദം കണ്ടപ്പോൾ ഒരു 'മധുപ'നെ കൊണ്ടുവരാതിരിപ്പാൻ പരിഭാഷകന്റെ രസികത സമ്മതിച്ചില്ല!! 'ചിത്രീയമാണ'യുടെ തജ്ജമയായ 'ചിത്രംപോലെ നിന്നിരുന്ന' (പത്താമങ്കം. 250) കണ്ടാൽ സംസ്കൃതാഭിജ്ഞന്മാർ ചിത്രീയമാണ(വിസ്മയപ്പെടുന്നവ)രായിത്തീരും.

വാസനക്കാരനായ കുറുപ്പുനവർകൾ ഒരു സാധാരണ സംസ്കൃതഗ്രന്ഥം വായിച്ചു ഗ്രഹിപ്പാൻ വേണ്ട വ്യുൽപത്തി സമ്പാദിച്ചതിന്നുശേഷം, നല്ല ഒരു കാവ്യം പരിതോഷപ്പെടുത്തിക്കാണ്മാൻ ഞങ്ങൾക്ക് ആഗ്രഹമുണ്ട്. ഒരു ഹൈസ്കൂളിലെ സംസ്കൃതപണ്ഡിതൻ എന്ന നിലയിലും മിസ്റ്റർ കുറുപ്പുന്നു സംസ്കൃതപരിജ്ഞാനം ആവശ്യകമാണല്ലോ. മേലിലെങ്കിലും ഈ ഗുരുവിന്റെ ശിഷ്യർ, മാതാവിന്നൊത്ത (ഋകാരാന്തമായ) യാതാവിനെ (ഭർത്തൃസഹോദരഭാര്യയെ)'യാത'യാക്കാം ('ഭാഷാഭൈമീപരിണയ'ത്തിൽ പരിഭാഷകന്റെ ശിഷ്യൻ പി. സി ശങ്കരൻ എന്ന ഒരാൾ എഴുതിച്ചേർത്തിട്ടുള്ള 'പദാർത്ഥബോധിനി'യിൽ രണ്ടാമങ്കം 32—ാംശ്ലോകത്തിന്റെ ടിപ്പണം നോക്കുക) എന്നും മറ്റും തെറ്റിദ്ധരിക്കാതിരിക്കട്ടെ. കച്ചവടക്കാരുടെ കൂട്ടം എന്നർത്ഥത്തിലുള്ള 'വണിക്സാർത്ഥ'ത്തെ 'വണിക്സാർത്ഥൻ' എന്നൊരാളാക്കിക്കല്പിച്ചു ("വണിക്സാർത്ഥനോടുകൂടെ ചേദിപുരത്തിൽ പോകുന്നു." ഏഴാമങ്കം. 194) പരിഭാഷകൻ പ്രസാധകനും തെറ്റിദ്ധാരണ പിണച്ചിരിക്കുന്നു. (അവതാരികയുടെ 14—ാം ഭാഗവും മറ്റും നോക്കുക) ഈ 'വണിക്സാർത്ഥനെ' കണ്ടുപിടിപ്പാൻ, പാത്രനിരൂപണം സവിസ്തരമായി ചെയ്യുമ്പോഴും അവതാരികാകാരൻ ശ്രദ്ധിച്ചിട്ടില്ല. കാട്ടിൽവെച്ചു ദമയന്തിയെ കാമിക്കുന്നതു കാമദാസനാണ്; ദമയന്തിയുടെ പേരിൽ വ്യവഹാരം ബോധിപ്പിക്കുന്നതോ, അയാളുടെ അച്ഛൻ ധനദാസനുമാണ്! അഹോ, നമ്മുടെ 'വണിക്സാർത്ഥൻ' എവിടെയുള്ളു പോയുള്ളൂ!!

മൂലത്തിലെ പല അംശങ്ങളും പരിഭാഷകൻ വിട്ടുകളഞ്ഞതെന്തിനാണെന്നു പരിഭാഷകന്റെ വിജ്ഞാപനത്തിൽനിന്നോ അവതാരികയിൽനിന്നോ മനസ്സിലാകുന്നില്ല. പ്രസ്താവനയിലെ കവി പ്രശംസാപരമായ രണ്ടു ശ്ലോകം തജ്ജമയിൽ പെടുത്താഞ്ഞതിൽ നഷ്ടമില്ലെന്നു സമാശ്വസിക്കാം: പകരമായി, 'ഗോശ്രീശ്വര'നെയും 'നൈത്യാരമ്മ'യേയും ഒരു 'കൃഷ്ണാഭിധ'നെയും മൂന്നു പദ്യങ്ങൾകൊണ്ടു പരിഭാഷകൻ വർണ്ണിച്ചിട്ടുണ്ട്; തന്നെയും ഒരു ശ്ലോകംകൊണ്ടു പ്രശംസിച്ചിട്ടുണ്ട്. എന്നാൽ ഒന്നാം അങ്കം 36—ാം ശ്ലോകത്തിനു താഴെ ചേർക്കേണ്ടതായ അശോകന്റെ ഒരു ചെറുവാക്യവും രാജാവിന്റെ 'മയ്യാസന്നേ' ഇത്യാദിയായ ഒരു പദ്യവും അവിടവിടെ മറ്റു പലതും വിട്ടുകളഞ്ഞതിന്നു എന്താണാവോ, സമാധാനം? വിട്ടുകളഞ്ഞതിൽ ഞങ്ങൾക്കു സങ്കടമുള്ളതായി വായനക്കാർ തെറ്റിദ്ധരിയ്ക്കുമ്പോൾ. നേരേമറിച്ചു, ഈ വിടൽ 'ഭൈമീപരിണയ'ത്തെ മുഴുവനും സംബന്ധിച്ചതായിരുന്നു എങ്കിൽ (ഇതു തജ്ജമചെയ്യാതിരുന്നു എങ്കിൽ) നമുക്കു സന്തോഷിയ്ക്കുതന്നെ ചെയ്യാമായിരുന്നു!

Digitized By Kerala Sahitya Akademi

പക്ഷേ ഈ വിട്ടുവീഴ്ചകൾ കൃഷ്ണമേനോനവർകളെ വല്ലാതെ വേദനപ്പെടുത്തിക്കളയും. ശാകുന്തളത്തിന്റെയും ഉത്തരരാമചരിതത്തിന്റെയും അനന്തരവസ്ഥാനത്തിന്നു് അവകാശമുള്ള ഒരു നാടകമാണു് മൈമീപരിണയം എന്നത്രേ അദ്ദേഹത്തിന്റെ 'താഴ്മയായ അഭിപ്രായം.' (ശാകുന്തളോത്തരരാമചരിതങ്ങൾക്കു പിന്നീടുണ്ടായ ഏതു നാടകത്തിന്നും അവയുടെ അനന്തരവസ്ഥാനം കല്പിക്കാം!) ഇത്രയും പ്രശസ്തമായ ഒരു കൃതിയിൽ നിന്നു് ഒരൊറ്റ അക്ഷരംപോലും കൈവിട്ടുപോകാമോ! ഭാഗ്യംകൊണ്ടു് ഈ ചോച്ചുയൊന്നും മേനോനവർകൾ കണ്ടിട്ടില്ല. മുന്നാമങ്കത്തിലെ ശ്രാദ്ധവിഷ്കംഭം മുഴുവനും ചോന്നുപോയ അത്യാപത്തുകൂടി അദ്ദേഹം അറിഞ്ഞിട്ടില്ല. പുഷ്കരന്റെ സേനാപതികളായ പൃഥസേനചണ്ഡസേനന്മാരുടെ സംഭാഷണം കേൾക്കാഞ്ഞതിനാൽ അവതാരികാകാരന്നു പുഷ്കരന്റെ മൈമീകാമുകത്വം അറിവാൻ പുഷ്കരനെത്തന്നെ കാണുക വേണ്ടിവന്നു. അവതാരികാകാരൻ മുന്നാമങ്കത്തിൽ കണ്ട വന്ദിയും മൂലത്തിലെ കുറെ ഗദ്യവും എട്ടു പദ്യവും നമ്മെ കേൾപ്പിക്കുന്നില്ല. ഹാ, എന്തൊരു വിശ്വാസവഞ്ചനയാണു് കൃഷ്ണമേനോൻ അവർകളോടു പരിഭാഷകൻ ചെയ്തുകളഞ്ഞതു്! മേനോനവർകൾ "പത്രത്തിലെ സ്തോത്രം അസ്ഥാനത്തിലല്ലെന്നു ബോധ്യപ്പെട്ട"മാറു മൂലം വായിച്ചുനോക്കിയിട്ടുള്ള സ്ഥിതിക്കു, തർജ്ജമയിൽ വിട്ടുപോയ ഭാഗങ്ങൾ കണ്ടെത്തുകയും അവകൂടി പരിഭാഷപ്പെടുത്തിക്കയും ചെയ്യാഞ്ഞതു് അത്യത്ഭുതമെന്നേ പറയേണ്ടൂ!

'ഭാഷാമൈമീപരിണയ'ത്തിൽ അനവധി അപഭ്രംശങ്ങളും അപശബ്ദങ്ങളുമുണ്ടു്; അസഹ്യങ്ങളായ അശ്ലീലങ്ങൾകൂടി കടന്നുകൂടിയിട്ടുണ്ടു്. എന്നാൽ നമ്മുടെ കുറ്റപ്പനവർകൾ ഈ മാതിരിയുള്ളെങ്കിലും തർജ്ജമ കഴിച്ചതു തീർച്ചയായും അഭിമാനകരമാകുന്നു. അഥവാ, ഇതു് ഇത്രയെങ്കിലും നിർദ്ദോഷമായതു, പ്രസാധകന്റെ 'സ്നേഹിതനും കവിയും പണ്ഡിതനുമായ ശ്രീമാൻ വടക്കുംകൂർ രാജരാജവർമ്മരാജാവവർക'ളുടെ പരിശോധനയാലായിരിക്കാം. പ്രസാധകന്റെ അവതാരികയും രാജാവവർകളെക്കൊണ്ടോ മറേറാ ഒന്നു പരിശോധിപ്പിക്കേണ്ടതായിരുന്നു. കാരണസഹിതം അതിനെ കൈക്കൊണ്ടില്ല' (അവ: ഭാ: 7) 'അതിനെ സത്യസന്ധനായ നളനുസമ്മതമായിരുന്നില്ല' എന്നീവക വക്രീൽവാചകങ്ങളും സാഹിത്യത്തിന്നു ചേർന്നവയല്ലല്ലോ.

മൂലം മുഴുക്കെ ശ്രേഷ്ഠം; തർജ്ജമയോ അബദ്ധനിബിഡം. എന്നാലും, "മത്സരബുദ്ധികളും അസൂയാകലുഷമതികളുമല്ലാത്ത എല്ലാ സഹൃദയന്മാരും 'ഭാഷാമൈമീപരിണയ'ത്തെ നമ്മുടെ ഭാഷയ്ക്കു് ഒരു ഭൂഷണമായി കൊണ്ടാടാതെ ഇരിക്കയില്ല" എന്നു പ്രസാധകൻ പറയുന്നു. മത്സരികളായാലും കൊള്ളാം, അസൂയാലുക്കളായാലും കൊള്ളാം, മറെറന്തപഖ്യാതി വന്നാലും കൊള്ളാം, ഈ ഗ്രന്ഥത്തെ കൊണ്ടാടാൻ ഞങ്ങൾക്കു ധൈര്യമില്ല! നളചരിതനാടകം ഇല്ലാഞ്ഞിട്ടു കൈരളി കണ്ണുപ്രാണയായി കിടന്നുകൊള്ളട്ടെ!!

ഇപ്പുസ്തകം കൊച്ചി വലിയതമ്പുരാൻ തിരുമനസ്സിലെ തൃപ്പാദങ്ങളിൽ സമർപ്പിതവും തിരുമനസ്സിലെ മനോഹരമായ ഛായാപടത്താലും മധുരപ്രൌഢമായ 'തൃക്കൈവിളയാട്ട'ത്താലും അലംകൃതവുമാകുന്നു. 'തൃക്കൈവിളയാട്ട' (അനുമോദനപത്രം)ത്തിൽ, തിരുമനസ്സിലേയ്ക്കു് അധഃകൃതവർഗ്ഗങ്ങളുടെ അഭ്യുന്നതിയിലുള്ള ആഹ്ലാദകരമായ താൽപര്യം തെളിഞ്ഞു വിളങ്ങുന്നുണ്ടു്. അവിടുത്തെ മഹാമനസ്കതയെ ഞങ്ങൾ ആദരപൂർവ്വം ആരാധിക്കുന്നു.

Digitized By Kerala Sahitya Akademi

വിരഹതാപം

ഗ്രന്ഥകർത്താവ്: കുന്നത്തു ജനാർദ്ദനമേനോൻ

പദ്യകൃതികളെ അങ്ങനെതന്നെ തർജ്ജമചെയ്യുന്നതിനെക്കാൾ നല്ലത്, അവയിലെ ആശയങ്ങൾ വ്യാഖ്യാനിച്ചു സ്പഷ്ടമാക്കിയും "ഇന്നത്തെ അനുഭവങ്ങളോടു കഴിയുന്നേടത്തോളം ഇണക്കി"യും സ്വന്തം അറിവും മറ്റുമുപയോഗിച്ചു പുതുക്കിയെഴുതുന്നതാണ് എന്നഭിപ്രായത്താൽ, പ്രസിദ്ധഗദ്യകാരനായ കുന്നത്തു ജനാർദ്ദനമേനോൻ അവർകൾ ഏഴുകാണ്ഡമുള്ള ഉത്തരരാമചരിതനാടകത്തെ പതിനാലധ്യായങ്ങളാക്കി വിസ്തരിച്ചെഴുതിയ ഒരു ഗദ്യകാവ്യമാണ് 'വിരഹതാപം.'

ഗ്രന്ഥകർത്താവിന്റെ വ്യാഖ്യാനം ചിലേടത്ത് ഏറ്റവും ചമൽക്കാരകരമായിരിക്കുന്നു. തദുദാഹരണങ്ങളിൽ ഒന്നാണ്, ഋശ്യശൃംഗാശ്രമത്തിൽനിന്നു ഗുരുജനപ്രേഷിതനായ അഷ്ടാവക്രൻ ഋശ്യശൃംഗന്റെ പുത്രോദയാശീർവ്വാദഗർഭമായ സന്ദേശം പറഞ്ഞു കേൾപ്പിച്ചപ്പോൾ രാമൻ 'സഹസ്രലജ്ജാസ്മിത'നായിത്തീർന്നതിനെപ്പറ്റി ഉപപാദിക്കുന്ന ഭാഗം. 25-ാം ഭാഗത്തു മന്ഥരയെ വർണ്ണിച്ചിരിക്കുന്നതും 76-ാം ഭാഗത്തു കവിതന്നെ രാമനോടു പറയുന്നതുമായ വാക്യങ്ങളിലെ രസഭാവങ്ങളും "ഇതാ ലക്ഷ്മണൻ ആ ദുഃഖാഗ്നികുണ്ഡത്തിന്റെ മേല്പലക വലിച്ചു നീക്കിത്തുറക്കുവാൻ പോകുന്നു" (ഭാ: 29) ഇത്യാദിയിലെ പുത്രമോടിയും 160-ാം വശത്തുള്ള ജൃംഭകോസ്രുവർണ്ണനത്തിന്റെയും മറ്റും പ്രൌഢിയും "സ്വന്തം യോഗ്യതയെ പാഴിൽ ഒഴുക്കിക്കളയുവാനായി താൻതന്നെ പെട്ടിനീട്ടുന്ന ഒരു വലിയ തോടാണ് ആത്മപ്രശംസ" (ഭാ: 23) മുതലായ സുഭാഷിതങ്ങളും ഈ കൃതിയെ പ്രശോഭിപ്പിക്കുന്നുണ്ട്.

എന്നാൽ ഇത്രയധികം മനശ്ശാസ്ത്രാന്വേഷണവും തത്ത്വവിചിന്തനവും മറ്റും ചെയ്യു വ്യർത്ഥാസ്ഥൂലതയും തദ്വാരാ അസഹനീയമായ രസവിച്ഛിത്തിയും വരുത്തിയിട്ടില്ലായിരുന്നുവെങ്കിൽ, ഈ കാവ്യം കുറെക്കൂടി പ്രശസ്തമായേനേ. ഇതിലുള്ള മനസ്തത്ത്വവിമർശനത്തിൽ ഒന്നുരണ്ടെണ്ണം ഇവിടെ കാണിക്കാം: ഒരു ദുഃഖം ഒരാൾക്കുമാത്രം അനുഭവിക്കുന്നതായിവരുമ്പോഴേ അതു ദുസ്സഹമായിത്തോന്നുകയുള്ളു എന്നും അതേദുഃഖം ആയാളെസ്സംബന്ധിച്ച എല്ലാവരും അനുഭവിക്കുന്ന ഒന്നാണെന്നറിയുമ്പോൾ അതു മനസ്സിന്ന് 'ഒരുവക രസമായിട്ടാണ് തീരുക' എന്നുമുള്ള 'മനസ്തത്ത്വം ഗ്രഹിച്ചുകൊണ്ടാണ'ത്രേ രാമൻ ഗുരുജനവിയോഗത്താൽ പീഡിതയായ സീതയെ ആശ്വസിപ്പിപ്പാനായി, "പിതൃജനവിരഹത്താൽ നാമെന്നപോലെ, നമ്മെ പേർ പിരിയുകയാൽ പിതൃജനങ്ങളും ദുഃഖിതരായിട്ടാണിരിക്കുന്നത്" എന്നു പറഞ്ഞത്. ഇതെങ്ങനെ പ്രകൃതത്തിൽ യോജിക്കും? "സ്നിഗ്ധജനസംവിക്തേ ഹി ദുഃഖം സഹ്യവേദനം ഭവതി" എന്ന മഹാകവിവാക്യത്തെ ആരും അപലപിക്കുകയില്ല; സഹതപിപ്പാനാളുകളുണ്ടെങ്കിൽ, ദുഃഖത്തിന്നു ലാഘവം തോന്നുമെന്നതു വാസ്തവംതന്നെ. എന്നാൽ, ഇവിടെ സീതയുടെ ദുഃഖത്തിൽ സഹതപിക്കുകയല്ല, പുത്രീവിരഹത്താൽ പരിതപിക്കുകയാ

Digitized By Kerala Sahitya Akademi

ണല്ലോ ജനകാദികൾ ചെയ്യുന്നത്". 5—ാം ഭാഗത്ത്", 'അറിയുക' എന്നതിന്റെ സ്വഭാവം വിവരിച്ചിട്ടുള്ളതിൽ, തുറന്ന ജ്ഞാനദ്വാരത്തെ പ്രാപഞ്ചികമോഹം വീണ്ടും അടച്ചുകളയുന്നതായി ഉപന്യസിച്ചിരിക്കുന്നത് ആത്മജ്ഞാനത്തെ സംബന്ധിച്ചേടത്തോളമേ ശരിയാകയുള്ളൂ. ഇവിടെ രാമൻ പറഞ്ഞതോ, 'ലൌകികന്യായ'മാണെന്നു ഗ്രന്ഥകാരൻതന്നെ സമ്മതിക്കുന്നു. അതിനാൽ ഈ വിചിന്തനവും അസംഗതംതന്നെ: എന്നുമാത്രമല്ല, ഗൃഹസ്ഥാശ്രമികളുടെ കർത്തവ്യഗൌരവത്തെപ്പറ്റിയും തന്മൂലകമായ അസ്വാതന്ത്ര്യത്തെപ്പറ്റിയുമുള്ള അറിവു ജാനകിക്കുണ്ടായത്", ഈ ഘട്ടത്തിൽ ഭർത്താവ് പറഞ്ഞപ്പോൾ മാത്രമാണെന്ന് ഉൽഘോഷിച്ചിട്ടുള്ളതിനാൽ, സീതയുടെ ലോകോത്തരമായ 'ഗൃഹിണീ'ത്വത്തെ ഇടിച്ചു താഴ്ത്തുകകൂടി ചെയ്തിരിക്കുന്നു. നാലാമധ്യായത്തിൽ, ആത്രേയിയുടെ മുഖത്തുനിന്നു സീതാപരിത്യാഗവൃത്താന്തം കേട്ട തീവ്രമായി ദുഃഖിക്കുന്ന വാസന്തിയെ നോക്കി, ഗ്രന്ഥകാരൻ 'മനുഷ്യമനോയന്ത്രത്തിന്റെ ഗതിവിശേഷ'ത്തിൽ അത്ഭുതപ്പെട്ടുകൊണ്ട്, 'പാന്ഥർ പെരുവഴിയമ്പലം തന്നിലെ' ഇത്യാദിവാക്യങ്ങളുടെയും മറ്റും സാരമെടുത്ത് ഒരു ദീർഘമായ 'വേദാന്തവാദം' നടത്തിയിട്ടുണ്ട്". തന്റെ നിഷ്കളങ്കമായ 'താരാമൈത്രി'ക്കു വിഷയമായ ജാനകിയെ കാട്ടിൽക്കളഞ്ഞ കഥ കേട്ടു മൂർച്ഛിച്ചു വീഴുന്ന ആ ജനസ്ഥാനദേവതയുടെ 'ഈ കഠിനദുഃഖം എന്തിന്"?' എന്നു ഗ്രന്ഥകാരൻ ചോദിക്കുന്നു. ഈ ചോദ്യം, പ്രിയജനവിപത്തിൽ ദുഃഖിക്കുന്ന ഏതൊരാളോടും ചോദിക്കാവുന്ന ഒന്നല്ലയോ? ജാനകി അയോദ്ധ്യയിലിരുന്നാലും പരിത്യക്തയായി ദുർമൃതിപ്പെട്ടുപോയാലും വാസന്തിക്കു സീതാവിയോഗം അതിരില്ലാത്തതാകയാൽ, ഇപ്പോൾ വിശേഷിച്ചു വ്യസനിപ്പാനില്ലെന്നാണ് ഗ്രന്ഥകാരന്റെ തീരുമാനം. വാസന്തി സഖീവിയോഗത്താലല്ല, സഖിയെ ഭർത്താവു ത്യജിച്ചതിനാലാണ് ദുഃഖിക്കുന്നത്". സീത ഭർത്താവൊന്നിച്ചു മഹാരാജ്ഞിയായി രാജധാനിയിൽ വാണരുളുന്നതിൽ സന്തോഷിച്ചുകൊണ്ടാണ്", പരിത്യാഗവൃത്താന്തം കേൾക്കുന്നതിനുമുമ്പു വാസന്തിയുടെ നില. അതു നിഷ്കാമവും നിർമ്മലവുമായ സ്നേഹത്തിന്റെ സ്വഭാവവുമാകുന്നു. "രാമചന്ദ്രനും ജാനകിയും അയോദ്ധ്യയിൽ മടങ്ങിയെത്തി സുഖവാസം തുടങ്ങിയപ്പോൾ വാസന്തി തന്റെ നിവാസപ്രദേശത്തിൽനിന്നു" ഒരുവക ദുഃഖരസമാണ്"" പോൽ "അനുഭവിക്കുവാൻ തുടങ്ങിയത്"." ഈ ദുഃഖരസത്തിനും ഒരു വൈശിഷ്ട്യമുണ്ട്". 'ദുഃഖഭാവം- പഴകിയാൽ 'ദുഃഖരസ'മായി എന്നത്രേ, ഈ കൃതിയിൽ പലദിക്കുകളിലുള്ള നിർവചനങ്ങൾകൊണ്ട് മനസ്സിലാക്കേണ്ടത്"!! ഇത്ര മനോവൃത്തികളെ അധികമായി വർണ്ണിക്കുന്ന ഒരു ഗ്രന്ഥമാകയാലായിരിക്കാം, പ്രേമഭാവം, അറിയുക എന്ന ഭാവം, മനോഭാവം, തപോഭാവം സങ്കല്പഭാവം എന്നും മറ്റുമായി ഭാവപദങ്ങൾ അനവധി ഉപയോഗിച്ചിരിക്കുന്നത്". 204—ഭാഗങ്ങളുള്ള ഇപ്പുസ്തകത്തിൽ ചുരുങ്ങിയാൽ, ഭാഗമൊന്നിനു മുന്നു വീതം 'ഭാവ'ങ്ങൾ കാണും. അത്ര ഭാവഗർഭമാണ് ഈ കാവ്യം!!

അഞ്ചാം അധ്യായത്തിൽ, ശൂദ്രതാപസനെ വധിപ്പാൻ സദയോദ്യതഖഡ്ഗനായി നില്ക്കുന്ന രാമന്റെ മുമ്പിൽവെച്ചു, വർണ്ണാശ്രമവിധിയെയും ദേഹത്തിന്റെ നശ്വരതയെയും അധികരിച്ചു ചെയ്തിട്ടുള്ള ദീർഘപ്രസംഗം വായിച്ചാൽ, ഭാരതീയകവികളെ വർണ്ണനങ്ങൾകൊണ്ടു രസംകെടുക്കുന്നവർ എന്നു പുച്ഛിക്കുന്ന 'പച്ചസ്സഹൃദയ'ന്മാർ എന്തു പറയുമോ,

Digitized By Kerala Sahitya Akademi

47681

ആവോ! ഈ പ്രസംഗത്തിലെ പ്രമേയങ്ങളോ, പലവുരു ചർവിതചർവിതങ്ങൾ! ഇതുപോലെതന്നെയാണ് 185–ാം വശത്തുള്ള സ്ത്രീലജ്ജാപ്രശസ്തിയും.

ആദ്യത്തിലുണ്ടായ ദയയെ പ്രിയാപരിത്യാഗസ്മരണയാൽ നീക്കിക്കളഞ്ഞു വജ്രഹൃദയനായിത്തീർന്നിട്ടാണ് രാമൻ ശംബൂകന്റെ തല വെട്ടിയത് എങ്കിൽ, (72–ാം ഭാഗം നോക്കുക) 'ഉത്തരരാമചരിത'കർത്താവു "കഥഞ്ചിൽ പ്രസൂത്യ" (പണിപ്പെട്ടു വെട്ടിയിട്ട്) എന്നെഴുതിയിരിക്കുന്നത് എന്തുകൊണ്ടോ? "വീരനായ പുത്രനുണ്ടാകട്ടെ" എന്ന വസിഷ്ഠാശീർവാദവും "നിന്റെ മടിയിൽ ക്രീഡിച്ചുകൊണ്ടിരിക്കുന്ന പുത്രനോട്ടുകൂടി ഞാൻ കണ്ടുകൊള്ളാം" എന്ന ഋശ്യശൃംഗസന്ദേശവും വിരഹതാപത്തിലെ നായികാനായകന്മാരെ കുറഞ്ഞൊന്നു പരിഭ്രമിപ്പിയ്ക്കുന്നതാണ്. എന്തുകൊണ്ടെന്നാൽ, സീത "ഇരുകുട്ടികളെ ഒന്നിച്ചു പ്രസവിക്കയാണ് ചെയ്ക" എന്ന് ഉദരപരാമർശനത്താൽ മുമ്പുതന്നെ "രാമചന്ദ്രൻ നിശ്ചയിച്ചിട്ടുണ്ട്;" തദനന്തരം ഏതാനും നാഴികയ്ക്കുള്ളിൽ സീതയും ഇതു മനസ്സിലാക്കിയിരിക്കുന്നു. സൂനൃതവാക്കുകളായ വസിഷ്ഠനും ഋശ്യശൃംഗനുമാകട്ടെ ഒരൊറ്റ പുത്രനെപ്പറ്റിയേ സംസാരിക്കുന്നുള്ളൂ! അപ്പോൾ തങ്ങളുടെ ധാരണ ശരിയല്ലായിരിക്കുമോ എന്ന് ഋഷിവാക്കിൽ ദൃഢവിശ്വാസമുള്ള സീതാരാമന്മാർ സംഭ്രമിച്ചുപോകാൻ ന്യായമുണ്ടല്ലോ. "വീരപ്രസവാ ഭൂയാഃ" (നീ വീരരെ പ്രസവിക്കുന്നവളായി വരട്ടെ) "പുത്രപൂണ്ണ്ടോത്സംഗാമായുഷ്മതീം ദ്രക്ഷ്യാമഃ" (പുത്രരെക്കൊണ്ടു നിറഞ്ഞ അങ്കഭാഗത്തോടുകൂടിയ ഭവതിയെ ഞങ്ങൾ കണ്ടുകൊള്ളാം) എന്നീ മൂലവാക്യങ്ങളിലെ ('വീരപ്രസവാ,' 'പുത്രപൂണ്ണ്ടോത്സംഗാം') എന്നീ സമസ്തപദങ്ങളുടെ ഔചിത്യം ഗ്രന്ഥകാരൻ ഗ്രഹിക്കേണ്ടതായിരുന്നു. ഉത്തരരാമചരിതത്തിൽ, "കഃ കോത്ര ഭോഃ, വിശ്രാമ്യതാമഷ്ടാവക്രഃ" എന്നു രാമൻ ഗുരുജനസന്ദേശഹരനെ യഥോചിതം ഉപചരിപ്പാൻ ഏർപ്പാടു ചെയ്യുന്നുണ്ട്; വിരഹതാപത്തിലോ, "അഷ്ടാവക്രമുനിക്കു പറവാനുള്ളതെല്ലാം പറഞ്ഞു കഴിഞ്ഞതുകൊണ്ട്, അദ്ദേഹം വിശ്രമിപ്പാനായി അന്തഃപുരത്തിൽനിന്ന് ഇറങ്ങിപ്പോകു"യാണ് ചെയ്യുന്നതു്.

ഉത്തമദമ്പതികൾക്കു മംഗളം (വിരഹദുഃഖവാസ്പുഷ്ടമായ ആനന്ദം) ആശംസിക്കുന്നതായ 'അദ്വൈതം സുഖദുഃഖയോഃ' ഇത്യാദി പദ്യത്തിന്റെ സ്ഥാനത്തു, പത്നീപ്രണയത്തെമാത്രം വർണ്ണിച്ചിരിക്കുന്നതിന്റെ (ഭാ:39) ന്യൂനതയെപ്പറ്റി വിശേഷിച്ചൊന്നും പറയേണ്ടതില്ല. ഇതു മന്നാടിയാരവർകളുടെ തർജ്ജമയനുസരിച്ചെഴുതിയതായിരിക്കണം. എന്നാൽ, "കാലേന തീർന്നാമറവുകളൊട്ടവിൽ സ്നേഹസത്തായും" എന്നതിന്നു, "കാലഭേദത്താൽ നേരിടുന്ന വിയോഗം പിന്നീടുണ്ടാകുന്ന സംയോഗത്തിൽ പ്രേമശക്തിയെ വർദ്ധിപ്പിക്കുമാറാണ് പ്രവർത്തിക്കുക" എന്ന അർത്ഥം കിട്ടുമോ എന്നും, കിട്ടിയാൽത്തന്നെ, അതു് ഒരുൽകൃഷ്ടപ്രേമത്തിന്റെ ലക്ഷണമാവുമോ എന്നും സംശയിക്കേണ്ടിയിരിക്കുന്നു.

'അസ്ഥിന്നേവ ലതാഗൃഹേ' ഇത്യാദി പദ്യത്തിലെ "ഹംസൈഃ കൃതകൌതുകാ" എന്നതിനെ "ഒരു ഹംസത്തെ നോക്കി രസിച്ചുകൊണ്ട്" (ഭാ:117) എന്നാക്കി ഹംസങ്ങളുടെ ബഹുത്വം കളഞ്ഞിട്ട് എന്തു ലാഭം കിട്ടി എന്നു മനസ്സിലാകുന്നില്ല. 'ശ്രമാംബു ശിശിരീഭവേൽ' എന്നു തുടങ്ങുന്ന പദ്യത്തെ 'ശ്രമാംബുശിശിരീഭവേൽ' എന്ന വ്യംഗ്യഭ്രയിഷ്ഠമായ

Digitized By Kerala Sahitya Akademi

പദം തീരെ വിട്ടുകളഞ്ഞിരിക്കുന്നു. (189–ാംവശത്തു 'ഗംഗാനദിയിൽ നിന്നു" എന്നു തുടങ്ങുന്ന വാക്യം നോക്കുക). ചിത്രകൂടത്തിലെ പ്രസിദ്ധയായ 'മന്ദാകിനീ' നദിയെ ഗംഗയെന്നാണു നമ്മുടെ ഗ്രന്ഥകാരൻ വ്യവഹരിക്കുന്നതു. 67–ാം ഭാഗത്തുള്ള മധ്യാഹ്നവർണ്ണനയിൽ മൂലത്തിലെ സ്വഭാവോക്തി മിക്കതും കളഞ്ഞു 'പരവധാനിയൊന്നു നീട്ടിവിരിച്ചു' രിക്കയാണു. പരവധാനി വിരിക്കൽ പലരും പലപ്പോഴും കഴിച്ചിട്ടുണ്ടല്ലോ.

വൃദ്ധകഞ്ചുകിയോടു 'രാമഭദ്ര' എന്നു തന്നെ വിളിച്ചുകൊൾവാൻ അനുവദിച്ചു, 'മനോഭാവംപോലെതന്നെയായിരിക്കണം വാക്കും പ്രവൃത്തിയും എന്നുപദേശി'ച്ച രാമചന്ദ്രൻ (ഭാ: 9)അഷ്ടാവക്രകഥിതമായ മാതൃസന്ദേശത്തിനു (ഗർഭിണിയായ ജാനകിക്കു് ഏതൊരാഗ്രഹമുണ്ടായാലും ഉടൻ നിറവേറ്റിക്കൊടുക്കണം എന്നതിനു) മറുപടി പറയുമ്പോൾ, 'തന്റെ മനോഭാവത്തെ ശരിക്കു വെളിപ്പെടുത്തു'വാൻ മടിച്ചതു (ഭാ: 11) മൂലപദേശത്തിനു വിരുദ്ധമാകുന്നു. മൂലത്തിലുള്ളതുപോലെ, 'ക്രിയതേ യദ്യേഷാ കഥയതി' (ഇവൾ ആവശ്യപ്പെട്ടാൽ ഉടനടി സാധിപ്പിച്ചുകൊള്ളാം) എന്നുതന്നെ 'തുറന്നു പറഞ്ഞാൽ' ഒരു വിനയക്കുറവും വരാനില്ല. ഇതു കേട്ടാൽ, മകൻ 'പത്നീപ്രണയത്തിൽ അസാമാന്യമായ് ലയിച്ചുപോയിരിക്കുന്നു' എന്നല്ല, സന്താനരക്ഷയിൽ ജാഗരൂകനായിരിക്കുന്നു എന്നാണു അമ്മമാർ അർത്ഥമാക്കുക. ഗർഭിണികൾക്കു 'ശ്രദ്ധാവിഘാതം' വരുത്തുന്നതു ശിശുവിനു ഹാനികരമാണെന്നു, വൈദ്യശാസ്ത്രസഹായം കൂടാതെതന്നെ മിക്ക സ്ത്രീകൾക്കും അറിയാം. രാമചരിതചിത്രദർശനത്തിൽ ജാനകിക്കെന്നപോലെ രാമലക്ഷ്മണന്മാർക്കും സന്തോഷമുണ്ടെന്ന 'തെളിവു' പിടിച്ചു, ദേവീപ്രീണനത്തിനായിട്ടാണു ചിത്രമെഴുതിച്ചതെന്നു നടിക്കുന്ന രാമന്റെ 'ഉള്ളുകള്ളി' പുറത്താക്കാൻ, ('ജാനകിയെ സന്തോഷിപ്പിപ്പാൻ എഴുതിയുണ്ടാക്കിച്ച ചിത്രമാണിതെന്നാണു രാമചന്ദ്രന്റെ ഭാവം' (ഭാ: 16) സാധാരണഗ്രന്ഥകാരന്മാർ ധൈര്യപ്പെടുകയില്ല!

"ചെറുപ്പംമുതല്ക്കേ പത്രാധിപത്യം വഹിക്കുന്ന" മിസ്റ്റർ ജനാർദ്ദനമേനോന്റെ "പതിവു, ഗ്രന്ഥനിർമ്മാണവിഷയത്തിലും പത്രപ്രവർത്തനത്തിലെന്നപോലെ, അപ്പപ്പോൾ എഴുതി അച്ചുകൂട്ടത്തിൽ ഏല്പിക്കുക എന്നതാ" കയാലായിരിക്കാം, (പ്രസ്താവന നോക്കുക) മുൻപിൻ മറന്ന മട്ടിൽ പലതും ഈ കൃതിയിൽ എഴുതിക്കാണുന്നതു. "ജനസ്ഥാനത്തിൽ വനദേവതയായ വാസന്തി സുഖൈകഭാവത്തിൽത്തന്നെയായിരുന്ന ആദ്യകാലത്തു പാർത്തിരുന്നതു"" എന്ന 60–ാംഭാഗത്തുള്ള സംഗതി അടുത്ത ഭാഗത്തു കടന്നപ്പോഴെയ്ക്കും, ".....പ്രത്യേകിച്ചെടുത്തുപറയാവുന്ന സുഖങ്ങളൊന്നും കൂടാതെയാണു വാസന്തി വസിച്ചിരുന്നതു"" എന്നായിമാറിപ്പോയി! 96–ാംഭാഗത്തും, 106–ാം ഭാഗത്തും, (വിരഹത്തിനുശേഷമാവട്ടെ, ആര്യപുത്രനെ രണ്ടാമതൊരിക്കൽ കാണുവാൻ കഴിയുമെന്നു ജാനകി കരുതീട്ടുമില്ല. ഭാ: 106) തീരെ നിരാശയായിരുന്ന ജാനകിക്കു, 123–ാംഭാഗത്തുവെച്ചു, 'ഇടിഞ്ഞു പോയ്പോയ' ആശ എപ്പോൾ ഉണ്ടായതാണെന്നറിയുന്നില്ല.

'രാമലക്ഷ്മണന്മാർ വിശ്വാമിത്രാശ്രമത്തിൽ ധനുർവേദാഭ്യാസം ചെയ്യുന്ന കാലം' (ഭാ: 19) രാമായണത്തിൽ കാണുന്നില്ല. വിശ്വാമിത്രൻ

Digitized By Kerala Sahitya Akademi

അസ്രോപദേശംചെയ്തതു രാമലക്ഷ്മണന്മാരെ യാഗരക്ഷയ്ക്കായി കൂട്ടിക്കൊണ്ടുപോകുമ്പോൾ വഴിക്കു താടകാവനത്തിൽ വെച്ചാണു്: "തേന ച താടകാവധേ പ്രസാദീകൃതാന്യാര്യസ്യ." വഴിക്കു മൂന്നുനാലുനാൾമാത്രമേ താമസമുണ്ടായിട്ടുള്ളുതാനും. രാമനു വനയാത്രയിൽ 'ആദ്യമായുണ്ടായ സഖാവാണു് ഗ്രഹൻ' എന്നതും രാമായണവിരുദ്ധമാകുന്നു. വനയാത്രക്കുമുമ്പു തന്നെ രാമനും ഗ്രഹനും തമ്മിൽ പരിചയവും സ്നേഹവുമുണ്ടെന്നാണു് രാമായണം നമ്മെ പഠിപ്പിക്കുന്നതു്. (വാ: രാമായണം അയോധ്യാകാണ്ഡം 50—ാംസർഗ്ഗം നോക്കുക.) അതനുസരിച്ചുതന്നെയാണല്ലോ, "നിഷാദപതിനാ യത്ര സ്നിഗ്ധേനാസീൽ സമാഗമഃ" എന്ന ഉത്തരരാമചരിതവാക്യവും.

'വിരഹതാപ'ത്തിലെ വിലക്ഷണതകളിൽ ശതാംശമെങ്കിലും എടുത്തുകാണിപ്പാൻ 'ആത്മപോഷിണി'യിൽ സ്ഥലമില്ല; ഞങ്ങൾക്കുത്സാഹവുമില്ല. 'തരുണ'നും 'യുവാവും' തമ്മിൽ വ്യത്യാസമൊന്നുമില്ലെന്നും (9—ാംഭാഗം) കരത്തെ (കൈപ്പടത്തെ) പാശത്തോടും വല്ലിയോടും (47—ാം ഭാഗവും മറും നോക്കുക) ഉപമിച്ചാൽ നന്നല്ലെന്നും 'ത്രുനിലാവിൽ താമരപ്പൊയ്ക പ്രഫുല്ല'മാകാറില്ലെന്നും (165—ാംഭാഗം) ഒരു സാഹിത്യകാരനെ ധരിപ്പിക്കേണ്ടിവരുന്നതു് എത്രത്തോളം സന്തോഷകരമാവാം? ഇളകുക, ഗവ്വിച്ചിളകുക, ഇളക്കിവിടുക, പൊട്ടിത്തകരുക, പാഞ്ഞുകയറുക, തകർന്ന ചിതറുക, ശോകാഗ്നി, വിരഹാഗ്നി, കാമാഗ്നി, "ഒരു ബാലനെപ്പോലെ പൊട്ടിക്കരഞ്ഞുതുടങ്ങി," "യന്ത്രപ്രയോഗത്താൽ ചലിക്കുന്ന അചേതനബിംബമെന്നപോലെ" മുതലായവയുടെ പുനഃപുനഃപ്രയോഗങ്ങൾ നിമിത്തം അരുചികരമായ ഐകരൂപ്യത്തെ വഹിക്കുന്ന വാചകങ്ങളും ".....പ്രചണ്ഡമാരുതനാൽ തൽക്ഷണംതന്നെ മേഘനിരമുഴുവൻ എങ്ങോ ചെന്നു മറഞ്ഞു സുപ്രസന്നമാകയും ചെയ്തു." (ഭാ: 173) ഇത്യാദികളായ അർത്ഥം ചേരാത്ത വാക്യങ്ങളും "സ്ത്രീകൾക്കു സഹജമായുണ്ടാകുന്നതുപോലെ ജാനകി ഏറവും ലജ്ജിച്ചുപോയി" (ഭാ: 120) മുതലായ ക്ലിഷ്ടാന്വയവാക്യങ്ങളും ".....എന്ന അഭിപ്രായത്തെ തന്റെ പ്രിയന്റെ തത്ത്വോപദേശത്തിനുനേരെ ദേവി എടുത്തെറിയുകയും ചെയ്തു" (ഭാ: 5), ".....ലൌകികന്യായത്തെ അവിടെ വിളമ്പിക്കൊടുത്തിട്ടു" (ഭാ: 6) എന്നീവക അസ്ഥാനഫലിതങ്ങളും "ഏതോ ഒരു ദേവത രണ്ടു ബാലന്മാരെ വാല്മീകിസന്നിധിയിൽ കൊണ്ടുവന്നു വിട്ടിരിക്കുന്നു" (ഭാ: 56) മുതലായ ഗ്രാമ്യങ്ങളും "ആ ചിത്രം കണ്ടതും ജാനകി വല്ലാതെ സംഭ്രമിച്ചുപോയി" (ഭാ: 22) തുടങ്ങിയ ദേശ്യങ്ങളും "ശരമൊന്നു (ഒരു ശരം) തരുക," "മറുവടിയൊന്നു (ഒരു മറുപടി) പറയുക" മുതലായ ഗോഷ്ടികളും "രാമചന്ദ്രനും ജാനകിയും സംയോഗാരംഭത്തിൽ പ്രവേശിച്ചു" (ഭാ: 204) മുതലായ അശ്ലീലങ്ങളും മറും 'കലങ്ങിമറിഞ്ഞു" 'ഉയന്നു പൊങ്ങുന്ന' 'ഭാവ'ങ്ങൾ മുഴുവൻ കാണേണമെങ്കിൽ, വിരഹതാപംതന്നെ വാങ്ങി വായിക്കുകയാണു് നല്ലതു്.

'ഉത്സാഹമായ സന്താപജനകം' (ഭാ: 5), ('സമസ്തപദത്തിൽ വിശേഷണം ചേരാ'), 'സന്തപ്തജനകം' (ഭാ: 6), 'സരോതീരം' (ഭാ: 32), 'കണ്ണിണകൾ' (ഭാ: 96.) സീതയ്ക്കു് ഒരു കണ്ണിണയേ ഉള്ളുവല്ലോ. മുതലായ അപഭ്രഷ്ടപദങ്ങൾ കിടക്കട്ടെ. യൂറോപ്പിൽനിന്നു 'ടാർപ്പിഡോയന്ത്ര'വും (ഭാ: 41) 'യന്ത്രത്തോക്കും' (49) വരുത്തിയതു്, 'ഇന്നത്തെ അന്ന

Digitized By Kerala Sahitya Akademi

ഭവേങ്ങളോട്ട കഴിയുന്നേടത്തോളം ഇണക്കുവാനും പുതുക്കുവാനു'മാണെന്നും സമാധാനിക്കാം. ഗ്രന്ഥനിർമ്മാണവിഷയത്തിലും പത്രപ്രവർത്തനത്തിലും ഒരേ പതിവു വെച്ചാൽ, ഗ്രന്ഥവും പത്രംപോലെതന്നെ കാറ്റത്തു പറന്നുപോയേയ്ക്കാമെന്നു മിസ്റ്റർ മേനോൻ ധരിച്ചാൽ നന്നെന്നു തോന്നുന്നു.

എട്ടൊമ്പതു കൊല്ലങ്ങൾക്കു മുമ്പു 'മുഷ്കടികം' വായിച്ചുകഴിഞ്ഞപ്പോൾ, ഇതെഴുതുന്ന ആൾ സ്വശിഷ്യരിലൊരാളോടു്, "ഈ നാടകം മലയാളത്തിൽ ആഖ്യായികയാക്കിയാൽ കൊള്ളാമെ"ന്നു് ആവശ്യപ്പെട്ടുകയുണ്ടായി. അയാളുടെ കൃത്യാന്തരപാരതന്ത്ര്യത്താൽ ഇക്കാര്യം നടന്നില്ല. സംസ്കൃതസാഹിത്യത്തിലെ ഉത്തമനാടകങ്ങളെല്ലാം നമ്മുടെ ഭാഷയിൽ ആഖ്യായികാരൂപേണ അവതരിച്ചാൽക്കൊള്ളാമെന്നു ചിരകാലമായി ആഗ്രഹിച്ചുവരുന്ന ഇയ്യുള്ളവക്കു്, ഒരു മഹാകവിയുടെ മധുരോദാരമായ നാടകം ഈ വിധത്തിലെങ്കിലും ഗദ്യമായി എഴുതിക്കിട്ടിയതിൽ അസാമാന്യമായ കൃതജ്ഞതയും അനുമോദവുമുണ്ടു്.

Digitized By Kerala Sahitya Akademi

അമ്പുനായർ

അഥവാ

ഇതാണ് ലോകം

ഗ്രന്ഥകർത്താവ്: മൂക്കോത്തു കുമാരൻ.

ഇപ്പോഴത്തെ വിദ്യാഭ്യാസത്താൽ '*ജ്ഞാനലവദുർവിദഗ്ദ: (ശ്ലോ) കളായിത്തീരുന്ന യുവതികളുടെ ചാപല്യങ്ങളെ ചൂണ്ടിക്കാണിക്കയും, ഉൽകൃഷ്ടപരീക്ഷാവിജയികളായ 'യോഗ്യ'ന്മാരുടെ നികൃഷ്ടപ്രവൃത്തികളെ വെളിപ്പെടുത്തുകയും, ''സർവ്വേ ഗുണാ: കാഞ്ചനമാശ്രയന്തി'' എന്ന അഭിയുക്തവാക്യത്തെ വ്യാഖ്യാനിക്കുകയും ചെയ്യുന്ന ഒരു സാമൂഹികകഥയാണിത്. കഥാബീജം ഇംഗ്ലീഷിൽനിന്നെടുത്തതാണെന്നു ഗ്രന്ഥകാരൻ മുഖവുരയിൽ പറഞ്ഞിട്ടുണ്ട്.

അകൃത്രിമഫലിതങ്ങളോടുകൂടി അക്ലിഷ്ടമായ ഗദ്യമെഴുതുന്നതിൽ ശ്രീമാൻ കുമാരനു സ്വതസ്സിദ്ധമായുള്ള ചാതുര്യം അദ്ദേഹത്തിന്റെ നൂതനകൃതിയായ ഈ 'അമ്പുനായരി'ലും തെളിഞ്ഞുകാണുന്നുണ്ട്. പെട്ടെന്നു ലക്ഷ്യപ്രഭവായി പാടക്കരെ എജമാനനായിത്തീർന്ന അമ്പുനായക്കു, പണം പററിക്കാനായി ഒരു വായനശാലാസിക്രട്ടറിയും ഒരു പത്രപ്രവർത്തകനും ഓരോ അനുമോദനക്കത്തെയച്ചിട്ടുള്ളതു രണ്ടും രണ്ടുതന്നെയാണ്. ഇതുകൂടാതെ ഒരേ തൂലികയിൽനിന്നു പുറപ്പെട്ടതാണെന്നു് ഒരിക്കലും തോന്നുകയില്ല. ഇതുയും വിഭിന്നമായ ശൈലിയിൽ ഇതുയും തന്മയത്വം വരുത്തി എഴുതുവാൻ പൂർണ്ണവാസനയുള്ളവക്കേ സാധിക്കൂ. ഒരഞ്ചൽക്കാരന്റെ അനന്തരവനായ അമ്പുനായരുടെ ഒതുങ്ങിയ കാലക്ഷേപരീതിയും അമ്പുനായക്കു ഷോടതിക്കമ്പി കിട്ടിയ പ്രഭാതസമയവും കുറഞ്ഞൊന്നു വർണ്ണിച്ചിട്ടുള്ളതും തുലോം ഹൃദയംഗമമായിരിക്കുന്നു.

'അമ്പുനായരി'ലെ കഥാവസ്തു പറയത്തക്ക ചമൽക്കാരമൊന്നുമുള്ളതല്ല. ഗ്രന്ഥകാരൻ കഥാഘടനയിൽ കണ്ണുവെച്ചിട്ടുണ്ടെന്നുതോന്നുന്നില്ല. ചില പാഠങ്ങൾ പഠിക്കാനാണത്രേ, അമ്പുനായർ അടുത്ത നഗരത്തിൽ പാർപ്പാക്കിയതു്! അമ്പുനായരുടെ അവസ്ഥയോ? ''അദ്ദേഹം....എല്ലാവിധം ഉപായങ്ങളും ധരിച്ചുവെച്ചിരുന്നുവെങ്കിലും, പരദ്രോഹത്തിന്നായി അവയെ ഉപയോഗിക്കാറില്ല. തനിയ്ക്കുനേരെ ഉപയോഗിക്കാൻ ആരേയും അനുവദിക്കാറുമില്ല. താൻ ഇടപെടേണ്ടിവന്ന സവ്വ്ജനങ്ങളുടെയും സ്വഭാവം മനസ്സിലാക്കി, അവരെയൊക്കെ അളന്നുതൂക്കിവെച്ചിട്ടുണ്ടു്. അത്രമാത്രമല്ല, സമീപത്തുള്ള പ്രമാണികളുടെയും അടുത്ത നഗരത്തിലെ വക്കീൽമാരുടെയും ജഡ്ഡിമാരുടെയും വേറെ ഉദ്യോഗസ്ഥ (സ്ഥ)ന്മാരുടെയും സ്ഥിതി എന്താണു്, സ്വഭാവമെന്താണു്, അവർ എതുതരക്കാരാണു് എന്നുള്ളതൊക്കെ അമ്പുനായർ അറിയുംപോലെ മറാരും അറികയില്ല....'' ഇങ്ങനെയുള്ള അമ്പുനായക്കു, 'സ്വർഗ്ഗത്തിലേയ്ക്കു അടുത്ത വഴി നാട്ടുപുറത്തുനിന്നാണെ'ന്നും 'നഗരം നരകത്തിലേയ്ക്കു അടുത്താ

Digitized By Kerala Sahitya Akademi

ണെ'ന്നും മനസ്സിലാക്കുവാൻ നഗരത്തിൽ ചെന്നു പാക്കേണമെന്നുണ്ടോ? അതിരിക്കട്ടെ; താൻ 'പ്രതീക്ഷിച്ചതിനെക്കാൾ വലിയ'തും 'ഒരു ലക്ഷം ഉറുപ്പിക ചിലവായാൽ'ത്തന്നെ നഷ്ടമില്ലാത്തതുമായ പാഠം പഠിച്ചു കഴിഞ്ഞപ്പോൾ (ദുരാഗ്രഹിയായ വക്കീൽ ശേഖരൻനമ്പ്യാരുടെ ചതി മനസ്സിലായപ്പോൾ) ശാന്തശീലനായ പാടക്കരെ എജമാനൻ കോപിച്ചു പല്ലു കടിച്ചു 'പുലഭ്യം' പറഞ്ഞു തുടങ്ങിയതെന്താണു്? ദ്രോഹോപായങ്ങളെ 'തനിക്കുനേരെ ഉപയോഗിപ്പാൻ ആരേയും അനുവദിക്കാറി'ല്ലാത്ത അദ്ദേഹം അതിനു ശേഖരൻനമ്പ്യാരെ എങ്ങനെ അനുവദിച്ചു? 'ഇല്ലത്തു രണ്ടുണ്ണികൾ മരിച്ചു'തും 'കല്ല്യാണിക്കുട്ടിക്കു ഗർഭം അലസി'യതും പത്രങ്ങൾ വരുന്നതിന്റെ ഫലമാണെന്നു വിശ്വസിക്കത്തക്കവണ്ണം വിസ്തൃതിയായ ശ്രീധരൻനമ്പൂതിരിയുടെ മുഖത്തുനിന്നു, "വണ്ടിയും കുതിരയും മറ്റുമായാൽ സ്വഗ്രത്തിലേയ്ക്കു വേഗമെത്താമെന്നല്ലേ നാം വിചാരിച്ചതു"?...." എന്നും മറ്റുമുള്ള സാരഭ്രയിഷ്ടമായ ഫലിതം പുറപ്പെടുന്നതെങ്ങിനെ? ഈവക പൂർവ്വാപരവിരുദ്ധങ്ങളായ സംഗതികളെപ്പോലും ഗ്രന്ഥകർത്താവു പരിഗണിച്ചിട്ടില്ലാത്ത സ്ഥിതിയ്ക്കു ഷഷ്ടിപൂർത്തിയടുത്ത നായർക്കു് 17–വയസ്സുമാത്രം പ്രായമായ കാമാക്ഷി കാമലേഖനം എഴുതിയയയ്ക്കുന്നതിന്റെ അസംഭാവികതയും 'കള്ളി വെളിച്ചത്താ'കാതെ, അമ്പുനായരുടെ പണംകൊണ്ടു സ്വന്തം പേരിൽ ഗവർണ്മെന്റുദ്യോഗം വിരുന്നു കഴിക്കാമെന്നുറച്ചു പ്രവർത്തിച്ച 'സമർത്ഥനായ' ശേഖരൻനമ്പ്യാരുടെ പരമവിസ്മൃതിത്വവും മറ്റും എടുത്തുപറഞ്ഞിട്ടാവശ്യമില്ല. വാസ്തവത്തിൽ, അങ്ങനെയൊരു നിരൂപണത്തെ ഇപ്പുസ്തകം അർഹിക്കുന്നില്ല; ഏതവസ്ഥയിലും തോദക്ഷമമായ ഒരു പ്രബന്ധമല്ല ഇതു്. ഞങ്ങളും ഇരുപതുകിലും പറഞ്ഞതു്, ഒരു പേരെടുത്ത എഴുത്തുകാരന്റെ കൃതിയാണല്ലോ എന്ന ഗൌരവത്താൽമാത്രമാകുന്നു. ചുരുക്കിപ്പറയുന്നതായാൽ, 'ഇതാണു് ലോകം' എന്നു് ഈ നോവൽ വായിക്കുന്ന വർക്കു തോന്നാൻ വളരെ പ്രയാസമുണ്ടു്.

ഭാഷാഗ്രണംമാത്രമേ അമ്പുനായരെ, ഉത്തമസാഹിത്യത്തിൽ ഉൾപ്പെടുത്താൻ സഹായിക്കുന്നുള്ളു. എന്നാൽ 'അകലംകുറഞ്ഞ മുണ്ടും' (15–ാം ഭാഗം) മറ്റും മലയാളഭാഷയുടെ മനോജ്ഞതയ്ക്കു യോജിച്ചതല്ല. "ആ അമ്മയെയാണു് നമ്പൂതിരിക്കു് സംബന്ധം" (5) എന്നതും കൈരളിക്കു് അനിഷ്ടമായിരിക്കും. അഭിപ്രായത്തിന്റെ രണ്ടാം അക്ഷരത്തിനു വിസർഗ്ഗം വേണമെന്ന 'അഭിഃപ്രായം ചില 'നാട്ടുകാര്യസ്ഥ'ന്മാർക്കു ഉള്ള എന്നു തോന്നുന്നു.- 'ഉൽഘാടനന്മാർ' 'ധൃതരാഷ്ട്രന്മാർ' (7) മുതലായവയ്ക്കു ഒരു ടിപ്പണി ആവശ്യമാണു്.

എതായാലും, മലയാളസമുദായത്തെ ആകപ്പാടെ സംബന്ധിക്കുന്ന ഒരു ചിത്ര'മായി സങ്കല്പിച്ചു് എഴുതപ്പെട്ടതായ ഈ കഥയെ മലയാളികൾ ഏറെക്കുറെ ആദരിക്കാതിരിക്കയില്ലെന്നാണു് ഞങ്ങളുടെ വിശ്വാസം. മിസ്റ്റർ കുമാരന്റെ സമുദായസ്നേഹത്തെയും സരസവാഗ്വിലാസത്തെയും ഞങ്ങൾ സസന്തോഷം അഭിനന്ദിക്കുന്നു. ഭാഷാപോഷണാഭിലാഷിയായ ചിറയ്ക്കൽ രാമവർമ്മ ഇളയരാജാവവർകളുടെ മൻമ്മസ്പുക്കായ അവതാരികയും ഗ്രന്ഥകർത്താവിന്റെ ചാരുതരമായ ഛായാപടവും വൃത്തിയിൽ അച്ചടിച്ചതു് ഈ ചെറുപുസ്തകത്തിനു് ഒരലങ്കാരമായിരിക്കുന്നു.

Digitized By Kerala Sahitya Akademi

പ്രതാപസിംഹൻ

ഗ്രന്ഥകർത്താവ്: ഡി. പദ്മനാഭനുണ്ണി

നവീനവിദ്യാഭ്യാസത്തിന്റെ വൈലക്ഷണ്യം പുണ്യക്ഷേത്രമായ ഭാരതഖണ്ഡത്തിനു പൊതുവിൽ ഉണ്ടാക്കിത്തീർത്തിരിക്കുന്ന അപകർഷത്തിൽ വലിയ ഒരോഹരിയാണ് ചെറിയ മലയാളരാജ്യത്തിനു ലഭിച്ചിട്ടുള്ളത്. സ്വദേശഭക്തി മുതലായ ഉൽകൃഷ്ടഗുണങ്ങൾക്കു വിദേശീയഭ്രമം തിങ്ങിനിറഞ്ഞ മലയാളികളുടെ മനസ്സിൽ 'സൂചി കുത്താൻപോലും' സ്ഥലം കിട്ടാതായിരിക്കുന്നു. ബാല്യംമുതല്ക്കേ വിദേശീയചരിത്രങ്ങൾ ഉരുവിട്ടു പഠിക്കുകയും സ്വദേശചരിത്രത്തിന്റെ ഗന്ധമേ ഏല്ക്കാതിരിക്കുകയും ചെയ്യുന്നവരുടെ സ്ഥിതി മറിച്ചാവാൻ തരമുണ്ടോ? ഇതാണത്രേ, പരിഷ്കാരങ്ങളുടെ പരമസങ്കേതമായ വിദ്യാഭ്യാസം!

നമ്മുടെ കുട്ടികളുടെ ഇപ്പോഴത്തെ പാഠപുസ്തകങ്ങളിൽ കാണപ്പെടുന്ന വിദേശീയജനങ്ങൾക്കു സദൃശമായും അതിൽ കവിഞ്ഞും മഹത്ത്വമുള്ള മനുഷ്യരത്നങ്ങൾ അവരുടെ ജന്മഭൂമിയിൽത്തന്നെ ധാരാളം വിളഞ്ഞിട്ടുണ്ട്. ഈ വാസ്തവം നമ്മുടെ വിദ്യാർത്ഥികളെ ധരിപ്പിക്കുന്നതിനു 'പ്രതാപസിംഹ'നെപ്പോലെയുള്ള പുസ്തകങ്ങളുടെ ആവിർഭാവം അത്യന്താപേക്ഷിതമാകുന്നു. ഈ ചെറുകഥയിലെ നായകനായ പ്രതാപസിംഹൻ ഒരു മാതൃകാപുരുഷൻതന്നെയാണ്. അദ്ദേഹം ബാല്യത്തിൽത്തന്നെ ചരിത്രപ്രസിദ്ധമായ 'ചിറ്റൂർ' എന്ന 'രാജപുത്ര'രാജ്യത്തിന്റെ അധിപതിയായിത്തീർന്നെങ്കിലും, ആ ധൈര്യശാലിയെ പ്രലോഭിപ്പിപ്പാൻ രാജ്യലക്ഷ്മി തരിമ്പും ശക്തയായില്ല. തന്റെ പിതാവിനെ വഞ്ചിച്ചു കൊലപ്പെടുത്തിയവനും, ഒടുവിൽ രാജ്യഭ്രഷ്ടനായി തന്നെ ശരണം പ്രാപിച്ചവനുമായ ശേഖരവർമ്മരാജാവിനുപോലും അനുകമ്പയോടെ അഭയംകൊടുക്കുകയാണ് പ്രതാപസിംഹൻ ചെയ്തത്. 'ഉപകാരപ്രധാനഃ സ്യാദപകാരപരേപ്യരൌ' എന്ന ഗുരുജനോപദിഷ്ടമായ ധർമ്മസിദ്ധാന്തത്തെ ആജീവനാന്തം കംഭരാണയുടെ പുത്രൻ അനുസരിച്ചുപോന്നു. ആകപ്പാടെ, പ്രതാപസിംഹന്റെ ചരിതം കുട്ടികൾക്കു ജീവകാരുണ്യം, സത്യനിഷ്ഠ, ഗുരുഭക്തി, മുതലായ സൽഗുണങ്ങളെ ഉളവാക്കുന്ന ഒന്നാണ്. കുട്ടികൾക്കായി എഴുതപ്പെട്ട ഈ പുസ്തകത്തിലെ ഭാഷ കുറെക്കൂടെ ലളിതമാക്കേണ്ടതായിരുന്നു. 'പത്രാഹതി'യും മറ്റും കുറെ കടന്ന സംസ്കൃതമായിപ്പോയി. പത്രാഹതിക്കുപകരം 'ചിറകടി'യായാൽ ഒരു ഹാനിയും വരാനില്ലല്ലോ. 'കരിവരകണ്ഠാലംകൃതവിചിത്രമണികളുടെ ഘണ്ടാനാദങ്ങളിൽ' (26–ാം ഭാഗം) മണിയും ഘണ്ടയും വന്നുകൂടിയത് ഇരട്ടിപ്പായി. ഇതിലെ 'അലംകൃത'ശബ്ദവും അലംകാരമായി മാറുകയാണ് ഉത്തമം.

പ്രതാപസിംഹൻ ഗുരുപത്നിയും ധാത്രിയുമായ സേതുമതിയെ വെറും 'സേതുമതി' എന്നു വിളിക്കുന്നതും അവൾ എന്നു പറയുന്നതും അത്ര ഉചിതമായി തോന്നുന്നില്ല. അതുപോലെതന്നെയാണ് 19–ാം ഭാഗത്തു സേതുമതി ഭർത്താവായ 'കുമാരഭട്ടനോടാജ്ഞാപിക്കു'ന്നതും. ഭർത്താവിന്റെ ആജ്ഞ

Digitized By Kerala Sahitya Akademi

കേന്ദ്രക്കേണ്ടവളാണല്ലോ ഭാര്യ. 9–ാംഭാഗത്തെ അറിയാവുന്ന എന്ന പദം, അറിയുന്ന എന്നു തിരുത്തേണ്ടതാണ്. 'അറിയാവുന്ന' എന്നതിന്ന് അറിയാൻ ശക്യമായ എന്നാണ് അർത്ഥം. അതിവിടെ യോജിക്കുകയില്ല. 21–ാം ഭാഗത്തെ 'രക്തസംബന്ധമില്ലാത്ത ആ മുഖം' വല്ലാതിരിക്കുന്നു. രക്തസംബന്ധം എന്നു കേട്ടാൽ ചാച്ച് എന്നാണ് ഒന്നാമതായി തോന്നുക. ഗോപുരത്തിന്റെ മുകളിൽ എന്നല്ലാതെ പൊക്കത്തിൽ (43–ാം ഭാഗം) എന്നു പറയുന്നത് ഇവിടങ്ങളിൽ ആക്ഷം രുചിക്കുന്നതല്ല. 'പൊക്കം' ഔന്നത്യവാചിയാണ്.

കഥാബന്ധത്തിലും അല്പാല്പം നിഷ്കർഷക്കുറവുകൾ കാണുന്നുണ്ട്. പ്രതാപസിംഹന്റെ അച്ഛൻ, തന്റെ 'ഏറ്റവും വിലയുള്ള വസ്തുക്ക'ളായി കരുതി ഒരു പെട്ടിയിൽവെച്ചു പൂട്ടിയിരുന്ന 'ഒരു രുദ്രാക്ഷമാലയും ഒരു കാവിവസ്ത്രവും' ഈ കഥാബാലികയ്ക്ക് ഒരു വിധത്തിലും പ്രയോജനപ്പെട്ടിട്ടില്ല. വെള്ളിത്താക്കോൽകൊണ്ടു പെട്ടി തുറന്ന് ആ മഹാർഘവസ്തുക്കളെ പുറത്തു കാണിച്ച സ്ഥിതിക്ക്, അവയെ വെറുതെ കളഞ്ഞതു ശരിയായില്ല.

ഈ ചെറുപുസ്തകത്തെപ്പറ്റി ഞങ്ങൾ ഇത്രത്തോളം പറഞ്ഞത്, ഒരു പ്രൌഢഗദ്യകാരനായ ശ്രീമാൻ വടക്കുംകൂർ രാജരാജവർമ്മരാജാവവർകൾ ഇതിന്റെ അവതാരികയിൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ, 'എല്ലാംകൊണ്ടും പ്രതാപസിംഹൻ ഒരുത്തമകൃതിയാണെ'ന്നു കണ്ടതുകൊണ്ടാണ്. ബാലന്മാരുടെ തല അപഭ്രംശപങ്കിലമാകാതെ സൂക്ഷിക്കേണ്ടതു നമ്മുടെ ഗൌരവമേറിയ ചുമതലയുമാണല്ലോ.

വായനക്കാരുടെ ഹൃദയത്തെ ആദിമുതൽ അവസാനംവരെ ഒരുപോലെ ഉന്മുഖമാക്കി നിർത്തുന്ന ഒരു ചാതുര്യവിശേഷം 'പ്രതാപസിംഹ'നിൽ പ്രദ്യോതിക്കുന്നുണ്ട്. ഡി. പദ്മനാഭനുണ്ണി അവർകളുടെ പ്രഥമമായ കൃതിതന്നെ ഇത്രത്തോളം ഗ്രണഭ്രയിഷ്ഠവും ആസ്വാദ്യവുമായിത്തീർന്നതിൽ അദ്ദേഹത്തെ അകൈതവമായി അഭിനന്ദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

Digitized By Kerala Sahitya Akademi

മംഗളമഞ്ജരി

ഗ്രന്ഥകർത്താവ്: ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ,
എം. എ. ബി. എൽ, എം. ആർ. എ. എസ്.

കവിശബ്ദത്തിന്നർഹന്മാരായി വല്ലവരും മലയാളത്തിൽ ജീവിച്ചിരിപ്പുണ്ടെങ്കിൽ, അവരിൽ പ്രാഥമ്യം ശ്രീമാൻ പരമേശ്വരയ്യർക്കാണെന്നുള്ളതു യാതൊന്നിനാൽ ദൃഢീകൃതമായിരിക്കുന്നുവോ, ആ ഉല്ലേഖകല്ലോലിതമായ 'ഉമാകേരള'ത്തിന്റെ കർത്താവാകുന്ന കളഹംസോത്തമൻ, ശ്രീമൂലംതിരുനാൾ പൊന്നുതമ്പുരാൻ തിരുമനസ്സിലെ ഷഷ്ടിപൂർത്തിശാരദോത്സവത്തിൽ രാജഭക്തിയാകുന്ന അരവിന്ദമകരന്ദം അകത്തു നിറയുകയാൽ മദതരളിതനായി ചെയ്ത മധുരക്രൂജനമാണ് നാം 'മംഗളമഞ്ജരി'യിൽനിന്നു കേൾക്കുന്നത്. ഇതിൽ ഒരുനൂറൊന്നു സ്രുദ്ധരാപദ്യങ്ങൾകൊണ്ടു തിരുമനസ്സിലെ പവിത്രമായ ചരിത്രവും ഭരണരീതിയും സംഗ്രഹിച്ചു വർണ്ണിക്കപ്പെട്ടിരിക്കുന്നു. അയ്യരവർകളുടെ 'വഞ്ചീശഗീതി' എന്ന കാവ്യത്തിൽ എത്രത്തോളം അർത്ഥാലങ്കാരഭംഗിയുണ്ടോ, അത്രത്തോളമോ അതിലധികമോ ശബ്ദാഡംബരം 'മംഗളമഞ്ജരി'യിൽ തിളങ്ങുന്നുണ്ട്. എന്നാൽ അർത്ഥകല്പനാവൈശിഷ്ട്യംകൊണ്ടും അസാധാരണമായ രസസ്ഫുരണംകൊണ്ടും കമനീയങ്ങളായ ശ്ലോകരത്നങ്ങളും ഈ പുസ്തകത്തെ അലങ്കരിച്ചിട്ടില്ലെന്നില്ല.

"തൻനൽക്കട്ടക്കിടാവിൻ തളിരൊളിമൃദുമെയ്
തള്ളിയന്നാളിലേതോ
മിന്നൽക്കൊപ്പും മറഞ്ഞോരമരപുരിയിലെ—
ത്തങ്കവാടാവിളക്കേ!
പിന്നത്തെയ്യാത്മജന്നുള്ളൊരു പൃഥുലശ്രു—
ത്തിന്നു നൂനം നിദാനം
പൊന്നമ്മത്തമ്പുരാനേ, ഭവതിയുടെ സദാ—
ശിസ്സു വാത്സല്യപൂർണ്ണം!"

തിരുമനസ്സിലെ തീപ്പെട്ട ജനയിത്രിയെ അധികരിച്ചുള്ള ഈ പദ്യം എത്ര ഹൃദ്യമായിരിക്കുന്നു.

".....
കൈരളിത്തയ്യലാളിൻ
നൃത്തോദ്യൽകങ്കണാളീകലിതകളകളം
കാട്ടിലും കേട്ടിടുന്നു!"

എന്നത് ഒരു സാധാരണ കവിയുടെ പ്രതിഭയിൽനിന്നു പുറപ്പെടുന്നതല്ല. കളയത്തക്കതായ 'കലിത'പദം ഇല്ലായിരുന്നുവെങ്കിൽ, ഈ പാദം പ്രശംസയെ അതിവർത്തിക്കുമായിരുന്നു. ഇവിടെ ഒരു 'കലിതം' ഉപയോഗിച്ച് വൃത്യനുപ്രാസത്തെ രക്ഷിച്ച കവി 15—ാം പദ്യത്തിലെ 'അമലം' അനഘവും, 26—ാം പദ്യത്തിലെ 'ദാനൈകലോല'നെ ദാനൈകതാനനുമാക്കാ

Digitized By Kerala Sahitya Akademi

ഞ്ഞത് അലംഭാവത്താലായിരിക്കണം. ക്ഷ്മാശതമഖമണി, ധരണികുലിശ ഭൃദ്വേര്യൻ, ക്ഷിതിശതമഖൻ, ഭ്രമഹേന്ദ്രൻ മുതലായവയും ക്ഷ്മാതാരാനാഥൻ, ക്ഷ്മാരാകാചന്ദ്രാദ്യസ്സു മുതലായവയും വഞ്ചിഭ്രഷ്മാമണിക്യം (ശ്ലോകം 13–69). ക്ഷ്മാലലാമം, ക്ഷോണീസീമന്തമുത്ത്, ക്ഷ്മാസീമന്തൈകഭ്രഷ്മാമണി മുത ലായവയും അതിക്ഷുണ്ണങ്ങളുമായ ഒരേ ജാതിപദങ്ങളും അനേകം സ്ഥലങ്ങ ളിൽ ഉപയോഗിച്ചിട്ടുള്ളതു കവിയുടെ ഈവക പ്രയോഗങ്ങളിലുള്ള പ്രതി പത്തിവിശേഷംകൊണ്ടാണെന്നേ വിചാരിച്ചുകൂടൂ. പാണ്ഡിത്യസമ്പന്ന നായ പരമേശ്വരയ്യരവർകൾക്കങ്ങനെയോ പദദുർഭിക്ഷം? 'ധരിത്രീശിശിരകരൻ' 'ക്ഷ്മാശശി' എന്നൊക്കെ പലവുരു പരികീർത്തിതനായ മഹാരാജാവിനെ വീണ്ടും 'അവനികുമുദിനീകാമിനീയാമിനീശൻ' (72–ാം ശ്ലോ:) എന്നു വിശേഷിപ്പിച്ചിട്ടും തൃപ്തിപ്പെടാതെ, 'ഭുവനനഭസ്സിന്നു പൂർണ്ണേന്ദുതന്നെ' എന്നും (77–ാം ശ്ലോ:) ഉടൻതന്നെ 'ദുഗ്ധമവനീശാവ്രീപാവ്വണേന്ദു' (78–ാം ശ്ലോ:) എന്നും പൌനരുക്തേന്യന വർണ്ണിച്ചിരിക്കുന്നതും ഇതരരാജാ ക്കന്മൊക്കെല്ലാം അപകർഷം (ശ്ലോകം 82) കല്പിച്ചിരിക്കുന്നതും സ്വാമിപര മായ രതിഭാവത്തിന്റെ ഉൽക്കടദശയ്ക്കു ഉദാഹരണമായെടുക്കാം. 10–ാം ശ്ലോകത്തിൽ രണ്ടു ക്ഷ്മാശബ്ദവും 15–ൽ സലിലനിധിലസന്മേഖലാമേഘ വാഹൻ, ക്ഷ്മാനാകാധീശൻ എന്നീ അക്ഷരമാത്രഭിന്നങ്ങളായ രണ്ടു പദ ങ്ങളും 'ഈ മന്നൻതൻ ഗ്രണൌഘം നിഖിലവസുമതീപാലജാലാവലേപ സ്തോമപ്രോദ്യൽസരോജാകരനികാരഖിലീകാരനീഹാരപൂരം' എന്നു 'ഒറ വാക്കിൽ കഥിച്ച' (75) ഒരേ ശ്ലോകത്തിൽ ഗ്രാമം–ഓഘം–ജാലം–സ്തോമം –നികരം എന്നിങ്ങനെ കേവലം സമൂഹാർത്ഥകങ്ങളായ അഞ്ചു പദങ്ങളും മറും കണ്ടിട്ടു അസ്വരസം നടിക്കുന്നവർ ഒരു കാവ്യം ആപാദചൂഡമൊരു പോലെ ഇത്രയും പ്രാസഭാസുരമാക്കിത്തീർക്കാനുള്ള പ്രയാസമൊന്നു ആലോചിച്ചാൽക്കൊള്ളാം. 'ഉന്മീലല്ലീലേത്യാദിനൈഷധപദ്യത്തിൽ ഒരു 'നിവഹ'ത്തിന്നു പുറമെ സമൂഹാർത്ഥകമായ ആളീപദം രണ്ടിടത്തുണ്ടു!

'മംഗളമഞ്ജരി'യിലെ അപ്രതിഹതമായ പ്രാസവിലാസം അദ്ഭുത കരംതന്നെയാണു. ശ്രീപരമേശ്വരങ്കൽനിന്നു സ്നിഗ്ധഗംഭീരശബ്ദമായി പ്രവഹിച്ച ഈ സാഹിതീഗംഗ, ഇതിൽ കോരിമയിർക്കൊള്ളുമാറു മുഴുകുന്ന വരെ പരമനിർവൃതരാക്കാതിരിക്കയില്ല.

Digitized By Kerala Sahitya Akademi

വഞ്ചിരാജ്ഞീയം

(രസാലങ്കാരശതകം)

ഗ്രന്ഥകർത്താവ്: മേലങ്ങത്ത് അച്യുതമേനോൻ

എറണാകുളം കോളേജ് മലയാളപണ്ഡിതർ മേലങ്ങത്ത് അച്യുത മേനോനവർകൾ "എഴതിവരുന്നതും, തിരുവിതാംകൂർ ശ്രീമൂലംതിരുനാൾ രാമവർമ്മമഹാരാജാവു തിരുമനസ്സിലെ അപദാനങ്ങളെയും അദ്ദേഹത്തെയും വിഷയമാക്കി രചിച്ചിട്ടുള്ള ദൃഷ്ടാന്തശ്ലോകങ്ങൾ അടങ്ങിയതുമായ 'കൈരളീകണ്ഠാഭരണം' എന്ന ഭാഷാസാഹിത്യശാസ്ത്രഗ്രന്ഥത്തിൽനിന്നു കുറെ പദ്യങ്ങൾ തിരഞ്ഞെടുത്ത് അവിടുത്തെ ഷഷ്ട്യബ്ദപൂർത്തിദിവസം തിരുമുൽക്കാഴ്ച വെയ്ക്കുവാൻവേണ്ടി അച്ചടിപ്പിച്ച പുസ്തകമാണ് വഞ്ചി രാജ്ഞീയം." അവരവരുടെ രതിഭാവത്തിനു വിഷയീഭവിച്ച മഹാരാജാക്ക ന്മാരെ വർണ്ണിച്ച സാഹിത്യശാസ്ത്രം നിർമ്മിക്കുക എന്നതു 'പ്രതാപരുദ്രീയ' കർത്താവു മുതലായ പ്രാചീനസംസ്കൃത കവികൾ ചെയ്തിട്ടുള്ള ഒന്നാണല്ലോ. ആ പഴയ രീതിയെ ആശ്രയിച്ചുകൊണ്ടാണ് ശ്രീമാൻ അച്യുതമേനോനും 'കൈരളീകണ്ഠാഭരണം' എഴതിവരുന്നത്. ഈ ഗ്രന്ഥം സമഗ്രമായി താമസിയാതെ പുറത്തിറങ്ങുമെന്നു ഗ്രന്ഥകർത്താവിന്റെ മുഖവുരയിൽനിന്ന് അറിഞ്ഞു ഞങ്ങൾ അത്യന്തം സന്തോഷിക്കുന്നു.

രചനാസൌഷ്ഠവത്തിൽ വേണ്ടേടത്തോളം ദൃഷ്ടിവെയ്ക്കുന്നവരായി നമ്മുടെ നവീനകവികളിൽ ഏറെപ്പേരില്ല. ഉള്ളിൽ തോന്നിയ സംഗതി വല്ല ഭാഷയിലും പദ്യത്തിലാക്കി വിട്ടാൽ മതിയെന്നാണ്, മഹാകവി പട്ടം ധരിച്ചിരിക്കുന്നവരിൽത്തന്നെ മിക്കപേരുടേയും ഭാവം. ഈ സ്ഥിതിക്ക് ഇടത്തരക്കാരുടെ കഥ വിശേഷിച്ചു പറയേണ്ടതില്ലല്ലോ. എന്നാൽ ശ്രീമാൻ അച്യുതമേനോൻ ഇതിൽനിന്നു തുലോം വ്യത്യസ്തനാണ്.

"വൃന്ദാരകോപവനവാസിനികാംക്ഷ ഗാന—
വൃന്ദാർഹമായ തവ ധൌതയശഃപ്രരോഹം
മന്ദാകിനീപരിണതേന്ദുമൃണാളനാള—
മന്ദാരകന്ദകമുടങ്ങളെ വെന്നിടുന്നു."

എന്നീ മട്ടിൽ, സുകുമാരങ്ങളും രമണീയങ്ങളുമായ പദങ്ങൾ തിരഞ്ഞെടുത്തു ശ്ലോകം രചിക്കുന്നതിൽ ഈ യുവകവിക്കുള്ള ശ്രദ്ധ അഭിനന്ദനീയമായിരിക്കുന്നു.

"പാലിന്നേല്പു വികാരം; പരിണതരജനീ—
കാന്തനങ്കം വഹിപ്പോൻ:
വൈലിൽക്കായുന്ന മുല്ലപ്പുതുമലർ; ജലസം—
ബന്ധിയല്ലോ മൃണാളം;
മാലിന്യം പൂണ്ടു വാഴ്വു ഹരിദിഭമേദമേ—
ല്ലുന്ന വിൺഗംഗ; പാത്തേ—

Digitized By Kerala Sahitya Akademi

ന്നാലിപ്പോളെന്തിനോടായ്ത്തവ പുകളുപമി—
ള്ളേണ്ട വഞ്ചീശമൌലേ!''

എന്നും മറുമായി സഹൃദയന്മാരെക്കൊണ്ട് ശിരഃകമ്പംചെയ്യിക്കുന്ന പദ്യങ്ങം 'വഞ്ചിരാജീയ'ത്തെ അഞ്ചിതമാക്കിത്തീർത്തിട്ടുണ്ട്.

വഞ്ചിരാജീയം ഒരു സ്വതന്ത്രകൃതിയാണെന്നു പറഞ്ഞുകൂടാ. ശ്രീ മഹോപാധ്യായവിദ്യാനാഥാദികളുടെ സമ്പ്രദായത്തെ മാത്രമല്ല, ആശയങ്ങളെയും ഏറെക്കുറെ അംഗീകരിച്ചാണ് ഈ ഗ്രന്ഥം രചിക്കപ്പെട്ടിരിക്കുന്നത്. അലങ്കാരഗ്രന്ഥങ്ങളിലെ ഉദാഹരണപദ്യങ്ങം ലക്ഷണത്തിന്നൊത്തിരിക്കണമെന്നല്ലാതെ, സ്വകപോലകല്പിതങ്ങളായിരിക്കണമെന്നില്ലാത്തതുകൊണ്ട്, ഈ അനുകരണം ഒരപകഷ്മായി ഗണിപ്പാനില്ല. എന്നാൽ പൂവ്വികന്മാരുടെ ആശയങ്ങളെ സ്വേച്ഛാനുസാരേണ മാറ്റിമറിക്കുന്നതു മിക്കവാറും ഹാനികരമായിട്ടേ തീരുകയുള്ളൂ!

''സേനാരജോഭിസ്സവ തിശ്ശഭാനു—
രാച്ഛാദിതോസൌ നരസിംഹദേവ
വിരോധിശ്രദ്ധാന്തമുഗേക്ഷണാനാം
വക്ത്രേന്ദുരാസീന്മലിനപ്രകാശഃ''

(അങ്ങയുടെ സൈന്യങ്ങം പുറപ്പെട്ടവിച്ച പൊടികംകൊണ്ട് സൂര്യൻ മറവിലായി; എന്നാൽ നിസ്പ്രഭനായിത്തീർന്നതു ശത്രു സ്ത്രീമുഖചന്ദ്രനാണ്!) എന്നീ പ്രാചീനശ്ലോകത്തെ അവലംബിച്ചതായ,

''തവ തുരഗഖുരൌഘോദ്ധൂതമാം ധൂളിജാലം
ധ്രുവമുലകിലുയന്നിട്ടെപ്പൊഴും കാൺകമൂലം
നുവര, ബലജനസ്ത്രീവക്ത്രശീതാംശുബിംബം
ദിവസമനു കളങ്കം പൂണ്ടു വത്തിച്ചിടുന്നു.''

എന്ന 30—ാം ശ്ലോകം എത്ര നിജ്ജീവമായിപ്പോയി! 'ധൂളിജാലം ഉലകിൽ ഉയർന്നു' കാണുന്നതുനിമിത്തം ചന്ദ്രൻ കളങ്കിതനാകുന്നതെങ്ങിനെ എന്നാലോചിക്കുമ്പോം, ഇതിന്നു അർത്ഥംതന്നെ ഇല്ലെന്നു പറയേണ്ടിയിരിക്കുന്നു.

''ഉൽഗീയമാനമനിശം സുരസുന്ദരീഭി—
ർദ്ദാനം നിശമ്യ ഭവതോ നരസിംഹഭൂപ
ഗ്ലാനേഷു നിർജ്ജരതരോർന്നപല്ലവേഷു
ശച്യാ തവൈവ യശസാ വിഹിതോവതംസഃ''

എന്ന പദ്യത്തിന്റെ ചമല്ക്കാരകരമായ നാലാംപദത്തെ (ശചി അങ്ങയുടെ യശസ്സിനെത്തന്നെ ശിരോലങ്കാരമാക്കി) പരിഗണിക്കാതെ, സ്ത്രീകളുടെ സ്വാഭാവികമായ വിഭൂഷണപ്രതിപത്തിയെ അനുസ്മരിക്കാതെ, 'ശ്രീശചീദേവിയെക്കൊണ്ട് നിത്യം' 'വാട്ടം പൂണ്ടെഴും കല്പകപ്പൂനിരകളെ അണിയി'ക്കുന്നതു (28—ാം ശ്ലോകം) കവിതയുടെ അലങ്കാരഭാഗത്തേയ്ക്ക് ഒട്ടും അനുകൂലമല്ല. 44—ാം പദ്യത്തിൽ വർണ്ണിച്ചിട്ടുള്ളതുപോലെ, ബലസ്ത്രീകം കാട്ടുകേറി 'കല്പിൽ ശയിക്കു'മ്പോം വേണമെന്നില്ല, 'ഗന്ധവാഹ'ന്നു' അവരുടെ 'വാർകുന്തളനിരയെ ആകഷ്ടിക്കാ'നും മറും; ഇതു മണിമച്ചിൽ

Digitized By Kerala Sahitya Akademi

പട്ടകിടയ്ക്കുമേൽ കിടക്കുമ്പോഴുമാകാം. മൂലശ്ലോകത്തിലെ ശാഖികൾക്കു പകരം ഒരു ഗന്ധവാഹനെ കൊണ്ടുവന്നതുനിമിത്തം പ്രസ്തുതശ്ലോകത്തിന്നു പറ്റിയ വൈഗന്ധ്യം കുറച്ചൊന്നുമല്ല! വാസ്തവത്തിൽ, ഈ വർണ്ണനംതന്നെ കാലോചിതമല്ലായ്കയാൽ എടുത്തുകളയുകയാണുത്തമം. ധർമ്മശീലനായ ശ്രീമൂലമഹാരാജാവിനാൽ ദണ്ഡിതന്മാരായ ഖലന്മാരുടെ ഭാര്യമാരിൽ ഒരുത്തിപോലും നാടുവിട്ടു കാടുകേറിയതായി നാം കേട്ടിട്ടില്ലല്ലോ.

മുകളിൽ സൂചിപ്പിച്ചപ്രകാരം മൂലശ്ലോകവ്യതിയാനംകൊണ്ടു വഞ്ചിരാജീയത്തിലെ മിക്ക ശ്ലോകങ്ങളും ഏറെക്കുറെ വൈകൃതപ്പെട്ടിരിക്കുന്നു. ഒരു കാൽ പാരതന്ത്ര്യത്തിലും മറേറതു സ്വാതന്ത്ര്യത്തിലും ഊന്നിക്കൊണ്ടാണ് ഈ കവിത നിലക്കൊള്ളുന്നത്!

നായകന്ന് അനവധി ഗുണങ്ങൾ ഉണ്ടായിരിയ്ക്കേ, നാലിലൊന്നിലധികം ശ്ലോകങ്ങളെ കേവലം കീർത്തിവർണ്ണനയ്ക്കു വിനിയോഗിച്ചിരിക്കുന്നതുവഴിയായി വെളിപ്പെടുന്ന ആശയദുർഭിക്ഷത്തിൽ നിന്നെന്നപോലെ പദദാരിദ്ര്യത്തിൽനിന്നും ഈ ഗ്രന്ഥകാരൻ അധികം രക്ഷപ്പെട്ടുകഴിഞ്ഞിട്ടില്ല. പ്രഥമശ്ലോകത്തിൽത്തന്നെ ഒരു 'ശങ്കാഹീന'വും ഒരു 'പങ്കാപേത'വും പ്രാസനിർവ്വഹണൈകഫലമായി സ്ഥിതിചെയ്യുന്നു. ദ്വിതീയശ്ലോകത്തിൽ 'സൽ' എന്ന ശബ്ദം രണ്ടിടത്തു വന്നുകൂടിയിട്ടുണ്ട്. മൂന്നാംശ്ലോകത്തിലെ 'ശ്രീലേഖാനന്ദമാംക്കൊണ്ട്' എന്നതിന്ന് അർത്ഥം പറഞ്ഞുണ്ടാക്കാമായിരിയ്ക്കാം. എന്നാൽ 'വിമലവിലോലാ'ജ്ഞയും, 4-ാം ശ്ലോകത്തിലെ 'വെണ്മതികലാബിംബ'വും അസാധ്യംതന്നെ. ശില്പികൃത്യം എന്നർത്ഥമായ ശില്പപദത്തിന്നു സുന്ദരം എന്നോ മറേറാ അർത്ഥം കല്പിച്ചേ, 49-ാം ശ്ലോകത്തിലെ 'ശില്പ'വും 95-ാം ശ്ലോകത്തിലെ 'ശില്പാ'വും സാർത്ഥകമായി വരുന്നു എന്നു തോന്നുന്നു. 29-ാം ശ്ലോകത്തിലെ 'കര'വും, 'ഗോജാല'വും ചന്ദ്രപക്ഷത്തിൽ ഒന്നുതന്നെയാണ്. നായകഭുജത്തെ നായികാഭുജത്തെ എന്ന പോലെ വല്ലിയോട് ഉപമിയ്ക്കുക കവിസങ്കേതസിദ്ധമല്ലെങ്കിൽ, 19-ാം ശ്ലോകത്തിലെ 'ഭുജവല്ലി' ത്യാജ്യകോടിയിൽ ഉൾപ്പെടും. ഈ ശ്ലോകത്തിലെ 'ശരണ'പദവും വിവക്ഷിതാർത്ഥത്തെ കുറിക്കുന്നില്ല. ജാജ്വല്യമാനത്തെ 'ജാജ്വല്യം' 'ജാജ്വല്യം' (ശ്ലോ: 29-72) എന്നീ ഹ്രസ്വരൂപങ്ങളിൽ ഞങ്ങൾ കണ്ടിട്ടില്ല. 'സീമാധികം', 'തുലാധികം', 'അല്പാതീതം' എന്നിവയും ഞങ്ങൾക്കു പരിചിതങ്ങളല്ല. ഇവയ്ക്കു യഥാക്രമം നിസ്സീമമെന്നും നിസ്തുലമെന്നും അനല്പമെന്നും അർത്ഥം കിട്ടുവാൻ സംസ്കൃതവിദ്വാന്മാർ അനുവദിയ്ക്കുമോ, ആവോ! 'വ്യോമാപഗമേളിപ്പൊരു ഹേമാദ്രിശ്രീ' (50)യും 'മംഗല്യകാന്തിതിരളുന്ന സീതാപത്രുസംഗ' (64)വും മറും 'സമസ്തപദത്തിൽ വിശേഷണം ചേരാ' എന്ന വിധിയെ അതിലംഘിച്ചവയാകുന്നു. 46-ാം പദ്യത്തിലെ 'ത്രയങ്കം' എന്ന പദം, മൂന്നകം എന്ന പറയാമെങ്കിലേ സാധുവാകൂ. സമൂഹാർത്ഥകങ്ങളായ ശബ്ദങ്ങളെ പ്രാസത്തിന്നും പാദപൂരണത്തിന്നുമായി അസ്ഥാനങ്ങളിലും പ്രയോഗിച്ചുകാണുന്നുണ്ട്. 'യശോഭരപ്രകരം' (48) 'ദിഗന്തപ്രകരം' (55) 'നിതംബസ്തോമം', 'സ്തനതതി' (63), 'മന്ദസ്മിതസ്തോമം' (70) മുതലായവ കഷ്ടതരങ്ങൾതന്നെ. വജ്രപാണിയെ (ഇന്ദ്രനെ) 'ദംഭോളിപ്രചലൽപ്രചണ്ഡകര' (93) നാക്കിയതു വൃഥാസ്ഥൂലംകൂടിയാണ്.

Digitized By Kerala Sahitya Akademi

ഇങ്ങനെ, ഈ രസാലംകാരശതകത്തിലുള്ള അനേകവിധങ്ങളായ അപഭ്രംശങ്ങളിൽ ഒരു ചെറുതായ അംശം ഇവിടെ ചൂണ്ടിക്കാണിച്ചതു, നല്ല വാസനക്കാരനായ അച്യുതമേനോനവർകൾ കുറെക്കൂടി ശ്രദ്ധ കാന്തി വെച്ച് അഭ്യാസംചെയ്താൽക്കൊള്ളാമെന്ന ആശംസകൊണ്ടുമാത്രമാണ്. ഉത്തിഷ്ഠമാനനായ ഈ യുവകവി, തന്റെ 'കൈരളീകണ്ഠാഭരണ'ത്തെ സാവധാനമായി സംസ്കരിച്ചതിന്നുശേഷമേ പുറത്തിറക്കുകയുള്ളു എന്നു ഞങ്ങൾ വിശ്വസിക്കുന്നു.

Digitized By Kerala Sahitya Akademi

സ്കാന്ദമഹാപുരാണം

പരിഭാഷകൻ: ഒടുവിൽ ശങ്കരക്കുട്ടിമേനോൻ

പ്രസിദ്ധകവിയായ ഒടുവിൽ ശങ്കരക്കുട്ടിമേനോനവർകൾ തർജ്ജമ ചെയ്ത 93 മേടംമുതല്ലു മാസികയായി പ്രസിദ്ധീകരിച്ചുവരുന്ന 'സ്കാന്ദ പുരാണം' കിളിപ്പാട്ടിന്റെ അഞ്ചു ലക്കങ്ങൾ ഞങ്ങൾ ആദ്യാദപൂർവ്വം വായിച്ചു. ഈ കവിയുടെ 'കല്ലിപുരാണം' പലരും വായിച്ചിരിപ്പാനിട യുണ്ടു്. അതിൽനിന്നു് ഒട്ടും താഴെയല്ല, ഈ തർജ്ജമയുമെന്ന നിസ്സംശയം അഭിപ്രായപ്പെടാം. ഭാഷാശ്രദ്ധിയിൽ, ശങ്കരക്കുട്ടിമേനോൻ ജ്യേഷ്ഠന്റെ (പരേതനായ മിസ്റ്റർ ഒടുവിൽ കണ്ണിക്കൃഷ്ണമേനോന്റെ) അനുജൻതന്നെ യാണു്. അസ്പഷ്ടത, ക്ലിഷ്ടത, ദുഃശ്രവത മുതലായ ദോഷങ്ങൾ ശങ്കരക്കു ട്ടിമേനോന്റെ ഏതു കൃതിയിലും ഏറെ കാണുകയില്ല.

"മദ്യപാനത്തെച്ചെയ്യാതില്ലൊരു സമയവു—
മുദ്യമം പരദ്രവ്യം കൈക്കലാക്കീടാൻമാത്രം."
.....
"സ്വർണ്ണമുണ്ടൊരേടത്തെന്നന്യപൻ കേട്ടെന്നാകി—
ലുണ്ണുവാനതു കിട്ടിയെങ്കിലേ സുഖമുള്ളു."
.....
"അർത്ഥികളർത്ഥിക്കുന്നതല്പമായിരുന്നാലും,
ബുദ്ധിമാനാലോചിച്ചു വേണ്ടതു കൊടുക്കേണം."

എന്നീത്തരത്തിൽ സരളമധുരങ്ങളായ പല പദ്യങ്ങൾ ഈ കൃതിയിൽ പരിലസിക്കുന്നുണ്ടു്.

ശ്ലോകങ്ങൾക്കുള്ള സൗന്ദര്യം പ്രായേണ അലങ്കാരജന്യമല്ല; അവ അകൃത്രിമരമണീയകളാകുന്നു. അതിനാൽ രസസ്ഫുരണവിഷയത്തി ലാണു് സർവോപരി തർജ്ജമക്കാരൻ പ്രയത്നിക്കേണ്ടതു്. ഈ തത്ത്വവും നമ്മുടെ പരിഭാഷകൻ ധരിച്ചില്ലായ്കയില്ല.

"തീക്കനൽക്കട്ട നെറ്റിക്കണ്ണിൽനിന്നുയർന്നിതു
ചീക്കുന്നു വിറച്ചിതു ശംഭുവിൻ തിരുവുടൽ.
അഷ്ടാശ പൊട്ടുംവണ്ണമഷ്ടമൂർത്തിയും ജട
പെട്ടെന്നു വലിച്ചൊന്നു തട്ടിനാൻ ഗിരിതന്നിൽ."

ദാക്ഷായണി ദക്ഷയാഗത്തിൽവെച്ചു ദഹിച്ച വർത്തമാനം കേട്ടു കുപിത നായ ശിവന്റെ ഈ സ്തോഭം ഹൃദയസ്പൃക്കായിട്ടുണ്ടു്. എന്നാൽ രൌദ്ര മയമായിരിക്കേണ്ടുന്ന ദക്ഷവധഘട്ടം കുറെ മന്ദമായിപ്പോയി. രസ നിരൂപണത്തിനു ഞങ്ങൾ ഇപ്പോൾ ഒരുങ്ങുന്നില്ല. എങ്ങനെയായാലും, അടുത്ത കാലങ്ങളിൽ പുറത്തിറങ്ങിയിട്ടുള്ള കിളിപ്പാട്ടുകളിൽ ഒരുൽകൃഷ്ട സ്ഥാനം ഈ സ്കാന്ദപുരാണത്തിനു കല്പിക്കാവുന്നതാണു്.

ശൈവപുരാണത്തിലൊന്നാണു് സ്കാന്ദം. ഇതിൽ ഒന്നാമത്തേതായ മാഹേശ്വരഖണ്ഡത്തിൽ ദക്ഷയാഗം, ഉമാവിവാഹം, സ്കന്ദാവതാരം

Digitized By Kerala Sahitya Akademi

മുതലായ കഥകൾ അടങ്ങിയിരിക്കുന്നു. തർജ്ജമ മൂലത്തോടൊത്തുനോക്കുവാൻ ഇവിടെ സൗകര്യം കിട്ടിയിട്ടില്ല. ഒരു വ്യഥാസ്ഥൂലത ഈ കൃതിയെ സർവത്ര ബാധിച്ചിട്ടുണ്ട്. ഇതിന്നു കാരണം, മൂലത്തിലെ ഒരോ അനുഷ്ടുപ്പ് ശ്ലോകത്തെയും, കേകാവൃത്തത്തിലുള്ള നാല വരികൾകൊണ്ടു പരിഭാഷപ്പെടുത്തുന്നതായിരിക്കണം. ഈ തോതിൽ, ഗ്രന്ഥവിസ്തരം അത്യധികമായിത്തീരുമല്ലോ എന്നു ഭയം തോന്നുന്നു. അളന്നുമുറിച്ചു ശരിയാക്കി മൂലത്തിന്നൊത്ത വലുപ്പത്തിൽ തർജ്ജമചെയ്യുകൊള്ളണമെന്നല്ല ഞങ്ങൾ പറയുന്നത്; മുപ്പത്തിരണ്ടിന്ന് അമ്പത്താറുവീതം അക്ഷരമെടുക്കുമ്പോൾ, മിക്കദിക്കുകളിലും പാദപൂരണത്തിനു വല്ല പദങ്ങളെയും കുത്തിച്ചെലുത്തുകയും തന്മൂലം തർജ്ജമ വല്ലാതെ തടിച്ചുവശാവുകയും ചെയ്യാതിരിപ്പാൻ തരമില്ല.

അന്ന്, ഇന്ന്, ഇത്രകാലം, ധരിച്ചാലും, ബോധിക്കേണം, കള്ളമല്ല, കൈതവല്ല, ന്യൂനം, നിർണ്ണയം, സംശയമില്ല, പാരം, അതിമാത്രം, ഓർത്താൽ, നിരൂപിച്ചാൽ, മടിയാതെ, വൈകീടാതെ എന്നീ ഏഴെട്ടു വർഗ്ഗത്തിൽപ്പെട്ട പദങ്ങൾ ഈ കൃതിയിലെങ്ങും ഒരുപോലെ വ്യാപിച്ചു കിടക്കുന്നത് വൃത്തനിർവഹണക്ലേശത്തിന്റെ ഫലമാണെന്ന് ഊഹിക്കേണ്ടിയിരിക്കുന്നു. 74–ാം ഭാഗത്തിലെ രണ്ടാം കോളം ഒന്നിൽത്തന്നെ 'ഇല്ല സംശയമേതും', 'നിർണ്ണയം', 'നിശ്ചയം' എന്നിവക്കു പുറമേ രണ്ടു ന്യൂനവും കാണപ്പെടുന്നുണ്ട്; അവയിൽ ഒരു നിശ്ചയവും ഒരു ന്യൂനവും ഒരേ വാക്യത്തിൽതന്നെയാണ് താനും. "ഇച്ചൊന്നതെല്ലാം ചെയ്താൽ കിട്ടീടും ഫലത്തെക്കാൾ നിശ്ചയം പതിനാറു കൂടുതൽ ഫലം ന്യൂനം."

"വിപരീതങ്ങളാകും ഫലങ്ങൾ വന്നുചേരാൻ
സപദി നിരൂപിച്ചാൽ കാരണം ദൈവദോഷം"
"ഇന്ദ്രസേനന്റെ വാക്യം കേട്ടളവതിമാത്രം
മന്ദഹാസവും ചെയ്തു കാലന്നുമുരചെയ്താൻ."

എന്നീ വാക്യങ്ങളിലെ 'സപദി'യും, 'അതിമാത്ര'വും, പരിഭാഷകന്ന് ഈദൃശപദങ്ങളോടുള്ള അവിരതപരിചയത്താൽ, അനൈച്ഛികമായി പുറപ്പെട്ടതുപോലെ തോന്നുന്നു.

"മാമുനിപ്രവരന്മാരന്നേരം പലവിധം
സാമോദം പരസ്പരമിങ്ങിനെയുരചെയ്താർ,"

എന്നീമട്ടിൽ നിപാതപദങ്ങളെ നിരർത്ഥകമായി വെയ്ക്കുന്നത് ഒട്ടും സുഖകരമല്ല. ഈ വക ഭാഗങ്ങൾ വായിച്ചപ്പോൾ, 'ഭിക്ഷാടന'കർത്താവായ മഹാകവി, മദാകുലതയാൽ 'നിപാത'ബഹുളയായ (വീണ്ടും വീണ്ടും കാലിടറി വീഴുന്ന) വനിതയെ ഉദ്ദേശിച്ചുകവിതയോടുപമിച്ചതു ഞങ്ങൾക്കോർമ്മവന്നു.

'ശിവക്ഷേത്രത്തിൽ വെളിച്ചെണ്ണകൊണ്ടു വിളക്കുവെച്ചാൽ ആത്മജ്ഞാനമുണ്ടാവും' എന്ന സംഗതി ഒരീരടികൊണ്ടു സ്പഷ്ടമായി പറഞ്ഞുതീർപ്പാൻ, പദ്യനിർമ്മാണത്തിൽ സ്വല്പം പരിചയമുള്ള ഏവർക്കും സാധിക്കുമെന്നിരിക്കെ,

"നാളികേരത്തിൽനിന്നു കിട്ടീടും തൈലംകൊണ്ടു
കാളകണ്ഠനാം ദേവൻതന്നുടെ ക്ഷേത്രത്തിങ്കൽ

Digitized By Kerala Sahitya Akademi

ഏതവൻ വിളക്കേറ്റം ഭംഗിയായ് ജ്വലിപ്പിപ്പു
വാദമില്ലവനാത്മജ്ഞാനിയായ്ബ്ഭവിച്ചീടും''

എന്നിങ്ങനെ നാല പാദം തികച്ചും ചെലവാക്കിയിട്ടുള്ളത് ഒരു ദുർവ്യയം തന്നെയല്ലയോ?

''ഈശ്വരക്ഷേത്രമേവൻ വലുതായിരിപ്പോരു
വിശ്വമോഹനമായ മാളികയായിബ്ഭക്ത്യാ
നിർമ്മിച്ചുകൊണ്ടീടുന്നതാമഹാശയൻ മത്ത്യൻ
നിർമ്മലം പരം പദം പ്രാപിയ്ക്കുമസംശയം.''

എന്നതരത്തിൽ വാക്യങ്ങളെയും 'വിദ്യമായിരിപ്പോരു' എന്നും മറ്റുമായി പദങ്ങളെയും വെറുതേ വലിച്ചുനീട്ടിയാൽ ബന്ധത്തിന്നു ശൈഥില്യവും വായനക്കാക്ക് ശല്യവും വന്നുകൂടും. ഭാഗവതം വായിക്കുമ്പോൾ, 'ഗുരു വായൂരപ്പന്റെ മായ!' എന്നും പറഞ്ഞു കണ്ണടക്കുന്ന കൂട്ടത്തിലല്ലല്ലോ ഇന്നത്തെ വായനക്കാരിൽ മിക്കപേരും.

എൺപത്തോരായിരം ശ്ലോകങ്ങളുള്ള ഒരു മഹാഗ്രന്ഥമാണിത്; തജ്ജ്ഞ മകൊണ്ടു വിസ്തരം വളരെ വർദ്ധിച്ചുവരുന്നുണ്ട്. ഈ സ്ഥിതിക്കു, 'സരസ മടിയ'ന്മാരായ മലയാളികൾ ഇതു സമഗ്രമായി വായിക്കേണമെങ്കിൽ രചനയ്ക്കു വേണ്ടുവോളം വൈചിത്ര്യമുണ്ടായിരിക്കണം. ഈ സംഗതി യിൽ പരിഭാഷകൻ ശ്രദ്ധവെയ്ക്കുന്നതു മതിയാകുന്നില്ല. ഇതിലെ എല്ലാ അദ്ധ്യായങ്ങളും ഏതാണ്ട് ഒരേ അച്ചിലിട്ട വാർത്തപോലെയിരിക്കുന്നു.

''ഇത്തരം മഹാദേവി ചൊല്ലിയ വാക്യം കേട്ട
സത്വരം ദക്ഷൻതാനും ക്രുദ്ധനായ്ച്ചൊന്നാനേവം'' (ഭാ: 7)
''ഇത്തരമരുൾചെയ്തു സൈന്യങ്ങളോടും കൂടെ—
സ്സത്വരമെഴുന്നള്ളി ഗോവിന്ദൻ രമാപതി.'' (ഭാ: 11)

എന്നിങ്ങനെ 'ഇത്തര' 'സത്വര'ങ്ങൾകൊണ്ടു നിർവഹിക്കപ്പെട്ട ഏകരൂപ ങ്ങളായ ഈരടികൾ ചിലപ്പോൾ ഒരു വശത്തുതന്നെ രണ്ടും മൂന്നും കാണാം. 134—ാം ഭാഗത്തു പതിനൊന്നു വരികൾക്കിടയിൽ (ശബരീവർണ്ണനയിൽ) മുന്നു 'മോഹന'മുണ്ട്.

''വിവശഭാവത്തോടും വൈശ്യനും വിലപിച്ചാൻ.'' (ഭാ: 21)
''കല്യാണശീലേ, നീയുമെന്നുടെ വാക്യം കേൾക്ക'' (ഭാ: 157)

എന്നിവയിലെ 'വൈശ്യനും' 'നീയും' എന്നീ സമുച്ചയങ്ങൾ അനാവശ്യ മാണ്. ഒന്നാമത്തേതിൽ, 'വൈശ്യ'നല്ലാതെ ആരും വിലപിച്ചിട്ടില്ല. രണ്ടാമത്തേതിൽ, 'നീയല്ലാതെ ആരും കേൾക്കാനുമില്ല. ഈ മാതിരി നിരർത്ഥസമുച്ചയം ഈ കൃതിയിൽ ധാരാളമാണ്.

'വൈവർണ്ണ്യഭാവം', 'പരാജയഭാവം' മുതലായതു് അത്ര ശ്രദ്ധമല്ല, 'കാരുണ്യഭാവത്തോടുമിന്ദ്രനു കൊടുത്തിതു' എന്നു കേട്ടാൽ വാസ്തവത്തിൽ കരുണയുണ്ടാവില്ലെന്നും കരുണ നടിച്ചതാണെന്നുമാണല്ലോ തോന്നുക. അതിനാൽ സന്തോഷഭാവാദികൾ വിപരീതാർത്ഥദ്യോതകങ്ങൾകൂടിയാ കുന്നു. ശിവനെ സേവചെയ്തു, ഗുരുവിനെ പൂജചെയ്തു ഇത്യാദിവാക്യങ്ങ ളിലെ സേവചെയ്തലും പൂജചെയ്തലുമൊക്കെ സമസ്തപദമാകയാൽ, സേവ

Digitized By Kerala Sahitya Akademi

ശിവനെ ചെയ്യ എന്നോ ഗുരുവിനെച്ചെയ്യ പൂജ എന്നോ മറേറാ വ്യസ്ത മാക്കി പ്രയോഗിക്കുന്നതു സാധുവാകയില്ല. ഇതുപോലെതന്നെയാണ്, "ദിവ്യരത്നങ്ങൾ.....ദാനം കിതവൻ ചെയ്താൻ" (ഭാ: 83) എന്നതും. 11–ാം ഭാഗത്തുള്ള 'സ്ഫടികച്ഛവി പുണ്ട വിഗ്രഹൻ' ചന്ദ്ര മുഖി എന്നർത്ഥത്തിൽ ചന്ദ്രതുല്യമായ മുഖി എന്നു പറയുംപോലിരിക്കുന്നു. "ക്ലേശനാശനനാകും ഷൺമുഖപത്മദർശനോൽസുകന്മാരായ്" (ഭാ: 120) തുടങ്ങിയവ 'സമസ്തപദത്തിൽ വിശേഷണം ചേരാ' എന്ന വിധിയെ അതിലംഘിച്ചവയത്രേ. "ഉർവിയിലൊരു നാരി വാണിതു വിപ്രവംശേ" (ഭാ: 137) "പാഞ്ചജന്യമാം ശംഖം കൈക്കൊണ്ടു.....ശബ്ദിച്ചാൻ നാഥൻ" (ഭാ: 13) എന്നിവയും മറും വേണ്ടതിൻവണ്ണം ഉപന്യസിക്കപ്പെട്ട വയല്ല. "ദൈതേയൻ.....എത്രമട്ടിലുമേറെ യത്നിച്ച ശ്രുഭാശ്രുഭവേദി കം മഹത്തുക്കൾ ചെയ്തീടും സുകൃതത്തെ" (ഭാ: 81) "ജീവിതം ഫലമില്ല" (ഭാ: 158) മുതലായത് അന്വയിപ്പാൻ ഞെരുക്കം. 5–ാം ഭാഗത്തു 'മാന്യരാം' എന്നു തുടങ്ങുന്ന വാക്യത്തിൽ കർത്തൃശബ്ദമായി ഒരു 'ഭവാ'നും 'നീ'യുമുണ്ട്. ലിംഗപ്പൊരുത്തമില്ലാത്ത 'വന്ദ്യയാം കളത്ര'വും (ഭാ: 33) ലിംഗ–വചനപ്പൊരുത്തമില്ലാത്ത 'ഗാനദക്ഷകളായിട്ടുള്ളോരു വിദ്യാധര മാനിനീജന'വും (ഭാ: 139) സംഭ്രാന്തചിത്തന്മാർ എന്നർത്ഥത്തിലുള്ള 'സംഭ്രമചിത്ത'ർ (ഭാ: 107)ന്മാരും 'ചമ്മരുദ്രാക്ഷഭസ്മോലംകൃതശരീരി' (ഭാ: 6)കളും (ശരീരന്മാർ എന്നാണ് യുക്തം) മറും സംസ്കൃതപണ്ഡിത ന്മാക്കു രുചിക്കയില്ല; 'ഞങ്ങൾ വന്നാർ' (ഭാ: 107) 'ശിവഗണം ഓടി നാർ' (ഭാ: 117) (ശിവഗണം എന്നതിന്നു പാഷ്ഡന്മാരിൽ ഒരാൾ എന്നേ അർത്ഥം വരികയുള്ളുവല്ലോ) എന്നീവക മലയാളവൈയാകരണന്മാക്കു വൈമനസ്യമുണ്ടാക്കും. "ഇന്നുതൊട്ടമരന്മാർ സന്താനശൂന്യന്മാരായെന്നുടെ ശാപംകൊണ്ടു നിർണ്ണയം ഭവിക്കട്ടെ" (ഭാ: 69) ".....ഗൃഹം പുക്കു സാനന്ദം വസിക്കപോയ്" (ഭാ: 101) "നിന്നെ ഞാൻ രക്ഷിച്ചിടാൻ കാലനെക്കൊലചെയ്തേൻ" (ഭാ: 133) എന്നിവയിലെ ഭവിക്കട്ടെ, പോയ്, ഞാൻ എന്നീ പദങ്ങൾ വേണ്ടേടത്തല്ല വിന്യസിച്ചിട്ടുള്ളത്. 'മുഖത്തോട്ടു യുക്തരായ്" (ഭാ: 3) മുതലായവ തനിസ്സംസ്കൃതമട്ടായി; 'മനുഷ്യന്മാർ' (ഭാ: 16), 'ബ്രാഹ്മണന്മാർ, (ഭാ: 153) എന്നിവയും മറുംവിദേശിമലയാളംപോലിരിക്കുന്നു. 9–ാം ഭാഗത്തുള്ള 'നൽഭീതി'യും നല്ലതല്ല. ഭീതി ഒരുവിധത്തിലുംനല്ലതല്ലല്ലോ. കശ്യപനെയുംഗയനെയും'കേമ'നാക്കിയതു ഗ്രാമ്യമാണ്. 'വലിയകോയിത്തമ്പുരാൻ കേമനായിരുന്നു' എന്നു കേട്ടാൽ, ആ തിരുമേനിയെ കളിയാക്കുകയാണെന്നല്ലേ തോന്നുക? ശിവനെക്കൊണ്ടു പാവ്വതിയെ 'കല്യാണം' കഴിപ്പിക്കേണ്ടിയിരുന്നില്ല; (ഭാ: 108) വിവാഹംചെയ്യിച്ചാൽ മതിയായിരുന്നു. ഭേരിയെ പ്രയോഗിച്ച (ഭാ: 123)തിലേറെ മോശമാണ് 'വാദ്യംചെയ്ക' (ഭാ: 23)ത്.

പ്രയോജനം, പൂർത്തി, വിഘ്നം മുതലായ നാമപദങ്ങളെ നാമവിശേഷണങ്ങളായും പഥ്യം, അഗാധം മുതലായ നാമവിശേഷങ്ങളെ നാമപദങ്ങളായും സിദ്ധിയെ 'സാധ്യ'മായും കല്പിച്ചിട്ടുള്ളതു പരിഭാഷകന്റെ പാണ്ഡിത്യത്തിന്നു യോജിച്ചതല്ല. നിത്യവൃത്തി കഴിച്ചു എന്നതിന്നു വിപരീതമാണ്, 'നിത്യവൃത്തിയും പോക്കി' (ഭാ: 135) എന്നത്. നൽ എന്നതിനെ വ്യസ്തമാക്കി പ്രയോഗിയ്ക്കാറില്ലായ്കയാൽ, 'നൽത്തടിച്ചുള്ള നിതംബം' (ഭാ: 49) 'കാണികൾക്കതിമാത്രം ആനന്ദമേകുക'യില്ല.

Digitized By Kerala Sahitya Akademi

'ലോകമോഹനകരസുന്ദരീവേഷ' (ഭാ: 50)ത്തിന്റെ ലോകത്തെ മോഹിപ്പിയ്ക്കുന്ന കരങ്ങളോടുകൂടിയ സുന്ദരീവേഷം എന്നാണർത്ഥമെങ്കിൽ, കൊള്ളാം; മറ്റുവിധത്തിൽ 'കര'ശബ്ദത്തെ യോജിപ്പിപ്പാൻ നിവൃത്തി കാണുന്നില്ല. മോദംപോലെ 'ശബരസ്ത്രീരൂപവും ഉൾക്കൊണ്ട' (ഭാ: 143)തു പന്തിയായില്ല; ശബരസ്ത്രീയുടെ വേഷം ധരിച്ച്' എന്നാണല്ലോ ഇവിടെ അർത്ഥം വരേണ്ടത്'. 4—ാം ഭാഗത്തുള്ള 'ത്രിയംബക'നെ കളകയാണുത്തമം; കാളിദാസന്റെ ത്രിയംബകപ്രയോഗം ('ത്രിയംബകംസംയമിനം ദദർശ)പോലും പണ്ഡിതസമ്മതമായിട്ടില്ലല്ലോ. രണ്ടുകൂം എന്നതിന്റെ തുല്യമാണ് 113 ഭാഗത്തുള്ള യുഗ്മങ്ങൾ, 'ചാരുകുണ്ഡലമുക്താഹാരകേയൂരകിരീടാദി' (ഭാ: 108) മുതലായ ചില പാദങ്ങൾ ഹതവൃത്തങ്ങളായത്', അച്ചടിത്തെറ്റാലായിരിക്കാം. 'മുക്താ'പദമുക്തമായാൽ ഈ പാദം സദ്വൃത്തമാകുമല്ലോ.

സർവഥാ മഹത്വമേറിയതും ദുരവഗാഹവുമായ ഒരു ഗ്രന്ഥമാണ് സ്കാന്ദപുരാണം; പരിതോഷകനോ, വാസനയും വൈദുഷ്യമുള്ള ആളാണെങ്കിലും അനതിപരിചയനായ ഒരു ചെറുപ്പക്കാരൻ, ഈ സ്ഥിതിക്ക്', ഈവക അപഭ്രംശങ്ങളെയെല്ലാം, വിശാലമായ വേനാങ്കണത്തിൽ ചാഞ്ചാടി 'പിച്ചവെയ്ക്കു'ന്ന ഒരോമനക്കുട്ടിയുടെ ഇളംകാലിടച്ചുകളെപ്പോലെയേ ജ്ഞാനവൃദ്ധന്മാർ ഗണിക്കുകയുള്ളു എന്നു ഞങ്ങൾ സമാധാനിക്കുന്നു.

പ്രകൃതിക്ഷം മുക്തിക്ഷം ഒരുപോലെ ഉതകുന്ന ഒരു പ്രശസ്തസാഹിത്യമാകുന്നു അഷ്ടാദശപുരാണങ്ങൾ. ഒരു മനുഷ്യന്റെ', അവന്റെ ജീവിതായോധനം വിജയത്തിൽ കലാശിപ്പിപ്പാൻ എന്തെന്ത്' ആവശ്യമായിരിക്കുന്നുവോ, അതൊക്കെയും ആഷ്സൂക്തങ്ങളിൽ അടങ്ങിയിട്ടുണ്ട്'. ചുരുക്കിപ്പറകയാണെങ്കിൽ, പുരാണപരായണം നമുക്ക്' ഒഴിച്ചുകൂടാത്ത ഒരു പുണ്യവിഷയമാകുന്നു.

തർജ്ജമ ഗദ്യത്തിലാകണമെന്നും പദ്യത്തിൽത്തന്നെ മതി എന്നും രണ്ടു പക്ഷമുണ്ട്'. ഏതുവിധത്തിലായാലും, പുരാണങ്ങൾ പതിനെട്ടും മലയാളഭാഷയ്ക്കു കിട്ടാതെ കഴിയില്ല. തുഞ്ചത്ത്' എഴുത്തച്ഛന്റെ ശിഷ്യരിൽ ഒരാളുടെ കൃതിയാണെന്നു വിശ്വസിക്കപ്പെടുന്ന സ്കാന്ദപുരാണം കിളിപ്പാട്ടിൽ ഈ പുരാണത്തിന്റെ ചുരുക്കം ചില ഭാഗങ്ങൾ മാത്രമേ ഉൾപ്പെട്ടിട്ടുള്ളൂ. അത്രമാത്രംകൊണ്ട്', ഇന്നത്തെ മലയാളികൾ തൃപ്തിപ്പെടുന്നതല്ലായ്കയാൽ, ശങ്കരക്കുട്ടിമേനോനവർകളുടെ പ്രാരംഭം കാലോചിതവും അഭിനന്ദനീയവുംതന്നെ. ഭാഷാസ്നേഹികളുടെ കൃതജ്ഞതാപൂർവങ്ങളായ ഒത്താശകളാൽ ഈ മഹാപുരാണത്തിന്റെ നിശ്ചിതസമയത്തു നിർവിഘ്നപരിസമാപ്തി സിദ്ധിക്കുമെന്നും ഉടനെ നമ്മുടെ കവി മറ്റൊരു പുരാണത്തിൽ കൈവെപ്പാൻ മടിക്കുകയില്ലെന്നും ആ തർജ്ജമ ഇതിലുമധികം ആസ്വാദ്യമായിത്തീരുമെന്നും ഞങ്ങൾ വിശ്വസിക്കുന്നു.

Digitized By Kerala Sahitya Akademi

പ്രഹസനമാല

2–ം 3–ം 4–ം 5–• നമ്പർ പുസ്തകങ്ങൾ

ഗ്രന്ഥകർത്താവ്: സി. വി. രാമൻപിള്ള

മനുഷ്യരെ നേർവഴിക്കു തിരിക്കുന്നതിന്നു, ഉപദേശത്തിന്നല്ലാ അപഹാസത്തിന്നാണു ഏറെ ശക്തി എന്നതു അനുഭവസിദ്ധമാകുന്നു. ഇതു കൊണ്ടു തന്നെയാണു, സദുദ്ദേശത്തെ മുന്നിൽത്തി രചിക്കപ്പെടുന്ന പ്രഹസനങ്ങൾക്കു എല്ലാ പരിഷ്കൃതഭാഷയും ഉത്തമസ്ഥാനം കല്പിച്ചിട്ടുള്ളതു. മലയാളഭാഷയിലാകട്ടെ, പ്രഹസനം എന്ന സരസമായ സാഹിത്യവിഭാഗത്തിന്റെ പരിശൂന്യത നീങ്ങിയതു ഇപ്പോൾ മാത്രമാണെന്നു തോന്നുന്നു. അങ്ങനെയല്ലെങ്കിൽത്തന്നെ, ആഖ്യായികാകാരന്മാരിൽ അദ്വിതീയനായ സി. വി. രാമൻപിള്ള അവർകൾ അണിയിച്ച ഈ മനോഹര'മാല'യെ നമ്മുടെ മാതൃഭാഷാദേവി അസാധാരണമായ പ്രസാദത്തോടുകൂടി കൈക്കൊള്ളാതിരിക്കില്ല.

'പണ്ടത്തെ പാച്ചൻ,' പെറുതേൻകൊളംബസു,' 'കയ്യളശ്ശന്റെ കടശിക്കെ,' 'ഡാക്കുക്കു കിട്ടിയ മിച്ചം' എന്നീ നാല്വ പ്രഹസനങ്ങളാണു ഇവിടെ അടച്ചുകിട്ടിയിട്ടുള്ളതു. ഇവയിൽ തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സിലെ ഷഷ്ടിപൂർത്തിമഹോത്സവത്തിൽ അഭിനയിപ്പാനായി ഉണ്ടാക്കപ്പെട്ട 'പണ്ടത്തെ പാച്ചൻ' രാജഭക്തിയെ പ്രോജ്ജ്വലിപ്പിക്കുന്ന ഒരു പ്രശസ്തകൃതിയാകുന്നു. യാതൊരു വിദ്യാഭ്യാസവും വിവേകവുമില്ലാത്ത പാച്ചന്റെ പരിഗ്രഹംപോലും, "പൊന്നുതമ്പുരാനെ പച്ചപ്പുല്ലക്കിൽ നീരാളക്കൊടിപോലെ ഥളഥളാന്നു കണ്ടപ്പം ആളുകടെ കണ്ണു നിറഞ്ഞുപോയി" എന്നു പറയുന്നതു ആരുടെ കണ്ണിനെ ഭക്തിബാഷ്പത്തിൽ നിറയ്ക്കുകയില്ല? 'പെറുതേൻ കൊളംബസ്സാ'കട്ടെ 'സ്ത്രീസ്വാതന്ത്ര്യ'ലഹരിയാൽ മതിമറന്നു സ്ത്രീകളെ പുരുഷന്മാരാക്കാൻ ബദ്ധപ്പെടുന്ന പുതുമോടിക്കാരെ നോക്കി പുഞ്ചിരിക്കൊള്ളുന്നു. 'പെണ്ണുങ്ങളുടെ പേരു പറഞ്ഞാൽ ചൊട്ടിക്കുന്ന'വനും പക്ഷേ, കുട്ടപ്പന്റെ സ്ത്രീവേഷം കണ്ടു ഭ്രമിച്ചു 'ഇളിഭ്യപ്പെട്ടം'കെട്ടിയവനുമായ 'കയ്യളശ്ശന്റെ കടശിക്കെ' വിവാഹദ്വേഷികളെ ഒരു നല്ല പാഠം പഠിപ്പിക്കും. ശീമയിൽനിന്നു മലയാളത്തിന്മേൽ മഞ്ഞു തട്ടാതെ മടങ്ങിപ്പോന്ന സ്വരാജ്യത്തെയും സ്വസമുദായത്തെയും ആരാധിച്ചുകൊണ്ടിരിക്കുന്ന ഒരു മാന്യനാണു 'മിച്ചംകിട്ടിയ ഡാക്കർ.'

ശങ്കു ആശാനെ വരച്ച ചിത്രകാരനു തിന്ന ചോറിനു മുറുള്ള വൃദ്ധഭൃത്യന്മാരിൽ വലിയ പ്രീതിയാണു; അത്തരത്തിൽ ഓരോ ഭൃത്യനെ 'പെറുതേൻ കൊളംബസ്സി'ലും 'ഡാക്കുക്കു കിട്ടിയ മിച്ച'ത്തിലും കാണുന്നുണ്ടു. എജമാനന്റെ മകനു പ്രഹരിപ്പാൻ തുടങ്ങുമ്പോൾ, രാമശ്ശാക്കു ഈയൊരപേക്ഷയേ ഉള്ളു. "അയ്യോ കുഞ്ഞേ! ചീവൻ ഒഴക്കേയുള്ള ഒരു കഴഞ്ചെങ്കിലും കാലനു വെച്ചേയ്ക്കുൻ!" ഇതു കേൾക്കുമ്പോൾ ചിരിയും ആ വൃദ്ധന്റെ മനശ്ശുദ്ധിയിൽ അനുകമ്പയും പൊട്ടിപ്പുറപ്പെടാത്തവരുണ്ടെങ്കിൽ,

Digitized By Kerala Sahitya Akademi

അവരുടെ സ്വഭാവം ശങ്കനീയമായിരിക്കും! പ്രാകൃതസംഭാഷണങ്ങൾക്കു തന്മയത്വം വരുത്തുന്നതിലും പാത്രനിർമ്മാണത്തിലും ഫലിതപ്രയോഗത്തിലും പ്രകൃതിനിരീക്ഷണപടുവായ രാമൻപിള്ള അവർകൾക്കുള്ള കൃസലില്ലായ്മ സുപ്രസിദ്ധമാണ്. ഇതുകൊണ്ടുള്ള ഗുണങ്ങൾ, അദ്ദേഹത്തിന്റെ മറ്റുകൃതികളെ .എന്നപോലെ, ഈ പ്രബന്ധങ്ങളെയും ഏറെക്കുറെ പ്രശംസാഹ്ങ്ങളാക്കിത്തീർത്തിരിക്കുന്നു.

എന്നാൽ ഞങ്ങൾക്ക് ഒരാവലാതി പറയാനുണ്ട്: 'പണ്ടത്തെ പാച്ചൻ' ഒഴിച്ചു മറ്റു മൂന്നു പ്രഹസനങ്ങളിലും പാത്രങ്ങളുടെ വേഷാന്തരപ്രാപ്തികൊണ്ടാണ് കാര്യം നിർവഹിച്ചിരിക്കുന്നത്; വേറെ ചില സംഗതികളിലും കുറേശ്ശ ഐകരൂപ്യം കാണും. ഈ വൈചിത്ര്യഹാനി മാത്താണ്ഡവർമ്മപ്രണേതാവിന്റെ മനോധർമ്മാതിശയത്തിനു യോജിച്ചതല്ല..

Digitized By Kerala Sahitya Akademi

അരമനരഹസ്യം

അഥവാ

അന്തഃപുരപ്രേമം

പ്രധാധകൻ: കെ. വാസുദേവൻമൂസ്സ്തു

മലയാളഭാഷയിൽ ഒരു പുസ്തകംകൂടിയായി. ശിശുപാലനെ ഹനിപ്പാൻ ന്യറെന്നപരാധംതികഞ്ഞിട്ട വേണം എന്നുണ്ടായിരുന്നപോലെ, ഏകദേശപരിഭാഷകളെ സാഹിത്യക്ഷേത്രത്തിൽനിന്നു ഗളഹസ്തം ചെയ്വാൻ ഒരു കാരണംകൂടി ആവശ്യമാണെന്നുള്ളപക്ഷം 'അരമനരഹസ്യ'ത്തിന്റെ സന്ദർഭോചിതമായ ആവിർഭാവം അഭിനന്ദിയ്ക്കുത്തക്കതുതന്നെ. ഇങ്ങനെയല്ലാതെ, പ്രസാധകന്റെ പിൻഭാഗത്തു മറഞ്ഞുനിന്നു ഗ്രന്ഥനിർമ്മാണകലയെ കൊഞ്ഞനംകാട്ടുന്ന 'ഭീരു'വായ പരിഭാഷകന്റെ പ്രയത്നത്തെ മറെറാരുവിധത്തിലും ശ്ലാഘിക്കുവാൻ ഞങ്ങൾ നിവൃത്തികാണുന്നില്ല. ഇതുമേൽ ആശാഭംഗത്തോടുകൂടി ഒരു പുസ്തകനിരൂപണം ആരംഭിയ്ക്കേണ്ടിവന്നതിൽ വ്യസനിക്കയല്ലാതെ എന്തു ചെയ്യും!

'അന്തഃപുരപ്രേമം' റൈനോൾഡ്സിന്റെ "ലവ്സ് ഓഫ് ദി ഹാരം" (Loves of the harem) എന്ന കഥാപുസ്തകത്തിന്റെ "ഏകദേശമായ ഒരു പരിഭാഷ"യാണത്രേ. ആംഗലഗ്രന്ഥകാരന്മാരുടെ കൂട്ടത്തിൽ സുപ്രസിദ്ധനായ ഇദ്ദേഹത്തിന്റെ കൃതികളോടെല്ലാം ഏതാണ്ടു പരക്കെ ജനങ്ങൾക്കുള്ള നീരസവും അവജ്ഞയും ഞങ്ങളെ തീരെ ബാധിച്ചിട്ടില്ലെന്നു സസന്തോഷം സമ്മതിക്കുന്നു: നേരെമറിച്ച്, അദ്ദേഹത്തിന്റെ അദ്വിതീയമായ കഥാഘടനാചാതുര്യത്തേയും സർവതോമുഖമായ മഹാകവിത്വത്തേയും ബഹുമാനിക്കുന്നവരാണ് ഞങ്ങൾ. എങ്കിലും ഈ ഒരു പുസ്തകത്തെ അദ്ദേഹത്തിന്റെ മറു ചില കൃതികളെപ്പോലെ കൊണ്ടാടുവാൻ ഞങ്ങൾക്കു മനസ്സുവരുന്നില്ല. അന്യഭാഷകളിലെ പുസ്തകങ്ങളെ ഇറക്കുമതി ചെയ്യുന്നപക്ഷം, അവയിൽവെച്ച് ഉത്തമങ്ങളെ ഒന്നാമതായെടുക്കുകയല്ലേ ഉചിതം? പോട്ടെ, ഇതേ കഥ "കാമിനിമൂലം" എന്ന പേരിൽ വളരെ മുമ്പുതന്നെ മലയാളത്തിൽ ലബ്ധപ്രചാരമായിരിക്കുന്ന സ്ഥിതിക്കു വിശേഷിച്ചും ഈ പുതുപുസ്തകംകൊണ്ടുള്ള ആവശ്യമെന്ത്? "കാമിനിമൂല"ത്തെക്കാൾ ഗണ്യമായ യാതൊരു ഗുണവും ഇതിനുണ്ടെന്നു പറയാൻ നിവ്വാഹമില്ല.

"മൂലത്തിനുപുറമേ, തമിഴിലുള്ള ഒരു തർജ്ജമയുംകൂടി ഒത്തുനോക്കി തയ്യാറാക്കിയിട്ടുള്ള" ഈ പുസ്തകം ഇനിയും "ഏകദേശമായ ഒരു പരിഭാഷ"മാത്രമേ ആയിട്ടുള്ളു എന്നു പ്രസാധകൻ സമ്മതിക്കുന്നു. സൂര്യപ്രകാശത്തിനുപുറമേ നിലാവെളിച്ചംകൂടി ബുദ്ധിമുട്ടി യോജിപ്പിച്ചിട്ടും കുറച്ചു മാത്രമേ അന്ധകാരം നീങ്ങുന്നുള്ളു എന്നു വന്നാൽ അതു് ആക്കും വ്യസനകരംതന്നെ. എന്നാൽ ഇങ്ങനെയുള്ള ഏകദേശപരിഭാഷ ഏതൊരു ഭാഷാസാഹിത്യത്തിനും അപകൃഷ്ടജനകമാണെന്നുള്ള വാസ്തവം കേവലം വിസ്മ

Digitized By Kerala Sahitya Akademi

രിച്ചുകളയുന്നത് അതിലും കഷ്ടം. പുരുഷനും സ്ത്രീയുമല്ലാതെ നപുംസകം എന്ന സത്ത്വം സാഹിത്യലോകത്തിലായാലും ഒരു വികൃതസൃഷ്ടിയാണെന്നുള്ളതിന്നു സംശയമില്ല. ഇത്തരം അപകൃഷ്ടസാരൂപങ്ങൾ വർദ്ധിച്ചുവരുന്നതിനെ അപ്പപ്പോൾ തടയാതിരിക്കുന്നത് അനാശാസ്യമാണെന്ന് ഒരിടത്തുലല്ല അനവധി തവണയായി ഞങ്ങൾ ഊന്നിയുന്നിപ്പറയുന്നു. ഇങ്ങനെ എന്തു സാമാനവും കണ്ടാൽ വാരിത്തിന്നു വിശപ്പടക്കത്തക്കവിധം നമ്മുടെ മാതൃഭാഷ ഇപ്പോഴും കണുപ്രാണയായി കിടക്കുകയില്ല, നിശ്ചയം!

ഈ ഒരു വൈകൃതം ഇതിലെ പേരുകളിൽക്കൂടി വ്യാപിപ്പിച്ച പരിഭാഷകന്റെ സ്വതന്ത്രബുദ്ധി ദയനീയംതന്നെ. "റോസാപുഷ്പത്തെ മറേറതു പേരുകൊണ്ടു വിളിച്ചാലും അതിന്റെ വാസന പോയ്പോകുന്നില്ലെങ്കിലും," തെക്കെ അമേരിക്കയിലെ അളകാപുരിയിലുള്ള ഒരു തുപ്പൻനമ്പൂരി ഇംഗ്ലണ്ടിൽ വന്ന് അവിടത്തെ ഒരു യശോദാനായഡുവിനെ മാലയിട്ടുനപക്ഷം അതത്ര ശരിയായിരിക്കുമെന്നു തോന്നുന്നില്ല. ഏഷ്യാമൈനറിൽ "പൊൻനഗര"വും "ഗജസിംഹ"നും 'പഞ്ചാബി'യും മറ്റുമുണ്ടെന്നു ശാഠ്യംപിടിക്കുന്ന പരിഭാഷകന്റെ മനോരാജ്യത്തിൽ ഇതും ഇതിലപ്പുറവും ഉണ്ടായിക്കൂടെന്നു പറയാൻ വയ്യ. ഇതിൽ 61–ാംപേജിന്റെ ആദ്യത്തെ ചില വരികളിലേയ്ക്കു കടന്നപ്പോഴേയ്ക്കു "മാനവാലി"നെ "സാമുവലാ"ക്കിയിട്ടുള്ളതാലോചിക്കുമ്പോൾ മറ്റുള്ള ഏതു ഏകദേശ പരിഭാഷാകർത്താക്കളെയും അധഃകരിക്കുന്നതിന്നു വേണ്ട സാമർത്ഥ്യം ഇദ്ദേഹത്തിന്നുണ്ടെന്നു തികച്ചും വെളിപ്പെടുന്നുണ്ട്.* ഈവിധം പേരിലെന്നപോലെ "ഭാഷയിലും മറ്റും കുറെ സ്വാതന്ത്ര്യമെടുത്തിട്ടാണ് ഇതു തയ്യാറാക്കിയിട്ടുള്ളതെ"ന്നു പ്രസാധകൻ "വിജ്ഞാപനം" ചെയ്യുന്നു. ബ്രഹ്മത്തിലെന്നപോലെ "മറ്റും" എന്നതിൽ എന്തെല്ലാമാണുൾപ്പെട്ടിട്ടുള്ളതെന്നു തികച്ചും പറയാൻ മന്ത്രദ്രഷ്ടാക്കൾക്കു മാത്രമേ സാധിയ്ക്കൂ. എങ്കിലും കണ്ടിടത്തോളം കൊണ്ടു പറഞ്ഞാൽ, പേരുകളിൽ ഉണ്ടാക്കിത്തീർത്തിട്ടുള്ള വൈലക്ഷണ്യം ഈ പുസ്തകത്തിന്റെ ഏതു ഭാഗത്തേയും ബാധിച്ചിട്ടുണ്ട്. "ഇതിലെ നായകനായ ഖലീൽ പറയുന്നവയായി ഏഴ് ഉപകഥകൾ ഉള്ളതിൽ ആദ്യത്തെ നാലെണ്ണം ഒഴിക്കെ ശേഷമെല്ലാം ദൈർഘ്യഭയം നിമിത്തം വിട്ടുകളഞ്ഞിരിയ്ക്കുന്നു" എന്നു പ്രസാധകൻ വായനക്കാരെ മുൻകൂട്ടി അറിയിച്ചിട്ടുണ്ട്. ഗ്രന്ഥദൈർഘ്യഭീരുക്കളായ പരിഭാഷകപ്രസാധകന്മാർ ഏതാണ്ടു് അറുനൂറോളം ഭാഗങ്ങളുള്ള ഇതിന്റെ മൂലഗ്രന്ഥം മുഴുവനും വിവർത്തനംചെയ്യാതെ വിട്ടുകളഞ്ഞിരുന്നുവെങ്കിൽ മലയാളികൾ ആവലാതിപ്പെടുകയില്ലായിരുന്നു എന്നു ഞങ്ങൾ മുമ്പു പറഞ്ഞുവല്ലോ. പക്ഷേ, ഇങ്ങനെയെല്ലാം ചിലതു കാട്ടിക്കൂട്ടിയ സ്ഥിതിയ്ക്ക് ആ ബാക്കി മൂന്നു കഥകളെക്കൂടി, വല്ലവിധത്തിലും ഇതിൽ ചേർത്തുവിടാതിരുന്നത് അനുചിതമായിപ്പോയി. 229–ാംഭാഗത്തു ഖലീലും പാഷയുമായുള്ള സംഭാഷണത്തിൽ സൂചിപ്പിക്കുന്ന കഥ വിശേഷിച്ചും ഇതിന്നുദാഹരണമാണ്. ഈവിധം കഥാഗാത്രത്തിന്റെതന്നെ ഓരോ ഭാഗങ്ങൾ

---

* ചിത്തജന്നുവേണ്ടി 'ഉദകക്രിയാദികൾ' ചെയ്ത 'ശിശുപാലകരാള'ന്മാർ ഹിന്ദുക്കളാണെന്നാണ് ഞങ്ങൾ ആദ്യം കരുതിയത്; എന്നാൽ അവരെ കൃസ്ത്യാനികളായിട്ടാണ് 'അബ്ദുള്ള' (111–ാംഭാഗം) കാണുന്നതു്. അവരുടെ 'ജ്ഞാനസ്നാനം' എപ്പോഴോ, എന്തോ!!

Digitized By Kerala Sahitya Akademi

അടത്തിക്കളഞ്ഞാൽ കോട്ടം തട്ടാത്തവിധം ശിഥിലതരമായ ഒരു ബന്ധ വിശേഷമല്ല, റൈനോൾഡ്സിന്റെ കഥകൾക്കുള്ളത്. മോരും നെല്ല മെന്നപോലെമാത്രം ചില കഥകൾ കൂട്ടിയോജിപ്പിച്ചതാണ് ഈ കഥ യെന്നു പരിഭാഷകന്ന് ബോധമുള്ള പക്ഷം അത്രമേൽ നിസ്സാരമായ ഒരന്യ ഭാഷാഗ്രന്ഥത്തെ എന്തിന്നു കൈരളീദേവിയുടെ പരിപാവനമായ ശിര സ്സിൽ കടന്നു വലിച്ചേറ്റി? പ്രതിധ്വനിയും അതുതന്നെ, എന്തിന്?

ഭാഷാന്തരകൃതി എന്ന നിലയിൽ അരമനരഹസ്യം ഒരിക്കലും നിത്യ പകട്ടുഷ്ടിയെ അർഹിക്കുന്നില്ലെന്നു ഇനിയും ആവർത്തിക്കേണ്ടതില്ലല്ലോ. എങ്കിലും പ്രസിദ്ധപണ്ഡിതനായ പ്രസാധകന്റെ പേരിലുള്ള ആദരം കൊണ്ട് ഞങ്ങൾ ആ നീരസപ്രദമായ പ്രവൃത്തിയിലും കൈവെയ്ക്കുക തന്നെ ചെയ്യുന്നു. ഇത് ഏകദേശ പരിഭാഷയാണല്ലോ; അത്രമാത്രമെ ങ്കിലും മൂലത്തോടടുക്കേണ്ടതായ ഒരു ചുമതല ഇതിന്നുണ്ട്. ആ ഭാഗം മാത്രം നമുക്കു കുറച്ചൊന്നു പരിശോധിക്കാം: തുർക്കിരാജ്യത്തിന്റെ തലസ്ഥാനനഗരിയിൽ അസാധാരണവും അത്ഭുതകരവുമായി അനവധി കൊലപാതകം നടക്കുന്നതിനെപ്പറ്റി അന്വേഷണം ചെയ്വാനായി പ്രത്യേകം ശാസിക്കുന്നതിന്നു സുൽത്താൻസലിം പ്രധാനമന്ത്രിയെ വിളിച്ച സമയത്തു തിരുമനസ്സിലെ സ്ഥിതി "കണ്ണുകൾ കാഞ്ഞിരപ്പഴം പോലെ ചുവന്നും മീശ എടുത്തുപിടിച്ചും പല്ലുകൾ കടിച്ചും അതിഭയങ്കരമായി രുന്നു" എന്നു പരിഭാഷകൻ സ്വപ്നം കാണുന്നു. ഈ വിവരണത്തിൽ നിന്നു, വളരെ സുശീലനും സർവഥാ പരിഷ്കൃതനും ഉല്പ്പംബലഭേണം നടത്തുന്ന ചക്രവർത്തിമാരിലെല്ലാംവെച്ച് ഏറ്റവും ദയാലുവുമാണെന്നു മൂലകാരൻ മുമ്പിലത്തെ ഖണ്ഡികയിൽ വർണ്ണിക്കുന്ന സലിംചക്രവർത്തി ഏതാണ്ടൊരു രാക്ഷസസ്വഭാവിയാണെന്നു വായനക്കാർ തെറ്റിദ്ധരി ച്ചേയ്ക്കും. എന്നാൽ, ഈ സ്ഥാനത്തു മൂലത്തിലുള്ള വരി The usually benevolent countenance എന്നാണെന്ന് എടുത്തു കാണിയ്ക്കേണ്ടിയിരി ക്കുന്നു. ഈ കോലാഹലമെല്ലാം കൂട്ടിയതു വായനക്കാരെ കല്പിച്ചുകൂട്ടി തെറ്റിദ്ധരിപ്പിക്കാനല്ലെങ്കിൽ, ദയനീയമായ പരിഭാഷകന്റെ അശക്തി കൊണ്ടും അനവധാനതകൊണ്ടുമല്ലേ? ഇതേവിധം, തുർക്കിരാജ്യത്തു ചക്ര വർത്തിയും പ്രധാനമന്ത്രിയുമായി കാണുമ്പോൾ ചെയ്വാറുള്ള ഉപചാരസമ്പ്ര ദായം എന്തായിരിക്കുമെന്നന്വേഷിക്കുന്ന വായനക്കാരനേയും പരിഭാഷ കൻ അനാവശ്യമായി വഞ്ചിക്കുന്നു. "ആചാരപ്രകാരം രാജാവിനെ മുന്നു പ്രാവശ്യം തലകുനിച്ചു വന്ദനംചെയ്തു" എന്നുള്ള പരിഭാഷകന്റെ വാക്കു വിശ്വാസയോഗ്യമല്ല. സിംഹാസനത്തിന്നു കാല്തൽ ദണ്ഡനമസ്കാരം ചെയ്തു എന്ന അർത്ഥത്തിൽ having prostrated himself at the feet of the throne എന്നാണ് മൂലത്തിലെ വരി. ഇവയെക്കാളെല്ലാം ക്ഷന്തവ്യമ ല്ലാത്ത ഒരബദ്ധമാണ് 6—ാം പേജിലെ സുൽത്താന്റെ സംസാരം: "എന്റെ പ്രജകൾ എന്നെത്തന്നെയാണ് ആശ്രയിച്ചിരിക്കുന്നത്. നോക്കൂ, അവരുടെ രാജഭക്തി" സലീമിനെപ്പോലുള്ള ഒരു പരിഷ്കൃത ചക്രവർത്തി യുടെ മുഖത്തുനിന്ന് ഇങ്ങനെ ചില അക്ഷരങ്ങൾ പുറപ്പെട്ടുമെന്നു പരിഭാ ഷകൻ സശയിച്ചുവല്ലോ! 'എന്റെ പ്രജകൾ ആവലാതിപ്പെടുന്നു; അവരിന്നു കാരണമില്ലായ്കയുമില്ല—" ഇത്രമാത്രമേ ഈ സ്ഥാനത്തേയ്ക്കു കഷ്ടിച്ചു കൊള്ളിയ്ക്കാവുന്നതായി ഒരു ഭാഗം മൂലത്തിലുള്ളൂ. ഇതൊക്കെ യാണ് ഈ പുസ്തകത്തെ ഏകദേശപരിഭാഷയാക്കിത്തീർക്കുന്നതെ

Digitized By Kerala Sahitya Akademi

ങ്കിൽ ഇതൊരിക്കലും പരിപൂർണ്ണഭാഷയായിത്തീർന്നില്ലല്ലോ എന്ന സന്തോഷിയ്ക്കാനും നമുക്കു വകയുണ്ട്. ജൂലികാ സുൽത്താന്റെ അരമനയിൽ ചെന്നിട്ട് "എന്തോ സ്വകാര്യമായ ഒരു വർത്തമാനം പറഞ്ഞുകൊണ്ടാണ് അവൾ ഓരോ വാതിൽക്കലും നിൽക്കുന്ന കാവൽക്കാരെ കടന്നു ചെന്നതെ"ന്നു പറയുന്ന പരിഭാഷകൻ ആ സുശീലയുടെ അന്തസ്സിനേയും ചാരിത്രത്തെക്കൂടിയും ഭാഷാന്തരീകരണത്തിലുള്ള തന്റെ അശക്തികൊണ്ടു പരിക്കേല്പിക്കുന്നു. ഇത് She by means of whispered words passed the various sentinels എന്നതു തർജ്ജമചെയ്യുനോക്കാൻ വേണ്ടി ചെയ്ത പിടച്ചിലിന്റെ അപകൃഷ്ടഫലമാണെന്നു പ്രത്യക്ഷപ്പെടുന്നു. ജൂലിക കാവൽക്കാരോടു സ്വകാര്യം പറഞ്ഞു ധൂർത്തു കാണിക്കുകയല്ല ചെയ്തിട്ടുള്ളത്; ഓരോ കാവൽക്കാരുടേയും കാവലതിത്തി കടന്നുപോകണമെങ്കിൽ, ഓരോ പ്രത്യേക വാക്കുകൾ പറഞ്ഞേ സാധിക്കൂ എന്നുള്ളത് ഈവക രാജധാനികളിലെ നടപ്പാണ്. ആ വാക്കുകൾ എന്നും ഗ്രഹിച്ചു വെയ്ക്കണം. അല്ലെങ്കിൽ, ആ വാക്കുകളാകുന്ന താക്കോലുകൾകൊണ്ട് അരമനയിലെ വാതിലുകളെല്ലാം ആക്കെങ്കിലും തുറന്നു കടക്കാമെന്നു വരുമല്ലോ. ഈ വാക്കുകളത്രേ അവൾ കാവൽക്കാരോടു പതുക്കെ പറഞ്ഞുകൊണ്ടു പോയത്. ഇങ്ങനെ മൂലത്തോടടുപ്പിക്കണംതോറും പരിഭാഷകനു പറ്റിപ്പോകുന്ന വിഡ്ഢിത്തം ചില്ലറയൊന്നുമല്ല. ഈ അശക്തിബോധമായിരിക്കണം പരിഭാഷകനെ പ്രസാധകന്റെ പിന്നിൽ ഒളിപ്പിച്ചുനിർത്തിയതും, ഏകദേശപരിഭാഷ എന്ന് ഈ പുസ്തകത്തിനു പ്രസാധകനെക്കൊണ്ടു പേരിടുവിച്ചതുമെന്നു വിചാരിയ്ക്കേണ്ടിയിരിക്കുന്നു.

പ്രകൃതി എന്തായാലും ആകൃതി നന്നെങ്കിൽ കാണികൾക്കു കുറെ സുഖമുണ്ട്; അതുപോലെ, ഗ്രന്ഥം എന്തായാലും അതിലെ ഭാഷ നന്നെങ്കിൽ, വായനക്കാർക്ക് ഒരുവിധം മുഷിയാതെ വായിച്ചുപോവാം. എന്നാൽ മലയാളികളുടെ നിർഭാഗ്യത്താൽ അരമനരഹസ്യത്തെ ആ ഒരു ഗുണവും സ്പർശിച്ചിട്ടില്ല. അനവധി അസാമഞ്ജസ്യങ്ങൾ അന്തഃപുരപ്രേമത്തെ പങ്കിലമാക്കിത്തീർത്തിരിക്കുന്നു. അവ എടുത്തു കാണിപ്പാൻ ഇവിടെ സ്ഥലമില്ല.

കൊണ്ട്, ഇരുന്നു എന്നിവയുടെ അസ്ഥാനപ്രയോഗം ഇതിൽ സുലഭമാണ്. '....ഒരുവൾ....വസ്ത്രങ്ങൾ ധരിച്ചുകൊണ്ട്.....ഇരുന്നിരുന്നു' (ഭാ: 78) ഇരിക്കുമ്പോഴാണോ, ഇവൾ വസ്ത്രം ധരിച്ചത്? 'നടന്നുകൊണ്ടിരിക്കാനും' (ഭാ: 117) 'കിടന്നുകൊണ്ടിരിക്കാ'നും (54) വളരെ പ്രയാസമുണ്ട്! 'കൊണ്ടിരിക്കൽ' ചുരുങ്ങിയതു ഭാഗത്തിനു രണ്ടുവീതമെങ്കിലും ഇപ്പുസ്തകത്തിൽ കാണാതിരിക്കില്ല. ചിലേടത്ത് ഒരു വാചകംതന്നെ ഒന്നിലധികം പ്രാവശ്യം 'കൊണ്ടിരുന്നി'ട്ടുണ്ടാവും! (115–ാം ഭാഗവും മറ്റും നോക്കുക.) രണ്ടാമദ്ധ്യായം തുടങ്ങുന്ന ഖണ്ഡികയിൽ ആറു വാക്യങ്ങളുള്ളതിൽ അഞ്ചും 'ഇരുന്നു'കൊണ്ടാണവസാനിക്കുന്നതു. '....ഇരുന്നു.... സംസാരിച്ചുകൊണ്ടിരുന്നു' (27) എന്നതിൽ 'ഇരുന്നു' രണ്ടുണ്ടെങ്കിൽ, '....കാണപ്പെടുന്ന ശവങ്ങൾ....കെട്ടിയതായിട്ടല്ല കാണുന്നതു" എന്നതിൽ (2) രണ്ടു കാണലുമുണ്ട്! '....അറയിൽപ്പെട്ടപ്പോൾ....ആണിയടിച്ചപ്പോൾ.... (117) എന്നിങ്ങനെ ഒരു വാചകം 'അപ്പോൾ' കൊണ്ടു എത്ര വലിച്ചുനീട്ടാം? വൃക്ഷത്തിന്റെ 'കീഴിൽ' നഗരമുണ്ടാകുന്നതു (55) ആധ്യക്ഷ്യത്തിൻ ചുവട്ടിൽ സഭ കൂടുന്നതുപോലെയാണു. സംഭാഷണങ്ങളിലും

Digitized By Kerala Sahitya Akademi

ഔചിത്യം തീരെ ഇല്ല. എജമാനത്തിയെ—മന്ത്രിപത്നിയെ—അവം എന്ന പറയാൻ ദാസിക്കുടി ധൈര്യപ്പെട്ടന്ന!

ഉല്ലാസം, ഗൗരവം, ശൃംഗാരം, പുത്തി മുതലായ നാമപദങ്ങളെ നാമ വിശേഷണങ്ങളാക്കിയതിന്റെ 'രഹസ്യം', എന്തോ? ഇതിനു പകരമായി രിക്കാം അധീനം മുതലായ നാമവിശേഷണങ്ങളം നാമപദങ്ങളാക്കപ്പെ ട്ടത്. അതിശയം എന്ന ശബ്ദത്തിനു മലയാണ്മയിലേ വിസ്മയം എന്ന അത്ഥം കണ്ടിട്ടുള്ള. അതിനാൽ അത് ഒരു മലയാളപദമായി ഗണിക്കേ ണ്ടിയിരിക്കെ 'അതിശയകരം,' (46) എന്നു പ്രയോഗിക്കാമോ? ആവാ മെങ്കിൽ, ഇനി ഒരാം അഴൽകരം (ദുഃഖത്തെ ഉണ്ടാക്കുന്നത്) എന്നോ മറേറാ പ്രയോഗിച്ചാൽ അതും സാധുവെനു സമ്മതിക്കേണ്ടിവരും. എഴു നേല്ലൽ ഇപ്പുസ്തകത്തിൽ പ്രായേണ എഴനീല്ലലായിരിക്കുന്നു.

ആകപ്പാടെ നോക്കിയാൽ, സ്വഭാഷയോ, ഇംഗ്ലീഷോ സംസ്കൃതമോ ശരിയായി പഠിച്ചിട്ടില്ലാത്ത ഒരാളാണ് പരിഭാഷകൻ എന്നു തോന്നി പ്പോകും. ഒരു മികച്ച പണ്ഡിതനും പുകഴ്ന്ന വിമശ്കനുമായ കെ. വാസു ദേവൻ മൂസ്സതവർകളം അപശബ്ദങ്ങളെ തിരുത്തുകയെങ്കിലും ചെയ്യാതെ ഇപ്പുസ്തകത്തെ പ്രസാധനം ചെയ്തതിൽ ഞങ്ങം 'അതിശയ'പ്പെട്ടന്നു.

Digitized By Kerala Sahitya Akademi

സ്വപ്നവാസവദത്തം ഭാഷാനാടകം

പരിഭാഷകൻ:

അരുവിക്കര, ഇടമന ആർ. നാരായണൻപോററി

മഹോപാധ്യായർ

കവികലക്കുടസ്ഥനായ കാളിദാസനാൽപ്പോലും ഗ്രന്ഥനിവ്വിശേഷം സംഭാവിതനും മഹഷ്ിതുല്യനുമായ ഭാസമഹാകവിയുടെ കൃതികളം പണ്ടേ നശിച്ചുപോയിരിക്കുന്നുവെന്നാണല്ലോ ഇതേവരെ വിചാരിക്കപ്പെട്ടിരുന്നത്. അതുകളിൽ പതിമൂന്നു രൂപകങ്ങളം ഇതാ, ഇപ്പോളം തിരുവിതാംകൂർ ഗവമ്മെണ്ടു് വക 'പ്രാചീന സംസ്കൃതഗ്രന്ഥസമ്പാദനഡിപ്പാർട്ട'മെണ്ടിന്റെ അധ്യക്ഷനും പ്രസിദ്ധ പണ്ഡിതനുമായ ടി. ഗണപതിശാസ്ത്രി അവർകളുടെ അത്യന്തം അഭിനന്ദനീയമായ അക്ഷീണപരിശ്രമത്തിന്റെ ഫലമായി, നമുക്കു ലഭിച്ചിരിക്കുന്നു! എന്നാൽ ഈ നാടകങ്ങളുടെ കത്താവു സാക്ഷാൽ ഭാസനല്ല എന്നു പുതിയൊരഭിപ്രായം ഇയ്യിടയിൽ പുറത്തുവന്നിട്ടുണ്ടു്; ഇതിന്റെ യാഥാർത്ഥ്യം എങ്ങനെയെങ്കിലുമാകട്ടെ, പ്രസന്നോദാരഗംഭീരങ്ങളായ പ്രസ്തുതരൂപകങ്ങളിൽ ഓരോന്നും തൽക്കർത്താവിന്റെ അസാമാന്യമഹാകവിത്വത്തെ ധാരാളം വെളിപ്പെടുത്തുന്നുണ്ടു്.

"വ്യാമുഷ്ണസൂര്യതിലകോ വിതതോഡുമാലോ
നഷ്ടാതപോ മൃദുമനോഹരശീതവാതഃ
സംലീനകാമുകജനഃ പ്രവികീർണ്ണതോരോ
വേഷാന്തരം രചയതീവ മനുഷ്യലോകഃ"
"സുലഭശരണമാശ്രയോ ഭയാനാം
വനഗഹനം തിമിരം ച തുല്യമേവ:
ഉഭയമപി ഹി രക്ഷ്യതേന്ധകാരേ,
ജനയതി യശ്ച ഭയാനി യശ്ച ഭീതഃ"

ഇത്യാദി അകൃത്രിമരമണീയങ്ങളായ ഉല്ലേഖങ്ങളം ഒരു സാധാരണ സാഹിത്യകാരന്റെ ഭാവനയിൽ വിളയുന്നവയല്ലല്ലോ.

'ഭാസനാടകചക്ര'ത്തിൽ എല്ലാംകൊണ്ടും പ്രാഥമ്യം വഹിക്കുന്നതു് 'സ്വപ്നവാസവദത്തം' തന്നെയാണു്.

"ഭാസനാടകചക്രേപി
ചേരകൈഃ ക്ഷിപ്തേ പരീക്ഷിതും
സ്വപ്നവാസവദത്തസ്യ
ദാഹകോഭൂന്ന പാവകഃ"

എന്നിങ്ങനെ 'രാജശേഖര'കവിശ്രേഷ്ഠനാൽ സംകീർത്തിതമായ മാഹാത്മ്യം ഉള്ള ഈ നാടകത്തെ നമ്മുടെ ഭാഷയിലേയ്ക്കു സംക്രമിപ്പിച്ച ആർ. നാരായണൻപോററി അവർകളുടെ ഉചിതവിഷയാഭിനിവേശം അനുമോദിക്കത്തക്കതുതന്നെ.

Digitized By Kerala Sahitya Akademi

ഇപ്പുസ്തകം ഇവിടെ അയച്ചുകിട്ടിയിട്ട് രണ്ടുമൂന്നു മാസം കഴിഞ്ഞിരിക്കുന്നു. ഞങ്ങളുടെ അഭിപ്രായം പ്രസ്താവിപ്പാൻ ഇത്രയും വൈകിപ്പോയതു്, തഞ്ജമ മൂലത്തോടൊത്തുനോക്കുവാൻ സൗകര്യം കിട്ടാഞ്ഞതിനാലാണു്. ആറങ്കങ്ങളുള്ളതായ ഈ നാടകത്തിൽ രണ്ടുമൂന്നു പദ്യങ്ങളുടെയും ചുരുക്കം ചില ഗദ്യങ്ങളുടെയും തഞ്ജമ പരിഭാഷകന്റെ കവിതാവാസനയെ കാണിക്കുന്നതായിട്ടുണ്ടു്.

"പത്മാവതീ ബഹുമതാ
മമ യദ്യപി ത്രുപശീലമാധുര്യൈഃ,
വാസവദത്താബദ്ധം
നതു താവന്മേ മനോ ഹരതി"

എന്ന സുകുമാരശ്ലോകത്തിന്റെ ഭാഷാന്തരമായ

"മേനിയ്യുള്ളഴകും സ്വഭാവഗ്രുണവും
മാധുര്യവും കൊണ്ടു ഞാൻ
മാനിയ്യുന്ന കുമാരിയാണു സരസം
പത്മാവതീയെങ്കിലും,
നൂനം വാസവദത്തയിൽ പ്രബലമായ്—
ബന്ധിച്ചൊരെൻമാനസം
താനാളല്ല കവന്നെടുത്തു തനതായ്—
സ്സുംക്ഷിച്ചുകൊണ്ടോടുവാൻ."

എന്ന പദ്യം ഒരുവിധം കൊള്ളാവുന്നവയിൽ ഒന്നാണു്. എന്നാൽ ഇതിൽത്തന്നെയും, കുമാരീപദത്തിന്റെ അനൗചിത്യം, സരസം എന്നതിന്റെ അസ്ഥാനവിന്യാസം, പത്മാവതീ എന്ന നവീനഭാഷാരീതിയ്യുടെ വിരുദ്ധമായ ദൈർഘ്യം, കവന്നെടുത്തു എന്നതിന്റെ അസാമഞ്ജസ്യം തനതായി സൂക്ഷിച്ചുകൊണ്ടോടുവാൻ എന്നതിന്റെ നിരർത്ഥകത—അല്ലെങ്കിൽ വ്യർത്ഥസ്ഥൂലത—എന്നീ ദോഷങ്ങൾ ഉൾപ്പെട്ടിരിക്കുന്നു!

ദ്വിതീയാക്ഷരപ്രാസശ്രുംഖല നമ്മുടെ പരിഭാഷകനെ അത്രയധികം ബന്ധിച്ചിട്ടില്ലെന്നുള്ളതു് ആശ്വാസകരം തന്നെ; എന്നാൽ ഈ സ്വാതന്ത്ര്യം, ഇതിൽ രചനാസൗഷ്ഠവത്തിന്നോ, അർത്ഥസുഗതയ്ക്കോ ഉപയോഗപ്പെട്ടതായി കുണ്ണന്നില്ല. "ആപത്തെന്നഴൽപെട്ടെനിയ്യു നിനവിപ്പത്മാവതിക്കുംപരം" എന്നതിന്റെയും മറ്റും അർത്ഥം പരിഭാഷകന്റെ സൂചന(ടിപ്പണി) കൊണ്ടും സുസ്പഷ്ടമാകാതെയാണിരിക്കുന്നതു്. ശ്രുതിവിശേഷണം, ശേഫാലിക, വ്യാശ്ലേഷമ്മാവഗ്രുണിതം എന്നീ പദങ്ങളും സാധാരണന്മാക്കു ദുർഗ്രഹങ്ങൾ തന്നെ.

"വഞ്ചിമഹാമണ്ഡലത്തിൽ സർവ്വതോമുഖമായ അഭ്യുദയം ക്രമേണ ഉത്തരോത്തരം" എന്നിങ്ങനെ പ്രൗഢസംസ്കൃതത്തിൽ തുടങ്ങി, "നമസ്കാരം പ്രസ്താവിച്ചുകൊള്ളുന്നു" എന്ന പ്രാകൃതത്തിൽ അവസാനിച്ചു്, ഒരുവശം മുഴുവൻ വ്യാപിച്ചുകിടക്കുന്ന ആദ്യവാചകത്തോടുകൂടിയതും "ഭാസന്റെ ശൈലി മലയാളശൈലിക്കു സഹിക്കാവുന്നിടത്തോളം വരുത്താനും നോക്കീട്ടുണ്ടു്" എന്ന പരിഭാഷകൻ പ്രസ്താവിച്ചിട്ടുള്ളതുമായ മുഖവുരയിൽത്തന്നെ, "എനിക്കു് അനുവാദം കൊടുത്തിട്ടുള്ളതും" എന്നും മറ്റുമായി പല ശൈലീഭംഗങ്ങളും കടന്നുകൂടിയിട്ടുള്ള സ്ഥിതിക്കു്, തഞ്ജമയിൽ കാണുന്ന ശൈലീഭംഗങ്ങളെപ്പറ്റി വിശേഷിച്ചൊന്നും വിചാരിപ്പാനില്ല!

Digitized By Kerala Sahitya Akademi

മുഖവുരയ്ക്കുപുറം, ഗണപതിശാസ്ത്രി അവർകൾ ഭാഷാനാടകചക്രത്തിന്നു് എഴുതിയ ഗംഭീരമായ സംസ്കൃതോപോൽഘാതം, പോററി അവർകൾ തന്നെ തർജ്ജമചെയ്തു ചേർത്തിട്ടുള്ളതു് വായിച്ചറിയേണ്ട ഒന്നാണു്.

ചിലേടത്തു, മൂലത്തിലെ പദങ്ങൾ മാത്രമല്ല, വാക്യങ്ങൾകൂടി തർജ്ജമയിൽ വിട്ടുപോയിരിക്കുന്നതു്, ആവശ്യമില്ലാതെ പദങ്ങൾ കൂട്ടിച്ചേർത്തിട്ടുള്ളതിനേക്കാൾ കഷ്ടമായിരിക്കുന്നു. നാലാം അങ്കത്തിൽ, "ഹോ! വണ്ടുകളുടെ ശല്യം നിമിത്തം" ഇത്യാദിയായ വാസവദത്താവാക്കിൽ "കാസകുസുമരേണുണാപഡിദേണ" എന്നീ പദങ്ങളുടെ തർജ്ജമയില്ലായ്കയാൽ, 'വണ്ടു വന്നു വീണിട്ടോ മറേറാ ആണു്, വാസവദത്തയുടെ കണ്ണിൽ വെള്ളം" എന്നു വായനക്കാരൻ വിചാരിക്കേണ്ടിവരുന്നു! അഞ്ചാം അങ്കത്തിൽ, രണ്ടാം ശ്ലോകത്തിന്റെ താഴെ, "സമുദ്രഗൃഹകത്തിലാണപോലും പള്ളിമെത്ത വിരിച്ചിരിക്കുന്നതു്" എന്ന വിദൂഷകന്റെ ഉത്തരത്തിന്നു ഹേതുവായ രാജാവിന്റെ ചോദ്യം കാണ്മാനില്ല! ഈവക വിട്ടുവീഴ്ചകൾ, പരിഭാഷകന്നു് അവശ്യം വേണ്ടതായ അവധാനത്തിന്റെ ന്യൂനതയെ പ്രത്യക്ഷീകരിക്കുന്നവയാണു്. പ്രവേശകഃ എന്നതിന്റെ തർജ്ജമ എല്ലായിടത്തും പ്രവേശകൻ എന്നായിക്കാണുന്നതു്, പക്ഷേ,. അച്ചടിപ്പിഴയായിരിക്കാം!

'വിലവിപ്പോവിൻ' 'പൂവു ഇറുക്കുക', 'കിറുക്കി', 'ദുരിശം' മുതലായ ദേശ്യപദങ്ങളും 'മുധേവിയണയുക', 'കമ്പ', സംബുദ്ധിയായ 'കേട്ടോ' മുതലായ ഗ്രാമ്യപദങ്ങളും 'പടുണം', 'കാട്ടീന്നു', 'ഭഗിനീടെ', 'ആക്കാ', 'എന്തിനാ' മുതലായ ലുപ്തപദങ്ങളും 'ചക്രഗാരക്കാൽരാശി' മുതലായ അപരിപക്വപദങ്ങളും 'ഏന്തുന്നയാമ്മ', 'ഓതിടട്ടവൻ', 'രൂപത്തിൻറഴക' 'വിട്ടിവൻ' (പൂർണ്ണക്രിയയായ വിട്ടു+ഇവൻ) മുതലായ കൃസന്ധികളും യതിഭംഗങ്ങളും ചില്ലുകളുടെ (ൽ, ൻ) ആധുമാനവും—ഇവയെല്ലാംകൂടി, പോററി അവർകളുടെ കൃതിക്കു വല്ല നന്മയും ഉണ്ടെങ്കിൽ, അതിനെ നിശ്ശേഷം ഗ്രസിച്ചുകളഞ്ഞിരിക്കുന്നു. ഈവക ദോഷങ്ങളിൽ ഏതെങ്കിലും ഒന്നിനാൽ ദൂഷിതമാകാത്ത ഒരു ഭാഗംപോലും അമ്പതുഭാഗങ്ങളുള്ള ഈ പുസ്തകത്തിൽ ഇല്ലെന്നുതന്നെ പറയാം.

ഒന്നാം അങ്കത്തിൽ 11–ാം ശ്ലോകത്തിലെ "നഹി സിദ്ധ വാക്യാനൃൽ ക്രമ്യ ഗച്ഛതി വിധിസ്സുപരീക്ഷിതാനി" എന്നതിന്റെ ഭാഷാന്തരം, "മറിച്ചുജ്ജസ്സുള്ളൊരു സിദ്ധവാക്യമൊരുനാളും ദൈവമൊപ്പിച്ചിടാ" എന്നാണു്. ഇതു വായിച്ചാൽ, "ശരിയ്ക്കു പരീക്ഷിച്ചറിയപ്പെട്ട സിദ്ധ വാക്യങ്ങളെ ദൈവഗതി അതിക്രമിയ്ക്കുമാറില്ലല്ലോ" എന്ന മൂലാർത്ഥം എങ്ങനെ മനസ്സിലാകും? 14–ാം ശ്ലോകത്തിലെ "ഇയാംക്ഷമുണ്ടുപരമം പെട്ടെന്നു തീർന്നാൽ നൃപൻ" എന്ന വാക്യത്തിന്നു "നൃപൻ മരിച്ചുപോയാൽ ഈയാളും മരിക്കും" എന്നാണു് അർത്ഥം ഗ്രഹിയ്ക്കേണ്ടതു്! ഈ തർജ്ജമയെക്കാൾ സുഗമമാ, "നൃപഃ പ്രാണാൻ സദ്യസ്ത്യജതി യദി തസ്യാപ്യ പരമഃ" എന്ന മൂലത്തിനുതന്നെയാണു്. അഞ്ചാം അങ്കത്തിലെ,

"സപ്തസ്യാന്തേ വിബുദ്ധേന
വേത്രവിപ്രോഷിതാഞ്ജനം
ചാരിത്രമപി രക്ഷന്ത്യാ
ദൃഷ്ടം ദീർഘാളകം മുഖം."

Digitized By Kerala Sahitya Akademi

എന്നതിന്റെ തജ്ജമയായ

"സ്വപ്നാന്തത്തിലുണർന്നപ്പോൾ,
ചാരിത്രംകൂടി നോക്കീടും
ദീർഘാളകേടെ വക്ത്രം കൺ—
മയ്വെന്താതങ്ങു കണ്ടു ഞാൻ."

എന്ന ശ്ലോകത്തിന്റെ രചനാദോഷങ്ങളെപ്പറ്റി ഞങ്ങളൊന്നും പറയുന്നില്ല; 'ചാരിത്രംകൂടി നോക്കീടും' എന്ന വിശേഷണം "ഈ ദീർഘാളകന്യ, ചാരിത്രം അത്ര നോക്കേണ്ടതില്ല; അതുകൂടി നോക്കുന്നു" എന്ന ദുരർത്ഥം ദ്യോതിപ്പിച്ചു, നായികയ്ക്ക് അപകർഷം വരുത്തിയിരിക്കുന്നത് അസഹനീയംതന്നെ. അടുത്ത ശ്ലോകത്തിലെ' കുമ്പൽ' എന്ന പദത്തിന്നു രോമാഞ്ചം എന്നാണുപോൽ അർത്ഥം.

ഇങ്ങനെ ഏതെങ്കിലും ഒരു അങ്കത്തിലെ കേടുകൾ വിവരിക്കുന്നതായാൽത്തന്നെ, ഈ ലേഖനം അതിദീർഘമായിത്തീരുന്നതാണ്. വാസ്തവത്തിൽ, അങ്ങനെ ഒരു നിരൂപണത്തെ ഇപ്പുസ്തകം അർഹിക്കുന്നില്ല. ഞങ്ങൾ ഇരുത്തോളമെങ്കിലും പറഞ്ഞത്, ഇത് ഒരപൂർവ്വവിശിഷ്ടഗ്രന്ഥത്തിന്റെ തജ്ജമയാണല്ലോ എന്ന ഗൗരവം നിമിത്തമാണ്.

ആകപ്പാടെ, ഗുണം കുറഞ്ഞവയും ദോഷമേറിയവയുമായി, നമ്മുടെ രാജ്യത്തു പ്രതിനിമിഷമെന്നപോലെ പുറപ്പെട്ടുകൊണ്ടിരിക്കുന്ന പലതരം പുസ്തകങ്ങളിൽ ഒന്നായിട്ടേ, സ്വപ്നവാസവദത്തം ഭാഷാനാടകവും ഗണിക്കപ്പെട്ടുകൂടൂ എന്നു കാണുന്നതിൽ, ഞങ്ങൾ നിർവ്യാജം വ്യസനിക്കുന്നു. കുറെക്കാലംകൂടി കവിതാവിഷയത്തിൽ പരിചയിച്ചതിനുശേഷമാണ്, നമ്മുടെ മഹോപാദ്ധ്യായർ ഈ മഹാഗ്രന്ഥത്തിൽ കൈവെച്ചത് എങ്കിൽ, ഇദ്ദേഹത്തിന്റെ പ്രയത്നം ഇതിലധികം സപ്രയോജനമായിത്തീരുമായിരുന്നു.

ഈ സ്വപ്നവാസവദത്തം നാടകവും ഭാസന്റെ മറ്റു നാടകങ്ങളും നല്ല രീതിയിൽ തർജ്ജമചെയ്തു കിട്ടുന്നതായാൽ, അത് മലയാളഭാഷയ്ക്ക് ഒരനശ്വരമായ സമ്പത്തായിരിക്കും. ഈ വിഷയത്തിൽ നമ്മുടെ മാന്യകവികളുടെ ശ്രദ്ധയെ ഞങ്ങൾ സവിനയം ക്ഷണിച്ചുകൊള്ളുന്നു.

Digitized By Kerala Sahitya Akademi

പഞ്ചരാത്രം—ഭാഷ

പരിഭാഷകൻ: എം. രാജരാജവർമ്മതമ്പുരാൻ, എം. എ. ബി. എൽ.

സാക്ഷാൽ കാളിദാസന്നുപോലും ഉപജീവ്യനായിട്ടുള്ള ഭാസമഹാകവിയുടെ ഒന്നാംതരം നാടകങ്ങളിൽ ഒന്നാകുന്നു പഞ്ചരാത്രം. ഇതിലെ പ്രമേയം ഭാരതപ്രസിദ്ധമായ വിരാടഗോഗ്രഹണമാണെങ്കിലും, സന്ദർഭം മുഴുവനും കവികല്പിതമാകയാൽ, ഇത് ഒരു സ്വതന്ത്രനാടകംതന്നെയായി ഗണിക്കാം. ആശയവൈശിഷ്ട്യംകൊണ്ടു ഗംഭീരവും രചനാലാളിത്യംകൊണ്ടു രമണീയവുമായ ഈ ദൃശ്യകാവ്യത്തെ സ്വഭാഷയിൽ അവതരിപ്പിപ്പാൻ രാജരാജവർമ്മതമ്പുരാനവർകൾ ചെയ്ത ശ്രമം അത്യാവശ്യകവും അഭിനന്ദനീയവുമാകുന്നു.

എന്നാൽ ആ പരിശ്രമത്തിന്റെ ഫലം അത്ര ആസ്വാദ്യമായിട്ടില്ലെന്നു സവിഷാദം സമ്മതിയ്ക്കേണ്ടിയിരിക്കുന്നു. ഈ തർജ്ജമയിൽ സ്വല്പം രസകരമായിട്ടു വല്ല ഭാഗവുമുണ്ടെങ്കിൽ, അത്ര രണ്ടാമങ്കത്തിലെ പ്രാകൃതമായ ഗോപസംഭാഷണം ഗ്രാമ്യഭാഷയിൽ പകർത്തിയിട്ടുള്ളതുമാത്രമാണ്. ഗദ്യങ്ങളും മുക്കാലും എതാണ്ടു നിരവദ്യങ്ങളാണെന്നുവെയ്ക്കാം; നേരെ മറിച്ചാണ് പദ്യങ്ങളുടെ അവസ്ഥ. തീരെ നിർദ്ദോഷമായി ഒരു പദ്യമെങ്കിലും ഭാഷാപഞ്ചരാത്രത്തിൽനിന്നു നോക്കിയെടുപ്പാൻ വളരെ പ്രയാസമുണ്ട്.

'പെട്ടുള്ളവർ കെല്പെഴും, ശാസ്ത്രജ്ഞർ' (2—ാം ഭാഗം) എന്നിങ്ങനെ ർ മുതലായ ചില്ലുകൾക്ക് ആധിമാനം വരുത്തുന്നതു സാധുവല്ലെന്നതു നമ്മുടെ പരിഭാഷകനും സമ്മതംതന്നെയാണ്. അതുകൊണ്ടായിരിക്കുമല്ലോ, കീചകർനിധനം എന്നു വ്യസ്തമായി വേണ്ടതിനെ 'കീചകന്നിധനം' (37) എന്നു സമസ്തമാക്കിയിരിക്കുന്നത്! 'ചാത്തി ചട്ടമാം' (25), 'നഗരത്തിൽ ദുശ്ശാസനം' (36) എന്നീവക സ്ഥലങ്ങളിൽ യഥാക്രമം ചകാരദ്വകാരങ്ങൾക്ക് ദ്വിത്വം വേണമെന്നും, 'യുദ്ധകളം' (51) യുദ്ധക്കളംതന്നെയാകണമെന്നും ഇന്നലെ പദ്യമുണ്ടാക്കിത്തുടങ്ങിയ കുട്ടിക്കുരങ്ങുകൾകൂടി അറിയാം. 'ദുഷ്ടനാരീടേ' (4) 'സാരത്ഥ്യത്തിന്നു' (31) ഉത്തരയെ എന്നർത്ഥത്തിലുള്ള 'ഉത്തരേ' (57) മുതലായ ലുപ്തപദങ്ങൾ വാമൊഴിയിൽപ്പോലും വർജ്ജ്യങ്ങളല്ലയോ? എന്റെ ക്ഷമ ജനങ്ങൾ അറിയുകയാൽ എന്നതിന്നു പകരം 'ക്ഷമ ജനങ്ങളെന്റെയറിവേകയാൽ' (29) എന്നും എന്റെ മുമ്പിൽ എന്നതിന്നു പകരം 'മുന്നിലെന്നുടെ' (39) എന്നും മറ്റും പദങ്ങളെ ആക്രമമായി വിന്യസിച്ചിരിക്കുന്നതും 'ന ദണ്ഡം വഹിച്ചോൻ' (36), 'കിമുത്തരൻ' (55) തുടങ്ങിയ തനിസ്സംസ്കൃതരീതിയും, തമ്പുരാനവർകളുടെ ഭാഷയിൽ പറകയാണെങ്കിൽ, മലയാണ്മയിൽ തീച്ച്യായും ന നല്ലവ, അഥവാ കിം കൊള്ളാം എന്ന് അദ്ദേഹത്തോടു ഞങ്ങൾ സവിനയം ചോദിച്ചുകൊള്ളുന്നു. 'അമരുന്നനം' (2), 'വലിയേറയമ്പു' (54), 'വന്നിവൻ' (43) (വന്നു+ഇവൻ) മുതലായ വിസന്ധികളെയും 'ബോൽ, (27) 'മുണ്ടാവ്' (44) മുതലായ ദേശ്യപദങ്ങളെയും 'തുലഞ്ഞു' (4) മുതലായ ഗ്രാമ്യങ്ങളെയും ചിലർ സഹിക്കുമായിരിക്കാം. എന്നാൽ, 'ഉണക്കവെള്ളിയാൽ ചുറ്റിപ്പിണഞ്ഞീടിന

Digitized By Kerala Sahitya Akademi

പാദപ'വും (4) (ചുററിപ്പിണയാൻ വള്ളി മാത്രം മതി.) 'നീറി' (5) എന്നതിന്റെ അപൂർണ്ണക്രിയാത്വവും 'സാമത്ഥ്യ' (24) ത്തിന്റെ നാമ വിശേഷണത്വവും വിക്രമിയ്ക്കു പകരമുള്ള 'വിക്രമ'ത്തും (44) പനയെ 'മഹാൻ' (5) ആക്കിയതും മററും പരക്കെ ഉത്സുഹങ്ങൾതന്നെ.

ഇതുയെല്ലാം വ്യതിയാനങ്ങളെ അവലംബിച്ചിട്ടും, മൂലാത്ഥം ശരിക്കു തർജ്ജമയിൽ വരുത്തുവാൻ പരിഭാഷകന്നു സാധിച്ചില്ലല്ലോ എന്നു ഞങ്ങൾ അത്ഭുതപ്പെടുന്നു.

"അവനതവിടപോ നദീപലാശഃ
പവനവശാച്ചലിതൈകപർണ്ണഹസ്തഃ
ദവദഹനവിപന്നജീവിതാനാ—
മുദകമിവൈഷ കരോതി പാദപോനാം?"

എന്നീ മനോഹരമായ ശ്ലോകത്തിന്റെ തർജ്ജമ നോക്കുക:—'ആററിൽ ച്ചാഞ്ഞു കിടക്കുന്ന പ്ലാശിൻകൊമ്പേറു കാററിതാ, ദവാഗ്നിദഗ്ധവൃക്ഷങ്ങൾക്കേകുന്നിതുദകക്രിയ."

ജ്ഞാതികളാണല്ലോ മരിച്ചവക്ക് ഉദകം നല്കാറുള്ളത്. അതനുസരിച്ചത്രേ, മൂലകാരൻ കാട്ടുതിയ്യിൽ വെന്തുപോയ വൃക്ഷങ്ങൾക്കു പലാശ വൃക്ഷത്തെക്കൊണ്ട് ഉദകക്രിയ ചെയ്യിച്ചത്. പരിഭാഷകനോ, ആ ക്രിയ കാററിനെക്കൊണ്ട് 'ഏകിക്കുന്നു; ഇതുകൊണ്ടു പ്രേതങ്ങൾ പ്രസാദിക്കുമെന്നു തോന്നുന്നില്ല.

"ജാനാമ്യേതാൻ നിഗ്രഹാദസ്യ ദോഷാൻ
കോ വാ പുത്രം മഷ്യേച്ഛത്രുഹസ്തേ?
ഇഷ്ടാപത്യാ കിന്തു ദുഃഖേ ഹി മഗ്നാ
പശ്യത്യേനം ദ്രൌപദീത്യാഹതോയം"

എന്ന ശ്ലോകത്തിന്റെ തർജ്ജമ,

"പിടിച്ചുകൊണ്ടന്നതിലുള്ള ദോഷമി—
ന്നറിഞ്ഞു ഞാൻ, പുത്രനെ ശത്രുപക്ഷ്യനായ്
സഹിക്കുമാർ? ദ്രൌപതി പുത്രവത്സലാ
കരഞ്ഞിടാതിന്നഥ കണ്ടു തൃപ്തയാം.

എന്നുവെച്ചാണ് ഞാൻ ഇവനെ പിടിച്ചുകൊണ്ടുവന്നത്." എന്നിങ്ങനെ ഒരു പദ്യംകൊണ്ടും ഏതാനും ഗദ്യംകൊണ്ടുമാണ് ഒപ്പിച്ചു മാറിയിരിക്കുന്നത്!

അത്, അങ്ങ് അഹോ, കേം, പുനഃ, ധന്യ മുതലായവയും അനാവശ്യസമുച്ചയങ്ങളും (എനിയ്ക്കിവന്റെ താതരോടുമാത്രമാണു വൈരവും' ഭാ: 51) തിങ്ങിനിറഞ്ഞ് എന്തോ ഒരു വൈലക്ഷണ്യത്താൽ അങ്കിതങ്ങളായ ഇതിലെ പദ്യങ്ങൾ വായിക്കുമ്പോൾ കവിതയെ 'കൊഞ്ഞനംകാട്ടു'ന്നതായി തോന്നിപ്പോയേയ്ക്കാം. പക്ഷേ, അതു ഞങ്ങൾ പറയുന്നില്ല: സിക്കുട്ടരിത്തമ്പുരാനവർകളെപ്പോലെ അന്തസ്സിലിരിയ്ക്കുന്നവരിൽനിന്നും വികൃതചേഷ്ടകൾ പുറപ്പെടുന്നതല്ലല്ലോ.

ഏതായാലും, ഒരു സംഗതിയിൽ നമുക്കാശ്വസിക്കാം: ശ്ലോകങ്ങൾക്കു വൃത്തഭംഗം പറയാതിരിപ്പാൻ പരിഭാഷകൻ ശ്രദ്ധവെച്ചിട്ടുണ്ട്; ഇല്ലെ

Digitized By Kerala Sahitya Akademi

കിൽ, 'ഭീഷ്മകർണ്ണകൃപരോടുകൂടിയോ സിന്ധുഭ്രപതി ജയദ്രഥനൊടോ ദ്രൌണിയോ വിദുരനോ പിതാവൊടോ പൊല്ലുകമ്മയോടുതന്നെയോ പുനഃ' (16) എന്ന പദ്യത്തിൽ ജയദ്രഥനൊടോ എന്നതിനെ 'ജയദ്രഥന്നൊടോ' എന്നാക്കുകയും, മുറ്റുള്ള ദ്രൌണിയോടോ വിദുരനോടോ എന്ന വേണ്ടതിനെ ഉപേക്ഷിക്കുകയും "കൊടുക്കണോ വേണ്ടയൊ എന്നുറയ്ക്കാൻ" (18) എന്ന പദത്തിൽ വേണ്ടയൊ എന്ന ചോദ്യരൂപമായ പദത്തിന്റെ ഓകാരം ഹ്രസ്വീകരിക്കുകയും ചെയ്യുമായിരുന്നോ!!

ഹാ, കഷ്ടം! മാതൃഭാഷയെ ഇപ്രകാരം മദ്ദിക്കുന്നതു തമ്പുരാനവർകളുടെ ഭാഷാഭിമാനത്തിന്നു് ഒട്ടും യോജിച്ചതല്ല!

Digitized By Kerala Sahitya Akademi

രാമായണപാഠങ്ങൾ

ഗ്രന്ഥകർത്താവ്: ബി. ജി. കുറുപ്പ്

'പുരാണപുരുഷന്മാരുടെ ചരിത്രങ്ങൾ ബാലന്മാരുടെ ഇടയിൽ പ്രചരിപ്പി'ക്കുക എന്ന അത്യാവശ്യമായ വിഷയത്തിൽ ശ്രീമാൻ ബി. ജി. കുറുപ്പു പരിശ്രമിച്ചതിന്റെ ഫലമാണ്, 'രാമായണപാഠങ്ങൾ എന്ന ഈ ചെറിയ ഗ്രന്ഥം.' രാമായണകഥയെ സംഗ്രഹിച്ചും അതിൽനിന്നു പഠിയ്ക്കേണ്ടവയെ ചൂണ്ടിക്കാണിച്ചും എഴുതപ്പെട്ട ഒരു പുസ്തകമാണിതെന്ന് ഇതിന്റെ പേർകൊണ്ടുതന്നെ അറിയാമല്ലോ. ഇതിലെ വാക്യങ്ങൾ പ്രായേണ സരളങ്ങളാണ്; അപശബ്ദങ്ങൾ വളരെയില്ല; ഏതാണ്ടു പകുതിയോളം ഭാഗം വിശിഷ്ടമായ രാമായണം കിളിപ്പാട്ടിലെ വരികൾ തന്നെയാണുതാനും. അതിനാൽ ഈ ഗദ്യഗ്രന്ഥം ബാലപാഠ്യപദവിയെ ഒരു വിധം അർഹിക്കുന്നുണ്ട്.

ഇതിവൃത്തസംഗ്രഹത്തിൽ ഗ്രന്ഥകാരൻ കുറച്ചുകൂടി വകതിരിവ് ഉപയോഗിയ്ക്കേണ്ടതായിരുന്നു. 48-ൽ ചിലപ്പോൾ പുറങ്ങളുള്ള ഈ ചെറു പുസ്തകത്തിന്റെ പകുതിയിലധികം ഭാഗം, അതായത് 28 പുറങ്ങൾ, ബാലാകാണ്ഡാകാണ്ഡങ്ങൾക്കു മാത്രം ചെലവാക്കി, മറ്റു അഞ്ചു കാണ്ഡങ്ങളെയും അത്യന്തം ചുരുക്കിക്കളഞ്ഞതു കുറെ അനുചിതമല്ലയോ? അയോധ്യാകാണ്ഡത്തിനുതന്നെ ഇരുപതോളം പുറം അനുവദിപ്പാൻ തക്കവണ്ണം ആരണ്യാദികാണ്ഡങ്ങളെക്കാൾ അതിനു ശ്രേഷ്ഠത കല്പിപ്പാൻ ഞങ്ങൾക്കു ധൈര്യമില്ല. വാല്മീകിസുക്തത്തിൽ സദുപദേശാസുരമല്ലാത്ത ഒരു ഭാഗം ഏതുള്ളൂ? ഋഷിമാരുടെ മാതാവായ ഭാരതഭൂദേവി താൻതന്നെ ഗാനം ചെയ്ത ധർമ്മഗാഥയാണല്ലോ രാമായണം!

"അവരിൽ സമർത്ഥനായ ഹനുമാൻ പല ദിക്കുകളിലും അന്വേഷിച്ചശേഷം ലങ്കയിൽ എത്തി....." എന്നു പഠിച്ചിട്ടും കുറെ കീഴ്പോട്ടു ചെല്ലുമ്പോൾ, "എന്നാൽ ലങ്കാസമുദ്രത്താൽ ചുറ്റപ്പെട്ട ഒരു രാജ്യമായതിനാൽ സമുദ്രത്തെ കടക്കാതെ അവിടെയെത്താൻ നിർവാഹമില്ലായിരുന്നു. അതിനാൽ ആദ്യമായി സമുദ്രത്തിൽകൂടി ഒരു ചിറയുണ്ടാക്കാൻ അവർ തീർച്ചയാക്കി" എന്നു വായിക്കുന്ന കുട്ടി, ഹനുമാൻ ലങ്കയിലെത്തിയത് എങ്ങനെയായിരിക്കും എന്നു പരുങ്ങിപ്പോയേയ്ക്കാം. ഹനുമാൻ സമുദ്രം ചാടിക്കടന്നത്, 'അസംഖ്യം ആളുകൾ ഒന്നിച്ചുചേർന്ന്' സേതു ബന്ധിച്ചതിനെക്കാളും ആശ്ചര്യമാകയാൽ, ആ സംഭവം ഒരിക്കലും വിട്ടുകളയത്തക്കതല്ല.

യാഗം കഴിഞ്ഞിട്ടു മിഥിലയ്ക്കു പുറപ്പെട്ട വിശ്വാമിത്രൻ ബാലനും ശിഷ്യനുമായ രാമനോട്, "അല്ലയോ രാമഭദ്ര, ഇതിനടുത്തു മിഥിലാപുരി എന്നൊരു രാജ്യമുണ്ട്. അവിടത്തെ രാജാവായ ജനകൻ വളരെക്കാലം ചെയ്ത തപസ്സിന്റെ ഫലമായി ഒരു പുത്രിയുണ്ടായി. അവൾ ഇപ്പോൾ യൌവനയുക്തയാണ്; അവളെപ്പോലെ സുന്ദരിയും സുശീലയു

Digitized By Kerala Sahitya Akademi

മായ ഒരു യുവതി ഈ ഭൂമിയിലെങ്ങും ഇല്ല. പല രാജാക്കന്മാർക്കും അവളെ വിവാഹം ചെയ്താൽ കൊള്ളാമെന്നുണ്ട്....." എന്നിങ്ങനെ തരുണീ വർണ്ണനം ചെയ്യുന്നതു (തലസ്ഥാനം എന്നർത്ഥമായ പുരിയെ രാജ്യമാക്കി യതു കിടക്കട്ടെ!) ഗുരുശിഷ്യസമ്പ്രദായത്തിന്നു് എത്രത്തോളം യോജിക്കും? ഇവിടെ, "ജനകമഹീപതിതന്നുടെ മഹായജ്ഞമിനി വൈകാതെ കാണ്മാൻ പോക നാം വത്സന്മാരേ" ഇത്യാദി മൂലവാക്യങ്ങളെ അപ്രധാന മാക്കി തനതായി ചിലതു കൂട്ടിച്ചേർത്തതിനാൽ, 'ബാലൻ' ('ബാലനെ ങ്കിലും അതിപരാക്രമിയായ രാമചന്ദ്രൻ' ഭാ: 6) 'യുവതി'യെ വേട്ട എന്നൊരസാംഗത്യദോഷംകൂടിപ്പററിപ്പോയി. വാസ്തവത്തിൽ, വിവാഹ കാലത്തു് ഒരു ബാലികതന്നെയായിരുന്ന സീത; അന്നു് അവർക്കു് ആറുവയസ്സേ പ്രായമായിട്ടുള്ളുപോൽ.

കഥാകഥനം വേണ്ടതിൻവണ്ണമാകാഞ്ഞാൽ, തട്ടാരാ ചെയ്യുന്ന ഹിതോപദേശം പഠിതാക്കൾക്കു മനസ്സിൽ പതിയുകയില്ല. ഭർത്താവി നാൽ ത്യജിക്കപ്പെട്ട ജാനകി 'കാശ്യപന്റെ ആശ്രമത്തിലേക്കുപോയ' തായി 45—ാം ഭാഗത്തു കാണുന്നു: രാമായണത്തിലോ, അനാഥയായി കാട്ടിൽ കിടന്നു നിലവിളിക്കുന്ന സീതയെ വാല്മീകി കണ്ടെത്തി സ്വാശ്രമത്തിലേയ്ക്കു കൂട്ടിക്കൊണ്ടുപോയതായിട്ടാണു് പറഞ്ഞിട്ടുള്ളതു്. രാമന്റെ ത്യാഗനിയോഗം ലക്ഷ്മണമുഖത്തിൽനിന്നു ധരിച്ച ഉടനേ, 'പതിവ്രതയായ സീത പൂവട്ടവെട്ടിയ വൃക്ഷംപോലെ, ഭൂമിയിൽ പതിച്ചതു് ഒരു വല്ലാത്ത പതിക്കലായി. ആ സുകുമാരാംഗിയുടെ ഈ വീഴ്ച ഒരു പെരുംകുററന്റെ വീഴ്ചയെന്നപോലെ, സഹൃദയമണ്ഡലത്തെ ഒന്നു ഞെട്ടിയ്ക്കാതിരിക്കില്ല.

ഇയ്യിടയിൽ, ബാലപാഠപുസ്തകങ്ങൾ എഴുതുന്നതിലുള്ള സംരംഭം, തിരുവിതാംകൂറിൽ വിശേഷിച്ചും, സുഭിക്ഷമായി പടർന്നുപിടിച്ചിട്ടുണ്ടു്. എന്നാൽ കുട്ടികൾക്കുള്ള പുസ്തകങ്ങളിൽ സാഹിത്യഭംഗി വേണ്ടാ എന്നോ പാടില്ലെന്നതന്നേയോ തൽക്കർത്താക്കളിൽ മിക്കപേർക്കുമുള്ളതായി തോന്നി പ്പോകുന്നു. സാഹിത്യത്തിന്റെ കാറുപോലും തട്ടിയിട്ടില്ലാത്ത എത്ര എത്ര കാവ്യങ്ങളാണു്, ഇപ്പോൾ സാധുക്കളായ കുട്ടികളുടെ തലയിൽ പാഞ്ഞുകയറാൻ ഓങ്ങിനില്ക്കുന്നതു്! വിഷയശുദ്ധിയും സാഹിത്യസമൃ ദ്ധിയും ചേർന്നിണങ്ങിയിട്ടുള്ള കൃതികൾതന്നെ വേണം കുട്ടികളെ പഠി പ്പിക്കാൻ. ഈ നിബ്ബന്ധം പ്രകൃതിദത്തമായ സാഹിത്യവാസനയുള്ള കുട്ടികൾക്കു വലുതായ ഗുണം വരുത്തും. വാസനയില്ലാത്തവർക്കോ, ലേശംപോലും ദോഷമുണ്ടാക്കുകയുമില്ല.

Digitized By Kerala Sahitya Akademi

ശ്രീഹസ്തരത്നാവലി

ഗ്രന്ഥകർത്താ: മേലങ്ങത്ത് അച്യുതമേനോൻ.

തിരുവിതാംകൂർമഹാരാജാതിരുമനസ്സിലെ ഷഷ്ടിപൂർത്തിമഹോത്സവം പ്രമാണിച്ചു 'വഞ്ചിരാജീയം' എന്ന കാവ്യം എഴുതിയ കവി കൊച്ചി വലിയ തമ്പുരാൻ 'തിരുമനസ്സിലെ ഷഷ്ട്യബ്ദപൂർത്തിസ്മാരകമായിട്ട്" എഴുതിയ ഒരു ഖണ്ഡകാവ്യമാണ് 'ശ്രീഹസ്തരത്നാവലി.' ഇതിൽ പുര പ്രശസ്തി, രാജപ്രശസ്തി, ഷഷ്ടിപൂർത്തിപ്രശസ്തി എന്നിങ്ങനെ മൂന്നു സർഗ്ഗങ്ങൾ അടങ്ങിയിരിക്കുന്നു. മൂന്നിലും,

"ഫലതതി പരിണാമരമ്യമായീ,
നദികളപങ്കതപൂണ്ടു ഗമ്യമായി,
കളർമതി ശരദാഗമോജ്ജ്വലശ്രീ—
രേമൊട്ടുദിച്ചുയരുന്ന സൌമ്യമായി."

എന്ന തരത്തിൽ അകൃത്രിമരമണീയങ്ങളായ ശ്ലോകങ്ങൾ കാണപ്പെടുന്നതിനാൽ, കവി തീച്ചയായും സഹൃദയന്മാരുടെ അഭിനന്ദനത്തെ അർഹിക്കുന്നുണ്ട്. 'കനകാദ്രി'വർണ്ണനത്തിൽ ഉൾപ്പെട്ടതായി താഴെ ചേർക്കുന്ന ശ്ലോകം മിസ്റ്റർ അച്യുതമേനോന്റെ കല്പനാചാതുര്യത്തെ വെളിപ്പെടുത്തുന്നു:

"പത്മാനനത്തിൽ ഭ്രമരാഞ്ജനച്ചാ—
ത്തിണക്കുവാനാർമ്മികരം നിവർത്തി
വാപീകദംബം പ്രതിബിംബിതാക്ക—
ബിംബച്ഛലാൽ ദർപ്പണമേന്തിടുന്നു."

കനകക്കുന്നിൽ കുളങ്ങൾ എത്രയെണ്ണമുണ്ടെന്നോ അവയിൽ താമരപ്പൂവുണ്ടോ എന്നോ നാം അന്വേഷിയ്ക്കേണ്ടതില്ല. നിരങ്കുശന്മാരായ കവികൾ എപ്പോഴും വസ്തുസ്ഥിതിയെമാത്രം അനുവർത്തിക്കുന്നവരല്ലല്ലോ.

അലങ്കാരങ്ങൾക്ക് ഔചിത്യവും വൈചിത്ര്യവും വരുത്തുന്നതിൽ ഗ്രന്ഥകാരൻ കുറെക്കൂടി ശ്രദ്ധിക്കേണ്ടതായിരുന്നു.

"ചാമരദ്വന്ദ്വമോടൊത്തു ശോഭിപ്പു രാജശേഖരൻ
മരാളയുഗളാന്തസ്ഥഹേമപങ്കജസന്നിഭം."

എന്ന പദ്യത്തിൽ രാജാവിനെ പൊന്നിൻതാമരയോടുപമിച്ചതിന്നുപകരം, രാജമുഖത്തെയാണ് ഉപമിയ്ക്കേണ്ടിയിരുന്നത്. 1—ാംസർഗ്ഗം 33—ാം ശ്ലോകത്തിൽ 'ധരിത്രീവജ്രി'യ്ക്കു ചൈത്രത്തെയും സുപ്രഭാവത്തെയുമല്ലാതെ, 'ചൈത്രസംവൃദ്ധി'യെയും, 'സുപ്രഭാതാട'യെയും ഉപമാനമാക്കിയതും ആലങ്കാരികന്മാരെ അത്ര രസിപ്പിക്കുകയില്ല. രാജശബ്ദത്തിന്നു ചന്ദ്രൻ എന്നുള്ള അർത്ഥത്തെ ആസ്പദമാക്കി പലരും പലപ്പോഴും പ്രയോഗിച്ചു കഴിഞ്ഞതായ ആ ശ്ലേഷാലങ്കാരം ശ്രീഹസ്തരത്നാവലിയിൽ പലേടത്തും കടന്നുകൂടിയിട്ടുണ്ട്.

Digitized By Kerala Sahitya Akademi

"നാവിൽനിന്നുത്ഭവിക്കുന്ന രാജവാക്യം ഹിതാവഹം
അമനോഹരനാവില്ല മാലേയാദ്രിജമാരുതൻ."

എന്നതിലെ അലങ്കാരം കാവുതീന്നതല്ല: മാരുതന്നു മലയാചലസംഭവത്വമെന്നപോലെ രാജവാക്യത്തിന്നു ജിഹ്വാജന്യത്വം മനോഹരത്വകാരണമാകുമെങ്കിൽ, ആരുടെ വാക്യവും 'ഹിതാവഹം'തന്നെയായിരിക്കും. നാവുകൊണ്ടാണല്ലോ സകലരും സംസാരിക്കുന്നത്. രണ്ടാം സർഗ്ഗം 20–ാം ശ്ലോകത്തിലെ 'രാജതന്ത്രമഹാഘോരകാന്താരശിഖി' വിരുദ്ധാർത്ഥദ്യോതകമായിരിക്കുന്നു. 'ശിഖി'ശബ്ദത്തിന്നു മയിൽ എന്ന ടിപ്പണികൊടുത്തിട്ടുണ്ടെങ്കിലും, രാജതന്ത്രമാകുന്ന വൻകൊടുംകാട്ടിന്നു തീയ്യ് (രാജ്യതന്ത്രത്തെ ചുട്ടുപൊട്ടിക്കുന്നവൻ) എന്നർത്ഥത്തെയാണ് പ്രസ്തുത പദം ശ്രുതമാത്രത്തിൽ ഉളവാക്കുന്നത്. തമ്പുരാനെ 'നാട്ടാർ വന്നാശ്രയിക്കുന്ന'തു 'വേലയിൽച്ചേർത്തുയർത്തുവാനാ'ണെന്നു സമർത്ഥിച്ചതും നന്നായില്ല. ഉദ്യോഗകാംക്ഷികൾക്കുമാത്രം ശരണ്യനായ ആൾ ഉത്തമനായകനാകുന്നതല്ല; നാട്ടുകാക്കൊക്കെ ഉദ്യോഗം നൽകുവാൻ ഏതു രാജാവിന്നും സാധിക്കുന്നതുമല്ലല്ലോ. പ്രഥമശ്ലോകത്തിലെ'.....രാജമൌലി തുണ്ഡുണം തുംഗപദാഗമാർത്ഥം' (തുംഗപദാഗമം=കയററംകിട്ടൽ) എന്ന പ്രാർത്ഥനയാകട്ടേ, ഗ്രന്ഥകർത്താവ് ഒരുദ്യോഗസ്ഥനായിരിക്കുന്ന സ്ഥിതിക്കു വിശേഷിച്ചും, അനുചിതമാണെന്നു ഞങ്ങൾക്കു തോന്നുന്നു.

സുകുമാരങ്ങളും രമണീയങ്ങളുമായ പദങ്ങളെ തിരഞ്ഞെടുക്കുന്ന വിഷയത്തിൽ മേലങ്ങത്ത് അച്യുതമേനോനവർകൾ ഇപ്പോഴത്തെ യുവകവികളിൽ മേലെത്തന്നെയാണ്. എന്നാൽ ആ സുകുമാരപദപ്രതിപത്തി ശ്രീമാൻ മേനോനെ ചിലപ്പോൾ അർത്ഥനിരീക്ഷണത്തിൽ അന്ധനാക്കിത്തീർക്കുന്നുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. സ്ഥിരമായി നില്പുണ്ട കാന്തിയെ 'വിലോല' (വിലോലകാന്തിപൂർവം സ: 3. ശ്ലോ: 24) ആക്കിയിട്ടുള്ളതും വൈജയന്തികളെ 'ദിഗന്തരബന്ധുരങ്ങൾ' സ: 3. ശ്ലോ: 20) ആക്കിയിട്ടുള്ളതും മറും മേല്പറഞ്ഞതിന്നു ഉദാഹരണമാണ്.

'അനംഗശത്രുപത്നെ ജയിച്ചു',' 'പിരമരുളി ജയിക്ക' എന്നിവയിലെ ജകാരത്തിന്നു ദ്വിത്വം കൂടിയേ കഴിയൂ. 'വഹിച്ചിടും',(സ: 2. ശ്ലോ: 20) എന്നു് അദ്ധ്യാത്തിലുള്ള പേരച്ചവിശേഷണം ഞങ്ങൾക്കു് ഒട്ടും സുഖകരമല്ല; 'തീർത്തയാക്കു്', (സ: 1. ശ്ലോ: 26) എന്ന സന്ധിയും ഈയുള്ളവർക്കു വിസന്ധിയാണ്. 'തീർത്തയാളെ'ക്കാൾ തീർത്താളാണ് മധ്യകേരളീയർക്കു് പ്രിയപ്പെട്ടക. തീർത്താൾ എന്നേടത്തു തീർത്ത+ആൾ എന്നുകൂടി സന്ധിയുണ്ടെന്നു വെച്ചു്, ഉയർന്നാനന്ദം (ഉയർന്ന+ആനന്ദം) ആസ്വാദ്യമാകുന്നമൃതു് (ആസ്വാദ്യമാകുന്ന+അമൃതു്) എന്നീവക സന്ധിപ്രയോഗങ്ങളെ വർജ്ജിപ്പാൻ മലയാളഭാഷയ്ക്കു നിർവാഹമില്ല. അവൾ 'വർണ്ണിച്ചവസ്ഥകൾ' (വർണ്ണിച്ച+അവസ്ഥകൾ. 'വർണ്ണിച്ചവസ്ഥകൾ വാസ്തവമാണെന്നു്—ചെറുശ്ശേരി) 'സർവേശ്യമാരായ് നിന്നുവ്വശി മുമ്പായ, (നിന്ന+ഉർവ്വശി—ചെറുശ്ശേരി) ഊക്കുള്ളരക്കരും കൂടിനില്പുന്നൊരു (ഊക്കുള്ള+അരക്കരും—എഴുത്തച്ഛൻ) മുതലായവയെ പണ്ടേ സ്വീകരിച്ചുകഴിഞ്ഞിരിക്കുന്നു.

മുകൾപ്പരപ്പായ് (സ: 1. ശ്ലോ: 31) എന്നതിന്നു മുകളിൽ പരപ്പുള്ളതായ് എന്നർത്ഥം സന്ദിഗ്ധമായി തോന്നുന്നു. രണ്ടാം സർഗ്ഗം 26–ാം

Digitized By Kerala Sahitya Akademi

ശ്ലോകത്തിലെ 'ഐന്ദവീകല'യെ 'രാജനവതീ' എന്നും മറ്റും പുതുഭോഷ്ക്കു തോന്നാത്ത സംസ്കൃതവിഭക്ത്യന്തപ്രയോഗം ഇപ്പുസ്തകത്തിലുള്ളതുകൊണ്ട്, ഐന്ദവീകല എന്ന പദച്ഛേദം ചെയ്തു ഒരു വിധത്തിൽ സാധുകരിക്കാം ; എന്നാൽ 24–ാം ശ്ലോകത്തിലെ 'മാനവീപദവീയുതം' (മനവീപദവീ=മനുപദിഷ്ടയായ പ്രജാപാലനപദ്ധതി' എന്ന ടിപ്പണി) അസാധ്യംതന്നെയായിരിക്കും. സമസ്തപദത്തിൽ സമാനലിംഗമായ വിശേഷണം ചേക്കാറില്ല. ഇതു മാനവപദവി എന്നാക്കിയാലേ സാധുവാകൂ. 3–ാം സർഗ്ഗം 19–ാം ശ്ലോകത്തിന്റെ ടിപ്പണികൊണ്ട് 'അളക'യ്ക്കു സുന്ദരി എന്നും അർത്ഥമുള്ളതായും, ലക്ഷ്മിക്കു 'നളകൂ' എന്നൊരു പര്യായം കൂടിയുള്ളതായും കാണുന്നുണ്ട്. ഇതുപോലെ ഇദംശബ്ദത്തിന്നു് ഇപ്രകാരമൊരർത്ഥംകൂടി വല്ല നിഘണ്ടുവിലും കണ്ടുകിട്ടുമോ എന്നറിഞ്ഞില്ല. ഇല്ലാത്തപക്ഷം, ഈ കൃതിയിൽ പലേടത്തും ഇപ്രകാരം എന്ന അർത്ഥത്തിൽ പ്രയോഗിക്കപ്പെട്ടിട്ടുള്ള ഇദംശബ്ദത്തെ കളയുകതന്നെ വേണ്ടിവരും.

ഉദാരവാഗ്വിലാസനായ ഉള്ളൂർ എസ്. പരമേശ്വരയ്യരവർകളുടെ അവതാരിക ഇക്കാവ്യത്തെ പ്രശോഭിപ്പിയ്ക്കുന്നുണ്ട്. എന്നാൽ അദ്ദേഹത്തെക്കൊണ്ട് ഇതൊന്നു പരിശോധിപ്പിക്കുകകൂടി ചെയ്യേണ്ടതായിരുന്നു. ഏതായാലും 'നല്ല വാസനാകവിയായ ഈ ഗ്രന്ഥത്തിന്റെ പ്രണേതാവിനു്' അവതാരികാകാരനെപ്പോലെ, ഞങ്ങളും 'സകലവിജയങ്ങളും ആശംസിച്ചുകൊള്ളുന്നു.'

Digitized By Kerala Sahitya Akademi

സാഹിത്യപ്രകാശിക

അഥവാ

ഉപന്യാസമഞ്ജരി

(ഒന്നാം ഭാഗം)

ശ്രീമാന്മാരായ പി. ശങ്കരൻനമ്പ്യാർ ബി. എ. (ഓണേഴ്സ്) സി. സി. തോമാസ്സ് എന്നിവരാൽ പ്രസാധിതവും ശ്രീമാൻ പി. എൻ. നാരായണപിള്ളയാൽ 'രാജരാജവമ്പവിലാസം' ബുക്ക്ഡിപ്പോ വകയായി പ്രകാശിതവുമായ ഒരു വിശിഷ്ടപുസ്തകമാകുന്നു, 'സാഹിത്യപ്രകാശിക' .....1. നിരൂപണത്തിന്റെ മാതൃക, 2. കാവ്യരസം, 3. ഭാഷാവിഷയവാദങ്ങൾ, 4. മലയാളഭാഷയ്ക്കു അന്യഭാഷകൾകൊണ്ടുണ്ടായിട്ടുള്ള ഗുണങ്ങൾ, 5. സംസ്കൃതവ്യാകരണവും മലയാളവ്യാകരണവും, 6. കവിതയും മലയാളകവികളും, 7. ഭാഷയുടെ പ്രസ്ഥാനം, 8. 'ധർമ്മരാജാനിരൂപണം' എന്നിങ്ങനെ എട്ടുപന്യാസകുസുമങ്ങളാണ് ഈ 'മഞ്ജരി'യിലുള്ളത്. കുസുമങ്ങളിൽ ഓരോന്നും വാസനാവിശേഷംകൊണ്ടും അകൃത്രിമരാമണീയകംകൊണ്ടും ഏറെക്കുറെ മനോഹരംതന്നെ. എന്നാൽ സർവോപരി ഞങ്ങളുടെ ഹൃദയത്തെ സമാവർജ്ജിച്ചതു പി. കെ. നാരായണപിള്ള ബി. എ. ബി. എൽ അവർകളുടെ ധർമ്മരാജാനിരൂപണം എന്ന ഒടുവിലെ ഉപന്യാസമാണ്. ഇത്തരം നിഷ്പക്ഷപാതവും മർമ്മസ്പൃക്കുമായ നിരൂപണം മലയാളഭാഷയിൽ അതിദുർല്ലഭമാകുന്നു. നമ്മുടെ നാട്ടിൽ, നല്ല നിരൂപകന്മാരുടെ സംഖ്യ നല്ല ഗ്രന്ഥകാരന്മാരുടേതിനേക്കാൾ എത്രയോ ചുരുങ്ങും. ഈ ശോചനീയമായ സംഗതി, പരിപാവനമായ സാഹിത്യനദീപ്രവാഹത്തിന്നു ഒരു വമ്പിച്ച കരിങ്കൽച്ചിറയായിട്ടാണ് കിടക്കുന്നത്.

മഹാമഹിമശ്രീ രാജരാജവർമ്മ കോയിത്തമ്പുരാൻ അവർകൾ എഴുതിയതായ ഒന്നാമത്തെ ഉപന്യാസത്തിൽ, ദോഷൈകദൃഷ്ടികളുടെ നിരൂപണരീതിയെ സോദാഹരണം ചൂണ്ടിക്കാണിക്കുകയും അതു തീരെ വർജ്ജനീയമാണെന്നു രസകരമാംവണ്ണം സമർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. പരിമിതമെങ്കിലും സാരഭൂയിഷ്ഠമായ ഒരു ഉപന്യാസമാണിത്. നമ്മുടെ സാഹിത്യകാരന്മാരിൽ 'രാജരാജൻ'തന്നെയായ അവിടുത്തെ മുഖത്തുനിന്നു എപ്പോഴും 'മിതവും സാര'വുമായ 'വചസ്സേ' പുറപ്പെടാറുള്ളുവല്ലോ.

മലയാളത്തിൽ ഒരുതരം 'മഹാനിരൂപക'ന്മാർ വർദ്ധിച്ചുവരുന്നുണ്ട്. അവരുടെ അഭിപ്രായത്തിൽ പ്രാചീനസംസ്കൃതകവികളിൽ മിക്കപേരും കൃത്രിമകവിതക്കാരാണ്, യഥാർത്ഥ കവികളല്ലത്രേ! പടിഞ്ഞാറൻകാറേററിട്ട തലയ്ക്കു് ഓളം പിടിച്ചിട്ടുള്ള അക്ഷുദ്രർ ഇതിലെ 'കാവ്യരസം' എന്ന രണ്ടാമത്തെ ഉപന്യാസം ഒന്നു ശ്രദ്ധിച്ചു വായിക്കുന്നതു പ്രയോജനകരമായിരിക്കും; പക്ഷേ, അവർ ശങ്കരൻനമ്പ്യാരവർകളെ, "ഇപ്രകാരം പാശ്ചാത്യവും പൗരസ്ത്യവുമായ സാഹിത്യസമുച്ചയത്തെ താരതമ്യപ്പെടുത്തി

Digitized By Kerala Sahitya Akademi

പഠനംചെയ്യുതിൽ എന്റെ അഭിപ്രായം സംസ്കൃതത്തിന് ഉപരിത്വം കല്പി ക്കണമെന്നുതന്നെയാകുന്നു'' എന്നു പറഞ്ഞുപോയ അപരാധത്തിന്നു, സഹൃ ദയവഗ്ഗത്തിൽനിന്നു ബഹിഷ്കരിച്ചേയ്ക്കുമോ എന്നു ഞങ്ങൾക്കു ഭയമില്ലായ്കയില്ല! മിസ്റ്റർ മൂക്കോത്ത് കുമാരൻ എഴുതിയതായ നാലാമത്തെ ഉപ ന്യാസം, 'സാഹിത്യസാഹ്യം' വായിച്ചിട്ടില്ലാത്തവർ വിശേഷിച്ചും വായിച്ചു മനസ്സിലാക്കത്തക്ക യോഗ്യതയുള്ള ഒന്നാണ്.

'കവിതയും മലയാളകവിതകളും' എന്ന ഉപന്യാസത്തിൽ, തൽക്കർത്താവായ സി. എസ്. സുബ്രഹ്മണ്യൻ പോററി അവർകൾ, കവിത എന്നുവെച്ചാലെന്താണെന്നും കവി എങ്ങനെയുള്ളവനായിരിക്കണമെന്നും മറും ഹൃദയംഗമമായി വിചിന്തനം ചെയ്തിരിക്കുന്നു. കവിതാകാമിനിയുടെ മുഖത്തു നോക്കാൻപോലും അർഹതയില്ലാത്തവർ, ആ സാധ്വിയെ കടന്നു പിടിക്കുടി കലശൽകൂട്ടുക എന്ന അഴിമതി നമ്മുടെ നാട്ടിൽ നിമിഷം തോറും ഏറിയേറിവരുന്ന സ്ഥിതിക്ക്, ഈ പ്രശസ്തമായ ഉപന്യാസത്തിലെ സംഗതികൾ എത്ര പ്രാവശ്യം പ്രതിപാദിച്ചാലും അധികമായി എന്നു വരുന്നതല്ല.

ശങ്കരൻനമ്പ്യാരവർകളുടെ 'ഭാഷാപ്രസ്ഥാനം' എന്ന അതി ദീർഘ്യമായ ലേഖനത്തിൽ അനവധി വിജ്ഞേയാംശങ്ങൾ അടങ്ങിയിട്ടുണ്ട്. ഇതിൽ ഭാഷയുടെ ഉത്ഭവംമുതൽ ഇതേവരെയുള്ള അവസ്ഥാവിശേഷങ്ങൾ പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. 'പാലാഴീമഥനം' ചമ്പുകർത്താവായ ശങ്കരൻ നമ്പ്യാരവർകൾക്കു പഴയ ഭാഷാചമ്പുക്കളിലുള്ള സവ്വാതിഗമായ അഭിനിവേശം ഈ ഉപന്യാസത്തിൽ അത്യന്തം തെളിഞ്ഞുകാണ്മാനുണ്ട്. ഭാഷാനൈഷധാദിചമ്പുക്കൾ ''കൈരളിയുടെ അനർഗ്ഘങ്ങളും അനശ്വരങ്ങളും ആയ ആഭരണങ്ങൾ''തന്നെയാണ്, സംശയമില്ല. എന്നാൽ അങ്ങനെ ഒരു സാഹിത്യസമുച്ചയം മലയാളഭാഷയിൽ ഉണ്ടെന്നുള്ള കഥതന്നെ അറിയാത്തവരായി പലരേയും ഇന്നത്തെ വായനക്കാരുടെ ഇടയിൽ കാണാം. അക്കൂട്ടരെ, ഇനിയെങ്കിലും ഈ സഹൃദയമരാളകളകൂജിതം ആ സുഖസമൃദ്ധമായ സാരസ്വതസരസ്സിലേയ്ക്കാകഷ്ടിയ്ക്കുട്ടെ!

'ചന്ദ്രോത്സവ'ത്തിന്റെ കർത്താവു മഴമംഗലം നമ്പൂതിരിയാണെന്നാണ് നമ്പ്യാരവർകളുടെ അഭിപ്രായം. ഇത്, എഴുത്തച്ഛനോ ഭട്ടതിരിപ്പാടോ ആണെന്നു പറയുന്നതിനേക്കാൾ സ്വീകാര്യമായിരിക്കുന്നു എന്നില്ലാതെ, ഇതിനോടു പൂർണ്ണമായി യോജിപ്പാൻ തൽക്കാലം നിവൃത്തിയില്ല. ഈ സംഗതി ഇനിയും ചിന്തനീയമായിരിക്കുന്നതേ ഉള്ളു. ചന്ദ്രോത്സവത്തിലെ ''നിഗമവിടപിശാഖേ'' ഇത്യാദിയായ 4—ാം പദ്യംകൊണ്ടു സ്തുതിക്കപ്പെട്ടിരിക്കുന്ന ദേവത, ലേഖകൻ ഊഹിക്കുന്നവിധം മഴമംഗലത്തിന്റെ പരദേവതയായ 'വലയാഥീശ്വരി'യല്ല; അങ്ങനെയാണെങ്കിൽ നാലാം പാദത്തിലെ'ഹരകുമാരി'ക്കുശേഷമുള്ള'മന്ദിരാവാസിനി'എന്ന പദത്തിന്നു എന്തെങ്കിലും ഒരർത്ഥം ഉണ്ടാക്കിത്തീർക്കേണ്ടിവരുന്നു. വാസ്തവത്തിൽ 'ഹരികുമാരീമന്ദിരാവാസിനീ' എന്നാണ് പാഠം. അത്ര സമസ്തപദവുമാണ്. 'ഹരികുമാരീമന്ദിരം' ചന്ദ്രോത്സവകഥാരംഗമായ ചിറ്റിലപ്പള്ളിക്കടുത്ത് 'അരികന്നിയൂർ'(അരിയന്നൂർ) ക്ഷേത്രമാകുന്നു. മഴമംഗലം 'ഊരക'ത്തമ്മയെ വിട്ട് അരികന്നിയൂർ ഭഗവതിയെ ആരാധിപ്പാൻ ന്യായം

Digitized By Kerala Sahitya Akademi

പോരാ. അതിനാൽ, ഈയൊരു മംഗളപദ്യംതന്നെ, ചന്ദ്രോത്സവ കർത്തൃത്വം മഴമംഗലത്തിൽ ആരോപിപ്പാൻ ആലോചിച്ചിട്ടു വേണം എന്നും നമ്മോട് ഉപദേശിക്കുന്നു. ഭാഷാനൈഷധാദികളിലേയും ചന്ദ്രോത്സവത്തിലേയും രചനാരീതികളിൽ ഗണ്യമായ വ്യത്യാസമുള്ളതും വിസ്മരിച്ചുകൂടാ.

ചന്ദ്രോത്സവകാരന്റെ നവനവോല്ലേഖനൈപുണിയെ കാണിപ്പാനായി (160; 161 ഈ ഭാഗങ്ങളിൽ) ഉദ്ധരിച്ചിട്ടുള്ള പദ്യങ്ങളുടെ കൂട്ടത്തിൽ,

> "സാ ദൌഹൃദശ്രമവശാദനിശം വിളുത്ത
> താമ്യന്മുഖീ കതിഭയാഭരണാ ചകാശേ,
> പ്രാപ്തപ്രഭാതസമയാ പരിഹീണചന്ദ്രാ
> നാലഞ്ജുതാരതരളാ പ്രഥമേവ സന്ധ്യാ."

എന്ന പദ്യം ചേർത്തത് അത്ര സന്ദർഭോചിതമായില്ലെന്നു പറയേണ്ടിയിരിക്കുന്നു. ഈ ശ്ലോകം, ഏതാണ്ടു.

> "ശരീരസാദാദസമഗ്രഭൂഷണാ
> മുഖേന സാലക്ഷ്യത ലോധ്ര പാണ്ഡുനാ
> തനുപ്രകാശേന വിചേയതാരകാ
> പ്രഭാതകല്പാ ശശിനേവ ശർവരീ"

എന്ന രഘുവംശപദ്യത്തിന്റെ നേരുപകർപ്പാണല്ലോ. അഥവാ, ഇതു ചേർത്ത സ്ഥിതിക്ക്, പുരുകവികളുടെ ഉച്ഛിഷ്ടം വാരിയെടുത്തു 'ചവ്വിത ചവ്വണം' ചെയ്യുന്ന ആധുനികകവികളെ ആക്ഷേപിക്കാതിരുന്നാലും മതിയായിരുന്നു. ഇതു രണ്ടുംകൂടി വായിക്കുമ്പോൾ, നിരൂപകൻ പക്ഷപാതിയാണോ എന്നൊരു ശങ്ക വായനക്കാർക്കു തോന്നിയേയ്ക്കാം.

ഇങ്ങനെ നിസ്സാരങ്ങളായ ഏതാനും ന്യൂനതകൾ ഈ ഉപന്യാസങ്ങളിൽ അവിടവിടെ ഇല്ലെന്നു പറഞ്ഞുകൂടാ. 'രാമണീയകത്വം', (രാമണീയകം) 'മഹൽകവികൾ', (മഹാകവികൾ) 'ജനസാമാന്യം', (സാമാന്യജനങ്ങൾ) മുതലായി ഇപ്പോൾ സർവസാധാരണങ്ങളായിത്തീർന്നിട്ടുള്ള അപശബ്ദങ്ങൾ ഈ പുസ്തകത്തിലും കുറേശ്ശെ സ്ഥലംപിടിച്ചിട്ടുണ്ട്. പാശ്ചാത്യനെ 'പാശ്ചിമാത്യ'നാക്കിയത് മഹാകഷ്ടംതന്നെ. കീർത്തിപ്പെട്ട കേ.എം. മുതലായ എഴുത്തുകാർ പ്രയോഗിച്ചിട്ടുള്ളതാണെങ്കിലും, 'പാശ്ചിമാത്യ'പദം പണ്ഡിതന്മാർ സ്വീകരിച്ചുകണ്ടിട്ടില്ല. 'ധർമ്മരാജാനിരൂപണ'ത്തിൽ, ഒരിടത്തു "'ദുസ്സാധ്യ'ത്തിനു പകരം 'ദുസ്സാധം' എന്നിപ്പോൾ ധാരാളം ഉപയോഗത്തിൽ വന്നിട്ടുണ്ട്" എന്നെഴുതിക്കാണുന്നു. ഇതു വായിച്ചാൽ, ദുസ്സാധമല്ല ദുസ്സാധ്യം എന്നാണ് സാധാരണം എന്നാണല്ലോ തോന്നുക. വാസ്തവം നേരെ മറിച്ചല്ലേ? ദുസ്സാധപദംതന്നെയാണ്, 'ദുർല്ലഭാ'ദികളെപ്പോലെ, സാധാരണമായിട്ടുള്ളതെന്നു തോന്നുന്നു. ദുസ്സാധ്യം 'ദുർല്ലഭ്യാ'ദികളുടെ വഴ്ത്തിൽ പെട്ടതത്രേ.

ഈവക ചില്ലറ അപഭ്രംശങ്ങളെ ഭൃതക്കണ്ണാടിയിലൂടെ കാണുന്ന ദോഷൈകദൃഷ്ടികൾക്കുപോലും ഏറെയൊന്നും ആക്ഷേപിപ്പാൻ വകയില്ലാത്ത ഈ ഗുണഭൂയിഷ്ഠമായ ഗ്രന്ഥം മോഷാസാഹിത്യത്തിലേയ്ക്ക് ഒരു നല്ല

Digitized By Kerala Sahitya Akademi

സമ്പാദ്യം തന്നെയാണു്. 'ഭാഷാവിഷയവാദങ്ങൾ' 'സംസ്കൃത വ്യാകരണവും മലയാളവ്യാകരണവും' എന്നീ രണ്ടുപന്യാസങ്ങൾ വിഷയവ്യത്യാസത്താൽ 'സാഹിത്യപ്രകാശിക' എന്ന നാമധേയത്തെ വഹിക്കുന്ന ഈ പുസ്തകത്തിന്നു് അത്ര യോജിച്ചവയല്ലെന്നാണു് ഞങ്ങൾക്കു തോന്നിയതു്. ഈ പുസ്തകത്തിന്റെ പ്രസാധകന്മാരെയും പ്രകാശകനെയും ഞങ്ങൾ ഹാർദ്ദമായി അഭിനന്ദിക്കുകയും ഇതിന്റെ രണ്ടാംഭാഗത്തിന്റെ ആവിർഭാവം ഉൽക്കണ്ഠയോടെ പ്രതീക്ഷിക്കയും ചെയ്യുന്നു.

Digitized By Kerala Sahitya Akademi

ശ്രീമാൻ ഗോപാലകൃഷ്ണഗോഖലെ

ഗ്രന്ഥകത്താവ്: കെ. പി. കേശവമേനോൻ,

ബി. എ, ബാരിസ്റ്റർ ആറ്റ്ലാ

തന്റെ ആയുഷ്കാലം മുഴുവൻ സ്വരാജ്യത്തിന്റെ ഉന്നമനത്തിന്നായി വിനിയോഗിച്ച ഒരു ശ്രേഷ്ഠപുരുഷനായിരുന്ന ശ്രീമാൻ ഗോപാലകൃഷ്ണ ഗോഖലെ. ആ മഹാരാഷ്ട്രബ്രാഹ്മണന്റെ സ്നേഹം, ഒരു ജാതിയോ മതമോ ആകുന്ന പരിധിയിൽ ഒതുങ്ങിനില്ക്കാതെ, ലോകത്തിലെങ്ങും ഒരുപോലെ വ്യാപിപ്പിക്കത്തക്കവണ്ണം അത്ര വിശാലമായിരുന്ന. താൻ ജനിച്ച വളന്ന ദേനമല്ല, ലോകം മുഴുവനുമായിരുന്ന ഗോഖലെയുടെ തറവാട്; സഹജീവികളുടെ സുഖദുഃഖങ്ങൾതന്നെ അദ്ദേഹത്തിന്റെയും സുഖ ദുഃഖങ്ങൾ. പേരിന്നോ പെരുമയ്ക്കോ വേണ്ടിയല്ല ആ നയവിദഗ്ധൻ രാജ്യ കാര്യങ്ങളിൽ പെരുമാറിയിരുന്നത്; ഇന്ത്യാചക്രവർത്തിതിരുമനസ്സിൽ നിന്ന് ലഭിക്കുമായിരുന്ന കേ. സി. ഐ. ഇ. എന്ന മഹാബിരുദത്തിന്നു പോലും അദ്ദേഹത്തെ പ്രലോഭിപ്പിക്കുവാൻ ശക്തിയുണ്ടായില്ല. സ്വാർത്ഥം എന്ന രണ്ടക്ഷരത്തിന്ന്, ആ നിർമ്മലാത്മാവിനെ സംബന്ധിച്ചേടത്തോളം ഒരർത്ഥവുമില്ല. അദ്ദേഹം ഒരു യഥാർത്ഥകർമ്മയോഗിയായിരുന്ന. മാതൃ ഭൂമിയുടെ മഹിമയ്ക്കായി സത്യമായും സവിശ്വാസമായും പ്രയത്നിക്കുക എന്നതായിരുന്ന അദ്ദേഹത്തിന്റെ വ്രതം. ഭാരതവർഷത്തിന്റെ സ്വാതന്ത്ര്യം (മോചനം) തന്നെ, ആ മഹർഷിതുല്യന്റെ മോക്ഷം. ആ പുരുഷസര സ്വതിയുടെ പ്രസംഗങ്ങൾ സാധാരണ പ്രസംഗങ്ങളല്ല; ഹൃദയത്തിൽ നിറഞ്ഞുവഴിഞ്ഞ രാജ്യഭക്തിയുടെ പ്രവാഹപരമ്പരകളാണ്; അഥവാ, സാക്ഷാൽ ഗീതയുടെ പെറ്റമ്മയായ ഇന്ത്യാദേവി താൻതന്നെ പാടിയ ധർമ്മഗാഥകളാണതുകൾ. അങ്ങനെയുള്ള പുണ്യശ്ലോകന്റെ പരിപാവന മായ ചരിത്രമാകുന്ന, ശ്രീമാൻ ഗോപാലകൃഷ്ണഗോഖലെ എന്ന പുസ്തക ത്തിലെ പ്രമേയം. മലയാളികൾ—ദേശാഭിമാനം എന്നുവെച്ചാൽ എന്താ ണെന്നുതന്നെ നല്ലവണ്ണം ഗ്രഹിച്ചിട്ടില്ലാത്ത നമ്മൾ—ഒരു പുരാണംപോലെ പാരായണം ചെയ്യേണ്ടതായ ഈ ഗദ്യപ്രബന്ധത്തെ നമ്മുടെ ഭാഷയ്ക്ക പ്രദാനം ചെയ്ത മിസ്റ്റർ കേശവമേനോന്റെ ഉദ്ദേശം എത്ര ഉൽകൃഷ്ടം! എത്ര അഭിനന്ദനീയം!!

'ബിലാത്തിവിശേഷ'കർത്താവിന്റെ ഭാഷാരീതിയെപ്പറ്റി വിശേ ഷിച്ചൊന്നും പറയേണ്ടതില്ല. തനിച്ച മലയാളത്തിൽ, തികഞ്ഞ ശക്തി യോടുകൂടി, വാചകമെഴുതുവാൻ മിസ്റ്റർ കേശവമേനോന ധാരാളം നൈപു ണ്യമുണ്ട്. 1862—ാമതു കൊല്ലത്തിൽ [പുസ്തകത്തിൽ '1866—ാമതു കൊല്ല ത്തിൽ' (6—ാം ഭാഗം) എന്ന കാണുന്നത് അച്ചടിത്തെറ്റായിരിക്കണം; 62—ൽ ജനിച്ചാലല്ലേ 87—ലെത്തു 25 വയസ്സു(11—ാം ഭാഗം) ശരിയാകൂ?] ദ്വിജാതനായി, 1915—ൽ ലോകരംഗത്തിൽനിന്ന മറഞ്ഞ ഗോഖലെയുടെ പ്രസംഗങ്ങൾ, പ്രവൃത്തികൾ, ആശയങ്ങൾ, ആശംസകൾ എന്നിവയുടെ സ്വരൂപം, ഏവർക്കും രാജ്യഭക്തിയെ പ്രോജ്ജ്വലിപ്പിക്കുന്ന ഭാഷയിലാണ്

Digitized By Kerala Sahitya Akademi

മിസ്റ്റർ മേനോൻ പ്രതിപാദിച്ചിരിക്കുന്നത്. ചരിത്രനായകന്റെ ചരമ ഗതിയെപ്പററി ഗ്രന്ഥകാരൻ വിലപിയ്ക്കുന്നതു നോക്കുക: "കറെ കാലം ഭാരതഖണ്ഡത്തിൽ ഉഗ്രതേജസ്സോടുകൂടി ശോഭിച്ചുകൊണ്ടിരുന്ന മഹാ സൂര്യൻ അസ്തമിച്ചു! ഭാരതമാതാവിന്റെ ഉത്തമസന്താനങ്ങളിൽ അഗ്ര ഗണ്യനായ ഒരു മാന്യപുരുഷൻ നശിച്ചു! രാജ്യത്തിലെ വലിയ സ്വദേശ സ്നേഹികളുടെ കൂട്ടത്തിലുള്ള ഒരു രത്നം നഷ്ടമായിപ്പോയി! നമ്മുടെ മാന്യ നേതാവായ ഗോപാലകൃഷ്ണഗോഖലെ അന്തരിച്ചു!" "എത്ര ഉററബന്ധുവാ യാലും ശ്മശാനത്തോളമല്ലേ പോകുവാൻ തരമുള്ള! അരമണിക്കൂറിന്നുള്ളിൽ ഈ പുണ്യശരീരം വെണ്ണീറായി." ഈവക വാക്യങ്ങളിൽ പ്രത്യക്ഷരം പ്രസരിക്കുന്ന കരുണരസം അങ്ങനെത്തന്നെ വായനക്കാരുടെ മനസ്സിൽ സംക്രമിച്ചു കണ്ണീരായി പുറത്തെയ്ക്കൊഴുകാതിരിക്കുന്നതാണോ?

ഇത്രയും ഹൃദയംഗമങ്ങളായ വാചകങ്ങളിൽനിന്നു, സ്തുതി എന്നത്ഥ ത്തിലുള്ള 'സ്തുത്യം', 'ഐക്യത' (ഐക്യം എന്ന മതി), 'ദീർഘ്ഘമുള്ള' (ദീർഘ്ഘത എന്നോ ദൈർഘ്ഘ്യമെന്നോ ആയാലേ നാമപദമാകൂ), 'ക്രമ്മബുദ്ധി' (ക്രമ്മയുള്ള ബുദ്ധി) മുതലായ ഏതാനും അപഭ്രഷ്ടപദങ്ങളെ തപ്പിയെടുത്തു വായനക്കാരുടെ മുമ്പിൽ സമർപ്പിക്കുവാൻ ഞങ്ങൾക്കു ധൈര്യ മില്ല. "റാനഡിയെപ്പോലെ മീററയേയും ഒരു ഗുരുവിന്റെ നിലയിൽ വിചാരിച്ചുവന്നിരുന്ന ഗോഖലെ" എന്നിങ്ങനെ കർത്തൃപദംകൊണ്ടവസാ നിക്കുന്ന വാചകങ്ങളിൽ ചിലതിന്നു ഭംഗി പോരാ എന്നു തോന്നുന്നവരു ണ്ടെങ്കിൽ, അവർ അങ്ങനെ പിറുപിറുത്തുകൊള്ളട്ടെ!

ഇംഗ്ലീഷ്പഠിപ്പുള്ള മലയാളികളിൽ അധികംപേരും തന്നെത്താൻ മറന്നു യാവചിലരെപ്പോലെ ഉട്ടക്കാനും നടക്കാനുമൊക്കെയാണോ കൗതുക പ്പെട്ടതു, ആ യൂറോപ്യന്മാരുടെ ജന്മഭൂമിയിൽ ചെന്നു പാർക്കുന്നതിന്നു കൂടി ഭാഗ്യം സിദ്ധിച്ച ആളാണ് ശ്രീമാൻ കെ. പി. കേശവമേനോൻ. എന്നിട്ടും ഈ യുവാവിന്റെ സ്വഭാവത്തിന്നു യാതൊരു വൈകൃതവും വന്ന തായി കാണുന്നില്ല. ഇദ്ദേഹത്തിന്നു സ്വരാജ്യവും സ്വഭാഷയും സ്വന്തം തന്നെയാണ്. ചുരുക്കിപ്പറയുന്നതായാൽ, ഇംഗ്ലീഷുകാരുടെ ആകൃതിയല്ല പ്രകൃതിയാണ് ഈ കേരളീയൻ കണ്ടു പഠിച്ചതു! വിവേകിയും വിചാര ശീലനുമായ പ്രസ്തുത ഗ്രന്ഥകാരനിൽനിന്നു നാട്ടുകാക്കു പല നന്മകളും സിദ്ധിയ്ക്കുമെന്നു ഞങ്ങൾ ദൃഢമായി വിശ്വസിക്കുന്നു. അതിന്നു ജഗദീശ്വ രൻ പ്രസാദിക്കട്ടെ!

ശ്രീമാൻ ഗോഖലെയുടെ പ്രശാന്തഗംഭീരമായ ഒരു ചിത്രപടം ചേർ ത്തിട്ടുള്ളതു ഈ ചെറുപുസ്തകത്തെ സവിശേഷം ദർശനീയമാക്കിയിരി ക്കുന്നു.

Digitized By Kerala Sahitya Akademi

കവിതാമൃതം

ഗ്രന്ഥകർത്താവ്: എൻ. കുഞ്ഞുകൃഷ്ണക്കുറുക്കൾ

'പൊന്മണി' എന്നൊരു കഥ, 'ഒരു വൃദ്ധയുടെ വിലാപം', 'വേറൊരു വിലാപം' എന്നീ മൂന്നു ഖണ്ഡകാവ്യങ്ങളാണ് ഈ 'കവിതാമൃത'ത്തിലുള്ളത്. ഇതിന്റെ കർത്താവായ മിസ്റ്റർ എൻ. കുഞ്ഞുകൃഷ്ണക്കുറുക്കൾ ഒരു വാസനക്കാരനാണെന്നും ഇദ്ദേഹത്തിന്റെ കവിതാപരിശ്രമം ഒട്ടും അസ്ഥാനത്തല്ലെന്നും ഈ ചെറുപുസ്തകം വിളിച്ചുപറയുന്നുണ്ട്. ഗ്രന്ഥകർത്താവിന്റെ മുഖവുരകൊണ്ട്, തന്റെ മൂന്നാമത്തെ കൃതിയാണെന്നു കാണുന്നതും ഇതിൽ മൂന്നാമതായിത്തന്നെ ചേർത്തിട്ടുള്ളതുമായ 'വേറൊരു വിലാപം' മറ്റു രണ്ടിനേക്കാളും മനോഹരമായിരിക്കുന്നതിനാൽ കുറുക്കൾക്കു കവനവിഷയത്തിൽ അനുക്രമമായ കയറ്റം കിട്ടിയിട്ടുണ്ടെന്നും നമുക്കു സന്തോഷിക്കാം. 'വേറൊരു വിലാപ'ത്തിലെ,

"ഇതിലും കഠിനാർത്തിയേകിടാത്ത—
തിനാലീശനു കുമ്പിടുന്നു ഞാൻ"
"അതിനാൽ വിന വന്നിടുമ്പൊഴും നാം
മലപോൽ നിന്നതിനെജ്ജയിക്കണം"

ഇത്യാദി വരികളും ശ്രേഷ്ഠങ്ങളായ പാഠങ്ങൾതന്നെയാണ്.

ചില പുതിയ ആശയങ്ങളുടെ പൊട്ടും പൊടിയും ഈ ഗ്രന്ഥത്തിലെ പല ഭാഗങ്ങൾക്കും തെല്ലൊരുപരിമളം വരുത്തിയിട്ടില്ലെന്നില്ല. എന്നാൽ അവയെ നിബ്ബാധമായി ആസ്വദിപ്പാൻ അത്ര അനുകൂലമായിട്ടുള്ളതല്ല ഇതിലെ രചനാരീതി. പ്രവർത്തിച്ചു (പൂർണ്ണക്രിയ)+ഇടുക്കു് എന്നതിനു 'പ്രവർത്തിച്ചിടുക്കു' എന്നും വസിയ്ക്കുട്ടെ+അവൻ എന്നതിനു 'വസിയ്ക്കുട്ടവൻ' എന്നും മറ്റുമുള്ള 'തിരുവിതാംകൂർസന്ധി'കളുടെ പന്തികേടിനെപ്പറ്റിയും ർ ൻ മുതലായ ചില്ലുകൾക്കു് അധ്വാനം വരുത്തിയാലത്തെ അസൗഖ്യത്തെപ്പറ്റിയും ഞങ്ങൾ പല തവണ ആവലാതി പറഞ്ഞിട്ടുണ്ടു്. 'എന്നെ ജായയായു്", 'സരസ്വതിയെ ശിവാഖ്യനും' എന്നിവിടങ്ങളിൽ യഥാക്രമം 'ജ' കാരത്തിനും 'ശ' കാരത്തിനും ദ്വിത്വം കൂടിയേ കഴിയൂ. 'വേറൊരു വിലാപ'ത്തിലെ 93–ാം പദ്യം ഹതവൃത്തമാകാതിരിയ്ക്കുണമെങ്കിൽ, അതിലെ 'തമസ്സിൽ' എന്ന പദം 'തമസിൽ' എന്നു വഴക്കി വായിയ്ക്കുകയേ നിർവാഹമുള്ളൂ. അമ്മ എന്നതിനു പകരമുള്ള 'തള്ള,' കവനംചെയ്യുക എന്നർത്ഥമായ 'കവിക്കുക', 'ബാന്ധവിയ്ക്കുക', 'തുലഞ്ഞു' മുതലായവ ഗ്രാമ്യദേശ്യകോടിയിൽ ഉൾപ്പെട്ടവയാകുന്നു. 'പൊന്മണി'യിലെ 65–ാം പദ്യത്തിലെ 'തക്കവണ്ണ'ത്തിനു തുല്യമെന്നും 'വേറൊരു വിലാപ'ത്തിലെ 24–ാം പദ്യത്തിലെ 'പാത്ര'ത്തിനു കാരണമെന്നുമാണു് അർത്ഥം! ശിവനെ 'ഊറ്റ'നാക്കിയതും ജഗദീശനെ 'അതികേമ'നാക്കിയതും മറ്റും അനൗചിത്യത്തിനു് ഉദാഹരണങ്ങളായെടുക്കാം. സന്താപഹരണം എന്നർത്ഥത്തിലുള്ള 'സന്താപഹർ'വും 'വധൂബന്ധുവർഗ്ഗം' എന്ന സമസ്തപദത്തിൽ വധൂശബ്ദത്തെ ഹ്രസ്വീകരിച്ചതും 'കുന്നോടൊത്ത

Digitized By Kerala Sahitya Akademi

കചാംഗിയാളം' ഗ്രന്ഥവായ കൃത്യം എന്നത്രത്തിലുള്ള 'ഗൌരവകൃത്യ'വും 'മാർദ്ദവത്വ'വും മറ്റും സംസ്കൃതപണ്ഡിതന്മാരെ സന്തോഷിപ്പിക്കുകയില്ല. ഈവക മാലിന്യങ്ങളില്ലെങ്കിൽ ഈ കൃതി കുറേക്കൂടി പരിശോഭിയ്ക്കുമായിരുന്നു.

'വാക്യം രസാത്മക'മാകണമെങ്കിൽ, ഉചിതങ്ങളും ഉത്തമങ്ങളുമായ പദങ്ങളെ യഥാസ്ഥാനം വിന്യസിക്കുകതന്നെവേണം. മറിച്ചായാൽ, മറെറന്തു ഗുണമുണ്ടായാലും, അത് ഉണങ്ങിവരണ്ടിരിക്കുകയേ ഉള്ളു എന്ന വാസ്തവം കവികൾ വിസ്മരിയ്ക്കരുത്. ആശയഗുണമുണ്ടെങ്കിൽ രചനാദോഷത്തെ വകവെയ്ക്കാനില്ലെന്നൊരഭിപ്രായം പുതുമോടിക്കാരുടെ ഇടയിൽ മുളച്ചുപൊങ്ങിയിട്ടുണ്ട്. കവിയാൽത്തന്നെ കൃതമായ വ്യാഖ്യാനത്തോടുകൂടി പത്തുതവണ വായിച്ചാലും വിവക്ഷിതാർത്ഥം മനസ്സിലാകാത്തവിധം ക്ലിഷ്ടതരങ്ങളായ ഒരുതരം കാവ്യങ്ങളെ പ്രശംസിയ്ക്കേണ്ടിവന്നവർ ഗത്യന്തരമില്ലാഞ്ഞിട്ട തട്ടിവിട്ട ഒരഭിപ്രായമാണിത്. ഇതിനെ നമ്മൾ പോററിവളർത്തുന്നതായാൽ, കാലക്രമേണ ഇതിന്റെ വിഷമയങ്ങളായ ഫലങ്ങൾ കേരളസാഹിത്യാരാമത്തിന്നു കെടുതി തട്ടിയ്ക്കുമെന്നതിൽ സംശയമില്ല. ഉള്ളിൽ തോന്നിയതിനെ ദുർഗ്രഹവും ദുഷ്ടവുമല്ലാത്ത ഭാഷയിൽ പുറത്താക്കുവാൻ ശക്തിയില്ലാത്തവർ കവനസംരംഭത്തിൽനിന്നു പിൻവാങ്ങുകയാണുത്തമം. അമൃതുതന്നെയും, അഴുക്കുള്ള പാത്രത്തിൽ വിളമ്പിയാൽ, അനുഭവയോഗ്യമാകുന്നതല്ലല്ലോ.

Digitized By Kerala Sahitya Akademi

പ്രേമബന്ധം

ഗ്രന്ഥകർത്താവ് : വാരിയത്തു ബാലകൃഷ്ണമേനോൻ

ആഭിജാത്യം, ധനസമൃദ്ധി മുതലായ ബാഹ്യഗുണങ്ങളുടെ അത്യാസക്തിയാൽ ആന്തരഗുണമായ അനുരാഗത്തെ ഗണിയ്ക്കാതെ, വിവാഹം നടത്തുക എന്നതു മലയാളികളുടെ ഇടയിൽ സർവസാധാരണമായിത്തീർന്നിരിക്കുന്നു. ഇങ്ങനെ, ബന്ധുജനങ്ങളുടെ ഇച്ഛയ്ക്കൊത്തവണ്ണം ദാമ്പത്യബന്ധത്തിൽ കടുങ്ങുന്ന തരുണീതരുണന്മാരുടെ ലോകയാത്ര എത്ര ഭയങ്കരമായ മരുഭൂമിയിലൂടെയായിരിക്കും! ദാമ്പത്യജീവിതത്തെ മധുരമാക്കിത്തീർക്കുന്നതു മനസ്സുഴിഞ്ഞ പരസ്പരപ്രേമം ഒന്നുമാത്രമാണെന്നു പല പ്രകാരത്തിലും അനുഭവസിദ്ധമായിട്ടുകൂടി, അതിനെ അനാദരിച്ചുകൊണ്ടുള്ള നമ്മുടെ നടപ്പടി അത്യന്തം ആപൽക്കരമാണെന്ന വാസ്തവത്തെ ചൂണ്ടിക്കാണിക്കുന്ന ഒരു ചെറുകഥയാകുന്നു 'പ്രേമബന്ധം.' 'ഏതോ ഒരു ബങ്കാളി നോവൽ' വായിച്ചിട്ട് അതിലെ കഥാവസ്തുവിന്റെ 'ഓമ്മയിൽനിന്നുകൊണ്ട്" വാരിയത്തു ബാലകൃഷ്ണമേനോനവർകൾ എഴുതിയതും 'ചക്രവത്തി'പത്രത്തിൽ ഖണ്ഡശഃപ്രസിദ്ധീകരിച്ചതിന്നുശേഷം പുസ്തകാകൃതിയിൽ പുറത്തിറക്കിയതുമായ ഈ കൃതി ഒരു സാമുദായികാഖ്യായികയായി എടുപ്പാൻ യോഗ്യതയുള്ള ഒന്നാണ്.

സരസഗദ്യകാരനായ സി. എസ്സ്. ഗോപാലപ്പണിക്കർ (ബി.എ) അവർകളും ഇതിന്റെ പ്രസ്താവനയിൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ, "ഓരോരോ സന്ദർഭങ്ങളിൽ നായികാനായകന്മാരുടേയും മറ്റു കഥാപാത്രങ്ങളുടേയും മനോഭാവങ്ങളേയും ഉദ്വേഗങ്ങളെയും അനുഭാവങ്ങളെയും പററി എഴുതീട്ടുള്ള വർണ്ണനകളും എത്രയും ഹൃദയംഗമങ്ങളായിട്ടുണ്ട്." "അവൻ സങ്കല്പത്താൽ ദേവകിക്കുട്ടിയുമൊന്നിച്ചു ദാമ്പത്യസുഖം അനുഭവിച്ചുതുടങ്ങി. അവളുടെ ലീലാവിനോദങ്ങളെ അവൻ കൺകളിരെ കാണുന്നു. അവളുടെ കളനർമ്മോക്തികളെ അവൻ ഇമ്പമോടെ ശ്രവിയ്ക്കുന്നു. അവളുടെ മനോഹരകളേബരവിലാസത്തിൽ അവൻ ആനന്ദിക്കുന്നു. ഹാ, അവളുടെ സുന്ദരമന്ദഹാസം അവന്റെ മനസ്സിനെ പ്രബുദ്ധമാക്കുന്നു. അവളുടെ ദ്വേഷ്യഭാവവും പരുഷോക്തിയും അവനെ ചിരിപ്പിക്കുന്നു. അവളുടെ സവ്വ്ചേഷ്ടിതങ്ങളും ഒന്നിനൊന്ന് അവന്റെ ജീവിതത്തിൽ സുഖത്തെ പൊരിയുന്നു." എന്നിങ്ങനെ, നായകന്റെ സങ്കല്പലോകസഞ്ചാരത്തെ വർണ്ണിക്കുന്നവയായ രസം തുളുമ്പുന്ന വാക്യങ്ങളും ഞങ്ങളുടെ ഹൃദയത്തെ കുറച്ചൊന്നുമല്ല ആവജ്ജിച്ചത്. ഗ്രന്ഥകർത്താവിന്റെ പ്രകൃതിദത്തമായ 'ശക്തി' വിശേഷത്തെയും സാഹിത്യലോകത്തിന്നുവേണ്ടി ആയുധം (തൂലിക) എടുപ്പാൻ ഇദ്ദേഹത്തിന്നുള്ള അഹ്തയെയും വെളിപ്പെടുത്തുന്ന ഇത്തരം ലളിതകോമളങ്ങളായ വാഗ്ഭംങ്ങളും ഈ പുസ്തകത്തിലെ പല ഭാഗങ്ങളെയും സവിശേഷം ആസ്വാദ്യങ്ങളാക്കിത്തീർത്തിട്ടുണ്ട്.

"താളമൊക്കുമ്പോൾ സ്വരം വരില്ല; സ്വരം വരുമ്പോൾ താളമൊക്കില്ല" എന്നു പറഞ്ഞപോലെയാണ്, മലയാളഭാഷയ്ക്കു കിട്ടുന്ന പുസ്തക

Digitized By Kerala Sahitya Akademi

ങ്ങളിൽ മിക്കവയുടെയും അവസ്ഥ. 'പ്രേമബന്ധ'ത്തിൽ വാചകങ്ങൾക്ക വൈശിഷ്ട്യമുണ്ടെങ്കിൽ, കഥാഘടനയ്ക്ക കമനീയത കുറവാണ്. ഒരു കൊല്ലംകൊണ്ട് അയ്യായിരം ഉറുപ്പിക സമ്പാദിച്ചുകൊണ്ടുവന്നാൽ കൃഷ്ണനണ്ണിക്ക ദേവകിക്കുട്ടിയെ കൊടുക്കാമെന്ന പറഞ്ഞു, നായകനെ നായികയുടെ അമ്മാമൻ വിദേശത്തേയ്ക്കയച്ചതാണ് കഥയുടെ അടിക്കല്ല്. ഈ പ്രതിജ്ഞതന്നെ മലയാളമട്ടിന്ന് അത്ര യോജിച്ചതല്ല എന്നതിരിയ്ക്കട്ടെ: ഇതിനെ കൃഷ്ണനണ്ണി എങ്ങനെ വിശ്വസിച്ചു? ദേവകിക്കുട്ടിയെ കൃഷ്ണനണ്ണിയുടെ ഭാര്യയാക്കുന്നതിൽ കേശവമേനോനുള്ള വൈമുഖ്യത്തിന്ന കാരണം, കൃഷ്ണനണ്ണിയുടെ നിർദ്ധനതയല്ല, ആഭിജാത്യക്കുറവാണെന്ന, സ്ഥാനമാനങ്ങളേറിയ കേശവമേനോന്റെ തറവാട്ടിൽ ഒരു കാര്യസ്ഥനായിരുന്ന നാണുമേനോന്റെ മകനായ കൃഷ്ണനണ്ണിയ്ക്ക നിഷ്പ്രയാസം മനസ്സിലാക്കാവുന്നതാണ". എന്നാൽ അവൻ "കൃഷ്ണനണ്ണിയുടെ ജാതിയെപ്പറ്റിക്കൂടിയുംസംശയിയ്ക്കത്തക്ക ചില സംഗതികളും ഞാൻ കേട്ടിട്ടുണ്ട്. ദേവകിക്കുട്ടി എന്നും കന്യകയായിരുന്നാൽക്കൂടി അവളെ ആ കൃഷ്ണനണ്ണിയ്ക്ക കൊടുക്കുക എന്നതു ഞാൻ ചെയ്കയില്ല." എന്നുറച്ചിരിക്കുന്ന ദുരഭിമാനിയായ കേശവമേനോന്റെ കാപട്യം അറിയുന്നില്ല; 'കേശവമേനോന്റെ വാക്കുതെറ്റി നടക്കുകയില്ലെ'ന്നാണ് അവന്റെ പക്ഷം. ഇതിൽനിന്നൂഹിയ്ക്കേണ്ടതു, നിത്യസഹവാസമുള്ള ആളുകളുടെപോലും സ്വഭാവം തിരിച്ചറിയുവാൻ കൃഷ്ണനണ്ണിയ്ക്ക ശക്തിയില്ലെന്നാണല്ലോ. ഇത്രയും ലോകപരിചയം കുറഞ്ഞ ഒരു ചെറുപ്പക്കാരൻ, വിശേഷിച്ചും ഇതേവരെ ഉയർന്ന നിലയിൽ കാലക്ഷേപംചെയ്തവൻ, വിദേശത്തുപോയി കൂലിപ്പണിയെടുത്തു പത്തുപതിനൊന്നു മാസംകൊണ്ട് അയ്യായിരത്തിലധികം ഉറുപ്പിക സമ്പാദിച്ചു എന്നത് ഒരത്യുക്തിയായി തോന്നാനിടയുണ്ട്. നായകന്റെ ദീനം പിടിച്ചതും ശമിച്ചതുമൊക്കെ ഒരു സ്വപ്നംപോലെ കഴിഞ്ഞുപോയി. "ദേഹശക്തിയിൽ കവിഞ്ഞവണ്ണം അവൻ അദ്ധ്വാനിച്ചകാലത്തു രോഗമുണ്ടാവാഞ്ഞതു, 'അവന്റെ മനസ്സ് അന്ന് ഏകാഗ്രമായിരുന്ന'തുകൊണ്ടാണെങ്കിൽ (76–ാം ശ്ലോകം), പണം തികഞ്ഞു നിശ്ചിതസമയത്തു നാട്ടിൽ തിരിച്ചെത്താമെന്നായപ്പോൾ "എല്ലാ വിചാരങ്ങളും ദേവകിക്കുട്ടിയെപ്പറ്റി മാത്രമാകയും ചെയ്തു" (74) എന്നീ ഏകാഗ്രത രോഗത്തെ തടുക്കേണ്ടതല്ലയോ? നാട്ടിൽ തിരിച്ചെത്തി നായികയെ കണ്ടതിന്ന ശേഷമേ നായകന്റെ മനോഭാവത്തിന്ന ശൈഥില്യം വരാൻ തരമുള്ള എന്നു തോന്നുന്നു. അതിന്നുമുമ്പേ നായകനെ പെട്ടെന്നു വീഴിച്ച ഈ ജ്വരം, നായികാനായകന്മാരെ കൊലപ്പെടുത്തി കഥ കഴിക്കുക എന്ന ഉദ്ദേശം സാധിപ്പാനായി ഗ്രന്ഥകാരൻ കല്പിച്ചുകൂട്ടി ആഞ്ഞുവിട്ട ഒരായുധമാണെന്നു വായനക്കാർ കരുതിപ്പോയേയ്ക്കാം.

ഉദ്യോഗപ്രാർത്ഥിയായ കൃഷ്ണനണ്ണിയോട്ട, തലേന്നാളത്തെ പ്രസന്നത വിട്ട്, "എന്നെ ഇവിടെ വന്നു കണ്ടിട്ട് എന്താകും? ഞാനിവിടെ ഉദ്യോഗങ്ങൾ നട്ട വളർത്തീട്ടുണ്ടോ?" എന്നും മറും ഭാവഭേദങ്ങളും കാണിച്ച ഡിപ്യൂട്ടി കലക്ടർ നാരായണൻനായരവർകളുടെ ചിത്രം അകൃത്രിമരമണീയമായിരിക്കുന്നു. മലയാളികളുടെ അനന്യസാമാന്യമായ ഉദ്യോഗതിമിരത്തിന്ന് ഇങ്ങനെ ചില അഞ്ജനൌഷധങ്ങൾകൊണ്ട് വല്ല ശമനവും കിട്ടിയെങ്കിൽ, അതു വലിയൊരു കാര്യമാണല്ലോ. കേശവമേനോന്റെ ഭാര്യ, അമ്മുക്കുട്ടി, പഠിപ്പില്ലാത്തവളാണെങ്കിലും കുടുംബ

Digitized By Kerala Sahitya Akademi

ഭരണത്രാണിയും നിഷ്കളങ്കമായ സ്നേഹവുമുള്ള ഒരു നല്ല ഗൃഹിണിയാണ്. അവളുടെ ഭർത്താവ് ഉൽകൃഷ്ടവിദ്യാഭ്യാസം സിദ്ധിച്ച ഒരു യോഗ്യനാണെങ്കിലും അദ്ദേഹത്തിൽനിന്ന് അവൾക്കു യാതൊരറിവും ലഭിച്ചിട്ടില്ല. കാവ്യനാടകപുരാണാദികൾ ദേവകിക്കുട്ടിയോ കൃഷ്ണനുണ്ണിയോ വായിച്ചുകേട്ട ജീവിതതത്ത്വങ്ങൾ ഗ്രഹിക്കുന്നതിൽ അവൾക്കുണ്ടായിരുന്ന ഔത്സുക്യത്തിന്റെ ഫലമായിരിക്കാം, അക്ഷരജ്ഞാനം കുറവായ ആ സ്ത്രീ നല്ല പഠിപ്പുള്ള കൃഷ്ണനുണ്ണിയോടുപോലും ജീവിതതത്ത്വം ഉപന്യസിപ്പാൻ (42–43) സമർത്ഥയായത്!

ഭാഷാഗ്രഹണംകൊണ്ട് 'പ്രേമബന്ധം' ഒരു സൽപ്രബന്ധമാണെന്നു ഞങ്ങൾ ആദ്യമേ പറഞ്ഞുവല്ലോ. എന്നാൽ, 'പുഞ്ചിരിച്ചുകൊണ്ട്', മുറുക്കിയ പിന്നെ' മുതലായ പദങ്ങൾ ഞങ്ങൾക്കൊട്ടും രുചിയുന്നില്ല. "....അവനെ കപ്പലിൽ കൂലിവേലയ്യ്യാനായി നിയോഗിയ്യപ്പെടുകയും ചെയ്തു" എന്നതു (60) പക്ഷേ, അച്ചടിത്തെറ്റായിരിക്കാം. "ഇപ്പോൾ അവന്റെ മനോഭാവം ശിഥിലീകരിച്ചിരിക്കുന്നു" (77) എന്നതിലെ ക്രിയാപദം'ശിഥിലീഭവിച്ചിരിക്കുന്നു' എന്നു തിരുത്തിയാലേ വിവക്ഷിതാർത്ഥം ശരിപ്പെട്ടു. കരിയ്യലും ഭവിയ്യലും തമ്മിൽ വളരെ വ്യത്യാസമുണ്ട്. 'ഇരടിയ', 'കരന്ന' മുതലായവ ദേശ്യപദങ്ങളാണെന്നു തോന്നുന്നു. "അവൾ അവിടെ വന്നുനിന്ന് അധികനേരമാവുമ്പോഴെയ്യും കൃഷ്ണനുണ്ണി പടി കടന്നുവരുന്നതായി അവൾ കണ്ടു" (22) എന്നതിലെ 'ആവുമ്പൊഴെയ്യും' മലയാളശൈലിക്കു ചേർന്നതല്ല. അല്പത്തോടു ചേർക്കേണ്ടതിനെയാണ് ഇവിടെ അധികത്തോടു ചേർത്തിരിക്കുന്നത്. 'ആവുമ്പൊഴെയ്യും' എന്നതു കാലസാമീപ്യത്തെ കാണിയ്യുന്ന ഒരു നിപാതമാകുന്നു. "ഭർത്താവൊന്നിച്ചുള്ള ലീലയൊഴികെ മറേറതു രഹസ്യകാര്യവും അവൾ കൃഷ്ണനുണ്ണിയുടെ മുമ്പിൽ മറച്ചുവെയ്യ്യാറില്ല" എന്ന വാക്യം ഏതാണ്ടു് അശ്ലീലദുഷ്ടമായിരിയ്യുന്നു. രഹസ്യം എന്ന സംസ്കൃതപദത്തെ മലയാളികൾ ഒരു ദുരാചാരത്തെ കുറിക്കുന്ന വാക്കായി ഉപയോഗിച്ചുവരുന്നതുകൂടിയോർക്കുമ്പോൾ, 'ഭർത്താവൊന്നിച്ചുള്ള ലീല'യും 'രഹസ്യകാര്യ'വും കൂടി ഈ വാചകത്തിനു വരുത്തീട്ടുള്ള അസഭ്യത കുറെ അസഹനീയമായിത്തീരുന്നു.

ഈ വക ന്യൂനതകൾ ഈ വിശിഷ്ടഗ്രന്ഥത്തെ ഒരിയ്യലും ത്യാജ്യകോടിയിൽ തള്ളുന്നതല്ല. 'ഗച്ഛതഃ സ്ഖലനം' ലോകസാധാരണമാകുന്നു. ചൊടിയും ചൊറുപ്പുമുള്ള വാചകങ്ങളുടെയും ആശയങ്ങളുടെയും ധാരാവാഹിത ഒന്നുതന്നെ, കഥയുടെ അറ്റം കാണുംവരെയ്യും, വായനക്കാരുടെ ശ്രദ്ധയെ ഉന്മുഖമാക്കി നിർത്തിക്കൊള്ളും. സമുദായസ്നേഹിയായ ശ്രീമാൻ ബാലകൃഷ്ണമേനോന്റെ സാഹിത്യപരിശ്രമത്തിൽനിന്ന് ഇതിലും മികച്ച മധുരഫലങ്ങൾ നമുക്കു കിട്ടിക്കൊണ്ടിരിക്കുമെന്നാശിപ്പാൻ ധാരാളം അവകാശം കാണുന്നുണ്ട്.

Digitized By Kerala Sahitya Akademi

കേരളപാണിനീയം

(നിശ്ശേഷം പരിശോധിച്ച രണ്ടാം പതിപ്പ്)

ഗ്രന്ഥകർത്താവ്: പ്രൊഫസർ എ. ആർ. രാജരാജവർമ്മ, എം. എ.

ഒരു ഭാഷാരാജ്യത്തിന്റെ രാജാവു വ്യാകരണമാണെങ്കിൽ, കേരള ഭാഷ പണ്ടേ 'ലീലാതിലക'ത്താൽ രാജനാതിയായിത്തീർന്നിരിയ്ക്കുന്നു. പക്ഷേ ആ ആദിമഗ്രന്ഥരാജൻ, 'കാടാറുമാസ'ക്കാരനായ വിക്രമാദിത്യ നെപ്പോലെ, ഇടയ്ക്കുവെച്ചു് അദൃശ്യനായിപ്പോയതിനാൽ കൈരളിക്കു് അസ്വതന്ത്രതാജനകമായ വിദേശീയഭരണം അനുഭവിപ്പാനും കേരളീയർക്കു സ്വയംഭരണാശക്തരെന്ന അപഖ്യാതി പറ്റുവാനും സംഗതിവന്നു. ഈ ദുരവസ്ഥയ്ക്കു പരിഹാരം സിദ്ധിച്ചതു് 1071—ാമാണ്ടിൽ 'കേരളപാണിനീ യ'ത്തിന്റെ ആവിർഭാവത്തോടുകൂടിയാണു്.

ഇരുപതിൽച്ചിലാനം കൊല്ലങ്ങൾക്കുമുമ്പു പ്രസിദ്ധീകൃതമായ ഈ ഗ്രന്ഥം അക്കാലത്തുതന്നെ ഏതാണ്ടു സർവ്വസമ്മതമായിത്തീരുകയും തൽക്ക ർത്താവായ പണ്ഡിതരാജരാജനെ 'കേരളപാണിനി' എന്ന ബിരുദത്തി ന്നർഹനാക്കുകയും ചെയ്തു. എന്നാൽ ഇത്രയുംകൊണ്ടു തൃപ്തിപ്പെടുവാൻ കേര ളപാണിനിയെ തന്റെ മാതൃഭാഷാശക്തി സമ്മതിച്ചില്ല. സർവ്വതന്ത്രസ്വത ന്ത്രനായ അവിടുന്നു വീണ്ടും അനേകം ഭാഷകളിലെ വ്യാകരണഗ്രന്ഥങ്ങൾ നോക്കി, അവഗാഢമായി ആലോചിച്ചു വേണ്ടുന്ന സംസ്കാരമെല്ലാം ചെയ്തിട്ടുള്ളതാണു് ഈ രണ്ടാംപതിപ്പു്. ഗ്രന്ഥകാരന്റെ മുഖവുരയിൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ, പണ്ടത്തെ കേരളപാണിനീയവും ഇതും ഒന്നു തന്നെയാണെന്നു പറഞ്ഞറിയിയ്ക്കുകതന്നെ വേണം; അതുപോലെ ഭേദഗതികളും ഇതിൽ വരുത്തിയിട്ടുണ്ടു്.

ഒരു ഭാഷയുടെ വ്യാകരണം നിർമ്മിക്കുന്നതു്, ആഭ്യൂഹികം, ആഗമികം എന്നു രണ്ടു മാർഗ്ഗങ്ങൾ അവലംബിച്ചാവാം. യുക്തിയെമാത്രം അടിസ്ഥാ നമാക്കിയിട്ടുള്ളതു് ആഭ്യൂഹികം; ആഗമത്തെ (പരിത്രത്തെ) അടിസ്ഥാന മാക്കിയിട്ടുള്ളതു് ആഗമികം. "എളുപ്പത്തിൽ എഴുതിയുണ്ടാക്കാവുന്നതു് ആഭ്യൂഹികവ്യാകരണമായിരിയ്ക്കും; എന്നാൽ ഉപയോഗപ്രദികം ആഗമിക വ്യാകരണംകൊണ്ടാണു്." കേരളപാണിനീയം ആഗമികപ്രസ്ഥാനത്തിൽ എഴുതപ്പെട്ടതാകുന്നു. ഇതിന്റെ പീഠികയിൽ കേരളഭാഷയുടെ ഉൽ പത്തിമുതൽ ഇതേവരെയുള്ള പരിത്രവും ഭാഷയ്ക്കു് ഓരോരോ ഘട്ടങ്ങളിൽ വന്നുകൂടിയ വ്യത്യാസങ്ങളും വെടിപ്പായി പ്രതിപാ ദിച്ചിട്ടുണ്ടു്. അക്ഷരമാല, വർണ്ണവികാരങ്ങൾ, സന്ധിപ്രകരണം, നാമധാത്വാദ്യധികാരം തുടങ്ങിയ എല്ലാ പ്രമേയങ്ങളോടും ധാതുപാഠമാ കുന്ന പരിശിഷ്ടത്തോടും കൂടിയ ഈ ഗ്രന്ഥം നമുക്കു ഭാഗ്യവശാൽ ലഭിച്ച ഒരു പൂർണ്ണവ്യാകരണംതന്നെയാണു്. ഗ്രന്ഥത്തിന്റെ സ്വരൂപം കാണി പ്പാനായി ഒരു സൂത്രവും അതിന്റെ ഭാഷ്യവും താഴെ ചേർക്കാം:—

Digitized By Kerala Sahitya Akademi

"പ്രത്യയാദിക്കകാരത്തിൻ മുമ്പും താലവ്യയാഗമം.

ഒരു പ്രത്യയത്തിന്റെ ആദിയിലിരിയ്ക്കുന്ന ഇരട്ടിച്ച കകാരത്തിന്നു മുമ്പിലുള്ള താലവ്യസ്വരങ്ങൾക്കുശേഷവും യകാരം ആഗമമായി വരും. ഉദാ:—

തല+ക്കു=തലയ്ക്കു, വല+ക്കുന്നു=വലയ്ക്കുന്നു,
തല+ക്കൽ=തലയ്ക്കൽ, ചിരി+ക്കുന്നു=ചിരിയ്ക്കുന്നു,
ഹരി+ക്കുന്നു=ഹരിയ്ക്കുന്നു."

ഇതിന്നു ഒരു ടിപ്പണിക്കുറിപ്പു കൊടുത്തിട്ടുള്ളതിൽ, അകാരത്തിന്നു പിൻമാത്രമേ 'യ്ക്കു' എഴുതിക്കാണിയ്ക്കേണ്ടതുള്ളു എന്നൊരു വ്യവസ്ഥയും കൽപ്പിച്ചിട്ടുണ്ടു്. ഇതു ലേഖനപ്രയത്നത്തെ ലഘൂകരിപ്പാൻ കൊള്ളാമെങ്കിലും, ചിലേടങ്ങളിൽ കഴപ്പം വന്നുകൂടെന്നില്ല: 'കളിക്കുന്നു' എന്നൊരു പദം ഒരു പദ്യത്തിൽ കാണുമ്പോഴും, പദ്യങ്ങളിൽ മീത്തലിടുക തീരെ പതിവില്ലായ്കയാൽ, ഈ പദം കേളീശൈലവാചിയായ നാമപദമോ ക്രീഡിയ്ക്കുന്നു എന്നർത്ഥമായ ക്രിയാപദമോ എന്നു സന്ദേഹം വരാവുന്നതാണു്. അതിനാൽ, യകാരധ്വനിയുള്ളേടത്തെല്ലാം യകാരം ചേർത്തുതന്നെ എഴുതുകയാണു് നല്ലതെന്നു തോന്നുന്നു. ഇകാരത്തിന്നു പിൻപിൽ 'യ്ക്കു' വേണ്ടാ എന്ന നിയമം, പ്രസ്തുതസൂത്രത്തെത്തന്നെ പ്രത്യയാദിയ്ക്കു് അകാരത്തിൽ എന്നു തെറ്റിവായിപ്പിച്ചേയ്ക്കുമല്ലോ.

ഒരു ശാസ്ത്രഗ്രന്ഥത്തിനുണ്ടാകാവുന്ന ശ്രുഷ്ടത കേരളപാണിനീയത്തെ സ്പർശിച്ചിട്ടുപോലുമില്ല. ഇതിലെ വാചകങ്ങളുടെ സ്വാരസ്യവും സാമഞ്ജസ്യവും ഇരുയെന്നു പറഞ്ഞറിയിയ്ക്കാവതല്ല. അളന്നു മുറിച്ചു പാകപ്പെടുത്തിയ അതിമനോജ്ഞങ്ങളായ പദങ്ങൾകൊണ്ടു നിബന്ധിയ്ക്കപ്പെട്ടവയാണു് ഇതിലെ വാക്യങ്ങൾ മുഴുവനും. ചുരുക്കിപ്പറകയാണെങ്കിൽ, വ്യാകരണനിയമങ്ങളെ പഠിപ്പിക്കുകമാത്രമല്ല, ഒരു ശാസ്ത്രഗ്രന്ഥം സരസഭാഷയിലെഴുതുക ഇങ്ങനെയാണെന്നു കാണിച്ചുതരികകൂടി കേരളപാണിനീയം ചെയ്യുന്നുണ്ടു്. എന്നാൽ 'പരാധീനപ്പെട്ട', 'അധികപ്പെട്ട' മുതലായ ചുരുക്കം ചില പദങ്ങൾ ധർമ്മവാചകമാക്കിയ 'ഊർജ്ജിത'ത്തെക്കാളും അസുഖകരങ്ങളായി ഞങ്ങൾക്കു തോന്നുന്നു. 'പരാധീനപ്പെടുക' ആവാമെങ്കിൽ, 'ദുഃഖിതപ്പെടുക' എന്നും മറ്റും പറയാമല്ലോ. 'ഖരവർണ്ണം ഒരു പ്രത്യയത്തിന്റെ ആദ്യക്ഷരമായി വരുന്നിടത്തെല്ലാം ഈ നിയമം സാവ്ത്രികമായിക്കാണും." (24–ാം ഭാഗം)എന്ന വാക്യത്തിലെ 'സാവ്ത്രികം' ഇരട്ടിപ്പടിയാണു്. 'പായിൻറു" മുതലായ ഇംഗ്ലീഷ്വാക്കുകളും ശാസ്ത്രീയവാക്യങ്ങളുടെ ഗൗരവത്തിന്നു യോജിച്ചവയല്ല. ഏതു വിദേശീയപദങ്ങൾക്കും ശരിയായ സ്വദേശപദങ്ങൾ അപ്പപ്പോൾ സൃഷ്ടിപ്പാൻ ത്രാണിയുള്ള വശ്യവചസ്സായ കേരളപാണിനി ഈവക പദങ്ങളെ എന്തിനു പരിലാളിക്കുന്നു? ഇതൊക്കെ വലിയ ദോഷമായിട്ടു് ആരും ഗണിക്കുകയില്ല. ഞങ്ങൾ ഇരുയും പറഞ്ഞതു് ആധുനികമലയാളികളുടെ ഗ്രാമ്യഭ്രാന്തായ അവിടത്തെ പ്രയോഗം പ്രാമാണികമാകയാൽ മറ്റുള്ളവരെല്ലാം നിശ്ശങ്കം സ്വീകരിച്ചുതുടങ്ങുമെന്നു ഭയപ്പെട്ടിട്ടു മാത്രമാണു്.

'നമ്മുടെ ഭാഷ നമുക്കറിഞ്ഞുകൂടെയോ? പിന്നെ എന്തിനാണു് വ്യാകരണവും മറ്റും പഠിച്ച തലകളയുന്നതു്?' എന്നാണു് മിക്ക മലയാളികളുടെയും ഭാവം. ശരിതന്നെ! "എന്നാൽ ഇന്നതു തെറ്റു് ഇന്നതു ശരി എന്നു

Digitized By Kerala Sahitya Akademi

വിധിച്ചു, പുതിയ ആശയങ്ങളെ ആവശ്യംപോലെ ആവിഷ്കരിക്കുന്നതിനു മാർഗ്ഗമുണ്ടാക്കുക, പഴയ മാമൂലുകളും തറവാട്ടസ്വത്തുക്കളും കെടുതൽതട്ടാതെ സൂക്ഷിച്ചു, ദുഃസ്വാതന്ത്ര്യത്താലുണ്ടാകുന്ന നിയമലംഘനങ്ങൾനിമിത്തം വ്യാകുലീഭാവം വരാതിരിപ്പാൻ വേണ്ട ഏർപ്പാടുകളും ചെയ്തു, ഇതെല്ലാം വ്യാകരണംകൊണ്ടല്ലാതെ സാധിക്കയില്ല.'' അതിനാൽ സ്വഭാഷയിൽ വ്യൽപത്തി വേണമെന്നാഗ്രഹിക്കുന്ന മലയാളികളെല്ലാം മനസ്സിരുത്തി പഠിയ്ക്കേണ്ടതായ ഒരു മഹാഗ്രന്ഥമാണിത്.

അക്ഷരത്തെറ്റുകളും തുലോം ചുരുങ്ങി, കമനീയമായി അച്ചടിച്ചു പ്പെട്ട, പ്രസിദ്ധ സഹൃദയനായ പി. കെ. നാരായണപിള്ള (ബി. എ. ബി. എൽ.) അവർകളുടെ പ്രൌഢസരസമയേ ഇംഗ്ലീഷ് പ്രസ്താവന യാലും ഗ്രന്ഥകർത്താവിന്റെ ഛായാപടത്താലും അലംകൃതമായിട്ടുള്ള ഈ പുതിയ പതിപ്പും, മുൻപതിപ്പെന്നപോലെ, തീപ്പെട്ട കേരളകാളിദാസൻ തിരുമേനിയുടെ തൃപ്പാദത്തിൽത്തന്നെയാണ് സമർപ്പിക്കപ്പെട്ടിരിക്കു ന്നത്.

''നവീകൃതം കേരളപാണിനീയം
നിവാപനിഷ്ക്രേജനനീരജന്മേ
നിവേദയേത്തത്രൈവ ഗ്രന്ഥോഃ പദാബ്ജേ
നിവാരിതാശ്രുപ്രസരോദ്യ യത്നാൽ.''

എന്നീ കരുണമസൃണമായ സമർപ്പണശ്ലോകം 'അശ്രുനിവാരണയത്നം' കൂടാതെ വായിപ്പാൻ സാധിക്കുകയില്ല!

Digitized By Kerala Sahitya Akademi

ജാഹനീറ

പരിഭാഷകൻ: മൂക്കോത്തു കുമാരൻ

ചരിത്രപ്രസിദ്ധകളായ രജ്പുത്രസ്ത്രീകളുടെ വീര്യധൈര്യാദി ഗുണങ്ങൾ തികഞ്ഞ ഒരു സ്ത്രീരത്നമാണ് ജാഹനീറ; അതേ, സ്വാതന്ത്ര്യത്തെ സർവോൽകൃഷ്ടമായി കരുതി ചക്രവർത്തിക്കു കീഴടങ്ങാതെ ആജീവനാന്തം എതിർത്തുനിന്ന സ്വപിതാവായ സാമന്തപ്രഭുവിനോടൊപ്പം, ചക്രവർത്തിയുടെ വമ്പിച്ച സൈന്യങ്ങളുമായി പ്രഗത്ഭതയോടേ പൊരുതി, അനേകായിരം ശത്രുക്കളെ തന്റെ മൃണാളകോമളമായ ഭുജത്തിന്റെ സംഹാരശക്തിയനുഭവിപ്പിച്ച്, ഒടുവിൽ ആയുധമേറ്റു മരിച്ചു വീരസ്വർഗ്ഗം പ്രാപിച്ച ഒരു യഥാർത്ഥ ക്ഷത്രിയതരുണിയാണ് ഖാൻജഹാൻ ലോഡിയുടെ പുത്രി. "ശത്രുക്കളുടെ രക്തംകൊണ്ടു കഴുകിയ ഖഡ്ഗവും കയ്യിൽ ധരിച്ചു കൊണ്ടു മരിക്കേണം"മെന്നായിരുന്ന അവളുടെ നിശ്ചയം; അവൾ അതനുസരിച്ചു പ്രവർത്തിക്കുകയും ചെയ്തു. ചക്രവർത്തിയുടെ മകനും, ദർശനക്ഷണത്തിൽത്തന്നെ തങ്കൽ അത്യന്തം അനുരക്തനായിത്തീർന്നവനുമായ മുറാഡിനെ അവൾ ഭർത്താവായി അംഗീകരിച്ചുവെങ്കിൽ, അവൾക്ക് എത്രയോ ഉയർന്ന നിലയിൽ സർവസുഖങ്ങളും അനുഭവിക്കാമായിരുന്നു. എന്നാൽ ആ സ്പൃഹണീയമായ സ്ഥാനത്തെ അവൾ തൃണപ്രായമായി തള്ളിക്കളഞ്ഞു! അവളെ ഒന്നിലധികം പ്രാവശ്യം ജീവാപായത്തിൽനിന്നു സംരക്ഷിച്ച രാജകുമാരന്റെ പ്രണയമസൃണമായ വിവാഹപ്രാർത്ഥനയെ അവൾ കൂസൽകൂടാതെ നിരസിക്കുക മാത്രമല്ല, അവനുമായി വീരോചിതമാംവണ്ണം പോരാട്ടകൂടി ചെയ്തു, അവൾക്കു സ്വകാമുകന്റെ പേരിൽ അനുരാഗമില്ലാഞ്ഞിട്ടല്ല; പിന്നയോ, തന്റെ അതിതീവ്രമായ അനുരാഗാവേഗത്തെ അനന്യസാധാരണമായ പിതൃഭക്തി ഗൌരവംകൊണ്ടു സ്തംഭിച്ചു നിർത്തുകയാണ് ആ മനസ്വിനി ചെയ്തത്. "അദ്ദേഹം (മുറാഡ്) എന്റെ പിതാവിന്റെ കഠിനശത്രുവിന്റെ മകനാണ്. അതുകൊണ്ടു ശത്രുതയല്ലാതെ മറൊരു വികാരവും അദ്ദേഹത്തിന്റെ നേരെ എനിക്കുണ്ടാകാൻ പാടില്ല" എന്ന് അവൾ തീർച്ചപ്പെടുത്തി. എല്ലാംകൊണ്ടും, ജാഹനീറ, അവളുടെ മാനധനനായ 'അച്ഛന്റെ മകൾ' തന്നെയായിരുന്നു. ആ കലകന്യക സ്വന്തം പ്രാണനെപ്പോലും പിതൃഭക്തിയ്ക്കായി ബലികഴിച്ചു, മഹനീയകളായ മാതൃകാമഹിളകളുടെ ഇടയിൽ സുനിർമ്മലമായ യശശ്ശരീരംകൊണ്ടു പരിശോഭിക്കുന്നു.

ഇങ്ങനെയുള്ള ഒരു നായികയുടെ അപദാനങ്ങൾ വർണ്ണിക്കുന്നതായ ഈ വിശിഷ്ടഗ്രന്ഥത്തെ മലയാളഭാഷയിലവതരിപ്പിച്ച ശ്രീമാൻ കുമാരനെ ഞങ്ങൾ ഹാർദ്ദമായി അഭിനന്ദിക്കുന്നു. "മരിച്ചവരുടെ ആത്മാക്കളുടെ ഗതിയെ ഉദ്ദേശിച്ചു വല്ല സ്തോത്രമോ അനന്തരകർമ്മങ്ങളോ ഉണ്ടായിരുന്നില്ലെങ്കിലും, ആ അച്ഛന്റെയും മക്കളുടെയും സന്താപാതുരങ്ങളായ ഹൃദയങ്ങളിൽനിന്നു പ്രതിക്രിയയുള്ള ഔൽസുക്യത്തോടുകൂടി പൊങ്ങിപ്പുറപ്പെട്ട വിലാപങ്ങൾ ദൈവപാദങ്ങളിൽ സങ്കടഹരജികളായി ചെന്നുചേർന്നിട്ടുണ്ടോ

Digitized By Kerala Sahitya Akademi

യിരിക്കണം" എന്നും മറ്റും സഹൃദയന്മാരെക്കൊണ്ട് ശിരഃകമ്പനം ചെയ്യി ിക്കുന്ന വാക്യങ്ങൾ ഈ പുസ്തകത്തിൽ അവിടവിടെ പരിലസിക്കുന്നുണ്ട്. എന്നാൽ പ്രസ്തുത കാവ്യത്തിലെ അംഗിയായ വീരരസത്തിന്നനുഗ്രഹ മായിട്ടുള്ള ഓജസ്സു വാചകങ്ങളിൽ പരക്കെ വേണ്ടടത്തോളം തെളിഞ്ഞു കാണുന്നില്ല. ഇതാണ് ഈ തർജ്ജമയ്ക്കുള്ള ഒരു പ്രധാന ന്യൂനത. പദ ങ്ങളെ യഥാസ്ഥാനം വിന്യസിക്കുന്നായ്കയാൽ ഗണനീയമായ അഭംഗിയും ചില വാചകങ്ങളെ ബാധിച്ചിട്ടുണ്ട്. "ഭവനം സൈന്യങ്ങൾ വള ഞ്ഞിട്ടും.....ഖാൻ ലോഡിയോട് കീഴടങ്ങാൻ ആജ്ഞാപിച്ചു" (25—ാം ഭാഗം) എന്ന വാക്യത്തിൽ വളഞ്ഞിട്ട് എന്ന അപൂർണ്ണക്രിയയുടേയും ആജ്ഞാപിച്ചു എന്ന പൂർണ്ണക്രിയയുടേയും കർത്തൃത്വം സൈന്യങ്ങൾക്കാക യാൽ, സൈന്യങ്ങൾ എന്ന പദം ഒന്നാമതായി വെച്ചാലേ ഭംഗിയും സുഖ വുമുള്ളൂ. ഇരുന്നു, ഇരിക്കുന്നു എന്നിവയെ ക്രിയാപദത്തോടടുപ്പിച്ച് അസ്ഥാ നത്തുപയോഗിച്ചാലത്തെ വല്ലായ്മയ്ക്ക് ഉദാഹരണങ്ങൾ ഇതിൽ സുലഭ ങ്ങളാണ്: "കടന്നുപിടിച്ചതും ആ യുവാവു, തന്റെ കഠാരം അവന്റെ കണ്ഠത്തിൽ അർപ്പിച്ചതും ഒന്നിച്ചു കഴിഞ്ഞിരുന്നു" (24) ഇതിലെ 'ഇരുന്നു' അനാവശ്യമെന്നുമാത്രമല്ല, അപകടംകൂടിയാണെന്നു തോന്നുന്നു. എന്നാൽ ".....തീർച്ചയാക്കിയതെന്നും മനസ്സിലാക്കിയ" (71) എന്നേടത്തു മന സ്സിലാക്കിയിരുന്ന എന്നു വേണ്ടതാണ്. അച്ഛന്റെ അന്തർഗ്ഗതം അപ്പോ ളല്ലല്ലോ ജാഹനീര മനസ്സിലാക്കിയത്. 70—ാം ഭാഗത്തുള്ള 'നടന്നു കൊണ്ടിരിക്കയായിരുന്നു' എന്നതു നടക്കുകയായിരുന്നു എന്നു പെറുതാക്കി യാലാണ് മലയാളമാവുക. ".....അക്രമത്തെ കാത്തുനില്ക്കയും..... സന്നദ്ധനായിരിക്കയും ചെയ്തു" (79) എന്ന വാചകം നില്ക്കയും ഇരിക്കു കയും ഒന്നിച്ചു ചെയ്തതുകൊണ്ടു വളരെ വികൃതമായിരിക്കുന്നു. "ജാഹനീര തങ്ങളുടെ പിറകിൽ ഉണ്ടായിരുന്നില്ലെന്നു കണ്ടപ്പോൾ അവളുടെ പിതാ വിനുണ്ടായ പാരവശ്യം അതിദാരുണമായിരുന്നു" (51) ഇതിൽ ആദ്യത്തെ രണ്ട് 'ഇരുന്ന' നിമിത്തം എത്ര പന്തികേടു പറ്റിയിരിക്കുന്നു! "ജാഹനീര തങ്ങളുടെ പിറകിലില്ലെന്നു കണ്ടപ്പോൾ അവളുടെ പിതാവി നുണ്ടായ പാരവശ്യം അതിദാരുണമായിരുന്നു" എന്നാക്കുന്നതായിരിക്കും വായനക്കാർക്കിഷ്ടം. "ചക്രവർത്തി തെക്കേ ഇന്ത്യയിൽ എത്തിയതു ഖാൻലോഡിക്കു വലിയൊരു ദോഷമായിട്ടാണ് കലാശിച്ചത്"" (68) എന്ന വാചകം വായിക്കുമ്പോൾ അത്ര ദോഷമായി കലാശിക്കില്ലെന്നു ഖാൻലോഡിയോ മറ്റോ വിചാരിച്ചിരുന്നു എന്നു തോന്നിപ്പോയേക്കാം. ഈ അന്യഥാ പ്രതീതി നീങ്ങേണമെങ്കിൽ 'ദോഷമായി കലാശിച്ചു' എന്നു തന്നെപ്പെടുത്തുകതന്നെ വേണം. 'ദോഷമായിട്ടാണ് കലാശിച്ചത്" എന്നതും ദോഷമായി കലാശിച്ചു എന്നതും തമ്മിൽ വലിയ വ്യത്യാസമുണ്ടെന്നു മിക്കപേർക്കും അറിയാമല്ലോ.

പട്ടിന്റെ പ്രച്ഛദപടം (3), ഉന്നിച്ചു കടാക്ഷിക്കൽ (8), അകലമുള്ള പുഴ (41), പുഴയിൽ പ്രവേശിക്കൽ (56), യാത്ര അനുഭവിക്കൽ (67) മുത ലായവ ഒരുതരം വിദേശീയ മലയാളമാണ്. മകനെക്കൊണ്ട് അച്ഛനെ 'നിങ്ങൾ' എന്നു പറയിച്ചതു (48) താന്ന മട്ടായിപ്പോയി. നിഗളസ്വഭാ വവും (16), ഉറക്കം ഞെട്ടലും (44) കിടിലവും (69) മറ്റും ദേശ്യപദങ്ങളാ ണെന്നു തോന്നുന്നു.

Digitized By Kerala Sahitya Akademi

ഗണ്യം, സാധ്യം എന്നിവയെ ഈ പുസ്തകത്തിൽ പരിഭാഷകൻ പ്രായേണ പ്രയോഗിച്ചിട്ടുള്ളതു ഗണിയ്ക്കത്തക്കതെന്നും സാധിയ്ക്കത്തക്കതെന്നുമുള്ള അർത്ഥത്തിലല്ല. ("……പരിപന്ഥികളെപ്പറ്റി അശേഷം ഗണ്യമുണ്ടായിരുന്നില്ല", ……അദ്ദേഹത്തിന്നു് ഊഹിക്കാൻ സാധ്യമായിരുന്നില്ല" എന്നും മറ്റുമുള്ള വാചകങ്ങൾ നോക്കുക) 4–ാം ഭാഗത്തു, നീണ്ടതു് എന്നർത്ഥമായ ദീർഘ്യം നാമപദമായും വളവു് എന്നർത്ഥമായ കൌടില്യം നാമവിശേഷണമായും കാണപ്പെടുന്നു. 'ന്യായമായ രാജ്യാവകാശി' (5)യും വൈയാകരണന്മാക്കു വൈമനസ്യമുണ്ടാക്കിയേയ്ക്കാം. 29–ാം ഭാഗത്തുള്ള 'ഭയങ്കരജനകം' കറെ ഇരട്ടിപ്പടിയായി; ഭയങ്കരമെന്നോ ഭയജനകമെന്നോ മതിയായിരുന്നു. 60–ാം ഭാഗം ആദ്യവരിയിലുള്ള 'അറിവാനുണ്ടായ ജിജ്ഞാസ'യെ 'കരികളഭന്യായേന'യോ മറ്റോ സാധുകരിയ്ക്കാമായിരിയ്ക്കാം. എന്നാൽ സാധു (നിർദ്ദോഷം) സാധ്യം (സാധുകരിയ്ക്കാവുന്നതു്), അസാധ്യം (ഒരു തരത്തിലും സാധുകരിപ്പാൻ വയ്യാത്തതു്) എന്നിങ്ങനെ പദങ്ങൾ മൂന്നു തരത്തിലുള്ളതിൽ ഒന്നാമത്തെ ഇനമാണു് (സാധു) സാഹിത്യകാരന്മാർ സ്വീകരിക്കാറുള്ളതും സ്വീകരിയ്ക്കുന്നതും.

ഈവക അപഭ്രംശങ്ങൾ ശ്രീമാൻ കുമാരന്റെ സുകുമാരവാഗ്ധോരണിയിൽ ഒരു തരുണീമണിയുടെ തങ്കവർണ്ണമായ ദേഹത്തിലെ 'കാക്കപ്പുള്ളി'കൾപോലെ, ഒരു വിശേഷശോഭയെ ഉല്പാദിപ്പിയ്ക്കുമായിരിയ്ക്കാം. അതുകൊണ്ടു പ്രാമാണ്യം കരുതി സാധാരണന്മാരായ എഴുത്തുകാർ ഇവയെ കൈക്കൊണ്ടാലോ, ഫലം നേരെ മറിച്ചായി വരും. ഈയൊരഭിപ്രായത്താലാണു്, പ്രസ്തുത കൃതിയിൽ ഞങ്ങൾ കണ്ട അസാമഞ്ജസ്യങ്ങളിൽ ചിലതിവിടെ എടുത്തുകാണിച്ചതു്.

ഈ രസഭ്രയിഷ്ഠമായ ചെറുകഥയെ നമ്മുടെ മാതൃഭാഷയ്ക്കു സമ്മാനിച്ച പരിഭാഷകനെ ഞങ്ങൾ വീണ്ടും കൃതജ്ഞതയോടുകൂടി അഭിനന്ദിച്ചുകൊള്ളുന്നു.

Digitized By Kerala Sahitya Akademi

ഭാഷാകർണ്ണഭാരം

ഗ്രന്ഥകർത്താവ്: ആയാംകുടി ഇ. വി. രാമൻനമ്പൂതിരി

ഭാസമഹാകവിയുടെ ഏകാങ്കരൂപകങ്ങളിൽവെച്ചു പെറിയതായ കർണ്ണഭാരത്തിന്റെ തർജ്ജമയാണിത്. ഇതിലെ പ്രമേയം, ബ്രാഹ്മണരൂപിയായി ചെന്നു യാചിച്ച ഇന്ദ്രനു കർണ്ണൻ തന്റെ സഹജങ്ങളായ കവചകുണ്ഡലങ്ങളെ ദാനം ചെയ്തു എന്നതാണ്. ആകെ 25 ശ്ലോകങ്ങളേ കർണ്ണഭാരത്തിലുള്ള. അവയിൽ മൂന്നുനാലു ശ്ലോകങ്ങളുടെ തർജ്ജമ ഒരുവിധം നന്നായിട്ടുണ്ട്. ഒന്ന് താഴെ ചേർക്കാം.

"നൽക്കാമ്പോജകലോത്ഭവ—
ര്ക്കാളം ഗതിയിൽ വിജിതവിഷ്ണുരഥർ
ഉൾക്കൊതി പോരിലെഴുന്നവ—
രീക്ഷതിരകൾന്താൻ തൃണയ്ക്കുമെമ്മട്ടും."

'യുദ്ധേഷ്വനിവർത്തിതാശാഃ' (യുദ്ധങ്ങളിൽ കൊതി തീരാത്തവ) എന്ന മൂലപദത്തിന്ന്, 'ഉൾക്കൊതി പോരിലെഴുന്നവർ' എന്ന തർജ്ജമ മതിയായില്ല എന്നൊരു ലഘൂവായ ന്യൂനതയേ ഈ ശ്ലോകത്തിന്നുള്ള. ഇതിലധികം വൈകല്യങ്ങളുണ്ട്.

"ആകാരം നരസിംഹമാക്കി, യസുരന്മാക്കും നരന്മാക്കുമാ
നാകാവാസിജനത്തിനും ഭയഭരം പാതാളലോകത്തിനും
ഏകാനും, നഖവിദ്ധദൈത്യപതിഹൃത്താകാനുമാളായൊരാ—
ശ്രീകാന്തൻ നലമേലുവാൻ നിയതമീ നിങ്ങൾക്കു താങ്ങാകണം"

എന്ന ഒന്നാം ശ്ലോകത്തിന്ന്: ഹിരണ്യകശിപുവിന്റെ മാറിടം പിളർത്തൽപോലെ, ദേവകളേയും മറ്റും ഭയപ്പെടുത്തലും നരസിംഹാവതാരത്തിന്റെ പ്രയോജനങ്ങളിൽ ഒന്നാണെങ്കിലല്ലേ, 'ഭയഭരം ഏകാനും നഖവിദ്ധദൈത്യപതിഹൃത്താകാനുമാളായ' എന്ന വിശേഷണം സമുചിതമാകയുള്ള? മൂലകാരൻ നരസിംഹാകൃതി കണ്ടു സംഭ്രമിച്ചവരുടെ കൂട്ടത്തിൽ പുരുഷന്മാരെപ്പോലെതന്നെ സ്ത്രീകളേയും ഉൾപ്പെടുത്തിയിട്ടുണ്ട്. ('ഭ്രാന്തനാരീനര....') എന്നാൽ പരിഭാഷകൻ അബലകളെ അതിൽനിന്ന് ഒഴിവാക്കിയിരിയ്ക്കുന്നു; "കരജകലിശപാളീഭിന്നദൈത്യേന്ദ്രവക്ഷാഃ" എന്നതിലെ കലിശപദവും തർജ്ജമയിലില്ല. എന്നിട്ടും 'സുരരിപുബലഹന്താ' എന്ന അത്യാവശ്യകമായ വിശേഷണത്തിന്ന സ്ഥലം കിട്ടാതെപോയതു വിഷാദപ്രദംതന്നെ. നിഹതനായ സ്വാമിയെ (ഹിരണ്യകശിപുവിനെ) കണ്ടിട്ട യുദ്ധത്തിന്നായി നേരിട്ട അസുരപ്പടയേയും നരസിംഹാകൃതിയായ വിഷ്ണു കൊന്നൊടുക്കി എന്നുള്ള അനന്തരകഥയെ സൂചിപ്പിക്കുന്ന ഒരു വിശേഷണമാണല്ലോ 'സുരരിപുബലഹന്താ' എന്നത്. ആകാരം നരസിംഹമാക്കി'യതു, നരസിംഹം അചേതനമായ ഒന്നാണെങ്കിൽ ഒപ്പിച്ച മാറാമായിരുന്നു; അതല്ലായ്കയാൽ, നരസിംഹത്തിനേറെതാക്കി എന്നോ

Digitized By Kerala Sahitya Akademi

മറേറാ തന്നെ വേണ്ടിവരും. 'നാകാവാസിജന'ത്തെയും 'ശ്രീകാന്ത'നേയും ഒരേമട്ടിൽ 'ആ' എന്ന പദംകൊണ്ട് വിശേഷപ്പിക്കേണ്ടിയിരുന്നില്ല.

14–ാം ശ്ലോകത്തിൽ 'പിതൃപതിസുതനെ' (ധർമ്മപുത്രനെ) ആ പട്ടിയോടുപമിച്ചത് ('കെട്ടിയാപ്പട്ടിയെപ്പോൽ*') ഒരു വീരന്റെ മനോവൃത്തിയിലൂടെ ചേർന്നതല്ല. വിശേഷിച്ചും, (യുധിഷ്ഠിരാദയസ്സേമേ യവീയാംസസ്സു പാണ്ഡവാഃ'(പാണ്ഡവന്മാർ എന്റെ അനുജന്മാരാണ്)എന്നറിഞ്ഞിട്ടുള്ള മനസ്വിയായ കർണ്ണൻ പ്രഥിതഗുണഗണാഢ്യനായ ധർമ്മരാജനെ—(പ്രഥിതഗുണഗണാഢ്യം ധർമ്മരാജം ച ബധ്വാ') തന്റെ അനുജനെ—ഒരു പട്ടിയായി കരുതിക്കളയുമെന്നോ? ശാന്തം പാപം! ഒച്ചപ്പെടുത്താൻ ഒരു പട്ടിയെക്കൊണ്ടുവന്നു തൊടുവിച്ചതിനാൽ ഈ പദ്യം ഒന്നുകൂടി അശ്രദ്ധമായിപ്പോയി! 'സുഗമതരമതായ്' എന്നതിലെ 'അത്' കിടക്കട്ടെ എന്നുവെയ്ക്കാം; യുദ്ധക്കളത്തെ 'യുദ്ധക്കളരി'യാക്കിയതിൽ മലയാളികൾ മറുത്തു പറയുകതന്നെ ചെയ്യും. കളരി എന്നത് ആയുധാഭ്യാസശാലയാണല്ലോ.

ഗജവർണ്ണനമായ 20–ാം ശ്ലോകത്തിൽ 'കരടവുമളിക്കൂട്ടവുമിയന്ന്' എന്നു വായിക്കുമ്പോൾ, കരടം (കവിൾത്തടം) പോലെ തന്നെ അളിക്കൂട്ടവും (വണ്ടിൻനിരയും) ആനകളുടെ അവയവങ്ങളിൽപ്പെട്ട ഒന്നാണെന്നു തോന്നിപ്പോകും. 'നദന്മേഘശ്രീ' എന്നതിനു ഗർജ്ജിക്കുന്ന മേഘം പോലെ ശോഭിക്കുന്നത് എന്നല്ലാതെ, മേഘത്തിനൊത്ത ഗംഭീരശബ്ദമുള്ളത് എന്ന അർത്ഥം ('മേഘഗംഭീരഘോഷം' എന്നാണ് മൂലം) സിദ്ധിപ്പാൻ എളുപ്പമില്ല. അരുളുക എന്നത് 'ആചാരവാക്കാ'കയാൽ, 'ഞാനരുളുവൻ'. (ഞാൻ തരാം) എന്നു കണ്ണൻ പറഞ്ഞതു, സ്നാനോദ്യുക്തനായ ഒരു രാജാവ് 'ഞാൻ നീരാടുവാൻ എഴുന്നള്ളുകയായി' എന്നു പറയുന്നതുപോലെ പരിഹാസ്യമാകുന്നു.

ഭാഷാകണ്ണഭാരത്തിലെ ഗദ്യങ്ങളും തീരെ നിർദ്ദോഷങ്ങളല്ല. "ഞാൻ പ്രീതനായി ഭവിക്കുന്നു" ".....എല്ലാ ദേവന്മാരാലും സമർത്ഥിതമായിരുന്നതെന്താണോ, അതിപ്പോൾ എന്നാൽ അനുഷ്ഠിതമായി" മുതലായവ സംസ്കൃതക്കരുവിൽ വാക്കപ്പെട്ട വാക്യങ്ങളാണ്. "കിം ന വക്തവ്യം ദീർഘായുർഭവേതി അഥവാ ഏതദേവ ശോഭനം" എന്നീ വാക്യങ്ങൾക്ക് "ദീർഘായുസ്സായിരിക്കുക എന്നല്ലയോ പറയേണ്ടത്? അല്ലെങ്കിൽ, ഇതുതന്നെയാണ് ഉത്തമം." എന്നാണല്ലോ ശരിയായ അർത്ഥം. എന്നാൽ നമ്മുടെ പരിഭാഷകന്റെ തർജ്ജമ മറെറാരു മട്ടിലാണ്:—"എന്താണ് ദീർഘായുസ്സായി ഭവിക്കട്ടെ എന്നു പറയാത്തത്? പക്ഷേ, ഇതുതന്നെയാണ് ശോഭനമായിട്ടുള്ളത്." "പാണ്ഡവന്മാരിൽ ഒരാളെ കൊല്ലുന്ന

---

* 'പോൽ' എന്നത് ഐതിഹ്യവാചിയാണ്; ഉപമാവചകമല്ല. കൃഷ്ണഗാഥ, ഭാരതം കിളിപ്പാട്ട് മുതലായവയിൽ 'പോലെ'യ്ക്കു പകരം 'പോൽ' കാണുന്നില്ല. പോലവൻ, പോലുള്ള ഇത്യാദി സന്ധിചേർത്ത പ്രാമാണികപ്രയോഗങ്ങളിൽ പോലെയുടെ 'എ'കാരലോപം കണ്ടിട്ട്, ചില കൂട്ടർ വെറും പോലിനെത്തന്നെ പോലെയുടെ സ്ഥാനത്ത് അഭിഷേകം ചെയ്യുകളഞ്ഞു! ഇതുകൊണ്ടത്രേ, 'ഭാഷാഭൂഷണ'കാരനു പോൽ എന്നതിനെയും ഉപമാവാചകങ്ങളിൽ ഉൾപ്പെടുത്തേണ്ടിവന്നത്.

Digitized By Kerala Sahitya Akademi

തിന് സമർത്ഥമായിട്ടും 'വിമല' എന്ന ശക്തിയായിട്ടുമുള്ള ഈ അസ്ത്രത്തെ ഗ്രഹിച്ചാലും." (ഭാ: 16) എന്നീ വിലക്ഷണവാക്യത്തിലെ 'ശക്തി' വേലാണെന്നും 'അസ്ത്രം' ആയുധമാണെന്നും മേത്തരം വായനക്കാക്കുതന്നെ പറഞ്ഞുകൊടുക്കേണ്ടിവരും; ശക്തി ശേഷിയും അസ്ത്രം ശരവുമായിട്ടാണല്ലോ മലയാണ്മയിൽ പ്രചരിക്കുന്നത്.

മൂലാർത്ഥം ആലോചിക്കാതെയാണ് ചില ഭാഗം പരിഭാഷപ്പെടുത്തിയിട്ടുള്ളതെന്നു തോന്നുന്നു: "ആയുഷ്കാലം അവശേഷിച്ചിട്ടുള്ള രാജാക്കന്മാർ എന്റെ ശരങ്ങൾക്കു ലാക്കായി നേരിടണമെന്നില്ല? ആ ധനഞ്ജയനെ കണ്ടുകിട്ടുമെങ്കിൽ, കുരുക്കൾക്കു പ്രിയം ചെയ്ക എന്നതാണ് എന്റെ കർത്തവ്യം." എന്നിങ്ങനെ വീരരസം തുളുമ്പിത്തുളുമ്പുന്ന 5–ാം ശ്ലോകത്തിന്റെ തർജ്ജമ നോക്കുക.

"ആണത്തവും ചുണയുമറ ധരേശരെന്റെ
ബാണങ്ങൾതൻ വഴിയിൽ വന്നു നിരന്നിടായ്വിൻ;
കാണപ്പെടുന്നിതടരിൽക്കപികേതുവെങ്കിൽ,
പ്രാണപ്രിയം കുരുകുലത്തിനയത്തിടും ഞാൻ."

മൂലത്തിലെ 'സജീവശേഷാഃ' എന്ന പദത്തിന്റെ ആണത്തമുണ്ടോ, 'ആണത്തവും ചുണയുമറ' എന്ന പദങ്ങൾകൊണ്ടു കിട്ടുന്നു? പട്ടിയ്ക്കുകൂടി കിട്ടിയിട്ടുള്ള (14–ാം ശ്ലോകം) 'ആ' എന്ന വിശേഷണം ഇവിടെ 'കപികേതു'വിനു കൂടിയേകഴിയൂ എന്നിരിയ്ക്കെ കിട്ടുവാൻ ഭാഗ്യമുണ്ടായില്ല! മൂലത്തിൽ 'ധനഞ്ജയനു കൊടുത്തിട്ടുള്ള 'സഃ' എന്ന വിശേഷണം വ്യംഗ്യതരംഗിതമായ ഒന്നാകുന്നു. 'പ്രാണപ്രിയം കുരുകുലത്തിനയത്തിടും ഞാൻ' എന്നതിനു പരിഭാഷകൻ കരുതിയിട്ടുള്ള അർത്ഥം എന്താണാവോ? കുരുക്കൾക്കു ജീവനിൽ കൊതിയുണ്ടാകുമെന്നാണെങ്കിൽ, അത് അവരുടെ വീരത്വത്തെ അടിച്ചുതാഴ്ത്തും; തങ്കൽ (കണ്ണുകൾ) പ്രാണസ്നേഹം വർദ്ധിപ്പിക്കും എന്നാണെങ്കിൽ, കണ്ണൻ സ്വാർത്ഥൈകപരനാണെന്നു വന്നുകൂടും.

"രാധേയനെന്ന നാമത്തോ–
ടുണ്ടായ് ഞാൻ പണ്ടു കുന്തിയിൽ,
ധർമ്മജാദികളപ്പാണ്ഡു–
പുത്രരെൻകീഴിലുള്ളവർ."

എന്ന പദ്യവും മൂലത്തിനൊത്തതല്ല; കർണ്ണനു, കുന്തി പരിത്യജിച്ചതിനു ശേഷമാണു, രാധേയൻ, (സൂതപത്നീജാതൻ) എന്ന നാമം ഉണ്ടായത്; പാണ്ഡുപുത്രർ ഒരിക്കലും കർണ്ണന്റെ അധീനതയിൽ ഇരുന്നിട്ടുമില്ല. "പൂർവ്വം കുന്ത്യാം സമുൽപന്നോ രാധേയ ഇതി വിശ്രുതഃ യുധിഷ്ഠിരാദയസ്തേ മേ യവീയാംസസ്തു പാണ്ഡവാഃ" എന്ന മൂലശ്ലോകത്തിലെ യവീയശ്ശബ്ദം അനുജപര്യായമാകുന്നു.

ഇപ്പുസ്തകത്തിനു, 'ഇക്കാലത്തെ ഭാഷാസാഹിത്യചക്രവർത്തി' ഉള്ളൂർ എസ്സ്. പരമേശ്വരയ്യരവർകൾ അവതാരിക എഴുതിക്കൊടുത്തത് 'സദയം പരിശോധിച്ച'തിനു ശേഷമാണെന്നു ഗ്രന്ഥകർത്താവു മുഖവുരയിൽ പറഞ്ഞിട്ടുണ്ട്. ഇതു തികച്ചും വിശ്വസിക്കുന്നതിൽ, മേൽകാണിച്ച ഭാഗങ്ങൾ വിശേഷിച്ചും, ഞങ്ങളെ അധീരരാക്കുന്നു. മൂലത്തിലെ അർത്ഥം

Digitized By Kerala Sahitya Akademi

മുഴുവൻ പകർന്നാൽത്തന്നെയും, സ്ലോകം തീരെ പുറപ്പെട്ടിട്ടില്ലെങ്കിൽ ആ തർജ്ജമ ഒരു തർജ്ജമയാണെന്നു പറഞ്ഞുകൂടാ. ഭാഷാകർണ്ണഭോരത്തിലാകട്ടെ, മൂലാത്ഥ സംക്രമംതന്നെ കഷ്ടിയാണെന്നു നാം കണ്ടു സ്ഥിതിക്കും, രസസ്ഫൂർത്തിയെപ്പറ്റി ചിന്തിക്കുകയേ വേണ്ടല്ലോ. എന്നാൽ ഇതിൽ പരിഭാഷകനെ കുറപ്പെടുത്താൻ പാടില്ല: "ശ്രീമാൻ ഇ. വി. രാമൻനമ്പൂതിരി ഇയ്യിടയിൽമാത്രം കവനമാർഗ്ഗത്തിൽ കാൽവെച്ച ഒരാളാണ്." രസസ്ഫുരണനൈപുണ്യമോ, വാസനകൊണ്ടും ചിരാഭ്യാസംകൊണ്ടുമേ വശപ്പെടുകയുള്ളു.

കവിതയിൽ കറെക്കൂടി പരിചയിച്ചിട്ടു മതിയായിരുന്നു, നമ്പൂരി അവർകും ഒരു മഹാകവിയുടെ കാവ്യത്തിൽ കൈവെയ്ക്കുക. അഥവാ, അഭ്യാസം ഏറെ ചെന്നിട്ടില്ലാത്ത ഒരു കവിയിൽനിന്നു ഭാസകൃതികളിൽ ഒന്ന് ഈ വിധത്തിലെങ്കിലും കൈവന്നുവല്ലോ എന്നു കൈരളീദേവി സന്തോഷിക്കട്ടെ!

Digitized By Kerala Sahitya Akademi

അംഗദൻ

ഗ്രന്ഥകർത്താവ്: സി. ജി. മാധവൻപിള്ള

വാല്മീകികോകിലത്തിന്റെ പഞ്ചമഗാനമായ ശ്രീരാമായണം വായിച്ചിട്ടുള്ളവക്കൊക്കെ ബാലിപുത്രനായ അംഗദൻ പരിചിതനായിരിക്കും. എന്നാൽ "രാമായണത്തിലെ കഥാപാത്രങ്ങളിൽ അധികം എണ്ണത്തിന്റെയും പ്രകാശവും തന്മയത്വവുംകൊണ്ട്, അംഗദന്റെ ശോഭയെ, പകലുദിച്ച നക്ഷത്രത്തിന്റേതുപോലെ മാത്രമേ നാം കാണുന്നുള്ളൂ." അല്പപ്രഭമായിക്കിടക്കുന്ന ആ പുരുഷരത്നത്തെ അവഗാഢമായ ഒരു സരസവിമർശനംകൊണ്ടു തെളിയിച്ചുകാട്ടുകയാണ് ഈ പെറിയ ഗദ്യഗ്രന്ഥം ചെയ്യുന്നത്. അംഗദൻ തുംഗപരാക്രമനാണെങ്കിലും, തന്റെ പ്രിയപിതാവിനെ വഞ്ചിച്ചുകൊന്ന രാമനോടും കൊല്ലിച്ച സുഗ്രീവനോടും പ്രതികാരംചെയ്വാൻ ഒരുമ്പെടുകയുണ്ടായില്ല; നേരേമറിച്ച് അവരുടെ കാര്യസിദ്ധിയ്ക്കായി പ്രാണൻ കളഞ്ഞു പ്രയത്നിക്കുകയാണ് ചെയ്തത്. ഹാ! എന്തു മഹാമനസ്കത! എന്തു വിവേകം; മഹഷിയുടെ മനോധർമ്മധോരണിയ്ക്കു — സൽപ്പാത്രനിർമ്മാണനൈപുണിയ്ക്കു — അനേകായിരം നമസ്കാരം!

ഒരു ധീരനായ യോദ്ധാവും തന്ത്രകുശലനായ സേനാപതിയും നിഷ്കാമകർമ്മാവായ ആത്മത്യാഗിയുമായിരുന്ന അംഗദന്റെ അസാധാരണഗ്രുണഗണങ്ങളെ അദ്ദേഹത്തിന്റെ വ്യാപാരങ്ങളിൽനിന്നും വ്യവഹാരങ്ങളിൽനിന്നും മറ്റും കരം പിടിച്ച, ഉത്തമരീതിയിൽ ഉപന്യസിച്ചിരിക്കുന്ന മാധവൻപിള്ള അവർകളുടെ വിചാരശീലതയേയും രചനാസാമർത്ഥ്യത്തെയും ഞങ്ങൾ അത്യന്തം ആദരിക്കുന്നു. പുരാണേതിഹാസങ്ങളിലെ അപ്രധാനങ്ങളായി തോന്നുന്ന പാത്രങ്ങളെപ്പറ്റി മഹഷിമാരുടെ കാലടികളെ പിന്തുടർന്നുകൊണ്ട് ഈ വിധം വിചിന്തനംചെയ്യുന്നതു സർവ്വഥാ പ്രയോജനകരമാകുന്നു. ഇത്തരം ഗ്രന്ഥങ്ങൾക്കു വായനക്കാരുടെ ഹൃദയത്തെ ഉൽക്കഷ്പ്പെടുത്താൻ ഒരു സവിശേഷശക്തിയുണ്ട്. ഭാരതീയർ അനുകരിക്കേണ്ടതും അവരുടെ പുരാണ പുരുഷന്മാരെത്തന്നെയാണ്.

"തന്റെ ധൈര്യത്തിന്റെയും വീര്യത്തിന്റെയും ഒരു ചെറിയ അംശമാണ്, ഭടന്മാരുടെ ഹൃദയങ്ങളിലേയ്ക്കു അദ്ദേഹം വാഗ്രൂപേണ പകർന്നു കൊടുത്തത്" എന്നീമട്ടിൽ പുതുമയും ഗരിമയുമുള്ള വാക്യങ്ങൾ 'അംഗദ'ന്റെ പല ഭാഗത്തെയും ഭംഗി പിടിപ്പിച്ചിട്ടുണ്ട്. പ്രായേണ സുഗമങ്ങളും സുകുമാരങ്ങളുമായ ഇതിലെ വാചകങ്ങളിൽ 'രൂപീകര'ണവും (രൂപപ്പെടുത്തലാണ് നല്ലത്.) സിദ്ധി എന്നർത്ഥത്തിലുള്ള 'സാധ്യ'വും അനുകമ്പാർത്ഥകമായ 'അനുഭാവ'വും (അനുഭാവത്തിനു പ്രഭാവം പ്രുന്നാണ് പ്രസിദ്ധമായ അർത്ഥം) 'നിരുപദ്രവകര'ങ്ങളും (അനുപദ്രവകരങ്ങൾ എന്നായേശരിയാവൂ) 'ജാള്യത'യും (ജാള്യം എന്ന മതി) മറ്റും കടന്നുകൂടിയതിൽ സഹൃദയന്മാർ സങ്കടപ്പെട്ടേയ്ക്കാം. 'മാർദ്ദവഹൃദയന്മാർ' (മൃദുല ഹൃദയന്മാർ എന്നതാണ് സാധു) 'ഭാര്യാനഷ്ടൻ' (നഷ്ടഭാര്യൻ എന്നേത്രേ യുക്തം) മുതലാ

Digitized By Kerala Sahitya Akademi

യവയും തിരുത്തപ്പെടേണ്ടവയാണ്. 'ബദ്ധപ്പെടുത്തുക' എന്നതിന്റെ തത്വരിപ്പിക്കുക എന്നാണ് ഇട്ടിക്കുകാർ അർത്ഥം കരുതുക; ആ അർത്ഥം ''അംഗദനെ ഇപ്രകാരം ബദ്ധപ്പെടുത്തിയിട്ടില്ലായിരുന്നെങ്കിൽ അയാൾക്കു ജീവനാശം സംഭവിക്കുകയും ചെയ്യുമായിരുന്നു.'' (ഭാഗം 8) എന്ന വാക്യത്തിൽ യോജിക്കുന്നില്ല. 'വിശാലപ്പെടുത്തൽ' (21) വിസ്തരപ്പെടുത്തലാക്കണം. 'സീതാവൃത്താന്തമാകുന്ന സന്തോഷവർത്തമാനം' (17) ഇരട്ടിപ്പായിപ്പോയി. 32–ാം ഭാഗത്തുള്ള 'രാമകാര്യം കുന്തത്തിലാകുമായിരുന്നു' എന്നത് അസ്ഥാനഫലിതവും 39–ാം ഭാഗത്തുള്ള ".....ക്ഷതത്തെ വീണ്ടും കുത്തിപ്പൊളിച്ചു.....സ്വന്തം കൈ നാറാനും" എന്നത് ജുഗുപ്സാവഹവുമായിത്തീർന്നു.

പ്രാരംഭം, പൂർവ്വഖണ്ഡം, ഉത്തരഖണ്ഡം, ഉപസംഹാരം എന്നിങ്ങനെ നാലായി വിഭജിച്ചിട്ടാണ് ഇപ്പുസ്തകം എഴുതപ്പെട്ടിരിക്കുന്നത്. ഉപസംഹാരത്തിൽ അംഗദനെയും ഷേക്സ്പിയർ മഹാകവിയുടെ 'ഹാംലറി'നെയും തട്ടിച്ചുനോക്കി വിമർശിച്ചിട്ടുള്ളത് ഏറ്റവും രസകരമായിട്ടുണ്ട്. ഹാംലറ് തന്റെ പിതാവിനെ ചതിയാൽ കൊലപ്പെടുത്തിയ പിതൃവ്യനിൽ പ്രതികാരം ചെയ്വാനുള്ള തീവ്രേച്ഛനിമിത്തം സ്വസംബന്ധികളിൽ പലർക്കും പ്രാണനാശംകൂടി വരുത്തിക്കളഞ്ഞു; അംഗദനോ, ''ഉപകാരപ്രധാനഃ സ്യാദപകാരപരേപ്യരൌ'' എന്ന പ്രമാണത്തെ മുൻനിർത്തി പ്രവർത്തിക്കുകയാണല്ലോ ചെയ്തത്. ഇതിൽനിന്നു, പാശ്ചാത്യരുടെയും പൌരസ്ത്യരുടെയും മനോവൃത്തികളുള്ള മഹത്തരമായ അന്തരം ധാരാളം വെളിപ്പെടുന്നുണ്ട്. പാശ്ചാത്യരുടെ ഐഹികസുഖേച്ഛാപര്യാകുലമായ ജീവിതം എവിടെ? പൌരസ്ത്യരുടെ പാരത്രിക ചിന്താപവിത്രമായ ജീവിതം എവിടെ?

എല്ലാംകൊണ്ടും വിജ്ഞാനദായകവും വിനോദകരവുമായ ഒരു ശ്രേഷ്ഠ പുസ്തകമാണ് 'അംഗദൻ' എന്നു സസന്തോഷം അഭിപ്രായപ്പെടാം. ഇതിലും മികച്ച പുസ്തകങ്ങൾ നിർമ്മിപ്പാനുള്ള പ്രോത്സാഹനം 'അംഗദ'പ്രണേതാവിന്നു സഹൃദയന്മാരിൽനിന്നു ലഭിക്കുമെന്നു ഞങ്ങൾ വിശ്വസിക്കുകയും അവതാരികാകാരനായ എം. രാമവർമ്മതമ്പാനവർകളെപ്പോലെ, 'ഇപ്പുസ്തകത്തിന്നു സകല വിജയവും' ആശംസിക്കുകയും ചെയ്യുന്നു.

Digitized By Kerala Sahitya Akademi

തിരുപ്പതിമാഹാത്മ്യം

അഥവാ

വെങ്കിടാചലപുരാണം കിളിപ്പാട്ട്

ഗ്രന്ഥകത്താവ്: കല്പറ്റുൽ കുട്ടപ്പമേനോൻ

സുപ്രസിദ്ധപുണ്യസ്ഥലമായ തിരുപ്പതിക്ഷേത്രത്തിന്റെ മാഹാത്മ്യമാണ്, നാലു ഖണ്ഡങ്ങളോടുകൂടിയ ഈ കിളിപ്പാട്ടിലെ പ്രമേയം. "ഇതു 'തിരുവെങ്കിടാചലയാത്തിരൈ', 'വെങ്കിടാചലസ്ഥലപുരാണം' എന്നീ തമിഴ്ഗ്രന്ഥങ്ങളിൽനിന്നു, കൊച്ചി ഇളയ തമ്പുരാൻ തിരുമനസ്സിലെ ആജ്ഞയനുസരിച്ചു പരിഭാഷപ്പെടുത്തിയതാണെ"ന്നു ഗ്രന്ഥകത്താവിന്റെ വിജ്ഞാപനത്തിൽനിന്ന് അറിയുന്നു.

അകൃത്രിമതയും ലാളിത്യവുമാണല്ലോ കിളിവാക്കിനുള്ള പ്രധാന ഗുണങ്ങൾ. അതുരണ്ടും ഈ ഗീതകാവ്യത്തിൽ സർവ്വത്ര വിളയാടുന്നുണ്ട്. അർത്ഥഗ്രഹണത്തിനായി രണ്ടാമതു വായിക്കേണ്ടിവരുന്ന വരികൾ വെങ്കിടാചലപുരാണത്തിൽ ഇല്ലെന്നുതന്നെ പറയാം.

'ബ്രഹ്മരുദ്രാദ്യന്മാർക്കും ദുർല്ലഭമായുള്ളോരു
നിന്മഹാവിശ്വരൂപമിങ്ങിനെ കാൺമാൻ മമ
സംഗതി ഭവിച്ചതും നിൻകൃപാബലംതന്നെ
മംഗളമൂർത്തേ, മധുസൂദനേ, രമാപതേ!' (ഭാഗം 33)

എന്നിങ്ങനെ രസസ്ഫുരണമുള്ള പദ്യങ്ങളും ഈ കൃതിയിൽ അവിടവിടെ ഇല്ലായ്കയില്ല; ആകപ്പാടെ നോക്കിയാൽ, ഭക്തന്മാർ മാത്രമല്ല, സഹൃദയന്മാരും ആദരിച്ചഭിനന്ദിക്കുന്ന ഒരു വിശിഷ്ടഗ്രന്ഥമാണിതെന്നു സസന്തോഷം അഭിപ്രായപ്പെടാം.

വൈദ്യശാലിയായ വടക്കുംകൂർ രാജരാജവർമ്മരാജാ അവർകളുടെ അവതാരികകൊണ്ടു, കല്പറ്റുൽ മേനോനവർകളും, ചില്വറ കൃതികളും മാത്രമല്ല, ഒന്നിലധികം നാടകങ്ങളുംകൂടി നിർമ്മിച്ചിട്ടുള്ള ഒരു കവിയാണെന്നു കാണുന്നുണ്ട്. കുറെ അഭ്യാസം ചെന്ന ഒരാളാണ് കുട്ടപ്പമേനോനവർകളെന്ന് ഇപ്പുസ്തകം നോക്കിയാൽത്തന്നെ ഏവർക്കും ബോധം വരും.

അളികുലം ഞെട്ടും കുറുനിരമട്ടും
തളിരഴൽപ്പൊട്ടു തൊഴും തന്നതവിട്ടും
തമസ്സിനെപ്പീട്ടും തലമുടിക്കെട്ടും
തരുണരെ വാട്ടും തടമുലമൊട്ടും
* * *
വിടാക്ഷികൾക്കൊക്കെ വിരുന്നുസല്ലാരം
വിടാതനുഷ്ഠിക്കും വിലാസചേഷ്ടയും (ഭാ: 74)

Digitized By Kerala Sahitya Akademi

ഇത്യാദിവരികൾ ഒരുവിധം തൃപ്തികരമായ പദപരിചയം സിദ്ധിച്ചിട്ടില്ലാത്തവർക്ക് എഴുതാവുന്നവയല്ലല്ലോ.

എന്നാൽ പദപരിചയംപോലെ അത്ര പദശുദ്ധി ശ്രീമാൻ മേനോനു ലഭിച്ചിട്ടില്ലെന്നു പറയേണ്ടിയിരിക്കുന്നു. ബഹു എന്നതിന്റെ പര്യായമായ പുരുശബ്ദത്തെ വലിയ എന്നർത്ഥത്തിൽ 'അപ്പുരുഗിരിമുഖ്നി' (2) പ്രയോഗിച്ചിട്ടുള്ളതും, തപ്പത്തെ 'തപിതം' ('തപിതചിത്തയായി' 42) ആക്കിയിട്ടുള്ളതും, മുൽ (മുത്ത്=സന്തോഷം) എന്നതിന്നു 'മദേന' (60) എന്ന തൃതീയാന്തം കല്പിച്ചിരിക്കുന്നതും ഛരിൽ (ഛരിത്ത്=ഛേദിക്കുന്ന) എന്നതിനെ ഛരിദ.ൻ ഛരിദാ എന്നിങ്ങനെ (61–65) അജന്തമാക്കി വെച്ചിരിക്കുന്നതും മഹാതീർത്ഥമഹാഭക്ഷോദികൾക്കു പകരം പലേടത്തും 'മഹത്തീർത്ഥമഹൽഭക്ഷോദികളെ അംഗീകരിച്ചിട്ടുള്ളതും ആജ്ജിതപഞ്ചമഹാപാതകനെ പഞ്ചമഹാപാതകാജ്ജിത'നാക്കി (57) മറിച്ചിരിക്കുന്നതും ഭാസുരഗാത്രിയായ തൽഭാര്യയെ (അവന്റെ ഭാര്യയെ) എന്നു വേണ്ടേടത്തു 'തൽഭാസുരഗാത്രിയായ ഭാര്യയെ' (38) വിനിയസിച്ചിട്ടുള്ളതും മറ്റും ശുദ്ധങ്ങളായി തോന്നുന്നില്ല.

വിദ്രുതത്തെ പലേടത്തും സവിദ്രുതമാക്കിയിട്ടുണ്ട്; എന്നാൽ സകുതുഹലം (കൌതുകത്തോടുകൂടി) എന്നു വേണ്ടേടത്തു വെറും 'കുതുഹല'ത്തെത്തന്നെ ക്രിയാവിശേഷണമാക്കിയിരിക്കുന്നു. ('.....മാധവോപാന്തേ കുടിനാർ കുതുഹലം 41) ഇപ്പോൾ എന്നും യുക്തം എന്നുമുള്ള പ്രസിദ്ധാർത്ഥങ്ങൾ രണ്ടും അത്ര യോജിക്കാത്ത 'സാമ്പ്രത'ങ്ങൾ ഇപ്പുസ്തകത്തിൽ വളരെ കാണും. [വെങ്കിടേശാന്തികം പ്രാപിച്ചു സാമ്പ്രതം' (55) '..... അതിലൊരു ശാഖാമഹീധ്രനുടെ പിമ്പേ ഗമിച്ചു സാമ്പ്രതം' (70) 'സുരനദിയോടും രസാതലേ ഭൃശം നരവരൻ ചെന്നോരളവു' (71) എന്നതിലെ 'ഭൃശ' (ഏറെറവും)ത്തിന്നും ഒരു പുതിയ അർത്ഥം അന്വേഷിക്കേണ്ടിയിരിക്കുന്നു. ഈ വാക്യം അവസാനിക്കുന്നതോ, ഒരു നിരർത്ഥമായ 'തദാ' കൊണ്ടാണുതാനും.

10–ാം ഭാഗത്തുള്ള 'ഒഴുകിനാൻ', 70–ാം ഭാഗത്തുള്ള 'പ്രവഹിച്ചാൻ' എന്നീ പുരുഷക്രിയാപദങ്ങൾ, അവയുടെ കർത്തൃത്വം മുറ്റും രക്തത്തിന്നും ഗംഗയ്ക്കുമാകയാൽ, അത്ര സുബദ്ധങ്ങളല്ല. 'പൈക്കളും പുരം പുക്കാൻ' (10) എന്നതിലെ ഏകവചനക്രിയാപദം അച്ചടിത്തെറ്റിൽ വന്നതായിരിയ്ക്കാം. 'ഏഷണത്രയങ്ങളും (44) മറ്റും വർജ്യങ്ങളാണ്: മുന്നിനെ മുന്നകം എന്നു പറയുന്നതുപോലെയല്ലയോ, ത്രയത്തെ ത്രയങ്ങൾ എന്നു പറയുന്നത്? ഇതിന്നു നേരെ താഴെയുള്ള 'ദൂഷണേതര'വും ദൂഷണരഹിതമല്ല. ദൂഷണമല്ലാത്തത് എന്നാണ്, ദൂഷണമില്ലാത്തത് എന്നല്ല ദൂഷണേതരത്തിന്ന് അർത്ഥം. 'ഝടിതിയായി വന്നു' (68) മുതലായവ വിസന്ധി ദൂഷിതങ്ങളാകുന്നു. സ്വരാന്തങ്ങളായ സംസ്കൃതനിപാതങ്ങളോടു സ്വരം കൊണ്ടു തുടങ്ങുന്ന മലയാളപദങ്ങൾക്കു സന്ധി പ്രായേണ ദുർഘടമത്രേ. ഈ വകയിൽ 'മഹീതലംപ്രതിയയച്ചു' (70) എന്ന മട്ടിലാക്കാതെ 'നിർമ്മലമതേ, അനപത്യത' (13) എന്ന മട്ടിൽ സന്ധി ചെയ്യാതിരിയ്ക്കുയാണ് നല്ലത്.

''അത്തീർത്ഥമജ്ജനംകൊണ്ടഘഹീനനായ്
നിത്യനിർവാണപദമണഞ്ഞീടിനാൻ''

Digitized By Kerala Sahitya Akademi

എന്നതിൽ കർത്തൃപദം ഉപയോഗിച്ചിട്ടില്ല; മുൻവാക്യത്തിലെ കത്താവായ 'താപസശ്രേഷ്ഠനല്ലതാനും, 'നിർവാണപദമണഞ്ഞത്.' ഇതുപോലെ ഒരപകടം, ".....ജനനാഥമൌലി നടന്നു സാദരം ഭവി ജഹ്നുകണ്ണാൽ ജനിച്ചതുമുലം ഭവിച്ച ജാഹ്നവീത്യമലനാമവും" (71) എന്നതിന്നുമുണ്ട്: 'സാദരം നടന്ന ജനനാഥമൌലി'യുല്ലല്ലോ, 'ജാഹ്നവീ നാമം ഭവിച്ച'ത്.

ഔചിത്യവിഷയത്തിലും ഗ്രന്ഥകർത്താവു ശ്രദ്ധിച്ചതു മതിയായിട്ടില്ല: 39—ാം ഭാഗത്ത്, ഒരു ഗൃഹിണിയായ പദ്മാവതീദേവിക്കു കവി കൊടുത്തിട്ടുള്ള 'വത്സാ' എന്ന വിശേഷണവും 68—ാം ഭാഗത്തു സുരക്ഷിതമായ ഗംഗാസ്തുതിയിലെ 'മുകിൽമുടിമണേ' എന്ന ശൃംഗാരാനുരൂപമായ സംബുദ്ധിയും "തവ പദപദ്മരജസ്സുകൊണ്ടെന്റെ ഭവനമത്രയും പവിത്രമായിതു" (62) എന്നിങ്ങനെ ആദ്യത്തിൽ സ്തുതിക്കപ്പെട്ട വാമനഭഗവാനെ മാബലി പിന്നീടു 'എടോ വടോ' (63) എന്നു വിളിച്ചതും മറും ഉചിതകോടിയിൽ ഗണിക്കാവുന്നവയല്ല. 40—ാംഭാഗത്തു, മന്മഥൻ തപോവിഘ്നകരണത്തിന്നായി ചെന്നതു വസന്തത്തോടുകൂടിയാണെന്നു മുമ്പേ പറയാഞ്ഞതിനാൽ, "മാധവവിലാസത്താൽ ശോഭിതസ്ഥാനമതു മാധവവിലാസത്താൽ ശോഭിച്ച പുഷ്പാധികം" എന്ന അനന്തരവാക്യത്തിന്നു ശോഭ കുറഞ്ഞുപോയി. വസന്തമന്മഥന്മാരുടെ സാഹചര്യം കവിസങ്കേതസിദ്ധമാണെങ്കിലും, കാളിദാസൻ 'പുഷ്പധനു'വിനെ 'സഹചരമധുഹസ്തന്യസ്തപുതാങ്കരാസ്ത്ര'നാക്കി (കുമാരസംഭവം)ത്തന്നെ പ്രവേശിപ്പിച്ചതിന്റെ ഔചിത്യം നാം വിസ്മരിച്ചുകൂടാ.

അസുരനെയും രജനീചര (രാക്ഷസ) നെയും ഒരേ വഗ്ഗത്തിൽപെടുത്തുന്നതു (45—ാം ഭാഗവും മറും നോക്കുക) പുരാണവിരുദ്ധമായിരിക്കും. മഹാബലി രാവണനെപ്പോലെ 'അരക്കർകോൻ' (63) അല്ല; ഹിരണ്യകശിപുവിനെപ്പോലെ അസുരർകോനാണ്. 'വെങ്കിടേശാലയസ്യോത്തരദിക്കിൽ' (15) എന്നും മറുമായി സംസ്കൃതവിഭക്ത്യന്തപദങ്ങളെ ഉപയോഗിച്ചിട്ടുള്ളത്, ഇന്നത്തെ മലയാൺമസ്സു യോജിച്ചതല്ലെന്നു പറയേണ്ടതില്ലല്ലോ.

'തിരുപ്പതിമാഹാത്മ്യ'ത്തിലെ കഥകൾക്കു ചമല്ലാരകരത്വമോ സ്വാഭാവികതയോ വേണ്ടുവോളമുണ്ടെന്നു പറയാൻ തരമില്ല; എന്നാൽ ഇതിന്നു പരിഭാഷകൻ ഉത്തരവാദിയല്ലല്ലോ. അപഭ്രംശങ്ങളും അസാമഞ്ജസ്യങ്ങളും പല തരത്തിലുണ്ടെങ്കിലും, വിഷയത്തിന്റെ വിശിഷ്ടതകൊണ്ടും കവനരീതിയുടെ കമനീയതകൊണ്ടും ഇപ്പുസ്തകം കേരളസാഹിത്യത്തിൽ പ്രശസ്തിയെ പ്രാപിക്കുമെന്നാണ് ഞങ്ങളുടെ വിശ്വാസം.

Digitized By Kerala Sahitya Akademi

യോഗവാസിഷ്ഠം

വൃത്താനുവൃത്തഭാഷാന്തരം

പരിഭാഷകന്മാർ: കുട്ടമത്ത് കുന്നിയൂര് കുഞ്ഞികൃഷ്ണക്കുറുപ്പ്,.
പെരിയാടൻ കടിഞ്ഞിപ്പിള്ളി കൃഷ്ണൻനമ്പ്യാർ,
കരിപ്പത്ത് കുഞ്ഞിരാമപ്പൊതുവാൾ

എല്ലാ വേദാന്തസിദ്ധാന്തങ്ങളുടെയും ഏകനിക്ഷേപമാകുന്നു യോഗവാസിഷ്ഠം. മുപ്പത്തീരായിരം ഗ്രന്ഥങ്ങൾ (ശ്ലോകങ്ങൾ) ഉള്ള ഈ ജ്ഞാനസംഹിതയിൽ വൈരാഗ്യം,. മുമുക്ഷുവ്യവഹാരം, ഉൽപത്തി, സ്ഥിതി, ഉപശമം, നിർവാണം എന്നിങ്ങനെ ആറു പ്രകരണങ്ങൾ അടങ്ങിയിരിയ്ക്കുന്നു. ഇവയിൽ യഥാക്രമം, വൈരാഗ്യത്തിന്റെ മഹിമയും മുമുക്ഷുക്കളുടെ സ്വഭാവവും ജഗത്തിന്റെ മിഥ്യാത്വവും ജഗൽബ്രഹ്മൈക്യവും സംസാരോപശാന്തിയും വിമുക്തിയുമത്രേ വർണ്ണിയ്ക്കപ്പെട്ടിരിയ്ക്കുന്നത്. ആരിൽനിന്നു നിർഗ്ഗളിച്ച രാമചരിതാത്മകമായ ആ ദിവ്യകാവ്യം, കളിർവെണ്ണിലാവെന്നപോലെ, ലോകത്തെ ആഹ്ലാദഭരിതവും സുനിർമ്മലവുമാക്കിത്തീർക്കുന്നുവോ, ആ മഹഷ്ിചന്ദ്രൻ തന്നെയാണ്, സുമനോരസായനമായ യോഗവാസിഷ്ഠാമൃതത്തിന്റെ ഉൽപത്തിസ്ഥാനം. രാമകഥാനിഷേവണത്താൽ മനശ്ശുദ്ധി സമ്പാദിച്ചിട്ടുവേണം വാസിഷ്ഠത്തിൽ പ്രവേശിപ്പാനെന്നുള്ളതിനാൽ, അതിനെ പൂർവരാമായണമെന്നും രാമവസിഷ്ഠസംവാദരൂപമായ ഇതിനെ ഉത്തരരാമായണമെന്നും അഭിജ്ഞന്മാർ വ്യവഹരിച്ചുവരുന്നു.

സുവിസ്തൃതമായ യോഗവാസിഷ്ഠത്തിന്റെ ഒരു ചെറിയ സംക്ഷേപമാണ്, 'കവിതിലകൻ' വരവൂർ ശാമുമേനോനവർകളുടെ ജ്ഞാനവാസിഷ്ഠം' കിളിപ്പാട്ട്. അത്, അന്യഭാഷാസാഹിത്യസാമഗ്ര്യേണ സമാസ്വദിപ്പാൻ ആഗ്രഹിയ്ക്കുന്ന ഇന്നത്തെ മലയാളിയെ പൂർണ്ണമനോരഥനാക്കുന്നതിന്നു പര്യാപ്തമല്ലല്ലോ. അതിനാൽ, ഈ ശ്രേഷ്ഠഗ്രന്ഥത്തെ മുഴവനും സ്വഭാഷയിൽ അവതരിപ്പിപ്പാൻ ശ്രീമാൻ കുഞ്ഞികൃഷ്ണക്കുറുപ്പുമുതൽപേർ ചെയ്യുന്ന പരിശ്രമം പരക്കെ പ്രയോജനകരവും ശ്ലാഘനീയവുമാകുന്നു. നാലുകൊല്ലംകൊണ്ട് മുഴമിയ്ക്കുത്തകവെണ്ണം മാസികയായിട്ടാണ് ഇതു പ്രസിദ്ധീകരിച്ചുതുടങ്ങിയിരിയ്ക്കുന്നത്. ആറു ലക്കങ്ങൾ ഇവിടെ വന്നു ചേന്നിട്ടുള്ളതിൽ നാലാം ലക്കവും 6—ാം ലക്കത്തിലെ ഒരു സർഗ്ഗവും മാത്രമേ മൂലത്തോടൊപ്പം വായിച്ചുനോക്കുവാൻ ഞങ്ങൾക്കു സൌകര്യം കിട്ടിയുള്ളൂ. തർജ്ജമയ്ക്കു വലിയ തരക്കേടൊന്നുമില്ലെന്നാണ്, ഇത്രയും വായിച്ചതിൽ ഞങ്ങൾക്കു തോന്നിയത്.

"ശ്മശാനം ദൈന്യമാപത്തും
കണ്ടാർ വൈരാഗ്യമാർന്നിടാ?
സ്വതേ വൈരാഗ്യമേല്ക്കുണ,—
മതേ ശ്രേയസ്സിനായ്വരു." (ഭാഗം 151).

Digitized By Kerala Sahitya Akademi

"ഈ മോക്ഷോപായമയമാം
പ്രകാശം കിട്ടുകിൽജ്ജനം
പിന്നീടിങ്ങന്ധരാകില്ല
മരണക്ലേശമുട്ടിലും." (161)

"ധർമ്മമാം ചുമരിൽപ്പറ്റി—
ദ്ധൈര്യമാൻള്ള ബുദ്ധിയെ
ഇളക്കയില്ലാധി: ചിത്ര—
ലതയെക്കാറ്റുപോലവേ." (184)

ഇത്തരത്തിൽ സാരള്യവും മാധുര്യവും പേന്ന ശ്ലോകങ്ങളം ഇതിൽ അവിടവിടെ പരിശോഭിയ്ക്കുന്നുണ്ട്.

ശ്രുഷ്കകക്ശമായ വേദാന്തത്തെ സാഹിത്യധാരകൊണ്ട് ആർദ്രകോമളമാക്കിത്തീർത്തതിലാണ്, വാസിഷ്ഠത്തിന്റെ വൈശിഷ്ട്യം സ്ഥിതി ചെയ്യുന്നത്. വിഷയംകൊണ്ടുമാത്രം ശാസ്ത്രവും പ്രതിപാദനവൈശിഷ്ട്യം കൊണ്ടു കാവ്യവുമത്രേ യോഗവാസിഷ്ഠം. എന്നാൽ ഈ കാവ്യത്വത്തെ സംരക്ഷിയ്ക്കുന്നതിൽ പരിഭാഷകന്മാർ വേണ്ടേടത്തോളം ശ്രദ്ധ വെച്ചിട്ടില്ലെന്നു പറയേണ്ടിയിരിയ്ക്കുന്നു. അവിവേകിയുടെ വിശേഷണമായ 'വിപന്നവലതാമധുഃ' (ആപത്തുകളാകുന്ന പുതുവള്ളികൾക്കു വസന്തം) എന്നതിനെ, ആപത്തിന്നേകഹേതുവായ" (169) എന്നതിനെ, അലങ്കാരസ്പർശമേ കൂടാതെ തർജ്ജമ ചെയ്തിരിയ്ക്കുന്നതും മറ്റും നോക്കുക:

"സമമായ് സച്ഛമായ്ശ്ശാന്തി
ചിത്തം മാനസമുള്ളവൻ
ശോഭിക്കുംപോലെ ശോഭിക്കാ
സുഖിയാം നരപാലനും." (ഭാ: 165)

എന്ന പദ്യം

'ന തഥാ ശോഭതേ രാജാ
അപ്യന്തഃപുരസംസ്ഥിതഃ
സമയാ സച്ഛയാ ബുദ്ധ്യാ
യഥോപശമശീലയാ.'

എന്ന ശ്ലോകത്തിന്റെ തർജ്ജമയാണ്. ഇതിൽ, 'ബുദ്ധി'യ്ക്കു 'മാനസം' എന്ന നപുംസകത്വം നൽകിയതുകൊണ്ടും 'അന്തഃപുരസംസ്ഥിത'നെ 'സുഖി'മാത്രമാക്കി ചുരുക്കിയതുകൊണ്ടും കവിതയ്ക്കു ക്ലൈബ്യവും അലങ്കാരത്തിന്നു' അല്പതയും പറ്റിപ്പോയി. മൂലത്തിലെ സ്ത്രീലിംഗപദമായ 'ബുദ്ധി' നായികാസ്ഥാനീയയാണ്; സമയും സച്ഛയും ശാന്തയുമായ ബുദ്ധിയാകുന്ന ഏകപ്രണയിനിയോടു ചേന്നവന്നുള്ളടത്തോളം സൗഭാഗ്യം അനേകം പ്രിയതമമാരുള്ള അന്തഃപുരത്തിൽ വാഴുന്ന രാജാവിന്നുപോലും ലഭിയ്ക്കുന്നതല്ല എന്നീ ചമൽക്കാരകരമായ അർത്ഥം തർജ്ജമയിൽ നിഴലിച്ചിട്ടേ ഇല്ലല്ലോ.

"സർവാത്ഥശീതളാ ശ്രദ്ധാ
പരമാലോകദാസ്യ ധീഃ
പരം പ്രകാശമായാതി
ജ്യോൽസ്നേവ ശരദൈന്ദവീ."

Digitized By Kerala Sahitya Akademi

എന്നതിന്റെ തർജ്ജമയായ

"പരമാത്മാവിനെക്കാട്ടും
ശ്രദ്ധയാകുമിവന്റെ ധീ
പ്രകാശിക്കുന്നു നന്നായി—
ശ്ശരത്തിൽത്തുനിലാവുപോൽ." (184)

എന്ന ശ്ലോകവും ഹീനാലങ്കാരമായിരിയ്ക്കുന്നു. 'സർവാർത്ഥശീതളാ' എന്ന പദം തീരെ വിട്ടതു് ഇരിയ്ക്കട്ടെ; 'പരമാലോകദാ' എന്ന പദം, പരമമായ ആലോകത്തെ (മികച്ച വെളിച്ചത്തെ) നൽകുന്നതു് എന്നർത്ഥത്തിൽ നിലാവിന്റെയും വിശേഷണമാക്കാൻ നിവൃത്തിയില്ലാത്തവിധം, 'പരമാത്മാവിനെക്കാട്ടും' എന്നു പരിഭാഷപ്പെടുത്തി, മൂലത്തിലെ ശ്ലോകോപമയ്ക്കു മൂലനാശം വരുത്തിയതു വ്യസനകരംതന്നെ. ഈ മാതിരി തർജ്ജമയിൽ നിന്നു, മൂലത്തെപ്പറ്റി നമുക്കുണ്ടാകുന്ന മതിപ്പു് എത്ര ലഘുവായിരിയ്ക്കും!

അർത്ഥവിചാരത്തിലും പരിഭാഷകന്മാർ കുറെക്കൂടി ബുദ്ധിയിരുത്തിയാൽക്കൊള്ളാം. 'പരമാണൌ പരമാണൌ' എന്നതിന്നു് ഓരോ പരമാണുവിലും (പരമാണുതോറും) എന്നാണർത്ഥം 'അണുവെക്കാളുമണുവിൽ' (185) എന്നല്ല. 'തേന മനാഗപി യോഹ്യസേ' (അങ്ങനെ ചെയ്താൽ നീ ഒട്ടും ഒഴുക്കപ്പെടുകയില്ല അശ്രുപ്രവാഹത്തിൽ പെട്ടുപോകയില്ല) എന്ന വാക്യത്തിന്നു 'ചീത്ത വഴിക്കു തിരിക്കൊലാ' (177) എന്നർത്ഥം കല്പിപ്പാൻ വഴികാണുന്നില്ല. 'പങ്കജത്തോടു ഹംസംപോ' (147)ലല്ല, വസിഷ്ഠനോടു ബ്രഹ്മാവു സംസാരിച്ചതെന്നു തോന്നുന്നു. 'സുഹംസഃ സാരസം യഥാ' എന്നതിലെ സാരസം ഹംസജാതിയിൽപ്പെട്ട വെള്ളില്ലക്ഷിയായിരിക്കും, താമരപ്പൂവാവില്ല. 'വക്താവിന്റെ വാക്കിനെ വസ്ത്രാൽ കുങ്കുമച്ചാറുപോലവേ' (152) അല്ല, വസ്ത്രം കുങ്കുമച്ചാറിനെ (ചായത്തെ) എന്നപോലെയാണു് ഗ്രഹിക്കേണ്ടതു്. 'വക്താവിനെപ്പരീക്ഷിപ്പാൻ' (153) ചോദിക്കുന്നതിൽ മൂർഖതയൊന്നുമില്ല; നേരേ മറിച്ചു ശരിയ്ക്കു പറഞ്ഞുതരുവാൻ ത്രാണിയുള്ളവനോ എന്നു പരീക്ഷിച്ചറിയാൻ (അനിഷ്ടനീയപ്രവക്താരം') ചോദിക്കുന്നവനത്രേ അധമപ്പുത്രകൻ. "സമദർശികളായ ബന്ധം കൂടാതവർ നടക്കയാം" (160) എന്നതു "സച്ചമേവാവതിഷ്ഠന്തേ സച്ചം കുർവന്തി യാന്തി ച (നിസ്സംഗമായിവർത്തിക്കുന്നു; നിസ്സംഗമായി കർമ്മം ചെയ്യുന്നു; നിസ്സംഗമായി സഞ്ചരിക്കുന്നു) എന്ന അർത്ഥത്തിന്റെ തർജ്ജമയാണെന്നു പറഞ്ഞറിയിക്കതെന്നെ വേണം. "അനുഭൂത്യപലാപാനൈരപവിത്തൈർവ്വികല്പിതൈഃ" (അനുഭവത്തെ അപലപിക്കുന്ന അശ്രദ്ധവികല്പങ്ങളാൽ) എന്ന അർത്ഥത്തെ "അശ്രദ്ധി തട്ടിയുള്ളോരു മൂർഖദുഷ്ടാഷിതങ്ങളാൽ" (188) എന്നാണു ഭാഷപ്പെടുത്തിയിരിക്കുന്നതു്!

"പരിത്യക്തസമസ്നേഹം
മനോ മധുരവൃത്തിമൽ
സർവ്വതഃ സുഖമഭ്യേതി
ചന്ദ്രബിംബ ഇവ സ്ഥിതം."

എന്ന ശ്ലോകത്തെ ആനന്ദബോധയതീന്ദ്രൻ രണ്ടു തരത്തിൽ വ്യാഖ്യാനിച്ചിട്ടുണ്ടു്; എന്നാൽ തർജ്ജമ മൂന്നാമതൊരു തരത്തിലാണു്:

Digitized By Kerala Sahitya Akademi

"സവ്വചേഷ്ടകളും വിട്ട
ശുഭവൃത്തിയൊടും സുഖം
മനസ്സിൽ വന്നുചേരുന്ന
ചന്ദ്രനെക്കണ്ടപോലവേ!" (160)

എല്ലാ ചേഷ്ടകളും വെടിഞ്ഞു മധുരവൃത്തിയോടുകൂടിയതായ മനസ്സു, ചന്ദ്ര ബിംബത്തിൽ നിവസിച്ചാലെന്നപോലെ, നീളെ സുഖം നേടുന്ന എന്ന രസകരമായ മൂലാർത്ഥം ഈ തർജ്ജമയെ സ്പർശിച്ചിട്ടില്ല.

"ഗ്രഹം നേടാനുപായങ്ങ–
ളില്ലാതാമ്പോഴും മഹാബല!
ദേവനോ യക്ഷനോ മർത്ത്യ–
നോ നീയാകുക വൃക്ഷമോ."

എന്ന വിലക്ഷണശ്ലോകം,

"ദേവോ ഭവാഥ യക്ഷോ വാ
പുരുഷഃ പാദപോഥവാ
താവത്തവ മഹാബാഹോ
നോപായോസ്തീഹ കശ്ചന."

എന്ന മൂലത്തോട് യോജിച്ചതാകണമെങ്കിൽ കുറെ തിരുത്തേണ്ടിയിരിക്കുന്നു. നീ ദേവനോ യക്ഷനോ മനുഷ്യനോ മരമോ ആയിക്കൊൾക; എന്തായാലും, അതുവരെ (ശമാദിഗ്രഹണങ്ങളെ സമ്പാദിക്കുന്നതുവരെ) നിനക്ക് ഇതിൽ (മോക്ഷപ്രാപ്തിയിൽ) ഒരുപായവുമില്ല എന്നല്ലേ മൂല ശ്ലോകത്തിന്റെ അർത്ഥം? മോക്ഷോപായം നിർമ്മിച്ച ഗ്രന്ഥകാരനാൽ ഉണ്ടാക്കപ്പെട്ട മറ്റു ഗ്രന്ഥങ്ങളിലും, 'ബാധ്യബോധന'ത്തിൽ (തദർത്ഥം ദൃഷ്ടാന്തങ്ങളെ ഉപന്യസിക്കുന്നതിൽ) ഇതൊന്നു (മുകളിൽ പറഞ്ഞത്) തന്നെയാണ് വ്യവസ്ഥ എന്നർത്ഥത്തിലുള്ള

"മോക്ഷോപായകൃതാ ഗ്രന്ഥ–
കാരേണാന്യേപി യേ കൃതാഃ
ഗ്രന്ഥാസ്തേഷ്വിയമേവൈകാ
വ്യവസ്ഥാ ബോധ്യബോധനേ."

എന്ന ശ്ലോകത്തിന്റെ തർജ്ജമയും സുബദ്ധമല്ല:

"മോക്ഷോപായം ചമച്ചോരു
വാല്മീകി വിരചിച്ചതിൽ
ഈ ഗ്രന്ഥമൊന്നുതാൻ ശ്ലാഘ്യ–
മറിയേണ്ടതറിഞ്ഞിടാൻ." (ഭാ: 187)

തർജ്ജമകൊണ്ട് മൂലാർത്ഥത്തെ തെറ്റിദ്ധരിപ്പിക്കുന്നത് ഒരു മഹാ പാപംകൂടിയാണെന്നു ഞങ്ങൾ ഭയപ്പെടുന്നു.

ഒരു രസമയമായ ചാരുകാവ്യമാണ് വാസിഷ്ഠം എന്ന് ഇതിൽത്തന്നെ (185) പറഞ്ഞിട്ടുണ്ട്. എന്നാൽ തർജ്ജമയിൽ രസസ്ഫൂർത്തിയുള്ള ഭാഗം ചുരുങ്ങും:

Digitized By Kerala Sahitya Akademi

"സ്ത്രീകളൊത്തുള്ള രതിയി—
ലുണ്ടാം സേദകണങ്ങളെ
മുല്ലപ്പൂന്തേന്മണം ചേർന്ന
തെന്നലെന്ന നകർന്നിടും?" (279)

എന്ന ശ്ലോകം സാമാന്യം സരസമായിട്ടുണ്ടെങ്കിലും, മൂലത്തിന്റെ ചേർന്നതല്ല. ഇതിലെ സേദകണം നായകന്റേതായിട്ടാണല്ലോ തോന്നുക; നായികയുടേയായാലേ പൂർണ്ണസാരസ്യം വരൂ. അങ്ങനെതന്നെയാണ് താനും മൂലത്തിൽ.

(കദാ മേ വായവഃ കന്ദമകരന്ദസുഗന്ധയഃ
പാസ്യന്ത്യന്തഃപുരസ്ത്രീണാം സുരതശ്രമശീകരാൻ.)

"ഏവംവിധാ ഹി വൃത്തയ ആത്മതത്ത്വാവലോകനാല്ലഭ്യന്തേ നാന്യഥാ" എന്ന ഗദ്യത്തിന്റെ (ഈ ഗ്രന്ഥത്തിൽ ചിലേടത്തു ഗദ്യവുമുണ്ട്.) പരിഭാഷയായ, "ആത്മതത്ത്വം നല്ലവണ്ണമറിഞ്ഞാൽ ഇങ്ങനെയുള്ള സ്ഥിതികൾ കാണപ്പെടുന്നു, വേറെ വിധമല്ല" എന്ന വാക്യം ഇങ്ങനെയുള്ള സ്ഥിതികൾ ആത്മതത്ത്വദർശനംകൊണ്ടേ ലഭിക്കൂ; മറ്റു പ്രകാരത്തിലല്ല എന്നോ മറേറാ ഭേദപ്പെടുത്തിയാലേ മൂലത്തോടു നല്ലവണ്ണം യോജിക്കുകയും സ്ഫോടം പുറപ്പെടുകയും ചെയ്യുകയുള്ളൂ. അർത്ഥസംക്രമംതന്നെ കഷ്ടിയായ സ്ഥിതിയിലുള്ള, രസസ്ഫുരണത്തെപ്പറ്റി ചിന്തിക്കേണ്ടതില്ലല്ലോ.

തർജ്ജമ പ്രായേണ വ്യാഖ്യാനത്തെ പിന്തുടർന്നായതുകൊണ്ട്, ഗ്രന്ഥഗൌരവത്തിന്നു തുലോം ഇടിവുതട്ടിയിട്ടുണ്ട്. ഉദാഹരണത്തിന്ന് 156—157—158 ഈ ഭാഗങ്ങളിലെ ഗദ്യങ്ങൾമാത്രം എടുത്താൽ മതി. വ്യാഖ്യാനവായനയിൽ അവധാനം പോരായ്കയാൽ വന്നുകൂടിയ അപകടങ്ങളും അവിടവിടെ കാണാം: "സ്ഥിതോപി ന സ്ഥിത ഇവ ന ഹൃഷ്യതി ന കുപ്യതി' എന്നതിന്റെ തർജ്ജമ, "ഹർഷകോപമെഴുന്നേടം നില്ക്കിലും നിന്നിടാപ്പടി" (166) എന്നായതിന്നു കാരണം, 'ഹർഷകോപനിമിത്തവൽപ്രദേശേ സ്ഥിതോപി' എന്ന വ്യാഖ്യാനം 'സ്ഥിത അപി' എന്ന രണ്ടു പദങ്ങളെമാത്രം സംബന്ധിച്ചതാണെന്ന് ഓർക്കാഞ്ഞതായിരിക്കണം. "മോഹേന ബന്ധുനാശേഷു സംകടേഷു ശമേഷു ച സർവ്വം വ്യാപ്തം" (ബന്ധുനാശാദിദുഃഖസ്ഥാനങ്ങളിൽ തക്കതായി യാതൊന്നു യാതൊന്നു കർത്തവ്യമോ അതൊക്കെ മോഹത്താൽ വ്യാപ്തമായിരിക്കുന്നു; വ്യാമോഹം നിമിത്തം കണ്ടുപിടിപ്പാൻ പ്രയാസം.) എന്ന വാക്യത്തെ "ബന്ധുനാശാദിദുഃഖത്തിൽ ശമോപായങ്ങളൊക്കവേ പലമട്ടാകവേ' (168) എന്നു വിവർത്തനം ചെയ്തതു, മോഹശബ്ദത്തിന്റെ വ്യാഖ്യാനമായ 'വൈചിത്ത്യേന' എന്ന പദത്തെ വൈചിത്ര്യേണ" എന്നു വായിച്ചുപോയതുകൊണ്ടായിരിക്കുമോ? ഒരു തർജ്ജമക്കാരൻ മുഖ്യമായി അനുസരിക്കേണ്ടതു മൂലംതന്നെയാണ്; വ്യാഖ്യാനമല്ല.

തർജ്ജമ മിക്ക ദിക്കിലും വ്യാഖ്യാനമായിത്തീർന്നിട്ടും, ഏറെ സുഗമതയെ വഹിക്കുന്നില്ല. ചിലേടത്തു ടിപ്പണി ചേർത്തിട്ടുണ്ടെങ്കിലും, ടിപ്പണിയെ അർഹിക്കുന്ന ഭാഗം ഇനിയും വളരെ കാണും.

"ഉപമാനംകൊണ്ടു നന്നാ—
യുപമേയമറിഞ്ഞിടാം,

Digitized By Kerala Sahitya Akademi

എതാണ്ടൊക്കുകയാൽ ദീപം
പ്രഭയോലെന്നപോലവേ.'' (188)

''പുറത്തുമുള്ളിലും ശുദ്ധ—
ബുദ്ധിയാലന്യചേഷ്ടയെ
അറിഞ്ഞും മോക്ഷകാര്യത്തെ—
ചെയ്യുവാൻ ശാന്തനാണു പോൽ!'' (166)

''പരസ്പരവിനാശോക്തി—
കൊണ്ടു വിശ്രമമാന്നിടാ.'' (162)

മുതലായവയുടെ അർത്ഥം എളുപ്പത്തിൽ മനസ്സിലാക്കാവുന്നതല്ല.

ഇതിലുള്ള പലതരം രചനാവൈകല്യങ്ങളിൽവെച്ച് ഏറ്റവും അസഹനീയം,

മഹാമനസ്സന്നു വിജ്ഞാ—
നവിശ്രാന്തി..... (156)

വിശ്രുതബുദ്ധിയോടുമിരിപ്പു തത്തുല്യദീ—
പമാണെന്നാരീ..... (159)

ഞങ്ങൾക്കെടോ, പരമമാം പുരുഷാർത്ഥവും സാ—
ക്ഷാൽക്കാരവും.....(188)

എന്നിങ്ങനെ പദങ്ങളെ 'ഒടിച്ചുകുത്തി'യിട്ടുള്ളതാണ്. ഏതാനും അക്ഷരങ്ങൾ മേൽവരിയിലും ഏതാനും കീഴ്വരിയിലുമായി പദങ്ങളെ വിന്യസിക്കുക എന്നത് പണ്ടും ഇന്നും നടപ്പുണ്ട്. എന്നാൽ,

'ശൂലമുൽഗരമുസലാസിചാപേഷുഭിന്ദി—
പാലാദി'.....(എഴുത്തച്ഛൻ)

എന്ന തരത്തിൽപ്പെട്ടത് ഉത്തമവും,

ദിലീപൻ ഭരതൻ താനൌ—
ശീനരൻ.....' (കുഞ്ചിക്കുട്ടൻതമ്പുരാൻ)

എന്ന തരത്തിലുള്ള മധ്യമവും, ഒരു പദത്തിന്റെ ഒരക്ഷരം മാത്രം കീഴ് വരിയിലേയ്ക്കു ചാടിച്ചു നിർത്തുന്നത് അധമവുമാകുന്നു.

ദോഷങ്ങളുടെ നേരെ നെറ്റി ചുളിക്കുന്നതിനു പകരം, കവനവിഷയത്തിൽ കൈവെച്ചിട്ട് ഏറെക്കാലമായിട്ടില്ലാത്ത കുറുപ്പവർകൾ മുതൽപേരിൽനിന്ന് ഒരു മഹാഗ്രന്ഥത്തിന്റെ തർജ്ജമ ഇത്രയെങ്കിലും ഗുണവത്തായി പുറപ്പെട്ടതിൽ സന്തോഷിക്കുകയും ഇവരുടെ പ്രാരംഭത്തിനു നിർവ്വിഘ്നപരിസമാപ്തിയെ ആശംസിക്കുകയുമാണ് നാം ചെയ്യേണ്ടത്. മലയാളികളിൽ കഴിവുള്ളവരൊക്കെ, പരിഭാഷകന്മാർക്കു പ്രോത്സാഹനം ജനിയ്ക്കുമാറ്, ഈ മാസിക വരുത്തി വായിച്ചു, സുകുമാരമായ സാഹിത്യസോപാനത്തിലൂടെ അധ്യാത്മജ്ഞാനസൌധത്തെ ആരോഹണം ചെയ്യുമാറാകട്ടെ!

Digitized By Kerala Sahitya Akademi

രാജാകേശവദാസ്

അഥവാ

വലിയ ദിവാൻജി

ഗ്രന്ഥകർത്താവ്: ആർ. ഈശ്വരപിള്ള, ബി. എ.

ഇക്കഴിഞ്ഞ നൂറിരുപത്തൊന്നു കൊല്ലങ്ങൾക്കിപ്പുറം തിരുവിതാംകൂർ മന്ത്രിപദത്തെ പല പല മഹാന്മാർ അലങ്കരിച്ചുകഴിഞ്ഞിരിക്കുന്നു. എന്നാൽ ഇന്നും പ്രജകളുടെ 'വലിയ ദിവാൻജി' പുത്തുക്കുടെ ഒരു ചെട്ടിയാരുടെ കണക്കെഴുത്തുകാരനായിരുന്ന ആ കേശവൻകുട്ടിതന്നെ! കേശവപിള്ളയെ കടിലിൽനിന്നു കൊട്ടാരത്തിലെത്തിച്ചത്, അദ്ദേഹത്തിന്റെ ജന്മസിദ്ധമായ ബുദ്ധിവൈഭവവും ഓജസ്സുമത്രേ. ബാല്യത്തിൽ ശരിയായ വിദ്യാഭ്യാസം ചെയ്വാൻതന്നെ കേശവന്നു സൗകര്യം സിദ്ധിച്ചില്ല. എങ്കിലും ആ കുശാഗ്രബുദ്ധി കാലക്രമേണ ദ്വീപാന്തരഭാഷകളിൽകൂടി പരിജ്ഞാനവും നീതിനൈപുണിയും ആയോധനസാമർത്ഥ്യവും സമ്പാദിച്ചു, കല്യാണചരിതനായ കാർത്തികതിരുനാൾ പൊന്നുതമ്പുരാന്നു് എല്ലാംകൊണ്ടും അനുരൂപനായ അമാത്യനായി പരിശോഭിച്ചു.

'വലിയ ദിവാൻജി'യാൽ സുശിക്ഷിതമായ തിരുവിതാംകൂറിലെ ചെറുസൈന്യം, ഒരു ഭയങ്കരമായ പെരുമ്പടയാൽ പരിവൃതനായി ആത്തെത്തിർത്ത മൈസൂർവ്യാഘ്രത്തെപ്പോലും പെട്ടെന്നു കിടങ്ങിൽ വീഴിച്ചു മരണപര്യന്തം കാൽമുടന്തനാക്കിത്തീർത്തു; കേശവദാസന്റെ സർവ്വതോമുഖമായ നയപ്രയോഗം, 964–ലെ ഇടവപ്പാതിവർഷത്തിൽ ഊക്കേറിയ നീക്കുത്തെന്നപോലെ, ദർപ്പോദ്ധതനായ ടിപ്പുസ്സുൽത്താന്റെ വിജയാശാലതികയെ നിശ്ശ്രയാസം പുഴക്കിയൊഴുക്കി, കടലിൽ കൊണ്ടു തള്ളുകയും ചെയ്തു! അന്നു്, ഇത്രയും ത്രാണിയുള്ള ഒരു ഭരണാധികൃതൻ ഇല്ലായിരുന്നുവെങ്കിൽ, ടിപ്പുസ്സുൽത്താന്റെ അശ്വം, അയാളുടെ ശപഥമനുസരിച്ചു ശ്രീപദ്മനാഭസ്വാമിക്ഷേത്രത്തിലെ കൊടിമരത്തിൽ ബന്ധിക്കപ്പെടുകതന്നെ ചെയ്യുമായിരുന്നു. ഹാ, 'ധർമ്മരാജാ'വിന്റെ നിർമ്മലമനസ്കതയും കേശവദാസന്റെ കൃത്യകൌശലവും ഒത്തിണങ്ങി ഭാഗ്യവക്ഷേത്രത്തെ സംരക്ഷിച്ചു!!

രാജ്യക്ഷേമൈകനിരതനായ ആ മന്ത്രിപുംഗവനെ നിഗ്രഹമായി കൊലപ്പെടുത്താനും ഒരു മഹാപാപിയുണ്ടായതാണാശ്ചര്യം! ബാലരാമവർമ്മമഹാരാജാവിന്റെ സേവകനായിക്കൂടിയ ജയന്തൻശങ്കരൻനമ്പൂതിരിയുടെ വിഷം ധർമ്മരാജസചിവന്റെ ഭൌതികപിണ്ഡത്തിന്നു് അകാലനാശം വരുത്തി എങ്കിലും, ആ 'വലിയ ദിവാൻജി'യുടെ നിഷ്കളങ്കമായ യശശ്ശരീരം എന്നെന്നും ആരോഗ്യസൗഭാഗ്യങ്ങളോടെ സ്ഥിതിചെയ്തു, മലയാളത്തെ മഹത്ത്വപ്പെടുത്താതിരിയ്ക്കയില്ല. "ഇക്കാലത്തുകൂടി അനേകം പേരുടെ ആശാസ്പദവും, ചുരുക്കം ചിലർക്കുമാത്രം ലബ്ധവുമായ രാജാ എന്ന സ്ഥാനം അനപേക്ഷിതമായി ലഭിച്ച" കേശവദാസന്റെ ജീവചരിത്രം

Digitized By Kerala Sahitya Akademi

സ്വതേതന്നെ മധുരമാണു്: അഭിജ്ഞവൃദ്ധനായ ആർ. ഈശ്വരപിള്ള ബി. എ. അവർകളുടെ പരിപക്വമായ പാണ്ഡിത്യം ഇതിനെ വീണ്ടും ആസ്വാദ്യതരമാക്കിത്തീർത്തിരിക്കുന്നു.

വലിച്ചുനീട്ടാതെയും, വളച്ചുകെട്ടാതെയും, ഇടയ്ക്കിടയ്ക്കു്, "ഉച്ചസ്ഥനായ സൂര്യൻ അസ്തോൻമുഖനായിട്ടാണല്ലോ ഇരിക്കുന്നതു്" (ഭാഗം 31) എന്ന തരത്തിലുള്ള ഉപദേശരൂപങ്ങളായ സുഭാഷിതങ്ങൾകൊണ്ടു് ശ്രേഷ്ഠത വളർത്തിയും പരക്കെ സുഗമമായ രീതിയിൽ എഴുതപ്പെട്ടതായ ഈ ഗദ്യകാവ്യത്തിൽ 'നീതീകരിക്കുക' 'സാക്ഷീകരിക്കുക' മുതലായ ചില 'പത്രാധിപപ്രയോഗ'ങ്ങൾ കടന്നുകൂടിയതിൽ ഞങ്ങൾ വിഷാദിക്കുന്നു. നീതീകരിയ്ക്കുക, സാക്ഷീകരിക്കുക എന്നിവകൾ യഥാക്രമം നീതിയാക്കുക, സാക്ഷിയാക്കുക എന്നാണല്ലോ അർത്ഥം. ഒരു പ്രവൃത്തിയെ നീതിയാക്കുകയല്ല, നീതിക്കൊത്തതാക്കുന്നതാണു് സാധു. അതിനാൽ "..... തന്റെ പ്രവൃത്തിയെ നീതീകരിക്കയും ചെയ്തു" (19) എന്ന വാക്യം അത്ര സുബദ്ധമല്ല. ഇതുപോലെത്തന്നെയാണു് "..... നഷ്ടശിഷ്ടങ്ങൾ ടിപ്പുവിന്റെ നിഷ്ഠുരകൃത്യങ്ങളെ ഇന്നും സാക്ഷീകരിക്കുന്നു" (21) എന്ന വാക്യവും; നിഷ്ഠുരകൃത്യങ്ങളെ സാക്ഷിയാക്കുകയല്ല, പ്രദർശിപ്പിക്കുകയാണല്ലോ നഷ്ടശിഷ്ടങ്ങൾ ചെയ്യുന്നതു്. "കേശവപിള്ളയും എഴുന്നള്ളത്തോട്ടു പോയിരുന്നു" (12) എന്നതിൽ എഴുന്നള്ളത്തോട്ടുകൂടി എന്നില്ലായ്കയാൽ അഭംഗിയില്ലാതെ, അന്യാർത്ഥപ്രതീതിയില്ലെന്നു സമാധാനിക്കാം; ".....പട്ടാളക്കാർ ധീരതയോടു് എതിർത്തുനിന്ന' (19) തിലാകട്ടെ, ആ ദോഷം കൂടിയുണ്ടു്; എതിർക്കലിന്നു വിഷയമായതു ധീരതയാണെന്നു തോന്നിപ്പോകും. ശേഷി എന്ന മലയാളപദത്തിന്മേൽ സംസ്കൃതപ്രത്യയം ചേർത്തതായ 'ശേഷിമാൻ' (10) ഉഭയഭ്രഷ്ടനാണു്. തീക്ഷ്ണമായ ബുദ്ധി, പുഷ്ടിതമായ ലത എന്നും മറ്റുമായി സ്ത്രീലിംഗവിശേഷ്യത്തിന്നു നപുംസകവിശേഷണം കൊടുക്കുന്നതു മലയാളികൾക്കു സമ്മതമാണെങ്കിലും, 'ഹർവിയായ ഭാരം' (7) ഭാരതഖണ്ഡം.....അനന്യശാസനയാക്കി' (13) എന്നും മറ്റുമായി നപുംസകവിശേഷ്യത്തിന്നു സ്ത്രീലിംഗവിശേഷണം ഉപയോഗിക്കുന്നതു് അത്ര രസിക്കുകയില്ല. 'സൈന്യം' എന്ന ഏകവചനത്തിന്നു 'ഭയാക്രാന്തന്മാരായി' (19) എന്ന ബഹുവചനവിശേഷണവും അയുക്തംതന്നെയാണു്. "എന്നതന്നെയുമല്ല, സാരമായ കാര്യങ്ങളിൽ സമ്പ്രതിയും സർവാധിയും ഇദ്ദേഹത്തോടാലോചിച്ചും പ്രവൃത്തിച്ചുവന്നു" എന്നതു്, അനുസരിച്ചുമാണു് പ്രവർത്തിച്ചുവന്നതു് എന്ന സ്വല്പം ഭേദപ്പെടുത്തിയേ ആശയവ്യക്തി വേണ്ടതിൻവണ്ണം ഉണ്ടാകയുള്ളൂ. ഇത്തരത്തിൽ വ്യക്തി മതിയാകാതെയും സ്ഫോടം പൂർപ്പെടാതെയുമുള്ള വാചകങ്ങൾ പേരെയും ചിലേടത്തു കണ്ടേയ്ക്കാം. ഈവക ദോഷങ്ങളെയും അച്ചടിത്തെറ്റുകളെയും അടുത്ത പതിപ്പിൽ പരിഹരിച്ചാൽക്കൊള്ളാം.

എല്ലാവരും വായിയ്ക്കേണ്ടതും വായിക്കുന്നതുമായ ഈ വിശിഷ്ടഗ്രന്ഥത്തെ തിരുവട്ടാർ 'കേശവവിലാസം ഗ്രന്ഥാവലി' വകയായി പ്രസിദ്ധീകരിച്ച ശ്രീമാൻ വി. താണുപിള്ള മലയാളികളുടെ മനഃപൂർവ്വമായ കൃതജ്ഞതയ്ക്കു തീർച്ചയായും അർഹനാണു്. ഗഭീരാശയനായ ഗ്രന്ഥകർത്താവിന്റെയും പ്രസാധകന്റെയും ശ്രമത്തെ ഞങ്ങൾ നിർവ്യാജം അഭിനന്ദിച്ചുകൊള്ളുന്നു.

Digitized By Kerala Sahitya Akademi

ഭാഷാവിലാസം

(മൂന്നാംപുസ്തകം)

പ്രസാധകൻ: പി. വി. കൃഷ്ണവാരിയർ.

അച്ചടിക്കടലാസ്സിന്റെ അത്ര അസഹ്യമായ വിലകയറ്റംപോലും 'കവനകൌമുദി' വക 'വിശേഷാൽപ്രതി'യുടെ പ്രാദുർഭാവത്തിന്ന പ്രതിബന്ധകമായിത്തീന്നില്ല എന്ന ഏക സംഗതിതന്നെ തൽപ്രവർത്തകന്മാരുടെ സ്ഥിരപരിശ്രമത്തിന്നും ഭാഷാപ്രണയത്തിന്നും പരമോദാഹരണമാകുന്നു; നമുക്കിപ്പോൾ കിട്ടിയിട്ടുള്ള ഭാഷാവിലാസത്തിന്റെ മൂന്നാംസഞ്ചികയോ, അവളുടെ ജ്യേഷ്ഠസഹോദരിമാരെപ്പോലെത്തന്നെ സൗഭാഗ്യവതിയായുമിരിക്കുന്നു. കവനകൌമുദിയുടെ ഈ പുതിയ പ്രസ്ഥാനത്തിലുള്ള ഭാഷാവിലാസാവിഷ്കരണത്തിന്ന നാം നിർവ്വിഘ്നതയെ ആശംസിക്കുക.

ഇതിൽ പദ്യഗദ്യരൂപേണ പതിനൊന്ന വിഷയങ്ങൾ അടങ്ങിയിട്ടുണ്ട്. ശ്രീമാൻ നാലപ്പാട്ട് നാരായണമേനോന്റെ 'ഇന്നത്തെ അമ്മ' എന്ന ഗാഥ ഇതിൽ അതിന്ന നൽകിയിട്ടുള്ള പ്രാഥമ്യത്തെ സർവ്വഥാ അർഹിക്കുന്ന ഒരു കവിത തന്നെയാണ്.

"ഇമ്മണ്ണുകോമളച്ചുണ്ടാൽ നുകർന്നുള്ളോ—
രമ്മിഞ്ഞപ്പാലു ദുഷിപ്പിയ്ക്കാതേ,
എന്മകനെത്തീട്ടമെത്തേണ്ട ദിക്കിലീ—
യമ്മയെ മുറ്റുമൊരമ്മയാക്കാൻ!"

എന്നിങ്ങനെ, സ്വരാജ്യാഭിമാനത്തിന്റെ അടിത്തട്ടിൽനിന്ന പുറപ്പെടുന്ന ആശീർവാദങ്ങളെ സന്താനങ്ങളിൽ സമർപ്പിക്കുന്ന മാതാക്കന്മാർ വീണ്ടും നമ്മുടെ നാട്ടിൽ ധാരാളം ഉണ്ടായിവരട്ടെ! രണ്ടാമത്തേതായ 'ജ്ഞാനാധാരം' ജ്ഞാനാധാരംതന്നെയാണ്. ദുരവഗാഹങ്ങളായ ശാസ്ത്രീയപ്രമേയങ്ങളെ സുഗ്രഹങ്ങളാക്കിയും എന്നാൽ പ്രൌഢി വിടാതെയും ഉപന്യസിപ്പാൻ എം രാജരാജവർമ്മതമ്പുരാൻ എം. എ. ബി. എൽ. അവർകൾക്ക് നല്ല നൈപുണ്യമുണ്ട്. അദ്ദേഹം പദ്യരചനയ്ക്കായി ചെലവിടുന്ന സമയം കൂടി ഗദ്യകൃതികൾക്കായി വിനിയോഗിച്ചാൽ എത്ര നന്നായിരുന്നു! നാലാമത്തേതായ 'നീചവർഗ്ഗോദ്ധാരണം' എന്ന വിശിഷ്ടലേഖനം സമുദായസംസ്കരണസംരംഭത്താൽ മതിമറന്ന കൂട്ടർ ഒന്നു വായിക്കുന്നത് ഉപകാരമായിരിക്കും. വല്ല ഇംഗ്ലീഷുബുക്കോ സംസ്കൃതപുസ്തകമോ മലർത്തിവെച്ച് ഉപന്യാസം തയ്യാറാക്കി, ഉപായത്തിൽ പേരു സമ്പാദിപ്പാൻ ഒരുങ്ങിയ ആളല്ല കെ. വെങ്കിടേശ്വരശർമ്മാവവർകൾ. സ്വന്തം ആലോചനയുടെ ഫലമായി പലതും അദ്ദേഹത്തിന്റെ ലേഖനങ്ങളിൽ കാണാറുണ്ട്.

അഞ്ചാമത് ഒരു 'കേളികേട്ട കല്യാണ'മാണ്. ഇത്ര അബദ്ധങ്ങളും അസാംഗത്യങ്ങളുമുള്ള ഒരു കഥ മിസ്റ്റർ തേലപ്പുറത്ത് നാരായണനമ്പി

Digitized By Kerala Sahitya Akademi

എഴുതിയതിൽ, ആ ലേഖകന്റെ സാഹിത്യപരിശ്രമം കണ്ടിട്ടുള്ളവരിൽ മിക്കപേക്ഷം അത്ഭുതപ്പെടാൻ വകയില്ല; എന്നാൽ ഒരു മികച്ച സഹൃദയനും സൽകവിയുമായ പി. വി. കൃഷ്ണവാരിയരവർകൾ ഈ ഭാഷാവിലാസത്തിൽ ഇതിന്നു സ്ഥലം കൊടുത്തത് ആശ്ചര്യകരംതന്നെ. ഈ കഥയിലെ നാനാവിധങ്ങളായ വൈകല്യങ്ങൾ ഇവിടെ എടുത്തു കാണിയ്ക്കുണമെന്നു ഞങ്ങൾ വിചാരിക്കുന്നില്ല: ഉൽക്കൃഷ്ടലക്ഷണമില്ലാത്തേടത്ത് ഉൽബോധനം കണുക്ഷോഭൈകഫലമാണല്ലോ.

'പ്രകൃതിയും കലാവിദ്യയും' എന്ന ഉപന്യാസത്തിൽ ഇന്നത്തെ കവിതാകാമുകന്മാർക്കു പഠിയ്ക്കേണ്ടതായ പല സംഗതികളുമുണ്ട്.

"ഹരിതാഭനവൻ സിതാഭമാകും
മഹിതാശ്വത്തിൽ മനോഹരം വിളങ്ങീ
രജതാചലശൃംഗമേറിനില്പ്പും
നവതാപിഞ്ഛരപലാശിയെന്നപോലെ."

എന്നീ 'കേശവീയ'ശ്ലോകത്തെ ഉദാഹരിച്ചു "പച്ചനിറത്തിലുള്ള ഉടുപ്പും മറും ധരിച്ച് ഒരു വെളുത്ത കുതിരപ്പുറത്തു കയറിപ്പോകുന്ന പ്രസേനനെ വെള്ളിമലയിൽ കയറിനില്പുന്ന ഒരു മയിലിനോടു തുല്യപ്പെടുത്തിയതു കൊണ്ടുണ്ടാകുന്ന അർത്ഥപ്രതീതിയും പ്രസേനച്ഛായയും സാദൃശ്യധർമ്മത്തോടുകൂടിയ പ്രകൃതിസ്വഭാവത്തെക്കൊണ്ട് നമുക്കു ബോധപ്പെടുത്തിത്തന്നിരിക്കുന്നു" എന്നിങ്ങനെ (ഭാ: 95) എഴുതിയിട്ടുള്ളതുതന്നെ, മിസ്റ്റർ പി. ജി. നാരായണപ്പണിക്കർ ഒരു സഹൃദയനാണെന്നു കാണിക്കുന്നുണ്ട്. പച്ചിലമരത്തിന്റെ പര്യായമായ 'താപിഞ്ഛരപലാശി'യ്ക്കു മയിൽ എന്നു അർത്ഥമുണ്ടോ എന്ന കാര്യം ഇരിക്കട്ടെ; മരത്തെയല്ല, (മരമുണ്ടോ മലകയറാൻ ശക്തമാകുന്നു?) മയിലിനെയാണ് (മയിൽ സ്കന്ദവാഹനവുമാണല്ലോ) കൈലാസത്തിൻമുകളിൽ കേറിനിൽക്കുവാൻ എളുപ്പമെന്നു ഈ വിമർശകൻ കണ്ടുവല്ലോ.

സഹൃദയന്മാരുടെ സമ്മിനന്ദനത്തെ വേണ്ടുവോളം സമ്പാദിക്കുന്ന ഈ പുസ്തകത്തിന്റെ ആദ്യഭാഗം ഇംഗ്ലീഷ് കവിതോദ്യാനത്തിലെ പൂങ്കുയിൽപ്പിടയായ ശ്രീമതി സരോജിനിനായിഡുവിന്റെ ചാരുതരമായ ഛായാപടത്താലും, അവസാനഭാഗം പി. വി. കൃഷ്ണവാരിയരവർകൾ ആ രാജ്യക്ഷേത്രയെ സരോജിനി(താമരപ്പൊയ്ക) തന്നെയാക്കി വർണ്ണിച്ചിരിക്കുന്ന ശോഭനമായ ശ്ലോകപഞ്ചകത്താലും അലംകൃതമായിരിക്കുന്നു.

Digitized By Kerala Sahitya Akademi

ഭാഷാവിലാസം

(നാലാം പുസ്തകം)

പ്രസാധകൻ: പി. വി. കൃഷ്ണവാരിയർ

'കവനകൌമുദി'യുടെ കല്യാണൈകകന്ദമായ പി. വി. കൃഷ്ണവാരിയ രവർകളുടെ മാതൃഭാഷാസ്നേഹത്തിന്റെയും മഹാപരിശ്രമത്തിന്റെയും പരമാസ്വാദ്യമായ ഫലം ഇതാ, നാലാമതും നമുക്കു കൈവന്നിരിക്കുന്നു. ആറു പദ്യകൃതികളാലും ആറു ഗദ്യപ്രബന്ധങ്ങളാലും അലംകൃതമായിട്ടുള്ള താണ് 'കൌമുദി'യുടെ ഈ വിശേഷാൽപ്രതി. പദ്യകൃതികളിൽ പട്ടാഭി ഷേകത്തെ അർഹിക്കുന്നതു പി. ജി. രാമയ്യർ ബി. എ. ബി. എൽ അവർ കളുടെ 'രണ്ടു കട്ടികൾ' എന്ന കവിതയാകുന്നു. രാമയ്യരവർകളുടെ രാമണീ യകം പുണ്ടു ഈ ശ്ലോകങ്ങൾ നാല്പതും കളങ്കമറ്റ കരുണരസത്തെ നാലു പാടും ഒരുപോലെ പ്രവഹിപ്പിക്കുന്നു.

ഹൃദയദ്രവീകരണചണത്വം 'രണ്ടു കട്ടികൾ'ക്കു് ഏറുമെങ്കിൽ, ചമൽ കാരകാരിത്വം 'എന്റെ സ്വപ്ന'ത്തിനു കൂടുതലായുണ്ടു്. 120 പുഷ്പിതാഗ്രാ പദ്യങ്ങൾ അടങ്ങിയ ഈ ഖണ്ഡകാവ്യം യഥാർത്ഥകവിതിലകനായ ഉള്ളൂർ എസ്. പരമേശ്വരയ്യർ എം. എ. ബി. എൽ; എം. ആർ. എ. എസ്സ്. അവർകളുടെ തെളിഞ്ഞ പ്രതിഭയിൽ വിളഞ്ഞതാകുന്നു. നല്ല നല്ല പദങ്ങ ളുടെ സൌരഭ്യംകൊണ്ടും നവനവാശയങ്ങളുടെ സൌരഭ്യംകൊണ്ടും സർവ്വോ പരി സരസമായ ഫലിതധോരണികൊണ്ടും ഈ കൃതി ഏതൊരു സഹൃദ യനെ അടിയ്ക്കടി തലകുലുക്കിക്കുകയില്ല? പട്ടിണിനിമിത്തം മുലപ്പാൽ കൂടി വററിപ്പോയ പരമദരിദ്രയായ മാതാവ് ക്ഷുൽപീഡിതനായി പ്രാണസഞ്ചാരംകൊള്ളുന്ന കൊച്ചുമകനെ നോക്കി ദയനീയമാംവണ്ണം വിലപിക്കുന്നതിൽപ്പോലും,

"..... നിൻ—
കൃശതനുവല്ലി വിശപ്പുകൊണ്ടു വാടി
.....
കശപിശയായ്ക്കഷണിച്ചു....."
"ജനി മൃതി തൊട്ട ചടങ്ങു ജന്തുധർമ്മം"
".....
.....മോഹരത്നസൌധം
ഇടിപൊടിതവിടായ്ത്തകർന്നു...."
"ശരി ശരി കഥതീർന്നു....."
".....അത്തണൽ താനുമാറുതന്നെ"

ഇത്യാദിയായി, അയ്യരവർകളുടെ നിസർഗ്ഗഫലിതചാതുരി നിഷ്പ്രതി ബന്ധം പ്രസരിക്കുന്നുണ്ടു്. ആ സാധുസ്ത്രീ പരേതനായ പുത്രനെ യാത്ര യയയ്ക്കുന്നതായ,

Digitized By Kerala Sahitya Akademi

"മറയുക മകനേ, മനീഷികൾക്കീ—
ക്കറയെഴുമുഴി കടന്തുറുങ്കുതന്നെ;
ചിറക വിധി തരുന്നു; പോക സൂര്യൻ
നിറകതിർ വീശിന നീലപുഷ്പരത്തിൽ".

എന്നീ പദ്യരത്നമാകട്ടേ, 'എന്റെ സ്വപ്ന'ത്തിലെങ്ങും ഒരു 'നിറകതിർ' വീശിക്കൊണ്ടു സവിശേഷം പരിശോഭിക്കുന്നു.

ഗദ്യപ്രബന്ധങ്ങളിൽ ഗ്രാഹ്യതയേറിയത്, വരവൂർ കൃഷ്ണങ്ങാട്ടു നാരായണൻഭട്ടതിരിപ്പാടവർകളുടെ 'വേദസംഹിതയെപ്പറ്റി ചില ചിന്തകൾ'ക്കാണ്. ഇദ്ദേഹത്തിന്നു വൈദികവിഷയത്തിലുള്ള വൈദുഷ്യം കുറച്ചൊന്നുമല്ല. യാഗത്തിന്നു വേണ്ടുന്ന കാര്യങ്ങളേ വേദസംഹിതയിലുള്ളൂ എന്ന ധാരണ ശരിയല്ലെന്നും "ആരംഭം മുതൽ അവസാനംവരെ അധ്യാത്മചിന്ത ഋഗ്വേദസംഹിതയിലുണ്ട്"ന്നും ഇദ്ദേഹം സയുക്തികവും സോദാഹരണവുമായി സമർത്ഥിച്ചിരിക്കുന്നു. എം. രാജരാജവർമ്മതമ്പുരാൻ എം. എ. ബി. എൽ. അവർകളുടെ 'പദാർത്ഥവിചാരം' കുറേക്കൂടി വിചാരം ചെയ്ത് എഴുതിയിരുന്നുവെങ്കിൽ, ഇത്ര ദുർഗ്രഹമായിത്തീരുമായിരുന്നില്ല. ശാസ്ത്രീയപ്രമേയങ്ങളെ ലളിതമായും സരസമായും എഴുതുവാൻ ത്രാണിയുള്ള ഒരാളാണ് തമ്പുരാൻ എന്ന വാസ്തവം വായനക്കാരിൽ പലർക്കും അനുഭവസിദ്ധമായിരിക്കും.

വിദ്വാൻ സി. ശങ്കുണ്ണിനായരവർകളുടെ 'ഭാഷാഗദ്യസാഹിത്യ'ത്തിൽ ഗദ്യപദ്യങ്ങൾക്കു രസാങ്കുരണവിഷയത്തിലുള്ള വ്യത്യസ്തതയെയും മലയാളഗദ്യത്തിന്റെ ഒരു ചരിത്രത്തെയും ഭംഗിയിൽ വിവരിച്ചിട്ടുള്ളതിന്നു പുറമെ, ഭാഷാഭിവൃദ്ധിക്കു വേണ്ടുന്ന ഏതാനും സാമഗ്രികളെ ചൂണ്ടിക്കാണിക്കുകയും ചെയ്തിട്ടുണ്ട്. അമ്പലപ്പുഴ വെങ്കിടേശ്വരശർമ്മാവവർകളുടെ 'ഭാഷാഗ്രന്ഥി'യിൽ പുതിയ സംഗതികൾ ചുരുങ്ങുമെങ്കിലും, പ്രതിപാദനരീതിയുടെ വൈശിഷ്ട്യംകൊണ്ട് സുദീർഘമായ ഈ ഉപന്യാസം പുതിയതെന്നപോലെതന്നെ ആദരിക്കപ്പെടും. അവഗാഢമായി ആലോചിച്ച് അഴകും മിടുക്കും വരുത്തി ഉപന്യാസമെഴുതുന്നതിൽ ശർമ്മാവവർകൾക്കുള്ള ശക്തി ഒന്നു വേറെത്തന്നെയാണ്. വി. ഉണ്ണികൃഷ്ണൻനായരവർകൾ എഴുതിയ 'മാതാവിന്റെ പ്രാർത്ഥന' വായിക്കുന്തോറും മാനസോൽകർഷത്തേയും ധർമ്മബോധത്തെയും വർദ്ധിപ്പിക്കും. ഇതിൽ തിങ്ങിത്തിളങ്ങുന്ന സാഹിത്യഭംഗിയോ, അസാമാന്യമെന്നേ പറയേണ്ടൂ. ഇതും രാമയ്യരവർകളുടെ 'രണ്ടു കുട്ടിക'ളും അന്യഭാഷയിൽനിന്നെടുക്കപ്പെട്ടവയാണെന്നു തോന്നുന്നു.

ഒടുവിൽ ചേർത്തിരിക്കുന്ന 'ശ്രീകൃഷ്ണ'നെ പാനയായി ചൊല്ലിക്കൊള്ളണമെന്നു തൽകർത്താവായ തേലപ്പുറത്തു നാരായണനമ്പി അവർകൾ നമ്മോടു ആവശ്യപ്പെടുന്നു.

എന്നാൽ.

"ഇറവീടും പാട്ടല്ലോ ജയിപ്പു നിത്യം"
"ഗോരസം കട്ട വോനിപ്പാരിടങ്കൽ"
"ബാധവിട്ടതിൻ നിഴലിലാണല്ലോ"
"ദേവകി മതിസുഖസമ്പന്നേകി"

Digitized By Kerala Sahitya Akademi

എന്നും മറ്റുമുള്ള വരികൾ പാനയുടെ ശീലിൽ ചൊല്ലുവാൻ സാധാരണന്മാർ ശക്തരാകുമെന്നു തോന്നുന്നില്ല. അഥവാ, ഇത് ഒരു യഥാർത്ഥകവിതയായിരിക്കാം. യഥാർത്ഥകവിതയുണ്ടോ വൃത്തനിയമത്തിനും മറ്റും കീഴ്പ്പെടുന്നു!!

ഭ്രരിരോഗം നോക്കിയാൽ, ഭാഷാവിലാസത്തിന്റെ ഈ നാലാം ലക്കവും, ഇതിന്റെ പൂർവ്വജരെന്നപോലെ സഹൃദയന്മാരുടെ സവാത്സല്യമായ പരിലാളനത്തെ തികച്ചും അർഹിക്കുന്നുണ്ട്. സുപ്രസവയായ കവനകൗമുദിയുടെ ഈ ഓമനക്കുഞ്ഞിനു ദൃഷ്ടിദോഷം (കരിങ്കണ്ണ്) പറ്റാതിരിപ്പാനായിരിക്കാം, പ്രസാധകൻ ഇതിനെ 'ശ്രീകൃഷ്ണൻപാന'യാകുന്ന വികൃതരൂപംകൊണ്ട് അങ്കിതമാക്കിയത്! കൃതമതിയായ കൃഷ്ണവാരിയരവർകളുടെ മൻകരുതലിന് ഇതും ഒരുദാഹരണമായി ഗണിക്കാം.

Digitized By Kerala Sahitya Akademi

കൃഷ്ണകാന്തന്റെ മരണപത്രം

സാഹിത്യസഖി ടി. സി. കല്യാണി അമ്മ, എം. ആർ. എ. എസ്. പരിഭാഷപ്പെടുത്തിയത്

തോമസ് കാർലൈൽ(Thomas Carlyle) ഇങ്ങനെ പറയുന്നു: "തരി ശായി കിടക്കുന്ന സ്വന്തം നിലത്ത് പുറംരാജ്യത്തുള്ള ആലോചനയെ പറിച്ചു നടുന്നതിനേക്കാൾ മറെറന്തു പ്രവൃത്തിയാണ് ഉൽകൃഷ്ടതരമായി ട്ടുള്ളത്? ഒന്നുമാത്രം: അതിലും ഉൽകൃഷ്ടതരമായിട്ടുള്ളതാണ്, നിങ്ങളുടെ സ്വന്തം ആലോചനയെത്തന്നെ നട്ടുപിടിപ്പിക്കുന്നത്. എന്നാൽ എത്രയോ കുറച്ചുപേർക്കു മാത്രമേ അതിന്നു ത്രാണിയുള്ളൂ," അന്യസാഹിത്യങ്ങളിൽ നിന്നു മലയാണ്മയിലേയ്ക്ക് ഇറക്കുമതി ചെയ്യുന്ന ഗ്രന്ഥങ്ങൾ ഏറിപ്പോ വുന്നു എന്നു വിധിക്കുന്ന നിരൂപകന്മാർ ഇതൊന്നു വായിച്ചുനോക്കേണ മെന്ന് ഒന്നാമതായി ഞങ്ങൾ ശിപാശ്ശി ചെയ്യുന്നു. സംസ്കൃതം, ലാററിൻ എന്നിങ്ങനെ മൃതങ്ങളും അൽപ്രാണങ്ങളുമായ ഭാഷകൾ മറു സാഹിത്യ ങ്ങളെ അനാദരിച്ചതുകൊണ്ടുള്ള ഫലമത്രേ ഇന്നനുഭവിക്കുന്നത്. നേരെ മറിച്ച്, ഇംഗ്ലീഷ്, ഫ്രഞ്ച്, ജർമ്മൻ എന്നീ ഉയർന്നവരുന്ന ഭാഷകളുടെ ആന്തരശക്തി ഭാഷാന്തരകൃതികളുടെ വർദ്ധനയിലും വലുപ്പത്തിലും ഊന്നി നില്ക്കുന്നു. ഉപജീവനത്തിന്നു മാർഗ്ഗമില്ലെങ്കിലും, പ്രവൃത്തിയെടുക്കുന്നത് അവമാനമാണെന്നു ശാഠ്യംപിടിക്കുന്ന ആഭിജാത്യക്കാർ ഇത്രയുമധികമുള്ള മലയാളത്തിൽ വിശേഷിച്ചും ഈയൊരു വാസ്തവം ഭാഷാപ്രണയികൾ എപ്പോഴും അനുസ്മരിക്കേണ്ടതാണ്. അതിനാൽ സാഹിത്യസഖി ടി. സി. കല്യാണിയമ്മ എം. ആർ. എ. എസ്. അവർകളുടെ സാഹിത്യ പരിശ്രമം അന്യഭാഷാഗ്രന്ഥങ്ങളെ പരിഭാഷപ്പെടുത്തുന്ന വിഷയത്തിൽ സർവദാ മുൻനിന്നു കാണുന്നത് നിശ്ചയമായും അഭിനന്ദനീയംതന്നെ.

ബംഗാളിലെ സുപ്രസിദ്ധഗ്രന്ഥകാരനായ ബങ്കിമചന്ദ്രചാറർജി യുടെ മറൊരു കൃതിയാണ് കൃഷ്ണകാന്തന്റെ മരണപത്രം. "അദ്ദേഹ ത്തിന്റെ കൃതികളിൽ എല്ലാവിധത്തിലും പ്രഥമഗണനീയമായിട്ടുള്ളത് കൃഷ്ണകാന്തന്റെ മരണപത്രമാണെ"ന്ന് അഭിപ്രായപ്പെടുന്ന പ്രസാധക നോടു ഞങ്ങൾ യോജിക്കുന്നില്ലെങ്കിലും, ഈ ആസ്വാദ്യതരമായ ആഖ്യാ യിക ഏതൊരു ഭാഷാസാഹിത്യത്തേയും ആദരണീയമാക്കിത്തീർക്കുവാൻ മാത്രം മഹത്ത്വമുള്ള ഒന്നാണെന്ന് ആരുംതന്നെ സമ്മതിച്ചേ കഴിയൂ. ഇതിലെ കഥാനായികയായ ഭ്രമര ലോകസ്വഭാവത്തെ പര്യവേക്ഷണം ചെയ്യുന്നതിൽ ഗ്രന്ഥകാരനുള്ള അതിപാടവം സവിശേഷമായി തെളിയി ക്കുന്നു. ഭർത്താവിന്റെ "പെകിട്ടത്തൊന്നടിച്ച" ഭ്രമരതന്നെയാണ് അപ രാധിയായ അദ്ദേഹത്തോട് ഒടുവിൽ "ഇനിയത്തെ ജന്മത്തിൽ ഞാൻ ഭാഗ്യ മുള്ളവളായിത്തീരുവാൻ എന്റെ സമസ്താപരാധങ്ങളും ക്ഷമിച്ച് എന്നെ അനുഗ്രഹിക്കൂ" എന്നപേക്ഷിച്ചത്. പരിശുദ്ധമായ സ്ത്രീഹൃദയത്തിന്റെ നിഗൂഢങ്ങളായ ഗതിഭേദങ്ങളെ നല്ലവണ്ണം കണ്ടറിഞ്ഞിട്ടുള്ള ഒരു മഹാ കവിയല്ലാതെ ഇങ്ങനെ ഒരു കഥാപാത്രത്തെ സൃഷ്ടിക്കുവാൻ ശക്തനാ

Digitized By Kerala Sahitya Akademi

കമോ? ഗോവിന്ദലാലനും വായനക്കാരുടെ ഹൃദയത്തിൽനിന്നു മാഞ്ഞു പോകുന്ന ഒരു കവിസൃഷ്ടിയല്ല. ലോകത്തിൽവെച്ചു നികൃഷ്ടവും ഭയങ്കരവുമായ ഭാഗത്തു് അദ്ദേഹം ഏതാണ്ടു തികച്ചും തലവെച്ചു പൂഴ്ത്തിയെങ്കിലും, ആ സൌശീല്യശാലിയായ പുരുഷനെ സ്നേഹിക്കാതിരിക്കാൻ ഭ്രമരസ്സിനല്ല ആക്കും സാധിക്കുകയില്ല. പ്രഭുത്വത്തിന്നുള്ള ഗുണങ്ങളും ദോഷങ്ങളും ഒരുപോലെ നാം കൃഷ്ണകാന്തനിൽ പ്രത്യക്ഷനായി കാണുന്നു. കഞ്ചാവും വലിച്ചു ലഹരികൊണ്ടു കിടക്കുന്ന ആ ബാബുവിനെ രോഹിണിക്കുംകൂടി പേടിയാണു്. അദ്ദേഹത്തിന്റെ മരണപത്രം മാറൽ ദുർഗ്രഹമായ മനുഷ്യസ്നേഹത്തിന്റെ ഗതിവിശേഷത്തെ ഭംഗിയിൽ വിവരിച്ചു കാണിക്കുന്നു. എന്നാൽ രോഹിണി—പാവം! ഈശ്വരൻ സ്ത്രീചാപലത്തെ ഒരിക്കലും ക്ഷമിക്കുകയില്ലെന്നുണ്ടോ?—ഭർത്താവിന്റെ കൈകൊണ്ടു മരിക്കുന്നതു സ്ത്രീകൾക്കു ഭാഗ്യമാണെങ്കിൽ, ആ പുനർവിവാഹം ചെയ്തുപോയ ഹിന്ദുവിധവ ഭാഗ്യവതി തന്നെ. "ആയതാക്ഷികളോടുകൂടിയ ഈ മാൻ പ്രസാദപുരത്തിൽ കിടന്നലയുന്ന സ്ഥിതിക്കു എന്റെ കൺമുനത്തല്ലുകൊണ്ടു മുറിയേല്പിച്ചു് അതിനെ വിട്ടുകളയുവാൻ പാടില്ലേ?" എന്നു മനോരാജ്യം വിചാരിച്ചതിന്നു് ആ ചെറുപ്പക്കാരിക്കു കിട്ടിയ ശിക്ഷ എത്ര ഭയങ്കരം! "എന്നെ കൊല്ലരുതേ! എന്നെ വെടിവെയ്ക്കരുതേ! എനിക്കു ചെറുപ്പമാണു്. എന്നെ കൊല്ലരുതേ!" എന്നു ദയനീയമായി കരഞ്ഞപേക്ഷിക്കുന്ന ഒരു നിരാധാരയായ സ്ത്രീയെ—താനനുഭവിച്ച പ്രപഞ്ചസുഖത്തിൽ ഒരു വലിയ ഭാഗത്തിന്നു് അവകാശപ്പെട്ട സ്വന്തം പ്രേമഭാജനത്തെ—കൈത്തോക്കിന്നിരയാക്കിയ ഗോവിന്ദലാലനാവട്ടെ, "കുബേരനുപോലും ലഭിയ്ക്കാത്തതായ ഒരു സമ്പത്തു് എനിക്കു സ്വാധീനമായിരിക്കുന്നു. ഭ്രമരയെക്കാളും ഹൃദയംഗമവും പാവനവുമായതേതൊന്നോ അതിനെ ഞാൻ സമ്പാദിച്ചിരിക്കുന്നു" എന്നു നിർവൃതികൊള്ളുന്നതിന്നുകൂടി കർമ്മഗതി അനുവദിച്ചു! അല്ലെങ്കിൽ, ഈശ്വരന്റെ മായാവിലാസങ്ങൾ ആർ കണ്ടു?

ഈ ഉൽകൃഷ്ടാഖ്യായിക മലയാളഭാഷയ്ക്കു് ഒരനുഗ്രഹമാണെന്നുള്ളതിന്നു സംശയമില്ല. അത്രമേൽ സുന്ദരവും ഹൃദയംഗമവുമായ രീതിയിൽ വിഷവൃക്ഷം തർജ്ജമചെയ്തതന്ന ആ പുണ്യവതിതന്നെ കൃഷ്ണകാന്തന്റെ മരണപത്രവും പരിഭാഷപ്പെടുത്തുവാൻ ഉദ്യമിച്ചതു് ഏറ്റവും ഉചിതമായി. ബംഗാളിയിൽനിന്നു് ഇംഗ്ലീഷിലേയ്ക്കു ഈ പുസ്തകം മിസ്റ്റർ റോയി, മിസ്സിസ് നൈറ് എന്ന രണ്ടുപേർ തർജ്ജമ ചെയ്തതായി കണ്ടിട്ടുണ്ടു്. മിസ്റ്റർ റോയിയുടേതു "മോഡേൺറവ്യു"വിൽ ഖണ്ഡം ഖണ്ഡമായി പ്രസിദ്ധീകരിച്ചിരുന്നു. പക്ഷേ, അതിൽ മൂലത്തിലുള്ള പല ഭാഗങ്ങളും—സാഹിത്യരസമുള്ള പല ഭാഗങ്ങളും എന്നതന്നെ പറയട്ടെ—കേവലം വിട്ടുകളഞ്ഞിരിക്കുന്നു. മൂലത്തിലുള്ള ഒരക്ഷരവും ഉപേക്ഷിക്കുന്നതിന്നു തർജ്ജമക്കാക്കവകാശമില്ലെന്നാണു് ഞങ്ങളുടെ താഴ്മയോടുകൂടിയ അഭിപ്രായം. അതു വായനക്കാരെ ഒരുവിധം വഞ്ചിക്കുകയല്ലയോ എന്നു ഞങ്ങൾ വാദിക്കുന്നു. വിശേഷിച്ചും, ഇങ്ങനെയുള്ള ശ്രേഷ്ഠഗ്രന്ഥങ്ങളിൽ കൈവെയ്ക്കുന്നവർ, മൂലത്തിലുള്ളതിനെ അങ്ങനെതന്നെ ഭാഷയിലേയ്ക്കും പകർത്തുവാനല്ലാതെ എന്തെങ്കിലും കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യുവാൻ നോക്കുന്നതു മഹാപാപം കൂടിയാണു്. അതിനാൽ കല്യാണിയമ്മ അവർകൾ തർജ്ജ

Digitized By Kerala Sahitya Akademi

മഞ്ജു മിസ്റ്റർ റോയിയുടെ പുസ്തകത്തെ എടുക്കാഞ്ഞതിൽ ഞങ്ങൾ സന്തോഷിക്കുന്നു.

പക്ഷേ, വിഷവൃക്ഷത്തെപ്പോലെതന്നെ ഈ തർജ്ജമയെ അഭിനന്ദിക്കുവാൻ നിവൃത്തി കാണുന്നില്ല. പേരിടുന്നതു മുതൽക്കു് എല്ലായിടത്തും ഒരവധാനക്കുറവു് ഇതിനെ ബാധിച്ചിരിക്കുന്നു. ഒന്നാമതു, കൃഷ്ണകാന്തൻ എന്നുള്ളതു കൃഷ്ണകുമാർ എന്നു വേണ്ടതല്ലേ എന്നാണു് ഞങ്ങളുടെ സംശയം. (Ram Kanta Rai. Lal, Madhava Lal) എന്നിങ്ങനെ ദീർഘോച്ചാരണമുള്ള എല്ലാ സ്വരാക്ഷരങ്ങൾക്കും മുകളിൽ ഇംഗ്ലീഷു് പുസ്തകത്തിൽ പ്രത്യേകം അടയാളത്തിൽ കൊടുത്തിട്ടുണ്ടു്. കൃഷ്ണകാന്തൻ എന്നതിലെ കകാരം പരിഭാഷാകർത്രി വിചാരിക്കുന്നപോലെ നീട്ടിയാണു് ഉച്ചരിച്ചു കൊള്ളേണ്ടതെങ്കിൽ, ഈയൊരു പേരിനെ സംബന്ധിച്ചേടത്തോളം മാത്രം, ഈ അടയാളം വേണ്ടെന്നു വെച്ചതെന്തിനു്? രാമകാന്തന്റെ സഹോദരൻ കൃഷ്ണകുമാറായിക്കൂടാ എന്നില്ലല്ലോ. ഏതായാലും ഈവിധമുള്ള നോട്ടക്കുറവു മറ്റു പല പേരുകളുടെ കാര്യത്തിലും കാണുന്നുണ്ടു്. സാഹിത്യകുശലനായ പ്രസാധകനാകട്ടെ, ആനന്ദമഠം എന്ന സുപ്രസിദ്ധകൃതിയെക്കൂടി 'ആനാന്ദമാതാ'വാക്കിക്കളഞ്ഞു. "പുസ്തകത്തിന്റെ പേർ മനുഷ്യന്റെ മുഖംപോലെയാണു്; ഉള്ളിലുള്ളതെന്താണെന്നു രണ്ടും ക്ഷണത്തിൽ വെളിപ്പെടുത്തുന്നു" എന്നു പറഞ്ഞ മഹാന്റെ അഭിപ്രായം ശരിയാണെങ്കിൽ, ഈ തർജ്ജമയിൽ കല്യാണിഅമ്മ അവർകൾ വേണ്ടിടത്തോളം മനസ്സിരുത്തിയിട്ടില്ലെന്നുതന്നെ പറയണം.

തർജ്ജമയ്ക്കെടുത്ത ഇംഗ്ലീഷുപുസ്തകം നന്നായി എന്നു ഞങ്ങൾ പറഞ്ഞുവല്ലോ. പക്ഷേ, അതു മനഃപൂർവ്വമായി തിരഞ്ഞെടുത്തതാണെങ്കിൽ, ആ എടുത്ത പുസ്തകത്തിലെതന്നെ ചില ഭാഗങ്ങൾ വിട്ടുകളയുന്നതിനു പരിഭാഷാകർത്രി എങ്ങനെ ധൈര്യപ്പെട്ടു? രണ്ടാമദ്ധ്യായത്തിൻ ഒടുവിൽ ഒരു ഖണ്ഡിക മുഴുവനും വിട്ടിരിക്കുന്നു. കൃത്യാകൃത്യങ്ങളെ മനസ്സിലാക്കിയാലും അതനുസരിച്ചു പ്രവർത്തിക്കാൻ പലർക്കുമുള്ള അശക്തതയെ മൂലത്തിൽ ചമൽകാരകരമായി പരിഹസിച്ചിട്ടുള്ളതു് അനാവശ്യമായി എന്നു വരുമോ? 11–ാം അദ്ധ്യായത്തിന്റെ അവസാനത്തിൽ കൃഷ്ണകാന്തനും ഗോവിന്ദലാലനുമായുള്ള സംഭാഷണത്തിലെ ചില വരികളും തർജ്ജമയിൽ കാണാനില്ല. 12–ാം അദ്ധ്യായത്തിന്റെ ആദ്യത്തിൽ ഭ്രമര "അടുക്കളയിൽ പെന്ന വെപ്പുകാരിയോടു സംസാരിച്ചുതുടങ്ങി" എന്ന മലയാളപുസ്തകത്തിൽ കാണുന്നേടത്തു "അടുക്കളയിൽ പെന്ന വെപ്പുകാരിയുടെ തലമുടി പിന്നിൽനിന്നു പിടിച്ചുവലിച്ചു, "ഹേ വെപ്പുകാരി അവർകളേ, വെപ്പിന്നിടയിൽ എനിയ്ക്കൊരു കഥ പറഞ്ഞുതരു" എന്നതേ മൂലം. ആ വിരുതും പ്രസരിപ്പുമുള്ള സുശീലയായ പെൺകുട്ടിയുടെ സ്വഭാവം ഈ വിട്ടുപോയ വരികളിൽ എത്ര ഭംഗിയിൽ പ്രകാശിച്ചിട്ടുണ്ടെന്നു നോക്കുക! 28–ാം അദ്ധ്യായത്തിന്റെ ആദ്യത്തിൽ കുറെ അധികഭാഗം കാണാതായിട്ടുണ്ടു്. രണ്ടാംഭാഗം നാലാമധ്യായത്തിൽ മാധവീനാഥൻ "ഒരു കൗശലമെടുത്ത" തിനെ വിവരിക്കുന്നതു അനാവശ്യമെന്നായിരിക്കുമോ പരിഭാഷാകർത്രിയുടെ അഭിപ്രായം? ബ്രഹ്മാനന്ദനെ പേടിപ്പിക്കുന്നതിനുവേണ്ടി മാധവീനാഥൻ ഒരു പോലീസുകാരനെ അവിടെ വരുത്തി ഒളിപ്പിച്ചു നിർത്തിയതു കല്യാണി അമ്മ അവർകളും അറിഞ്ഞില്ലെന്നു വരുമോ? ഇങ്ങനെ വേറെയും ചില ഭാഗങ്ങൾ വിട്ടുപോയിരിക്കുന്നു.

Digitized By Kerala Sahitya Akademi

എന്നാൽ, ഈ കുറവുകൾ തീക്കാനോ എന്നു തോന്നുമാറു 24—ാം അദ്ധ്യായത്തിന്റെ ആദ്യത്തിൽ "പൂമെത്തൽ.. ." എന്ന ഒരു പഴയ ഭാഷാ ശ്ലോകം പുതുതായി ചേത്തിട്ടുള്ളതും ഓർമ്മിക്കേണ്ടതുതന്നെ. ആ അനാവശ്യ ശ്ലോകം താഴെ കാണുന്ന മൂലത്തിലെ വരികൾ മാച്ചുകളഞ്ഞെഴുതിയതാ ണെന്നു കാണുമ്പോൾ, അതിലും വായനക്കാർ സന്തോഷിക്കുകയില്ല. "ഇട്ടേഹത്തോട്ട പിരിഞ്ഞാൽ ഞാനെങ്ങനെ ജീവിക്കും" എന്നു വിചാ രിച്ചു കരഞ്ഞുംകൊണ്ടു് ആരുമായി വേർപെട്ടുവോ, ആ ആളെ കുറെ കൊല്ലങ്ങൾ കഴിഞ്ഞു കണ്ടാൽ "എന്താ, സുഖമല്ലേ" എന്നു നിങ്ങൾ ചോദിച്ചു എന്നും, പക്ഷേ ഒന്നും മിണ്ടിയില്ലെന്നും വരാം. മനസ്സുകൊണ്ടു നിങ്ങൾ തമ്മിൽ അകന്നു കഴിഞ്ഞു എന്നർത്ഥം.

തർജ്ജമ പ്രായേണ നന്നായിട്ടുണ്ടു്. എന്നാൽ, മൂലത്തിലെ വാചക ങ്ങൾക്കുള്ള ഉജ്ജ്വലത തികച്ചും തർജ്ജമയിൽ വന്നിട്ടില്ല; ഭാഷാഗ്രന്ഥ ത്തിലെ വാചകങ്ങൾ മുക്കാലും ജീവനില്ലാത്തവയാണു്. വിഷവൃക്ഷ ത്തിലെ ഭംഗിയും ചുറുചുറുക്കും ഇതിൽ പലേടത്തും കാണാനില്ല. ചില ദിക്കിൽ തർജ്ജമ തെറ്റിപ്പോകതന്നെ ചെയ്തിട്ടുണ്ടു്. 35—ാംഭാഗത്തു രോഹിണിയുടെ "ഒരു കള്ളാധാരം" എന്ന മറുപടി കേട്ട കൃഷ്ണകാന്തൻ ചിലതു പരിഭ്രമിച്ചുകൊണ്ടു (shuddering) പറഞ്ഞതു ചിരിച്ചുകൊണ്ടായിപ്പോയതു കഷ്ടംതന്നെ. താൻ സാരമായി സൂക്ഷിച്ചുവെച്ചിട്ടുള്ള ഒരു മരണപത്രാധാരം തീക്കത്തിച്ചുപോയി എന്നു കേട്ടു് "ആധാരം! ആധാരം! എന്റെ ആധാരം" എന്നു് ഒരാൾ പരിഭ്രമിക്കുന്നതു ചിരിച്ചുകൊണ്ടായിരി ക്കില്ല. 10—ാം അദ്ധ്യായത്തിന്റെ അവസാനത്തിൽ "അനുകമ്പാപൂർണ്ണ മായ ഹൃദയം അന്യഹൃദയത്തിൽ അനുകമ്പയെ ജനിപ്പിക്കുന്നു" എന്നതു് The sympathetic heart divines sympathy in another എന്ന മൂല ത്തിന്റെ തർജ്ജമയല്ല. അനുകമ്പയുള്ള ഒരു മനസ്സു് മറ്റൊരാളിലുള്ള അനുകമ്പയെ ക്ഷണത്തിൽ ഊഹിച്ചറിയുന്നു എന്നേ ഈ വാചകത്തിന്നു് അർത്ഥം വരാൻ നിവൃത്തിയുള്ളൂ. രണ്ടാംഭാഗം മൂന്നാമദ്ധ്യായത്തിൽ മാധവീനാഥനും തപാൽമാസ്റ്ററുമായുള്ള കൂടിക്കാഴ്ചയിൽ ആ ഉദ്യോഗ സ്ഥൻ, "നിങ്ങളോ, നിങ്ങളുടെ ജോലി എന്താണു്?" എന്നു ചോദിച്ച പ്പോൾ, "അല്പമൊന്നു ചിരിച്ചു തലതാഴ്ത്തി മാധവീനാഥൻ അയാളെ അഭിവാദ്യംചെയ്തു" എന്നു പറഞ്ഞിട്ടുള്ളതും മൂലാർത്ഥം ശരിയായി ധരി ച്ചിട്ടാണോ എന്നു സംശയം തോന്നുന്നു. And thou?—yea, what are you sir? Repressing a smile, Madhavi Nath bent his head and said, 'A morning salutation' എന്ന മൂലത്തിലെ (thou) എന്നതിന്നു നീ എന്നർത്ഥം മനസ്സിലാക്കിയിരുന്നു എങ്കിൽ പുഞ്ചിരിയെ അടക്കി എന്നതു മാറ്റിമറിയ്ക്കാനും, A morning salutation എന്നതിലെ ചമൽക്കാരം ഇതു മേൽ അറിയാതെ പോവാനും ഇടയില്ല. ഇതുപോലെതന്നെ ആ ഉദ്യോഗ സ്ഥനെ കളവിന്നു പ്രമാണിയാക്കിയതും എന്തധികാരത്തിന്മേലാണു്? "If he was stupid in other matters, he atleast was as sharp as a needle at understanding his own interests" എന്നേ ആഖ്യായികാ കാരൻ പറഞ്ഞിട്ടുള്ളൂ. തന്റെ കാര്യത്തിൽ ശ്രദ്ധാന്തി തികച്ചുമുള്ള ഒരാൾ കള്ളനായ്ക്കൊള്ളണമെന്നു് ഒരു നിയമവുമില്ലല്ലോ.

വാചകങ്ങളുടെ വൈകല്യം അല്പമൊന്നു ഞങ്ങൾ ആദ്യത്തിൽ സൂചി പ്പിച്ചുവല്ലോ. "ആയിരുന്നു, എഴുതപ്പെട്ടിരുന്നതു്" എന്നിങ്ങനെ 'ഇരുന്നു'

Digitized By Kerala Sahitya Akademi

ഇതിൽ കുറെ അധികമായിപ്പോയി. നാലഞ്ചു വാചകം അടുത്തടുത്ത് ഇരുന്നു എന്നവസാനിപ്പിക്കുന്നതു വായിക്കാൻ വലിയ സുഖമില്ല. "ആട്ടി പ്പുറത്താക്കിയ—ബഹുമാനത്തോടുകൂടി അയാൾ ഇളിഭ്യനായി പുറത്തെയ്ക്കു പോയി" (ഭാഗം: 20) ഇങ്ങനെയുള്ള വാചകങ്ങളും ഇത്തരം ഉത്തമഗ്രന്ഥ ങ്ങളിലെങ്കിലും കൂടാതെ കഴിക്കേണ്ടതാണ്. "വലിയ കുപ്പായക്കീഴിശ്ശീല യിൽ" (7). വലിയഎന്ന വിശേഷണം വാസ്തവത്തിൽ കുപ്പായത്തിനാണ് കിട്ടേണ്ടതു്. "ഒഴിഞ്ഞ പാത്രങ്ങൾ....അവയെ നിറയ്ക്കുവാൻ തടയു കയും" എന്നതിലെയും മറും 'അവ' വായനക്കാരെ അമ്പരപ്പിച്ചേയ്ക്കാം.

സംസ്കൃതവാക്കുകളെ സംബന്ധിച്ചേടത്തോളവും പരിഭാഷാകർത്രിയ്ക്കു് അല്പം നോട്ടക്കുറവു പറ്റിയിട്ടുണ്ടു്. ദൈവാനുകൂലം (18) ഗൌരവമായും (55) നിരപരാധി (സ്ത്രീലിംഗം) (പലേടത്തും) സ്വാധീനത്തിൽ (101) ആത്മഹത്തി (127) സ്വാധീനപ്പെടുത്തി (134) ഇങ്ങനെയുള്ള അപഭ്രംശ ങ്ങളും കല്യാണിയമ്മ അവർകളെപ്പോലെ പേരെടുത്തിട്ടുള്ള എഴുത്തുകാർ ഉപേക്ഷിക്കേണ്ടവയാണ്.

ഞങ്ങൾ ദോഷഭാഗത്തെ സ്വല്പം ചൂണ്ടിക്കാണിച്ചതു വിവർത്തനകർ ത്രിയായ നമ്മുടെ സാഹിത്യസഖിയെ ഉത്സാഹഭംഗപ്പെടുത്താനല്ല. "ശ്രേയസി കേന തുപ്യതെ" എന്നത്രേ ഞങ്ങൾക്കു് ഇതിനുള്ള സമാ ധാനം. എപ്പോഴും ഉൽക്കൃഷ്ടഗ്രന്ഥങ്ങളെ സമ്മാനിച്ചു മാതൃഭാഷയെ പോഷിപ്പിക്കുന്നതിനു യത്നിക്കുന്ന ഈ മാന്യസ്ത്രീയിൽനിന്നു് ഇനിയും നല്ലനല്ല പുസ്തകങ്ങൾ നമുക്കു കിട്ടിക്കൊണ്ടിരിക്കുമെന്നു ഞങ്ങൾ ആശി ക്കുന്നു. വി. കെ. പാറുക്കുട്ടിനേത്യാരമ്മ അവർകൾക്കു സമർപ്പിക്കപ്പെട്ടതും, ആ മഹതിയുടേയും, "പരസ്പരതപസ്സുംപൽ പരസ്പരഫലായിതൌ വിദ ധാതേ മമാനന്ദം കല്യാണികൃഷ്ണമേനവൌ" എന്നിങ്ങനെ കേരളകാളി ദാസനെക്കൊണ്ടു് ഒരിക്കൽ അരുളിച്ചെയ്യിച്ച അനുരൂപദംപതികളായ പരിഭാഷാകർത്രിപ്രസാധകന്മാരുടേയും ഛായാപടങ്ങളാൽ അലംകൃത മായ ഈ പുസ്തകം സഹൃദയന്മാരുടെ ശ്ലാഘയെ സർവഥാ അർഹി ക്കുന്നുണ്ടു്.

Digitized By Kerala Sahitya Akademi

പ്രഭുകുമാരൻ

ഗ്രന്ഥകർത്താവ്: എ. ജെ. ഡേവിഡ് ബി. എ.

പത്താംക്രൈസ്തവാബ്ദത്തിന്റെ മദ്ധ്യഘട്ടത്തിൽവെച്ചു, നോർമ്മൻഡിയിലെ വിശാലഹൃദയനായ വില്യംപ്രഭു 'ഫ്ളാൻഡേഴ്സ്മാടമ്പി'യായ ആർനൗഫിന്റെ ചതിയാൽ കൊലപ്പെട്ടതും അച്ഛന്റെ സ്ഥാനത്ത് അഭിഷിക്തനായ റിച്ചേർഡ്കുമാരനെ, (വില്യംപ്രഭുവിന്റെ മകനെ) നോർമൻഡിരാജ്യം കൈക്കലാക്കാൻ ലാക്കുനോക്കുന്ന ഫ്രാൻസിലെ ലൂയിരാജാവു ബന്ധുഭാവം നടിച്ചു തട്ടിക്കൊണ്ടുപോയി സ്വരാജധാനിയിൽ ബന്ധനസ്ഥനാക്കിയതും ആ ബന്ധനത്തിൽനിന്നു കുമാരൻ ഒരു വിശ്വസ്തസേവകന്റെ സാമർത്ഥ്യത്താൽ വിമുക്തനായതും ഒടുവിൽ യുദ്ധോദ്യതനായ ലൂയിരാജാവു പ്രഭുകുമാരന്റെ ഉറ്റബന്ധുവായ ഹാർക്കോട്ട മാടമ്പിയുടെ നയകൌശലത്താൽ പരാജയപ്പെട്ടതും ക്രമേണ നിസ്സപത്നമായിത്തീർന്ന രാജ്യത്തെ റിച്ചേർഡ് ചിരകാലം സംരക്ഷിച്ചു വാണതുമാണ് ഈ ഗദ്യകാവ്യത്തിലെ കഥാവസ്തു. ഇതു "സി. എം. യങ്ങ് എന്ന ആംഗലഗ്രന്ഥകർത്തുവിന്റെ 'ദി ലിറ്റിൽ ഡ്യൂക്ക്" എന്ന പുസ്തകത്തിന്റെ ഒരു സ്വതന്ത്രമായ തർജ്ജമയാണ്." മൂലത്തോടൊത്തുനോക്കുവാൻ ഞങ്ങൾക്കു സൗകര്യം കിട്ടിയില്ല. "മൂലഗ്രന്ഥത്തിലുള്ളവയും എല്ലാ മതക്കാർക്കും ഒരുപോലെ രുചിക്കാത്തവയുമായ ഭാഗങ്ങളെ വിട്ടുകളയുന്നതിനും, അത്യുത്തമങ്ങളായ പല തത്ത്വങ്ങളെ സന്ദർഭത്തിനു യോജിച്ചവിധം ചേർക്കുന്നതിനും, ആവശ്യമായ ചില വർണ്ണനകൾ സൃഷ്ടിക്കുന്നതിനും" പരിഭാഷകൻ ശ്രമിച്ചിട്ടുള്ളതായി മുഖവുരയിൽ പ്രസ്താവിച്ചിട്ടുണ്ട്.

ഇക്കഥയിലെ നായകനായ റിച്ചേർഡ് ബാല്യത്തിൽത്തന്നെ അസാമാന്യമായ ജീവകാരുണ്യത്തെയും ധീരശാന്തതയെയും ഈശ്വരവിശ്വാസത്തെയും തന്റെ പ്രവൃത്തികൾകൊണ്ടു പ്രദർശിപ്പിച്ചിരിക്കുന്നു. "ലാളനാൽ ബഹവോ ദോഷാസ്താഡനാൽ ബഹവോ ഗുണാഃ" എന്ന ആപ്തവാക്യം എത്ര പരമാർത്ഥമാണെന്നു ലൂയിരാജാവിന്റെ പ്രഥമപുത്രനായ ലോഥേർ എന്ന കുട്ടിയുടെ ഔദ്ധത്യത്തിൽനിന്നും റിച്ചേർഡ്കുമാരന്റെ സാർവത്രികമായ സൌശീല്യത്തിൽനിന്നും വേണ്ടുവോളം മനസ്സിലാക്കാം. "ഉപകാരപ്രധാനഃ സ്യാദപകാരേപ്യരൌ" എന്ന മഹത്തരോപദേശം റിച്ചേർഡിന്റെ ഹൃദയത്തിൽ ശിലാരേഖപോലെ പതിഞ്ഞിട്ടുണ്ട്. തന്റെ അച്ഛനെ കപടതന്ത്രത്താൽ വധിച്ചവനും തന്നെയും പലതരത്തിൽ ദ്രോഹിച്ചവനുമായ ആർനൗഫിനുപോലും സകരുണം മാപ്പ് കൊടുക്കുവാൻ ആ പ്രഭുകുമാരൻ മടിക്കുകയുണ്ടായില്ല.

എല്ലാംകൊണ്ടും, 'ബാലന്മാക്കായി എഴുതപ്പെട്ട'തായ ഇപ്പുസ്തകം അവർക്കു മനസ്സംസ്കാരമുളവാക്കുന്ന ഒന്നുതന്നെയാണ്. എന്നാൽ ഇതിലെ ഗദ്യരീതി കുട്ടികൾക്കു പരിശീലിപ്പാൻ പറ്റിയതല്ല. 'എന്നോടു ക്ഷമിക്ക'ലും (25–ാം ഭാഗത്തും മറ്റും) ഒരു പ്രഭുവിനെ ഭൃത്യനെയെന്നപോലെ 'ഇങ്ങു വാ' ('പ്രഭോ, ശബ്ദിക്കരുത്. ഇങ്ങു വാ....' ഭാ: 53) എന്നു

Digitized By Kerala Sahitya Akademi

വിളിക്കലും, 'പ്രസംഗങ്ങം നൽകലും (80) മറ്റും തനി മലയാണ്മയിൽ പതിവില്ലല്ലോ. 'പുവരേൽ' (59) 'അതേൽ' (86) 'സാക്ഷിക്കുന്നു' (30) 'വിഷ്മിഷ്ടം' (24) മുതലായതും ഒരു വിലക്ഷണഭാഷയാണ്. മനസ്സ് എന്നതിന്നു പകരം ചിലർ മനസ് എന്നു പറയാറുള്ളതുപോലെ, ഈ ഗ്രന്ഥകാരൻ യോദ്ധാക്കളെ 'യോധാ'ക്കളായിരിക്കുന്നു! 71–ാം ഭാഗത്തും മറ്റുമുള്ള 'പാഥ' (പാത) ചില നാട്ടുകാര്യസ്ഥന്മാരുടെ ഖരാറു (കരാറു) പോലിരിക്കുന്നു. കോളാമ്പിയെ കവലയദളനമ്പിയാക്കി പരത്തുന്ന തരത്തിൽ പെട്ടതാണ്, കോണിക്കു പകരമുള്ള 'ഗോവണി' "രാജകുമാരനെ അനുസരിച്ചില്ലെങ്കിൽ രാജ്ഞിക്കു വഴക്കുണ്ടാവും. രാജ്ഞി രാജാവിനോടു മന്ത്രിച്ചു രാജാവിനും വഴക്കായിത്തീരും". (95) മുതലായ വാക്യങ്ങളിൽ, 'വഴക്ക്" അതിന്റെ സാധാരണാർത്ഥത്തിലല്ല കിടക്കുന്നത്.

കൊണ്ട് എന്ന ശബ്ദത്തെ ക്രിയാപദത്തോടു ചേർക്കുന്നതിന്റെ പ്രയോജനം മിസ്റ്റർ ഡേവിഡ് ആലോചിച്ചിട്ടില്ലെന്നു തോന്നുന്നു: "....ബെർണാഡ്റിച്ചേർഡിന്റെ കയ്യു പിടിച്ചുകൊണ്ട് അവിടെനിന്നു കൊണ്ടുപോയി" (26) എന്ന വാക്യവും മറ്റും നോക്കുക. ഇവിടെ, 'പിടിച്ചുകൊണ്ട്" എന്നതിന്നു പകരം പിടിച്ചു എന്നു മാത്രം മതിയല്ലോ "....ജോലി ചെയ്തുകൊണ്ടിരുന്ന അനേകം ഭൃത്യന്മാർ വേല ചെയ്തുതീർക്കുന്നതിന്നു കഴിയുന്ന ശ്രമം ചെയ്തുകൊണ്ടിരുന്നു" (2) എന്ന ഒരൊറ വാക്യത്തിൽ രണ്ടു ചെയ്തുകൊണ്ടിരിക്കലും ഒരു ചെയ്തലും കടന്നുകൂടിയിട്ടുണ്ട്! "പുത്രവാത്സല്യം നിറഞ്ഞ ഹൃദയത്തിന്റെ തള്ളൽകൊണ്ട് അദ്ദേഹം പുത്രനെ ഹൃദയപൂർവ്വം അനുഗ്രഹിച്ച"തിൽ രണ്ടു ഹൃദയം വന്നുചേർന്നതു പ്രമാദത്താലായിരിയ്ക്കാം; 'അവർക്കുണ്ടോ സത്യമുള്ള' (17) എന്ന വാക്യമാകട്ടെ ഉണ്ടോ ഉള്ള എന്ന രണ്ടു ക്രിയാപദങ്ങളും നിമിത്തം നിരന്വയമായിപ്പോയി. 'മാതൃസ്നേഹം രുചിയ്ക്കുന്നതിനോ' (20) എന്നതു വായനക്കാർക്കു രുചിയ്ക്കുണമെങ്കിൽ 'രുചിയ്ക്കുന്നതിനോ' എന്നതിനെ ആസ്വദിക്കുന്നതിനോ എന്നോ മറേറാ ആക്കുകതന്നെ വേണം. "....എന്ന് എറിക്കു പറഞ്ഞ് റിച്ചേർഡിനു വഴി കാണിച്ചുകൊടുത്തു" (24) എന്ന വാക്യത്തിന്റെ അംഗി കുറച്ചല്ല. ഇതിന്നു കാരണം, കർത്താവിനെ (എറിക്കിനെ) 'എന്ന്", 'പറഞ്ഞ്" എന്നീ പദങ്ങളുടെ നടുവിൽ പിടിച്ചു നിർത്തിയതാണ്. മറെറാരു വാക്യം നോക്കുക: ".....റിച്ചേർഡ് മുട്ടുകുത്തി എന്നു വരുത്തിയതല്ലാതെ.....ആചാരം ചെയ്യാതെ കഴിച്ചതേ ഉള്ളൂ" (76) അന്ത്യഭാഗത്തെ ചെയ്തുകയുണ്ടായില്ല എന്നോ മറേറാ മാറിയാലേ ഈ വാക്യം സുബദ്ധമാകയുള്ളുവല്ലോ. പദങ്ങളെ വേണ്ടിടത്തും വേണ്ടേടത്തിലും പ്രയോഗിക്കായ്കയാലുള്ള അസൌഷ്ഠവം ഇപ്പുസ്തകത്തിൽ സുലഭമാണ്. ".....റിച്ചേർഡിന്റെ ജീവിതം ആനന്ദമയമാക്കുന്നതിന് അയാളുടെ സ്വന്തമാളുകളും കൂടെയുണ്ടായിരുന്നതു് അത്യധികം സുഖകരമായിരുന്നു" (128) എന്ന വാചകം എത്ര ദുർഘടമായിരിക്കുന്നു!

'തന്നെ.....പ്രിയപ്പെട്ടിരുന്ന (156) എന്നതു വ്യാകരണത്തിന്നു പ്രിയപ്പെടുന്നതല്ല. പന്ഥാവു സമസ്തപദത്തിൽ ചേരുമ്പോൾ പഥമാവുന്നതാകയാൽ, 'അനന്തരജീവിതപന്ഥാവെ' (10) അഭിജ്ഞർ സഞ്ചാരയോഗ്യമായി കരുതുകയില്ല. രമണീയഭാവമായ രാമണീയകത്തിന്മേൽ കൊടുത്തിട്ടുള്ള ഭാവപ്രത്യയം ('രാമണീയകത' 23) 'ദുഃഖകാലുഷ്യത്താൽ കലങ്ങി'(20) യതുപോലെ ഇരട്ടിപ്പായിപ്പോയി—'ബോധനഷ്ടൻ'

Digitized By Kerala Sahitya Akademi

(111) ഒന്ന കീഴ്മേൽ മറിച്ചാൽ (നഷ്ടബോധനായാൽ) ശരിയാവും. 'ദർശനവസ്ത' (158) ദൃശ്യവസ്തുവാക്കണം. പാത്രവാൻ എന്നതിന്ന പാത്രമുള്ളവൻ എന്നാണർത്ഥം; അതിനാൽ 70–ാം ഭാഗത്തുള്ള 'പാത്രവാ'നെ പാത്രമായി മാറാതിരുന്നാൽ, 'രാജാവിന്റെ പ്രീതിക്ക' പാത്രമെടുത്ത എന്ന തോന്നിപ്പോകും.

അനുരൂപത്തെ 'അനുസരണ'മാക്കലും വ്യത്യാസപ്പെടലിനെ 'വ്യത്യസ്തപ്പെട്ട'ത്തലും വാഗ്ദാനത്തെ 'വാഗ്ദത്ത'മാക്കലും, അദ്ഭുതത്തെ 'അതിശയ'മാക്കലും മറ്റും ഇപ്പോൾ എതാണ്ട സർവസാധാരണമായിരിക്കുന്ന എന്ന സമാധാനിയ്ക്കാം. കുട്ടികൾക്ക വായിപ്പാനുള്ള പുസ്തകങ്ങളിൽ വിശേഷിച്ചും ഭാഷാശുദ്ധി അത്യാവശ്യമാകയാൽ, ഈ കൃതിയെ ഒന്നുകൂടി സംസ്കരിച്ചാൽക്കൊള്ളാമെന്ന ഞങ്ങൾ പരിഭാഷകനെ അനുസ്മരിപ്പിച്ചുകൊള്ളുന്നു.

Digitized By Kerala Sahitya Akademi

വീരവരൻ

അഥവാ

രാജഭക്തി

ഗ്രന്ഥകർത്താവ്: വെബ്ലിയസ് ലക്ഷ്മണൻ നമ്പൂതിരിപ്പാട്

വീരവരൻ എന്നൊരു വിശിഷ്ടബ്രാഹ്മണൻ നിത്യവൃത്തിയ്ക്കില്ലാഞ്ഞിട്ട് പാണ്ഡ്യരാജ്യത്തിലെ 'ശോഭാവതീ' നഗരത്തിൽ വന്നു തദധിപനായ 'ശൂദ്രക'ന്റെ കീഴിൽ ഒരുദ്യോഗസ്ഥനായിപാർത്തു. ബ്രാഹ്മണന്റെ ബ്രഹ്മോചിതവും ക്ഷത്രോചിതവുമായ ഗുണങ്ങൾ കണ്ടിട്ട രാജാവിന്ന് അദ്ദേഹത്തിന്റെ പേരിൽ സ്നേഹം വളർന്നുവന്നു. വീരവരൻ സ്വാമിയേയും പ്രാണാധികമായി സ്നേഹിച്ചു. ഏറിയ കാലം കഴിഞ്ഞിട്ടും ബ്രാഹ്മണന്നു സന്താനമുണ്ടായില്ലാ; അതിനാൽ അദ്ദേഹം തപസ്സു ചെയ്തു വിഷ്ണുവിനെ പ്രസാദിപ്പിച്ചു പുത്രനെ സമ്പാദിച്ചു. ഇതിന്നുശേഷം ഒരു രാത്രിയിൽ രാജാവിനോടുകൂടി ഗൂഢസഞ്ചാരം ചെയ്തു, ഒരു ദിവ്യസ്ത്രീരൂപത്തിൽ കാണപ്പെട്ട ഭൂമിദേവിയുടെ മുഖത്തുനിന്ന് രാജാവിന്നു മരണം അടുത്തിരിക്കുന്നതായും തൽപരിഹാരാർത്ഥം കാളിയ്ക്ക് ഒരു നരബലി കഴിയ്ക്കേണ്ടതായും അറിഞ്ഞു ബ്രാഹ്മണൻ ക്ലേശലബ്ധനായ സ്വപുത്രനെക്കൊണ്ടുതന്നെ ബലി നടത്തുവാൻ ഉറച്ചു; അതുപ്രകാരം കട്ടിയെ വെട്ടാൻ വാളോങ്ങിയ ഘട്ടത്തിൽ വീരവരന്റെ രാജഭക്തിയാൽ പ്രസന്നയായ ദേവതി പ്രത്യക്ഷീഭവിച്ചനുഗ്രഹിക്കുകയും രാജാവിന്നു ദീർഘായുസ്സു കല്പിച്ചുനല്കുകയും ചെയ്തു. ഇങ്ങനെ ഒരു കഥയാണ്, വസന്തതിലകത്തിൽ 106-ം സ്രുദ്ധരയിൽ3-ം കൂടി 109 ശ്ലോകങ്ങൾകൊണ്ട് നമ്പൂതിരിപ്പാടവർകൾ നമുക്കു പറഞ്ഞുതരുന്നത്.

"യഥാർത്ഥസാഹിത്യപീയൂഷവർഷത്താൽ കവിതാലതികയെ കമനീയമാംവണ്ണം പോഷിപ്പിക്കുന്ന മഹാകവി ബ്രഹ്മശ്രീ ഉള്ളൂർ എസ്സ്. പരമേശ്വരയ്യരവർകളുടെ" കവനരീതിയെ അനുകരിക്കുന്നതിൽ ഉണ്ടായ "ഒരാശയെ സഫലമാക്കുവാൻ വേണ്ടി"യാണ് "ഈ കൃതി രചിച്ച"തെന്നു ഗ്രന്ഥകർത്താവിന്റെ മുഖവുരയിൽനിന്നറിഞ്ഞു ഞങ്ങൾ സന്തോഷിക്കുന്നു. തീച്ചയായും യുവകവികൾക്ക് അനുകരണീയൻതന്നെയാണ് പരമേശ്വരയ്യരവർകൾ. എന്നാൽ അയ്യരവർകളുടെ പഴയ തരത്തിലുള്ള അലങ്കാരകല്പനയെയല്ലാതെ, ചമൽകാരകാരികളായ നവീനകല്പനകളെ അനുകരിപ്പാൻ ഈ ഗ്രന്ഥകാരൻ ശ്രമിച്ചിട്ടില്ല.

"നീരന്ധ്രമായിരുള വാർന്നുകിലും കുറേയു-
ത്താരങ്ങൾ മിന്നിയൊളിമങ്ങലൊടങ്ങുമിങ്ങും:
നേരറ്റ ശൈവലമിണങ്ങിടുമത്തടാക-
ഹീരത്തിലുള്ള ചില വെൺചെറുപൂക്കൾപോലെ."

Digitized By Kerala Sahitya Akademi

എന്ന 82–ാം ശ്ലോകവും 85–ാം ശ്ലോകവും ഇട്ടേഹം അഭ്യാസംകൊണ്ട് ഒരു സൽകവിയായേയ്യുമെന്നു തോന്നിയ്യുന്നുണ്ട്. ഈ ശ്ലോകത്തിലും വൈകല്യങ്ങളില്ലായ്യുയില്ല: ഉപമേയമായ ആകാശത്തെ കവി കൈക്കൊള്ളാഞ്ഞതിനാൽ, ഉപമാനമായ തടാകം ഹീനരസമായിപ്പോയി; 'നേരറ' എന്ന ശൈവലവിശേഷണം പ്രാസൈകപ്രയോജനമായി സ്ഥിതിചെയ്യുന്നു; [ദ്വി: പ്രാസത്തിന്നായി ആത്തനദിയെ 'ആ തനദി'യും (ശ്ലോ: 51) മറ്റുമാക്കാനും മടിച്ചിട്ടില്ല.] 'ആ' എന്നതോ, പാദപൂരണമാത്രവും! എന്തെങ്കിലും ഒരു കുറവോ അപശബ്ദമോ തീണ്ടാത്തതും തെല്ലൊരു കണ്ണുസുഖം നല്കുന്നതുമായ ശ്ലോകം 'വീരവര'നിൽ ഇല്ലെന്നതന്നെ പറയാം. *കൂട്ടുപിടിച്ചു എന്നതിനെ 'പിടിച്ചുകൂട്ടായ'' (79) എന്നു മറിപ്പാനും വെടിപറയൽ വിട്ട 'വെടിവാക്കു' പൊല്ലാ'നും (88) മറ്റും നമ്പൂതിരിക്കവിതകൾകൂടി ധൈര്യപ്പെടുന്നത് കാലദോഷത്താലായിരിക്കാം! തല്പുരുഷമതല്പുരുഷപ്രശസ്തവാചകങ്ങളിൽ ഭക്തിയേറിയ 'രാജഭക്തി'കാരൻ ഇതാ, ആകാശത്തെയും 'മച്ചിക'കൊണ്ടു മച്ചിച്ചിരിക്കുന്നു! ('അംബരമച്ചികയിൽ' 81=നല്ല ആകാശത്ത്) ഇക്കണക്കിനു സൂര്യതല്പുരുഷം, ചന്ദ്രമതല്പുരുഷമുതലായവയും പുറത്തു ചാടിത്തുടങ്ങില്ലെന്നുറച്ചുകൂടാ!! 89–ാം ശ്ലോകത്തിൽ സരസ്സിനെ 'നന്ദപ്പൂന്തോട്ട'മാക്കിയത്, ഗംഗയെ പുണ്യലക്ഷ്മിയുടെ ക്രീഡാശൈലമെന്നോ മറേറാ വർണ്ണിക്കുന്നതുപോലെ വികൃതമായിത്തോന്നുന്നു.

ഹേമന്തത്തിൽ താമര നശിക്കുമെന്നാണല്ലോ കവിസങ്കേതം; ഇവിടങ്ങളിൽ അനുഭവവും അങ്ങനെത്തന്നെയാണ്. എന്നാൽ 'വീരവരനി'ലെ ഹേമന്തം താമരയ്യു് ഒരാപത്തും വരുത്തിയിട്ടില്ലെന്ന് 50–ാം ശ്ലോകം ('പാരം വിടൻ നളിനങ്ങളൊടും') നോക്കിയാലറിയാം. വർണ്ണനയിൽ വല്ലതും ചുരുക്കി നായകന്റെ നരബലിക്രിയാഘട്ടം കുറഞ്ഞൊന്നു വിസ്തരിച്ചു വായനക്കാരിൽ കരുണത്തിന്റെ ഒരു കണികയെങ്കിലും ജനിപ്പിപ്പാൻ കവി യത്നിക്കേണ്ടതായിരുന്നു. അച്ഛൻ മകന്റെ കഴുത്തിൽ വാൾ വെയ്യാനൊരുങ്ങുക എന്നത് ഒരു ചില്ലറക്കാര്യമല്ലല്ലോ. ലക്ഷ്മണൻ നമ്പൂതിരിപ്പാടവർകളുടെ ഇനിയത്തെ കൃതി ഇതിലുമധികം മനോഹരമായിത്തീരുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

---

* അപശബ്ദങ്ങളെ എടുത്തു കാണിപ്പാൻ ഇവിടെ സ്ഥലമില്ല. എന്നാൽ സംസ്കൃതത്തിൽ സാധാരണമല്ലെങ്കിലും മലയാണ്മയിൽ പ്രചുരപ്രചാരമായിത്തീന്നിരിക്കുന്ന 'ശോഭായമാനം', ചിലർ അഭിപ്രായപ്പെട്ടതുപോലെ, അത്ര അബദ്ധമാണെന്നു ഗ്രന്ഥകാരൻ ധരിക്കരുത്. ലോഹിതാഗണത്തിൽ (ലോഹിതാദിഡാഞ്ഭ്യഃക്യഷ്ഞ്) ശോഭാശബ്ദത്തെയും ചേർത്തു 'ശോഭയമാന'ത്തെ സാധുകരിക്കാമെന്നു തോന്നുന്നു.

Digitized By Kerala Sahitya Akademi

കള്ളന്റെ കള്ളൻ

ഗ്രന്ഥകർത്താവ്: കുന്നത്ത് ജനാർദ്ദനമേനോൻ

'കണ്ണിൽ ചോരയില്ലാതെ' കണ്ടവരെ പിടിച്ചു ഭേദ്യംചെയ്യുക്രൂരം തെളിയിയ്ക്കുന്ന സമ്പ്രദായം മഹാകഠിനവും അന്യായവുമാണെന്നും, നല്ല ക്ഷമയും സൂക്ഷ്മദർശിതയും ഉള്ളവർ ശ്രദ്ധിച്ചു ശ്രമിച്ചാലല്ലാതെ ബുദ്ധിപൂർവ്വങ്ങളായ മിക്ക പാതകങ്ങളും വെളിപ്പെടുകയില്ലെന്നും ജനങ്ങളെ പഠിപ്പിക്കുന്നതിന്ന്, ഇംഗ്ലീഷിലും മറ്റുമുള്ളതുപോലെ 'ഡിഡെക്ടീവ് നോവൽസ്'' (Detective Novels) എന്ന ഇനത്തിൽപ്പെട്ട കഥാപുസ്തകങ്ങളും നമ്മുടെ ഭാഷയിലും അവശ്യം ഉണ്ടായിരിക്കേണ്ടതാണ്. ഇപ്പോടിയിൽ പൂർവ്വാധികം ഇളകിത്തീർന്നിട്ടുള്ള ഭാഷാസ്നേഹത്താലും, ഭരണപരിഷ്കാരൌൽസുക്യത്താലും, ചില ഉത്സാഹികളായ ചെറുപ്പക്കാർ ഈ വിഷയത്തിലും കണ്ണുവെച്ചു തുടങ്ങിയിട്ടുണ്ട്. അതിന്റെ ആസ്വാദ്യഫലങ്ങളിൽ ഒന്നാണ് ''കള്ളന്റെ കള്ളൻ''. പ്രസിദ്ധഗദ്യകാരനായ ശ്രീമാൻ കുന്നത്ത് ജനാർദ്ദനമേനോൻ എഴുതിയ ഈ പുതുപുസ്തകത്തോട് ഞങ്ങൾ സസന്തോഷം സ്വാഗതം പറഞ്ഞുകൊള്ളുന്നു.

ഈ പുസ്തകത്തിൽ ആകെ ആറു കഥകളാണുള്ളത്. പുറമേ പൊന്തിനില്ക്കുന്ന ഓരോ സംഗതിയെ സാരമാക്കിപ്പിടിച്ചു, നിരപരാധരിൽ കുറ്റം ചുമത്തുകയും, ഒടുവിൽ സാവധാനമായ അന്വേഷണത്താൽ വാസ്തവം തെളിയുകയുമാണ് ഓരോ കഥയുടേയും സ്വഭാവം. വായനക്കാരുടെ അനുമാനബുദ്ധിയെ തട്ടിയുണർത്തി, കല്പനാകൌശലത്താൽ അതിനെ അങ്ങോട്ടുമിങ്ങോട്ടും ആട്ടിക്കൊണ്ട് മേല്പോട്ടുയർത്തി, രസസമ്പൂർണ്ണമായ പരിണാമത്തിൽ എത്തിക്കുന്ന ഇത്തരം ചെറുകഥകൾ സ്വയമേവ നിർമ്മിക്കുന്നതിന്ന് ഒരസാമാന്യമായ രസികത്വവും, ലോകപരിചയവും കൂടിയേ കഴിയൂ.

എന്നാൽ, ഇതിലെ എല്ലാ കഥകളും ശ്രീമാൻ ജനാർദ്ദനമേനോന്റെ സ്വന്തം പ്രതിഭയിൽ വിളഞ്ഞവയാണെന്നു പറയുവാൻ ഞങ്ങൾക്കു ധൈര്യമില്ല. ഗ്രന്ഥകർത്താവ് മറ്റൊരാൾക്കു കടപ്പെട്ടിട്ടുള്ളതായി മുഖവുരക്കാരൻ (മിസ്റ്റർ വാര്യത്ത് ബാലകൃഷ്ണമേനോൻ) നമുക്കറിവു തരുന്നില്ലെങ്കിലും, ഇതിലെ ഓരോ കഥയും വിളിച്ചുപറയുന്ന വിധം, സത്യം മറച്ചുവെയ്ക്കാവുന്നതല്ലല്ലോ. 'കള്ളന്റെ കള്ള'നിലെ മുത്തുമാല, വെള്ളത്താടി എന്നീ രണ്ടും ആറു കഥകൾ അഡ്വാൻചർസ് ഓഫ് ഷേർലോക്ക് ഹോംസ് (Adventures of Sherlock Holmes) എന്ന പുസ്തകത്തിലെ ദി ബെറൈൽ കോറോണാറ് എന്നും (Beryl Coronet) എന്നും ദി റെഡ്ഹെഡ്ഡ് ലീഗ് (The red-headed League) എന്നും പറയുന്ന രണ്ടു കഥകളുടെ ഏകദേശതർജ്ജമയാണെന്നു ഞങ്ങൾക്കു തോന്നുന്നു. ഞങ്ങളുടെ ഈ ഓർമ്മ ശരിയല്ലെങ്കിൽ, വാക്കൊന്നിന്നു മൂന്നു ഷില്ലിംഗ് (രണ്ടേകാൽ ഉറുപ്പിക) വീതം വില കിട്ടിയിരുന്ന ഒരു അസാധാരണഗദ്യകാരനായ എ. കോണൻ ഡോയലിന്റെ കൃതികളോട് കിടപിടിയ്ക്കുന്നതാണ് മേല്പറഞ്ഞ കഥകളെ പത്തേ

Digitized By Kerala Sahitya Akademi

പത്തു ദിവസംകൊണ്ട് (പത്തു ദിവസംകൊണ്ടാണ് 'കള്ളന്റെ കള്ളൻ' എഴുതിത്തീർന്നതെന്നു മുഖവുരയിൽ കാണുന്നു.) എഴുതിത്തള്ളുവാൻ തുണിയുള്ള ഒരു സാഹിത്യവീരൻ കൈരളിയ്ക്കു കൈവന്നിട്ടുണ്ടെന്നു നമുക്കു തീച്ചയായും അഭിമാനിക്കാം! അതല്ല, ഞങ്ങളുടെ ഓമ്മ പിഴച്ചിട്ടില്ലെങ്കിൽ, പരകീയഗ്രന്ഥത്തെ സ്വകീയമാക്കുക എന്നതു പുതുപരിഷ്കാരങ്ങളിൽ ഒന്നാണെന്നു സമാധാനിക്കാം!!

സ്വന്തമായാലും ശരി, തർജ്ജമയായാലും ശരി, പുസ്തകം നന്നായിട്ടുണ്ടോ എന്നു നാം പ്രധാനമായി നോക്കേണ്ടതുള്ളു. ഇതിലെ എല്ലാ കഥകളും അത്യന്തം ഹൃദയാകർഷകങ്ങളാണ്. പക്ഷേ, അവയുടെ ആസ്വാദ്യതയ്ക്കാലും ഒരു വിദേശീയച്ചുവയാൽ ബാധിതമായിരിക്കുന്നു. മുത്തുമാല എന്ന കഥയിൽ, അമ്മാമൻ മരുമകളുടെ സൗന്ദര്യം വർണ്ണിക്കുന്നതിരിയ്ക്കട്ടെ; കേട്ടവിദ്വാനു 'നാണിക്കുട്ടിയെ ഞാൻ കണ്ടപ്പോൾ, ശങ്കരപ്പണിക്കർ അവളുടെ സൗന്ദര്യത്തെപ്പറ്റിപ്പറഞ്ഞതു കുറെ കുറഞ്ഞുപോയി' (ഭാ: 38) എന്നു തോന്നിയത് മഹാകഷ്ടം തന്നെ. 'സൗന്ദര്യം പോലെതന്നെ ബുദ്ധിഗുണമുള്ള' നാണിക്കുട്ടി അമ്മാമനോട് ദാസിയുടേയും തൽകാമുകന്റേയും ഗൂഢസമാഗമവും മറും സങ്കോചലേശമെന്നിയെ പറയുന്നതും നായർത്തറവാടുകളിലെ മട്ടിനു തെല്ലും യോജിച്ചവയല്ല. എന്നാൽ ഇതിലും ഒരായിരം മടങ്ങ് അനുചിതമായിരിക്കുന്നു, മരുമകൾ കാമുകന്റെ 'കൈകോർത്തു പിടിച്ചുകൊണ്ട്' പുഞ്ചിരിയും തൂകി അമ്മാമന്റെ മുമ്പിൽ പ്രവേശിച്ചു എന്നത്. (57) ഈ വകയെല്ലാം, സഹോദരീസഹോദരന്മാർ ആലിംഗനചുംബനാദികൾകൊണ്ട് പരസ്പരോപചാരം ചെയ്യാറുള്ള സമുദായത്തിലേ ശോഭിക്കുകയുള്ളു.

അന്യകഥയുടെ ആകൃതി മാറുന്നതോടുകൂടി പ്രകൃതിയും മാറാതിരുന്നാൽ വന്നുചേരാവുന്ന പലതരം വൈകൃതങ്ങൾ ഇപ്പുസ്തകത്തിലുള്ള എല്ലാ കഥകളേയും ഏറെക്കുറെ ബാധിച്ചിട്ടുണ്ട്. തുരുക്കിപ്പുറകയാണെങ്കിൽ, മലയാളിവേഷം ധരിച്ച കുറെ യൂറോപ്യന്മാരെ പരശുരാമക്ഷേത്രത്തിലെയ്ക്ക് ഇറക്കിവിടുകയാണ്, ഈ കഥാപുസ്തകം എഴുതിയ പത്തുനാൾകൊണ്ടു 'ദേശഭക്തനായ ജനാർദ്ദനമേനോനവർകൾ ചെയ്തിട്ടുള്ളത്. മറൊരു ഗ്രന്ഥകാരനെ ആശ്രയിച്ചുകൊണ്ടാണ് തന്റെ കഥാനിർമ്മാണം എന്നു സമ്മതിപ്പാൻകൂടി ക്ഷമയില്ലാത്ത മിസ്റ്റർ മേനോൻ റെഡ്ഹെഡ്ഡ് ലീഗി (Red-Headed League)ലെ 'ഫ്രീമെയ'സന്നു പകരം സ്വഭാഷാമാത്രാഭിജ്ഞനായ അമ്പലക്കാട്ടു ഗോവിന്ദൻനായരെ 'ബ്രഹ്മവിദ്യാ' സംഘാംഗമാക്കിത്തീർക്കാൻ അത്ര ബുദ്ധിമുട്ടേണ്ടിയിരുന്നില്ല!

മിസ്റ്റർ മേനോന്റെ വാചകങ്ങൾക്ക് ഒരടുക്കും മിടുക്കുമുണ്ടെന്ന് ആരും സമ്മതിക്കും. എന്നല്ല, അദ്ദേഹം സ്വന്തമായി ഒരു വാചകരീതി വീണിട്ടുള്ള തുരുക്കം ചിലരുടെ കൂട്ടത്തിൽ പരിഗണിതനായ ഒരാളാണുതാനും. അതിനാൽ ഈ പുസ്തകത്തിലെ ഭാഷാരീതിയെപ്പറ്റി വിശേഷിച്ചൊന്നും പറയേണ്ടതില്ല. നമ്മുടെ എഴുത്തുകാരിൽ മിക്കപേരും തട്ടിവിടാറുള്ള അപപ്രയോഗങ്ങൾ ഇതിലും സ്ഥലംപിടിച്ചിട്ടുണ്ടെങ്കിൽ, അതത്ര സാരമായി കരുതാനില്ലല്ലോ.

എന്നാൽ ചിലേടത്തു, കഥാപാത്രങ്ങൾക്കെന്നപോലെ ഭാഷയ്ക്കും ഒരു വൈലക്ഷണ്യം കാണുന്നതു അതിദുസ്സഹമായി തോന്നുന്നു. 19–ാം

Digitized By Kerala Sahitya Akademi

ഭാഗത്തു "ഞങ്ങളുടെ വണ്ടി അബൂബേക്കറുടെ വീട്ടിൻപടിക്കൽ വന്നു നിൽക്കുകയും....." എന്നതിലെ 'വന്നു' ചെന്നുവാകാഞ്ഞാൽ അയാൾ എന്റെ അടുക്കൽ ചെന്നു എന്നു പറയുന്നതുപോലിരിക്കും. 'വീട്ടിൽ കടന്നു' എന്നു പറഞ്ഞാൽ ഭവനമുൾപ്പുക്കു എന്നാണർത്ഥം തോന്നുക. അതിനാൽ 'വീട്ടിൽ കടന്നു കോലായിലിരുന്നത്" (ഭാ. 93) വീട്ടിന്റെ പുറംകോലായിൽ ഇരുന്നതായി ആരും വിചാരിക്കയില്ല. 'ഇരുന്നിട്ടുണ്ടായിരുന്നത്" (12), 'വന്നുകൊണ്ടിരിക്കുമ്പോൾ' (72), 'അതിനു ക്ഷമിക്കുവാൻ ദയയുണ്ടാവണം' (103), 'വന്നിരുന്നു.....നോക്കിക്കൊണ്ടിരുന്നു' (129) മുതലായവ മലയാളഭാഷ കരണ്ടു കരണ്ടു പഠിച്ച ഒരു വിദേശീയൻ പുറപ്പെടുവിക്കുന്ന ശബ്ദവിശേഷങ്ങൾപോലിരിക്കുന്നു. 161–ാം ഭാഗത്തെ 'ക്രൂരസമ്മിളിതം' ക്രൂരതാസമ്മിളിതം എന്നോ മറേറാ ആക്കിയാലേ സുബദ്ധമാകയുള്ളു. ക്രൂരം നാമവിശേഷമാണ്, നാമപദമല്ല. 104–ാംഭാഗത്ത് ആധാരമാക്കി എന്നർത്ഥത്തിൽ 'ആധരിച്ചു' എന്നൊരു പുതുപ്രയോഗം കാണുന്നുണ്ട്. ഇതു 'പാലക്കാടൻ ഭാഷ'യാണോ എന്നു ഞങ്ങൾക്കറിഞ്ഞുകൂടാ. ദേശ്യപദങ്ങളെ നിശ്ശേഷം ത്യജിക്കണമെന്നു ഞങ്ങൾ ശഠിക്കുന്നില്ല. എന്നാൽ, "അദ്ദേഹം അതു തുറന്നുനോക്കിയതും, 'ഹാ' എന്നു ശബ്ദിച്ചുകൊണ്ടു കസാലമേൽ മലന്നു" (47) എന്നത് പാലക്കാടൻ ഭാഷ പരിചിതമല്ലാത്തവർ ഒരു അനന്വയവാക്യമായേ ഗണിക്കുകയുള്ളു; 'നോക്കിയതും' എന്നതിന്നു നോക്കിയ ക്ഷണത്തിൽ എന്നാണ് അർത്ഥമെന്നു പറഞ്ഞു ധരിപ്പിക്കുകതന്നെ വേണ്ടിവരും. "അതെന്തെന്നു അറിഞ്ഞുകൊണ്ട് ഉചിതമെന്നു തീർമാനിച്ചുകൊണ്ടാണ്....." (58) എന്നും മറുമായി 'കൊണ്ടു' പ്രയോഗത്തിൽ ഈ ഗ്രന്ഥകാരൻ കുറെയധികം കൊണ്ടുപിടിച്ചിട്ടുണ്ട്. നിബിഡമായ അന്ധകാരത്തിൽ ചെറിയ വിളക്കിന്നു പോലും പ്രകാശം കൂടുന്നതായിട്ടാണല്ലൊ നാം കണ്ടിട്ടുള്ളത്. ഈ പുസ്തകത്തിന്റെ 115–ാം ഭാഗത്താകട്ടെ, "കുരിശുട്ടിന്റെ ഞെരുക്കത്താൽ റോഡിലെ വിളക്കുകാൾ മങ്ങിക്കൊണ്ടിരിക്കു"കയാണ് ചെയ്യുന്നത്.

ഇങ്ങനെ, ഞങ്ങൾ മുമ്പു കണ്ടിട്ടില്ലാത്ത അസാമഞ്ജസ്യങ്ങളെമാത്രം ഓരോന്നു തൊട്ടുപോകയാണെങ്കിൽത്തന്നെ ഈ നിരൂപണം അതിദീർഘമായിത്തീരും. എന്നാൽ സന്തോഷത്വം ഗ്രണശ്രാഘയുടെ പ്രതിബന്ധമായിക്കൂടല്ലോ. സംഭവേങ്ങാൾ വിദേശത്തെങ്ങാനും നടന്നവയായി സങ്കല്പിച്ചുകൊണ്ടു വായിക്കുന്നതായാൽ മനസ്സിനെ ഉന്മുഖമാക്കി രസിപ്പിക്കാനുള്ള ശക്തി 'കള്ളന്റെ കള്ള'ന്നുണ്ട്. അതിനാൽ, ഈ കമനീയമായ കഥാപുസ്തകം എഴുതിത്തന്ന മിസ്റ്റർ ജനാർദ്ദനമേനോന്റെ ശ്രമത്തെ നാം കൃതജ്ഞതാപുർവ്വം അഭിനന്ദിക്കേണ്ടിയിരിക്കുന്നു.

Digitized By Kerala Sahitya Akademi

വാടിയ പൂവ്

ഒരു ഖണ്ഡകൃതി

ഗ്രന്ഥകർത്താവ്: കെ. എം. കൃഷ്ണൻവൈദ്യൻ

"പൂവാടി പുക്കൊരു ദിനം പുലരെ പ്രഭാത–
പ്പൂവാടയേറവിടെ നോക്കി നടക്കവേ(*)
പൂവാടികാനടുവിലങ്ങൊരിടത്തൊരോമൽ–
പ്പൂ വാടി നില്പതിൽ....."

മനസ്സലിഞ്ഞു അതിന്റെ തത്താദൃഗ്ഗുണങ്ങളെ സ്മരിച്ചുകൊണ്ട് അനുശോചിച്ചും ഒടുവിൽ പ്രാപഞ്ചികധർമ്മങ്ങളുടെ ക്ഷണഭംഗുരതയോർത്തു സമാശ്വസിച്ചും കെ. എം. കൃഷ്ണൻവൈദ്യരവർകളാൽ നിർമ്മിതങ്ങളായ നൂറു വസന്തതിലകശ്ലോകങ്ങളടങ്ങിയ ഒരു ചെറുപുസ്തകത്തിന്റെ പേരാണ് 'വാടിയ പൂവ" എന്നത്. വാടിയതാണെങ്കിലും ഈ പൂവിൽനിന്നു കവിയുടെ വാസന ഒരുവിധം പ്രസരിക്കുന്നുണ്ട്.

"നിന്മെയ് തളർന്നു തരസാ ഗതജീവഭാവം
മെന്മേൽ വഹിച്ചു വലയും നില കാണുകയാലേ
വന്മാൽ പിണഞ്ഞു തവ സോദരകോരകാളി
സമ്മൂർച്ഛയാൽ ചലനമറിത നോക്കിനില്പൂ."

എന്ന പദ്യം വളരെ മനോഹരമായിരിക്കുന്നു. ഇത്തരത്തിൽ വേറെയും ചില പദ്യങ്ങളും ഇതിൽ കാണാം.

എൻ. കുമാരനാശാൻ എന്ന സുകൃതിയാൽ സംസ്മരിക്കപ്പെട്ട്, അമരലോകം അലങ്കരിച്ച'തായ 'വീണ പൂവ", 'തൽസുകൃതഹാനിയിലക്കുലത്തിൽത്തന്നെ' വീണ്ടും ജനിച്ചതാണ് ഈ പൂവെന്നു കവി തുറന്നുപറഞ്ഞിട്ടുണ്ട്. (19 മുതൽ 22 വരെ ശ്ലോകങ്ങളും നോക്കുക) എന്നാൽ ജന്മങ്ങളും പിന്നെപ്പിന്നെ ശ്രേഷ്ഠങ്ങളായിട്ടേ വരൂ എന്നുള്ള സിദ്ധാന്തവിശേഷം ഈ പുനർജ്ജന്മത്തിൽ അത്ര യോജിച്ചുകാണുന്നില്ല. ആകൃതിസൗഷ്ഠവം കൊണ്ടു 'വാടിയ പൂവ" 'വീണ പൂവി'നെ തെല്ലൊന്നു അതിശയിക്കുന്നുണ്ടെങ്കിൽ, പ്രകൃതിരാമണീയകത്തിൽ തുലോം ഹീനമായിട്ടാണിരിക്കുന്നത്. ഇത്രയെങ്കിലും ആഭ്യന്തരഗുണം ഈ ഖണ്ഡകൃതിക്കു ലഭിച്ചതു ഗ്രന്ഥകാരൻ ആശാനെ നിഴലെന്നവണ്ണം അനുസരിച്ചതുകൊണ്ടാണെന്നാണ്. ചരമാവസ്ഥയടഞ്ഞ ആ 'വീണ പൂവി'നെ ഈവിധം വീണ്ടുകൊണ്ടുവന്നതിൽ അസാധാരണമായ ഒരു 'വൈദ്യ'വൈദഗ്ധ്യം വെളിപ്പെട്ടിട്ടുണ്ടെങ്കിലും, ഇതുകൊണ്ടു വിശേഷിച്ചൊരു പ്രയോജനം സിദ്ധിച്ചതായിഞങ്ങൾക്കു തോന്നുന്നില്ല. 'പൂവു യഥാർത്ഥകവികർമ്മമുലക്ഷ്യ' (ശ്ലോ: 69) മാണെന്ന അഭിപ്രായത്താലായിരിക്കണം, ശ്രീമാൻ കൃഷ്ണൻവൈദ്യൻ

---

* അച്ചടിത്തെറ്റിൽ പറ്റിയിരിക്കാവുന്ന ഈ ന്യൂനത എങ്ങനെ പരിഹരിക്കാമെന്നറിഞ്ഞില്ല. —പ്രസാധകൻ

Digitized By Kerala Sahitya Akademi

കുമാരനാശാനവർകൾക്ക് ഇത്രയും കടപ്പെട്ടതു്. പുവുപോലെതന്നെ, പ്രകൃതിയുടെ സമ്പത്തു സകലവും 'യഥാത്ഥകവികൾക്കുലക്ഷ്യ'മാണു്.

വൈദ്യനവർകളുടെ രചനയ്ക്കു്, ആശാനവർകളുടേതിനുള്ളേടത്തോളം, അത്ര ശ്ലഷ്ടതയോ ക്ലിഷ്ടതയോ ഇല്ലെന്നു സസന്തോഷം സമ്മതിക്കാം. പക്ഷേ, പലതരം അപഭ്രംശങ്ങളാൽ പങ്കിലമായ ഒന്നാണു് ഈ ഖണ്ഡകൃതി. 'പുത്തൻതുഷാരമുടുളാംശുകമെന്തിനേവം ചാർത്തുന്നു സൽഗ്രഹണഗണങ്ങം മറഞ്ഞുപോമോ?' എന്നു (ശ്ലോ: 17) കവി പുഷ്പത്തിനോടു ചോദിക്കുന്നതിന്റെ ഔചിത്യം ചിന്തനീയമായിരിക്കുന്നു: സൽഗ്രഹണഗണാച്ഛാദനത്തിന്നായി ആരെങ്കിലും വസ്ത്രം ധരിക്കാറുണ്ടോ? ആശ്രിതർ ആപത്തിൽ സഹായിപ്പാൻ വരുന്നതു് ഉചിതമാണെങ്കിലും, ആ സംഗതിയെ,

"എന്നാകിലും ചെറിയ ലാഭമൊരിക്കലുണ്ടായ്—
വന്നീടുമാറൊരുവനൊന്നിനെയാശ്രയിച്ചാൽ
പിന്നേവമുള്ള ഘനപീഡയറിഞ്ഞടുത്തു
വന്നീടുകെന്നതുചിതജ്ഞതയാണു നൂനം."

എന്നിങ്ങനെ വൃഥാസ്ഥൂലമാക്കുന്നതു് അത്ര ഉചിതമല്ല. ഗണിയ്ക്കുകയില്ല എന്നതിനെ "ഗണിപ്പതിലനാദരമാന്നിരിപ്പൂ" (ശ്ലോകം: 82) എന്നാക്കിയാൽ പ്രൌഢിയല്ല, വക്രതയാണു് വന്നുകൂടുക.

"താരുണ്യവേളയിലരിഷ്ടത പുണ്ട നീയെ—
ന്താരോമലേ' നിജഗ്രഹണാപ്തി വഹിച്ചു ലോകേ?"

എന്ന ചോദ്യത്താൽ,

"പോരിൽ പിറപ്പിനുരുഭാഗ്യമുയർന്നുവെന്നാ—
ലാരും തദീയഫലസിദ്ധിവരുത്തിടേണം."

(ശ്ലോ: 77) എന്ന നിയമമനുസരിച്ചു പ്രസ്തുതപുഷ്പം യാതൊന്നും പ്രവർത്തിച്ചിട്ടില്ലെന്നു വരുന്നുണ്ടല്ലോ. ഇതിനു വിരുദ്ധമാണു്, 79—ം 90-ം ശ്ലോകത്തിലെ പ്രമേയം.

"ആരും ജഗത്തിനുതകുന്ന പരോപകാരം
നേരേ വഹിക്കണമതിനു സുപുഷ്പമേ, നീ
സ്വൈരം വരിച്ച വരവൃത്തിയിതോർത്തുകണ്ടാ—
ലാരാണു നിന്നെ മുടിമേലണിയിച്ചിടാത്തു?"

(ശ്ലോ: 79) 'പൂവേണിമാരുടെ കേശഭരത്തിലും, ദേവാർച്ചയിങ്കലും അണഞ്ഞിട്ടില്ലാ'ത്ത (ശ്ലോ: 85) പുഷ്പത്തിനു് 'ഒന്നാന്തരം ധവളകീർത്തി ലഭിച്ചതു' (ശ്ലോ: 14) വംശമഹിമയാലായിരിക്കാം.

'ഭവൽസുഖത്തിലല്ലേ നിജാത്മിയിലുമിക്കുസുമാഭിലാഷാ' എന്നതിക്കിൽ വിവക്ഷിതാത്ഥപ്രതീതി ശരിയായുണ്ടാകണമെങ്കിൽ കുസുമത്തിനു് അഭിലാഷം എന്നു വ്യത്യസ്തമായിത്തന്നെ പ്രയോഗിക്കണം. വന്മാൽ പിണയുന്നതുപോലെ 'തന്നിഷ്ടസിദ്ധിപിണ' (ശ്ലോ: 55) ഞ്ഞാൽ നന്നല്ല; അനിഷ്ടപ്രാപ്തിദ്യോതകമാണല്ലോ പിണയൽ. 81—ാം ശ്ലോകത്തിൽ 'മഹത്ത്വ'വും 'മഹിമ'യും വന്നുകൂടിയതും 73—ാംശ്ലോകത്തിൽ

Digitized By Kerala Sahitya Akademi

നിവസിപ്പൊരു പുക്കൾ' 'മരുവുന്ന'തും മറ്റും ഇരട്ടിപ്പാണു്. 'ആപിച്ചു', 'പ്രാപിക്കും' (ശ്ലോ: 80) 'ലോകേ', 'ലോകോത്തര' (ശ്ലോ: 70) എന്നും മറ്റുമായി ഒരേതരം പദങ്ങളെ ഒരു ശ്ലോകത്തിൽ അനേകത്ര വിനിവേശിപ്പിക്കുക എന്നതു്, കുട്ടിക്കവികൾക്കുടി ചെയ്യാവുള്ളതല്ല.

1–ാം ശ്ലോകത്തിൽത്തന്നെ കാണുന്ന പറഞ്ഞിവണ്ണം (പറഞ്ഞു+ഇവണ്ണം) 'ഖേദിക്കുന്നെന്തു' (ശ്ലോ: 67) മുതലായ വിസന്ധികളെപ്പറ്റിയും 'അറയ്ക്കും', 'അമാന്തം' (ശ്ലോ: 28, 34) മുതലായവയെ അസ്ഥാനത്തു പ്രയോഗിച്ചിട്ടുള്ളതിനെപ്പറ്റിയും 'പിട്ടല്ല', 'പുനഃ' (ശ്ലോ: 27) തുടങ്ങിയ നിരർത്ഥപദങ്ങളെപ്പറ്റിയും ഇസ്സാഹസക്രിയ എന്നും അട്ടീർഘനിദ്ര എന്നുമല്ലാതെ, 'ഈ സാഹസക്രിയ' (ശ്ലോ: 86) 'ആ ദീർഘനിദ്ര' (ശ്ലോ: 93) എന്നിങ്ങനെ ശ്രദ്ധമായി വായിക്കേണമെന്നു ഗ്രന്ഥകാരൻ ആവശ്യപ്പെടുന്നതിലുള്ള സങ്കടത്തെപ്പറ്റിയും മറ്റും വിസ്തരിപ്പാൻ ഇവിടെ സൗകര്യമില്ല. 2–ാംശ്ലോകത്തിലെ നഭോവിശേഷണമായ 'നീരന്ധ്രതോരപരിഭാസുരം', 56–ാം ശ്ലോകത്തിലെ 'പ്രാമാണ്യപുണ്യപരിഭ്രതി', 61–ാം ശ്ലോകത്തിലെ പൂവ്വജന്മവിശേഷണമായ 'ശങ്കാവിഹീനതരം' എന്നിവ അർത്ഥം പറഞ്ഞുണ്ടാക്കേണ്ട വകയാണു്. 14–ാം പദ്യത്തിലെ 'സീമാതിരേകം' സീമാതിശായി എന്നോ മറേറാ ആക്കിയേ വെട്ടപ്പാക്കൂ.

തെറ്റുകൾ കുറെയെങ്കിലും, ക്ഷമയോടെ നോക്കി പരിഹരിച്ചിട്ടാണു് ഈ കൃതി പുറത്തിറക്കിയതെങ്കിൽ, വാസനക്കാരനായ വൈദ്യനവർകളുടെ ശ്രമം ഇതിലധികം ശ്ലാഘനീയമായിത്തീരുമായിരുന്നു.

Digitized By Kerala Sahitya Akademi

കോമളവല്ലി

ഗ്രന്ഥകർത്ത്രി: തരവത്ത് അമ്മാളുഅമ്മ.

മഹത്തുക്കൾക്കു നേരിടുന്ന ആപത്തും പൊതുജനങ്ങൾക്കു ഗുണകരമായിച്ചമയുന്നു. അഞ്ചാറാണ്ടുകൾക്കുമുമ്പ് അമ്മാളുഅമ്മ അവർകളുടെ ജ്യേഷ്ഠഭ്രാതാവു രോഗശയ്യയെ പ്രാപിച്ചില്ലായിരുന്നു എങ്കിൽ, 'കഥാലോകത്തിൽനിന്നും വിഭിന്നമായ മനോഗതി'യോടുകൂടിയ അവരിൽനിന്നു 'കോമളവല്ലി' എന്ന ഈ കോമളഗദ്യകാവ്യം മലയാളികൾക്കു ലഭിക്കുകയില്ലായിരുന്നു. ആതുരശുശ്രൂഷാശ്രമത്താൽ വേദാന്തഗ്രന്ഥങ്ങളിൽ പെരുമാറാൻ വേണ്ട മനക്കരുത്തില്ലാഞ്ഞിട്ടത്രേ അവർ വിശ്രമാർത്ഥം കഥാപുസ്തകത്തിൽ കൈവെച്ചത്. നോക്കുക, ആ മനസ്വിനിയുടെ മാതൃഭാഷാസ്നേഹവും മഹോത്സാഹവും!

ഒരിംഗ്ലീഷ് നോവലിനെ അനുകരിച്ച ഒരു തമിഴ്പുസ്തകത്തിന്റെ തർജ്ജമയാണിത്. ഇതിലെ കഥാബന്ധത്തിന്നുള്ള ഭംഗി കുറച്ചൊന്നുമല്ല. അതു വായനക്കാരനെ അവസാനംവരെ ബലാദാകർഷിക്കുന്നു. ശാന്തമായി പ്രവഹിക്കുന്ന നദിയിൽ അഴിച്ചുവിട്ട തോണിയുടേതിനൊത്തിരിക്കും, 'കോമളവല്ലി'യിൽ അവഗാഹനംചെയ്ത മനസ്സിന്റെ ഗതി. എന്നാൽ ഊരും പേരും മാറിയതോടുകൂടി പാത്രങ്ങളുടെ നടപടികൾക്കും ഉചിതമായ മാറ്റം വരുത്താഞ്ഞതിനാൽ ഒരു വിലക്ഷണത ഈ കഥയെ ബാധിച്ചിട്ടില്ലെന്നില്ല. 'കോമളവല്ലി'യിലെ വീരമാർത്താണ്ഡപ്രഭൃതമതലായ ഭാരതീയദേഹങ്ങളിൽ യൂറോപ്യരുടെ ആത്മാവാണ് കുടികൊള്ളുന്നതെന്നു തോന്നിപ്പോകും. യുവതികളായ കന്യകമാർ കാമുകന്മാരുടെ കയ്യും കോർത്തുപിടിച്ചു ലാളിക്കുന്നു; തരുണിമാർ തനിയേ ഏതു ദിക്കിലേയ്ക്കും യാത്രചെയ്യുന്നു; അച്ഛൻ മകളോട് അമ്മയുടെ സൗന്ദര്യം കാമവികാരത്തോടെ വർണ്ണിക്കുന്നു; അമ്മ പുത്രിമാരുടെ അടുക്കലേയ്ക്കു യുവാക്കന്മാരെ കൂട്ടിക്കൊണ്ടുപോകുന്നു. ഈ വക ഉച്ചൃംഖലങ്ങളായ ശീമപ്പരിഷ്കാരങ്ങൾ വിനീതയായ ഭാരതഭ്രമിക്കനുരൂപങ്ങളാണോ? 'ബലിപീഠ'വും 'ഉപന്യാസപീഠ'വും മറ്റും രത്നഗിരിക്കോട്ടയിലെ ഹിന്ദുദേവാലയത്തെ ഏതാണ്ട് ഒരു കൃസ്ത്യീയപ്പള്ളിയാക്കിത്തീർത്തിരിക്കുന്നു. അജ്ഞാതയായ നായികയെ —കോമളവല്ലിയെ—പ്രധാനമായി അവളുടെ നീലക്കണ്ണുകൾ കണ്ടിട്ടാണ് വീരമാർത്താണ്ഡപ്രഭുവിന്റെ മകളാണെന്ന് ആളുകൾ ഊഹിച്ചത്; എന്നാൽ നമ്മുടെ നാട്ടിലല്ല, പൂച്ചക്കണ്ണികളുടെ ഇടയിലായിരിക്കും, നീലാപാംഗിക്ക് അസാധാരണത!!

മൂലത്തിലെ (തമിഴ്ഗ്രന്ഥത്തിലെ) വൈകൃതങ്ങളെപ്പറ്റി നാം ആവലാതിപ്പെടേണ്ട; കഥാരംഗം യൂറോപ്പാണെന്നോർത്തുംകൊണ്ടു വായിച്ചാൽ മതി, തർജ്ജമ നന്നായിട്ടുണ്ട്. ലാളിത്യവും അക്ലിഷ്ടതയുമില്ലാത്ത വാചകങ്ങൾ ഇതിൽ ചുരുങ്ങും. അപശബ്ദങ്ങൾ അധികം കാണുന്നുണ്ടെ

Digitized By Kerala Sahitya Akademi

കിൽ, അതിന്റെ കാരണം, വിവർത്തനകർത്രിക്കു "വിവിധങ്ങളായ മനഃക്ലേശങ്ങളാലും കൃത്യാന്തരബാഹുല്യത്താലും രണ്ടാമതൊന്നു വായിച്ചു പരിഷ്കരിപ്പാൻ സൗകര്യം കിട്ടാഞ്ഞതാണു്." ആ മനഃക്ലേശങ്ങളെയും 'കൃത്യാന്തരബാഹുല്യ'ത്തെയും സഹൃദയന്മാർ ശപിക്കുകതന്നെ ചെയ്യും.

അമ്മാനോദ്യമയായ അമ്മാളുവമ്മ അവർകളുടെ മറ്റു മഹാഗ്രന്ഥങ്ങൾ പോലെതന്നെ 'കോമളവല്ലി'യും കൈരളീസാഹിത്യാരാമത്തിൽ തന്റെ പരിമൃദുലമായ കസുമപരിമളം പരത്തിക്കൊണ്ടു വിളങ്ങുമാറാകട്ടെ!

Digitized By Kerala Sahitya Akademi

ഒരു പിതൃഭക്തന്റെ സ്വാർത്ഥത്യാഗം

ഗ്രന്ഥകർത്താവ്: കിളിമാന്തൂർ കെ. കൃഷ്ണവാര്യർ

സത്യവതി എന്ന ദാശകന്യകയിൽ അത്യന്താനുരക്തനായിച്ചമഞ്ഞ ശന്തനുമഹാരാജാവിന്റെ കാമപൂരണത്തിന്നായി, ശന്തനുവിന്നു ഗംഗാദേവിയിൽ ജനിച്ച മകനായ ഭീഷ്മർ, തനിയ്ക്കുവകാശപ്പെട്ട രാജ്യലക്ഷ്മിയെ ശപഥപൂർവ്വം ഉപേക്ഷിക്കുകയും ബ്രഹ്മചര്യലക്ഷ്മിയെ എന്നെന്നേയ്ക്കുമായി കൈക്കൊള്ളുകയും ചെയ്ത എന്ന ശ്രീമഹാഭാരതകഥയാണ് 'ഒരു പിതൃഭക്തന്റെ സ്വാർത്ഥത്യാഗം'എന്ന ഖണ്ഡകാവ്യത്തിലെ പ്രമേയം. ഇതിന്റെ പൂർവ്വഭാഗത്തിൽ 139–ം ഉത്തരഭാഗത്തിൽ 105–ം ശ്ലോകങ്ങൾ അടങ്ങിയിരിക്കുന്നു. ഒന്നാം ഖണ്ഡം വസന്തതിലകവൃത്തംകൊണ്ടും രണ്ടാമത്തേതു മാലിനീവൃത്തംകൊണ്ടുമാണ് നിബന്ധിയ്ക്കപ്പെട്ടിരിക്കുന്നത്. രണ്ടിന്റെയും അവസാനത്തിൽ വൃത്തവൈചിത്ര്യവും സ്വീകരിച്ചിട്ടുണ്ട്. കിളിമാന്തൂർ കെ. കൃഷ്ണവാര്യരവർകൾ അധികം ഗ്രന്ഥങ്ങൾ നിർമ്മിച്ച പരിചയം സിദ്ധിച്ചിട്ടുള്ള ഒരാളല്ല; ഇത് ഇദ്ദേഹത്തിന്റെ രണ്ടാമത്തെ കൃതിയാണെന്നു പീഠികയിൽ കാണുന്നു. ഈ സംഗതി ഉള്ളിൽവെച്ചുകൊണ്ടു വായിക്കുന്നവർ ഈ കാവ്യത്തെ അത്യധികം അഭിനന്ദിയ്ക്കാതിരിക്കില്ലെന്നാണ് ഞങ്ങൾക്ക് അനുഭവംകൊണ്ടു തോന്നുന്നത്. രചനയുടെ കാര്യത്തിൽ കവി ശ്ലോകംതോറും ശ്ലാഘനീയമാംവണ്ണം ശ്രദ്ധ വെച്ചിട്ടുണ്ട്. സ്വല്പമെങ്കിലും ഒരു 'അസ്ഥിബലം' ഇല്ലാത്ത ശ്ലോകങ്ങൾ ഇതിൽ ചുരുങ്ങും. അലങ്കാരപ്പണിയിലും വാര്യക്ക് വാസനയുണ്ട്.

"വളർന്ന തൻപുണ്യപയഃപയോധിയിൽ
കിളർന്ന പുത്രാഭിധകൗസ്തുഭോപലം
മിളന്നവാഞ്ഛം നിജമാറിലാക്കിനാൻ
തളർന്ന കൈയാൽ പുരുഷോത്തമൻ തദാ"

എന്നീത്തരത്തിൽ വിലപിടിച്ച അലങ്കാരം (ഉത്തരഭാഗം ശ്ലോ: 101) നിർമ്മിപ്പാൻ 'ശക്തി'ദരിദ്രക്ക് ഒരിക്കലും കഴിയുന്നതല്ല. രാജാവിന്നു ഗംഗയുടെ പക്കൽനിന്നു ദേവവ്രതനെ കിട്ടിയ ആ പ്രഥമഘട്ടത്തിലായിരുന്നുവെങ്കിൽ, ഈ 'കൌസ്തുഭരത്നം' കുറെക്കൂടി മിന്നിത്തിളങ്ങുമായിരുന്നു. എന്നാൽ അലങ്കാരങ്ങളെ യഥാസ്ഥാനം വിന്യസിച്ചു ഭംഗി വരുത്തുവാൻ, വളരെക്കാലം കവിതാദേവികയ്ക്ക് 'സൈരന്ധ്രീകൃത്യം' നടത്തിയാൽമാത്രമേ ത്രാണിയുണ്ടാകൂ എന്നതു നാം മറന്നുകൂടാ.

പൂർവ്വഭാഗം 38–ാം പദ്യത്തിലെ ഉപമാലങ്കാരം സന്ദർഭത്തിന്നു തുലോം ഉചിതമായിട്ടുണ്ട്. നേരേ മറിച്ചാണ്, 72–ാം പദ്യത്തിലെ ഉൽപ്രേക്ഷാലങ്കാരത്തിന്റെ സ്ഥിതി. മകൻ അച്ഛന്റെ 'നഷ്ടൌത്സുക്യ'നിവൃത്തിക്കായി അമ്മയെ തടഞ്ഞു നിർത്തുക എന്നതു കുറെ അസഭ്യംകൂടിയാണെന്നു

Digitized By Kerala Sahitya Akademi

തോന്നിപ്പോകുന്നു. 83–ാം ശ്ലോകത്തിന്റെ രണ്ടാം പാദത്തിന്നും തെല്ലൊരസഭ്യതയുണ്ട്. സത്യവതിയെ കണ്ടിട്ട രാജാവിന്നുണ്ടായ വിചാരങ്ങളിൽ ചിലതു (ശ്ലോ: 121, 125) വിടോചിതമായിപ്പോയി. സംഭോഷണാരംഭത്തിൽത്തന്നെ രാജാവ് അവളെ 'നിൻഹൃദയമേതൊരുവന്നധീനം' (ശ്ലോ: 116) എന്നു ചോദിച്ചു ലജ്ജിപ്പിയ്ക്കേണ്ടിയിരുന്നില്ല. ഒരു രാജാവിനെ ഭ്രമീന്ദ്രനാണെന്നു പറയുന്നത് അദ്ദേഹത്തെ പ്രശംസിക്കുകയാണെങ്കിൽ, ഉത്തരഭാഗം 7–ാം ശ്ലോകത്തിൽ ശന്തനുക്ഷ്മാനമുചിതമഥനനാണിന്നേഷ ഞാൻ' എന്നു രാജാവ് ദാശനോടു പറഞ്ഞത് ആത്മപ്രശംസാസൂചകമായിരിക്കുന്നു. എന്താണ്ടു് ഇതുപോലെതന്നെയാണ്, ദാശൻ മകളെ 'പികമൊഴിമണി' (ഉ: 15) എന്നും മറ്റും വിശേഷിപ്പിക്കുന്നതും. സത്യവതീതാതൻ ശന്തനുവിനോടു് ആദ്യം സംസാരിച്ചതു സവിനയമായിട്ടാണെങ്കിലും, രാജാവു സത്യവതിയെ യാചിച്ചതിന്നുശേഷം, അവന്റെ സംഭോഷണം തീരെ സംകോചരഹിതമായിത്തീർന്നു! ഈ ഘട്ടത്തിൽ കവി കുറെക്കൂടി കരുതൽ പെയ്യേണ്ടതായിരുന്നു. "സുമവിശിഖനിയോഗാൽ നിന്റെ ജാമാതൃപട്ടം.....യാചിച്ചിടുന്നേൻ" (ഉ: ശ്ലോ: 7) എന്നുള്ള രാജാവിന്റെ കന്യാവരണവും കുറെ കടന്നുപോയി. 'സുമവിശിഖനിയോഗാൽ' എന്ന പദമാണു് ഇതിൽ അപകടം. സുകുമാരകവികൃഷ്ണനെക്കൊണ്ടു സത്യയെ തജ്ജനകനോടു വരിപ്പിച്ചതു്, മനോ മദീയം രാജന്യേ, ശാശ്വതം ത്വാമപേക്ഷതേ, എന്ന മാത്രമാണല്ലോ.

'അനുരാഗകരാറുകൾ' 'പുരിയിൽ ബഹളം' മുതലായവയിലെ ദ്വിത്വ (കബകാരങ്ങൾക്കു) ഹാനിയും 'അവനീതലേയീ' (അവനീതലേ ഈ) ഇത്യാദി വിസന്ധികളും, 'സ്വന്തോദ്യമം' മുതലായ മലയാളസംസ്കൃത സമസ്തപദങ്ങളും 'ദുഃഖഭ്രയിഷ്ടമാകും' എന്നും മറ്റുമായി അദ്ധ്യവസാനത്തിൽ വെച്ചിട്ടുള്ള വിശേഷണങ്ങളും 'ജാഹ്നവീ' തുടങ്ങിയ പ്രഥമാന്തസംബുദ്ധികളും 'കന്യയേ' മുതലായ ദീർഘ്ലദ്വിതീയാന്തങ്ങളും നവീനഭാഷാപ്രണയികൾക്കു രുചിക്കുന്നവയല്ല. 'മോഹ'ത്തിനു മലയാളത്തിൽ ആഗ്രഹം എന്നാണർത്ഥമെങ്കിലും, 'പുത്രാഭ്യുദയപരമമോഹാൽ' എന്നും മറ്റുമായി സംസ്കൃതപദത്തോടു ചേർത്തു പ്രയോഗിക്കുന്നതു് അഭംഗിയാണു്; ഇനി ഉ: 28–ാം പദ്യത്തിലെ 'വിമോഹ'ത്തിന്റെ അനൗചിത്യം പറയാനില്ലല്ലോ. 'പങ്കി' (പങ്കമുള്ളവൻ) അയുക്തമല്ലെങ്കിലും നല്ല പന്തിയായില്ല. ഭ്രട്ടർ, ദിവിഷൽ എന്നീ ഹലന്തപദങ്ങളെ അജന്തങ്ങളാക്കിയിരിക്കുന്നതു ('ഭ്രട്ടജാഗ്രേസരൻ', 'ദിവിഷദപുരി') ചിന്തനീയമാകുന്നു. ക്ഷിതിയെയും വിടപിയെയും ഈകാരാന്തവും ('ക്ഷിതീധവൻ 'വിടപീകുലം') ദേവപര്യായമായ ലേഖപദത്തെ ആകാരാന്തവും ('ലേഖാഗണം') ആക്കിയിട്ടുള്ളതു് അബദ്ധംതന്നെയാണെന്നു തോന്നുന്നു. ദാശനു 'ഋഷികുലയമരാജ'ത്വം കൊടുത്തതിലേറെ വളച്ചുകെട്ടായി, രാജാവിനെ 'ഉർവിനഗകുലരിപു'വാക്കിയതു്. ഉർവ്വിനഗകുലരിപു എന്നു കേട്ടാൽ ഭ്രമീന്ദ്രൻ എന്ന പ്രതീതിയല്ല, ഭ്രമിയിലെ മരങ്ങളെയോ മലകളെയോ തല്ലിപ്പൊടിക്കുന്നവൻ എന്നാണു് ആദ്യം തോന്നുക. ഇങ്ങനെ പര്യായങ്ങളെ തേടി, കവികൾ വെറുതേ കാട്ടും മലയും കേറുന്നതു കഷ്ടമല്ലയോ?

പദദോഷങ്ങളെ പറകയാണെങ്കിൽ, ഇനിയും പലതും കാണും. ഗ്രാമ്യ–ദേശ്യ–നിരർത്ഥപദാദികൾ ചൂണ്ടിക്കാണിപ്പാൻ സ്ഥലവൈരള്യ

Digitized By Kerala Sahitya Akademi

ത്താൽ നിവൃത്തിയില്ല. അവയൊക്കെ കിടക്കട്ടെ. ഞങ്ങൾ ഇരുത്തോളം പറഞ്ഞതു്, ഈ കാവ്യത്തിൽ ഞങ്ങൾക്കുള്ള പ്രതിപത്തിവിശേഷം കൊണ്ടാണു്. കുറെക്കാലംകൂടി പരിശ്രമിച്ചാൽ ഏതൽകാവ്യകാരൻ ഒരുത്തമകവിയായായിത്തീരുമെന്നു കാണുന്നതിൽ ഞങ്ങൾ സന്തോഷിക്കുകയും ഈ കാവ്യംവഴിയായി സഹൃദയന്മാരിൽനിന്നു തക്ക പ്രോത്സാഹനം വാര്യരവർകൾക്കു ലഭിക്കുമെന്നു സുദൃഢമായി വിശ്വസിക്കുകയും ചെയ്യുന്നു.

Digitized By Kerala Sahitya Akademi

ദമയന്തി

ഗ്രന്ഥകർത്താ: സി. പി. കേശവൻവൈദ്യൻ

നളോപാഖ്യാനത്തിലെ ഉത്തരഭാഗമാണ് ഈ ഖണ്ഡകാവ്യത്തിലെ വിഷയം. 57 ശ്ലോകങ്ങളുള്ള ഒന്നാംസർഗ്ഗത്തിൽ കാട്ടിൽ വെച്ചു നളൻ ദമയന്തിയെ ഉപേക്ഷിച്ചുപോയതും 58 ശ്ലോകങ്ങളുള്ള രണ്ടാംസർഗ്ഗത്തിൽ, ഏകാകിനിയായിരുന്ന നായിക ാണിക്സാത്ഥത്തെ കണ്ടെത്തിയതും 73 ശ്ലോകങ്ങളുടെ മൂന്നാംസർഗ്ഗത്തിൽ ചേദിരാജ്യം പ്രാപിച്ച നായികയുടെ സപൂർവ്വകഥാസ്മരണവും 78 ശ്ലോകങ്ങളുള്ള നാലംസർഗ്ഗത്തിൽ ഭൈമീനള പുനസ്സമാഗമവും വർണ്ണിയ്ക്കപ്പെട്ടിരിയ്ക്കുന്നു.

സഹൃദയന്മാരെ സാല്പം ആകർഷിക്കുന്നവയായി അവിടവിടെ നാലഞ്ചു ശ്ലോകങ്ങളും 'ദമയന്തി'യെ അലംകരിക്കുന്നുണ്ട്. അവയിൽ ഒന്നു നമുക്കു വായിയ്ക്കാം:

"അനശ്വരബ്രഹ്മപുരിയ്ക്കു പായുമി—
ജ്ജനങ്ങളുംതൻ ജീവിതലോലവഞ്ചികയും
അനുക്ഷണം ദുഃഖതരംഗപംക്തിതൻ
കനത്ത തല്പ്പേറു തകർന്നുപോയിടാം."

(സ: 4. ശ്ലോ: 72)

ഈ വക പദ്യങ്ങളുംകൊണ്ടു നമ്മുടെ കവി നവീനാശയാന്വേഷിയാണെന്നു കാണുന്നതിൽ ഞങ്ങളും സന്തോഷിയ്ക്കുന്നു. ഇട്ടേഹം കുറെക്കൂടി സാഭാഷാസാരൂപജ്ഞാനവും പദപരിചയവും വകതിരിവും സമ്പാദിക്കുന്നത് ഉപകാരമായിരിക്കും.

'എവിടാർ' (എവിടെ ആർ) 'ഉരചെയ്തയി' (ഉരചെയ്തു അയി) മുതലായവ വിസന്ധിദുഷ്ടങ്ങളാണെന്നു തിരുവിതാംകൂർക്കവികളിൽ മിക്കപേരും സമ്മതിയ്ക്കയില്ലായിരിക്കാം; 'ഭാവത്തെ വിളയിച്ചിടും' (സ: 3 ശ്ലോ: 3) എന്നും മറ്റുമായി, പേരച്ചം അദ്ധ്യവസാനത്തിൽ നില്ക്കുന്നത് അഭംഗിയായിട്ടും അവയ്ക്കു തോന്നാറില്ലായിരിക്കാം. എന്നാൽ 'മുങ്ങിപിന്നെ' (1—14) 'ദയിതനെ ദയനീയാംഗി' (2—57) ഇത്യാദികളും മുങ്ങിപ്പിന്നെ, ദയിതനെട്ടയനീയാംഗി എന്നും മറ്റുമായി (ദ്വിത്വം വരുത്തി) വായിക്കേണ്ടവയാണെന്നു അവരും അഭിപ്രായപ്പെടുമെന്നു തോന്നുന്നു. കർത്താവും കർമ്മവും അലിംഗശബ്ദങ്ങളായി വരുന്നേടത്തു, മനം. നളസൃഷ്ടിചെയ്യും എന്നതിനു പകരം 'നളസൃഷ്ടി മനം ചെയ്യും' (3. 28) എന്നു മറിച്ചുവെയ്ക്കുന്നതു പ്രായേണ ഒരു വികൃതസൃഷ്ടിയായിട്ടേ കൈരളി കരുതുകയുള്ളൂ. അവളോടു ചൊല്ലുവാനല്ലാതെ, 'അവരോടു ചൊല്ലു'വാൻ (4—57) മലയാളികളും മടിച്ചുകളയും! 1—ാം സർഗ്ഗം, 25—ാം ശ്ലോകത്തിലെ ശിലാശയനത്തിനുള്ള 'കാപ്പുകെട്ടൽ' കരുണരസത്തെ ബലികഴിപ്പാനുള്ള കോപ്പുകൂട്ടലായിപ്പോയി! 'ഞാനരുതുചെയ്യു' (3—57) എന്നു ദമയന്തി പറയുന്നതു, 'ഞാൻ വൈയ്ക്കുത്തേയ്ക്കു' എഴുന്നള്ളുന്നു' എന്നോ മറ്റോ പൊന്നു തമ്പുരാൻ അരുളിച്ചെയ്യുന്നതുപോലെ അപഹാസ്യമാകുന്നു. 'അരുളിച്ചെ

Digitized By Kerala Sahitya Akademi

യ്യ'ലും മറും ഉപചാരഭാഷയാണ്"; പൊന്നുതമ്പുരാന്റെ യാത്ര, നമുക്ക് 'എഴുന്നള്ളത്താ'കുന്നപോലെ, അവിടെയ്ക്ക് എഴുന്നള്ളത്താകുന്നതല്ല.

'വികലവിധി' (1–3) ഹതവിധിയാകാൻ പ്രയാസമുണ്ട്. പുരാതനാത്മകമായ പ്രതനശബ്ദത്തിന്ന് എന്തർത്ഥമാണാവോ ശ്രീമാൻ വൈദ്യർ വിവക്ഷിച്ചിട്ടുള്ളത്? 'മഹാപ്രതനൻ' എന്ന ഭീമനരേന്ദ്രനു വിശേഷണം കൊടുത്തിട്ടുണ്ട്; (2–31) 1–ാം സർഗ്ഗം 10–ാം ശ്ലോകത്തിൽ 'രഥഹയാദി'യുടെ മുമ്പിലും 'പ്രതനം' കാണപ്പെടുന്നു. 'അന്തരംഗഖിന്നൻ' (1–41), 'വിരഹജവിധുരീഭാവ', (1–57) 'വിനാശഭാവി' (1–42), 'ക്ഷണികാശതം' (2–14) മുതലായവ സംസ്കൃതാഭിജ്ഞരെ സങ്കടപ്പെടുത്തിയേയ്ക്കും. 1–ാം സർഗ്ഗം 46–ാം ശ്ലോകത്തിലെ 'വനവനി'യും, 2–ാം സർഗ്ഗം 45–ാം ശ്ലോകത്തിലെ 'നിഹതപ്രഥമാനകൃത്യസസ്പൃഹ'യും മറും ഗ്രന്ഥകാരനാൽത്തന്നെ വ്യാഖ്യേയങ്ങളത്രേ. അസമഞ്ജസങ്ങളും അപഭ്രഷ്ടങ്ങളുമായ പദങ്ങളും 'ദമയന്തി'യെ അത്യധികം അലംകോലപ്പെടുത്തിയിരിക്കുന്നു. ചുരുക്കിപ്പറകയാണെങ്കിൽ 'കവികളുടെ പദ'ങ്ങൾകൊണ്ടല്ല വൈദ്യരവർകളും കൈകാര്യം നടത്തുന്നത്".

ദമയന്തിയുടെ മാതൃഭൂമി വിദർഭവും കണ്ഡിനം അതിന്റെ തലസ്ഥാനവുമാണെന്നായിരുന്നു ഞങ്ങളുടെ ധാരണ; എന്നാൽ ദമയന്തി താൻതന്നെ മാതൃരാജ്യമായി (2–22) കല്പിച്ചിരിക്കുന്നത് കണ്ഡിനത്തെയാണ്"! ദമയന്തിയുടെ 'കിടാങ്ങ'ൾക്ക് ഭീമരാജാവു 'പ്രപിതാമഹനോ' (പിതൃപിതാവിന്റെ അച്ഛൻ) 'പിതാമഹ'നോ ആകുന്നത് (4–25–36) എങ്ങനെ എന്നു ഞങ്ങൾക്കു മനസ്സിലായില്ല; അമ്മയുടെ അച്ഛൻ മാതാമഹനല്ലയോ?

ഇക്കഥയിലെ പ്രധാനസംഭവം നളന്റെ പത്നീത്യാഗമാണല്ലോ; എന്നാൽ, വൈദ്യർവർകളും ഇതിനത്ര പ്രാധാന്യം നല്കിയിട്ടില്ല. നളൻ എന്തിനായി ഭാര്യയെ ത്യജിക്കുന്നു എന്നതുപോലും, നളന്റെ ആത്മഗതത്തിൽനിന്നാകട്ടേ കവിവാക്യത്തിൽനിന്നാകട്ടേ നമുക്കറിയാൻ നിവൃത്തിയില്ല. 'കല്യാണത്തിന്റെ തിരക്കുനിമിത്തം പെണ്ണുകെട്ടാൻ മറന്നാലോ!' അസ്ഥാനത്തിനുമുമ്പേ 'ദേവാലയദർശനത്തിനായ്" പുറപ്പെട്ടവളും സന്ധ്യാശേഷം 'ദേവാലയഭ്രുവിൽ കടന്നവളു'മായ സുനന്ദ (ചേദിരാജകുമാരി) ക്ഷീണിച്ചു 'ദേവാലയമണ്ഡപത്തിലായ്ക്കിടന്നിരുന്ന ഭ്രുസുരോത്തമ'നെ 'മടിച്ചു നില്ക്കാതകലത്തകറു'വാൻ ദാസിയായിരുന്ന ദമയന്തിയോടാജ്ഞാപിച്ചതു (ഭാ: 23–24) ആ വിദ്വാൻ 'മണ്ഡപ'ത്തിൽ കിടന്നു എന്ന കറത്താലായിരിക്കുമോ? ബ്രാഹ്മണർ ക്ഷേത്രത്തിൽ കേറിക്കൂടാ എന്ന അഭിപ്രായം നളന്റെ കാലത്തു പ്രചരിച്ചിരുന്നതായി കാണുന്നില്ലല്ലോ.

ആശയഗ്രഹണം ഉണ്ടായാൽ കവിതയായി എന്നൊരു സിദ്ധാന്തം മുറുകെപ്പിടിപ്പാൻ നമ്മുടെ ചില നിരൂപകന്മാർ എങ്ങനെയോ നിർബ്ബദ്ധരായിത്തീർന്നു. ഈ തെറ്റിദ്ധാരണ വാസനയില്ലാത്ത പലരേയും ഭ്രമലെടുപ്പിയ്ക്കുന്നുണ്ട്. അതിന്റെ ഫലമത്രേ ആശയഗ്രഹണവും രചനാസൗഷ്ഠവവുമില്ലാത്ത ക്ഷുദ്രകാവ്യങ്ങളുടെ അനർഗ്ഗളപ്രവാഹം! കേവലശബ്ദംകൊണ്ടോ കേവലാർത്ഥംകൊണ്ടോ ഒരു വാക്യം കാവ്യമാകുന്നതല്ല. രസസ്ഫൂർത്തിയില്ലാത്ത കാവ്യം നിർജ്ജീവശരീരമാണെങ്കിൽ ശബ്ദപുഷ്ടി (തക്ക പദങ്ങളെ യഥാസ്ഥാനം വിന്യസിയ്ക്കുക പ്രാസമല്ല) രഹിതമായ വാക്യം വെറും അസ്ഥികൂടമാണെന്നു നാം മനസ്സിലാക്കണം.

Digitized By Kerala Sahitya Akademi

Ac9681

സുധാബിന്ദു

പരിഭാഷകൻ: കുന്നത്ത് ജനാർദ്ദനമേനോൻ

മിസ്റ്റർ ആർ. സി. ഡട്ട് എഴുതിയ ലെയ്ക്ക് ഓഫ് പാംസ് (The lake of palms) എന്ന സുപ്രസിദ്ധഗ്രന്ഥമാണ് സുധാബിന്ദുവിന്റെ മൂലം. പരിഭാഷകനോ, മലയാളത്തിലെ പേരെടുത്ത ഗദ്യകാരന്മാരിൽ ഒരാളായ ശ്രീമാൻ കുന്നത്തു ജനാർദ്ദനമേനോനവർകൾ. ഇത്രമേൽ ശ്രേഷ്ഠസൂചകമായ പുറംഭാഗത്തോടുകൂടിയ ഒരു പുതുപുസ്തകം കയ്യിൽ വന്നപ്പോൾ, ഞങ്ങൾ അതിനെ അത്യാഹ്ലാദപൂർവ്വം കൊണ്ടാടി. അതുകൊണ്ടായിരിയ്ക്കാം, നിരൂപണം എഴുതാൻ ഇന്നു തുടലെടുക്കുമ്പോൾ, അസാമാന്യമായ ഒരാശാഭംഗം ഞങ്ങളുടെ കയ്യിടറിയ്ക്കുന്നത്! കഷ്ടം, മലയാളത്തിന്റെ ദുർഭാഗ്യവൈശിഷ്ട്യം എവിടെത്തന്നെ എത്തിക്കഴിഞ്ഞിട്ടില്ല!!

മാതൃഭാഷയിലെ ഗ്രന്ഥശേഖരം അടിയ്ക്കടി വലുതാക്കണമെന്നുള്ള ഏകോദ്ദേശത്തോടുകൂടിമാത്രം, സാഹിത്യപരിശ്രമം ചെയ്യുന്നവരോട് ഭാഷാപ്രണയികൾക്കു പറയാനുള്ള ഉപദേശം 'ബുദ്ധിമുട്ടേണ്ട' എന്നുതന്നെ. പക്ഷേ, മിസ്റ്റർ മേനോനെപ്പോലുള്ള മാന്യന്മാർ ഒരിക്കലും ആ ഒരു വർഗ്ഗത്തിൽ ഉൾപ്പെടുകയില്ലല്ലോ. ഭാരതകഥാനിരൂപണം, കചേലൻ മുതലായ സ്വതന്ത്രഗ്രന്ഥങ്ങളുടെ കർത്താവ് അന്യഭാഷാഗ്രന്ഥങ്ങളെ വിവർത്തനംചെയ്യുന്നതിൽ ശ്രദ്ധിക്കുന്നതുതന്നെ ഭാഷാന്തരീകരണകലയുടെ ഭാഗ്യവിശേഷമാണെന്നുവേണം പറയാൻ. ഉൽക്കൃഷ്ടങ്ങളായ മൂലഗ്രന്ഥങ്ങളിലെ സാഹിത്യരസം വഴിപോലെ ആസ്വദിച്ച്, അതേവിധം മാതൃഭാഷയിൽ പകർത്തിവെയ്ക്കുണമെങ്കിൽ രണ്ടു ഭാഷകളിലും മതിയായ പാണ്ഡിത്യം വേണമെന്നു മാത്രമല്ല, സർവതോമുഖമായ സഹൃദയത്വം ഒഴിച്ചുകൂടാത്ത ഒന്നാണ്. ഒന്നിലധികം പത്രങ്ങൾ നടത്തി അനവധി മഹാഗ്രന്ഥങ്ങൾക്കുകൂടി ഉജ്ജ്വലങ്ങളായ നിരൂപണങ്ങൾ എഴുതിത്തള്ളിയിട്ടുള്ള ഒരാളുടെ സാഹിത്യരസികത്വം എങ്ങനെ അപലപനീയമാകും? പക്ഷേ സുധാബിന്ദുവിൽ മുഖ്യമായി പറഞ്ഞിട്ടുള്ള ദോഷം മൂലഗ്രന്ഥത്തിലെ സാഹിത്യരസം മുക്കാലും പരിഭാഷകൻ ചോർത്തുകളഞ്ഞു എന്നുള്ളതാണ്. മിസ്റ്റർ ഡട്ടിന്റെ കഥാപ്രതിപാദനരീതി ഇത്രമേൽ ശ്രേഷ്കവും ബാലിശവുമാണെന്ന് ഇംഗ്ലീഷുഭാഷാനഭിജ്ഞന്മാരെ തെറ്റിദ്ധരിപ്പിയ്ക്കുണമെന്നായിരിയ്ക്കില്ലല്ലോ സുധാബിന്ദുകാരൻ കരുതീട്ടുള്ളത്!

തർജ്ജമക്കാരൻ സമ്മതിയ്ക്കുന്നില്ലെങ്കിലും, ആകെപ്പാടെ സുധാബിന്ദു ഒരു സ്വതന്ത്രതർജ്ജമയായിട്ടാണ് കലാശിച്ചത്. 'കള്ളന്റെ കള്ളനി'ലെ ഒന്നിലധികം കഥകൾ നിശ്ചയമായും കൊണൻഡോയിലിന്റെ പ്രസിദ്ധ കഥാപുസ്തകത്തിൽ നിന്നെടുത്തവയായിരുന്നിട്ടും അതു ഗ്രന്ഥകർത്താവു സമ്മതിച്ചു കാണാഞ്ഞസ്ഥിതിക്ക്, ഈ പുതുപുസ്തകം സ്വതന്ത്രതർജ്ജമയാണെന്നു പുറമെ പറഞ്ഞിട്ടില്ലായ്കയാൽ ഞങ്ങളുടെ വിശ്വാസം തെറ്റിക്കൊള്ളുണമെന്നില്ല. മൂലഗ്രന്ഥത്തിന്റെ ഭംഗി തർജ്ജമയിൽ ഇത്രയും ചുരുങ്ങിപ്പോയതു ഈ സ്വാതന്ത്ര്യഭ്രമത്തിന്റെ ഫലമാണെന്നു ഞങ്ങൾ വിചാരിക്കുന്നു.

Digitized By Kerala Sahitya Akademi

"അനശ്വരമായ ഗ്രന്ഥമെഴുതണമോ, നിങ്ങളുടെ തുവലുകളെ ജീവരക്തത്തിൽ മുക്കുക" എന്നത്രേ മഹാനായ ഒരു സാഹിത്യകാരൻ ഉപദേശിക്കുന്നത്. ക്ലേശഭീരുത്വത്തോടുകൂടി സാഹിത്യപരിശ്രമത്തിന്നിറങ്ങുന്ന മലയാളികൾ ഇതു നിശ്ചയമായും ഓർമ്മയിൽ വെയ്ക്കേണ്ടതാണ്. സ്വന്തമായ ഗ്രന്ഥനിർമ്മാണം ചെയ്യുന്നതിൽ ഒട്ടുമുക്കാലും അധ്വാനം ഭാഷാന്തരീകരണത്തിന്നുമുണ്ട്. ഈ പ്രയത്നാധിക്യം എത്രകണ്ടും അനുഭവിക്കുന്നവോ അത്രകണ്ടും പരിഭാഷകന്റെ ശ്രമം പ്രശംസനീയമായിത്തീരുന്നു. സ്വതന്ത്രഗ്രന്ഥമെയെ ഞങ്ങൾ തീരെ മറുത്തു പറയുന്നില്ല. എന്നാൽ മൂലത്തിന്റെ വില കെടുത്തുന്ന ഇത്തരം സ്വതന്ത്രഗ്രന്ഥമെ ഒരിയ്ക്കലും ഗുണകരമല്ലെന്ന് ആരും സമ്മതിക്കും.

The Lake of Palms എന്ന മിസ്റ്റർ ഡട്ട് ഇട്ടിട്ടുള്ള ഗ്രന്ഥനാമം സുന്ദരമായിട്ടില്ലെന്നായിരിക്കാം പരിഭാഷകന്റെ മതം. എന്നാൽ സുധാ എന്നും ബിന്ദു എന്നുമുള്ള രണ്ടു പാത്രങ്ങളുടെ പേരുകൾ കൂട്ടിച്ചേർത്ത്—ആ രണ്ടിൽ ഒന്ന് അത്ര പ്രധാനമല്ലെന്നുള്ളതും ഓർമ്മിക്കേണ്ടതാണ്—ഇങ്ങനെ ഒരു പുതുനാമം സൃഷ്ടിച്ചതിൽ മിസ്റ്റർ മേനോൻ രസികത്വാതിശയംകൊണ്ടു മൂലഗ്രന്ഥകാരനെ തോല്പിച്ചിട്ടുണ്ടെന്നു സഹൃദയന്മാർ സമ്മതിക്കുമോ ആവോ? ഉവ്വെങ്കിൽത്തന്നെ പരിഭാഷകൻ കാണിക്കുന്ന ആവക വ്യതിയാനങ്ങളെ ഒരുതരം ഔദ്ധത്യമായിട്ടേ പലരും വ്യാഖ്യാനിക്കൂ. മിസ്റ്റർ സുബ്രഹ്മണ്യൻ പോറ്റി 'ഭാഷാപോഷിണി'യിൽ ഖണ്ഡശഃ പ്രസിദ്ധീകരിച്ചിരുന്ന ഏതൽഗ്രന്ഥതർജ്ജമയ്ക്കിട്ടിട്ടുള്ളവിധം 'താലപുഷ്പരിണി' എന്ന ഹൃദ്യമായ പേർകൊണ്ടു നമ്മുടെ സുധാബിന്ദുകാരനും തൃപ്തിപ്പെടാമായിരുന്നു. 'സുധാബിന്ദു'കൊണ്ടു 'താലപുഷ്പരണി'യിൽ വിഷബിന്ദു തളിക്കേണ്ടിയിരുന്നില്ല.

ഗ്രന്ഥാരംഭത്തിലുള്ള കഗ്രാമവർണ്ണനം പരിഭാഷകന്റെ സ്വകപോലകല്പിതമല്ലാതെ മറൊന്നുമല്ല. ഇങ്ങനെ പല ഭാഗത്തും തർജ്ജമക്കാരൻതന്റെ മനോധർമ്മങ്ങളെ എടുത്തു പ്രയോഗിക്കുന്നുണ്ട്. മറ്റു മാന്യന്മാർക്കു സംഭാവന കൊടുപ്പാൻ തക്കവണ്ണം മനോധർമ്മസമ്പത്തുള്ള സാഹിത്യപരിശ്രമികൾ മലയാളത്തിൽ ഒട്ടും ഏറിപ്പോയിട്ടില്ലാത്ത സ്ഥിതിക്ക്, ഈ സ്വശക്തിപ്രകടനം തീരെ പരിഹാസാർഹമാണെന്നു ഞങ്ങൾ സിദ്ധാന്തിക്കുന്നില്ല. എങ്കിലും, മൂലഗ്രന്ഥത്തിലെ സാഹിത്യരസത്തെ നിർഭാഗ്യവശാൽ പിഴിഞ്ഞുകളഞ്ഞശേഷം, അതിൽ തന്റെ സ്വന്തകവിചാരങ്ങൾ വെച്ചുപിടിപ്പിക്കാൻ ശ്രമിക്കുന്ന വിവർത്തനകാരൻ വായനക്കാർക്ക് അപരാധിയാണ്, സംശയമില്ല. Hard by....is the palm-girdled lake from which the name is taken എന്നതു മൂലത്തിലെ രണ്ടാമത്തെ വാചകമാണ്. ആവശ്യമില്ലാതെ എന്തൊക്കെയോ പറഞ്ഞുകഴിഞ്ഞതിന്നു ശേഷം, പരിഭാഷകൻ ഈ ചമൽക്കാരകാരിയായ വാക്യത്തെ, "തടാകത്തിന്നു ചുറും കരിമ്പനകളും ഇടതിങ്ങി നില്ക്കുന്നതുകൊണ്ട് ഈ തടാകത്തെ 'താലപുഷ്കരം' എന്നു വിളിക്കുന്നു" എന്നാക്കി ഒരിടത്തുകൊണ്ടു തള്ളിയിട്ടു. "കരിമ്പനകളാൽ അരപ്പട്ടയിട്ട" എന്നർത്ഥമുള്ള palm girdled എന്ന വാക്കിനെ ഇങ്ങനെ 'പിണ്ഡി'യാക്കി മലയാളികൾക്കു സമ്മാനിച്ചത്, അതിന്റെ മാധുര്യം പരിഭാഷകൻ അനുഭവിച്ചതിന്നു ശേഷമാണോ എന്നു ഞങ്ങൾ അസൂയപ്പെടുന്നില്ല. എന്തുകൊണ്ടെന്നാൽ, ഇതേ ആശയം തന്നെ അടുത്തു പിന്നെത്തെ ഖണ്ഡികയിൽ within the thick belt of the palms എന്നു മൂലകാരൻ ആവർത്തിച്ചിട്ടുള്ളതും പരിഭാഷകൻ അറിയുന്നില്ല.

Digitized By Kerala Sahitya Akademi

എന്നാൽ ഒരു ദുശ്ശാഠ്യംകൊണ്ടു മാത്രം ഇതു കണ്ടു എന്നു ഭാവിയ്ക്കായ്കയാണോ? അടുത്ത വരി തുടങ്ങിയുള്ള ആ ഒരു ചുരുങ്ങിയ വസന്തവർണ്ണന അങ്ങനെതന്നെ വിട്ടുകളഞ്ഞതു കാണുമ്പോൾ ആ സംശയത്തിന്നും വഴിയില്ല. ഇങ്ങനെയാണ് ഈ തർജ്ജമ ഏതാണ്ടു മുഴുവനും. സഹൃദയന്മാരെ കവിതാരസംകൊണ്ടു രസിപ്പിക്കുന്ന ഭാഗങ്ങൾ മിക്കതും ഇതിൽ വിട്ടുകയും, വിടാത്തവയെ വൈകൃതപ്പെടുത്തുകയും ചെയ്തതു സർവഥാ വ്യസനകരമെന്നേ പറയേണ്ടൂ!

ഞങ്ങൾ ഈ പറഞ്ഞതിനെ വായനക്കാർ തെറ്റിദ്ധരിക്കരുത്. "പ്രാരംഭശൂരാഃ ഖലു കേരളീയാഃ" എന്ന നിയമത്തെ മുൻനിർത്തി, ഒന്നാമദ്ധ്യായംമാത്രം എടുത്ത് കറഞ്ഞൊന്നു ശ്രദ്ധിച്ചു നിരൂപണം ചെയ്താൽ ഞങ്ങൾ പറയുന്നതു വാസ്തവമാണെന്നു തെളിയും. ഈ ഒന്നാമദ്ധ്യായത്തിൽ മല്ലികകുടുംബത്തിന്റെ ഒരു ചുരുങ്ങിയ വിവരണവും അതിലെ അമ്മയും പെണ്മക്കളും കൂടിയുള്ള ഒരു സംഭാഷണവുമാണല്ലോ വിഷയം. ഇതിൽ ചമൽക്കാരകാരകങ്ങളായ വാചകങ്ങളിൽ മുഖ്യങ്ങളായവയെ എടുത്തു നോക്കുക. ആദ്യത്തിലെ 'ഇന്ത്യൻവസന്ത' വർണ്ണനം വിട്ടുകളഞ്ഞു എന്നു പറഞ്ഞുവല്ലോ. മറ്റു ചിലതിനെ വൈകൃതപ്പെടുത്തിയതും ഞങ്ങൾ കാണിച്ചു. സുധയെ വായനക്കാർക്ക് പരിചയപ്പെടുത്തുന്ന ഭാഗത്തുള്ള ഒരു വാചകമാണിത്. The new baby had the complexion of a fairy eyes like the sparkling and restless bee....lips like the ripe Dimbafruit dimpled with a nectar smile മിസ്റ്റർ മേനോൻ ഇതിന്റെ സ്ഥാനത്ത് ഇങ്ങനെയൊന്നു കൊണ്ടുവെച്ചിട്ടുണ്ട്: "അവളുടെ അനുജത്തിയാവട്ടെ, സുവർണ്ണോപമമായ ശരീരശോഭകൊണ്ടും കുവലയദളമൊത്ത നയനങ്ങൾ കൊണ്ടും പ്രത്യേകം മനോഹാരിണിയായിട്ടാണിരിക്കുന്നത്." ഇതുകളിൽ രണ്ടാമത്തേത് ഒന്നാമത്തേതിന്റെ തർജ്ജമയാണെന്നു പറയാൻ കുറച്ചു ധൈര്യം വേണം! ഇതാ മറ്റൊരു വാചകം: A fitful night wind moaned in the leaves of the trees അപസ്മാരം പിടിച്ച ഒരു നിശാമാരുതൻ വൃക്ഷങ്ങളുടെ ഇലപ്പടർപ്പിലൂടെ ഞെരങ്ങി എന്നർത്ഥത്തിലുള്ള ഈ സരസമായ വിവരണം "കാറടിയേറ്റ മരങ്ങൾ ഇളകുകയും ഇലകൾ കലകലശബ്ദം പുറപ്പെടുവിക്കുകയും ചെയ്യുന്നു" എന്ന വാചകംകൊണ്ടു കഴിച്ചിരിക്കുന്നു. ഈ രണ്ടു വാചകങ്ങൾ തമ്മിലുള്ള ഒരു സംബന്ധം മാത്രമേ മൂലഗ്രന്ഥവും സുധാബിന്ദുവും തമ്മിലുള്ളു എന്നു വന്നാൽ അതു തർജ്ജമക്കാരന്നു അഭിമാനകരമല്ലല്ലോ. പക്ഷേ നമ്മുടെ നിരൂപകന്മാർ പ്രശംസിക്കാറുള്ള "തർജ്ജമയുടെ തന്മയത്വം" ഇതായിരിക്കുമോ? ആവോ!

മൂലത്തോടു കുറെക്കൂടി അടുപ്പവും സ്വമനോധർമ്മപ്രകടനങ്ങൾക്കു കുറവും സംഭാഷണഘട്ടങ്ങളിലേ ഉള്ളൂ. ഇവിടെ മുഖ്യമായി കാണുന്നതു പരിഭാഷകന്റെ അവധാനക്കുറവാണ്. അദ്ദേഹം മൂലത്തിന്റെ അർത്ഥം ഒട്ടും ആലോചിക്കുന്നില്ല. "You are late, my husband" said Bindu, lovingly and anxiously" എന്നതിൽ ആദ്യത്തെ ഭാഗത്തിന്നു "നാഥ ഇന്നു വളരെ ദൂരം നടന്നു വന്നിരിക്കയാണല്ലോ" എന്നർത്ഥം കിട്ടിയതു എങ്ങനെയാണാവോ? എങ്കിലും, "എന്നിങ്ങനെ പ്രേമപൂർവ്വം ആവശ്യപ്പെട്ടുകൊണ്ടു പറഞ്ഞു" (38) എന്നതിലെ "ആവശ്യപ്പെട്ടുകൊണ്ടു" വലിയ ആപത്തു പിടിച്ചതാണ്; Anxiously എന്നതിന്നു ഉൽക്കണ്ഠയോടുകൂടി എന്നുള്ള അർത്ഥം ഏതു സാമാന്യനിഘണ്ടുനോക്കിയാലും അറിയാം. അങ്ങ

Digitized By Kerala Sahitya Akademi

നെയിരിയ്ക്കുന്നു, ഈ ഒരു വാക്കുവെച്ചു് വായനക്കാരെ പരിഭ്രമിപ്പിച്ചതു് അനാവശ്യമായി. ഇങ്ങനെയുള്ള നോട്ടക്കുറവു പലേടത്തും കാണാം. ഒന്നാമദ്ധ്യായത്തിൽ സംഭാഷണാരംഭത്തിലുള്ള, Her tender limbs are tired with her walk എന്നതിനു "നടന്നുവന്നാൽ സുധയ്ക്കു കാൽ വേദനിയ്ക്കുമല്ലോ" എന്നല്ലല്ലോ അർത്ഥം. "പാവം, ഇങ്ങോട്ടു നടന്നിട്ടുതന്നെ ഇവളുടെ കാൽ കഴഞ്ഞിരിയ്ക്കുന്നു" എന്നു ഭാഷപ്പെടുത്തേണ്ടതായ ഇതിനെ ഈവിധം മാറ്റിമറിച്ചതുകൊണ്ടു് എത്ര വ്യത്യാസം വന്നിരിക്കുന്നു എന്നുകൂടി ആലോചിക്കുക. കുട്ടി ഇങ്ങോട്ടു നടന്നിട്ടാണു് വന്നതെന്നു പരിഭാഷകൻ എന്തിനു മറച്ചുവെക്കുന്നു? Poor child എന്നതു തീരെ വിട്ടുകളഞ്ഞതും പരിഭാഷകന്റെ അനവധാനതതന്നെ.

ഞങ്ങൾ ഈ പറഞ്ഞതുകൊണ്ടു ഒരു സ്വതന്ത്രകൃതി എന്ന നിലയ്ക്കും ഒരു ഭാഷാന്തരകൃതി എന്ന നിലയ്ക്കും സുധാബിന്ദു നിരുപകദൃഷ്ടിയെ അർഹിക്കുന്നില്ലെന്നു് എതാണ്ടു് തെളിഞ്ഞുകഴിഞ്ഞു. ഇത്തരം കൃതികളും മിസ്റ്റർ മേനോനെപ്പോലുള്ള പ്രസിദ്ധസാഹിത്യകാരന്മാരുടെ പേരോടുകൂടി പുറത്തിറങ്ങിക്കാണുന്നതു കഷ്ടമാണു്. സ്വതന്ത്രകൃതിയുടെ ചില ചിഹ്നങ്ങളുണ്ടു്; ഭാഷാന്തരകൃതിയുടെ പല എണ്ണങ്ങളുണ്ടു്; എന്നാൽ രണ്ടിൽ ഒന്നിന്റേയും ലക്ഷണം തികച്ചില്ല; ഇങ്ങനെയുള്ള ഗ്രന്ഥങ്ങളെക്കൊണ്ടു സാഹിത്യലോകത്തിലും ചില നപുംസകസൃഷ്ടികൾ ഉണ്ടായിത്തീരാമെന്നല്ലാതെ മാതൃഭാഷയുടെ ദയനീയസ്ഥിതി ഭേദപ്പെടുമെന്നു ഞങ്ങൾക്കു വിശ്വാസമില്ല. എന്നാൽ സുധാബിന്ദു ഈ വഴ്ത്തിൽ പെട്ടതാണെന്നു ഞങ്ങൾ തികച്ചും സിദ്ധാന്തിക്കുന്നില്ല. എങ്കിലും സ്വതന്ത്രതജ്ജ്ഞമയിൽ ജനങ്ങൾക്കു കൗതുകം വർദ്ധിക്കുന്നതു് അത്ര ആശാസ്യമല്ലെന്നു ഞങ്ങൾ ഈ സന്ദർഭത്തിൽ അനുസ്മരിക്കുന്നുണ്ടു്.

മിസ്റ്റർ മേനോന്റെ മറ്റു കൃതികളെപ്പോലെ ഇതിലും ഭാഷാശ്രദ്ധികറെ കുറവാണു്. 'മനോഹാരിണിയായിട്ടാണിരിക്കുന്നതു്" (7) "ഈ മാതാവിന്നു് ഇരുപതുവയസ്സു പ്രായമേ ആകയുള്ളൂ" (17) 'ജനങ്ങൾ അദ്ദേഹത്തെ അഭിവാദനം ചെയ്യുവാനായി....വന്നുപോയിത്തുടങ്ങി' എന്നിങ്ങനെയുള്ള ഗോഷ്ടികളും; 'പ്രാണം' (പ്രാണൻ എന്നതിനു പകരം. 53) 'ഭേദഭാവം' (177) കണ്ണടയ്ക്കൽ എന്നതിനു 'കണ്ണട' എന്നിങ്ങനെയുള്ള പുതുമകളും മറ്റും ഇതിലുമുണ്ടു്. ഒരു പേജിൽത്തന്നെ 'കൊണ്ടിരുന്നു' 'കൊണ്ടിരിക്കുന്നു' എന്നു നാലഞ്ചു പ്രാവശ്യം (263) ആവർത്തിച്ചാൽ ഭംഗികൂടുമെന്നായിരിക്കുമോ മിസ്റ്റർ മേനോന്റെ അഭിപ്രായം? 'സുഖക്കേടെല്ലാം നിശ്ശേഷം' (168) മുതലായ ഇരട്ടിപ്പുകളും ദുർല്ലക്ഷമല്ല. പദദോഷങ്ങളേയും വാക്യവൈകല്യങ്ങളേയും എടുത്തുകാണിപ്പാൻ ഞങ്ങൾ ഇപ്പോൾ ഒരുങ്ങുന്നില്ല.

മിസ്റ്റർ മേനോനെപ്പോലെ പഴക്കവും തഴക്കവുമുള്ള എഴുത്തുകാർ ഉൽക്കൃഷ്ടങ്ങളായ ഗ്രന്ഥങ്ങളെ മലയാണ്മയിൽ ഇടയ്ക്കിടയ്ക്കെങ്കിലും പകർത്തിയിട്ടുതരുന്നതു് അഭിനന്ദയീയംതന്നെ. എന്നാൽ മൂലത്തോടു കഴിയുന്നതും അടുപ്പിച്ചുകൊണ്ടു തർജ്ജമചെയ്യണമെന്നുള്ള വ്രതം കൈവിടാതിരുന്നാൽമാത്രമേ, ഈ പ്രയത്നഫലം തികച്ചും ആസ്വാദ്യമായിത്തീരുകയുള്ളൂ. ശ്രീമാൻ ഡട്ടിനെപ്പോലുള്ള പ്രാമാണികന്മാരുടെ കാവ്യങ്ങളിൽ ഒരു തർജ്ജമക്കാരൻ സ്വന്തം മനോധർമ്മങ്ങളെ കുത്തിച്ചെലുത്തുന്നതോ, മഹാസാഹസം! അതിർ കടന്ന ഔദ്ധത്യം!!

Digitized By Kerala Sahitya Akademi

പ്രസംഗങ്ങൾ

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

മലയാളസാഹിത്യത്തിന്റെ വളർച്ച *

മാന്യസഭാവാസികളെല്ലാവരേയും ഞാൻ വെവ്വേറെ അഭിവാദ്യം ചെയ്യുന്നു.

ഈശ്വരൻ ഒരു നേരമ്പോക്കുകാരനാണു്; വേദാന്തികം പറയും പോലെ അത്ര നിവ്വികാരനല്ല. നമ്മം നമ്മുടെ കുഞ്ഞുങ്ങളെ കളിപ്പിയ്യാൻവേണ്ടി വല്ലതിലേയ്യും ആശപ്പെടുത്തുകയും, അതോടുകൂടിത്തന്നെ അതു കിട്ടാവുന്നതല്ലെന്നു തോന്നിക്കുകയും, അടുത്തക്ഷണത്തിൽത്തന്നെ കൊടുത്തു സന്തോഷിപ്പിക്കുകയും ചെയ്യാറുണ്ടല്ലോ. അതുപോലെ ഈശ്വരൻ തന്റെ കുഞ്ഞുങ്ങളായ മനുഷ്യരോടും ചിലപ്പോഴം പ്രവത്തിയ്യാറുണ്ടു്. ഈ പരിഷത്തിനെസ്സുബന്ധിച്ചുള്ള എന്റെ അനുഭവം അങ്ങനെയാണു്. ആദ്യം എഴുത്തു കിട്ടിയപ്പോഴം തീച്ചയായും വന്നുചേരാൻ സാധിയ്യുമെന്നാശിച്ചു. ഏതാനും ദിവസങ്ങഠം കഴിഞ്ഞപ്പോഴം, സാധിക്കുകയില്ലെന്ന വിഷാദമായി; ഒടുവിൽ ഇതാ, സാധിച്ചു!

എന്തുകൊണ്ടാണു് ഇടയ്യുവെച്ചു സാധിക്കുകയില്ലെന്നു തോന്നിയതു്? ഈ പരിഷത്തിന്റെ പേരിലുള്ള അനാദരംകൊണ്ടാണോ? ഒരിക്കലുമല്ല. എന്നെ വളരെക്കാലമായി ബാധിച്ചിരിക്കുന്ന അസ്വാസ്ഥ്യംകൊണ്ടു്, ഒരു പതിനേഴു കൊല്ലങ്ങഠക്കുമുമ്പേ പെവി പോയതോടുകൂടി ഒരുതരം ഘോരമായ ജലദോഷം എന്നെ ബാധിച്ചിരിക്കുന്നു. കേഠംവിയില്ലാത്ത വനാണെങ്കിലും, വല്ലതിന്റെയും ഗന്ധമുള്ളവനാണെന്നു സമാധാനിക്കാനും നിവൃത്തിയില്ലാതായി! ഏതാണ്ടു് എന്റെ പെവിയെപ്പോലെ തന്നെയാണു് മൂക്കിന്റെയും സ്ഥിതി. അല്പംകാരണംകൊണ്ടു് അനല്പമായി വിയക്കും; ഒരിക്കൽ വിയത്താൽ ജലദോഷം ഇളകിച്ചമഞ്ഞു് കുറേ ദിവസത്തെയ്യു പല ഉപദ്രവങ്ങളും ഉണ്ടാക്കിത്തീക്കും. ഇയ്യിടയിൽ ഒന്നു രണ്ടു പ്രാവശ്യം ചിലേടങ്ങളിൽ സഞ്ചരിക്കേണ്ടിവന്നതിനാൽ തല വിയത്തു ജലദോഷം പിടിച്ചു് ഏതാണ്ടു് കിടപ്പിൽത്തന്നെയായിരുന്നു ഞാൻ. ശ്ലേഷാലങ്കാരത്തിൽ പറകയാണെങ്കിൽ, കവിയെപ്പോലെ ശയ്യാവലംബിതനെയായിരുന്നു. എന്നെ മഹാകവി എന്നു പറഞ്ഞു് ആളുകഠം കലശൽകൂട്ടാറുണ്ടല്ലോ. അതിന്നുപകരം ഒരു ശരിയായ പേരു ഞാൻ പറഞ്ഞുകൊടുക്കാം——മഹാജലദോഷി.

എന്നെ ആ രോഗശയ്യയിൽനിന്നു് എഴുനേല്പിച്ചതെന്തൊക്കെയാണു്? ഒന്നാമതു് ഈ പരിഷത്തു നടക്കുന്നതു് ആരുടെ നേതൃത്വത്തിലോ, ആ തിരുമനസ്സിലെ ആജ്ഞ; പണ്ടുപണ്ടേ പേരുകേട്ടിട്ടുള്ള ഒന്നാണു് ഇടപ്പള്ളി രാജസ്വരൂപം; ഒരു കാലത്തു കൊച്ചിരാജ്യത്തിന്റെ തലസ്ഥാനമായിരുന്ന കൊച്ചിപ്പട്ടണംതന്നെ ഇടപ്പള്ളിസ്വരൂപത്തിൽനിന്നു ദാനംചെയ്യപ്പെട്ടതാണെന്നുള്ളതു ചരിത്രപ്രസിദ്ധമാകുന്നു. വിശേഷിച്ചും വളരെക്കാലം വൈഷ്ണവമതം ആചരിച്ചുവന്നിട്ടുള്ള ഒരു രാജവംശമാണിതു്.

---

* 1927 ഏപ്രിൽമാസത്തിൽ ഇടപ്പള്ളിയിൽവെച്ചു കൂടിയ സമസ്ത കേരള സാഹിത്യപരിഷത്തിൽ ചെയ്ത ഉദ്ഘാടനപ്രസംഗം.

Digitized By Kerala Sahitya Akademi

വൈഷ്ണവമതത്തിന്റെ അടിസ്ഥാനം പ്രേമമാണല്ലോ. ആ പ്രേമം തികഞ്ഞ സ്വഭാവത്തിലാണ് തിരുമേനി ഇവിടെ വന്നുചേർന്നിട്ടുള്ള അതിഥികളെ സൽക്കരിച്ചുപോരുന്നത്. ഓരോ അതിഥിയുടെ നേരെയും ഇവിടത്തെ പ്രേമം പ്രസരിച്ചുകൊണ്ടിരിക്കുന്നു! അങ്ങിനെയുള്ള പ്രേമത്തോടുകൂടിയ ആജ്ഞ എങ്ങനെ നിരസിക്കാം. കഞ്ചൻനമ്പ്യാർ പറഞ്ഞപോലെ 'കല്പിച്ചെങ്കിലെറാനെന്നല്ലാതിപ്പരിഷയ്ക്കൊന്നരിയാടാമോ?'

രണ്ടാമത്തെ തിരുവനന്തപുരത്തിലെ പ്രിയപുത്രനും സമാജകാര്യദർശിയും ഒരു ചൊറുചൊറുക്കുള്ള ചെറുപ്പക്കാരനുമായ ശ്രീമാൻ കരുണാകരമേനോനാണ് എന്റെ പേരിലുള്ള ഗുരുജനനിവ്വിശേഷമായ ഭക്തിവിശേഷം. മൂന്നാമത് എന്നെ കൊണ്ടുപോരാനായി എന്റെ പാപ്പിടത്തിൽ വന്നെത്തിയ മധുരവനം കൃഷ്ണകുറുപ്പവർകളുടെ മാധുര്യം; അദ്ദേഹത്തിന്റെ മധുരസ്വഭാവത്തോടുകൂടിയുള്ള പെരുമാറ്റം, എന്നെ ആത്മശയ്യയിൽനിന്ന് ഒരു വിദ്യുച്ഛക്തിപ്രയോഗത്താലെന്നപോലെ എഴുന്നേല്പിച്ചുകളഞ്ഞു!

സർവ്വോപരി, ഒരു മാന്യസുഹൃത്തിനെ കാണാനുള്ള ഉൽക്കണ്ഠ. അതാരെന്നു നിങ്ങളെല്ലാവരും ഇപ്പോൾ മനസ്സിലാക്കിയിരിക്കും. മഹാകവി ഉള്ളൂർ പരമേശ്വരയ്യരവർകൾ. ഞങ്ങൾ തമ്മിൽ കാണുന്നതിനു മുമ്പുതന്നെ എഴുത്തുകുത്തുകൾകൊണ്ടു സ്നേഹിതന്മാരായിക്കഴിഞ്ഞിരിക്കുന്നു. ഇദ്ദേഹത്തിനെ ഞാൻ കണ്ടിട്ടു പതിനേഴിൽപ്പരം കൊല്ലങ്ങളായി. മഹഷ്ടിതുല്യനായ ഫ്രഞ്ച് മഹാകവിയായ വിക്ടോർ യൂഗോ, അദ്ദേഹത്തിന്റെ ഒരു കഥാപാത്രത്തെക്കൊണ്ട്—തന്റെ പ്രിയതമയെ അന്വേഷിച്ചു വലഞ്ഞ, ഒരു യുവകാമുകനെക്കൊണ്ട്—"അവനവന്റെ ആത്മാവിനുള്ള മേൽവിലാസം അറിഞ്ഞുകൂടാഞ്ഞാൽ എത്ര കഷ്ടമാണ്," എന്നു പറയിച്ചിട്ടുണ്ട്. അതുപോലെ എനിയ്ക്കെന്നെ കാണാൻ തരമില്ലാഞ്ഞാൽ അതെത്ര സങ്കടമാണ്! അതേ, ഞങ്ങൾ രണ്ടുപേരും ഒന്നാണ്. പരമേശ്വരനാരായണന്മാർ രണ്ടാണെന്നു ഭാവിക്കുന്നതു പാപംകൂടിയാണെന്നു പൗരാണികന്മാർ പറയുന്നു. എന്നാൽ നമ്മുടെ ഇടയിൽ ചിലർ അങ്ങിനെ ഭാവിക്കുന്നുണ്ടെങ്കിൽ അതിൽ അത്ര അത്ഭുതപ്പെടുവാനില്ല. വൈഷ്ണവത്വം വർദ്ധിച്ചു വർദ്ധിച്ചു സ്വൈനിഷേധം എന്നൊരു ഗ്രന്ഥമെഴുതാൻ സാക്ഷാൽ മേല്പത്തൂർ ഭട്ടതിരിപ്പാടുതന്നെയും ധൈര്യപ്പെടുകയുണ്ടായ രാജ്യമാണല്ലോ, കേരളം! ഞങ്ങൾ—അയ്യരവർകളും ഞാനും—കണ്ടപ്പോളുണ്ടായത്, സാധാരണ സ്നേഹിതന്മാർ അന്യോന്യസമാഗമത്തിൽ ചെയ്യുന്നതുപോലെയൊന്നുമല്ല; അന്യോന്യം ആശ്ലേഷിക്കുകയാണുണ്ടായത്. എന്നുവെച്ചാൽ അദ്ദേഹത്തിന്റെ ഹൃദയത്തെയും എന്റെ ഹൃദയത്തെയും കൂട്ടിച്ചേർത്തു! എന്നാൽ ഇത് ഒരു പന്തീരാണ്ടിനുമുമ്പേതന്നെ കഴിഞ്ഞിട്ടുള്ളതാണ്; ഇപ്പോൾ ഒന്നുകൂടി പശയിട്ടുറപ്പിച്ചുവെന്നു മാത്രം!

ഇപ്പുറഞ്ഞ മൂന്നുനാലിഴകൾ കൂടി ഒരുറപ്പുള്ള സുകുമാരപാശമായിച്ചമഞ്ഞു. വന്നേരിയിൽ ഇരുന്നിരുന്ന എന്നെ ഇടപ്പള്ളിയിലേയ്ക്ക് ഒരു വലിവലിച്ചു; ഞാൻ ആഹ്ലാദത്തോടെ ഇവിടെ വന്നുചേരുകയും ചെയ്തു.

ഈ ആകർഷണമില്ലെങ്കിൽ, ഈ വരട്ടവേനൽക്കാലത്തു വിയപ്പുകാരനായ ഞാൻ എങ്ങിനെ പുറത്തേയ്ക്കിറങ്ങും? ഈയിടെ ഞാൻ ഭാരതപ്പുഴ കടക്കുകയുണ്ടായി. എത്ര കടുത്ത വേനൽക്കാലത്തും കരക്കാർക്ക് കുറേശ്ശെ ജീവനംകൊടുത്തുപോരുന്ന സുകൃതിനിയാണ് ആ നദി. എന്നാൽ ഇപ്പോൾ

Digitized By Kerala Sahitya Akademi

അതിന്റെ കയ്യിൽ യാതൊന്നുമില്ല. പണ്ടു പാലും തേനും ഒഴുകിയിരുന്ന തൊക്കെ വിദേശീയരുടെ ധനതൃഷ്ണയാൽ കടിച്ചുവറ്റിക്കപ്പെട്ട ഇന്ത്യാരാജ്യത്തിന്റെ ഒരംശംതന്നെയായിരിയ്ക്കുന്നു, അത്! എങ്കിലും അതു തെളിഞ്ഞ മണൽപ്പുറംകൊണ്ടു പുഞ്ചിരിക്കൊള്ളുകതന്നെ ചെയ്യുന്നു. അഹോ, ഭാരതീയരുടെക്ലേശസഹിഷ്ണുത്വം! കർഷകന്മാരുടേതുപോലെതന്നെ പാടങ്ങളുടെ ഹൃദയവും വിണ്ടിട്ടാണ് കിടക്കുന്നത്. അതിലേയ്ക്കു ദേവന്മാർ സഞ്ചരിക്കുന്ന വഴിയാണെന്നു പറയുന്ന ആകാശത്തിൽനിന്ന് ഒരിറ്റനനകമ്പ—ഒരൊറ്റ തുള്ളി കണ്ണുനീർ—എങ്കിലും വീണു എന്നു വരുന്നില്ല! മിനിഞ്ഞാന്നു സന്ധ്യാസമയത്തെ ആകാശം പലരും നോക്കിക്കണ്ടിട്ടുണ്ടാവാം. ഒരു പുറത്തു മേഘങ്ങൾ, മറ്റൊരു പുറത്തു നക്ഷത്രങ്ങൾ, —അതു കണ്ടാൽ ഒരു കവിയ്ക്ക് ഇങ്ങിനെ പറയാൻ തോന്നും. ഒരു പുറത്തു നരകം ചിന്നിയ നീലജലാശയമാണിത്. ഇടയ്ക്കിടയ്ക്കു മിന്നൽപ്പിണരുകൾ സ്വർണ്ണമത്സ്യങ്ങളെപ്പോലെ ചാടിക്കളിച്ചിരുന്നു. അങ്ങിനെ മിന്നൽകൊണ്ടിളിച്ചുകാട്ടുക, ഇടിമുഴക്കംകൊണ്ടു മുരളുക—ഇതുയുമാണ് ആകാശം കർഷകന്മാർക്കു ചെയ്യുത്. അപ്പോ, ഉന്നതാവസ്ഥയിലുള്ളവരുടെ ഭ്രൂതദയാവിശേഷം!

ഇങ്ങനെ കരാളമായി മുതിർന്നുനില്ക്കുന്ന വേനല്ക്കാലത്ത് സൂര്യനോടു കടംവാങ്ങിയ ചൂടിനെ എന്തോ കൗശലത്തിലുള്ള ഉണ്ടികവ്യാപാരംകൊണ്ടെന്നപോലെ വർദ്ധിപ്പിച്ചു വർദ്ധിപ്പിച്ചു കോടീശ്വരനായിത്തീരുന്ന മണൽപ്പരപ്പായ ഇടപ്പള്ളി പ്രദേശത്ത്—ബ്രഹ്മാണ്ഡഭാണ്ഡത്തെ ഒരു തപ്പായഃപിണ്ഡമാക്കിത്തീർക്കുന്ന മധ്യാഹ്നസമയത്ത്—എത്ര ഉത്സാഹമുള്ള തലയേയും നിദ്രയുടെ മടിയിലേയ്ക്കു ചായിക്കുന്ന നട്ടുച്ചനേരത്ത്—ഒരു ജനസംഘത്തിൽ ചേർന്ന നാലു മണിക്കൂർ ഇരിക്കുക എന്നതു അത്ര ദൂരത്തുവെച്ചു വിചാരിച്ചപ്പോഴത്തന്നെ എന്റെ ദേഹം ആസകലം വിയർത്തുപോയി; ഈ പരിഷത്തിനെ ഉൽഘാടനംചെയ്യാൻ—എന്നുവെച്ചാൽ, ഈ ദുർബലമായ കയ്യുവേണം, ഈ മഹാസ്ഥാപനദ്വാരത്തിന്റെ വലിയ താക്കോൽ പിടിച്ചു തിരിക്കുവാൻ—ഞാനാണ് എന്നു വിചാരിച്ചപ്പോഴാകട്ടെ ഒന്നുകൂടി വിയർത്തുപോയി! ഭാഗ്യത്താൽ ഈ ഭയത്തിൽനിന്നു ഞാൻ രക്ഷപ്പെട്ടു; ഇത്രയും വലുതായ ഒരു പരിഷത്തിനെ പ്രാരംഭിക്കാൻ ഇവിടെ വന്നിട്ടുള്ളവരിൽ തികച്ചും അർഹന്മാരായിട്ടുള്ളവർ മൂന്നുപേരാണ്. അപ്പൻതമ്പുരാൻ തിരുമേനിക്കു സാഹിത്യലോകത്തിലുള്ള സ്ഥാനം എന്താണെന്നു ഞാൻ പറയേണ്ടതില്ല; അവിടത്തെ ഭാസ്കരമേനോൻ, ഭ്രൂതരായർ മുതലായ പുസ്തകങ്ങളൊട്ടു ശ്രുപാർശചെയ്യുന്നുമില്ല. അവിടത്തെ മേൽനോട്ടത്തിൽ ഏറ്റവും പ്രശസ്തരീതിയിൽ നടന്നിരുന്ന രസികരഞ്ജിനീമാസികയുടെ ഓരോ ഭാഗവും അവിടേയ്ക്കുള്ള സ്ഥാനം വിളിച്ചുപറയുന്നുണ്ട്. കൊച്ചിമഹാരാജാവിനാൽ—അവിടത്തെ വന്ദ്യ മാതുലനാൽ—നല്കപ്പെട്ടിട്ടുള്ള 'സാഹിത്യകുശലൻ' എന്ന ബിരുദം പാത്രത്തിൽത്തന്നെയാണ് പതിച്ചിരിക്കുന്നത്. പിന്നെ എന്റെ വന്ദ്യസ്നേഹിതൻ പരമേശ്വരയ്യരുവർകും—അദ്ദേഹത്തിന്നു നാലു ഭാഷകളിൽ ഒരുപോലെ പാണ്ഡിത്യമുണ്ട്; മലയാളം, സംസ്കൃതം, തമിഴ്, ഇംഗ്ലീഷ് എന്നീ നാലു ഭാഷകളിൽ തൂലികയെ വ്യാപരിപ്പിക്കുവാൻ അദ്ദേഹത്തിന്റെ കയ്യിന്നു ശക്തിയുണ്ട്. ഒരു ഡിപ്പാർട്ടുമെണ്ടിന്റെ തലവലവനായിരുന്നുകൊണ്ടു അദ്ദേഹം കൈരളീദേവിയെ ആരാധിച്ചുപോരു

Digitized By Kerala Sahitya Akademi

ന്നതു കാണുമ്പോഴും, എനിയ്ക്കു നമസ്കരിയ്ക്കാൻ തോന്നാറുണ്ടു്. പക്ഷേ ദൂരത്തുവെച്ചു നമസ്കരിക്കുക ഈശ്വരനെയല്ലേ പതിവുള്ളൂ! അതുകൊണ്ടു് അതു് (അത്യാചാരം) ചെയ്യാറില്ലെന്നു മാത്രം. പ്രൊഫസർ രാജരാജവർമ്മതിരുമേനിയാൽ അലംകൃതമായിരുന്ന കേരള സാഹിത്യ ചക്രവർത്തി പദത്തിൽ, നമ്മുടെ ഭക്തിബാഷ്പങ്ങളാൽ അഭിഷിക്തനാണു് അയ്യരവർകും! ഈ സാഹിത്യസാവ്വഭൌമൻ ഇന്നലെ എന്നെ കണ്ടു ഉടനെ കടന്നു കെട്ടിപ്പുണർന്നപ്പോഴും, അല്പവിഭവനായ എനിക്കുണ്ടായ ആനന്ദം, പണ്ടു ദ്വാരകയിൽ ലോകസംരക്ഷണം ചെയ്യുകൊണ്ടു് വാണിരുന്ന ശ്രീകൃഷ്ണനാൽ ആലിംഗിതനായ കുചേലനുമാത്രമേ വർണ്ണിക്കാൻ സാധിക്കൂ! പി. കെ. നാരായണപിള്ള അവർകളോ, തിരുവിതാംകൂറിലെ നിരൂപകകേസരി എന്നു് പ്രസിദ്ധൻ, നമ്പൂതിരിസഭയാൽ 'ദേശാഭിമാനി' ബിരുദംകൊണ്ടു സംഭാവിതൻ, സംസ്കൃതത്തിൽ അനേകം ഗ്രന്ഥങ്ങൾ വായിച്ചിട്ടുള്ള പണ്ഡിതൻ, മലയാളത്തിലെ ഒന്നാംകിട വാഗ്മികളിൽ ഒരാൾ! ഭാഗ്യംകൊണ്ടു് ഈ മൂന്നു മഹാന്മാരിൽ ഒരാൾതന്നെയാണല്ലോ നമ്മുടെ പരിഷത്തിനെ തുറന്നതു്. അതുകൊണ്ടു പരിഷത്തിന്നു വിജയം; എനിക്കു ഭയപ്പാടിൽനിന്നു രക്ഷ—ഒരു വെടിയ്ക്കു രണ്ടുപക്ഷി!

പിന്നെ ചൂടിന്റെ കാര്യം—അതു ഞാൻ അറിഞ്ഞതേ ഇല്ല. പണ്ഡിതന്മാരാലും കവികളാലും മണ്ഡിതമായിരിക്കുന്ന ഈ പരിഷത്തിനെ നല്ലവണ്ണം കാണുന്നവനെന്നപോലെ തല പൊക്കിനിൽക്കുന്ന ഈ തെങ്ങുകളും നമ്മുടെ കല്പവൃക്ഷങ്ങളും—അവയുടെ കാറ്റിലുലയുന്ന പീലിത്തൊങ്ങലുകളുംകൊണ്ടു നമ്മെ വീശിക്കൊണ്ടിരിക്കുന്നു. തെങ്ങുകളുടെ ഈ ഉപചാരം കാണുമ്പോഴും,

"യാന്തി ന്യായപ്രവൃത്തസ്യ തിര്യഞ്ചോപി സഹായതാം"
എന്ന ശ്ലോകാർദ്ധത്തിന്നു്,
"യാതി ന്യായപ്രവൃത്തസ്യ സ്ഥാവരോപി സഹായതാം"
എന്നൊരു പാഠഭേദം ചേർക്കാമെന്നു തോന്നിപ്പോകുന്നു.

ഇതുകൊണ്ടൊക്കെ ഞാൻ രസിച്ചു എങ്കിലും, എനിക്കു വ്യസനവും തോന്നായ്കയില്ല: ചെവി എന്നോടു യാത്രപറഞ്ഞുപോയിട്ടു പതിനേഴു് കൊല്ലമായി: ഈ പതിനേഴു കൊല്ലത്തിനിടയിൽ ഇന്നലെയും ഇന്നുമാണു് ബാധിര്യംകൊണ്ടുള്ള ദുഃഖം പൂർണ്ണമായി എനിക്കനുഭവപ്പെട്ടതു്. ഇവിടെ നടന്ന പ്രസംഗങ്ങളും ഗാനങ്ങളും ഞാൻ കേൾക്കയുണ്ടായില്ല. പരമേശ്വരയ്യരവർകും ഇന്നലെ സംസാരിച്ചതിനെ പത്രാധിപന്മാർ പ്രസംഗം എന്നു പറയുമായിരിക്കും; ഞാനതിന്നു പേരിട്ടിരിക്കുന്നതു് ഏറ്റവും നിഷ്കൃഷ്ടമായ ഒരലങ്കാരശാസ്ത്രസംഗ്രഹം എന്നാണു്. സാഹിത്യം എന്നുവെച്ചാലെന്താണു്, അതിന്റെ പ്രയോജനം എന്താണു്, എങ്ങിനെയായാൽ സാഹിത്യമാകും—ഇത്യാദിയൊക്കെ അദ്ദേഹം നമുക്കു പറഞ്ഞുതന്നു. ഏതാദൃശന്മാരായ മഹാന്മാർ അവരുടെ വൈദുഷ്യത്തെ ആവിഷ്കരിച്ചുകൊണ്ടു ശ്രേഷ്ഠവിഷയങ്ങളെ ഉപന്യസിക്കുമ്പോഴും, പൈതങ്ങൾ അമ്മിഞ്ഞപ്പാൽ വറ്റിയിട്ടില്ലാത്ത പവിഴച്ചുണ്ടുകളുംകൊണ്ടു കൊഞ്ചുമ്പോഴും, ശ്രീമതി ടി. സി. നാരായണിയമ്മ (സാഹിത്യസഖി ടി. സി. കല്യാണിനി അമ്മയുടെ അനുജത്തി) പാട്ടുപാടുമ്പോഴും—ഇങ്ങിനെ ചില സമയങ്ങളിലാണു് ബാധിര്യദുഃഖം ഞാൻ ശരിക്കറിയാറുള്ളതു്. ഇവർ

Digitized By Kerala Sahitya Akademi

പ്രസംഗിക്കുന്ന സമയത്ത് എനിക്കു ചെവിയുള്ളവരുടെ പേരിൽ തെല്ലൊരസൂയ തോന്നി. അതോടുകൂടിത്തന്നെ—അസൂയ വളരെ ചീത്തയാണല്ലോ—"ഇനിയത്തെ ജന്മം ഈ കൂട്ടർക്കൊക്കെ ചെവികേൾക്കാതാവട്ടേ, എനിക്കുമാത്രം ചെവി കേൾക്കട്ടെ,' എന്നൊന്നു പ്രാർത്ഥിക്കയുണ്ടായോ എന്നു സംശയം!

പ്രകൃതിദേവിയുടെ ശീതോപചാരത്തെപ്പറ്റി ഞാൻ പറകയുണ്ടായല്ലോ. ഇതില്ലെങ്കിൽത്തന്നെ, നമ്മളുണ്ടോ ചൂടറിയുന്നു? നമ്മുടെ ഇപ്പോഴത്തെ നില്പും, നമ്മുടെ സാഹിത്യം എങ്ങിനെയായാൽ രക്ഷപ്പെടും എങ്ങിനെയായാൽ അഭിവൃദ്ധിപ്പെടും എന്നുള്ള ചിന്തയാകുന്ന ചെന്തീയിലാണല്ലോ, മലയാളസാഹിത്യത്തിന്റെ വളർച്ച തുടങ്ങിയിട്ട്—അല്ലെങ്കിൽ മലയാളത്തിൽ സാഹിത്യം എന്നൊരു കുട്ടി ജനിച്ചിട്ട്—അറുനൂറു കൊല്ലത്തിൽ ചുരുങ്ങാത്ത കാലമായിരിക്കുന്നു. ഈ അറുനൂറു കൊല്ലങ്ങൾക്കിടയിൽ കൈരളി എന്തു സമ്പാദിച്ചിട്ടുണ്ട്? ഈ ചോദ്യത്തിനുള്ള ഉത്തരം നമുക്കൊട്ടും അഭിമാനജനകമായിരിക്കുന്നില്ല. ഒരു ചെറുശ്ശേരി, ഒരു തുഞ്ചത്തെഴുത്തച്ഛൻ, ഒരു കുഞ്ചൻനമ്പ്യാർ, ഒരുണ്ണായിവാരിയർ, ഒരു കോട്ടയം തമ്പുരാൻ തുടങ്ങിയ ചിലരുടെ കൃതികൾ ഉണ്ട്, നമുക്കഭിമാനത്തിനു പറയാൻ. ചമ്പുക്കളിൽ നാലഞ്ചെണ്ണവും പ്രശംസനീയമായിട്ടുണ്ടാവും. അധികം ചമ്പുക്കളും കവിതാഗ്രന്ഥം കുറഞ്ഞവയായിക്കാണുന്നതു തൽക്കർത്താക്കന്മാരുടെ കുറ്റംകൊണ്ടല്ല. പാഠകം പറയാനും മറ്റുമാണ് ചമ്പുക്കൾ ഉണ്ടാക്കപ്പെട്ടിരിക്കുന്നത്. പാഠകക്കാർ പലതിൽ നിന്നും ശ്ലോകങ്ങൾ എടുത്തുചേർത്തു ഫലിതത്തിൽ കഥ പറകയാണല്ലോ പതിവ്. അപ്പോൾ കാവ്യഗ്രന്ഥം ആരും നോക്കുകയില്ല. ഇതുപോലെതന്നെ, ആടിക്കാണാൻ നല്ലവയും വായിപ്പാൻ അത്ര സുഖമില്ലാത്തതുമായ ആട്ടക്കഥാകാവ്യങ്ങളും പലതുണ്ട്. അനുഭവത്തിനൊത്താണല്ലോ ഒന്നു നല്ലതോ ചീത്തയോ ആകുന്നത്.

"വിജയക്കൊടി വിശ്വമംഗളാനാം
ത്രിദിവപ്പൊൽക്കുടതൻ പുളിങ്ങതണ്ട്
അമർകെങ്ങളിലംബികാമണാളൻ
തിരുനട്ടത്തിലെടുത്ത ദണ്ഡപാദഃ."

എന്നിങ്ങിനെ സംസ്കൃതപ്രത്യയം വെച്ചുകൊണ്ടാണു നമ്മുടെ ചമ്പുകാരന്മാരും മറ്റും പദ്യങ്ങൾ നിർമ്മിച്ചിരുന്നത്. സംസ്കൃതപ്രത്യയമുണ്ടായാലേ ശരിയായ മണിപ്രവാളമാകൂ എന്നു 'ലീലാതിലക'കാരൻ അനുശാസിച്ചുവിട്ടിരിക്കുന്നു. ഈ ശാസനത്തെ ലംഘിച്ചതു പൂന്തോട്ടം, വെണ്മണി മുതൽപേരാണ്.

"വൈരും കൊള്ളുക വേണ്ട, നല്ലൊരു നിലാവല്ലേ, നടന്നീടുകിൽ—
ക്കാലത്തുണിനു കോടിലിംഗപുരിയിൽച്ചെല്ലാ, മതല്ലേ തരം?"

എന്നിങ്ങനെ സംസാരിക്കുന്ന മട്ടിലും സംസ്കൃത പ്രത്യയസ്പർശമില്ലാതെയും വേണം കവിത എന്നായിരുന്നു പൂന്തോട്ടപ്രഭൃതികളുടെ സിദ്ധാന്തം. അവർ പുതിയ ആശയങ്ങളെപ്പറ്റി ചിന്തിച്ചിരുന്നില്ല; പുതിയ ഭാഷയായിരുന്നു അവരുടെ ആലോചനാവിഷയം. അതിൽ അവർ ജയംനേടിയിരിക്കുന്നതാനും. ഇതോക്കാതെ, അവരുടെ കൃതികളിൽ ആശയഗ്രഹണമില്ലെന്നും മറ്റുമായി ആ നവീന മണിപ്രവാളസ്ഥാപകന്മാരെ അപലപി

Digitized By Kerala Sahitya Akademi

ച്ചാൽക്കൊള്ളാമെന്നു ചില നിരൂപകന്മാർക്കാശയുള്ളതായിക്കാണുന്നു. ഇതിൽ ഗുരുതരക്കേടുകൂടിയുണ്ടെന്നു ഞാൻ വാദിക്കും. അവർ നവീനമലയാളത്തിന്റെ ഗുരുനാഥന്മാരാണ്.

പ്രാചീന കൃതികളിൽനിന്നുതന്നെ അധികംപ്രാവശ്യം വായിക്കാനുള്ള പുസ്തകങ്ങൾ തിരഞ്ഞെടുക്കുകയാണെങ്കിൽ, വളരെയൊന്നും കിട്ടാനുണ്ടാവില്ല. ഇപ്പോൾ തുരുതുരെ പുറത്തുവരുന്ന പുസ്തകങ്ങളും പ്രായേണ ഭാഷയുടെ തറവാട്ടുസ്വത്തിനെ വർദ്ധിപ്പിക്കുന്നവയല്ല. എമേഴ്സനാണെന്നു തോന്നുന്നു, അച്ചടിച്ച് ഒരു കൊല്ലമെങ്കിലും ചെന്നിട്ടില്ലാത്ത പുസ്തകം വായിക്കരുതെന്നഭിപ്രായപ്പെട്ടിട്ടുണ്ട്. അതനുസരിച്ചു നോക്കുകയാണെങ്കിൽ, വായിക്കാൻ ഏറെയൊന്നും കിട്ടുകയില്ല. അല്പായുസ്സുകളായ പുസ്തകങ്ങളാണ് ഇവിടെ അധികം ഉണ്ടാവുന്നത്. എന്റെ കുട്ടിക്കാലത്ത് ഒരിക്കൽ വെടിപറയുന്ന കൂട്ടത്തിൽ ഞാൻ നാടകം വായിച്ചിട്ടുണ്ടോ എന്നൊരാൾ ചോദിക്കുകയുണ്ടായി. അന്നു കണക്കുകൂട്ടിയതിൽ തജ്ജമനാടകങ്ങളുൾപ്പെടെ അറുപതിൽപ്പുറം എണ്ണം കണ്ടതായിട്ടാണ് ഓർമ്മ. ആ അറുപതെണ്ണത്തിൽ ആറെണ്ണംപോലും ഇന്നു കണ്ടെത്തുന്ന കാര്യം സന്ദിഗ്ധമാണ്. എന്നാൽ അവയുടെ ആയുർബ്ബലത്തിനു വല്ല മൃത്യുഞ്ജയഹോമമോ മറേറാ കഴിപ്പിക്കാമായിരുന്നു എന്നു തോന്നുന്നില്ലാതാനും.

സ്വാതന്ത്ര്യനാടകങ്ങളിൽ എരുവയിൽ ചക്രപാണി വാരിയരുടെ 'ഹരിശ്ചന്ദ്രചരിത'വും കവിസാർവഭൌമൻ കൊട്ടങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാന്റെ 'മധുരമംഗല'വും മുൻനിൽക്കുമെന്നാണ് എന്റെ അഭിപ്രായം. ഹരിശ്ചന്ദ്രചരിതത്തിനു, ഒരു സംസ്കൃതനാടകത്തിന്റെ ഛായ ഏതാണ്ടൊക്കെ വന്നിട്ടുണ്ട്. മധുരമംഗലം പ്രഹസനമാണ്; മനുഷ്യർ ചിരിക്കണമെന്നേ കവി ഉദ്ദേശിച്ചിട്ടുള്ളു. അതു സാധിച്ചിട്ടുണ്ട്. അതിലെ നായകനായ കോന്തക്കുറുപ്പ് എന്ന പ്രഭുവിന്റെ അടുക്കൽ പരദേശബ്രാഹ്മണവാദ്ധ്യാർ ഒരു താമ്പാളത്തിൽ കുറേ പലഹാരം കൊണ്ടുചെന്നു കാഴ്ചവെച്ചു. (വാദ്ധ്യാരുടെ ഗൃഹത്തിൽ എന്തോ ഒരടിയന്തരമുണ്ടായിരുന്നു) പലഹാരം സ്വീകരിച്ചതിനുശേഷം പ്രഭുവിനു താമ്പാളംകൂടി കിട്ടണമെന്നായി. വില ആറുറുപ്പിക കൊടുക്കാൻ കല്പനയുണ്ടായി. അപ്പോൾ പ്രഭുവിന്റെ സേവകന്മാരിലൊരു രസികൻ ആറുരൂപയ്ക്ക് ഒരു സാധനം വാങ്ങുന്നതു ഇവിടുത്തെ കുബേരത്വത്തിനു പോരായ്മയാണെന്നഭിപ്രായപ്പെട്ടു. ഉടനെ ഉദാരശീലനായ പ്രഭു ആറിനു പകരം അറുനൂറുറുപ്പിക കൊടുത്തു പാത്രം മേടിച്ചു. വാദ്ധ്യാർ അന്നു നല്ല കണിയാണു കണ്ടതു. താമ്പാളത്തിന്റെ വക്കത്തു ചില അക്ഷരങ്ങൾ കാണപ്പെട്ടു. കോന്തക്കുറുപ്പിനു എഴുത്തു കുറെ കഷ്ടിയാണു. ഏതാനും നിമിഷങ്ങൾകൊണ്ടു ആ അക്ഷരങ്ങൾ നോക്കി തപ്പിപ്പിടിച്ചു 'വ—ദ്ധ്യ—ര'എന്നു പ്രഭു വായിച്ചു. അപ്പോൾ പാർശ്വസ്ഥിതരിൽ ഒരാൾ വാദ്ധ്യ എന്നീ അക്ഷരങ്ങൾക്കു ദീർഘമുണ്ടെന്നു വാദിച്ചു. അപ്പോൾ പ്രഭു 'ദീർഘവും മാറും അക്ഷരങ്ങളുടെയിടയിൽക്കൊണ്ടിട്ടു വായിപ്പാൻ വയ്യാതാക്കിക്കളയുന്നു!' എന്നു കുറഞ്ഞൊന്നു ദ്വേഷ്യപ്പെടുകയാണുണ്ടായതു. ഇത്തരം ചിരിപ്പിക്കുന്ന സന്ദർഭങ്ങൾ മധുരമംഗലത്തിൽ പലതുമുണ്ട്.

ആകപ്പാടെ നോക്കിയാൽ, കൃഷ്ണഗാഥ, എഴുത്തച്ഛൻ കിളിപ്പാട്ടുകൾ, നമ്പ്യാരുടെ കൃതികൾ, അഞ്ചാറു ചമ്പുപ്രബന്ധങ്ങൾ മുതലായവ കഴി

Digitized By Kerala Sahitya Akademi

ഞ്ഞാൽ, മടിയന്മാരായ വായനക്കാക്കുതന്ന ഒരു കൊല്ലം വായിക്കുവാനുള്ള വക കിട്ടിയാലായി എന്നേ പറഞ്ഞുകൂടൂ. ഒരു ഭാഷക്കു പുഷ്ടിവന്നു എന്നു പറയണമെങ്കിൽ, എല്ലാ വിഷയത്തിലും വായിയ്ക്കുവാൻ വേണ്ടിടത്തോളം പുസ്തകങ്ങളുണ്ടായിരിയ്ക്കുണം. 'അമ്മേ, വല്ലാത്ത ദാഹം! ഒരിത്തിരി കഞ്ഞിയെങ്കിലും തരൂ!' എന്നാവലാതിപ്പെട്ടുകൊണ്ടു കുട്ടികൾ മുഷിഞ്ഞുകീറിയ ഉടുവസ്ത്രത്തിൽ പിടിക്കുമ്പോൾ, കുചേലപത്നിക്കു യാതൊരു വികാരമാണോ ഉണ്ടായിരുന്നത്, ആ വികാരമാണ് ഇന്നു സാഹിത്യതൽപരരായ വായനക്കാർമൂലം നമ്മുടെ മാതൃഭാഷയ്ക്കുണ്ടായിക്കൊണ്ടിരിക്കുന്നത്.

നമ്മുടെ സാഹിത്യം വർദ്ധിക്കാത്തതിന്റെ കാരണങ്ങളിൽ പ്രധാനമായ ഒന്നു സാഹിത്യകാരന്മാരെ യഥോചിതം പ്രോത്സാഹിപ്പിക്കായ്കയാണ്. ഉയർന്ന വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള ഒരാൾ—ബി. എ; ബി. എൽ പാസ്സായിട്ടുള്ള ഒരാൾ: അതാണല്ലോ ഇന്നത്തെ ഉയർന്ന വിദ്യാഭ്യാസം—കവികളെ അമ്മായിശ്ലോകക്കാർ എന്നു പറയാറുള്ളതു് എനിക്കറിയാം. കവിത എന്നുവെച്ചാൽ അമ്മായിശ്ലോകമാണെന്നാണ് ആ മഹാന്റെ അഭിപ്രായം! അത്തരക്കാർ മനുഷ്യരായിട്ടുതന്നെ നമ്മുടെ ഇടയിൽ ജീവിച്ചിരിക്കുന്നുണ്ടു്. അങ്ങിനെയുള്ള സമുദായത്തിൽ സാഹിത്യപ്രോത്സാഹനം എങ്ങിനെയുണ്ടാവും? വാസനയും വൈദുഷ്യമുള്ള സാഹിത്യകാരന്മാർ ഇവിടെ ഇല്ലായ്കയില്ല. എന്നാൽ അവർ വേണ്ടുംവണ്ണം പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല. ഉദാഹരണത്തിനു വിദ്വാൻ കെ. പി. കറുപ്പനവർകളെ എടുക്കാം. അദ്ദേഹം ഇന്നലെ വായിച്ച കവിത തുലോം കമനീയമായിരിക്കുന്നു. കറുപ്പനെ (ശ്രീമാൻ എന്നോ മറ്റോ ഉപപദം ചേർത്തു പറയാത്തതു് അക്ഷരച്ചുരുക്കത്തിനു വേണ്ടിയാണു്) നാട്ടുകാർ എത്രത്തോളം ആദരിക്കുന്നുണ്ടു്? കേരളത്തിൽ ഏറ്റവും താഴ്ന്ന ഒരു സമുദായത്തിൽപ്പെട്ടാളാണു് കറുപ്പൻ. കുടിക്കാൻ വെള്ളമില്ല; ഉടുക്കാൻ തുണിയില്ല; എല്ലാറ്റിനും പുറമേ നടക്കാൻ വഴിയുമില്ല. (ഹസ്തതാഡനം) ഇങ്ങിനെയുള്ള ഒരു സമുദായത്തിലെ അംഗമായ ഇദ്ദേഹം എങ്ങിനെയോ കുറെ സംസ്കൃതപാണ്ഡിത്യവും സൽകവിതയും സമ്പാദിച്ചു. മേൽജ്ജാതിക്കാരുടെ നാട്യം കറുപ്പൻ കടന്നു സരസ്വതീദേവിയെ അയിത്തമാക്കി എന്നായിരിക്കുമോ? അയിത്തശങ്കകൊണ്ടുതന്നെയായിരിക്കാം, ലക്ഷ്മീദേവിയും സരസ്വതീദേവിയും കറുപ്പന്റെ സമുദായത്തിന്റെ സമീപത്തുപോലുമെല്ലാത്തതു്! സരസ്വതീദേവി വേദം ചൊല്ലിക്കൊണ്ടിരിക്കുന്ന ബ്രഹ്മാവിന്റെ ഭാര്യയോ മകളോ ആണു്. പുലയ സമുദായത്തോടു സമീപിച്ചാൽ 'അയിത്തമായി! അയിത്തമായി!' എന്നു മേൽജ്ജാതിക്കാർ ഘോഷിച്ചേയ്ക്കും. ലക്ഷ്മീദേവിയ്ക്കു വേണമെങ്കിൽ അയിത്തമാവുകതന്നെ ചെയ്യാം. പാർപ്പു സമുദ്രത്തിലാകകൊണ്ടു കുളിപ്പാൻ വിഷമമില്ലല്ലോ. പക്ഷേ, ഒരു പകടുണ്ടു്. ആ സമുദ്രം പാലാണു്. പാലിലെ കുളി സൌന്ദര്യത്തെ വർദ്ധിപ്പിയ്ക്കുമെന്നു ലക്ഷ്മീദേവി ധരിച്ചിട്ടില്ലെന്നു തോന്നുന്നു. ഫ്രാൻസിലെ ഒരു പണക്കാരിയായ സുന്ദരി പാലിൽ കുളിക്കാൻ തുടങ്ങി. അവളുടെ സ്വച്ഛവും മധുരവുമായ സൌന്ദര്യത്തെ വെള്ളം തട്ടിച്ചുകൂടായെന്നു കരുതിയിട്ടായിരിയ്ക്കാം. ഒരുകുളിയ്ക്കു 50 കപ്പിപാൽ വേണം. ഇതു നിമിത്തം പട്ടണവാസികൾക്കു പാൽകിട്ടാതാകയാൽ മുനിസിപ്പാലിറ്റിക്കാർ ലഹള കൂട്ടി. നമ്മുടെ പഴയ മട്ടുകാരിയായ ലക്ഷ്മിക്കു പാൽക്കുളിയാകുന്ന പരിഷ്കാരം അറിയാ

Digitized By Kerala Sahitya Akademi

മായിരുന്നുവെങ്കിൽ തീണ്ടൽക്കാരുടെ അടുക്കൽചെല്ലാൻ മടിക്കാതിരു ന്നേനേ! കുമാരനാശാനവർകളെ ഈഴവർ ക്ഷേത്രിപൂവ്വം ആരാധിച്ചുപോരുന്നു; ആവിധം സജാതീയരുടെ പൂജനംപോലും (അവർ പ്രായേണ പഠിപ്പും പണവും ഇല്ലാത്തവരാകയാൽ) കുറുപ്പനു കൈവരുന്നില്ല! ഈഴവരിൽ കുമാര നാശാനുള്ള സ്ഥാനം ഏതോ അതുതന്നെയാണു് വാലവർഗ്ഗത്തിൽ കുറുപ്പ നുമുള്ളതു്. ഇതൊരു പ്രത്യക്ഷസ്ഥിതിയായി തോന്നുന്നപക്ഷം, കുറുപ്പനു കുറെ നേരത്തേയ്ക്കു ചെവി കേൾക്കാതായാൽക്കൊള്ളാമായിരുന്നു. തന്റെ അതിർ കവിഞ്ഞ പുത്രവാത്സല്യത്തിന്റെ ഫലമായിട്ടു വംശം മുച്ചൂടും മുടിഞ്ഞതു കണ്മാൻ ധൃതരാഷ്ട്രർക്കു കാഴ്ച സിദ്ധിച്ചതായി ഭാരതത്തിൽ പറയുന്നുണ്ടല്ലോ. അതുപോലെ, ഞാൻ പറയുന്നതു കേൾപ്പിക്കാതിരിക്കാൻ അദ്ദേഹം ഇത്തിരി നേരത്തേയ്ക്കു എന്റെ കൂട്ടുകാരനായാൽക്കൊള്ളാമായിരുന്നു! കുറുപ്പന്റെ പാണ്ഡിത്യത്തെയും കവിത്വത്തെയും മേൽജ്ജാതിക്കാർ മാനിച്ചതു മതിയാ യിട്ടില്ലെന്നും ഇത്തരം പ്രോത്സാഹനക്കുറവു് സാഹിത്യവർധനയ്ക്കു പ്രതി ബന്ധമായിത്തീരുന്നുണ്ടെന്നും സൂചിപ്പിക്കുക മാത്രമാണു് ഞാനിവിടെ ചെയ്തതു്.

ഇതുപോലെത്തന്നെ, പ്രോത്സാഹനാർഹനായ ഒരു കവിയാണു് മേല ങ്ങത്തു് അച്യുതമേനോനും. അച്യുതമേനോന്റെ കുട്ടിക്കാലത്തെ കവിത വായിയ്ക്കുമ്പോഴേതന്നെ ഒരൊന്നാന്തരം രചനക്കാരനായ കവിയെ മലയാള ഭാഷയ്ക്കു കിട്ടാൻ പോകുന്നതായി എനിക്കു തോന്നാറുണ്ടായിരുന്നു. ഇദ്ദേ ഹവും (പരമേശ്വരയ്യരവർകളും) അച്യുതമേനോനു 'കുട്ടിവള്ളത്തോൾ' (എന്നെ സ്തുതിച്ചുകൊണ്ടു എന്നെപ്പോലെ രചനാഗ്രണക്കാരൻ എന്നർത്ഥ ത്തിൽ) എന്നു പേരിട്ടതായി കേട്ടിട്ടുണ്ടു്. ഇയ്യിടയിൽ അച്യുതമേനോനെഴു തുന്ന ശ്ലോകങ്ങൾക്കു ജഗന്നാഥപണ്ഡിതരുടെ രചനയുടെ ഒരു നേരിയ ഛായയുണ്ടെന്നു പറഞ്ഞാൽ അതിശയോക്തിയാകയില്ല. ശ്രീമാൻ ശങ്കര ക്കുറുപ്പു് ഇന്നലെ വായിച്ച കവിത, അടുത്തകാലത്തുണ്ടാക്കിയിട്ടുള്ളവയിൽ വെച്ചു് മീതെയാണു്. ഇതുപോലെ പലരുടേയും പേരുകൾ പ്രസ്താവിക്കേണ്ട തുണ്ടു്. ഇവരൊക്കെ സാഹിത്യത്തിൽ എന്തുംചെയ്യാൻ തുണിയുള്ളവരാണു. എന്നാൽ മലയാളത്തിൽ സാഹിത്യപ്രയത്നം ചെയ്താൽ എന്താണു് പ്രതി ഫലം? ഒരു 'ഭാഷാപോഷിണി' പ്രസംഗത്തിലാണെന്നു തോന്നുന്നു, പരേ തനായ കേരളകാളിദാസൻ തിരുമനസ്സുകൊണ്ടു് 'മലയാളത്തിൽ പുസ്തക മെഴുതിയാൽ എന്തുകിട്ടും? എന്ന ചോദ്യത്തിനു 'കൈക്കുളങ്ങരെ രാമവാരി യരുടെ ജീവചരിത്രം ഉത്തരം പറയും,' എന്നു പറയുകയുണ്ടായിട്ടുണ്ടു്. അച്ച ടിച്ച എട്ടു് ഭാഗങ്ങൾക്കു ഒന്നേകാലുറുപ്പിക വീതമായിരുന്ന രാമവാരിയ്ക്കു കിട്ടിയിരുന്ന പ്രതിഫലം. അതിൽനിന്നു നാലണ എഴുത്തുകാരനു കൊടു ക്കണം താനും! ശങ്കരാചാര്യർക്കു ശേഷം ഇങ്ങനെ ഒരു സർവ്വജ്ഞൻ കേര ളത്തിലുണ്ടായിട്ടുണ്ടോ? എന്നിട്ടും വാരിയരുടെ സ്ഥിതി പരമദാരിദ്ര്യ ത്തിലായിരുന്നു.

സാഹിത്യത്തിനു വളർച്ചവരണമെങ്കിൽ, സാഹിത്യം കൊണ്ടുതന്നെ ഉപജീവനം കഴിയ്ക്കാമെന്ന നില വരണം. പരിഷ്കൃതരാജ്യങ്ങളിൽ കവിതയെഴുത്തുകാർക്കു ആ വേലകൊണ്ടുതന്നെ ഉപജീവിയ്ക്കാമെന്നുമാത്ര മല്ല, കോടീശ്വരനാവുക കൂടിച്ചെയ്യാം.

ഇതിനുപുറമേ, നമുക്കു വായിക്കാൻ പുസ്തകങ്ങളില്ലാത്തതുകൊണ്ടു് ആ ശയങ്ങൾക്കു വർദ്ധനയില്ല. ഇരുപതുകൊല്ലങ്ങൾക്കുമുമ്പു് കവിതയെഴുതി

Digitized By Kerala Sahitya Akademi

ത്തുടങ്ങിയ ആൾ ഇന്നും ഒരടി മുന്നോട്ടുപോകാതെ അതേനിലയിൽത്തന്നെ നിൽക്കുന്നതായി നോക്കിയാൽക്കാണാം. ഉണ്ടായിരുന്ന ആശയങ്ങൾ ചിലവായിക്കഴിഞ്ഞു; ഇനി വേറെ സമ്പാദിക്കണം. അതിന്നു ലോകത്തിലെ മഹാന്മാരുടെ ആശയങ്ങൾ മനസ്സിലാക്കിക്കൊണ്ടിരിക്കണം. ഇതുകൊണ്ടാണ് ഇംഗ്ലീഷ്ഭാഷ വർദ്ധിച്ചുവന്നത്. അല്ലാതെ ആ ഭാഷയ്ക്കു ലോകത്തിന്റെ മുക്കാൽഭാഗത്തും പ്രചാരമുണ്ട് എന്നുള്ളതുകൊണ്ടല്ല. സ്പെയിൻ രാജ്യം വളരെ പെരുതാണ്. എന്നാൽ സ്പാനിഷ്ഭാഷാസാഹിത്യമോ വളരെ വലുതാണ്. കേരളത്തിന്റെ വിസ്താരക്കുറവുകൊണ്ടു കേരളഭാഷയെ വിസ്തരിപ്പിക്കവയ്യാഞ്ഞുയില്ല. ബൽസാക്കു എന്ന ഫ്രഞ്ചുമഹാകവിയെ നിങ്ങളിൽ പലരും കേട്ടിട്ടുണ്ടായിരിക്കുമല്ലോ. അദ്ദേഹത്തിന്റെ കൃതികളെല്ലാം ഇംഗ്ലീഷിലേയ്ക്കു തർജ്ജമചെയ്യാൻവേണ്ടിമാത്രം ഇംഗ്ലണ്ടിൽ ഒരു സംഘം സ്ഥാപിക്കപ്പെട്ടിരുന്നു! ആ സംഘം ഒരു വലിയ മൂലധനം ശേഖരിച്ചു; പാടവമുള്ള പരിഭാഷകരെ ഏർപ്പെടുത്തി, കാര്യം ഭംഗിയിൽ സാധിക്കുകയും ചെയ്തു. ഇത്ര മഹത്തരമാണ് ഇംഗ്ലണ്ടുകാരുടെ ഉത്സാഹം! മഹാനായ എമേഴ്സൺ ഒരു സന്ദർഭത്തിൽ "എല്ലാ നദികളും വന്നു ചേരുന്ന ഒരു സമുദ്രമായിത്തീരണം, എന്റെ ഭാഷ," എന്നു് ആശംസിച്ചിട്ടുയുണ്ടായിട്ടുണ്ട്. അതിനുശേഷം വളരെക്കാലം കഴിയുന്നതിന്നുമുമ്പു തന്നെ അദ്ദേഹത്തിന്റെ ഭാഷ സമുദ്രമായിക്കഴിഞ്ഞു!

തർജ്ജമചെയ്തിട്ടുള്ള പുസ്തകങ്ങളെക്കൊണ്ടുള്ള വളർച്ച വളർച്ചയല്ലെന്നുള്ള അഭിപ്രായം ചിലക്കുണ്ട്. നേരേമറിച്ചാണ് മഹാന്മാരുടെ അഭിപ്രായം: "ഏതു ശ്രേഷ്ഠഗ്രന്ഥവും എന്റെ ഭാഷയിലുണ്ടെങ്കിൽ ഞാൻ അതിന്റെ മൂലം വായിക്കാൻ നിൽക്കുകയില്ല" എന്നത്രേ എമേഴ്സന്റെ ശപഥം. ഇന്നലെ ഒരു മാന്യൻ ഇവിടെ സംസാരിച്ചതിൽ 'സോഡാക്കുപ്പി തുറന്നാൽ വീര്യമൊക്കെ പോവു'മെന്നു പറഞ്ഞതായി ഓർക്കുന്നു. മൂലത്തിന്റെ ഗുണം തികച്ചും തർജ്ജമയ്ക്കുണ്ടാവില്ലെന്നാണല്ലോ ഇതിന്റെ അർത്ഥം. ഗ്യാസ് ഇത്തിരിയൊക്കെ പോകുമാരിക്കാം. കഴിയുന്നേടത്തോളം സൂക്ഷിച്ചു കുപ്പി തുറക്കുക തന്നെയേ നിർവാഹമുള്ളൂ. എമേഴ്സൻ അദ്ദേഹത്തിന്റെ 'ബുക്സ്' എന്ന ഉപന്യാസത്തിൽ "ഏതുൽകൃഷ്ടഗ്രന്ഥവും അന്യഭാഷയിലേയ്ക്കു സംക്രമിപ്പിക്കാവുന്നതായിരിയ്ക്കും" എന്നഭിപ്രായപ്പെട്ടിരിക്കുന്നു. ഒരു മഹാകവി സംസാരിക്കുന്നതു് അദ്ദേഹത്തിന്റെ അയൽക്കാർക്കു മാത്രം കേൾക്കാൻവേണ്ടിയല്ല; ലോകത്തിന്നു മുഴുവൻ കേൾക്കാൻവേണ്ടിയാണ്. അദ്ദേഹം ഏതു ഭാഷയിൽ സംസാരിച്ചാലും, ലോകം മുഴുവൻ കേൾക്കും. കേൾക്കുകയും വേണം. ഇതരഭാഷകളിലെ ഉൽകൃഷ്ടഗ്രന്ഥങ്ങളെ തിരഞ്ഞെടുത്തു തർജ്ജമചെയ്താൽ മാത്രമേ നമ്മുടെ സാഹിത്യത്തിന്നും സാഹിത്യകാരന്മാർക്കും വളർച്ചയുണ്ടാകയുള്ളൂ.

ശാകുന്തളം തർജ്ജമ പുറത്തുവന്നതോടുകൂടി സംസ്കൃതപുസ്തകങ്ങൾ തർജ്ജമചെയ്യുവാൻ നമ്മുടെ സാഹിത്യകാരന്മാർക്കു ഒരു ഉത്സാഹം ഉണ്ടായി. അതിന്റെ ഫലമായി സംസ്കൃതപുസ്തകങ്ങൾ പലതും കൈരളിയ്ക്കു കൈവരികയും ചെയ്തു. തന്നിമിത്തം സംസ്കൃതാലങ്കാരരീതി നമുക്കു പരിചിതമായിക്കഴിഞ്ഞിരിക്കുന്നു. ഇനി ഇതരഭാഷകളിലെ കല്പനാസമ്പ്രദായം പഠിയ്ക്കണം. മധുസൂദനദത്ത", രാജാമോഹൻറായി തുടങ്ങിയ മഹാന്മാർ സ്വതന്ത്രവൃത്തങ്ങൾകൂടി നിർമ്മിച്ചുപോഷിപ്പിച്ചുപോന്ന ബങ്കാളിഭാഷയിൽനിന്നു ബങ്കിമചന്ദ്രചാറർജിയുടെയും മറ്റും എത്രയോ കൃതികൾ നമുക്കു കിട്ടിയിട്ടുണ്ട്.

Digitized By Kerala Sahitya Akademi

എന്നാൽ ഹിന്ദിസാഹിത്യത്തിൽനിന്നു യാതൊന്നും നമുക്കു ലഭിച്ചിട്ടില്ല. രണ്ടാമത്തെ ജയദേവൻ എന്നു പ്രസിദ്ധനായ വിദ്യാപതിയുടെ കൃതികൾ പോലും കേരളീയർക്കു പരിചിതങ്ങളായിട്ടില്ല. ഇദ്ദേഹത്തിന്റെ മുന്നൂറു പദ്യങ്ങൾമാത്രം ഏതാനും വർഷങ്ങൾക്കുമുമ്പേ ഇംഗ്ലീഷിൽ തർജ്ജമചെയ്തു് ഇംഗ്ലണ്ടിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. ആ ചെറുപുസ്തകത്തിനു് അരപ്പവൻ വിലയുണ്ടായിരുന്നുവെങ്കിലും, കോപ്പികളൊക്കെ ഏതാനും ആഴ്ചവട്ടത്തിനുള്ളിൽ ചെലവായിപ്പോയി. സംസ്കൃതത്തിൽനിന്നുതന്നെ ഇനിയുംപല ഗ്രന്ഥങ്ങളെ കൈരളി കാത്തിരിക്കുന്നുണ്ടു്. അശ്വഘോഷ മഹാകവിയുടെ ബുദ്ധചരിതം എന്ന മഹാകാവ്യം, സാന്സ്കൃതാഭിജ്ഞന്മാരിൽത്തന്നേ പലരും കേട്ടിട്ടില്ലാത്തതായിരിക്കും. അതു മുപ്പതിൽച്ചിലപ്പാനം കൊല്ലങ്ങൾക്കുമുമ്പേ ഇംഗ്ലണ്ടിൽ ഒരു സായിപ്പാണു് അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയതു്. അതിന്റെ ഒരു കയ്യെഴുത്തുകോപ്പിപോലും അദ്ദേഹത്തിനിന്ത്യയിൽനിന്നു കിട്ടിയില്ല. ജാപ്പാനിൽനിന്നും പാരീസ്സിൽനിന്നും ഇംഗ്ലണ്ടിൽനിന്നുമായി കിട്ടിയ മൂന്നു പ്രതികളും വെച്ചുനോക്കി, ഒരു സായിപ്പിന്നു് ഒരു സംസ്കൃതപുസ്തകം എത്രകണ്ടും വെടിപ്പാക്കാമോ അത്രയും വെടിപ്പാക്കി, അദ്ദേഹം അതു പ്രസിദ്ധീകരിച്ചു. നമ്മുടെ ഒരു മഹാകവിയുടെ ഒരു പുസ്തകം നമുക്കുതരാൻ ഒരു സായിപ്പു് വേണ്ടിവന്നു എന്നർത്ഥം! കളിദാസന്നുപോലും ഉപജീവ്യനാണു് അശ്വഘോഷമഹാകവി എന്നുപറഞ്ഞാൽ, ബുദ്ധചരിതത്തിന്റെ മഹാത്മ്യം വേറെ വർണ്ണിക്കേണ്ടതില്ലല്ലോ. ഇതുപോലെതന്നെ ഒരു മഹാഗ്രന്ഥമാണു് യോഗവാസിഷ്ഠം. ആ വേദാന്തകാവ്യവും മലയാളിയ്ക്കു കിട്ടിയേ കഴിയൂ. ഇംഗ്ലീഷിൽ ലോകത്തിലെ മഹാകവികളുടെയെല്ലാം മികച്ച പദ്യങ്ങളും ഗദ്യങ്ങളും കൂട്ടിച്ചേർത്തിട്ടുള്ള ഒരു ഗ്രന്ഥപരമ്പരയുണ്ടു്. നാന്നൂറോ എഴുപതുറുപ്പികയാണെന്നു തോന്നുന്നു, അതിന്റെ വില. അത്യുൽകൃഷ്ടങ്ങളായ സാഹിത്യങ്ങളെ മാത്രമേ അതിൽ തർജ്ജമചെയ്തു ചേർത്തിട്ടുള്ളു. ആ വക ഉൽക്കൃഷ്ടാശയങ്ങൾ കൈരളീദേവിയെ കേൾപ്പിക്കണം. അതിനെന്തു നിവൃത്തി എന്നതു് ഈ സംഘം ചിന്തിക്കേണ്ടിയിരിക്കുന്നു. എന്നാലേ ഈ സാഹിത്യപരിഷത്തു സഫലമായി എന്നു വിചാരിച്ചുകൂട്ടൂ. നേതാവായ തിരുമനസ്സിലെ ഔദാര്യംകൊണ്ടു നാം കേമമ്മ്യേ സദ്യയുണ്ണും മറ്റും കഴിഞ്ഞു പിരിഞ്ഞാൽപോരാ. ഭാഷാപോഷിണിസഭ ഏതാണ്ടിങ്ങിനെയായിരുന്നു. ഞാൻ കുട്ടിക്കാലത്തു് ഒന്നുരണ്ടു സഭായോഗത്തിനു പോയിട്ടുണ്ടു്. നല്ല ഒരു വയറുംകൊണ്ടുപോയാൽ, ഒട്ടും മോശംകൂടാതെ തിരിച്ചുപോരാം. ഫലിതക്കാരൻ കെ.സി. നാരായണൻനമ്പ്യരവർകൾ, "ഇലമാത്രം മതിയായതില്ല പക്ഷേ," എന്നാവലാതിപ്പെടത്തക്കവണ്ണം, അത്ര വമ്പിച്ചതായിരുന്നു ഭാഷാപോഷിണിയുടെ സദ്യ!

മഹാഗ്രന്ഥവിവർത്തനത്തിനു ഒരു സംഘം സ്ഥാപിയ്ക്കുക, ഈ പരിഷത്തിനാൽ ചെയ്യപ്പെടേണ്ടിയിരിയ്ക്കുന്നു. ആ സംഘം തർജ്ജമയ്ക്കു മിടുക്കുള്ളവരെ തിരഞ്ഞെടുത്തു പ്രവൃത്തിനടത്തിയ്ക്കണം.. ഇംഗ്ലീഷിൽനിന്നു തർജ്ജമചെയ്യുന്ന കാര്യത്തിൽ ശ്രീമാന്മാർ സി. എസ്സ്. സുബ്രഹ്മണ്യൻ പോറ്റി, പുത്തേഴത്തുരാമൻമേനോൻ, നാലപ്പാട്ടു നാരായണമേനോൻ, വി. ഉണ്ണികൃഷ്ണൻനായർ എന്നിവരാണു് മുന്നണിയിൽ നിൽക്കുന്നവർ. രാമൻമേനോൻ പ്രഭൃതികളും ചെറുപ്പക്കാരാണുതാനും. "ഒരിക്കലും തളരാത്ത സിരകളും, നിറം പകരാത്ത കണ്ണുകളും, പതറിപ്പോകാത്ത വിചാരങ്ങളും—

Digitized By Kerala Sahitya Akademi

എന്നിവയത്രേ വിജയാചാര്യന്മാർ'' എന്നാണല്ലോ ബർക്കു അഭിപ്രായപ്പെട്ടിട്ടുള്ളതു്.

''ശ്രുരബാഹ്വഷു ലോകോയം ലംബതേ പുത്രവൽ സദാ''

(ലോകം എന്നും ചുണയുള്ളവരുടെ കൈമേൽ ഒരു കുട്ടിയെപ്പോലെ തുങ്ങിനിൽക്കുന്നു.) എന്ന വ്യാസസൂക്തത്തിന്റെ വ്യാഖ്യാനമായിക്കരുതാം മേലുദ്ധരിച്ച വാക്യം. നമ്മുടെ വിവർത്തകസംഘത്തിനു ചുരുങ്ങിയതു് ഒരു ലക്ഷം ഉറുപ്പിക മൂലധനമുണ്ടായിരിക്കണം. സംഖ്യയുടെ വലുപ്പം നമ്മളെ അമ്പരപ്പിക്കരുതു്. എണ്പതുലക്ഷം മലയാളികളിൽനിന്നു ഒരു ലക്ഷം ഉറുപ്പിക ഒരു മഹാകാര്യത്തിനു ആശിക്കാവുന്നതല്ലയോ? കാർലൈൻ പറഞ്ഞപോലെ, ''ഉൽകൃഷ്ടകാര്യങ്ങളെല്ലാം ആദിയിൽ അസാധ്യങ്ങളായിത്തോന്നും.'' ഉത്സാഹിപ്പാനാളുണ്ടെങ്കിൽ എല്ലാം നടക്കുകതന്നെ ചെയ്യും.

എനിക്കു നിങ്ങളോടു പലതും സംസാരിച്ചാൽക്കൊള്ളാമെന്നുണ്ടു്. എന്നാൽ ഇത്രയും സമയം പ്രവൃത്തിയെടുത്തതുകൊണ്ടു് എന്റെ ജലദോഷദൂഷിതമായ കണ്ഠം ദുർബലമായിച്ചമഞ്ഞിരിക്കുന്നു. അതുകൊണ്ടു തൽക്കാലം വിരമിക്കട്ടെ.

Digitized By Kerala Sahitya Akademi

എന്റെ യഥാർത്ഥവിദ്യാരംഭം*

എന്റെ പുലയസഹോദരന്മാരുടെ ഉദ്ധാരണത്തെ സഹായിക്കുന്ന ഒരു സ്ഥാപനത്തിന്റെ കവാടോൽഘാടനം സംബന്ധിച്ച് ഇവിടെ എത്തിച്ചേരുവാനിടവന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ഈ മഹത്തരമായ കൃത്യം നിവ്വഹിക്കുവാൻ എനിക്ക് അവസരം തന്നതിന്നു ഞാൻ നിങ്ങളോടു നന്ദിപറഞ്ഞുകൊള്ളുന്നു. ഇന്നു വിദ്യാരംഭമാണ്. ഇതു നമുക്കെല്ലാവർക്കും ഒരു പുണ്യോത്സവമാണ്. കേരളത്തെ സംബന്ധിച്ചു പറയുന്നതായാൽ ഈ കാലത്തുതന്നെ വിദ്യാരംഭം കൊണ്ടാടണമെന്നു നിശ്ചയിച്ച നമ്മുടെ പൂവ്വികന്മാർ തീർച്ചയായും ബുദ്ധിമാന്മാർതന്നെയാണ്. എന്തുകൊണ്ടെന്നാൽ ഈ നവരാത്രികാലമായ ഒമ്പതു ദിവസവും നാം ദേവിയെയാണ് പൂജിക്കുന്നത്. അതിന്നു എതുയും പറ്റിയ കാലം ഇതുതന്നെയാണ്. കാർമേഘങ്ങൾ എല്ലാം നീങ്ങി ആകാശം പരിശുദ്ധമായിരിക്കുന്നു. അതുപോലെത്തന്നെ ഭൂമിയും പരിശുദ്ധമായിരിക്കുന്നു. പേറും പളിയും നീങ്ങിയ അരുവികളും കുളങ്ങളും അമൃതോപമമായ സ്ഫടികജലത്താൽ പരിപൂർണ്ണമായിരിക്കുന്നു. വയലുകളിലെ മണൽക്കുഴികളിൽ ശുദ്ധജലം നിറഞ്ഞുനിൽക്കുന്നതു കണ്ടാൽ സ്ഫടികപാത്രത്തിൽ ഇളനീർ വെള്ളം നിറച്ചുവെച്ചിരിക്കുകയാണോ എന്നു തോന്നും. തടാകങ്ങളിൽ ആമ്പലുകളും താമരകളും വികസിച്ചുനിൽക്കുന്നു. പ്രഭാതത്തിൽ ആമ്പൽപ്പൂക്കൾ തലയുയത്തി നിൽക്കുന്നതു കണ്ടാൽ ആകാശത്തിൽ ശോഭിച്ചുകൊണ്ടിരുന്ന നക്ഷത്രങ്ങളാകുന്ന ആമ്പൽപ്പൂക്കൾ എങ്ങുപോയി എന്ന ശങ്കയോടെ പകച്ചുനോക്കുകയാണെന്നു തോന്നും. താമരപ്പൂക്കളും പുഞ്ചിരിതൂകിക്കൊണ്ടു നിൽക്കുന്നു. ഈ മാസം എല്ലാംകൊണ്ടും ഒരു പുണ്യകാലമായി കരുതപ്പെടേണ്ടതാണ്. ഈ ശരൽക്കാലത്തിലെ ആകാശം എത്ര നിർമ്മലമാണ്! അതുപോലെത്തന്നെ ഭൂമിയും! ശുഭ്രവർണത്തോടുകൂടിയ പാടങ്ങളിൽക്കൂടി സഞ്ചരിക്കുന്ന ഏതൊരുവന്റെ ഹൃദയമാണ് അടക്കാനാവാത്ത ആഹ്ലാദത്താൽ തുടിക്കാതിരിക്കുക? എവിടെ നോക്കിയാലും നിങ്ങളുടെ പഞ്ചേന്ദ്രിയങ്ങളെ ആകർഷിക്കത്തക്ക പരിശുദ്ധവും പാവനവും ആനന്ദപ്രദവുമായ വസ്തുക്കളെ മാത്രമേ നിങ്ങൾ കാണുന്നുള്ളൂ. ചുരുക്കിപ്പറയുകയാണെങ്കിൽ കേരളഭൂമിയിൽ പ്രകൃതിദേവിയുടെ വിളയാട്ടം അതിന്റെ മൂർദ്ധന്യതയെ പ്രാപിക്കുന്ന കാലമാണ് ഇത്. അതിനാലാണ് വിദ്യാരംഭത്തിന്നുള്ള കാലം ഇതാക്കിവെച്ചിട്ടുള്ള നമ്മുടെ പൂവ്വികന്മാർ ബുദ്ധിമാന്മാരാണ് എന്നു ഞാൻ പറഞ്ഞത്. ഈ വിദ്യാരംഭസമ്പ്രദായം പിഴയ്ക്കാതെ ഇതുവരെ അനുഷ്ഠിച്ചുവന്നിട്ടുള്ള ഒരുവനാണു ഞാനും. പരിഷ്കൃതരീതിയിലുള്ള ഇംഗ്ലീഷ് വിദ്യാഭ്യാസമല്ല എനിക്കു സിദ്ധിച്ചിട്ടുള്ളത്. ഇംഗ്ലീഷ് ഭാഷ എനിക്ക് തീരെ അറിയില്ല. വർഷംപ്രതി വിദ്യാരംഭദിവസം എന്റെ ഗുരുനാഥന്റെ കാൽക്കൽ സാഷ്ടാംഗപ്രണാമം ചെയ്യുന്നു.

---

* ഉത്തരമലബാറിൽ പാവൂർ ആദിദ്രാവിഡസ്കൂളിന്റെ ഉദ്ഘാടനം സംബന്ധിച്ച് 1925 സപ്തംബർ 29—ാംനു ചെയ്ത പ്രസംഗം.

Digitized By Kerala Sahitya Akademi

സരസ്വതി നമസ്തുഭ്യം
വരദേ കാമരൂപിണി
വിദ്യാരംഭം കരിഷ്യാമി
സിദ്ധിർഭവതു മേ സദാ.

എന്നിങ്ങനെ സരസ്വതീവന്ദനവും ചെയ്തു് അദ്ദേഹത്തിന്റെ കയ്യിൽനിന്നു ഗ്രന്ഥം വാങ്ങി വിദ്യാരംഭം ചെയ്തയായിരുന്നു എന്റെ പതിവു്. എന്റെ ഗുരുനാഥൻ എന്റെ പ്രിയമാതുലൻ തന്നെയായിരുന്നു. ആ മഹാശയന്റെ നിര്യാണത്തോടുകൂടി ഞാൻ ഗുരുവില്ലാത്ത ഒരു കുട്ടിയായിത്തീർന്നിരിക്കുന്നു. പത്തുമുപ്പതു വിദ്യാരംഭം ഞാൻ കഴിച്ചിട്ടുണ്ടെങ്കിലും വാസ്തവത്തിൽ ഞാൻ വിദ്യാരംഭം ചെയ്യുന്നതു് ഇന്നാണു്. എന്തുകൊണ്ടെന്നാൽ ഇന്നത്തെ എന്റെ വിദ്യാരംഭം ഫലപ്രദമായിത്തീരുന്നതു്.

വിദ്യാരംഭം യഥാർത്ഥവിദ്യയുടെ ആരംഭമായിരിക്കേണ്ടതത്യാവശ്യമാകുന്നു. അതു് ആരംഭിക്കുന്നതിനു മുമ്പായി ഏതുതരത്തിലുള്ള വിദ്യയാണു വേണ്ടതു്, നമുക്കും നമ്മുടെ രാജ്യത്തിനും അഭ്യുന്നതിക്കു കാരണമായിത്തീരുന്ന വിദ്യ ഏതൊന്നാണു്, അതു സമ്പാദിക്കുവാനുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമാണു് എന്നീ പോദ്യങ്ങളാണു് ഏതു പൗരന്റേയും ശ്രദ്ധയെ ആകർഷിക്കുന്നതു്. വിദ്യാഭ്യാസത്തിന്റെ ഉദ്ദേശം രാജ്യസേവനമാണെന്നു പ്രസിദ്ധതത്വജ്ഞാനിയായ അരിസ്റ്റോട്ടിൽ പ്രസ്താവിച്ചിട്ടുണ്ടു്. അതു് എത്രയും വാസ്തവമാണു്. ഇന്നു നാം തുറക്കുവാൻ പോകുന്ന ഈ സ്കൂളിലെ പുലയവിദ്യാർത്ഥികളെ രാജ്യസേവനം ചെയ്യേണ്ടതെങ്ങനെയാണെന്നാണു് ഒന്നാമതായി പഠിപ്പിക്കേണ്ടതു്. എത്രയോ കാലമായി അടിമത്തത്തിൻ കീഴിൽ കിടന്നു മനുഷ്യത്വം കേവലം നശിച്ചുപോയ ഒരു വർഗ്ഗക്കാരാണു് ഈ പുലയർ. മനുഷ്യക്കനുഭവിക്കുവാൻ അധികാരവും അർഹതയുമുള്ള അവകാശങ്ങൾ എന്താണെന്നുതന്നെ അവർക്കു നിശ്ചയമില്ല. വെറും മൃഗങ്ങളുടേതുപോലെയുള്ള ജീവിതമാണു് അവരുടേതു്. ശ്രദ്ധവായുവും ശ്രദ്ധജലവും ശുചിയുള്ള വീടും ലഭിക്കുവാനുള്ള സൗകര്യമൊന്നും അവർക്കില്ല. ഇത്തരത്തിലുള്ള ജീവിതമാണു് അവരുടേതു്. അതിനാൽ മേൽജാതിക്കാർ കീഴ്ജാതിക്കാരെപൊന്തിക്കുവാൻ കുറച്ചൊന്നുകുമ്പിടുന്നതു് അസംഖ്യം തവണ ഗായത്രി ജപിച്ചു് ദേവസന്നിധിയിൽ ദണ്ഡനമസ്കാരം ചെയ്യുന്നതിനേക്കാൾ ഗുണപ്രദമായിട്ടുള്ളതാണെന്നാണു് എനിക്കു തോന്നുന്നതു്. പല ദ്രോഹങ്ങളും പാവപ്പെട്ട ഈ നിസ്സഹായന്മാർ അനുഭവിക്കേണ്ടതായി വരുന്നതിൽ ഗണ്യമായ ഒരു ഭാഗം ഇവരുടെ ഉടമസ്ഥന്മാരിൽനിന്നുള്ളതാകുന്നു. മുൻകാലങ്ങളിൽ ചില ജന്മികൾ തങ്ങളുടെ കീഴിലുള്ള പുലയരെ ഇഷ്ടാനുസൃതം വിൽക്കുകകൂടി ചെയ്തുപോന്നിരുന്നു. ഈ സാധുക്കളെ പ്രഹരിക്കുന്നതിലും മറ്റു പ്രകാരത്തിൽ ദ്രോഹിക്കുന്നതിലും അന്നും ഇന്നും വലിയ അന്തരമൊന്നും വന്നിട്ടില്ല. പുലയർക്കു തേഞ്ഞുവാൻ എണ്ണ കൊടുത്താൽ അവർ അതു പുറത്തു പുരട്ടാറില്ലത്രെ. ഇതിനു അവരിൽ ചിലർ പറയുന്ന കാരണം തങ്ങളുടെ പുറം തമ്പുരാക്കന്മാർക്കു് അടിക്കുവാൻ തരിശാക്കിവിട്ടിരിക്കയാണെന്നാണു്. ഇതിൽ അതിശയോക്തി അധികമുണ്ടെന്നു തോന്നുന്നില്ല. ഉയർന്ന ജാതിക്കാരാണെന്നഭിമാനിക്കുന്നവരുടെ ഹൃദയത്തിന്റെ ക്രൗര്യം വിസ്മയനീയം തന്നെ! നാം ഇന്നനുഭവിച്ചുവരുന്ന സുഖാനുഭവങ്ങൾക്കു് കാരണഭൂതരായ ഈ പുലയരെ ഹൃദയപൂർവ്വം സ്നേഹിക്കുന്നതിനു പകരം വെറുക്കുന്ന നമ്മുടെ മനഃസ്ഥിതി ലജ്ജാവഹ

Digitized By Kerala Sahitya Akademi

മത്രെ. പാവങ്ങളായ പുലയരുടെ സങ്കടം മാളികമുകളിൽ ഇരിക്കുന്നവർ അറിയുന്നില്ല. അവരുടെ നിലവിളി കേൾക്കുന്നില്ല. പുലയർ രാവും പകലും പ്രവൃത്തിയെടുത്തു ഉയന്ന ജാതിക്കാരെ തങ്ങൾ നിലവിളിച്ചാൽ കൂടി കേൾക്കാത്ത വിധത്തിൽ അത്ര ഉയരത്തിൽ എത്തിച്ചിരിക്കുന്നു. അധഃപതിച്ച നമ്മുടെ ഈ സഹോദരന്മാരിൽ മനുഷ്യത്വം ഉണ്ടാക്കുവാനാണ് നാം ശ്രമിക്കേണ്ടത്. കേളപ്പൻനായരവർകളുടെ ഇപ്പോഴത്തെ പരിശ്രമം അതിലേയ്ക്കു വേണ്ടിയാണ്. കേളപ്പൻനായരവർകൾ ചെയ്ത പല ത്യാഗങ്ങളേയും ഇവിടെ വിവരിച്ചു പറയേണ്ടതുണ്ടെന്നു തോന്നുന്നില്ല. അദ്ദേഹത്തിന്റെ മഹത്തരമായ ഈ കൃത്യം ഏറ്റവും ശ്ലാഘനീയം തന്നെ. എന്തുകൊണ്ടു നോക്കിയാലും ഒരു മാതൃകാപുരുഷനും ലോകൈകവന്ദ്യനുമായ മഹാത്മാഗാന്ധിതന്നെ ഇന്നു ചെയ്തുവരുന്നതെന്താണ്? അദ്ദേഹം സ്വന്തപുത്രിയേക്കാൾ സ്നേഹത്തോടുകൂടി ഒരു പറയിപ്പെണ്ണിനെ വളർത്തിയതായി നിങ്ങളെല്ലാവരും അറിഞ്ഞിട്ടുണ്ടായിരിക്കുമല്ലോ. ആ പറയിപ്പെണ്ണിന്റെ പേര് ലക്ഷ്മി എന്നാകുന്നു. അധഃകൃതരുടെ ഉന്നമന കാലത്തു മാത്രമേ ഭാരതഭൂമിയിൽ ലക്ഷ്മി വിളയാടുകയുള്ളു എന്നാണ് അതിന്റെ അർത്ഥം. മഴയെ ആശ്രയിച്ചു കാലം കഴിയുന്ന കേരളീയർക്ക് തങ്ങളുടെ കൃഷിക്ക് ആകാശത്തിലെ കാർമേഘം എത്രമാത്രം ആവശ്യമാണോ അത്രതന്നെ ആവശ്യമാണ് ഭൂമിയിലെ പുലയരും. കറുപ്പു വർണ്ണമുള്ള പുലയർ ഭൂമിയിലെ കാർമേഘങ്ങളാകുന്നു. അങ്ങനെയുള്ളവരോട് ഇത്തരം ക്രൂരമായ നിലയിൽ പെരുമാറുന്നത് എത്ര കഷ്ടം! അവരുടെ ഇടയിൽ സ്വാഭിമാനവും സ്വാതന്ത്ര്യബോധവും ഉണ്ടാക്കിത്തീർക്കുവാനാണ് നാം ശ്രമിക്കേണ്ടത്. സ്വാതന്ത്ര്യമാകുന്ന വെള്ളം ദാഹിക്കാത്ത തൊണ്ട ഇല്ലെന്നുതന്നെ പറയണം. എന്നാൽ സ്വാതന്ത്ര്യബോധം ജനങ്ങളിൽ ഉണ്ടാക്കിത്തീർക്കുന്നതിനുമുമ്പായി അവരെ വിദ്യ അഭ്യസിപ്പിക്കണം. അതായത് അവരെ ആലോചനാശക്തിയുള്ളവരാക്കിത്തീർക്കണം. അല്ലാത്തപക്ഷം പൂളക്കായയുടെ ഉള്ളിലുള്ള പഞ്ഞിയുടെ സ്വാതന്ത്ര്യവും അവരുടെ സ്വാതന്ത്ര്യവും ഒരുപോലെ ഇരിക്കും. പൂണ്ണസ്വാതന്ത്ര്യം കിട്ടുന്നതുവരെ പഞ്ഞി കായയുടെ ഉള്ളിൽ കിടന്നു തിക്കിത്തിരക്കി വലിയ പ്രക്ഷോഭമുണ്ടാക്കുന്നു. എന്നാൽ ഒടുവിൽ കായപൊട്ടി പഞ്ഞിക്കു സ്വാതന്ത്ര്യം കിട്ടിയാൽ അത് അങ്ങുമിങ്ങും പാറി ആകാശത്തിനു ഊശൻതാടി ഉണ്ടാക്കുവാൻ മാത്രമേ ഉപകരിക്കുന്നുള്ളു. ഉള്ളിൽ കനമില്ലാത്തവക്ക് സ്വാതന്ത്ര്യം കിട്ടിയാൽ ഇതുപോലെ ഇരിക്കും. അവക്കത് ഉപകാരം ചെയ്തുയില്ലെന്നു മാത്രമല്ല അന്യക്ക് ഉപദ്രവകരമായിത്തീരുന്നു എന്നും വന്നേയ്ക്കാം. അതിനാൽ അധഃകൃതരെ വിദ്യ അഭ്യസിപ്പിക്കുവാൻ ശ്രമിക്കുന്നത് അത്യാവശ്യമാണ്.

ശ്രീമാൻ കേളപ്പൻനായർ തന്റെ റിപ്പോർട്ടിൽ ഈ ബാലന്മാക്കു ദിവസേന ഒരു നേരമെങ്കിലും കഞ്ഞി കൊടുക്കുവാൻ വേണ്ട ധനസഹായം ചെയ്യണമെന്നു പൊതുജനങ്ങളോടഭ്യർത്ഥിക്കുകയുണ്ടായി. എന്നാൽ എന്റെ താഴ്മയേറിയ അഭിപ്രായം ഈ കുട്ടികൾക്കു മൂന്നുനേരവും ഭക്ഷണം കൊടുത്തു അവരെ ഗുരുനാഥന്മാരുടെ ഒന്നിച്ചുതന്നെ പാർപ്പിക്കേണമെന്നാകുന്നു. എങ്കിൽ മാത്രമെ അവരെ സദാചാരനിഷ്ഠയുള്ളവരും സന്മാർഗ്ഗികളുമാക്കിത്തീർക്കുവാൻ സാധിക്കുകയുള്ളു. ശുചീകരണമെന്നാൽ ഇന്നതാണെന്നുതന്നെ അവക്കിപ്പോൾ നിശ്ചയമില്ല. ദേഹശുദ്ധി ചെയ്യേണ്ടുന്ന

Digitized By Kerala Sahitya Akademi

ക്രമങ്ങൾ അവരെ ഒന്നാമതായി പഠിപ്പിക്കണം. അഴുക്കില്ലാത്ത വസ്ത്രം ധരിക്കുവാൻ അവരെ ശീലിപ്പിക്കണം. അവരുടെ അര നാഴിക ദൂരത്തു കൂടി അടുക്കാതെ അവരെ വിദ്യ അഭ്യസിപ്പിക്കുവാൻ ശ്രമിക്കുന്ന ചില ഗുരുനാഥന്മാരുടെ കഥ കേളപ്പൻനായരവർകൾ തന്റെ റിപ്പോർട്ടിൽ പ്രസ്താവിക്കുകയുണ്ടായി. അതേ പ്രകാരത്തിലുള്ള ഒരു കഥ എനിക്കും ഇപ്പോൾ ഓർമ്മവരുന്നു. താണജാതിയിൽപ്പെട്ട അദ്ദേഹത്തിന്നു്, ഒരു ഉദ്യോഗസ്ഥനു്—അദ്ദേഹത്തിന്റെ പേരു് ഞാൻ ഇപ്പോൾ പറയുന്നില്ല —വേദാന്തം പഠിക്കണമെന്നു മോഹമുണ്ടായി. അതിന്നു് ഉയർന്ന ജാതിയിൽപെട്ട ഒരു പണ്ഡിതനെ അദ്ദേഹം ക്ഷണിച്ചു: പണ്ഡിതൻ നിത്യേന ചെന്നു വേദാന്തം പഠിപ്പിച്ചുതുടങ്ങി. ഒരു ദിവസം ശ്രദ്ധംമാറാതെ ചെന്ന ഗുരുനാഥൻ നിലത്തു വിരിച്ചിരുന്ന ചുടിപ്പായ മടക്കേണമെന്നും അതിന്റെ അങ്ങേയറത്തു് ശിഷ്യൻ തൊട്ടിരിക്കയാൽ അതിൽ ചവുട്ടിയാൽ താൻ അശ്രദ്ധമാകുമെന്നും പറഞ്ഞു. പണ്ഡിതന്റെ ഈ മനോഭാവം കണ്ട അന്നു മുതൽ ശിഷ്യൻ പഠിപ്പു മതിയാക്കി. അദ്ദൈതം പഠിപ്പിക്കുവാൻ ചെന്ന ആളാണു് ഇപ്രകാരം ചെയ്തതു്. മിസ്റ്റർ കേളപ്പൻനായർ പ്രസ്താവിച്ച അദ്ധ്യാപകൻ ഒരുപക്ഷേ ഈ പണ്ഡിതന്റെ രണ്ടാമത്തെ ജന്മമായിരിക്കാം.

പൊതുജനങ്ങളുടെ ഇടയിൽ സമഭാവന ഉണ്ടാക്കിത്തീർക്കുവാനാണു് നാം അത്യദ്ധ്വാനം ചെയ്യേണ്ടതു്. ഈ സമഭാവനയില്ലായ്മ ഏതൊരു രാജ്യക്കാരുടെയും അധഃപതനത്തെയാണു് സൂചിപ്പിക്കുന്നതു്. ഈ പുലയരെ അടുത്താൽ അയിത്തമാകുമത്രെ! ഇതു് എന്തൊരസംബന്ധമാണു്? ഇവരെ തീണ്ടിയാൽ കുളിക്കണം. ഇങ്ങിനെയാണെങ്കിൽ അവരെ സൃഷ്ടിക്കുന്ന ഈശ്വരൻ എത്ര കുളിക്കണം! അദ്ദേഹത്തിന്നു നിശ്ചയമായും ജലദോഷം പിടിപെട്ടിരിക്കും. നിരർത്ഥകമായ ഈ ആചാരത്തെ കഴിയുന്നവേഗം ഉന്മൂലനം ചെയ്യണം. പക്ഷേ ഇതു സ്ഥിരമായ ഒരു വിശ്വാസമായിരിക്കയാൽ അതു വേഗത്തിൽ കളയുവാൻ സാധിക്കുമെന്നു തോന്നുന്നില്ല. ചെറിയ കുട്ടികളെ ഉറക്കുവാനായി തള്ളമാർ ഇമ്പാച്ചി വരുന്നു എന്നു ഭയപ്പെടുത്താറുണ്ടു്. ഇമ്പാച്ചി എന്നൊന്നില്ല. എങ്കിലും കുട്ടികൾ ഭയപ്പെട്ടു ഉറങ്ങുന്നു. അതുപോലെ അയിത്തം എന്നൊന്നില്ലാ. പക്ഷേ കുട്ടിക്കാലം മുതൽക്കുതന്നെ കുട്ടികളെ അയിത്തമായാൽ കുളിക്കണം, അല്ലെങ്കിൽ കണ്ണുപൊട്ടും, പുലയരെ തീണ്ടരുതു് എന്നു രക്ഷിതാക്കന്മാർ പറഞ്ഞു ധരിപ്പിക്കുന്നിമിത്തം ഈ ആചാരം ഒരു വാസനയായിത്തീർന്നിരിയ്ക്കുന്നു. ഇതുപോലെ തന്നെ പുലയർ അവരുടെ കുട്ടികളോടും തമ്പുരാന്റെ അടുത്തു പോകരുതു്, അടുത്തു പോയാൽ തമ്പുരാൻ അയിത്തമാകും എന്നു പറഞ്ഞുവരുന്നതിനാൽ അവരും ചെറുപ്പംമുതൽ തന്നെ ഈ ആചാരത്തിന്നു അടിമകളായിത്തീരുന്നു. അതുകൊണ്ടു നാം ഒന്നാമതായി വർജ്ജിക്കേണ്ടതു് ഈ അയിത്തത്തെയാണു്. പുലയരെ വീട്ടിൽ കൂട്ടിക്കൊണ്ടുപോയി സൽക്കരിക്കേണമെന്നു ശഠിക്കുന്നില്ലാ. പക്ഷേ അവർ അടുത്തുകൂടി പോകുന്നതിന്നു് എന്താണു് വിരോധം? ഞാൻ ഇന്നുമുതൽ അയിത്തം ആചരിക്കുന്നതല്ല. എന്നു ഓരോരുത്തരും പ്രതിജ്ഞചെയ്തു് അതു് അനുസരിച്ചു പ്രവർത്തിക്കണം.

നാൽ നാൽക്കലും നെയ്ത്തും നിശ്ചയമായും ഈ വിദ്യാലയത്തിൽ ഏർപ്പെടുത്തേണ്ടതാണു്. ഖദർകൊണ്ടു മാത്രമേ നമ്മുടെ രാജ്യത്തിന്നു

Digitized By Kerala Sahitya Akademi

മോക്ഷം സിദ്ധിക്കുകയുള്ള എന്നു ലോകത്തിലെ ഇന്നത്തെ ഏകമഹാനായ മഹാത്മജി പല പ്രാവശ്യവും പറഞ്ഞിരിക്കുന്നു. നമുക്കു വേണ്ടുന്ന ആഹാരസാധനങ്ങളും നമ്മുടെ നാട്ടിൽ നാം കൃഷിചെയ്യുവരുന്നു. ഭക്ഷണത്തിന്നുവേണ്ട അരിയും നെല്ലും അന്യരാജ്യങ്ങളിൽനിന്നു വരുത്താമെന്നു കരുതി ആരും കൃഷി ചെയ്യാതിരിക്കുന്നില്ല. ഭക്ഷണം കഴിഞ്ഞാൽ പിന്നെ പ്രാധാന്യമേറിയ വസ്ത്രവും എന്തുകൊണ്ട് അതുപോലെതന്നെ നമുക്കു ഇവിടെ ഉണ്ടാക്കിക്കൂടാ? ഇവിടെ അധികംപേരും മലമൽ ആണ് ധരിച്ചുകാണുന്നത്. ഇതു എത്രയും ലജ്ജാവഹമായിട്ടുള്ളതാണ്. ആറായിരം നാഴിക അകലെയുള്ള ഇംഗ്ലണ്ടിൽനിന്നു അവിടത്തുകാർ മലമലാകുന്ന അവരുടെ ധവളമായ കൈകൾ ഇങ്ങോട്ടു നീട്ടി നമ്മെ ഉറക്കുവാനായി തലോടുകയാണ് ചെയ്യുന്നത്. നമ്മുടെ ഉറക്കംകൊണ്ടാണ് അവക്ക് ഉണർച്ചയുണ്ടാകുന്നത്. ഇത്രയും കാലം നാം ഉറങ്ങിക്കഴിഞ്ഞു. ഇനിയെങ്കിലും നാം ഉണരേണ്ടതാണ്. ഖദർ പരുത്തതാണെന്നു ചിലർ ആക്ഷേപിക്കുന്നുണ്ട്. മരവുരി ഉടുത്തു നടന്നിരുന്ന ഋഷിവര്യന്മാരുടെ സന്താനങ്ങളായ നമുക്കു ഖദർ പരുത്തതാണെന്നു പറയാൻതന്നെ അധികാരമില്ല. സാല്പം ചില സുഖങ്ങൾപോലും ത്യജിക്കുവാൻ നാം ഒരുക്കമില്ലെങ്കിൽ നമുക്കു എന്നും അഭ്യുദയം ഉണ്ടാകുന്നതല്ല. പരുത്തതായാലും ഖദർതന്നെ ധരിക്കണം. ഖദർ ധരിക്കാത്തവരെ കാണുമ്പോൾ എനിക്കു എന്തൊന്നില്ലാത്ത ഒരു വല്ലായ്മ തോന്നുന്നു. ലജ്ജയും തോന്നുന്നില്ലെന്നു പറഞ്ഞുകൂടാ.

ഈ സ്തൂളിന്റെ ഉദ്ഘാടനം നടത്തുവാൻ ക്ഷണിക്കപ്പെട്ടതിൽ ഞാൻ അതിഭാഗ്യവാനായിരിക്കുന്നു. നിങ്ങളുടെ ഓരോരുത്തരുടെയും അനുവാദത്തോടുകൂടി ഞാൻ ഈ കൃത്യം നിവ്വഹിച്ചുകൊള്ളുന്നു. പ്രാധാന്യമേറിയ ദിനം ഇന്നത്രെ. സഹ്യാദ്രിയുടെ പിമ്പിൽനിന്നു പച്ചനിറമായ മൂടുപടത്തിന്നിടയിൽക്കൂടി സൂര്യഭഗവാൻ കേരളത്തെ നോക്കി മന്ദഹസിക്കുന്നു. ഈ ശുഭാവസരത്തിൽ എന്നെ ഭരമേല്പിച്ചിരിക്കുന്ന ഈ കൃത്യം ഞാൻ നിവ്വഹിച്ചുകൊള്ളട്ടെ.

Digitized By Kerala Sahitya Akademi

നമ്മുടെ ഭാവിപൗരന്മാർ*

വിജ്ഞാനസാഗരത്തിന്റെ മണൽത്തിട്ടിൽ കളിച്ചുരിക്കുന്ന വിദ്യാർത്ഥികളേ, നിങ്ങളെ ഞാൻ ആലിംഗനം ചെയ്യുന്നു. ഞാൻ ഒരു പ്രാസംഗികനല്ല. പക്ഷെ നിങ്ങളുടെ ഹെഡ്മാസ്റ്ററുടെ ക്ഷണനത്തെ സ്വീകരിക്കാതിരിക്കുന്നത് മിത്രധർമ്മത്തിനു വിരോധമായിരിക്കും. നിങ്ങൾ ഇംഗ്ലീഷു പഠിക്കുന്നതിനായിട്ടാണല്ലോ സ്കൂളുകളിൽ ചേർന്നിരിക്കുന്നത്. എന്നാൽ മലയാളഭാഷയെ നിങ്ങൾ ഉപേക്ഷിക്കരുത്. ഇംഗ്ലീഷ് ഭാഷയ്ക്ക് ഒരു പോറലുമയുടെ സ്ഥാനമേ കൊടുക്കേണ്ടതുള്ളൂ. നിങ്ങളുടെ വളർച്ചക്ക് പെറലുമയുടെ മുലപ്പാൽതന്നെ വേണം. വിശിഷ്ടഗ്രന്ഥങ്ങൾ മലയാളത്തിൽ ഇല്ലെന്നു പറയാറുണ്ട്. നമ്മുടെ വീട്ടിൽ സുഖമായ ഭക്ഷണമില്ലെന്നുവെച്ചു വേറെ വീട്ടിൽ നാം ചെല്ലാറുണ്ടോ? ഇംഗ്ലീഷുഭാഷയുടെ ഒരു വിശേഷം മറുഭാഷകളിലെ വിശേഷഗ്രന്ഥങ്ങൾ ആ ഭാഷയിലേയ്ക്കു തർജ്ജമചെയ്തിട്ടുണ്ട് എന്നാണ് മലയാളത്തിൽ ഇതൊന്നും ഇല്ലാത്തത് നമ്മുടെ പരിശ്രമമില്ലായ്കകൊണ്ടുമാത്രമാണ്. മുലഗ്രന്ഥത്തിന്റെ യോഗ്യത മനസ്സിലാക്കാവുന്ന തർജ്ജമകൾ മലയാളത്തിൽ ഇല്ലാ. സംസ്കൃതവിദ്യാഭ്യാസക്കാർ ഇംഗ്ലീഷു ആവശ്യമേ ഇല്ല; അവരുടെ ആകാശവിമാനങ്ങളെപ്പറ്റിയും മറും നമ്മുടെ പുരാണങ്ങളിൽ പ്രസ്താവിക്കുന്നുണ്ട് എന്നു പറയുന്നത് നിങ്ങൾ കേട്ടിട്ടുണ്ടായിരിക്കാം. അതു നിസ്സാരമാക്കി ഇംഗ്ലീഷിനെ തള്ളുകയും അരുത്. ആകാശവിമാനങ്ങളെ പഴയ ഗ്രന്ഥങ്ങളിൽ കാണുന്നതുകൊണ്ടു കാര്യമില്ല. ഇംഗ്ലീഷുകാർ ചെയ്യുന്നപോലെ അവയെപ്പറ്റി പഠിപ്പിക്കുന്നത് സാദ്ധ്യമായിരിക്കണം.

ഇന്നത്തെ വിദ്യർത്ഥികളുടെ ദേഹസ്ഥിതി മഹാമോശമാണ്. കണ്ണട പഠിപ്പിന്റെ ഒരു ലക്ഷണമായിത്തീർന്നിരിക്കുന്നു. പുലർച്ചെ എഴുനേല്ക്കുവാൻ സാധിക്കുന്നവരില്ല. പ്രഭാതസൂര്യന്റെ നിറം വെളുപ്പാണെന്നു ഒരു സമയം അവർ പറയും. ഉഷസ്സാകുന്ന ദേവി ജോലിചെയ്യുന്നവരെ അനുഗ്രഹിക്കുന്നതിനു എല്ലായിടത്തും എത്തിനോക്കും. ആ ദേവിക്കു നിങ്ങളെ അനുഗ്രഹിക്കുവാൻ സാധിച്ചിട്ടുണ്ടായിരിക്കുകയില്ല. അതു കൊണ്ടു നിങ്ങൾ വ്യായാമവും ദേഹബലത്തിനും മനോവികാസത്തിനും ആവശ്യമായ മറു സമ്പ്രദായങ്ങളും പരിശീലിക്കണം. നിങ്ങൾക്കു വായിപ്പാൻ സാധിക്കുന്നതിലും അധികം വായിപ്പാൻ ഉണ്ട്. വായിച്ചതിനെ പുറമെ കണ്ടു അനുഭവിച്ചറിവാൻ സമയമില്ല. പച്ച ഇലകളുടെ ഇടയിൽക്കിടന്നു തത്തയ്ക്ക് ഒരു നൃത്തമുണ്ട്. നിങ്ങളിൽ ആരെങ്കിലും അതു കണ്ടു ഒരു സമയം തത്ത തുങ്ങിച്ചാകുവാനുള്ള ശ്രമമാണെന്നു വിചാരിച്ചേയ്ക്കും (ആത്മഹത്യ മനുഷ്യനു മാത്രമേ ഉള്ളൂ). പരീക്ഷയെ പ്രധാനമാക്കീട്ടാണ് നിങ്ങൾ വെറും പുസ്തകപ്പുഴുക്കൾ ആയിത്തീരുന്നത്. ഉദ്യോഗത്തെ ലാക്കാക്കി പഠിക്കുന്നതുകൊണ്ടാണ് പരീക്ഷയ്ക്കു ഇത്ര പ്രാധാന്യം കൊടുക്കുന്നത്. നിങ്ങൾ പഠിക്കുന്നത് അറിവിനായിരിക്കണം. തിരു

---

* 1925 ആഗസ്റ്റ് 8—ാംനു. പൊന്നാനി എ. വി. സ്കൂളിൽ വെച്ചുചെയ്ത പ്രസംഗം.

Digitized By Kerala Sahitya Akademi

വിതാംകൂറിൽ അഞ്ചലോട്ടക്കാരായി സ്ത്രൈണൈനൽവരെ വായിച്ച വരുണ്ട്. ഇയ്യിടെ ഒരു പട്ടണത്തിൽ യാതൊരു ജോലിയും ഇല്ലാത്ത അനേകം വക്കീൽമാരെ എനിക്കു കാണുന്നതിനു സംഗതിയായി. പണമില്ലാത്തവർ ഉപജീവനത്തിനായി ഇങ്ങനെ കഷ്ടപ്പെടുന്നതിൽ കുറ്റം പറവാനില്ല. പക്ഷേ ഇങ്ങിനെ ജന്മം വൃഥാ കളഞ്ഞിരിക്കുന്നവരിൽ മിക്കവരും പണക്കാരാണ്. അവർ അവരുടെ നാട്ടിൽപ്പോയി തങ്ങളുടെ പണവും പഠിപ്പും നാട്ടുകാക്ക് ഉപയോഗപ്രദമായ വിധത്തിൽ വിനിയോഗിക്കേണമെന്നാണ് എനിക്കവരോടു പറവാനുള്ളത്.

പിന്നെ ഖദറിനെപ്പറ്റിയാണ് എനിക്കു പറവാനുള്ളത്. ഇത് നിങ്ങളോടു ഒരു ഉപദേശമല്ലാ; അപേക്ഷയാണ്. ഇന്നു ലോകത്തിലെ ഏറ്റവും മഹാനായ പുരുഷൻ മുറവിളി കൂട്ടുന്നതൊന്നും നിങ്ങൾ കേൾക്കുന്നില്ലേ? ഖദറിന്നു ഭംഗികുറയുമായിരിക്കാം. ഭംഗി നാം കല്പിക്കുന്ന ഒരു അവസ്ഥ മാത്രമാണ്. മാഞ്ചസ്റ്റർ തുണികളെപ്പറ്റി എനിക്കു തോന്നുന്നത് അവ ബിലാത്തിയിൽനിന്നു വരുമ്പോൾ അവിടത്തെ ഭീമമായ മഞ്ഞ് അവയിൽനിന്നു വേറിടാതെ കിടന്നു അവ ധരിക്കുന്നവരെ മരവിപ്പിക്കുന്നു എന്നാണ്. ഖദർ നമുക്കുവേണ്ടി ചൂടുതരും. നമ്മുടെ മരവിച്ച ദേഹത്തിൽ ചോരയോട്ടം ഉണ്ടാകുന്നതിനു നൂൽനൂൽക്കലാണ് ഔഷധം. നൂൽച്ചക്രത്തിന്റെ സൂചിയിൽനിന്ന് വലിഞ്ഞുപോരുന്ന ഓരോ കഷ്ണം നൂലും നാം ജീവൻ വെപ്പിച്ച മാതൃഭൂമിയുടെ ഓരോ ഞരമ്പുകളാണ്. കേരളം ഫലവത്തായ ഒരു ഭൂമിയാണ്. മരകതംകൊണ്ടു നിർമ്മിച്ച മുറ്റുകളെപ്പോലെ പച്ചനിറത്തിലുള്ള കുന്നുകളെ എവിടെയും നിരത്തിയിരിക്കുന്നു. പൊൻകുടങ്ങളെപ്പോലുള്ള ഫലങ്ങളെ പേറിയും കൊണ്ടു തെങ്ങുകൾ എങ്ങും നിൽക്കുന്നതു കാണാം. നമുക്കു ധാരാളമായിക്കിട്ടുന്ന മഴയെ മഴ എന്നു പറഞ്ഞാൽ പോര. ഇന്ദ്രനീലക്കല്ലാകുന്ന ആകാശത്തിൽനിന്നു സമ്പത്തിനെയും സമൃദ്ധിയേയും നമ്മുടെ നാട്ടിലേയ്ക്ക് അയയ്ക്കുന്നതിനുള്ള വെള്ളിക്കമ്പികളാണ് നമ്മുടെ മഴ! ഇതെല്ലാമുണ്ടായിട്ടും നമ്മുടെ നാട്ടിൽ ക്ഷാമമാണ്. കൃഷിക്കു പുറമെ നമുക്കു ആവശ്യമായിട്ടുള്ള അനേകം സാധനങ്ങളും ഉണ്ടാകേണ്ടതായിട്ടുണ്ട്. അവയിൽ വസ്തുമെങ്കിലും ഉണ്ടാക്കുവാൻ നാം തുടങ്ങിയാൽ ക്ഷാമം കുറെ നീങ്ങിപ്പോകും.

അയിത്തത്തെപ്പറ്റിയും രണ്ടു വാക്കു പറയേണ്ടതുണ്ട്. ശങ്കരസ്മൃതി എന്ന ഒരു ഗ്രന്ഥത്തെ ആസ്പദമാക്കിട്ടാണ് ഇതിനെ ആചരിച്ചുവരുന്നത്. ഞാൻ വൈക്കത്തുവെച്ചു മഹാത്മജിയെ കണ്ടപ്പോൾ ഈ ഗ്രന്ഥത്തെപ്പറ്റി എന്റെ അഭിപ്രായമെന്താണെന്നു മഹാത്മജി ചോദിച്ചു. എന്റെ അഭിപ്രായം ആ ഗ്രന്ഥം എഴുതീട്ടു 200-ൽ അധികം കൊല്ലമായിട്ടില്ലെന്നാണ്. കവിഞ്ഞതു 500 ആവട്ടെ ഒരിക്കലും അതു ശങ്കരാചാര്യരുടേതല്ല. ഈ നികൃഷ്ടമായ ആചാരം ഒരിക്കലും ആദരിക്കുന്നതല്ലെന്നു ഭാവിപൌരന്മാരായ നിങ്ങൾ ഇന്നുതന്നെ ശപഥംചെയ്യണം. അസംഖ്യം ജനങ്ങളെ നാം അമർത്തിവെയ്ക്കുന്നതുകൊണ്ടാണ് 7000 നാഴിക ദൂരെയുള്ള ചിലർ നമ്മെ അടിമകളായി വെച്ചിരിക്കുന്നതു. അധഃകൃതരെ ഉദ്ധരിക്കുന്നതിനു കഴിയുന്ന ശ്രമങ്ങൾ നിങ്ങൾ ചെയ്യണം. അവർ യാചിക്കുന്നതിനു നിങ്ങളുടെ മുമ്പിൽ വിരിക്കാറുള്ള കീറത്തുണികളെ നിങ്ങൾ കാണാറില്ലേ? അവയിൽ ഒരു കാശ് ഇട്ടുകൊടുക്കുവാൻ വയ്യാത്ത സമയത്ത് ഒരു തുള്ളി കണ്ണുനീർ നിങ്ങൾ പൊഴിച്ചുകൊടുക്കണം.

Digitized By Kerala Sahitya Akademi

നമ്മുടെ നേതാക്കന്മാരെ വിഷമിപ്പിക്കുന്ന മറ്റൊരു വിഷയം ഹിന്ദുമുസ്‌ലീം മൈത്രിയാണ്. സൂര്യന്റെ മുമ്പിൽ വിളക്കു കാട്ടുന്നതു പോലെയായിരിക്കും പൊന്നാനിക്കാരോട് ഇതിനെപ്പറ്റി പറയുന്നത്. കഴിഞ്ഞ ലഹളക്കാലത്ത് ലഹളക്കാർ പൊന്നാനിയിൽ വന്നപ്പോൾ ഇവിടത്തെ മാപ്പിളമാർ ലഹളക്കാരെ മടക്കി അയയ്ക്കുകയാണ് ഉണ്ടായത്. അത് അവർക്ക് ഹിന്ദുക്കളോടുള്ള സ്നേഹത്തെ കാട്ടുന്നു. ഈ രണ്ടു സമുദായങ്ങളെയും മത്സരിപ്പിച്ചു നിർത്തുന്നതിൽ താത്പര്യമുള്ളവർ പരത്തുന്ന തെറ്റിദ്ധാരണകളാണ് നമ്മുടെ യോജിപ്പിനുള്ള വലിയ പ്രതിബന്ധമായിരിക്കുന്നത്. നിങ്ങൾ പാഠിക്കുന്ന ചരിത്രങ്ങളിൽ എത്രയോ കള്ളുകൾ ഉണ്ട്. കൽക്കത്തയിലെ ഇരുട്ടറകളെപ്പറ്റി വായിക്കുമ്പോൾ ഹിന്ദുക്കൾ മുഹമ്മദീയർ എത്ര ഘാതകന്മാർ എന്നു പറയും.. ഇതു ഒരു വെറും കെട്ടുകഥയാണ്. ടിപ്പുവിനേയും ഹൈദറിനെയും വലിയ ഹിന്ദുദ്വേഷികളായിട്ടാണല്ലോ നിങ്ങൾക്ക് പരിചയപ്പെടുത്തീട്ടുള്ളത്. എന്നാൽ അവരുടെ പ്രധാനമന്ത്രി എങ്ങനെ ഒരു ബ്രാഹ്മണനായി? ഹിന്ദുക്കളെ മതം മാറ്റുന്നതിന്നായിട്ടാണ് അവർ മലയാളം ആക്രമിച്ചതെന്നു പറയുന്നു. ആ ആവശ്യം അവർക്കുണ്ടായിരുന്നുവെങ്കിൽ ആദ്യം അവരുടെ സ്വന്തം രാജ്യത്തിലെ ഹിന്ദുക്കളുടെ മതം അല്ലെ മാറ്റുക? അവർ അതു ചെയ്തില്ലെന്നു മാത്രമല്ല ഹൈദർ ശൃംഗേരിമഠത്തിലേയ്ക്കു വഴിവാടകം ചെയ്തിരുന്നു എന്നു കൂടി ലക്ഷ്യങ്ങൾ പറയുന്നു.

ഞാനും ഒരു സ്നേഹിതനുംകൂടി ഒരു വിജനപ്രദേശത്തിൽ ഒരിക്കൽ സഞ്ചരിക്കുകയായിരുന്നു. അപ്പോൾ സ്കൂൾ വിട്ടുവരുന്ന ഒരു മുഹമ്മദീയ ബാലൻ കുട താഴെ വെച്ചു അതിന്മേൽ തന്റെ പുസ്തകങ്ങളും വെച്ചു പ്രാർത്ഥനയ്ക്കായി ഇരിക്കുന്നതു കണ്ടു. എനിക്കു വളരെ കൗതുകം തോന്നി. വൈകുന്നേരത്തെ കാറ്റിൽ പുസ്തകങ്ങളുടെ കടലാസു ഇളകി അടിച്ചുകൊണ്ടിരുന്നു. ചണ്ടിവെള്ളത്തിൽ അരയന്നം കിടന്നു ചിറകടിക്കുന്നതു കണ്ടുവോ എന്നു ഞാൻ സ്നേഹിതനോടു പറഞ്ഞു. ഈ കുട്ടി ഞങ്ങളുടെ പിന്നിലുണ്ടെന്നു കഥ അറിയാതെ കുറെ ദൂരം ചെന്നപ്പോൾ എനിക്കു വലിയ ദാഹമുണ്ടെന്നു സ്നേഹിതനോടായി പറഞ്ഞു. കുറച്ചു ദൂരംകൂടി ചെന്നപ്പോഴേയ്ക്കു ആ കുട്ടി രണ്ടു ഇളനീരുംകൊണ്ടു നിൽക്കുന്നതു കണ്ടു. ഇതിന്നു എന്തു ചെയ്താലും പ്രതിഫലമില്ലെന്നു ഞാൻ കുട്ടിയോടു പറഞ്ഞപ്പോൾ,'എനിയ്ക്കു നിങ്ങളെ മനസ്സിലായി; ഞാൻ ഛായ കണ്ടിട്ടുണ്ടെ'ന്നു ആ കുട്ടി എന്നോടു പറഞ്ഞു. അപ്പോൾ ഞാൻ, എന്നാൽ മാക്കു കുറഞ്ഞു: മേലിൽ ആളെ അറിയാതേതന്നെ ഇതുപോലെ ചെയ്യണം എന്നു പ്രതിവചിച്ചു. ഈ മാതിരി രത്നങ്ങൾ മുഹമ്മദീയരാകുന്ന ഖനിയിൽ എത്രയോ ഉണ്ട്. ഭാരതമാതാവിന്റെ രണ്ടു കൈകളാകുന്ന നാം യോജിച്ചു പ്രവർത്തിച്ചാൽ മാത്രമേ നമ്മുടെ മാതാവിന്റെ കാലിന്മേലുള്ള ശൃംഖലകളെ ഛേദിയ്ക്കുന്നതിന്നു സാധിക്കുകയുള്ളൂ.

Digitized By Kerala Sahitya Akademi

ഭാഷാസ്നേഹം വളർത്തുക*

പ്രിയ വിദ്യാർത്ഥികളെ, നിങ്ങളെ എന്റെ സ്നേഹം നിറഞ്ഞ ഹൃദയത്തോട് ചേർത്തു ഞാൻ ആശ്ലേഷിക്കുന്നു. നിങ്ങൾ ചെയ്തിട്ടുള്ള ഈ ഉപചാരത്തിന്നു ഞാൻ അർഹനല്ല. കൊയിലാണ്ടി ആദിദ്രാവിഡ സ്ത്രീ തുറക്കുവാൻ വന്ന അവസരത്തിൽ ഇവിടുന്നു ചില വിദ്യാർത്ഥികൾ എന്നെ ഇങ്ങോട്ട് ക്ഷണിച്ചിരുന്നു. "ചെവികേൾക്കാത്തനായരെ" ഇങ്ങനെയൊക്കെ ബുദ്ധിമുട്ടിക്കുമെന്നു ഞാൻ അപ്പോൾ കരുതീട്ടില്ല. പണ്ടത്തെ വാഗ്ദാനം നിറവേറുവാൻ ഇപ്പോൾ സംഗതിയായതിൽ എനിക്കു സന്തോഷമുണ്ട്. മേശനിറച്ചു മംഗളപത്രങ്ങളാണ് കാണുന്നത്. അവയൊക്കെ സന്തോഷബാഷ്പംകൊണ്ടു കൈകഴുകീട്ടാണ് ഞാൻ മേടിക്കുന്നത്. എന്നാൽ എന്റെ കൈകൾക്കു ബലമില്ല. ഭാഷാലാളിത്യംകൊണ്ടും രസപുഷ്ടികൊണ്ടും അവയെല്ലാം ഒരുപോലെ എന്നെ മാനത്തേയ്ക്കുയറ്റിയിരിക്കുന്നു. എനിക്കു അത്രയൊക്കെ യോഗ്യത ഉണ്ടോ എന്നാണ് സംശയം. പണ്ടുതന്നെ "വള്ളത്തോളൊരു പാവമാണതിനെയിട്ടീമട്ടു ചാടിക്കൊലാ" എന്നു ഞാൻ പറയാറുണ്ട്.

ഞാൻ മുമ്പൊരിക്കൽ തലശ്ശേരി വന്നിട്ടുണ്ട്. ഏകദേശം 25 കൊല്ലം മുമ്പ് ജന്മികളുടെ ഭാഷയിൽ പറയുകയാണെങ്കിൽ രണ്ടു. പൊളിച്ചെഴുത്തിന്റെ കാലമായി. ഭാഷാപോഷിണി സഭയിൽ പങ്കുകൊള്ളുവാനാണ് അന്ന് ഞാൻ വന്നത്. ഭാഷാഭിമാനികളായും പ്രമാണികളായും ഒട്ടുവളരെ പേർ ഈ കോളേജിൽ ഇതേ ഹാളിൽത്തന്നെ സന്നിഹിതരായിട്ടുണ്ടായിരുന്നു. അന്നത്തെ കോളേജും ഇന്നത്തേതും തമ്മിൽ അജഗജാന്തരമുണ്ട്. മലയാളഭാഷയെക്കുറിച്ചു അന്നു ഇവിടെ ഇത്ര പ്രതിപത്തി ഉണ്ടായിരുന്നില്ല. ഇവിടെ വായിച്ച മംഗളപത്രങ്ങളൊക്കെ സാഹിത്യഭംഗികൊണ്ടു ശോഭിക്കുന്നു. ഇതുതന്നെ വിദ്യാർത്ഥികളുടെ സാഹിത്യപരിശ്രമം വിജയകരമായിത്തീർന്നിട്ടുണ്ടെന്നുള്ളതിന്നു പ്രത്യക്ഷലക്ഷ്യങ്ങളാണ്. എന്നാൽ ഞാൻ വളരെ കിഴ്പോട്ടാണ് പോയിരിക്കുന്നത്. അന്നു എനിക്കു ചെവി കേൾക്കാമായിരുന്നു. ഇന്നു ഞാൻ കേവലം ബധിരനാണ്. എങ്കിലും കോളേജിന്റെ അഭിവൃദ്ധിയെക്കുറിച്ചു എനിക്കു വളരെ ചാരിതാർത്ഥ്യമുണ്ട്. ഞാൻ ഇതിന്നുമുമ്പു വന്ന അവസരത്തിൽ കോളേജുവിദ്യാർത്ഥികൾക്കു ഭാഷാപോഷണത്തിൽ വലിയ ഔൽസുക്യമൊന്നുമുണ്ടായിരുന്നില്ല. മാതൃഭാഷയോടു അവർക്കു അല്പം പുച്ഛംതന്നെ ഉണ്ടായിരുന്നുവോ എന്നുകൂടെ ഞാൻ സംശയിക്കുന്നു. പക്ഷേ ഇന്നത്തെ ഈ അവസ്ഥ ആശ്വാസജനകവും സന്തോഷപ്രദവുമാണ്.

ഞാൻ ഭാഷയെ പോഷിപ്പിക്കുവാൻ കാര്യമായ യാതൊരു പരിശ്രമവും ചെയ്തിട്ടില്ലെന്നാണ് തോന്നുന്നത്. ഭാഷയ്ക്കു നീരുണ്ടാക്കീട്ടുള്ളതാണ് എന്റെ പ്രവൃത്തി എന്നു തോന്നുന്നു. ഏകദേശം 13 വയസ്സായ മുതൽക്കു ഞാൻ പലതും കുത്തിക്കുറിക്കുവാൻ തുടങ്ങീട്ടുണ്ട്. ഇപ്പോൾ എനിക്കു

---

* 1926 ജനവരി 23–ാംനു തലശ്ശേരി ബ്രണ്ണൻകോളേജിൽ ചെയ്ത പ്രസംഗം.

Digitized By Kerala Sahitya Akademi

48 വയസ്സാണ്. ഞാൻ എഴുതിയിട്ടുള്ള കവിതകൾ ഭാഷയുടെ ജീവ രക്തത്തിൽ പ്രവേശിച്ചു അതിനെ ഉദ്ദീപിപ്പിച്ചിട്ടുണ്ടോ എന്നു ഞാൻ സംശയിക്കുന്നു. നിങ്ങളുടെ ദേശീയബോധവും ഭാഷാസ്നേഹവും എന്നെ എന്തെന്നില്ലാതെ ആഹ്ലാദിപ്പിച്ചിരിക്കുന്നു. നിങ്ങളെപ്പോലെയുള്ളവരെ ശിഷ്യരായിക്കിട്ടീട്ടുള്ളത് എന്റെ ഭാഗ്യംതന്നെയാണ്. അതു ഞാൻ ഒരു വലിയ ബഹുമതിയായി കണക്കാക്കുന്നു.

മലയാളത്തിലുള്ള അനാചാരങ്ങൾക്കു കയ്യും കണക്കുമില്ല. ഭ്രാന്താലയമെന്നു കേരളത്തിനു പണ്ടുതന്നെ പേർ കിട്ടീട്ടുണ്ട്. ഏകദേശം അരനൂറ്റാണ്ടിനു മുമ്പ് മഹാത്മാവായ വിവേകാനന്ദസ്വാമി തൊണ്ട ഇടറിക്കൊണ്ടാണ് ഇങ്ങനെ പറഞ്ഞത്. നമ്മുടെ ഭ്രാന്ത് ചില്ലറ ചികിത്സകൊണ്ടൊന്നും മാറുമെന്നു തോന്നുന്നില്ല. വടക്കേ മലയാളത്തിൽ അയിത്തം തെക്കേ മലയാളത്തെക്കാൾ ചുരുക്കമാണ്. ഇവിടെ തൊട്ടാൽ കുളി മാത്രമേ ഉള്ളുവെന്നു തോന്നുന്നു. അയിത്തം അനുഷ്ഠിക്കുന്ന ചില ക്ഷുദ്രർ എന്തൊക്കെ അസംബന്ധമാണ് പ്രവർത്തിക്കുന്നത്. എനിക്കുതന്നെ ഒരു സംഭവം കാണുവാൻ ഇടയായിട്ടുണ്ട്. ഒരു നായർ ഒരു ദിവസം ഒരു തിയ്യനെ തീണ്ടിപ്പോയി. അദ്ദേഹത്തിനു ദാഹിച്ചിട്ടു യാതൊരു നിവൃത്തിയുമില്ല. ഏകദേശം ചാവുമെന്ന നിലയിലായി. കുളിക്കുവാൻ യാതൊരു തരവുമില്ല. മുപ്പർ ഉടനെ ഒരു ഇളനീർ കുടിക്കുവാൻ അതിന്റെ മുട്ടുചെത്തി. ഇങ്ങനെ ഇളനീർ കുടിക്കുന്നത് സാധാരണ ഒരു താണ പ്രവൃത്തിയായിട്ടാണ് കരുതാറുള്ളത്. എന്താണ് ഇങ്ങനെ ചെയ്യുന്നതെന്നു ഞാൻ അയാളോടു ചോദിച്ചു. കരിക്ക് മുട്ടുചെത്തിക്കുടിച്ചാൽ മദ്യം കുടിക്കുന്നതുപോലെയാണെന്നു അദ്ദേഹം മറുപടി പറഞ്ഞു. മദ്യം എല്ലായ്പ്പോഴും കുടിക്കാമെന്നുണ്ട്. മദ്യപാനം പഞ്ചമഹാപാപങ്ങളിൽ ഒന്നാണ്. തന്റെ സഹോദരനെ അല്പം ദൂരത്തുനിന്നു തീണ്ടിയിട്ടു വെള്ളം കുടിക്കുവാൻ അദ്ദേഹത്തിനു വലിയ മടി. എന്നാൽ ഒരു പഞ്ചമഹാ പാപം ചെയ്യുവാൻ യാതൊരു മടിയുമില്ല. മേൽജാതിക്കാരുടെ ഞരമ്പിന്മേൽ അയിത്തം അത്രകണ്ടു ഒട്ടിപ്പിടിച്ചിരിക്കുന്നു! ഈ അനാചാരത്തെ തീരെ നശിപ്പിക്കേണ്ടുന്ന മുഴുവൻ ഭാരം വിദ്യാർത്ഥികളായ നിങ്ങളിലാണ്. അയിത്തമെന്നുള്ളത് വെറും ഒരു മായയാണ്. അനദ്ധ്യായകാലങ്ങളിൽ നിങ്ങൾ ഗ്രാമംതോറും സഞ്ചരിച്ചു അയിത്തത്തെ തീരെ അകറ്റുവാൻ പരിശ്രമിക്കണം. പട്ടണങ്ങളിൽ അയിത്തമില്ലെന്നു വച്ചു നാട്ടിൽനിന്നു ഈ രോഗം തീരെ മാറിയെന്നു കരുതരുത്. അയിത്തം കാലപ്പഴക്കംകൊണ്ടു നമ്മുടെ ഇടയിൽ വേരുറച്ചുകഴിഞ്ഞിരിക്കുന്നു. നമ്മുടെ ഇടയിൽ പ്രചാരംവന്നിരിക്കുന്ന വേറൊരു സമ്പ്രദായം വിദേശവസ്ത്രങ്ങളിലുള്ള ആസക്തിയാണ്. മഹാത്മാഗാന്ധി—അദ്ദേഹത്തിനു നമസ്കാരം—ഖദർ ധരിക്കേണമെന്നു നമ്മോടു സർവ്വദാ ഉപദേശിക്കുന്നു. പക്ഷേ ഈ ലോകസമ്മതനായ മഹാത്മാവു ഉപദേശിച്ചിട്ടുകൂടി നാം ഖദർ ധരിക്കുന്നുണ്ടോ? നമ്മുടെ നാട്ടിൽ ഈ മലമൽ വന്നിട്ടു ഏകദേശം 75 കൊല്ലമായി. നമ്മുടെ നഗ്നത മറയ്ക്കുവാൻ 7000 നാഴിക അകലെയുള്ള ഒരു രാജ്യക്കാരെ നാം ആശ്രയിക്കുന്നു. നമ്മെ നഗ്നതയിൽനിന്നു രക്ഷപ്പെടുത്തുവാൻ 60 കോടി ഉറുപ്പിക കടൽ നീന്തിക്കടന്നു അക്കരെ പോകുന്നുണ്ട്! 75 കൊല്ലംമുമ്പ് നമ്മുടെ രാജ്യത്തു എല്ലാതരം വസ്ത്രങ്ങളും നെയ്തിരുന്നു. മലമൽ വെറും ഒരു പുതുമോടിയാണ്. സ്വീകാര്യങ്ങൾ നൂൽനൂൽക്കുക എന്നുള്ളത് വളരെ ഉചിതമായിട്ടുള്ള ഒരു പ്രവൃത്തിയാണ്.

Digitized By Kerala Sahitya Akademi

നാം ഭംഗിക്കുവേണ്ടിയാണ് വിദേശവസ്ത്രത്തിന്റെ വഴിയെ ഓടുന്നത്. സ്ഥിരപ്രതിഷ്ഠയില്ലാത്ത സൗന്ദര്യത്തിനുവേണ്ടി നാം സ്വാഭിമാനം വെടിഞ്ഞു വസ്ത്രത്തിന് അന്യരെ ആശ്രയിക്കുന്നതു ലജ്ജാകരംതന്നെ. നമ്മുടെ രാജ്യത്തിന്റെ നന്മയ്ക്കുവേണ്ടി നാം അല്പമെങ്കിലും അസുഖമനുഭവിക്കാൻ തയ്യാറാകേണ്ടതല്ലേ? നാം ഖദർ ധരിക്കുവാൻ തുടങ്ങുകയാണെങ്കിൽ പ്രായേണ വിദേശീയവസ്ത്രം ഉടുക്കുന്നതു അസുഖമായി തോന്നും. കാനേഷുമാരി കണക്ക് എടുത്തു നോക്കുകയാണെങ്കിൽ ഇന്നലോകത്തിൽ സുഖത്തേക്കാൾ അധികം ദുഃഖമാണ് ഉള്ളത്. നാം ധരിക്കുന്നത് വാസ്തവത്തിൽ പട്ടിണി കിടന്നു വലയുന്ന നമ്മുടെ സാധുക്കളായ സഹോദരന്മാർക്കു ഭക്ഷണം കൊടുക്കുന്നതിനു തുല്യമാണ്. നമ്മുടെ പൂർവ്വന്മാരായ മഹർഷികൾ വെറും മരവുരി ഉടുക്കുന്നതിലാണ് അധികം സുഖം കണ്ടത്. അവർ മഹാത്യാഗികളായിരുന്നു. അവരുടെ പിൻഗാമികളാണെന്നഭിമാനിക്കുന്ന നമുക്കു മരവുരിയേക്കാൾ എത്രയോ ലഘുവായ ഖദർ ഉടുക്കുന്നത് അസഹനീയമായിരിക്കുന്നു. വെറും 75 വർഷം പഴക്കമുള്ള ഈ വിദേശവസ്ത്രഭ്രാന്തു നാം കൈവിടുന്നില്ലെങ്കിൽ അതിലും എത്രയോ കൊല്ലം പഴക്കമുള്ള ഒരു ദുരാചാരമായ അയിത്തത്തെ നാം എങ്ങിനെ കൈവിടും.

കൂടാളി കഞ്ഞിക്കമ്മാരൻനമ്പ്യാരവർകളുടെ ക്ഷണനമനുസരിച്ചാണ് ഞാൻ വടക്കെമലയാളത്തിലേയ്ക്കു വന്നിരിക്കുന്നത്. ഒരു പ്രത്യേക ആവശ്യാർത്ഥം എനിയ്ക്കു കൂടാളിയ്ക്കും കല്യാട്ടെയ്ക്കും പോകേണ്ടിവന്നു. കാശിയ്ക്കോ മറേറാ പോകുന്നതുപോലെയാണ്ഞാൻ ആ പ്രദേശങ്ങളിലെയ്ക്കു പോയത്. അങ്ങോട്ടെയ്ക്കുള്ള നിരത്തുകൾ മഹാ മോശമായിരുന്നു. റോഡുകൾ കേട്ടാൽ വ്യസനിയ്ക്കുമെന്നു വിചാരിച്ചു ഈ റോഡുകൾക്കു ലോക്കൽബോർഡ് നികുതി കൊടുക്കുന്നില്ലെ എന്നു വളരെ മെല്ലെ ഒരാളോട് ചോദിച്ചു. എന്റെ ഉദ്ദേശം മനസ്സിലായതുപോലെ അയാൾ വളരെ മെല്ലെ ഉവ്വ് എന്നു ഉത്തരം പറഞ്ഞു. എങ്കിലും ഫലിതത്തിൽ പറയുകയാണെങ്കിൽ യാത്ര പൊടിപാറി. ചുറ്റുമുള്ള കാഴ്ച വളരെ മനോഹരമായിരുന്നു. നിരത്തിന്നിരുവശവും ഇടതൂർന്ന കാടുകൾ കാഴ്ചയ്ക്കു വളരെ കൗതുകം നൽകി. പ്രശാന്തമായി ഒഴുകിക്കൊണ്ടിരുന്ന ഗംഭീരമായ ഇരിക്കൂർ പുഴയുടെ ഇരുവശത്തുമുള്ള പച്ചപിടിച്ച കാടു കണ്ടാൽ വരിവരിയായി നില്ക്കുന്ന മരകതമാളികകളുടെ നടുവിൽക്കൂടി വെള്ളി ഉരുക്കിഒഴിച്ച ഒരു നിരത്തു നിർമ്മിച്ചതാണെന്നു തോന്നും. ഓളം വെട്ടിക്കൊണ്ടിരിയ്ക്കുന്ന ആ നദി ആ പ്രദേശത്തെ വൈശ്രവണന്മാർക്കു സമർപ്പിയ്ക്കുവാൻ ദേവന്മാർ ശ്വേതവസ്ത്രം ഞെറിഞ്ഞുകൊണ്ടിരിയ്ക്കുമ്പോൾ പെട്ടെന്നു താഴത്തു വീണതുപോലെ തോന്നും. ആമ്പൽപൂക്കളെക്കൊണ്ടുനിറഞ്ഞ ജലാശയങ്ങൾ പ്രഭാതകാലത്ത് പക്ഷികളുടെ കളകൂജനം ശ്രവിച്ചു രോമാഞ്ചമുണ്ടായതുപോലെ ശോഭിച്ചു. കരിമരുത് എന്നു പേരുള്ള മരങ്ങൾ കടുംചുകപ്പുവർണ്ണമുള്ള പൂക്കളോടുകൂടി വിളങ്ങി പ്രഭാതത്തിന്റെ ചുകപ്പോടുകൂടി ആ പൂക്കളുടെ ചുകപ്പ് യോജിച്ചു. മനുഷ്യരുടെ പേരിടലിനു വിലയില്ലെന്നു വിളിച്ചുപറഞ്ഞു എന്നെ മഹാകവി എന്നു വിളിയ്ക്കുന്നവർതന്നെയല്ലെ ചുകപ്പുവർണ്ണമുള്ള മനോഹരമായ പുഷ്പങ്ങളോടുകൂടി ശോഭിയ്ക്കുന്ന ആ വൃക്ഷത്തെ കരിമരുത് എന്നു വിളിയ്ക്കുന്നത്? ഉയർന്നു നിൽക്കുന്ന പർവ്വതങ്ങൾ എഡ്വിൻആർനോൾഡ് പറഞ്ഞ പ്രകാരം നമ്മുടെ വിചാരത്തേയും ഉയർത്തുന്നുണ്ടോ എന്നു തോന്നും. ഭയങ്കരമായ ആരണ്യങ്ങൾ പ്രകൃതിമാഹാത്മ്യത്തെ വിസ്തരിച്ചു പാടി നമ്മെ ക്ഷണി

Digitized By Kerala Sahitya Akademi

ുന്നു. എന്നാൽ നമ്മുടെ മനസ്സു കൃത്രിമങ്ങളിലെയ്ക്കു ചാടുന്നുള്ളൂ. നമ്മുടെ പൂർവ്വീകന്മാരായ ഋഷിവരന്മാർ ഈ അരണ്യമാഹാത്മ്യത്തെ നല്ലവണ്ണം മനസ്സിലാക്കിയിരുന്നു. അവർ. വസിച്ചതും അവരുടെ പരിഷ്കാരത്തിന്റെ പരമകാഷ്ഠയെ ലക്ഷ്യപ്പെടുത്തുന്ന വേദങ്ങൾ മുതലായവയെ നിർമ്മിച്ചതും ഈ ആരണ്യങ്ങളിൽവെച്ചാണ്. അതുകൊണ്ട് ഈ ആരണ്യങ്ങൾ നമ്മുടെ സ്നേഹത്തേയും ബഹുമാനത്തേയും അർഹിയ്ക്കുന്നുണ്ട്.

വേദങ്ങൾ, പുരാണങ്ങൾ, എന്നൊക്കെ പറഞ്ഞാൽ നമുക്കു അറിയുകയില്ല. നമ്മുടെ സാഹിത്യം സംസ്കൃതസാഹിത്യത്തെ അടിസ്ഥാനമാക്കീട്ടാണല്ലോ വളർന്നിട്ടുള്ളത്. സംസ്കൃതസാഹിത്യത്തിൽ കൃത്രിമകവികൾ ധാരാളമുണ്ട്. ഉദാഹരണമായി നൈഷധത്തിലെ ഒരു ശ്ലോകമെടുക്കാം. ദമയന്തിയുടെ ക്രീഡാവർണ്ണനയിൽ പർവ്വതത്തിന്റെ മരകതക്കൊടുമുടി ബ്രഹ്മാണ്ഡം തുളച്ചു സ്വർഗ്ഗത്തിലെത്തിയെന്നും വായ മേല്പോട്ടുള്ള അവിടത്തെ പശുക്കൾക്ക് പച്ചപ്പുല്ലായിത്തീർന്നു എന്നും വർണ്ണിച്ചിരിയ്ക്കുന്നു. ഇതിൽ എന്തു കവിതയാണുള്ളത്. നേരെമറിച്ചു കൃത്രിമകവിതക്കാരനാണെന്നു കരുതുന്ന ശ്രീഹർഷന്റെ ഒരു ആശയം നോക്കുക. ചന്ദ്രനെ സന്ധ്യയാകുന്ന കുട്ടി പറപ്പിയ്ക്കുന്ന പട്ടമായി വർണ്ണിച്ചിരിയ്ക്കുന്നു. ഈ ആശയത്തിനു ഏതു രാജ്യത്താണ് വിലയില്ലാത്തത്. യഥാർത്ഥ കവിത ഋഷികളുടേതാണ്. രാമായണം, ഭാരതം മുതലായ പുരാണഗ്രന്ഥങ്ങൾ നമ്മളിൽ ആരും ശരിയായി വായിക്കുന്നില്ല. ഇടക്കാലത്തെ കവികൾ സംസ്കൃതഭാഷയെ വ്യഭിചരിപ്പിയ്ക്കുകയാണ് ചെയ്തത്. ശ്ലേഷാലങ്കാരങ്ങളെക്കൊണ്ടു അവർ അവരുടെ കവിതയെ നിറച്ചു.

ദ്വിതീയാക്ഷരപ്രാസത്തെപ്പറ്റിയാണ് നമ്മുടെ ഇടയിൽ വലിയ അഭിപ്രായവ്യത്യാസമുള്ളത്. ഈ കാര്യത്തിൽ എഴുത്തച്ഛന്റെ കൃതികളാണ് നമുക്കു മാതൃകകളായിരിക്കേണ്ടത്. മലയാളികളുടെ സ്വന്തം പ്രാസമാണ് ദ്വിതീയാക്ഷരപ്രാസം. സംസ്കൃതത്തിൽ ആ സമ്പ്രദായമില്ലെന്നുവെച്ചു അതു സ്വീകരിയ്ക്കാതിരിയ്ക്കുന്നതു ന്യായമല്ല, സംസ്കൃതം നമ്മുടെ ഭാഷയല്ല. അത് അന്യഭാഷയാണ്. അതുകൊണ്ട് സംസ്കൃതം വൃത്തത്തേക്കാൾ നമുക്കു ഹൃദ്യമായിതോന്നുന്നതു മലയാളവൃത്തമാണ്. മലയാളവൃത്തത്തിന്ന് ദ്വിതീയാക്ഷരപ്രാസം ഒരലങ്കാരമാണ്. ഗോതമ്പും പാലും പേന്ന പായസം കഴിയ്ക്കുമ്പോൾ ഇടയ്ക്കു മുന്തിരിങ്ങ കടിയ്ക്കുമ്പോലെയാണ് ദ്വിതീയാക്ഷരപ്രാസം. എഴുത്തശ്ശൻ ദ്വിതീയാക്ഷരപ്രാസം ഉപയോഗിച്ചതു എതു ഭംഗിയായിരിയ്ക്കുന്നു എന്നു നോക്കുക.

ആരവാർമുലയാളാമുവ്വശിപെറുണ്ടായി—
താരേഴ കിടാങ്ങളും.

എഴുത്തച്ഛനു സംസ്കൃതവൃത്തം നല്ല നിശ്ചയമുണ്ടായിരുന്നുവെങ്കിലും അദ്ദേഹത്തിനു അധികം ഹൃദ്യമായിട്ടുള്ളതു മലയാളവൃത്തമാണെന്നു നാം ഓർക്കണം.

പ്രിയവിദ്യാർത്ഥികളേ—നിങ്ങൾ ഇന്നുചെയ്തിട്ടുള്ള സൽക്കാരങ്ങളും അശ്രുതങ്ങളായ കൈകൊണ്ടെടുത്ത് എന്റെ കഷണ്ടിത്തലയിൽ ചുമക്കുന്നു. നിങ്ങൾക്കു ഭാഷാഭിമാനവും ദേശാഭിമാനവും അനുദിനം വർദ്ധിച്ചുവരട്ടെ. ഭാരതമാതാവിന്റെ ദയനീയമായ സ്ഥിതിയെപ്പറ്റി വിവരിയ്ക്കുവാൻ ഈ രണ്ടു ഗുണങ്ങളും നിങ്ങൾക്കു അത്യന്താപേക്ഷിതങ്ങ

Digitized By Kerala Sahitya Akademi

ളാണ്. ഇന്ത്യ അടിമച്ചങ്ങലയിൽ കിടന്നു വലയുകയാണ്. ശക്തിയുള്ള ആ കണ്ണി ഓരോന്നായി അഴിക്കേണമെങ്കിൽ സ്നേഹമാകുന്ന മെഴുക്കിട്ടു തഴകിയിട്ടുവേണം. നിങ്ങൾ രാജ്യത്തിനും സഹോദരന്മാർക്കും സഹോദരിമാർക്കും ഉപകാരം ചെയ്യുന്നവരായിത്തീരാൻ ശ്രമിക്കണം. എല്ലാ ശാസ്ത്രങ്ങളിലെയും തത്വം ഒരു മഹാൻ രണ്ടു വരിയിൽ അടക്കിയിരിയ്ക്കുന്നു.

പരോപകാരഃ പുണ്യായ
പാപായ പരപീഡനം

എന്നാണ്—നിങ്ങൾ പരീക്ഷ പാസ്സാവാൻവേണ്ടി മാത്രം പഠിയ്ക്കുന്നത്. ഡോക്ടർമാരാവാനോ, വക്കീൽമാരാവാനോ വേണ്ടി മാത്രമാവരുത് പഠിക്കുന്നത്. ജീവിതോദ്ദേശം പരീക്ഷപാസ്സാകുന്നതല്ല. നമ്മുടെ നാട്ടു വക്കീലന്മാരെക്കൊണ്ടും ഡോക്ടർമാരെക്കൊണ്ടും നിറഞ്ഞിരിയ്ക്കുന്നു. ഇത്രയധികം ഡോക്ടറന്മാരുണ്ടായിട്ടും മനുഷ്യർ ജീവിക്കുന്നുവെല്ലൊ എന്നു ബർനാഡ്ഷാ ആശ്ചര്യത്തോടുകൂടി ചോദിച്ചുവത്രെ. ഇത്രയധികം വക്കീൽമാരുണ്ടായിട്ടും ജഡ്ജിമാർക്കും വിശ്രമിക്കുവാൻ സമയം കിട്ടുന്നുവല്ലോ എന്നോർത്താണ് ഞാൻ അത്ഭുതപ്പെടുന്നത്. നിങ്ങൾ പരസ്പരം സഹായിച്ചുകൊണ്ടു നിങ്ങളുടെ രാജ്യത്തിന്റെ നന്മയ്ക്കും സ്വാതന്ത്ര്യത്തിനുംവേണ്ടി പരിശ്രമിക്കുക. ഇതാണ് എനിക്കു നിങ്ങളോട് പ്രത്യേകം പറയാനുള്ളത്. ക്ഷീണനായ ഞാൻ ഇതിലധികം പറവാൻ ശക്തനല്ല. നിങ്ങൾ ചെയ്ത ഉപചാരത്തിനു ഞാൻ ഒരിയ്ക്കൽക്കൂടി ഹൃദയപൂർവ്വം വന്ദനം പറഞ്ഞുകൊള്ളട്ടെ.

Digitized By Kerala Sahitya Akademi

ഏതുതരം പുസ്തകങ്ങൾ ശേഖരിക്കണം?*

മാന്യജനങ്ങൾക്കു വെവ്വേറെ വന്ദനം!

നമ്മുടെ ഈ വായനശാല ആരുടെ നാമധേയത്തെ, ഒരു പാവനമായ നിർമ്മാല്യപുഷ്പത്തെ എന്നപോലെ ശിരസ്സിൽ ചൂടിയിരിയ്ക്കുന്നുവോ, ആ പരേതനായ പി. കെ. നാരായണപിള്ള അവർകൾ പലതുകൊണ്ടും ഒരു സാധാരണനായിരുന്നു. അദ്ദേഹത്തിന് സ്വഭാഷയും ഇംഗ്ലീഷ്–സംസ്കൃതങ്ങളുമാകുന്ന മൂന്നു ഭാഷകളിൽ പരമമായ പാണ്ഡിത്യമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ അനുഗൃഹീതമായ തൂലിക ഈ ഭാഷാത്രിതയത്തിൽ, ത്രിമൂർത്തികളിൽ ചിച്ഛക്തി എന്നപോലെ, സലീലമായി വ്യാപരിച്ചുപോന്നു. എഴുതുന്നതുപോലെ തന്നെ വെട്ടപ്പിൽസംസാരിപ്പാനും പി. കെ. യ്ക്കു പ്രയാസമുണ്ടായിരുന്നില്ല. പ്രൌഢിയും ഫലിതവും ഒത്തിണങ്ങിയ പ്രഭാഷണത്തിൽ പി. കെ–യ്ക്കൊപ്പം നില്ക്കുന്നവർ ഇല്ലെന്നതന്നെ പറയാം. ഒരു സമസ്തകേരള സാഹിത്യപരിഷത്സമ്മേളത്തിൽവെച്ച്, പല പണ്ഡിതന്മാരുടെയും പ്രസംഗത്തിനുശേഷം, അദ്ദേഹം സംസാരിച്ചു തുടങ്ങിയപ്പോൾ എന്റെ അടുക്കൽ ഇരുന്ന ഒരു സഹൃദയൻ പറയുകയുണ്ടായി, ഇപ്പോഴേ ഒരു പ്രസംഗം പുറത്തു വരുന്നുള്ളു എന്ന്. വൈദുഷ്യവും സാരസ്യവും സ്ഫുരിയ്ക്കാത്ത ഒരൊറ്റ വാചകംപോലും പി. കെ. യുടെ പ്രസംഗത്തിൽ ആരും കേട്ടിട്ടുണ്ടാവില്ല. പ്രഗല്ഭനേയ പ്രഭാഷകൻ, സാരവേദിയായ സഹൃദയൻ, പ്രതിഭാശാലിയായ പ്രബന്ധകാരൻ, വിശാലദൃക്കായ വിമർശകൻ, പ്രജാസമ്മതനായ പ്രാഡ്വിവാകൻ— ഇതൊക്കെയാണ് ശ്രീമാൻ പി. കെ. നാരായണപിള്ള ബി. എ; ബി. എൽ. വെറുതെയല്ല അദ്ദേഹത്തെ വിദ്വജ്ജനങ്ങൾ 'സാഹിത്യപഞ്ചാനനൻ' എന്നു വിളിച്ചു തുടങ്ങിയത്. സാഹിത്യവനത്തിൽ മറ്റൊരുദ്ദണ്ഡനെപ്പോലെ കേസരിതന്നെയായിരുന്ന അദ്ദേഹം. ഏതൊരു കവികുഞ്ജരനും നടുങ്ങിപ്പോകും, നമ്മുടെ സാഹിത്യപഞ്ചാനനന്റെ ഗംഭീരഗർജ്ജനത്തിൽ. കടിലിൽനിന്നു കൊട്ടാരമണഞ്ഞ ആ പരിശ്രമശീലന്റെ ഇഹലോകവാസം മദ്ധ്യവയസ്സിനും മുമ്പേ അവസാനിച്ചുപോയതോർക്കുമ്പോൾ ഇന്നും കണ്ണു നനയുന്നു.

ഞാൻ അഭിമാനത്തോടുകൂടിപറയട്ടെ, നാരായണപിള്ള അവർകൾ എന്റെ ഒരു മാന്യമിത്രവുമായിരുന്നു. ഞങ്ങൾക്കു തമ്മിൽ കാവ്യപ്രസ്ഥാനങ്ങളെക്കുറിച്ചു കുറച്ചല്ല, അഭിപ്രായവ്യത്യാസം. എന്നാൽ ഈ വിഭിന്നമതിത്വം ഞങ്ങളുടെ സൌഭ്രാത്രസദൃശമായ സൗഹാർദ്ദത്തിന്മേൽ ഒരു നേരിയ പോറൽപോലും പെടുത്തിയിട്ടില്ല. ഒരിക്കൽ ഞാൻ തിരുവനന്തപുരത്ത് അദ്ദേഹത്തിന്റെ 'പാവ്വതീമംഗല'മെന്ന ഗൃഹത്തിൽ മുന്നറിവു കൊടുക്കാതെ കേറിച്ചെന്നു. അന്നു ഹൈക്കോർട്ടജഡ്ഡിയാണ്, അദ്ദേഹം. ശിപായിയോ മറേറാ എന്റെ ആഗമനം അറിയിച്ചതോടുകൂടി, ആ അത്യുന്നതപദസ്ഥൻ 'വള്ളത്തോളോ' എന്നു സസംഭ്രമം പോദിച്ചുംകൊണ്ടു

---

* 1117 മീനം 26–ാംനു അമ്പലപ്പുഴ പി. കെ. മെമ്മോറിയൽ വായനശാലയുടെ വാഷ്കികത്തിലെ അധ്യക്ഷപ്രസംഗം.

Digitized By Kerala Sahitya Akademi

മാളികമുകളിൽനിന്നു പാഞ്ഞിറങ്ങിവന്ന് എന്നെ ആഹ്ലാദവിവശനായി സ്വീകരിച്ചു. അന്നെനിക്കു ലഭിച്ച ഹൃദയംഗമമായ ആതിഥ്യം, ആദിമവും അന്തിമവും ആയിരുന്നു. പിന്നീടു ഞാൻ പി. കെ.യെ കണ്ടിട്ടേയില്ല. അതിനുമുമ്പ് മൂന്നുനാലുതവണ കണ്ടിട്ടുള്ളതുതന്നെ, അന്യപ്രദേശങ്ങളിൽ വെച്ചാണ് താനും. ചിരസമ്പർക്കത്തിനാലോ, കുത്തിടപാടിനാലോ പ്രതിഷ്ഠിക്കപ്പെട്ടതല്ല, ഞങ്ങൾതമ്മിലെ സ്നേഹം; സ്വയംഭ്രുവിന് ശ്രേഷ്ഠത കൂടുമല്ലോ! രക്ഷാധികാരിമാരും എന്റെ പ്രിയമിത്രങ്ങളും തന്നെ. വിശേഷിച്ചും, സ്വഭാഷയ്ക്ക് ഒരു കല്പവൃക്ഷമെന്നു പറയേണ്ടിയിരിക്കുന്ന മേജർ സർദാർ കെ. എം. പണിക്കർ വള്ളത്തോളിന് ആറാമത്തെ പ്രാണനാണ്!

അതിനാൽ ഈ പി. കെ. സ്മാരകത്തെ ഞാൻ, ഇതിനു എത്രയോ മുമ്പുതന്നെ സന്ദർശിക്കേണ്ടതായിരുന്നു. നേരേ മറിച്ച്, രണ്ടു തവണ ക്ഷണിക്കപ്പെട്ടിട്ടും, (ആ രണ്ടവസരങ്ങളിലും ഞാൻ കഥകളിപ്പെട്ടിയും കക്ഷത്തിറുക്കി ചുമന്ന് ഉത്തരഭാരതത്തിൽ അലഞ്ഞുനടക്കുകയായിരുന്നു.) വരാതിരിക്കയാണ് ഞാൻ ചെയ്തത്. സ്വയം അനുഷ്ഠിക്കപ്പെടേണ്ടത് പ്രേരിതനായിട്ടും അനുഷ്ഠിക്കാതിരിക്കുക ഒരപരാധമല്ലയോ? ഈ സ്മാരകത്തിന്റെ പ്രാണഭ്രുതൻ, എനിക്ക് ഒരു ഭാഗിനേയനെപ്പോലെ തോന്നുന്ന ശ്രീ: ടി. എൻ. ഗോപിനാഥൻനായർ—സാഹിത്യപഞ്ചാനനന്റെ പുത്രത്വത്തെ സാഹിത്യസേവനംകൊണ്ടും സൽകാവ്യനിർമ്മാണംകൊണ്ടും പ്രകാശിപ്പിച്ചുപോരുന്ന യുവകവീന്ദ്രൻ—ആണെന്നുള്ളതാകട്ടെ, എന്റെ അപരാധത്തെ കുറെക്കൂടി കനപ്പിക്കുന്നു. ഇതിനു ഞാൻ മാപ്പപേക്ഷിക്കേണ്ടതില്ല, അത് സ്മാരകപ്രവർത്തകന്മാർ തന്നുകഴിഞ്ഞിരിക്കുന്നു. ഇല്ലെങ്കിൽ, ഈ വാർഷികോത്സവസദസ്സിൽ അദ്ധ്യക്ഷനാവുകയെന്ന ബഹുമതിക്ക് ഞാൻ പാത്രീഭവിക്കുമായിരുന്നില്ലല്ലോ. ഇവരുടെ ദയയ്ക്ക്, എന്റെ കൃതജ്ഞതേ, നീ കൈക്കൂപ്പുക! എന്നെ ഈ ആദ്ധ്യക്ഷ്യയജ്ഞം ദീക്ഷിപ്പിച്ചതിൽ, ഇന്നത്തെ ചെറുകഥാകാരന്മാരിൽ മുമ്പനായ ശ്രീമാൻ തകഴി ശിവശങ്കരപ്പിള്ളയ്ക്കും ഞാൻ നന്ദികൊണ്ട് ഒരെളിയ പൌരോഹിത്യദക്ഷിണ സമർപ്പിച്ചുകൊള്ളട്ടെ.

യാതൊരു ദേവതയ്ക്ക്—യാതൊന്നോ പ്രിയം ആ ദേവതയെ അനുകൊണ്ട് പൂജിക്കുക എന്നത്രേ, ഋഷിപ്രോക്തം. അതിനാൽ മുഖ്യമായി വായനശാലാസ്ഥാപനംകൊണ്ടുതന്നെ വേണം, നാം സാഹിത്യപഞ്ചാനനന്റെ ആത്മാവിനെ ആരാധിക്കുക. അമ്പാടിയിലെ പാൽവെണ്ണപ്പൈതലായ അമ്പലപ്പുഴ കൃഷ്ണനു പ്രധാനനൈവേദ്യം, പാല്പായസം; പിനസാരസ്വതനായ പി. കെ—യ്ക്കോ, പുസ്തകസമുച്ചയം.

ശ്രീ: പി. കെ—യെ ആരാധിപ്പാൻ തികച്ചും അനുരൂപമായ സ്ഥലവും, അറുപത്തിമൂന്നു വർഷങ്ങൾക്കുമുമ്പ് ആ പണ്ഡിതവരേണ്യനെ ജനിപ്പിച്ച ഈ അമ്പലപ്പുഴയല്ലാതെ മറേതാണ്? അദ്ദേഹം യാതൊരു മഹാകവിയെ, പെരുശ്ശേരിയേയും എഴുത്തച്ഛനേയുമെന്നപോലെതന്നെ ബഹുമാനിച്ചും കീർത്തിച്ചും പോന്നുവോ, ആ കുഞ്ചൻനമ്പ്യാരും ദീർഘവാസംകൊണ്ട അമ്പലപ്പുഴക്കാരനായിരുന്നു; നമ്പ്യാർ താമസിച്ചിരുന്ന ഗൃഹമത്രേ, ഇവിടെ ഇന്നും കാണുന്ന നമ്പ്യാർമഠം. കുഞ്ചന്റെ കാവ്യലക്ഷ്മി കളിയാടിക്കൊണ്ടിരുന്ന പാലാഴിയാണ് അമ്പലപ്പുഴ വെണ്മണൽപ്പരപ്പെന്നു പറയാം. അമ്പലപ്പുഴ എന്നു

Digitized By Kerala Sahitya Akademi

കേൾക്കുമ്പോൾ ഏതൊരു മലയാളിക്കും ഓർമ്മയിൽ വരിക, ഇവിടുത്തെ ശ്രീകൃഷ്ണക്ഷേത്രത്തിലെ പാൽപ്പായസവും അതുപോലെത്തന്നെ സ്നിഗ്ധമധുരമായ നമ്പ്യാരുടെ കവിതയുമായിരിക്കും. ഇവിടം അതീത കാലങ്ങളിൽ, 'നമ്പ്യാരുടെ ഗുരുവായ നന്ദിക്കാട്ട കുറുപ്പിനെപ്പോലുള്ള വളരെ പണ്ഡിതരത്നങ്ങളുടെ ആകരവും പല പല വിദ്വൽകവികളുടെ താവളവുമായിരുന്നു. കേരളത്തിന്റെ ഒരനർഘ കലാനിധാനമായ കഥകളിയെ സംരക്ഷിപ്പാൻ വേണാട്ടരചനാൽ നിയുക്തമായ മാത്തൂർപ്പണിക്കർകുടുംബവും അമ്പലപ്പുഴയുടേതുതന്നെ. അങ്ങനെ സാഹിത്യകലയും സംഗീതകലയും ഒത്തിണങ്ങി, പരസ്പരം സുകുമാരകരങ്ങൾകൊണ്ടു കുമ്മിയടിച്ചിരുന്ന സ്ഥടികമണ്ഡപമാകുന്നു, അമ്പലപ്പുഴ പ്രദേശം. ആ പൂവ്വ് മഹിമയെ സദാ സ്മരിക്കുന്നതുകൊണ്ടാവാം, ഇവിടുത്തെ മനോഹരമായ മണൽപ്പുറം വെൺപുഞ്ചിരിപൊഴിക്കുന്നത്!

വിവൃണ്വതാസൌരഭരോരദോഷം
വന്ദിവ്രതം വണ്ണ്ഗ്രണൈഃ സ്പൃശന്ത്യാഃ
വികസ്വരേ കസ്യ ന കണ്ണ്ടികാരേ
ഘ്രാണേന ദുഷ്യേവ്വ്വധേ വിവാദഃ
(ശ്രീകണ്ഠചരിതമഹാകാവ്യം)

കണ്ണ്ടികാര=(കൊന്ന, കൊണ്ട) പുഷ്പം വിരിഞ്ഞപ്പോൾ കാണികളുടെയെല്ലാം കണ്ണുകൾ ആ പൂവിന്റെ വണ്ണ്ടംഗിയെ വണ്ണ്ടിപ്പാനും, നേരെ മറിച്ചു മുകുകൾ അതിന്റെ നിഗ്രന്ധതയെ നിന്ദിപ്പാനും തുടങ്ങി; ഈ വാദം വളർന്നതന്നെ നിന്നു. എന്ന ശ്ലോകത്തിന്റെ കർത്താവായ 'കണ്ണ്ടികാരമംഖൻ' ഈ ധവളകോമളമായ സൈകതമൈതാനം കണ്ടിരുന്നുവെങ്കിൽ, ഇതിനാൽ കളിർപ്പിക്കപ്പെട്ട നേത്രേന്ദ്രിയം ഇതിനെ ഒരു പച്ചക്കർപ്പൂരപ്പരപ്പെന്നു സമർത്ഥിപ്പാൻ മുതിർന്നു എന്നും, അപ്പോൾ 'സൌരഭ്യമെവിടെ' എന്ന ഘ്രാണേന്ദ്രിയത്തിന്റെ എതിർചോദ്യം പുറപ്പെട്ട എന്നുമായി ഉല്പ്രേക്ഷ ചെയ്യപ്പെട്ടുമായിരുന്നു.

മൺമറഞ്ഞുപോയ മഹാന്മാരെ മാനിക്കുക എന്ന അവശ്യകർത്തവ്യത്തിൽ ഏറെ വെമ്പലുള്ളവരല്ല മലയാളികൾ. നമ്മുടെ മാതൃഭാഷയെ

"നാഗേന്ദ്രാമന്ദയാനം ഭയേചകിതകുരംഗീ—
കുലേ കൺവിലാസം
കാർകുന്തൽച്ചന്തവും താണ്ഡവപരിലുളി—
തേ കേകിനം പീലിജാലേ,
വാർകോലും പദ്മകോശേ വളർമുലയു,—
മിവണ്ണം വിഭക്തോംഗലേഖാ
ഹാ, ഹാ, ചന്ദ്രാനനാ കാനനഭുവി ഭയി—
താ ദൃശ്യതേ മൈഥിലീ മേ"

എന്ന വൈലക്ഷണ്യത്തിൽ നിന്നു,

'ആരവാർമുലയാളാമുവ്വശി പെറ്റിട്ടവ—
നാറുപുത്രന്മാരുണ്ടായിവന്നിതെന്നറിഞ്ഞാലും.'

എന്ന സ്വാഭാവികതയിലേയ്ക്കു കൊണ്ടുപോന്ന തുഞ്ചത്താചാര്യനെപ്പോലും നാം എത്ര കണ്ടു പൂജിച്ചിട്ടുണ്ടു? മുപ്പത്തിൽപ്പരം സംവത്സരങ്ങൾക്കുമുമ്പു് വെട്ടത്തുനാട്ടിൽ, എഴുത്തച്ഛന്റെ ജനനദേശത്തു്, ഒരു തുഞ്ചൻസ്മാരക സ്ഥാപനത്തിനുള്ള സംരംഭം പൊട്ടിമുളയ്ക്കുകയുണ്ടായി; എന്നാൽ അതു്

Digitized By Kerala Sahitya Akademi

പിറേദിവസംതന്നെ കരിഞ്ഞുംപോയി. അതോടുകൂടി പിറന്ന 'രാമാനുജൻ' എന്ന മാസികാപത്രത്തിന്റെ ജീവകാലവും എട്ടു മാസത്തിലധികം ദീർഘിച്ചില്ല. (അതിന്റെ സംപാദകരിൽ ഒരാൾ ഞാൻതന്നെയായിരുന്ന എന്നുകൂടി സലജ്ജം പറഞ്ഞുകൊള്ളട്ടെ) എഴുത്തച്ഛനെ ഉദ്ദേശിച്ചു് കൊച്ചിരാജ്യത്തുംപ്പെട്ട ചിറ്റൂരിലെ 'ഗുരുമഠ'ത്തിൽ ആണ്ടിലൊരു ദിവസം ഒരു പൂജ നടത്തപ്പെടുന്നില്ലെന്നില്ല. എന്നാൽ അവിടെ പ്രതിഷ്ഠിച്ചിട്ടുള്ള മെതിയടിയും യോഗദണ്ഡും എഴുത്തച്ഛന്റേതല്ലെന്നും, തച്ചിഷ്യരിൽ ഒരാളുടേതാണെന്നും പ്രബലമായ എതിർവാദമുണ്ടു്. അതിരിക്കട്ടെ; മദ്യമാംസങ്ങളോടുകൂടിയാണു് ചിറ്റൂക്കാരുടെ പൂജ.

പര, പര, പര, പരമ, പാഹിമാം;—
പരമാനന്ദമെന്നതേ പറയാവൂ!

എന്ന ക്ഷേത്രിലഹരിയെ മദ്യലഹരിയെന്നു വ്യാഖ്യാനിച്ച ആ തുരുമ്പു പിടിച്ച കുരുമ്പിനു നാം മെഴുക്കിടുകയോ! എഴുത്തച്ഛൻ ശക്ത്യുപാസകനായിരുന്നിരിക്കാം; എന്നാൽ ബാഹ്യകൌളന്മാരെപ്പോലെ സുരപായിയായിരുന്നില്ല.

"മദ്യം മന്ത്രകസംഭ്രതം യസ്തു ലംബികയാ പിബേൽ
സ വൈ ശാക്തഇതി പ്രോക്ത ഇതരേ മദ്യപായിനഃ"

ഗിരുസ്സിലെ മദ്യം (അമൃതു്) ചെറുനാവുകൊണ്ടു് നുകരുകയാവും ആ യോഗിവര്യൻ ചെയ്തിരുന്നതു്. റൂസ്സോ എന്ന മഹാസാഹിത്യകാരൻ മഹാമദ്യപനുമായിരുന്നു എന്നു കേട്ടിട്ടുണ്ടു്. എന്നാൽ അദ്ദേഹം ഭൌതികാനന്ദങ്ങളിൽ ചാഞ്ചാടുന്ന ഫ്രാൻസിൽ ജനിച്ചുവളർന്ന ആളാണു്; എഴുത്തച്ഛനോ മദ്യപാനത്തെ പഞ്ചമഹാപാപങ്ങളിലൊന്നായി കരുതുന്ന ആർഷഭൂമിയുടെ അരുമസ്സന്താനം! ഈ മഹാകവിയുടെ സുരഭിലമായ നാമധേയത്തെ മദ്യമാംസങ്ങൾ കൊണ്ടു ദുർഗ്ഗന്ധപ്പെടുത്തരുതെന്നു തുഞ്ചത്തുഗുരുവിന്റെ പഞ്ചവർണ്ണക്കിളിക്കു് 'പാലോടുപഴം പഞ്ചസാര' തന്നെ വേണം നിവേദിക്കുക എന്നു—ഞാൻ ഒരിക്കൽ ചിറ്റൂരിൽതന്നെ ഒരു സദസ്സിൽ വെച്ചു് ഗുരുമഠാരവാഹികളെ ഉദ്ബോധിപ്പിക്കയുണ്ടായി. എന്നാൽ ആ അവസരത്തിൽ അവർ എന്റെ കൂട്ടുകാരായി—പെകിടന്മാരായി—വത്തിക്കുകയാണു് ചെയ്തതു്!

പതിനഞ്ചോളം സംവത്സരങ്ങൾക്കു മുമ്പു് ഞാൻ ഒരു പത്രത്തിൽ വായിക്കുകയുണ്ടായി, ഇംഗ്ലീഷു മഹാകവിയായ ടെനിസന്റെ ഭവനം വിലയ്ക്കുവാങ്ങി, ഒരു പൊതുസ്വത്താക്കിവെപ്പാൻ ശ്രമിക്കുന്ന നിധിയിലേയ്ക്കു് ഒരമേരിക്കൻ സ്ത്രീ (പേർ മിസിസ്സു് ബാർട്ടലെറ്റ് എന്നാണെന്നു തോന്നുന്നു) ആയിരം പവൻ സംഭാവനയായി നൽകിയിരിക്കുന്നു എന്നു്. കേരളീയരുടെ തുഞ്ചൻപറമ്പാകട്ടെ, ഇന്നും ഏതോ ഒരാളുടെ തെങ്ങിൻതോട്ടമായി കിടക്കുന്നു! ഇവിടത്തെ 'നമ്പ്യാർമഠ'വും അന്യാധീനതയിൽപ്പെട്ടു വിസ്മൃതപ്രായമായി കഴിഞ്ഞിരിക്കുന്നു. വിജ്ഞാനം വിളഞ്ഞ തുഞ്ചൻപറമ്പിൽ നിന്നു് ചില നാടന്മാർ കട്ടികളെ എഴുത്തിനു വെപ്പാൻ മണ്ണെടുത്തുകൊണ്ടുപോവാറുള്ളതുപോലെ, നമ്പ്യാർമഠത്തെ തുള്ളൽക്കാരിൽ വല്ലവരും മാമൂലനുസരിച്ചുചെന്നു വന്ദിച്ചു പോരുന്നുണ്ടോ വാമെന്നുമാത്രം.

"സമുദായങ്ങൾക്കു് ഒരു വീരനേതാവിനെപ്പറ്റി, അദ്ദേഹം ഒരു കവിയാകട്ടെ, ദീർഘദർശിയാകട്ടെ, അഭിമാനിപ്പാൻ വകയുണ്ടെങ്കിൽ,

Digitized By Kerala Sahitya Akademi

അവയുടെ മുമ്പിൽ ശോഭനവും മോഹനവുമായ ഒരു ഭാവി സ്ഥിതിചെയ്യുന്നുണ്ട്.'' എന്ന കാർലൈലിന്റെ വാക്യത്തെ പ്രമാണീകരിച്ചു പറയുകയാണെങ്കിൽ, കേരളീയ സമുദായങ്ങളുടെ മുമ്പിലേയ്ക്ക് ആ ഭാസുരമായ ഭാവി പുറപ്പെടാൻ തുടങ്ങിയിട്ടേയില്ല! നായകാരാധനത്തിൽ നമുക്കുള്ള മാന്ദ്യത്തെ നിരൂപിച്ചാലേ, ഈ പി. കെ. സ്മാരക പ്രതിഷ്ഠാപനത്തെക്കുറിച്ചു വേണ്ടുവോളം മതിപ്പുണ്ടായിവരൂ. വലിയവലിയ ആളുടെ പേരു കൊണ്ടുജ്ജ്വലിപ്പിക്കപ്പെട്ട പല പല പൊതുദീപങ്ങളുടെ പ്രാദുർഭാവം നാം കണ്ടിട്ടുണ്ട്. എന്നാൽ അവയിൽ മിക്കതിനും ഒരു നനുത്ത കാറ്റിനെപ്പോലും സഹിപ്പാൻ ശക്തിയുണ്ടായില്ല. ചിലതുമാത്രം അവിടവിടെ മിന്നാമിനുങ്ങിനെപ്പോലെ മങ്ങിമങ്ങി നിൽക്കുന്നുണ്ടായിരിക്കാം. ഇതുപോലെയല്ല അമ്പലപ്പുഴക്കാരുടെ പി. കെ. സ്മാരകം. അത് പതുക്കെപതുക്കെ കൂടുതൽ കൂടുതൽ പ്രകാശിച്ചുവരുന്നു. ആളും അർത്ഥവും ഒത്തൊരുമിച്ചാലേ, ഇത്തരം ഒരേർപ്പാട് സൃഷ്ടിക്കപ്പെടുകയും രക്ഷിക്കപ്പെടുകയും ചെയ്യുകയുള്ളൂ. ആ പുരുഷദ്രവ്യസമ്പത്ത് ഇവിടെ തെളിഞ്ഞുകാണുന്നതിൽ, നിശ്ശ്വേഷ്മമായ കേരളമേ, നിനക്കു വേണമെങ്കിൽ സമാശ്വസിക്കാം. ഒരു ദീർഘനിദ്രസ്ഥായി മൃത്യുഗ്രഹയിലേയ്ക്കിറങ്ങിപ്പോയ സാഹിത്യപഞ്ചാനനന്റെ പേരിൽ, ആ മഹാൻ അർഹിക്കുന്ന കേതിയുള്ള തദ്ദേശീയർ അദ്ദേഹത്തിന്റെ ഇഷ്ടദേവതയായ സരസ്വതിയെ ആവാഹിച്ചുവരുത്തി; ഇതാ ആ ദേവിക്ക് ഒരു പരിശുദ്ധ ക്ഷേത്രവും പണിയിച്ചുവരുന്നു. ഈ ക്ഷേത്രത്തിൽ ആരാധനേച്ഛുക്കൾക്കൊക്കെ തടവെന്യേ കടന്നുചെല്ലാം—ഹാ, പറഞ്ഞേകഴിയൂ എന്നില്ലാത്തതാണ് ഞാനിപ്പറഞ്ഞത്. സകല ഹിന്ദുക്കൾക്കും ക്ഷേത്രപ്രവേശം കല്പിച്ചരുളി, സനാതനധർമ്മത്തെ സമുദ്ധരിച്ച പൊന്നുതമ്പുരാന്റെ ധർമ്മരാജ്യത്തിൽ ചേർന്നതാണല്ലോ ഈ ഭൂവിഭാഗം.

ഒന്നാമതായി വായനശാല തുറക്കപ്പെട്ടത് ഈജിപ്തിലാണുപോൽ. എന്നാൽ 1300 കൊല്ലങ്ങൾക്കു മുമ്പ് ഭാരതവർഷത്തിൽ സഞ്ചരിച്ച ഹ്യൂയൻസാംഗ് എന്ന ചീനക്കാരൻ തക്ഷശില—നളന്ദാസർവ്വകലാശാലകളിൽ ഒരു മഹത്തരമായ ഗ്രന്ഥസഞ്ചയത്തേയും അനേകായിരം വിദ്യാർത്ഥികളേയും കണ്ടതായി രേഖപ്പെടുത്തിയിട്ടുണ്ട്. അതിനുമുമ്പായിരിക്കുമോ ഈജിപ്തിൽ വായനശാല ഏർപ്പെടുത്തപ്പെട്ടതെന്നു, ചരിത്രവിചക്ഷണന്മാരോടു ചോദിച്ചറിയേണ്ടിയിരിക്കുന്നു. ഉൽപ്പത്തി എവിടെയായാലും വായനശാലയ്ക്കൊത്ത മറ്റൊരുപായം വിജ്ഞാനപ്രചരണത്തിനില്പതന്നെ.

''ആചാര്യാൽ പാദമാദത്തേ പാദം ശിഷ്യസ്സ്വമേധയാ
പാദം സബ്രഹ്മചാരിഭ്യഃ പാദം കാലക്രമേണ ച''

ഒരദ്ധ്യേതാവിന്നു വിജ്ഞാനത്തിന്റെ കാലംശമേ ഗുരുവിങ്കൽനിന്നു കിട്ടുകയുള്ളൂ; കാലംശം സ്വയം ആലോചിച്ചും കാലംശം സഹപാഠികളോടു ഇടപെട്ടിട്ടും സമ്പാദിക്കണം. ബാക്കിയുള്ള കാലംശമോ, കാലക്രമംകൊണ്ടും എന്നൊരാപ്തവാക്യമുണ്ട് സംസ്കൃതത്തിൽ. സഹപാഠികളോടിടപെട്ടുകൊണ്ടുള്ള ഗ്രന്ഥപഠനം വായനാശാലയിലേ സുകരമാകയുള്ളുവല്ലോ. ഗ്രഹിക്കുക, ധരിക്കുക, ചിന്തിക്കുക എന്നിവയോടുകൂടിയതാകുന്നു, പുസ്തകപാരായണം; അല്ലാത്ത വായന സമയവ്യയത്തിനുമാത്രം. ''നാം പുസ്തകം തുറക്കുമ്പോളുള്ളതിനേക്കാൾ കൂടുതൽ നേട്ടത്തോടുകൂടി വേണം പുസ്തകം

Digitized By Kerala Sahitya Akademi

അടയ്ക്കാൻ.''വാസ്തവത്തിൽ,വായനശാലക്കാരോട് പറവാനുള്ളതെല്ലാം രണ്ട് വാചകത്തിലടങ്ങും. കഴിവുള്ളിടത്തോളം ഉൽകൃഷ്ടഗ്രന്ഥങ്ങളെ തിരഞ്ഞെടുക്കുക, അവയെ ഏകാഗ്രചിത്തരായി പഠിക്കുക. ''പ്രകൃതിയും പുസ്തകങ്ങളും അവയെ നോക്കി കാണുന്ന കണ്ണുകൾക്കുള്ളവയാണ്''(ഇമേഴ്സൻ.)

ഞാൻ ഒരു പന്ത്രീരാണ്ട് മുമ്പ് തിരുവിതാംകൂറിലെവിടെയോ ഒരു വായനശാല സന്ദർശിയ്ക്കുകയുണ്ടായി: അല്ലെങ്കിൽ എന്നെക്കൊണ്ട് സന്ദർശിപ്പിയ്ക്കുകയുണ്ടായി. അതിനുള്ളിൽ അളമാരികളിൽ അടുക്കിയടുക്കി വെച്ചിരിയ്ക്കുന്ന പുസ്തകങ്ങളുടെ ബാഹുല്യം കുറച്ചല്ല എന്നെ വിസ്മയിപ്പിച്ചത്. ഞാൻ പേരുകേട്ടിട്ടില്ലാത്തവയായിരുന്നതാനും അവയിൽ മിക്കവയും. കുറേ പുസ്തകങ്ങൾ പുറത്തേയ്ക്കെടുപ്പിച്ചുനോക്കിയപ്പോഴേ എന്റെ അമ്പരപ്പ് നിലച്ചുള്ളൂ. തത്തൽകാലങ്ങളിൽ തിരുവിതാംകൂറിലെ പാഠപുസ്തകക്കമ്മിറ്റിയിൽ ചെന്നുകേറി, പരാജയപ്പെട്ട്, തിരികേ പോന്ന പുസ്തകങ്ങളുടെ ഓരോരോ കോപ്പികളായിരുന്നു അവ; ഒരു ചമ്പു പ്രബന്ധമോ, കൃഷ്ണഗാഥയോ, ഭാരതരാമായണകിളിപ്പാട്ടോ, തുള്ളലോ, ആധുനിക സൽഗ്രന്ഥങ്ങളിലേതെങ്കിലുമൊന്നോ അവിടെ കാണപ്പെട്ടില്ല. അങ്ങനെ കയ്യിൽക്കിട്ടിയ ക്ഷുദ്രപുസ്തകങ്ങൾ കൊണ്ടുവന്നുനിറച്ച വായനശാലയെ ശ്വാസംമുട്ടിച്ച കൊല്ലുന്നത് കഷ്ടമല്ലയോ? ശാസ്ത്രഗ്രന്ഥദാരിദ്ര്യമുണ്ടെങ്കിലും സാഹിത്യത്തിൽ ഒട്ടൊക്കെ സമ്പന്നതന്നെയല്ലേ നമ്മുടെ മാതൃഭാഷ? മേധ്യമല്ലാത്ത ആഹാരം ശരീരത്തെയെന്നപോലെ, സമീചീനമല്ലാത്ത പുസ്തകം ആത്മാവിനെ അനാരോഗ്യത്തിൽ പെടുത്തിക്കളയും. അതിനാൽ റിച്ചേഡ്സൻ പറഞ്ഞപോലെ ''മറ്റുള്ളവയിലെല്ലാം നല്ലതേതെന്നു തിരഞ്ഞുപിടിപ്പാൻ പഠിക്കുന്നതുപോലെതന്നെ പുസ്തകങ്ങളിലും നല്ലതേതെന്നു മനസ്സിലാക്കാൻ നാം പഠിക്കണം.''

മിൽട്ടൺ പുസ്തകങ്ങളെ (1) സ്വാദുനോക്കുകമാത്രം ചെയ്യേണ്ടവ. (2) വിഴുങ്ങുകതന്നെ ചെയ്യേണ്ടവ. (3) ചവച്ചു ചവച്ചിറക്കി ശരീരത്തിന്റെ ഒരംശമാക്കിത്തീർക്കേണ്ടവ എന്നിങ്ങനെ മൂന്നായി വിഭജിച്ചിരിക്കുന്നുപോൽ. ഇവയിൽ മൂന്നാമത്തേത് ഏതു രാജ്യത്തും, ഏതു ഭാഷയിലും രണ്ടോ നാലോ മാത്രമേ ഉണ്ടായിരിയ്ക്കൂ. എന്നാൽ ഇൻഡ്യയുടെ കയ്യിൽ കുറച്ചധികം കാണേണ്ടിയിരിക്കുന്നു: സാഹിത്യവിഷയത്തിൽത്തന്നെ രണ്ടു സനാതനഗ്രന്ഥം നമുക്കുണ്ടല്ലോ; മഹാഭാരതവും വാല്മീകിരാമായണവും. ഇവ രണ്ടും, പരേതനായ ടാഗോർ മഹാകവിയുടെ അഭിപ്രായത്തിൽ, ഭാരതവർഷത്തിന്റെ പ്രാണനാഡികളാകുന്നു.

രണ്ടുനാലു വാക്കുകൂടി പറഞ്ഞ് ഞാൻ വിരമിക്കട്ടെ. വായനക്കാരുടെ കൈവിരലുകൾ പുസ്തകങ്ങളിൽ, പുഷ്പങ്ങളിലെന്നപോലെ വേണം പെരുമാറുക. ഇവയ്ക്കു വാട്ടമോ കോട്ടമോ തട്ടിക്കരുത്. യുദ്ധത്തിനു പോയിവന്ന ഭടനെപ്പോലെ കീറലും, പോറലും, ചതവും ഒടിവും, പൊടിയും ചളിയും പറ്റിയ പുസ്തകം കണ്ടാൽ വ്യസനം മാത്രമല്ല വെറുപ്പുകൂടി തോന്നിപ്പോകും. പുസ്തകങ്ങൾ നമുക്കു ഹിതാഹിതങ്ങളെ ഉപദേശിച്ചുതരികയും നമ്മെ നർമ്മസുരതികളാക്കിക്കൊണ്ടു രസിപ്പിക്കുകയും ചെയ്യുന്ന ആത്മമിത്രങ്ങളല്ലയോ? അവയെ ഉപചരിക്കുന്നതിനുപകരം ഉപദ്രവിച്ചാലോ? മനുഷ്യൻ പുസ്തകം കരണ്ടുതിന്നണമെന്നല്ല മിൽട്ടന്റെ ആശയം. അത് മൂഷികാദികളുടെ സമ്പ്രദായമാണല്ലോ. ടാഗോറിന്റെ ഒരു കനത്ത കളിവാക്കുണ്ട്. ഇത്രവളരെ പുസ്തകങ്ങളിരിക്കേ മനുഷ്യൻ പട്ടിണി കിടക്കുന്നു

Digitized By Kerala Sahitya Akademi

വല്ലോ എന്ന് ചിതലുകൾ അത്ഭുതപ്പെട്ടുവോ? വെള്ളപ്പൊക്കിനെതിരായ വാഗ്ദേവീഗാത്രങ്ങളെ നാം ഒരിക്കലും കരിപിടിപ്പിച്ചുകൂടാ എന്നാണ് ഞാൻ പറയാൻ തുടങ്ങിയതിന്റെ ചുരുക്കം.

പ്രിയപ്പെട്ട പി. കെ. സ്മാരകപ്രവർത്തകന്മാരേ, നിങ്ങൾ ചുരുങ്ങിയ കാലംകൊണ്ട്, ഒരു മഹത്തരമായ പുസ്തകസഞ്ചയം ഇവിടെ സംഭരിച്ച് അതിനുതക്ക ഒരു കെട്ടിടവും തീർക്കുന്നു. ഇത്രയുംകൊണ്ടു തൃപ്തരാകാതെ വീണ്ടും അഭിവൃദ്ധിവരുത്തുന്നതിൽ ജാഗ്രൂകരായുമിരിക്കുന്നു. ഇതിൽ നിങ്ങളെ എത്ര അഭിനന്ദിച്ചാലും അധികമായിപ്പോകുന്നതല്ല. നിങ്ങളുടെ ഈ സരസ്വതീക്ഷേത്രത്തിന്റെ വാർഷികോത്സവം ഇവിടത്തെ കൃഷ്ണ സ്വാമിക്ഷേത്രത്തിൽ ആണ്ടുതോറുമുള്ള മഹോത്സവത്തോടൊപ്പം സചേതസ്സുകളെ സമാകർഷിച്ചുകൊണ്ട് പ്രമോദമായും പ്രയോജനകരമായും തടവുകൂടാതെ നടക്കുമാറാക്കട്ടെ!

യുവസ്നേഹിതന്മാരേ, ലോകം ശാന്തിക്കായി വാവിട്ടുനിലവിളിക്കുന്ന ദീനസ്വരങ്ങളാണ് ഇന്നത്തെ യുദ്ധനിർഘോഷങ്ങളിലൂടെ നാം കേൾക്കുന്നത്. ലോകത്തിന്റെ ചിരലബ്ധമായ വിജ്ഞാനവിഭ്രതിയും സംസ്കാരസമ്പത്തുമൊക്കെ തീക്ഷ്ണങ്ങളായ തീയുണ്ടകളാൽ ഭസ്മീകരിക്കപ്പെടുന്നു; വിമാനക്കൊടുംകാറ്റിനാൽ പറപ്പിച്ചുകളകയും ചെയ്യപ്പെടുന്നു. മനുഷ്യൻ മനുഷ്യനെ കീഴ്പ്പെടുത്തുക എന്ന നിഷ്ഠുരകർമ്മം നിലയ്ക്കുന്നതുവരെ ലോകത്തിനു സ്വാസ്ഥ്യമെവിടെ? പ്രസിദ്ധ സസ്യശാസ്ത്രജ്ഞനായിരുന്ന ജഗദീശചന്ദ്രബോസ് അഭിപ്രായപ്പെട്ടതിൻവണ്ണം "ഇൻഡ്യയുടെ സഹായം കൂടാതെ ലോകത്തിനുയരാൻ വഴിയില്ല." എത്ര പരമാർത്ഥം: ഉപനിഷത്തുക്കളുടെ ജനയിത്രിയായ ഭാരതഭൂമിയല്ലാതെ മറ്റാരുണ്ട്, ലോകത്തെ ശാന്തപദത്തിലെത്തിപ്പാൻ? അതിനാൽ ആ ദേവിയുടെ സന്താനങ്ങളായ നിങ്ങൾ അമ്മയുടെ ശാന്തിസന്ദേശത്തെ പ്രചരിപ്പാൻ കച്ചകെട്ടി പുറപ്പെടുവിൻ. സശ്രദ്ധമായ സൽഗ്രന്ഥപഠനംകൊണ്ടും വിശാലമായ വിചിന്തനംകൊണ്ടും ഹൃദയത്തെ വിമലവും പ്രബലവുമാക്കിത്തീർക്കുവിൻ: അസമത്വദുഃഖത്തിലും അസ്വതന്ത്ര്യയിലും അന്ധകാരത്തിലും ആണ്ടുകിടക്കുന്ന സഹോദരസഹസ്രങ്ങളെ പ്രത്യുദ്ധരിപ്പിക്കാൻ ശക്തിനേടുവിൻ. മേലിൽ ജീവരക്തത്തിന്റെ—ഹിംസയുടെ മുറുക്കിത്തുപ്പലിന്റെ— ഒരിറ്റുപോലും ഭ്രതധാത്രിയുടെ അവയവങ്ങളിലൊന്നിലും വീണുപോകാതിരിക്കത്തക്കവണ്ണം സൗഭ്രാത്രഗ്രഹണത്തെ സർവ്വത്ര വ്യാപരിപ്പിക്കുവിൻ. ഈ അപരിഹാര്യമായ കാര്യഭാരം അഭ്യസ്തവിദ്യരുടെ കട്ടിച്ചുമലുകളിലാണ് സ്ഥിതി ചെയ്യുന്നതെന്ന വാസ്തവം മറക്കാതിരിയ്ക്കുവിൻ! വിജയശ്രീ നിങ്ങളെ കടാക്ഷിയ്ക്കുട്ടെ!

എല്ലാവർക്കും ഒരിക്കൽകൂടി തൊഴുകൈ!

Digitized By Kerala Sahitya Akademi

കാലടിയുടെ സന്ദേശം*

ഇവിടെ എല്ലാ ഹിന്ദുക്കൾക്കും പ്രവേശനമുണ്ടായിരുന്ന ശ്രീ ശങ്കരാചാര്യക്ഷേത്രത്തിൽ ഈയിടെ അവർണ്ണർക്ക പ്രവേശനം നിഷേധിച്ചിരിക്കുന്നു. കാലടി ലോകപ്രസിദ്ധമായത് ആരുടെ അദ്വൈതമതപ്രചാരം നിമിത്തമാണോ ആ ശ്രീ ശങ്കരന്റെ നാട്ടിൽ അദ്ദേഹത്തിന്റെ ക്ഷേത്രത്തിൽ അവർണ്ണർക്ക പ്രവേശനമില്ലെന്നുവന്നാൽ അദ്ദേഹത്തിന്റെ ആത്മാവു പിടച്ചുപോകും....

ശങ്കരജയന്തി ആഘോഷിക്കൽ എല്ലാവരുടെയും കർത്തവ്യമാണ്. ആഗമാനന്ദസ്വാമികളുടെ ക്ഷണം എനിക്കൊരാജ്ഞയാണ്. അദ്ദേഹം എന്റെ ഗുരുഭ്രതനാണ്. ഈ കിഴവൻ അനതീതയൗവനനായ സ്വാമികളുടെ ശിഷ്യനായതെങ്ങനെ എന്നു നിങ്ങൾ ആശ്ചര്യപ്പെട്ടേയ്ക്കാം. അങ്ങനെയാണ് ഭാരതത്തിലെ സമ്പ്രദായം. 'പേരാൽച്ചുവട്ടിൽ വൃദ്ധരായ ശിഷ്യരും യുവാവായ ഗുരുവുമിരിക്കുന്നു. ഗുരു മൗനംകൊണ്ടു വ്യാഖ്യാനിച്ചു; ശിഷ്യരുടെ സംശയങ്ങൾ അറ്റു' എന്ന ഒരു സംസ്കൃതപദ്യമുണ്ട്. നാം ആരെ അനുസ്മരിക്കുവാൻ ഇവിടെ സമ്മേളിക്കുന്നുവോ, ആ ശങ്കരാചാര്യൻ 32–ാമത്തെ വയസ്സിൽ തന്റെ ഭൗതികദേഹം ഉപേക്ഷിച്ചു. അനവധി വൃദ്ധരായ ശിഷ്യർ ആ യുവാവിനുണ്ടായിരുന്നു. സ്വാമികൾ ഗുരുഭ്രതനാണെന്നു പറഞ്ഞത് അദ്ദേഹത്തിന്റെ പ്രവൃത്തികൾ നാം കണ്ടുപഠിക്കേണ്ടവയായതുകൊണ്ടാണ്. സർവ്വകലാശാലാവിജയപത്രം നേടിക്കഴിഞ്ഞ് അദ്ദേഹം അതുംകൊണ്ടു ഉദ്യോഗച്ചന്തയിൽ അലഞ്ഞു നടന്നില്ല. വിദ്യാഭ്യാസത്തിന്റെ പരമപ്രയോജനം രാജ്യസേവനമാണെന്നു അരിസ്റ്റോട്ടിൽ പറഞ്ഞിട്ടുണ്ട്. രാജ്യസേവനം നടത്തുന്ന പണ്ഡിതനായ ഈ സന്ന്യാസി നമ്മുടെ മാർഗദർശിയാണ്.

ആയിരത്തിലധികം കൊല്ലങ്ങൾക്കു മുമ്പാണ് ആചാര്യശങ്കരൻ അവതരിച്ചത്. ധർമ്മത്തിനു വാട്ടവും അധർമ്മത്തിനു നേട്ടവുമുണ്ടാകുമ്പോൾ യുഗംതോറും ഭഗവാൻ അവതരിക്കുമെന്നു പറഞ്ഞിട്ടുണ്ട്. ആ പ്രതിജ്ഞ നിറവേറ്റുവാനാണ് ശങ്കരൻ ജനിച്ചത്. സനാതനധർമ്മത്തിന്റെ വാട്ടം തീർത്തു അദ്ദേഹം അദ്വൈതമതം ഇന്ത്യയിലാകെ പ്രചരിപ്പിച്ചു. അന്ന് തീവണ്ടിയോ വിമാനമോ ഉണ്ടായിരുന്നില്ല. എന്നിട്ടും കാലടിയിൽനിന്നു കാശ്മീരംവരെ അദ്ദേഹം സഞ്ചരിച്ചു, ഇതരമതങ്ങളെ ഖണ്ഡിച്ചു. അനവധി ശിഷ്യരേയും സമ്പാദിച്ചു.

16–ാമത്തെ വയസ്സിലാണ് അദ്ദേഹം സന്ന്യസിച്ചത്. 16 വർഷം നിരന്തരം ധർമ്മപ്രചാരണത്തിനു പ്രയത്നിച്ചു. അദ്ദേഹത്തിന്റെ ദശോപനിഷത്ഭാഷ്യങ്ങൾതന്നെ 16 കൊല്ലംകൊണ്ടു എഴുതി മുഴുമിപ്പിക്കുക വയ്യ. എത്രയെത്ര സ്തോത്രങ്ങളും എത്രയെത്ര ഭാഷ്യങ്ങളും അദ്ദേഹം നിർമ്മിച്ചു!

---

* 1950 ഏപ്രിൽ 20–ാംനു- കാലടി അദ്വൈതാശ്രമത്തിലെ ശങ്കരജയന്തി ഉൽഘാടനത്തിൽ ചെയ്ത പ്രസംഗം.

Digitized By Kerala Sahitya Akademi

അസാധാരണമായ ഈ കർമ്മശക്തി, ഗീതയിൽ പറയുംപോലെ, ഭഗവദംശം കൂടതലുംകൊണ്ട അവതാരപുരുഷന്മാർക്കേ കാണൂ. ഇതൊക്കെ ചെയ്തിട്ടും കൃതഘ്നമായ ലോകം ശങ്കരനെ 1000 ആണ്ടുകളോളം മറന്നു കിടന്നു. ശങ്കരന്റെ മഹാസമാധിയ്ക്കുശേഷം രണ്ട നൂറാണ്ട കഴിഞ്ഞ്, അദ്ദേഹത്തിന്റെ ചരിതം മുൻനിർത്തി തെന്നിന്ത്യയിൽ രണ്ടുപേർ രണ്ട കാവ്യങ്ങൾ നിർമ്മിച്ചു. മാധവന്റെ ശങ്കരവിജയവും ചിദ്വിലാസയതിയുടെ ശ്രീശങ്കരവിലാസവുമാണിവ. ചിദ്വിലാസൻ ശങ്കരനെ കീർത്തിച്ചതുകൊണ്ടുമാത്രം മതിവന്നില്ല. അദ്ദേഹം കേരളത്തിലെ പ്രകൃതിയുടേയും മനുഷ്യരുടേയും സൗന്ദര്യത്തേയും, സ്ത്രീകളുടെ ചാരിത്രശുദ്ധിയേയും, വിസ്തരിച്ച വർണ്ണിച്ചിട്ടുണ്ട്.

എന്നാൽ, മലയാളികൾ ഇതുകൊണ്ടും ഉണർന്നില്ല. പ്രാചീന സാഹിത്യകാരന്മാരിൽ മേല്പത്തൂരൊഴികെ ആരും ശങ്കരനെ സ്മരിച്ചിട്ടില്ല. ഭ്രമരസന്ദേശമെന്ന കാവ്യം രചിച്ച വാസുദേവന്റെ സന്ദേശവാഹിയായ ഭ്രമരം തിരുവനന്തപുരത്തുനിന്ന വള്ളുവനാട് ഒരു നായർ വീട്ടിലേയ്ക്കാണ് പോകുന്നത്. തൃപ്പൂണിത്തുറയിൽ വന്ന വണ്ടിനു വടക്കോട്ട തിരിഞ്ഞ് 'കാലടി' കാണുവാൻ കവി നിർദ്ദേശം നല്കുന്നില്ല. നേരിട്ട് തിരുവഞ്ചിക്കുളം വഴിയ്ക്കാണ് വണ്ടിനെ അദ്ദേഹം അയയ്ക്കുന്നത്. വാസുദേവന് ആചാര്യപാദങ്ങളെ സ്മരിയ്ക്കണമെന്നു തോന്നിയില്ല. മലയാളികൾ ശങ്കരനെ സ്മരിയ്ക്കുവാൻ തുടങ്ങിയിട്ട് 40 കൊല്ലമേ ആയുള്ള. കവിയുടെ ഭാഷയിൽ പറഞ്ഞാൽ ആചാര്യൻ ഉപേക്ഷിച്ച ഭൗതികദേഹം ഭ്രഗർഭത്തിൽ അടക്കപ്പെട്ടതോടെ, അദ്ദേഹത്തിന്റെ സർവ്വവ്യാപിയായ മഹിമയും ഭ്രഗർഭത്തിലായി. മൈസൂരിൽ ശൃംഗേരിയിൽനിന്ന കൊണ്ടുവന്ന കൈക്കോട്ടുകൾ വേണ്ടിവന്നു അതു വീണ്ടും കിളച്ചെടുക്കാൻ! എത്ര ലജ്ജാവഹം!! അയ്യോ മലയാളമേ, നിന്റെ മാന്ദ്യം എന്നു നീങ്ങും? ഏതു കിഴികൊണ്ടു ഴിഞ്ഞാൽ നിന്റെ രക്തം ചൂടുപിടിയ്ക്കും?

ശൃംഗേരിമഠക്കാർ ഇവിടെ ഒരു ക്ഷേത്രവും ഒരു വൈദികപാഠശാലയും സ്ഥാപിച്ചു, പിന്നീട് മലയാളികളുടെ അടഞ്ഞ കണ്ണുകൾ കുറെശ്ശെ മിഴിഞ്ഞുതുടങ്ങി. 12 കൊല്ലം മുമ്പ് ഇവിടെ ഒരു രാമകൃഷ്ണാശ്രമം സ്ഥാപിച്ചു. ആശ്രമത്തിലെ മംഗളശംഖനാദം മലയാളികൾ ഇനിയും കേട്ടില്ലെങ്കിൽ അവർ എന്റെ കൂട്ടുകാരാണ്: പെകിടന്മാരാണ്.

ശ്രീരാമകൃഷ്ണപരമഹംസന്റെ പല ചിത്രങ്ങളും ഇവിടെയുണ്ട്. അദ്ദേഹത്തിന്റേതുപോലെ ശാന്തികരുണങ്ങൾ വഴിയുന്ന നേത്രങ്ങൾ സ്രഷ്ടാവ് ഇതുവരെ വേറെ സൃഷ്ടിച്ചിട്ടില്ല. നവീനവിദ്യാസമ്പന്നനും, നാസ്തികനെന്ന പ്രസിദ്ധനുമായിരുന്ന വിവേകാനന്ദൻ അദ്ദേഹത്തെ കണ്ട ഉടനെ തനിയ്ക്ക് ഈശ്വരനെ കാണിച്ചുതരാമോ എന്നു ചോദിച്ചു. പരമഹംസൻ പറഞ്ഞു:—"കുട്ടി, നിനക്കു ഞാൻ ഈശ്വരനെ കാണിച്ചുതരാം." അദ്ദേഹം കാട്ടിക്കൊടുത്തു. വിവേകാനന്ദൻ മോഹാലസ്യപ്പെട്ടു. പരമഹംസന്റെ ഈ ധൈര്യം ശ്രീകൃഷ്ണനുതന്നെ ഉണ്ടായിട്ടില്ല. ശ്രീരാമകൃഷ്ണൻ ശാരദയുടെ ഭർത്താവാണ്, നിത്യബ്രഹ്മചാരിയുമാണ്. അനക്ഷരജ്ഞനാണ്, ആത്മതത്വവേദിയുമാണ്. അങ്ങനെ വേറെ ഒരാളില്ല. അദ്ദേഹത്തിന്റെ പേരിൽ നിലക്കൊള്ളുന്ന ഒരു സ്ഥാപനമുള്ള പ്രദേശം നികൃഷ്ടമെങ്കിലും ഉൽകൃഷ്ടമാണ്. രാമകൃഷ്ണമിഷ്യൻ സ്ഥാപിച്ചത് പരമഹംസന്റെ പ്രധാന ശിഷ്യനായ ശ്രീ. വിവേകാനന്ദനാണ്. തികച്ചും ഉ

Digitized By Kerala Sahitya Akademi

ക്കരുത്തുള്ള ബ്രഹ്മചാരികളം ഇന്ത്യയ്ക്കാവശ്യമാണെന്ന് അദ്ദേഹം കണ്ടു. പാരതന്ത്ര്യമുക്കുഴിയിൽനിന്ന് ഭാരതഭൂമിയെ ഉദ്ധരിക്കാൻ, കരുത്തുള്ള ആളുകളംതന്നെ വേണം. "ബ്രഹ്മചര്യേ വീര്യലാഭം" എന്ന് പതഞ്ജലി പറഞ്ഞിട്ടുണ്ട്. വിവേകാനന്ദന്റെ ദീർഘദർശനം ശരിയായി: മഹാത്മാ ഗാന്ധിയുടെ തപോവീര്യത്താൽ നാം സ്വതന്ത്രരായി. ഗാന്ധിജി ഗൃഹസ്ഥനെങ്കിലും മുപ്പതു വർഷങ്ങളായി ബ്രഹ്മചാരിയായി ജീവിച്ചുവന്നു.

ക്ഷാമമോ പകച്ചുവ്യാധിയോ വെള്ളപ്പൊക്കമോ ഉള്ളിടത്തെല്ലാം കാവിവസ്ത്രക്കാരെ കാണാം. ഇവരുടെ കാവിവസ്ത്രം കപടച്ചായത്തിൽ മുക്കിയതല്ല. ആപദ്രക്ഷണമാണ് അവരുടെ ദിനചര്യ. സന്ന്യാസിമാർ ഒരു മുക്കിൽ ജപിച്ചും ധ്യാനിച്ചും ഇരിയ്ക്കണമെന്നല്ല സനാതനധർമ്മനിയമം. സന്ന്യാസനിയമത്തെ ചുരുക്കം അക്ഷരങ്ങളിൽ ഇങ്ങനെ നിവ്വചിച്ചിട്ടുണ്ട്. "ജഗതാം ഹിതായോത്മനോ മോക്ഷായ ച സന്ന്യാസഃ" ലോകത്തിനുവേണ്ടി പ്രവർത്തിയ്ക്കുന്നവനാണ് സന്ന്യാസി. രാമകൃഷ്ണമിഷൻ ചെയ്യുന്നതതാണ്. അത്തരമൊരാശ്രമം ശങ്കരാവതാരംകൊണ്ടു പരിശുദ്ധമായ ഒരു സ്ഥലത്താവുമ്പോൾ അതിനു മാറ്റുകൂട്ടുന്നു.

കൈപ്പിള്ളി ഇല്ലത്തെ ഓമനക്കുട്ടി ഇളംതുക്കാലടിവെച്ചു നടന്നതിനാലാവാം ഈ സ്ഥലത്തിനു 'കാലടി' എന്നുപേർ വന്നത്. കൈപ്പള്ളിക്കാർ അന്നു സമ്പന്നരായിരുന്നു. ഇന്നും ദരിദ്രരല്ല. ശുദ്ധോദനനു ബുദ്ധൻപോലെ ഏകപുത്രനായിരുന്ന ശങ്കരൻ. അച്ഛൻനമ്പൂതിരി മകനെ വിദ്യാഭ്യാസംചെയ്യിച്ച് കുലീനയും അനുരൂപയുമായ ഒരു കന്യകയെ വേളികഴിപ്പിച്ച്സുഖിച്ചിരുത്താനാഗ്രഹിച്ചു. പക്ഷേ, സമ്പൽക്കുമ്പാരത്തിൽ പ്രിയതമയോടൊപ്പം രസിച്ചിരിയ്ക്കുവാൻ ശങ്കരൻ ശ്രമിച്ചില്ല. അദ്ദേഹം സമ്പത്തുപേക്ഷിച്ചു. ചൂർണ്ണീനദിയിൽ നീന്തിയപ്പോഴും അദ്ദേഹത്തെ മുതല കടിച്ചുവത്രെ. കരയിൽ അമ്പരന്നുനിന്ന അമ്മയോട്, തന്നെ സന്ന്യസിയ്ക്കാനനുവദിച്ചാൽ മരണത്തിൽനിന്നു താൻ രക്ഷപ്പെട്ടുമെന്നു മകൻ പറഞ്ഞു. അമ്മ അനുവദിച്ചു. ഇതിന്റെ സൂചന താഴെ പറയുംവിധമാവാം.

ദുഃഖമയമായ സംസാരം ഒരു മുതലയുടെ രൂപമെടുത്ത് സ്വാമികളെ ഗ്രസിച്ചുനോക്കി. പക്ഷേ, കിട്ടിയില്ല. സ്വാമികളുടെ മുതലയിൽനിന്നുള്ള മോചനം സംസാരമോചനത്തെ സൂചിപ്പിയ്ക്കുന്നതാണ്. ശങ്കരതുല്യപ്രഭാവനായ മറൊരു നമ്പൂതിരി "ചൂണ്ണീമാഹോദയപുരവധൂരോജചൂണ്ണീകൃതോമ്മിഃ" എന്നു പെരിയാറിനെ ശൃംഗാരത്തിൽ വർണ്ണിച്ചിട്ടുണ്ട്. ശുകസന്ദേശകർത്താവായ ലക്ഷ്മീദാസനെന്ന നമ്പൂതിരിയാണിത്. പില്ലാലത്ത് സ്വന്തം സമുദായത്തിൽ ഇപ്രകാരമൊരു വിരക്തൻ പിറക്കുമെന്ന് ആ ശൃംഗാരി കരുതിയിരിക്കയില്ല. പക്ഷേ, അതുണ്ടായി. ആ അസാധാരണമഹാപുരുഷനെ സ്മരിക്കുവാനും, അദ്ദേഹത്തിന്റെ തൃപ്പാദങ്ങളം ഹൃദയപുഷ്പങ്ങളംകൊണ്ട് പൂജിക്കാനുമാണ് നാം ഇവിടെ കൂടിയിരിക്കുന്നത്.

പക്ഷേ, പൂജിച്ചുതുകൊണ്ടു മാത്രമായില്ല. ശങ്കരന്റെ ജന്മോദ്ദേശം, രണ്ടെന്ന ഭാവന ലോകത്തിൽ ഇല്ലാതാക്കുകയാണ്. 'ഞാനും നീയും' ഉണ്ടാവരുത്. ഒന്നുകിൽ ഞാൻ, അല്ലെങ്കിൽ നീ, മാത്രം മതി. ഈ ഉദ്ദേശം നടപ്പിലാക്കിയാലേ നാം ശങ്കരന്റെ നാട്ടുകാരാവൂ. ഇവിടെ എല്ലാ ഹിന്ദുക്കളും പ്രവേശിച്ചിരുന്ന ശങ്കരാചാര്യക്ഷേത്രത്തിൽ ഈയിടെ

Digitized By Kerala Sahitya Akademi

അവർണ്ണർക്ക് പ്രവേശനം നിഷേധിച്ചിരിക്കുന്നു. കാലടി ലോകപ്രസിദ്ധമായത് ആരുടെ അദ്വൈതമതപ്രചാരം നിമിത്തമോ, അദ്ദേഹത്തിന്റെ നാട്ടിൽ, അദ്ദേഹത്തിന്റെ ക്ഷേത്രത്തിൽ അവർണ്ണർക്ക് പ്രവേശനം ഇല്ലെന്നു വന്നാൽ അദ്ദേഹത്തിന്റെ ആത്മാവ് പിടച്ചുപോവും. കേരളത്തിൽ അയിത്തമുണ്ടായിട്ട് ആയിരം കൊല്ലത്തോളമേ ആയിട്ടുള്ളൂ എന്നതിന്നു ചരിത്രരേഖകളുണ്ട്. ശങ്കരൻ ജനിച്ച കാലത്തിന്നടുത്താണിവിടെ അയിത്തം നടപ്പിൽ വന്നത്. ഈ കേരളീയാചാരം അനുസരിച്ചു ശങ്കരൻ കാശിയിൽവെച്ചു ഒരു ചണ്ഡാലനോട് മാറിനില്ലാൻ പറഞ്ഞു. പക്ഷേ, ആ ചണ്ഡാലന്റെ യുക്തിപൂർവ്വമായ പ്രത്യുത്തരം കേട്ട അദ്ദേഹത്തെ സ്വന്തം ഗുരുവായി സ്വീകരിക്കുകയും ചെയ്തു. "ചണ്ഡാലോസ്തു സ തു ദ്വിജോസ്തു ഗുരുരിത്യേഷാ മനീഷാ മമ" എന്നവസാനിക്കുന്ന അഞ്ചു പദ്യങ്ങൾ അന്ന് അദ്ദേഹമുണ്ടാക്കി. "അങ്ങ് എന്റെ ഗുരുവാണ്, എന്റെ കണ്ണു തുറപ്പിച്ച വനാണ്" എന്നു ശങ്കരൻ ചണ്ഡാലനെ വണങ്ങി. ആ ശങ്കരന്റെ ജനനത്താൽ പവിത്രവും പ്രസിദ്ധവുമായ കാലടിയിൽ, അദ്ദേഹത്തിന്റെ ക്ഷേത്രത്തിൽ, ഹിന്ദുക്കളിൽ ഒരു വിഭാഗം കടക്കരുതെന്ന കല്പനയുടെ പൊരുത്തക്കേട് പാതാളംപോലെ അഗാധമാണ്.

"മതം അപകടത്തിൽ" എന്ന് ഈയിടെയായി ചിലർ മുറവിളി കൂട്ടുന്നുണ്ട്. രാഷ്ട്രീയബോധമുണ്ടാക്കാനായി മതസ്പർദ്ധ ജനിപ്പിക്കുന്നവർ ദേശദ്രോഹികളാണ്. മതമല്ല, സ്വകാര്യതാല്പര്യങ്ങളാണ് അപകടത്തിലായിട്ടുള്ളത്. ആയിരം കൊല്ലത്തെ അടിമത്തത്തിനുശേഷവും സനാതനധർമ്മം ഹിമാലയംപോലെ അക്ഷോഭ്യമായി നിലകൊള്ളുകയാണ്. "മതം അപകടത്തിൽ," എന്ന മുദ്രാവാക്യം മുഴക്കുന്നവരുടെ ഉദ്ദേശം രാജ്യകാര്യങ്ങളിൽ മുൻകൈ നേടലാണ്. ഇവിടെ ഒരു സർവ്വമതസമ്മേളനം നടക്കുവാൻ പോകുന്നുണ്ട്. വാസ്തവത്തിൽ 'സർവ്വമതം' ഇല്ല. ഏക മതമേ ഉള്ളൂ. എല്ലാ മതവും ഒന്നാണ്. ആചാരങ്ങൾക്കു വ്യത്യാസമുള്ളൂ. അതു വകവെയ്ക്കുണ്ട്. ഈശ്വരൻ എന്റെ മാതിരിയല്ല. എന്തു പേരിൽ വിളിച്ചാലും അദ്ദേഹം കേൾക്കും. "എവിടേയ്ക്കു തിരിഞ്ഞാലും അല്ലാഹിന്റെ മുഖമാണ് നാം കാണുന്നത്" എന്ന് ഖുർ ആനിൽ പറയുന്നു. ശ്വേതാശ്വോപനിഷത്തിലും ഇതേ അർത്ഥത്തിൽ ഒരു വാക്യമുണ്ട്. ഈശ്വരനെ സർവ്വതോമുഖൻ എന്നു പറയുന്നതുതന്നെ അതിനാലാണ്. "സാമ്രാജ്യം ഭൂമിയിൽ വരേണമേ" എന്ന ക്രൈസ്തവപ്രാർത്ഥനയുണ്ടാകുന്നതിനുമുമ്പ് "ലോകാസ്സമസ്താഃ സുഖിനോ ഭവന്തു' എന്ന വാക്യത്തിൽ അതേ പ്രാർത്ഥന ഭാരതീയർ ചെയ്തുവന്നു. മതം ഒന്നേ ഉള്ളൂ. അത് അപകടത്തിലല്ല. നമ്മൾ അപകടത്തിലാവാതിരുന്നാൽ മതി. ഒരു ഹിന്ദുക്ഷേത്രത്തിൽ മുസൽമാനും ക്രിസ്ത്യാനിക്കും കടക്കാമെന്നാണ് രാമകൃഷ്ണമിഷ്യൻ പറയുന്നത്. എന്റെ കമ്പംകൊണ്ട് കൃഷ്ണഭിത്തലയിൽ കഥകളിപ്പെട്ടിച്ചുമന്ന് ഞാൻ കല്ക്കത്തയിൽ രണ്ടുമൂന്നുതവണ പോയി. ഒരിക്കൽ വഴിസ്സ് മദിരാശിയിൽ വണ്ടിയിറങ്ങിയപ്പോൾ സ്റ്റേഷന്റെ മുകളിൽനിന്ന് ഒരു പാശ്ചാത്യവൃദ്ധ ഇറങ്ങിവന്ന് എന്റെ കൈപിടിച്ചു. എനിക്കാണെങ്കിൽ ഇംഗ്ലീഷറിഞ്ഞുകൂടാ. ഞാൻ പരിഭ്രമിച്ചു. അവർ കലാമണ്ഡലത്തിൽ വരാൻ പുറപ്പെട്ടതാണ്. ഞാൻ മദിരാശിയിൽ വരുന്നുണ്ടെന്നു കേട്ടു കാണാൻ വന്നതാണ്. പിന്നീടു ഞാനവരെ കണ്ടതു ബേല്ലൂർ മഠത്തിലാണ്. ബേലൂർ ശ്രീരാമകൃഷ്ണക്ഷേത്രത്തിൽവെച്ച് ഒരു കഥകളി സൗജന്യമായി നടത്തണമെന്ന് അവരെഴുതി. ഞാൻ കൃതാർത്ഥനായി. കളി

Digitized By Kerala Sahitya Akademi

യോഗത്തോടെ നേരത്തെ ചെന്ന് ഞാൻ അവരോട് സംസാരിച്ചിരുന്നു. സന്ന്യാസിമാർ എനിക്കു തന്ന "രസഗ്രള"യേക്കാൾ മധുരമായിരുന്നു അവരുടെ സ്വീകരണം. ആ മദാമ്മ ആയിരം പൂർണ്ണചന്ദ്രന്മാരെ കണ്ടിരിക്കും. തന്റെ സ്വത്തു മുഴുവൻ രാമകൃഷ്ണമിഷ്യന്നു നൽകിയ ഒരമേരിക്കക്കാരിയാണ് അവർ. വിവേകാനന്ദൻ അമേരിക്കയിൽ പര്യടനംനടത്തുമ്പോൾ ഒരു ദിവസം പട്ടിണിയായി വഴിവക്കിൽ ഒരു മരച്ചുവട്ടിലിരിക്കുകയായിരുന്നു. എതിർവശത്തുള്ള ഒരു മാളികയിൽനിന്ന് ഒരു ചെറുപ്പക്കാരി ഇറങ്ങിവന്ന് അദ്ദേഹത്തെ തന്റെ വീട്ടിലേയ്ക്കു ക്ഷണിച്ചു. ആ യുവതി ഈ വൃദ്ധതന്നെയായിരുന്നു. ഇതുപോലെ തന്റെ സ്വത്തു മുഴുവൻ മിഷ്യന്നു നൽകിയ ഒരു ഫ്രഞ്ചുകാരിയേയും ഞാൻ ബേലൂരിൽ കണ്ടു. ഇങ്ങനെ പാശ്ചാത്യരുടെ ബഹുമാനം ആജ്ഞിച്ചിട്ടുള്ള ഒരു സ്ഥാപനമാണ് രാമകൃഷ്ണമിഷ്യൻ.

മിഷ്യൻ സ്ഥാപിച്ചതിന്റെ മുഖ്യോദ്ദേശങ്ങളിലൊന്നു വേദപ്രചാരണവും വൈദികവിധ്യനുഷ്ഠാനങ്ങളുടെ പ്രചാരവുമാകുന്നു. ജാതിവ്യത്യാസമോ മതഭേദമോ ഇല്ലാതെ എല്ലാവർക്കും വേദാഭ്യാസത്തിനു സൗകര്യമുണ്ടാക്കണം. ശൃംഗേരിമഠംവകയായി ഇവിടെ നടത്തിവരുന്ന വൈദികപാഠശാല, പഠിയ്ക്കാനും പഠിപ്പിയ്ക്കാനും ആളുകളില്ലാതെ ഇന്നു മുടങ്ങിക്കിടക്കുകയാണ്. ഇങ്ങനെയായാൽ നാം ഭാരതീയർ അല്ലാതാവും. നാലയ്യായിരം കൊല്ലമെങ്കിലും പഴക്കമുള്ള ഋഗ്വേദമാണ് ഭാരതീയരുടെ അടിസ്ഥാനഗ്രന്ഥം. പുതിയ പല കണ്ടുപിടുത്തങ്ങളുടേയും വിത്തുകൾ അതിലുണ്ട്. ചുരുങ്ങിയത് 2000 കൊല്ലമെങ്കിലും മുമ്പ് എഴുതിയ രാമായണത്തിൽ വാല്മീകിയെത്തുടർന്നു ഭാരതീയർ അന്നേ ശ്രമിച്ചിരുന്നുവെങ്കിൽ വിമാനനിർമ്മാണത്തിൽ പാശ്ചാത്യരാകുമായിരുന്നില്ല, മുന്നോടികൾ.

എന്നെപ്പോലുള്ള കവിതാഭ്രാന്തന്മാർക്ക് രസിയ്ക്കാനുള്ള പല ഭാഗങ്ങളും ഋഗ്വേദത്തിലുണ്ട്. ഋഗ്വേദപ്രചാരം നമ്മുടെ ദേശീയാഭിമാനത്തെത്തന്നെ ഉത്തേജിപ്പിയ്ക്കും. പക്ഷേ, അതിലെ ഭാഷ പഴയ സംസ്കൃതമാണ്. അതറിയുന്നവരായി ഇന്നു വിരലിൽ എണ്ണാവുന്നവരേ കേരളത്തിലുള്ളൂ. അർത്ഥം തെറ്റിദ്ധരിച്ചവരാണധികം. ഋഗ്വേദത്തിൽ ഇന്ദ്രാണീസൂക്തം എന്നു ചില ഋക്കുകളുണ്ട്, അനേകം പത്നിമാരുള്ള ഒരു പുരുഷനെ വശീകരിയ്ക്കുവാനുള്ള മന്ത്രമാണിത്. ഈ മന്ത്രം ജപിച്ചു പറിച്ചു മരുന്നു ഭർത്താവിന്റെ തലയിണച്ചുവട്ടിൽ വെച്ചാൽ ഭർത്താവ് സപത്നികളിൽ വിരക്തനാകും.

പക്ഷേ നമ്മുടെ നമ്പൂതിരിമാർ ഈ മന്ത്രം ഉപയോഗിയ്ക്കുന്നത് ദുർഗ്ഗാപൂജയ്ക്കാണ്. അർത്ഥമറിയാതിരിയ്ക്കുന്നതിന്ന് ഇതിലും വലിയ ദൃഷ്ടാന്തം വേണമോ? കാശ്മീരത്തിലെ പട്ടകൾ കഴുതപ്പുറത്തു കെട്ടിവെച്ചതുപോലെയാണ് അർത്ഥം അറിയാതെയുള്ള വേദാഭ്യാസം. വേദം പഠിയ്ക്കാനാഗ്രഹിയ്ക്കുന്നവർക്ക് എളുപ്പത്തിൽ മനസ്സിലാകാനായി ബൈബിളിന്റെ ഇംഗ്ലീഷ് തർജ്ജമയിലേതുപോലെ ലളിതസുന്ദരമായ ഭാഷയിൽ ഋഗ്വേദം തർജ്ജമ ചെയ്യണം. ഇക്കാര്യത്തിൽ ഈ ആശ്രമം ശ്രമിക്കണം. സഹായത്തിനു തക്ക ഒരാളുണ്ടെങ്കിൽ ഞാൻതന്നെ ഈ ജോലി ഏറ്റെടുക്കാം. അങ്ങനെ വിവേകാനന്ദന്റെ ആഗ്രഹം സഫലമാക്കാം. മഹത്തായ ഋഗ്വേദമിരിയ്ക്കുമ്പോൾ മറ്റു ഗ്രന്ഥങ്ങളല്ല നാം പഠിയ്ക്കേണ്ടതു്.

Digitized By Kerala Sahitya Akademi

ജാതിമതവ്യവസ്ഥകൾ തീരെ തള്ളിക്കളഞ്ഞ വൈഷ്ണവാചാര്യനാണ് രാമാനന്ദൻ. ഇദ്ദേഹത്തിന്റെ 12 ശിഷ്യന്മാരിൽ മുഖ്യനായിരുന്ന കബീർ. രാമാനന്ദൻ മതതത്വങ്ങൾ നാട്ടുഭാഷകളിൽക്കൂടി പഠിപ്പിക്കണമെന്നു വാദിച്ചു. ബുദ്ധൻ അന്നത്തെ നാട്ടുഭാഷയായ പാലിയിലൂടെയാണ് മത പ്രചാരം ചെയ്തത്. നാട്ടുഭാഷകളോടൊപ്പം സംസ്കൃതഭാഷയേയും ഇന്നു പഠിയ്ക്കേണ്ടതാവശ്യമാണ്. ആരാധനീയവും ലോഭനീയവുമായ ഈ ഉത്സവത്തിന്റെ കനകകവാടത്തെ എന്റെ വിറയ്ക്കുന്ന കിഴവൻകൈകൊണ്ട് തുറക്കേണമെന്നാണ് സ്വാമികളുടെ അഭിപ്രായമെങ്കിൽ, ആ നിർദ്ദേശം ശിരസാവഹിച്ച് ഇതാ ഉൽഘാടനം നിവ്വഹിയ്ക്കുന്നു. നമസ്കാരം!

Digitized By Kerala Sahitya Akademi

കർമ്മബോധം വളരണം*

നൂൽനൂല്പും കൃഷിയും രാഷ്ട്രത്തിന്റെ രണ്ട് ശ്വാസകോശങ്ങളാണെന്ന ലോകവന്ദ്യനായ മഹാത്മജി നമ്മെ ഉപദേശിച്ചിരിയ്ക്കുന്നു. അദ്ദേഹത്തിന്റെ ഉപദേശം നാം അംഗീകരിച്ചുനഷ്ടിയ്ക്കുണം.

ലോകം കാളവണ്ടിയിലോ പോത്തുവണ്ടിയിലോ അല്ല വിമാനത്തിലാണ് സഞ്ചരിക്കുന്നത്. കാലത്തിനനുസരിച്ച നമ്മുടെ ഗതി മാറേണ്ടതാണ്. വ്യാസമഹർഷി പ്രവചിച്ചമാതിരി നമ്മുടെ ഭാരതത്തെ കർമ്മഭൂമിയാക്കി മാറണം. അതിനു ജനങ്ങളിൽ കർമ്മൌത്സുക്യം വളർന്നുവരേണ്ടിയിരിയ്ക്കുന്നു.

സമ്പൽസമൃദ്ധിയുണ്ടായാൽ മാത്രമേ, നമുക്കു ലോകത്തിന്റെ മുമ്പിൽ തലയുയർത്തി നിൽക്കാൻ കഴിയൂ. അതിന് നമ്മുടെ ഇന്നത്തെ നിലയ്ക്ക് സാരമായ ഒരു പരിവർത്തനം വന്നേ പറൂ. തൽക്കാലം വായനശാലകളോ കലാസമിതികളോ അല്ല പ്രധാന കാര്യം. വിശപ്പാണ്; അതിനാണ് അടിയന്തരപരിഹാരം കാണേണ്ടത്. വിശപ്പാണ് എല്ലാറ്റിന്റേയും അടിത്തട്ടിൽ കിടക്കുന്ന പ്രശ്നം.

റഷ്യയുടെ കൊടിയിൽ കാണുന്ന അരിവാൾ നല്ല സംസ്കാരത്തെ കൊയ്തെടുക്കുവാനും ചുറ്റിക അസമത്വത്തെ അടിച്ചമർക്കാനുമുള്ളതാണ്. നമ്മുടെ പത്രങ്ങൾ റഷ്യയെപ്പറ്റി അനാസ്പദമായ ദൂഷണങ്ങൾ പ്രചരിപ്പിക്കുന്നത് ഖേദകരം തന്നെ.

റഷ്യക്കാരിൽനിന്നു നമുക്കു പലതും പഠിക്കാനുണ്ട്. ഭരണപരിവർത്തനത്തിനുശേഷം 12 കൊല്ലം കഴിഞ്ഞാണ് അവർ സ്വയംസമ്പൂർണ്ണ സ്ഥിതിയിലെത്തിയത്. ആ പന്ത്രണ്ടു കൊല്ലക്കാലത്തിനിടയ് അവർ ഉണ്ണാനും ഉടുക്കാനുമില്ലാതെ നന്നെ പരവശരായി. ഇന്നവർ ക്ലേശത്തിൽനിന്നെല്ലാം രക്ഷപ്പെട്ട സ്വയം സമ്പൂർണ്ണതയിലെത്തിച്ചേർന്നിരിക്കുന്നു.

സോഷ്യലിസ്റ്റുകൾ അധികാരത്തിൽ വന്നാൽ 7 ദിവസംകൊണ്ട് 35 കോടി ജനങ്ങളുള്ള രാജ്യത്തെ പുരോഗതിയിലേയ്ക്കും സ്വയംപര്യാപ്തതയിലേയ്ക്കും എത്തിക്കുമെന്നു പറയുന്നുണ്ട്. ഇതു സാധ്യമല്ല. ഒരു പുതുയുഗം സൃഷ്ടിക്കാനും പുരോഗതി പ്രാപിക്കാനും റഷ്യക്കുപോലും പന്തിരണ്ടു കൊല്ലം വേണ്ടിവന്നുവെന്നോർക്കുമ്പോൾ സോഷ്യലിസ്റ്റുകളുടെ ഈ അഭിപ്രായത്തിന്റെ അസാധ്യത നമുക്കു മനസ്സിലാക്കാൻ കഴിയും.

കഴിഞ്ഞ തിരഞ്ഞെടുപ്പിൽ തോല്പിയ്ക്കേണ്ടവർ ജയിക്കുകയും ജയിക്കേണ്ടവർ തോല്ക്കുകയുമാണുണ്ടായത്. ഇതിനു കാരണം ജനങ്ങൾക്കു വിദ്യാഭ്യാസമില്ലാത്തതാണ്.

ലോകത്തിലെ മഹാന്മാരിൽ ഒരാളാണ് സ്റ്റാലിനെന്നു എനിക്കു ബോധ്യപ്പെട്ടിട്ടുണ്ട്. അജ്ഞതയുടേയും അനക്ഷരതയുടേയും ദുർഗ്ഗമമായ

---

* 1952 മാർച്ച് 16-ാംനു- ദേശപോഷിണി വായനശാലാവാർഷികത്തിൽ അധ്യക്ഷതവഹിച്ചുകൊണ്ട് ചെയ്ത പ്രസംഗം.

Digitized By Kerala Sahitya Akademi

വൻകൊടുംകാട്ടിൽ നട്ടംതിരിയുന്ന റഷ്യക്കാക്ക് ഒരു പുതിയ മാസ്റ്റർകീയിലൂടെ സഞ്ചരിക്കാൻ തക്കവണ്ണം അസാധാരണപ്രഭാവമുള്ള ഒരു ചെറിപ്പ് ഈ അസാമാന്യനായ തോൽക്കൊല്ലൻ കണ്ടുപിടിച്ചിരുന്നില്ലെങ്കിൽ, ആ പാവപ്പെട്ട റഷ്യക്കാരുടെ സ്ഥിതി എന്താകുമായിരുന്നു?

ഇന്ത്യയിൽ കേരളത്തിലാണ് അധികം വായനശാലകളുള്ളതെന്ന് കേട്ടിട്ടുണ്ട്. വായനശാലകളുടെ എണ്ണത്തിനനുസരിച്ച് വായനക്കാർ വർദ്ധിച്ചിട്ടുണ്ടോ? സംസ്കാരം വളർന്നിട്ടുണ്ടോ? വായനശാലകളെ ജനങ്ങൾ ഹൃദയംഗമമായി സ്വീകരിച്ചിട്ടുണ്ടോ? ഈവക കാര്യങ്ങളാലോചിച്ചാൽ, നമുക്കു കിട്ടുന്ന മറുപടി ആശാവഹമായിരിക്കില്ല. നമ്മുടെ വായനശാലകളുടേയും ഗ്രന്ഥശാലകളുടേയും ഇന്നത്തെ സ്ഥിതി അത്യന്തം ശോചനീയമാണ്. നാനാതരം വിഷമതകളോടു മല്ലിട്ട് ഈ ദേശപോഷിണി വായനശാലയെ ഈ നിലയിലെത്തിച്ചത് അഭിനന്ദനീയമാണ്. ദ്വീപാന്തരങ്ങളിൽ വായനശാലകൾക്കുള്ള അഭിവൃദ്ധി അത്ഭുതാവഹമാണ്. ഇംഗ്ലണ്ടിലും റഷ്യയിലും വെച്ച് എനിക്കു ചില അനുഭവങ്ങളുണ്ടായി. അവിടങ്ങളിലെ വായനശാലകൾ ഹിമാലയങ്ങളാണെങ്കിൽ, ഇവിടെയുള്ളവ മൊട്ടക്കുന്നുകളാണ്; അവിടെയുള്ളവ മഹാസമുദ്രങ്ങളാണെങ്കിൽ, ഇവിടെയുള്ളവ കൈത്തോടുകളാണ്. .ലണ്ടനിലെ മ്യൂസിയം ലൈബ്രറി ഞാൻ സന്ദർശിക്കുകയുണ്ടായി. മ്യൂസിയം ലൈബ്രറിയിൽ കയറിച്ചെന്നപ്പോൾ എനിക്കുണ്ടായ വികാരവായ്പ് പ്രകടിപ്പിക്കുവാൻ വാക്കുകളില്ല. ലോകത്തിലെ എല്ലാ ഭാഷകളിലുമുള്ള പുസ്തകങ്ങൾ അവിടെ ശേഖരിക്കുന്നുണ്ട്. 33 ലക്ഷം പുസ്തകങ്ങളാണ് അവിടെയുള്ളത്. മലയാളപുസ്തകങ്ങൾ നന്നെ കുറവാണ്.

മോസ്കോവിലെ ലെനിൻ ലൈബ്രറി സന്ദർശിക്കാനും എനിക്ക് ഇയ്യിടെ ഭാഗ്യം സിദ്ധിച്ചു. മ്യൂസിയം ലൈബ്രറിയേക്കാളും വലുതാണ് ലെനിൻ ലൈബ്രറി. പ്രതിമാസം 1000 പുസ്തകങ്ങൾ വീതമാണ് അവർ ശേഖരിക്കുന്നത്. ഇതരഭാഷകളിലുള്ള പുസ്തകങ്ങൾ അവർ റഷ്യൻഭാഷകളിലേയ്ക്കു തർജ്ജമ ചെയ്യുന്നുണ്ട്. ഇന്നത്തെ ഇന്ത്യൻഭാഷകളിലുള്ള പുസ്തകങ്ങൾ അവിടെയില്ല. സംസ്കൃതത്തിലുള്ളവയുണ്ട്. വിപ്ലവത്തിനു മുമ്പ് 12000 ഗ്രന്ഥശാലകളും 20 ലക്ഷം പുസ്തകങ്ങളും മാത്രമാണ് റഷ്യയിലുണ്ടായിരുന്നത്. ഭരണപരിവർത്തനത്തിനുശേഷം രണ്ടര ലക്ഷം വായനശാലകളും 50 കോടി പുസ്തകങ്ങളുമായി അത് അദ്ഭുതപൂർവ്വമായി വളർന്നു. ഇന്ത്യൻ പുസ്തകങ്ങൾ കിട്ടാൻ അവർ ശ്രമം നടത്തുന്നുണ്ട്. മഹാഭാരതം റഷ്യയിൽ തർജ്ജമ ചെയ്തുകഴിഞ്ഞു. ജർമ്മൻകാർ തുരുതുരെ ബോമ്പ് വർഷിക്കുന്നതിനിടയിലാണ് ആ മഹാപ്രയത്നം അവർ നിറവേറ്റിയത്. എന്റെ റഷ്യൻ സന്ദർശനാവസരത്തിൽ മഹാഭാരതത്തിന്റെ റഷ്യൻ തർജ്ജമ വായിച്ചവരെ എനിക്കു കാണാൻ കഴിഞ്ഞു. മഹാഭാരതത്തെക്കുറിച്ചു വലിയ മതിപ്പാണവർക്ക്. നമ്മുടെ നാട്ടിലെ അഭ്യസ്തവിദ്യരായ ആളുകൾ എത്രപേർ മഹാഭാരതം വായിച്ചിട്ടുണ്ട്? അറേബിയയിലെ ലോറൻസ് എന്നൊരാൾ 6 കൊല്ലംകൊണ്ട് 50000 പുസ്തകം വായിച്ചുതീർത്തിട്ടുണ്ട്. അത്ര നമുക്കു സാധിക്കാവുന്നതാണ്. റഷ്യയിലെ റിപ്പബ്ലിക്കുകളിലൊന്നായ ജോർജ്ജിയയിൽ ഒരു സംഘം വാല്മീകിരാമായണം തർജ്ജമ ചെയ്തുവരുന്നുണ്ട്. (മലയാളഭാഷയിൽ വാല്മീകിരാമായണം തർജ്ജമചെയ്ത ആളാണ് ഞാനെന്നറിഞ്ഞപ്പോൾ അവർ വിശേഷാൽ സന്തോഷം പ്രകടിപ്പിക്കുകയുണ്ടായി)

Digitized By Kerala Sahitya Akademi

റഷ്യയിലെ കവികൾ സമാധാനത്തിന്നാണ് പോരാടുന്നത്. ഞാനും സംഘവും റഷ്യ സന്ദർശിച്ചപ്പോൾ ഞങ്ങൾക്കു ലഭിച്ച ഹൃദ്യവും സ്നേഹനിർഭരവുമായ സ്വീകരണം വിവരിക്കാൻ വാക്കുകളില്ല. വാക്കുകൾക്ക് സൗഭാഗ്യം പോയ്പോവുന്നു എന്ന് എനിക്കു തോന്നിപ്പോകുന്നു. ഞങ്ങളെ സ്വീകരിക്കുന്നതിന്നു 5000 സാഹിത്യകാരന്മാർ സമ്മേളിച്ചിരുന്നു. ഞാൻ ഒരു പ്രസംഗം എഴുതിക്കൊടുത്തിരുന്നു. അതു പോര, കവിത ചൊല്ലണമെന്നവർ നിർബ്ബന്ധിച്ചു. അപ്പോൾ ഞാൻ കുറച്ചു വരികൾ ചൊല്ലി. അതിന്റെ അർത്ഥം വ്യാഖ്യാനിച്ചു മനസ്സിലാക്കിയപ്പോൾ ആ ഹാൾ അഭിനന്ദനസൂചകമായ ഹസ്തതാഡനങ്ങളാൽ മുഖരിതമായി.

റഷ്യക്കാർ ഇപ്പോൾ സംസ്കാരത്തിലേയ്ക്കു നോട്ടം തിരിച്ചിരിക്കുന്നു. ഇന്ത്യൻ സംസ്കാരത്തിൽ അവർ കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നുണ്ട്.

തോക്കെടുത്തതൊഴിച്ചാൽ, ലെനിൻ മഹാത്മജിയാണ്. നിസ്സംശയം അദ്ദേഹത്തിൽ തെളിഞ്ഞുകാണാം. സ്വാർത്ഥം തീണ്ടാത്ത മഹാനായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ ക്രാന്തദർശിത്വശക്തിയും അതുല്യമായ നേതൃത്വവുമാണ് സാറിന്റെ നരകത്തിൽനിന്നു ജനങ്ങൾക്ക് എന്നെന്നേയ്ക്കുമായി മോക്ഷം നൽകിയത്.

Digitized By Kerala Sahitya Akademi

ഭാഷാഭിവൃദ്ധിക്ക് കേരളം സ്വതന്ത്രസംസ്ഥാനമാവണം*

മഹാസഭേ, നമസ്കാരം! നമസ്കാരം!

മാന്യസുഹൃത്തുക്കളേ, സമസ്തകേരള സാഹിത്യപരിഷത്തിന്റെ അദ്ധ്യക്ഷസ്ഥാനം, അതിനർഹനല്ലാത്ത ഒരുവനാൽ ആക്രമിക്കപ്പെടുന്നത് ഇതു രണ്ടാമത്തെ തവണയാകുന്നു. ഒന്നാമതായി ഈ സാഹസം എനിക്കു ചെയ്യേണ്ടിവന്നതു് ഒരേഴു സംവത്സരങ്ങൾക്കു മുമ്പ് ഇടപ്പള്ളിയിൽ വെച്ചാണു്. അന്നു് അതു ചെയ്യിച്ചതു് ഇടപ്പള്ളി രാജാവവർകളായിരുന്നുവെങ്കിൽ, ഇതിന്റെ നിയോക്താവു് നിലമ്പൂർ വലിയ രാജാവവർകളാണെന്നേ വ്യത്യാസമുള്ളൂ. എന്തു ചെയ്യാം? 'തിരുവായ്ക്കെതിർവായയില്ലല്ലോ.'

1102 മേടത്തിലാണു് ഇടപ്പള്ളി സാഹിത്യസമാജത്താൽ ഉല്പാദിതയും ബ്രാഹ്മണാഢ്യനായ കൃഷ്ണരാജാവവകർകളാൽ ജാതകർമ്മം യഥാവിധി ചെയ്യപ്പെട്ടവളുമായ സാഹിത്യപരിഷൽക്കുമാരിയുടെ അവതാരം. അതു് ഒരഭ്രതപൂർവ്വമായ മഹോത്സവമായിരുന്നു. കൃതകേതരൌദാര്യനായ കൃഷ്ണരാജാവവർകളുടെ ആസ്വാദനീയമായ ആതിഥ്യം, സുചിരദൃഷ്ടന്മാരും ശ്രുതിമാത്രപരിചിതന്മാരുമായ സഹൃദയജനങ്ങളുടെ സാഹ്ലാദമായ സമ്മുഖദർശനം, സാഹിത്യവിഷയത്തിൽ ഹൃദയം തുറന്ന സംഭാഷണങ്ങൾ, സരസങ്ങളായ പദ്യപ്രബന്ധങ്ങളും സാരവത്തുക്കളായ പദ്യപ്രബന്ധങ്ങളും വായിച്ചുകേൾക്കുക, ഇങ്ങനെ അതു് നമ്മുടെ സാഹിത്യാരാമത്തിലെ ഒരു വസന്തോത്സവം തന്നെയായിരുന്നു; സൽഫലസിദ്ധിക്കായുള്ള പരിശ്രമം തുടങ്ങാനുള്ള സന്ദർഭം അങ്ങനെ കുസുമിതമായിരിക്കണം താനും. അന്നു കൃഷ്ണരാജാവവർകളുടെ ഔദാര്യലക്ഷ്മി സർവ്വത്ര പെരുമാറിയിരുന്നതും പീനപാണ്ഡിത്യനായ പി. കെ. നാരായണപ്പിള്ളയുടേയും മറ്റും പ്രൌഢസരസ്വതി ബഹുധാ നർത്തനം ചെയ്തിരുന്നതും വേനൽക്കട്ടംചൂടിനാൽ വരണ്ട ചുണ്ടുകൾകൊണ്ടു കനകക്കുടങ്ങളിൽനിന്നൊത്തു കരികളുകളുടെ മുഖത്തു കൂടക്കൂടെ ചുംബിച്ചിരുന്നതും എല്ലാംതന്നെ എന്റെ ഹൃദയത്തിൽ ഇപ്പോഴും പുതുപുതുതായി സ്മരിക്കുന്നുണ്ടു്. ലോകത്തെ ജീവിതയാത്രയ്ക്കായി വിളിച്ചുണർത്തുന്ന പകൽ, വിനോദകാന്തിയുടെ വിചിത്രവിതാനങ്ങളാലും, മലർമണം തിരഞ്ഞ മന്ദമാരുതനാലും, കിളികളുടെ കളനാദങ്ങളാലും നമ്മെ ആനന്ദപുളകിതരാക്കിക്കൊണ്ടാണല്ലോ ആഗമിച്ചുരുന്നതു്. എന്നാൽ അതിന്റെ ആഹ്ലാദകരത്വം വളരെ നേരം നിലനിൽക്കുന്നതല്ല. അതു ക്രമേണ, ജോലികളിലേർപ്പെട്ട നമ്മെ മേല്ക്കുമേൽ ശ്രാന്തരാക്കത്തക്കവണ്ണം ഒരുഷ്മളപ്രേരണ മാത്രമായി അവശേഷിക്കുന്നു. ഈ അത്യാവശ്യമായ പരിവർത്തനം ഏഴു വർഷംകൊണ്ടും പരിഷത്തിനു വന്നുചേർന്നിട്ടില്ല; ഇതു്,

---

*1934 ഏപ്രിൽ 28–ാംനു- നിലമ്പൂരിൽ കൂടിയ സമസ്തകേരള സാഹിത്യപരിഷത്തിന്റെ രണ്ടാം സമ്മേളനത്തിൽ ചെയ്ത അദ്ധ്യക്ഷപ്രസംഗം.

Digitized By Kerala Sahitya Akademi

ഏതാണ്ട് ഒന്നാമത്തെത്രപോലെത്തന്നെ അവിടവിടെ സമ്മേളിച്ചു കൂടിത്തിമത്തു പിരിയുകയേ ചെയ്യുന്നുള്ളുവല്ലോ.

പരിഷത്തിന്റെ ഈ കൃത്യവിമുഖതയെപ്പറ്റിയുള്ള ആക്ഷേപം ഇരിക്കട്ടെ. കൊല്ലത്തു വെച്ചു നടന്ന അഞ്ചാം സമ്മേളനത്തിന്റെ അവസാനത്തിൽ അടുത്ത ആണ്ടിലേയ്ക്ക് ആരും ക്ഷണിക്കാത്തതിനാൽ, 'പരിഷത്ത്' പഞ്ചത്വം പ്രാപിച്ചോ എന്നുപോലും ചിലർ ശങ്കിക്കുകയുണ്ടായി! ആവൂ! അതു സംഭവിക്കാവുന്നതാണോ? ദക്ഷിണേശ്വരന്മാരുടെ പരദേവതയായ ദക്ഷിണേശ്വരസ്വാമിയുടെ തൃച്ചെവിയടിക്കാറ്റിനാൽ വിഘ്നങ്ങളെ പറപ്പിക്കപ്പെട്ട പരിഷത്ത് സ്വച്ഛന്ദം വിഹരിക്കുമാറാകട്ടെ എന്നു നാം ഇടപ്പള്ളി യോഗത്തിൽവെച്ച് ഏകകണ്ഠമായി ഉച്ചൈർഗദ്ഗദത്തോടെ ചെയ്ത പ്രാർത്ഥനയുണ്ടോ പാഴായിപ്പോകുന്നു! ആയുഷ്മതി പരിഷൽക്കുമാരികേ, നീ എട്ടാം വയസ്സിൽ കാൽവെയ്ക്കുന്നത് നീ ഇന്നേവരെ കണ്ടിട്ടില്ലാത്ത അന്യാദൃശമായ പ്രകൃതിരാമണീയകത്തോടുകൂടിയ ഒരു പ്രദേശത്തുവെച്ചാണല്ലോ. അടുത്തുള്ള മലകാട്ടിൽനിന്നിറങ്ങിവന്ന ആനക്കൂട്ടികളാണോ എന്നു തോന്നുമാറ് വെള്ളത്തിൽക്കിടക്കുന്ന കരിമ്പാറകളെ തൊട്ടതലോടുന്ന കൊച്ചുതരംഗങ്ങളുടെ കോമളസംഗീതത്താൽ ചെവികളെ കുളിർപ്പിച്ചുകൊണ്ട് രാജധാനിയ്ക്കൊരലങ്കാരമായി ശോഭിക്കുന്ന ഈ സ്വർണ്ണപ്പഴയുടെ സമ്പർക്കം നിനക്ക് കൂടുതൽ ഓജസ്സിനേയും തേജസ്സിനേയും പ്രദാനം ചെയ്യാതിരിക്കയില്ല. നീ കരണീയങ്ങളിൽ ശ്രദ്ധിക്കുന്നില്ലെന്ന അപയശഃകളങ്കം നിലമ്പൂർ പുഴയുടെ നിർമ്മലജലത്താൽ കഴുകപ്പെടുകതന്നെ ചെയ്യും.

പരിഷത്തിന്റെ പ്രവൃത്തിമണ്ഡലം എന്താണ്? കഥകളി, നാടകം, കൈകൊട്ടിക്കളി, കോലടി, അമ്മാനമാട്ടം, വീണവായന, വില്ലുടിപ്പാട്ട് മുതലായ ഇതര കലാവിദ്യകളുടെ പ്രകടനവും തദഭിവൃദ്ധിക്കു വേണ്ടിയുള്ള ഉപായചിന്തയുമല്ലല്ലോ പരിഷത്തിന്റെ പന്തലിൽവെച്ചു വേണ്ടത്. അഥവാ, പരിഷത്സമ്മേനങ്ങളിൽ സാഹിത്യാഭിവൃദ്ധിമാർഗങ്ങളെപ്പറ്റിയുള്ള ചിന്താഭാരത്താൽ നമ്മുടെ തലച്ചോറ് തളർന്നുപോകുകയാണെങ്കിൽ, ഇടയ്ക്ക് ഒരു വിനോദത്തിനായി മാത്രം അവയ്ക്കിവിടെ സ്ഥാനം നൽകാം. എന്നാൽ നേരെ മറിച്ച്, ഗദ്യപാരായണങ്ങളും വാഗ്വോപന്യാസങ്ങളും കേട്ട വിനോദിക്കുക മാത്രമല്ലേ നാം ഇതുവരെ ചെയ്തുപോന്നിട്ടുള്ളൂ? വാസ്തവത്തിൽ ഇത്തരം പ്രബന്ധപാരായണങ്ങളിൽ മിക്കതിന്റേയും പ്രയോജനം എന്തെന്നുതന്നെ എനിക്കു മനസ്സിലാകുന്നില്ല. പുതിയ എഴുത്തുകാരേയും വാസനക്കാരായ മടിയന്മാരേയും പ്രോത്സാഹിപ്പിക്കുകയാണെങ്കിൽ, അതു നമ്മുടെ പത്രക്കാർ വേണ്ടുവോളവും വേണ്ടതിലധികവും ചെയ്തുപോരുന്നുണ്ട്. പത്രങ്ങളിലും പത്രഗ്രന്ഥങ്ങളിലും കാണപ്പെടുന്നവയേക്കാൾ മെച്ചമുള്ള പ്രബന്ധങ്ങൾ പരിഷത് സമ്മേളനദ്വാരാ പുറത്തുവന്നതായി കണ്ടിട്ടുമില്ല. അപ്പോൾ, നമ്മുടെ ഗൃഹങ്ങളിൽ സൈര്യമായിരുന്നു യഥാവസരം വായിച്ചു രസിക്കാവുന്ന പ്രബന്ധങ്ങളെ ഒന്നോടിച്ചു വായിച്ചു കേൾക്കുവാൻ വേണ്ടിയാണ്, നാം ആണ്ടുതോറും ദൂരയാത്രാക്ലേശങ്ങളും ധനവ്യയവും അനുഭവിക്കുന്നതെന്നു വന്നുകൂടുന്നു. ഇങ്ങനെ, മനുഷ്യമയമായ ഒരു വാർഷികഗ്രന്ഥം പോലിരുന്നാൽ മതിയോ പരിഷത് സമ്മേളനം? ഗ്രന്ഥപ്രദർശനമാണെങ്കിൽ, അതും ഒരു മാമൂലായി നടക്കുന്നതേയുള്ളൂ. ഒരു ദിക്കിൽ പ്രദർശിപ്പിക്കപ്പെട്ട ഗ്രന്ഥങ്ങൾ തന്നെയാണ് പ്രായേണ മറെറാരിടത്തിൽ പ്രദർശിപ്പിക്കപ്പെടുന്നത്. വേറെ ഗ്രന്ഥങ്ങൾ

Digitized By Kerala Sahitya Akademi

വെളിച്ചത്തു കൊണ്ടുവരാൻ ആരും സ്ഥിരപരിശ്രമം ചെയ്യുന്നില്ല. കണ്ടു കിട്ടിയ ഗ്രന്ഥങ്ങളെത്തന്നെ പൊതുജനങ്ങൾക്ക് അനുഭവയോഗ്യങ്ങളാക്കു മാറ് പുറത്തിറക്കുന്നതിലും ശ്രദ്ധിച്ചുവരുന്നില്ല. ഇതൊക്കെ പ്രദർശനത്തിന്റെ പ്രയോജനകരത്വത്തെ ലഘൂകരിച്ചുകളയുന്നു. എഴുത്തച്ഛൻ മുതലായ ഗ്രന്ഥകർത്താക്കന്മാരുടെ കൃതികളിൽ ഏതെങ്കിലുമൊന്ന് കുറവുകളും കുറവുകളും നീക്കി ഭംഗിയിൽ അച്ചടിപ്പിച്ചു പ്രകാശിപ്പിയ്ക്കാൻ കഴിയുമായിരുന്നുവെങ്കിൽ, പരിഷത്തിന്റെ പ്രദർശനങ്ങൾ പതിന്മടങ്ങ് ശോഭിയ്ക്കുമായിരുന്നു. മികച്ച പ്രാചീന ഗ്രന്ഥങ്ങളെ നേരാംവണ്ണം അച്ചടിച്ചു പ്രസിദ്ധീകരിക്കുക എന്നതു പരിഷത്തിന്റെ ക്ഷിപ്രകർത്തവ്യങ്ങളിലൊന്നാണ്. ഒരൊന്നരപ്പതിറ്റാണ്ടിനു മുമ്പ് ശ്രീമാൻ കെ. എസ്. ഗോവിന്ദപ്പണിയ്ക്കർ എന്നൊരു പണ്ഡിതൻ കൃഷ്ണഗാഥയുടെ ഒരു സംസ്കരിച്ച പതിപ്പ് പുറത്താക്കിയിരുന്നു; അദ്ദേഹത്തെപ്പോലെ പ്രയത്നശീലന്മാരായ പത്തു പേർ തികച്ചുണ്ടെങ്കിൽ, ഭാസുരങ്ങളായ ഭാരതാദി കിളിപ്പാട്ടുകളും മറ്റും ഇന്നും ഈ അശ്രദ്ധസ്ഥിതിയിൽത്തന്നെ മങ്ങിമയങ്ങിക്കിടക്കുമായിരുന്നുവോ! മദിരാശി റവന്യൂ ബോർഡിൽ ഒരുയർന്ന ഉദ്യോഗസ്ഥനായിരുന്ന ശ്രീ. കെ. പി. ഗോവിന്ദമേനോൻ ഒരു പന്തീരാണ്ടുകാലത്തെ തീവ്രപ്രയത്നംകൊണ്ട് അധ്യാത്മരാമായണം കിളിപ്പാട്ടിനെ സംസ്കാരപ്പെടുത്തിയതു ഞാൻ കണ്ടിട്ടുണ്ട്. അതച്ചടിപ്പിയ്ക്കാൻ തുടങ്ങിയപ്പോഴേയ്ക്കും, ഹാ, ആ പരമോത്സാഹശീലൻ പരലോകമടഞ്ഞുപോയി! ഇപ്പോൾ ആ പുസ്തകം മലയാം കലകൂറുടെ ആപ്പീസിൽ സൂക്ഷിയ്ക്കപ്പെട്ടിട്ടുണ്ടെന്നാണ് കേൾവി. അതു പരിഷത്തിനു നിഷ്പ്രയാസം സമ്പാദിയ്ക്കാവുന്നതും അച്ചടിച്ചു പുറത്തിറക്കാവുന്നതുമാണ്. ഇതു ചെയ്യുവെങ്കിൽ പരിഷത്ത് ഒരു മഹത്തായ പുണ്യം അനുഷ്ഠിച്ചതായി നമുക്കഭിമാനിയ്ക്കാം.

ഇനിയൊന്നുള്ളതു്, ആണ്ടിലൊരിക്കൽ സാഹിത്യപ്രണയികളായ ആളുകൾക്കു തമ്മിൽത്തമ്മിൽകണ്ടു സന്തോഷിക്കാമല്ലോ എന്നാണ്. ഈയൊരു സ്വാർത്ഥസിദ്ധിയ്ക്കുമാത്രം വേണ്ടി, നാം സാഹിത്യത്തിന്റെ പേരിൽ, വൈദ്യരത്നം പി. എസ്. വാരിയരവർകൾ, നിലമ്പൂർ വലിയ രാജ അവർകൾ മുതലായവരെപ്പോലുള്ള ഉദാരശീലന്മാരെക്കൊണ്ട് എത്രയായിരം ഉറുപ്പിക ചെലവാക്കിച്ചുകളഞ്ഞു! ആ സംഖ്യതന്നെ മതിയാകുമായിരുന്നു, സാഹിത്യസംബന്ധിയായ ഏതെങ്കിലുമൊരു മഹാകാര്യം നിറവേറ്റുവാൻ.

ആറാം സമ്മേളനത്തിനുശേഷം പരിഷത്ത് ഒരു കമ്പനിയായി റജിസ്റ്റർ ചെയ്യപ്പെട്ടതും അതിന്റെ ആഭിമുഖ്യത്തിൽ ഒരു ത്രൈമാസികപത്രഗ്രന്ഥം തുടങ്ങിപ്പോരുന്നതും ആശ്വാസകരംതന്നെ. എന്നാൽ നമ്മുടെ ഭാഷയിൽ സാഹിത്യരചന ചെയ്യുന്നവർക്ക് അതൊരു ഉപജീവനമാർഗ്ഗമാകുന്നില്ലെന്നുള്ളതാണ്, നമ്മുടെ സാഹിത്യത്തിന്റെ വളർച്ചയ്ക്കു പ്രധാനമായ പ്രതിബന്ധം. അതിനെ ആവുന്നിടത്തോളം തട്ടിനീക്കുകയാണ്, വാഗ്ദേവിയുടെ പേരിൽ ശ്രീദേവികളുള്ള പിണക്കം തീർക്കാൻ ഒരു സന്ധിസംഭാഷണം നടത്തുകയാണ്, പരിഷത്ത് ഒന്നാമതായി ചെയ്യേണ്ടതു്. അതിന്നു് അത്ര ദുർഗ്ഗമമല്ലാത്തൊരു മാർഗ്ഗം, ഇടപ്പള്ളി സമ്മേളനത്തിൽ വെച്ചുതന്നേ, എന്റെ സ്നേഹിതൻ, കാര്യസാരജ്ഞനായ പി. കെ. നാരായണപിള്ള അവർകൾ നിർദ്ദേശിക്കുകയുണ്ടായി. "കേരളീയജനസമുദായങ്ങളിൽ ചുരുങ്ങിയപക്ഷം അയ്യായിരംപേർ ചേർന്ന ഒരു സമാജം

Digitized By Kerala Sahitya Akademi

സ്ഥാപിക്കുക, പ്രശംസനീയമായ ഒരു പുസ്തകം 'പ്രസിദ്ധീകരിച്ചാൽ സമാജാംഗങ്ങളും ഓരോരുത്തരും ഓരോ പുസ്തകം വിലയ്ക്കു വാങ്ങണം. അങ്ങനെ വിശാലമായ ഒരു സംഘം സാഹിത്യപരിഷത്ത് സ്ഥാപിക്കുകയും അതിലെ അംഗങ്ങളുടെ ഔദാര്യകണികകളും സംഭരിച്ചു സാഹിത്യത്തെ പോഷിപ്പിക്കുകയും ചെയ്യണം.'' പരിഷ്കൃത രാജ്യങ്ങളിലെ സാഹിത്യസമാജങ്ങളും വിജയകരമാംവണ്ണം സഞ്ചരിച്ചുപോരുന്ന ഒരു പദ്ധതിയാണതാനും ഇത്. എങ്കിലും നമ്മുടെ സാഹിത്യപഞ്ചാനനന്റെ ആ ഗംഭീര ഗർജ്ജനം അന്നതന്നെ അന്തരീക്ഷത്തിൽ ലയിച്ചുപോവുകയേ ഉണ്ടായുള്ളൂ. അക്ഷരശ്ലോകപരീക്ഷ, ദ്രുതകവിതാനിർമ്മാണപരീക്ഷ മുതലായ ബാലിശവിഷയങ്ങളിൽനിന്ന് പരിഷത്തിന്റെ ശ്രദ്ധ, ഇത്തരം ശ്രേയസ്കരങ്ങളായ വിഷയങ്ങളിലേയ്ക്കു തിരിയേണ്ടിയിരിക്കുന്നു. ഇപ്പോൾ കൽക്കത്തയിലെ കേരളസംസ്കാരാഭ്യുദയസമിതി ഇത്തരമൊരു സംഘം സ്ഥാപിച്ചിട്ടുണ്ടെന്നതിൽ ഞാൻ സന്തോഷിക്കുന്നു. ആ സംഘത്തിനു നാം സൗഭാഗ്യം ആശംസിക്കുക!

മേല്പറഞ്ഞ തരത്തിലുള്ള ഒരു സമാജം ശരിക്കു സ്ഥാപിക്കപ്പെട്ടാൽ വിശിഷ്ടഗ്രന്ഥകാരന്മാർക്ക് വിശപ്പടക്കാൻ വക കിട്ടും; ഈ ആശ്വാസം അവരെ വീണ്ടും സാഹിത്യഭൂമിയിലേയ്ക്ക് ആകർഷിക്കുകയും ചെയ്യും. നേരേമറിച്ച്, ഇന്ന് എത്രയെത്ര പ്രതിഭകളുണ്ട് ജഠരാഗ്നിജ്വാലയേറ്റു വാടിക്കരിഞ്ഞുപോകുന്നു! തല കാഞ്ഞ് ഒരു പുസ്തകമെഴുതിത്തീർത്താൽ അച്ചടിപ്പിക്കാൻ കാശില്ല. വല്ലവിധത്തിലും അച്ചടിപ്പിച്ചുകഴിഞ്ഞാൽ, വില്പനയ്ക്കുള്ള വാതിൽ തുറന്നുകിട്ടുകയുമില്ല. പോരാത്തതിന്ന്, ചില പത്രാധിപന്മാർ പുസ്തകത്തിനു വിലകൂടിപ്പോയി എന്നൊരു വിലക്കും വെച്ചേയ്ക്കും. പ്രതിഫലം കൊടുക്കാതെ ഉപന്യാസങ്ങളും പദ്യങ്ങളും കൈക്കലാക്കി കാര്യം സാധിക്കുന്ന പത്രക്കാരുണ്ടോ, ഏതൊരു സൽഗ്രന്ഥകാരന്റെയും പ്രയത്നത്തിനു വില കാണുന്നു? അത്രമാത്രമല്ല തന്റെ ലേഖനത്തിനു വില കിട്ടണമെന്നു ശഠിക്കുന്ന എഴുത്തുകാരനെ,

"കവനത്തിനു കാശു കിട്ടണം പോൽ
ശിവനേ സാഹിതി തേവിടിശ്ശിയെന്നോ!"

എന്നും മറ്റും ധർമ്മഭ്രഷ്ടനാക്കാനും ചില പത്രക്കാർ കണ്ണുരുട്ടാറില്ലെന്നില്ല. അക്ഷന്തവ്യരോട്, യുവഗ്രന്ഥകാരന്മാരേ, നിങ്ങൾ ഈയൊരു ചോദ്യം ചോദിച്ചാൽ ഒട്ടും അവിനയമാകയില്ല! "മാന്യപത്രപ്രവർത്തകരേ, നിങ്ങളുടെ പത്രത്തെയും പത്രഗ്രന്ഥത്തെയുമൊക്കെ പിടിപ്പതു വില വാങ്ങിയിട്ടല്ലാതെ കൊടുക്കുക പതിവില്ലാത്ത സ്ഥിതിക്ക് നിങ്ങൾ ഞങ്ങളെക്കൊണ്ടു വെറുതെ തുലികാവ്യാപാരം ചെയ്യിക്കുന്നത് എത്രത്തോളം ന്യായമായിരിക്കും?''

ഇടപ്പള്ളിപ്പരിഷത്തിൽ ഞാനും എന്റെ ഒരാശ പ്രദർശിപ്പിക്കയുണ്ടായി. മലയാണ്മയിൽ ഇന്നു നമുക്കു വായിക്കുവാൻ വേണ്ടുവോളം പുസ്തകങ്ങളില്ല. കൃഷ്ണഗാഥ മുതലായ ഏതാനും ഉത്തമഗ്രന്ഥങ്ങൾ കഴിഞ്ഞാൽ മടിയനായ ഒരു മലയാളിക്കു തന്നെ ഒരു കൊല്ലം വായിക്കാനുള്ള വക കിട്ടുമോ, ആവോ! തന്നിമിത്തം സൽഗ്രന്ഥദാരിദ്ര്യംമൂലം, നമ്മുടെ ഗ്രന്ഥകാരന്മാരുടെ ആശയങ്ങളും വളരുന്നില്ല. ആശയങ്ങൾക്കു വളർച്ചയില്ലെങ്കിൽ, സാഹിത്യത്തിന് അഭിവൃദ്ധിയെവിടെ! ഈ ന്യൂനതയ്ക്കുള്ള ഒരേ

Digitized By Kerala Sahitya Akademi

യൊരു പ്രതിവിധി, വിശ്വമഹാഗ്രന്ഥങ്ങളെ സ്വഭാഷയിൽ സംക്രമിപ്പിക്കുകയാണ്. ഇതിലേയ്ക്കായി ഒരു വിവർത്തകസംഘത്തെ ഏർപ്പെടുത്തുകയും ചുരുങ്ങിയത് ഒരു ലക്ഷം ഉറുപ്പിക മൂലധനം ഉണ്ടാക്കുകയും വേണമെന്നാണ് ഞാനഭിപ്രായപ്പെട്ടത്. അതനുസരിച്ച് ഒരു വിവർത്തകസംഘത്തെ ഏർപ്പെടുത്താനുള്ള ചുമതല പ്രവർത്തകസംഘത്തിൽ സമർപ്പിതമായ ഒരു പ്രമേയം അംഗീകരിക്കപ്പെടുകയുമുണ്ടായി. എന്നാൽ, ആ പ്രമേയം ഇന്നും പ്രവൃത്തിയിലെത്തിക്കഴിഞ്ഞിട്ടില്ല.

ഒരു ലക്ഷം ഉറുപ്പിക സമ്പാദിക്കുകയെന്നത് അത്ര സുകരമല്ലെങ്കിൽ, ഇരിക്കട്ടെ; ഗണ്യമായ ചെലവൊന്നും കൂടാതെ ഒട്ടു ദീർഘമായ ഉത്സാഹം കൊണ്ടു മാത്രം സാധിക്കാവുന്നതായ ശ്രീ: പി.കെ. യുടെ നിർദ്ദേശത്തെ അനാദരിച്ചുകളഞ്ഞതിൽ നാം എന്തു സമാധാനം പറയും? വാസ്തവത്തിൽ ഒരു കോടിയോളം വരുന്ന മലയാളികളിൽനിന്ന് അവരുടെ ഭാഷയ്ക്കു വേണ്ടി ഒരു ലക്ഷം ഉറുപ്പിക സംഭരിക്കുക എന്നത് അത്ര ദുഷ്കരമാണോ? പ്രയത്നം എവിടെയോ, അവിടെ സമ്പദ്ദേവത സന്നിധാനം ചെയ്യാതിരിക്കില്ല. ജഗദ്വിഖ്യാവായ മഹാത്മാഗാന്ധി പറയുന്നു, 'ഏതൊരുൽകൃഷ്ടാരംഭവും പണമില്ലാഞ്ഞിട്ടു മുടങ്ങിപ്പോകയില്ലെന്ന്'; മനുഷ്യൻ നല്ല കാര്യത്തിൽ എത്രത്തോളം ശ്രദ്ധിക്കുന്നുവോ, അത്രത്തോളം അവനു സർവാർത്ഥങ്ങളും കൈവരും," എന്ന ആപ്തവാക്യം അക്ഷരംപ്രതി പരമാർത്ഥമത്രേ. വേണമെന്നുണ്ടെങ്കിൽ, വേറിന്മേലും കാണുമല്ലൊ.

ഒരു വിദഗ്ധമായ വിവർത്തകസംഘത്തെ ഏർപ്പെടുത്തി വിശ്വമഹാഗ്രന്ഥങ്ങളെ സ്വഭാഷയിൽ കൊണ്ടുവരിക എന്ന കാര്യം ഇനിയൊട്ടും നീട്ടിവെയ്ക്കാവുന്നതല്ല. തർജ്ജമ എങ്ങനെയായിരിക്കണമെന്നതിൽ എനിക്കുള്ള എളിയ അഭിപ്രായം ഞാൻ പലവുരു പുറത്താക്കിയിട്ടുണ്ട്. ഞാൻ സാഹിത്യപരിഷത്തിന്റെ ദ്വിതീയ സമ്മേളനത്തിലേയ്ക്കയച്ചിരുന്ന ഒരെഴുത്തിൽ ഏതാനും വരികൾ കേൾക്കുന്നതിനു നിങ്ങൾക്കു ദയയുണ്ടാകണം. "അതിലും ഇതിലും പേരുന്ന വകയല്ലാത്ത ഏകദേശതർജ്ജമ അല്ലെങ്കിൽ സ്വതന്ത്ര തർജ്ജമ വർജ്ജനീയമാണെന്നു ഞാൻ പറയാറുള്ളത് ഒന്നുകൂടി ആവർത്തിച്ചുകൊള്ളട്ടെ. ലോകത്തിലെ ഏതൊരു പരിഷ്കൃതഭാഷയിലും അംഗീകരിക്കപ്പെട്ടിട്ടില്ലാത്ത ഈ സമ്പ്രദായത്തെ മലയാളഭാഷ എന്തിനു കൈക്കൊള്ളുന്നു? ഇത്രയും പരിമിതമായ നീർത്തുള്ളികൾകൊണ്ടു ശമിപ്പിക്കപ്പെടാവുന്നതാണോ, നവീനകൈരളിയുടെ ജ്ഞാനതൃഷ്ണ? ഈ ശക്തിവിശേഷത്തിന്റെ സോപാനങ്ങളിലൂടെ മേല്പോട്ടു കയറാൻ വരാകിയായ കൈരളിയെക്കൊണ്ടു മേലിലും പരിശ്രമം ചെയ്യിക്കേണമോ?

യഥായഥാഹി പുരുഷഃ
കല്യാണേ കുരുതേ മതഃ
തഥാതഥാസ്യ സിദ്ധ്യന്തി
സർവാർത്ഥാ നാത്രസംശയഃ (മഹാഭാരതം)

വിവർത്തിതഗ്രന്ഥങ്ങൾ ഇവിടെ തുരുതുരെ പുറത്തുവരുന്നുണ്ട്. എന്നാൽ അവയിൽ മിക്കതും ഉൽകൃഷ്ടഗ്രന്ഥങ്ങളുടെ തർജ്ജമകളല്ല. ഇത്തരത്തിലുള്ള ഒരേ ഗ്രന്ഥംതന്നെ ഒന്നിലധികം പേർ തർജ്ജമ ചെയ്തതായി ക്കാണാം. ഏറ്റവും മികച്ച ഗ്രന്ഥങ്ങളെ ശരിപ്പകർപ്പായി തർജ്ജമചെയ്തുകിട്ടിയേ, ഇന്നത്തെ കൈരളി തൃപ്തിപ്പെടുകയുള്ളൂ. മൂലത്തിലെ ആശയം

Digitized By Kerala Sahitya Akademi

മുഴക്കെ വെളിപ്പെടുത്തുന്നതിൽ ശൈലീപരിപാലനം പ്രതിബന്ധമായി വരുന്നതെവിടെയോ അവിടെ ശൈലിയെപ്പോലും പരിത്യജിപ്പാൻ വിവത്തകന് അധൈര്യം ഉണ്ടായിക്കൂടാ. ഇംഗ്ലണ്ടുകാരുടെ സാഹിത്യാചാര്യനായ കാർലൈൽ ഗീഥേയുടെ 'മെയ്സ്റ്റർ' എന്ന കൃതിയുടെ വിവർത്തനത്തിന്റെ മുഖവുരയിൽ പറയുന്നു: "മൂലത്തോടുള്ള അടുപ്പമാണ് തർജ്ജമയുടെ പ്രധാന ഗുണമായി ഞാൻ ഗണിക്കുന്നത്. മൂലഗ്രന്ഥകാരന്റെ ആശയങ്ങളെ അദ്ദേഹം പ്രതിപാദിച്ചതിനൊത്തതന്നെ പ്രതിപാദിക്കുക, മൂലത്തിനെ അതിന്റെ എല്ലാ ശൈലികളിലും അനുസരിക്കുക എന്നിവയിലാണ് എന്റെ നിരന്തരശ്രമം. ഒന്നിനേയും മാറ്റുക എന്റെ ധർമ്മത്തിൽപ്പെട്ടതല്ല. ഈ കൃതി ശരിക്കു ജർമ്മൻഭാഷയിലിരിക്കുന്നതായിട്ടു തന്നെ വിവർത്തനം ചെയ്യാൻ ഞാൻ ശ്രദ്ധവെച്ചിട്ടുണ്ട്."

വിചാരശീലന്മാരുടെ അഭിപ്രായം ഇങ്ങനെയിരിക്കെ, "ചുണ്ടത്ത് ഒരു വെള്ളിക്കയ്യിലുമായി (ധനികന്റെ തറവാട്ടിൽ) ജനിക്കുക, അതിൽ കിടക്കുന്ന സകലവും" എന്ന വാക്യത്തിലും മറ്റും ശൈലീഭംഗത്തെ സമർത്ഥിക്കുന്ന മലയാളനിരൂപകന്മാരുടെ തെറ്റിദ്ധാരണയെപ്പറ്റി എന്തു പറയട്ടേ! 'ചുണ്ടത്തു വെള്ളിക്കയ്യിലുമായി ജനിക്കുക' എന്നത് ഒരു ശൈലിയേ അല്ല; പാശ്ചാത്യരുടെ ഭക്ഷണരീതിയെ ആശ്രയിച്ചിട്ടുള്ള ഒരലങ്കാരം മാത്രമാകുന്നു. നമ്മുടെ പ്രഭാതറവാടുകളിലെ നടപ്പിനെ ആസ്പദമാക്കി 'അന്നപ്രാശനം പൊന്നിൻവാഴയിലയിൽനിന്നാവുക' എന്നൊരു വാക്യം നമ്മളിലൊരാൾ നിർമ്മിക്കുകയും അത് അങ്ങനെത്തന്നെ ഒരു പാശ്ചാത്യഭാഷയിൽ സംക്രമിക്കപ്പെടുകയും ചെയ്തു എന്നിരിക്കട്ടെ; ഈ തർജ്ജമയിൽ ഒരു പാശ്ചാത്യൻ ശൈലീഭംഗദോഷം ആരോപിച്ചേയ്യുമോ! വിവർത്തിതഗ്രന്ഥങ്ങളിൽ മാത്രമല്ല, സ്വതന്ത്രകൃതികളിലും അനേകവിധങ്ങളായ ശൈലീഭംഗങ്ങൾ കടന്നുകൂടിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് (ഉദാഹരണങ്ങൾ വിസ്തരഭയത്താൽ കാണിക്കുന്നില്ല) ഒരു ദ്വീപാന്തരഭാഷയിലെ മഹാഗ്രന്ഥം തർജ്ജമ ചെയ്യപ്പെട്ടതിൽ ചില വാസ്തവശൈലീഭംഗങ്ങൾതന്നെ കാണപ്പെടുന്നുണ്ടെങ്കിൽ, അവയെ എത്രത്തോളം ആക്ഷേപിക്കാം?

ഒരു ഭാഷയ്ക്കു വിവർത്തിതഗ്രന്ഥങ്ങളെക്കൊണ്ടുള്ള വളച്ചു വളച്ചുയല്പെന്നും, വാസന കുറഞ്ഞവരേ വിവർത്തനത്തിനൊരുമ്പെടുകയുള്ളുവെന്നും ചില പ്രാമാണികന്മാർ തന്നെ പിറുപിറുക്കാറുണ്ട്. അവരുടെ അഭിമാനനിലീനദൃഷ്ടിയിൽ "അനവധി നദികൾ കൂടിച്ചേരുന്ന ഒരു സമുദ്രമായിത്തീരണം നമ്മുടെ ഭാഷ" എന്ന്, മഹാചിന്തകനായ ഇമേഴ്സൻ ആശംസിച്ചുയുണ്ടായത് പരമാബദ്ധമായിരിക്കും. ഇംഗ്ലീഷ്ഭാഷ ഇത്രമേൽ തഴച്ചിട്ടുള്ളത് തർജ്ജമഗ്രന്ഥങ്ങൾകൊണ്ടല്ലയോ? മഹാഭാഷകളൊക്കെത്തന്നെ ഇതരഭാഷാഗ്രന്ഥങ്ങൾക്കായി കൈമലർത്തിക്കൊണ്ടാണ് നിന്നിട്ടുള്ളതും; നിൽക്കുന്നതും. പത്തൊമ്പതാം നൂറ്റാണ്ടിലെ വിശ്വമഹാകവിയായ വിക്തോർ യുഗോവും ഇരുപതാം നൂറ്റാണ്ടിലെ വിശ്വമഹാകവിയായ രവീന്ദ്രനാഥടാഗോറും വാസനക്കുറവാലാണോ അവരുടെ സ്വതന്ത്രമായ തൂലികയെ വിവർത്തനവിഷയത്തിൽ വ്യാപരിപ്പിച്ചത്? തനതായി പുസ്തകം നിർമ്മിക്കാൻ ത്രാണിയില്ലായ്കകൊണ്ടായിരുന്നുവോ മഹാനായ രാജാരാമമോഹനറായി ഉപനിഷത്തുകളെയും മറ്റും ബങ്കാളിയിൽ സംക്രമിപ്പിച്ചത്? ഗോൾഡ്സ്മിത്തിന്റെ കൃതിയെ (Deserted Village) സ്വഭാ

Digitized By Kerala Sahitya Akademi

ഷയിൽ അവതരിപ്പിച്ച ജർമ്മൻ മഹാകവിയായ ഗേഥേ വാസനാരഹിതനെന്നു തരംതാഴ്ത്തപ്പെട്ട കേട്ടിട്ടില്ല. റസ്കിന്റെ 'അൺ ടു ദി ലാസ്റ്റ്' എന്ന കൃതിയെ ഗുജറാത്തിയിൽ തർജ്ജമ ചെയ്ത ഗാന്ധിജിക്ക് സ്വതന്ത്രഗ്രന്ഥനിർമ്മാണത്തിനു അസമർത്ഥനാണെന്ന അപഖ്യാതി ഇതുവരെ സംഭവിച്ചിട്ടില്ല. വാസ്തവത്തിൽ കാർലൈൽ അഭിപ്രായപ്പെട്ടതുപോലെ സ്വന്തം മനോധർമ്മംകൊണ്ടുതന്നെ ഗ്രന്ഥമുണ്ടാക്കുന്നതിനോട് സമമല്ലെങ്കിൽ, അതിനടുത്ത മാഹാത്മ്യമുള്ള ഒരു പ്രവൃത്തിയാണ് പരമനോധർമ്മങ്ങളെ പകർത്തിയെടുക്കൽ.

സാഹിത്യപരിഷത്തിന്റെ എല്ലാ സമ്മേളനങ്ങളിലും ഉറക്കമുണർന്നു വന്നെത്തിയ ഒരു പ്രമേയമാണ് നിഘണ്ടുനിർമ്മാണം. എന്നാൽ ഒരു പന്തീരാണ്ടിനുമുമ്പുതന്നെ ഏതാണ്ടു പൂർണ്ണവും പ്രശസ്തവുമായ ഒരു മലയാള നിഘണ്ടു ഒരൊറ്റപ്പണ്ഡിതന്റെ, വാഗ്ധ്യംകൊണ്ടു വാട്ടംതട്ടിയിട്ടില്ലാത്ത പ്രയത്നത്തിൽനിന്നു കൈരളിക്ക് കൈവന്നിട്ടുണ്ട്. ശ്രീകണ്ഠേശ്വരം ജി. പദ്മനാഭപിള്ള അവർകളുടെ 'ശബ്ദതാരാവലി' യുടെ പേർ തന്നെ പരിഷത്തുകാർ നിഘണ്ടുനിർമ്മാണഘോഷത്താലായിരിക്കാം, അത്ര കേട്ടിട്ടില്ലെന്നു തോന്നുന്നു. യുവാക്കന്മാരായ വളരെ പണ്ഡിതന്മാർ ഒത്തൊരുമിച്ചു വളരെ യത്നം ചെയ്തു സാധിക്കേണ്ടതായ നിഘണ്ടുനിർമ്മാണം ഷഷ്ടിപൂർത്തി കഴിഞ്ഞ ഒരാൾ തനിയേ സാധിച്ചതു വിചാരിച്ചാൽ അദ്ദേഹത്തെ എത്ര പ്രശംസിച്ചാലാണ് മതി തോന്നുക? യാതൊരെത്തും പിടിയുമില്ലാത്ത കാലത്ത് അതിതീവ്രമായ അന്വേഷണം നടത്തി മലയാളഭാഷയുടെ ചരിത്രം മുക്കാലും വാസ്തവമാംവണ്ണം വിരചിച്ചു നമ്മെ അനുഗ്രഹിച്ച സർവ്വാധികാര്യക്കാർ ഗോവിന്ദപ്പിള്ള അവർകളുടെ ഭാഗിനേയനത്രേ, ശബ്ദതാരാവലീകർത്താവും. നോക്കുക, ആ അമ്മാവനും ഈ മരുമകനുംകൂടി കൈരളിത്തറവാടിനെ പുലർത്തുവാൻവേണ്ടി ചെയ്ത മഹാപ്രയത്നം! 'ശബ്ദതാരാവലി'യിലെ ന്യൂനതകളും നീക്കുവാൻ പരിഷത്ത് വേണ്ടേടത്തോളം സഹായിക്കുമെങ്കിൽ ആ നിഘണ്ടുതന്നെ മതിയാവും തൽക്കാലം മലയാളിയെ തൃപ്തിപ്പെടുത്താൻ.

ഇപ്പോൾ മാതൃഭൂമിയിൽ ഒരു മാന്യൻ മലയാളത്തിൽ ഇതുവരെ പ്രകാശിതങ്ങളായ ഗ്രന്ഥങ്ങളുടെയും പത്രങ്ങളുടെയും മാസികാപുസ്തകങ്ങളുടെയും ഗ്രന്ഥകാരന്മാരുടെയും പൂർണ്ണവിവരങ്ങളടങ്ങിയ ഓരോ പട്ടിക നിലമ്പൂർ സാഹിത്യപരിഷത്തുകാർ പ്രസിദ്ധീകരിച്ചാൽ നന്നെന്നും മറും എഴുതിക്കാണുകയുണ്ടായി. ഈ പട്ടിക തയ്യാറാക്കൽ, സ്വല്പകാലംകൊണ്ടോ സ്വല്പപ്രയത്നംകൊണ്ടോ സാധിക്കാവുന്ന ഒരു കാര്യമല്ല. എന്നാൽ ഈ മഹാകാര്യത്തിലും 'ശബ്ദതാരാവലീ'കർത്താവായ ആ വന്ദ്യവയോധികൻ കൈവെച്ചു കഴിഞ്ഞിരിക്കുന്നു. അദ്ദേഹത്തിന്റെ 'സാഹിത്യാഭരണം' എന്ന നിഘണ്ടു മാതൃഭൂമി ലേഖകന്റെ അഭിലാഷം മുക്കാലും നിറവേറ്റുവാൻ പര്യാപ്തമായുള്ള ഒന്നാണ്. ഗ്രന്ഥങ്ങളുടേയും ഗ്രന്ഥകർത്താക്കളുടേയും പേരുകൾ ചെറിയചെറിയ വിവരണങ്ങളോടുകൂടി അകാരാദി ക്രമേണ ചേർത്തുപോരുന്ന ഒരു നിഘണ്ടുവാണ് സാഹിത്യാഭരണം. ഇതിന്റെ നാലഞ്ചു ലക്കങ്ങൾ പുറത്തായിക്കഴിഞ്ഞിരിക്കുന്നു.

നിഘണ്ടുപോലെത്തന്നെ, അത്യാവശ്യകങ്ങളായ ശാസ്ത്രാദിഗ്രന്ഥങ്ങളും ഉടനടി നമ്മുടെ ഭാഷയിൽ ആവിർഭവിയ്ക്കേണ്ടിയിരിക്കുന്നു. നമ്മുടെ കാവ്യവകുപ്പിൽത്തന്നെ, പരിഷ്കൃതരീതിയിലുള്ള ഗദ്യനാടകങ്ങളുടെ

Digitized By Kerala Sahitya Akademi

സ്ഥാനം ശൂന്യപ്രായമായിട്ടാണല്ലോ കിടക്കുന്നത്. ഭാഗ്യത്താൽ ചില ഗദ്യനാടകങ്ങളും കൈരളിയുടെ കയ്യിലെത്തിച്ചേർന്നിട്ടുണ്ട്. അവയിൽ വെച്ച് അഭിനയയോഗ്യത കാണപ്പെടുന്നത്, ഒരു വാസനയുള്ള എഴുത്തുകാരനായ ശ്രീ: ഈ. വി. കൃഷ്ണപിള്ളയുടേയും മറ്റും പ്രതിഭയിൽനിന്നുസംജാതങ്ങളായ ചില ചരിത്രനാടകങ്ങളിലാണ്. അങ്ങിനെ രണ്ടോ നാലോ ചരിത്രനാടകങ്ങളും രംഗമണ്ഡപത്തിൽ കാൽവെച്ചപ്പോഴേയ്ക്കും, ഇതാ ചില വിമർശകപ്രവരന്മാർ പുറംതിരിഞ്ഞിരുന്നു തുടങ്ങിയിരിക്കുന്നു. ചരിത്രനാടകങ്ങളും കേരളത്തിലെ നാട്യവാസന ദൂഷിപ്പിച്ചുകളഞ്ഞു എന്നാണ് അവരുടെ ആവലാതി. അവരുടെ അഭിപ്രായത്തിൽ, ഇന്നത്തെ സമുദായസ്ഥിതി ചിത്രീകരിക്കുന്ന നാടകങ്ങളേ നാടകമാവൂ എന്നത്രേ. രാജാകേശവദാസിന്റെ വേഷം കെട്ടുന്നത് അപരിഷ്കാരം—ഒരു കേശവപിള്ളയുടെ വേഷം കെട്ടുന്നത് പരിഷ്കാരം എന്നിങ്ങനെ ഒരു വിഭാഗം നാട്യകലയെ സ്സംബന്ധിച്ചു ചെയ്യാവുന്നതാണൊ? ഒരു നടൻ പറയുന്നതായിരിക്കും: "ഞാൻ രാമന്റെയോ രാമൻനായരുടെയോ വേഷം കെട്ടും. എന്റെ അനുകരണം അകൃത്രിമവും ആസ്വാദ്യവുമാണോ എന്നു നോക്കുകയേ കാണികൾ ചെയ്യേണ്ടതുള്ളൂ." ഇതേ രീതിയിൽ പറയാൻ കവിക്കും അധികാരമുണ്ട്. "ഞാൻ അംബരീഷനെപ്പറ്റിയോ അമ്പുക്കുറുപ്പിനെപ്പറ്റിയോ കാവ്യമുണ്ടാക്കും; അതിന്നു കാവ്യത്വമുണ്ടോ എന്നു നോക്കുകയേ വായനക്കാർ ചെയ്യേണ്ടതുള്ളൂ." ഭൂതകാലത്തിൽനിന്നു തപ്പിയെടുത്ത ഇതിവൃത്തം പുരോഗതിയെ മതിൽകെട്ടി തടയുമെന്നും, വർത്തമാനേതിവൃത്തം ഉൽപ്പതിഷ്ണുക്കൾക്കു ചിറകുവെച്ചു കൊടുക്കുമെന്നും വാദിക്കുന്നതിന്റെ അർത്ഥം അത്ര സുഗ്രഹമല്ല. ശാകുന്തളനാടകം അഭിനയിച്ചു കണ്ടതുകൊണ്ടു നമ്മളാരെങ്കിലും കഴിഞ്ഞ യുഗങ്ങളിലേയ്ക്കു മടങ്ങിപ്പോയെന്നു വരുന്നതാണോ?

വിഷയം ഇന്നലത്തേതായാലും ശരി, ഇന്നത്തേതായാലും ശരി, ഹൃദയത്തെ ആകർഷിക്കാനുള്ള ശക്തിവേണം നാടകങ്ങൾക്ക്. അവ രംഗത്തിൽ യഥാവിധി പ്രയോഗിക്കപ്പെടുകയും വേണം. പുരുഷന്മാർതന്നെ സ്ത്രീവേഷം ധരിക്കുക എന്ന പ്രകൃതിവിരുദ്ധമായ പതിവു തുടർന്നുകൊണ്ടുപോകാൻ, നമ്മുടെ വിദ്യാസമ്പന്നകളായ സ്ത്രീകൾ ഇനിമേൽ സമ്മതിക്കരുത്. സ്ത്രീകളോട് അധികം ഇണങ്ങി നിൽക്കുന്ന കലാവിദ്യകളാകുന്നു ആട്ടവും പാട്ടും; ഭാരതവർഷത്തിലെ പുരാണേതിഹാസങ്ങളിൽ നൃത്തഗീതാവിദഗ്ധരായ പല കുലീനസ്ത്രീകളേയും നാം കാണുന്നുണ്ടല്ലോ. കേരളത്തിലാകട്ടെ മികച്ച തറവാട്ടുകളിലെ സ്ത്രീകൾ കഥകളിയിൽപ്പോലും ആടുകയും പാടുകയും ചെയ്തിരുന്നു. നമ്മുടെ മോഹിനിയാട്ടംതന്നെ എത്ര മോഹനമായ ഒരു ലളിതകലയാണ്. അതിനെ നാമാവശേഷമാക്കിക്കളഞ്ഞതു നമ്മുടെ അന്ധമായ സദാചാര നിഷ്ഠയല്ലയോ? പല പല പ്രൗഢനടിമാർ ഇന്നും പരിഷ്കൃതരാജ്യങ്ങളെ അലങ്കരിക്കുന്നുണ്ട്. അവരിൽ വല്ല ദുർവൃത്തതയും ആരോപിക്കപ്പെടുന്നുണ്ടോ? നേരെമറിച്ചു ചാരിത്രഭക്തന്മാരായ നാമും അവരെ ആദരിച്ചുപോരുന്നു. ഇന്ത്യയിൽത്തന്നെ സാക്ഷാൽ ടാഗോർ കുടുംബത്തിലെ തരുണിമാർപോലും പേരെടുത്ത വേഷക്കാരികളത്രെ. ശ്രീമതി കല്യാണിയമ്മ എന്നൊരു മോഹിനിയാട്ടക്കാരിയെ 'വിശ്വഭാരതി' യിൽ കൈകൊട്ടിക്കളി പഠിപ്പിപ്പാനായി 'കലാമണ്ഡല'ത്തിൽ നിന്നയച്ചുകൊടുത്തിട്ടുണ്ട്. നാല്പതോളം ആളുകൾ (സ്ത്രീകളും പുരുഷന്മാരുംകൂടി) അവിടെ കൈക്കൊട്ടിക്കളി അഭ്യസിച്ചും പോരുന്നുണ്ട്. അമ്പ

Digitized By Kerala Sahitya Akademi

തോളം വയസ്സുചെന്ന ഈ സ്ത്രീയുടെ ഇന്നും ഉടവുതട്ടീട്ടില്ലാത്ത നൃത്യ–ഗീത–നാട്യനൈപുണ്യം, ടാഗോർ മഹാകവിയെ വിസ്മയാപന്നാദവിവശനാക്കിയിരിക്കുന്നു. അദ്ദേഹം ഈ കേരള നൽകിയെ തന്റെ നാടകയോഗത്തിൽച്ചേർത്തു വേഷം കെട്ടിക്കുവാൻ നിശ്ചയിച്ചിരിക്കുന്നു! അഹോ! അവിവേകംമൂലം നാം നമ്മുടെ രത്നങ്ങളെ വെള്ളാരംകല്ലുകളാണെന്നു ധരിച്ചു വലിച്ചെറിയുന്നു. മറുനാട്ടുകാരോ അവയുടെ വില മനസ്സിലാക്കി, അവ പെറുക്കിയെടുത്തു സൂക്ഷിപ്പാൻ ശ്രമിക്കുന്നു. ഇതെല്ലാം ആലോചിച്ചാൽ നമ്മുടെ സദാചാരത്തിന്റെ സന്നിധിയിൽ ഈയൊരു വിജ്ഞാപനം സമർപ്പിപ്പാൻ തോന്നിപ്പോകും. 'പ്രഭോ അങ്ങു ഞങ്ങളുടെ നിരപരാധികളായ ലളിതകലകളെ തുറുങ്കിലിട്ടടയ്ക്കാൻ തുനിയുകയാണെങ്കിൽ ഞങ്ങൾ അങ്ങയുടെ വരുതിയിൽനിന്നു രാജിവെച്ചൊഴിഞ്ഞേയ്ക്കും.—'

ഇന്നത്തെ സ്ഥിതിയെ അവലംബിച്ചുണ്ടാക്കപ്പെടുന്ന കാവ്യം, സ്ഥിതിക്കു മാറ്റം വരുന്നതോടുകൂടി, മങ്ങി മറഞ്ഞു പോയേയ്ക്കും; ഇത്തരം അസ്ഥിരമായ സമ്പത്തിനെ, എത്ര തന്നെ ദരിദ്രമായാലും, ഒരു ഭാഷ ആശിക്കുകയില്ല. നിബിഡാന്ധകാരമായിരുന്നാലും നിശീഥിനി പ്രതീക്ഷിക്കുന്നതു ക്ഷണികമായ മിന്നൽപ്പിണരിനെയല്ല, ചിരസ്ഥായിയായ പ്രകാശത്തെയാണ്. അതിനാൽ അനശ്വരങ്ങളായ നാടകങ്ങൾ വിരചിക്കാൻതന്നെ വേണം നമ്മുടെ യുവകവികൾ പ്രയത്നിക്കുക. ആക്റിയാം, ഒരു ദ്വിജേന്ദ്രലാലോ ഇബ്സൻതന്നെയോ അവരുടെ ഇടയിൽനിന്നു പൊന്തിവരില്ലെന്ന്?

ഞാൻ ഇഴഞ്ഞിഴഞ്ഞു ചെറുപ്പക്കാരുടെ അടുക്കൽ ചെന്നെത്തിയ സ്ഥിതിക്ക്, അവരുടെ സാഹിത്യസംരംഭത്തെ ഒന്നഭിനന്ദിയ്ക്കുകകൂടി ചെയ്തിട്ടു വേണ്ടിയിരിക്കുന്നു, എന്റെ ഈ നീളമേറിയ പ്രജല്പനത്തിന്നു പൂർണ്ണവിരാമമിടാൻ. അപൂർവ്വങ്ങളായ സാഹിത്യസാമഗ്രികളെ ചുമന്നുകൊണ്ടുവരാൻ ത്രാണിയുള്ള തലകളും കവിതാദേവിയുടെ തൃക്കാലുകളിൽ നിന്നു മാമൂൽച്ചങ്ങലയെ വെട്ടിയെറിയാൻ കരുത്തുള്ള കൈകളും അവരുടെ ഇടയിൽ നാം കൺനിറയെ കാണുന്നുണ്ട്. തീർച്ചയായും, ആ താരുണ്യപ്പുളപ്പുള്ള മുഖങ്ങളിലേയ്ക്കു തന്നെയാണ്, കൈരളിയുടെ പ്രത്യാശ കലർന്നോട്ടം. അവർ സംസ്കൃതവൃത്തങ്ങളെ സന്ത്യജിപ്പാൻ തുടങ്ങിയതുതന്നെ ഒരു ശുഭലക്ഷണമാണ്. സ്വഭാഷാഘടകങ്ങളെക്കൊണ്ട് ഇതര ഭാഷാവൃത്തങ്ങളിൽ പദ്യം രചിക്കുക എന്നത് ലോകത്തിനു കേരളീയരല്ലാതെ മറ്റാരെങ്കിലും ചെയ്തിട്ടുണ്ടോ, ആവോ? ഈ അസ്വാഭാവികമായ നടപടിയാൽ കൈരളിയ്ക്കു വലിയ ഇടിവു പറ്റിയിട്ടില്ലെങ്കിൽ അതിനു കാരണം സംസ്കൃതഭാഷയുടെ അസാമാന്യമായ മേൽനോട്ടമാകുന്നു. സംസ്കൃതപദങ്ങളെ പ്രായേണ തൽസമതേവനതന്നെ ഉപയോഗിക്കുക എന്നതാകുന്നു മലയാളത്തിലെ പതിവ്. നഗരത്തെ 'നഗറും' യാത്രയെ 'ജാഥ'യും യുവാവിനെ 'യുവക്കൾ' മാക്കലും മറ്റും പുതുസൃഷ്ടിയാണല്ലൊ. എന്നാൽ സംസ്കൃതവൃത്തങ്ങളെയെന്നപോലെ, സംസ്കൃതപദങ്ങളെയും വേർതിരിച്ചുകളവാൻ മലയാളി മുതിർന്നുകൂടാ. സംസ്കൃതസാഹചര്യംകൊണ്ടാണ്, ഇത്ര മിടുക്കും അടുക്കും ഉണ്ടായിവന്നതെന്ന വാസ്തവം അയാൾ വിസ്മരിക്കുന്നതു ഒരു കൃതഘ്നതകൂടിയായിത്തീരും. സംസ്കൃതപദങ്ങളെ തെറ്റിപ്രയോഗിക്കുന്നതും കഷ്ടമാണ്. എത്ര നടപ്പിൽവന്നാലും, അബദ്ധം അബദ്ധം തന്നെയായിരിക്കും. ഏതോ ഒരെഴുത്തുകാരന്റെ കൈ

Digitized By Kerala Sahitya Akademi

ത്തെറ്റുമുലം മരതകമായിത്തീർന്ന മരകതം ഗ്രാഹ്യകോടിയിൽ ഉൾപ്പെട്ട കയില്ല. കുമാരൻ എന്ന പദം ഏതോ ഒരാളാൽ കുരാമൻ എന്നു് തകിടം മറിയ്ക്കപ്പെട്ട എന്നും, അങ്ങിനെ കുറേ പേർ ഉച്ചരിച്ചുപോന്നുവെന്നും വെക്കുക; അതുകൊണ്ടു കുമാരൻ കുരാമനാവാൻ കൂട്ടാക്കുമോ? സംസ്കൃതപദങ്ങളുടെ സ്വരൂപം ശരിയ്ക്കു ധരിച്ചുവെയ്ക്കാത്തതിനാൽ, അവയെ ഉച്ചരിക്കുന്നതിലും ചിലപ്പോഴും നമുക്കു പന്തികേടു പറ്റുന്നില്ലെന്നില്ല. (ഉദാ: ഉംതു് ചേർന്ന 'നത' ത്തിലെ (ഉന്നതം എന്ന ശബ്ദത്തിലെ) ദന്ത്യനകാരത്തെ താലവ്യനകാരമാക്കുന്നതുകൊണ്ടു്,

ഉന്നതിയ്ക്കായിക്കൊണ്ടു പ്രയത്നം ചെയ്യീടേണം
വന്നതു വന്നു, പിന്നെത്തൈവവും തുണച്ചീടും.

എന്ന മനോഹരമായ പഞ്ചതന്ത്രപദ്യംപോലെ എത്ര പദ്യങ്ങൾ, അവ സ്വപ്നത്തിൽപ്പോലും കരുതിയിട്ടില്ലാത്ത പ്രാസഹാനിയെ അനുഭവിച്ചുപോരുന്നില്ല? താലവ്യനകാരത്തിന്റെ ആദ്യത്തെ കുനി വലുതാക്കുക. ദന്ത്യനകാരത്തിന്റെ രണ്ടാമത്തെ കുനി വലുതാക്കുക—എന്നീ പഴയ കയ്യെഴുത്തു സമ്പ്രദായം അച്ചുകൂടക്കാർ കൈക്കൊണ്ടാൽ നന്നായിരുന്നു. ഉപ്പുതൊട്ടു കർപ്പൂരം വരെ—ലിപിവ്യത്യാസംമുതൽ ഗ്രന്ഥനിർമ്മാണം വരെ—സകലത്തിലും പരിഷത്തിന്റെ ദൃഷ്ടി പതിയണമെന്നേ പറയേണ്ടൂ!

പ്രായത്തിന്റെ പ്രേരണകൊണ്ടല്ല, ആശയദാരിദ്ര്യംകൊണ്ടുതന്നെയായിരിക്കും നമ്മുടെ യുവകവികളിൽ മിക്കപേരുടേയും ഭാവന വീണ്ടും വീണ്ടും അനുരാഗത്തിന്റെ അടുക്കൽ ചെന്നടിയുന്നതു്. അസഭ്യതയുടെ വക്കത്തെത്തുകയോ, അതിൽ വീഴുകയോ ചെയ്തിട്ടുള്ള പ്രേമകാവ്യങ്ങൾപോലും ഇന്നത്തെ പത്രങ്ങളിൽ കാണാം. അനുരാഗം ഒരു ശ്രേഷ്ഠമായ വികാരംതന്നെ; എന്നാൽ അനുരാഗത്തെക്കാൾ ഉൽക്കൃഷ്ടമാണു് അനുകമ്പയും മറ്റും. മർദ്ദിതരായ ലക്ഷം ലക്ഷം ജനങ്ങളിൽനിന്നു് ചൂടുകണ്ണീരൊഴുകുന്ന രാജ്യത്തുണ്ടോ, കാരുണ്യത്തിന്റെ കൈലേസ്സിനു തോരുവാനവസരം? എങ്ങനെയായാലും നമ്മുടെ കവനസരസ്സു കാമുകപ്രേമത്താൽ വല്ലാതെ കലുഷമായി എന്നു വരരുതു്. അനുരാഗവിധേയരായ കഥാപാത്രങ്ങളെക്കൊണ്ടു് ആത്മഹത്യ ചെയ്യിക്കുന്നതിലുള്ള അഭിനിവേശത്തിനു ഒരടക്കം വെയ്ക്കുക വേണ്ടിയിരിക്കുന്നു. ആത്മഹത്യ ഭാരതീയന്റെ മനോവൃത്തിക്കു യോജിച്ചതല്ല. പാശ്ചാത്യനായ ടോൾസ്റ്റോയിതന്നെയും അഭിപ്രായപ്പെട്ടിട്ടുള്ളതു് "ഈശ്വരനും ജീവനും രണ്ടാണെന്നുള്ള ബോധം മനുഷ്യനെ ആത്മഹത്യയ്ക്കു പ്രേരിപ്പിക്കും; ഒന്നെന്ന ബോധമോ ജീവിക്കാൻ പ്രേരിപ്പിക്കുന്നു" എന്നത്രേ.

ഗാനസുഖം കൂടും ദ്രാവിഡവൃത്തങ്ങൾക്കു്; വൃത്തസമൃദ്ധമായ വുന്ദാരകഭാഷയെപ്പോലും കൊതിപ്പിച്ച ഭാഷാവൃത്തങ്ങളുണ്ടു്, ദ്രാവിഡഭാഷയിൽ. മല്ലികാരദന, സ്രഗ്വിണി മുതലായവ ഗൈവ്വാണിയ്ക്കു കിട്ടിയതു ദ്രാവിഡത്തിൽനിന്നാണെന്നൂഹിയ്ക്കാം. ഇന്നത്തെ ദ്രാവിഡവൃത്തങ്ങളിൽ സംഗീതസ്മരണം ചുരുങ്ങുമെങ്കിൽ, അതിനു കാരണം, ആ വൃത്തങ്ങളെ വെടിപ്പിൽ ഘടിപ്പിക്കാതിരിക്കുന്നതാണു്.

പത്മനാഭൻ ദേവൻ പത്മാകാന്തൻ ചിത്ത—
പത്മംതന്നിൽ വിളങ്ങീടവേണം.

Digitized By Kerala Sahitya Akademi

എന്ന് മട്ടിലുള്ള ഈരടികൾ കേൾപ്പാൻ ഇടവന്ന എങ്കിൽ, ആ മാകന്ദ മഞ്ജരീവസന്തമായ ചെറുശ്ശേരിയുടെ ആത്മാവു ചെവി പൊത്തിക്കളയും. ഇന്നത്തെ കാകളികേകാദികളിലും വളരെ വൈകല്യങ്ങൾ കടന്നുകൂടുന്നുണ്ട്. വാക്യം രസാത്മകമാകണമെങ്കിൽ, വൃത്തം പ്രകരണാനുഗുണവും വൈകല്യരഹിതവുമായിരിക്കണം. ഉചിതങ്ങളും ഉത്തമങ്ങളുമായ പദങ്ങളെ യഥാസ്ഥാനം വിന്യസിക്കുകയും വേണം. *വിവക്ഷതത്തെ വെളിപ്പെടുത്തുന്ന പദവിന്യാസവിശേഷങ്ങളെപ്പറ്റി പരിജ്ഞാനമില്ലാത്തവർക്ക് വല്ല ആശയവും തോന്നിയെങ്കിൽത്തന്നെയും, അതു ദരിദ്രർക്കു സന്താനമുണ്ടാകുന്നപോലെ ക്ലേശകരമായിരിക്കും എന്നു മഹാകവി നീല കണ്ഠദീക്ഷിതർ പരിഹസിക്കുന്നതു വെറുതെയല്ല. ആശയഗ്രഹണമുണ്ടെങ്കിൽ രചനാദോഷത്തെ വകവെയ്ക്കാനില്ല എന്നൊരഭിപ്രായം ചില ശ്രുഷ്കകാവ്യങ്ങളെ പ്രശംസിപ്പാൻ ഏതോ വികാരവിശേഷത്താൽ പ്രേരിതരായിച്ചമഞ്ഞവർ നട്ടുവളർത്തിയിട്ടുണ്ട്. ഈ വിഫലവല്ലിയെ വേരോടുകൂടി വെട്ടിക്കളയാതിരുന്നാൽ, കേരളസാഹിത്യാരാമത്തിനു കെടുതി തട്ടിപ്പോകും! ആശയം എല്ലാവർക്കും തോന്നാം; അതിനെ സുഗ്രഹവും സുന്ദരവുമായ ഭാഷയിൽ വെളിപ്പെടുത്താൻ ശക്തിയുള്ളവനേ കവിശബ്ദത്തിന്നർഹനാകയുള്ളൂ. വിധിപോലെ കുറുക്കി പഞ്ചസാരയിട്ട പാലും അഴുക്കുപിടിച്ച പാത്രത്തിൽ പകർന്നു തന്നാൽ നിങ്ങൾക്ക് എത്രത്തോളം ആസ്വാദ്യമായിത്തോന്നും? ചുരുക്കത്തിൽ നിങ്ങൾ ഓരോ വരി എഴുതുന്നതും അതു ദ്വീപാന്തരഭാഷകളിൽക്കൂടി സംക്രമിക്കപ്പെടുമെന്നും ആ സംക്രമണം മാതൃഭൂമിയെ മറ്റു രാജ്യങ്ങളോടൊപ്പം തല പൊക്കിനിർത്താൻ ധൈര്യപ്പെടുത്തണമെന്നുമുള്ള ഉൽക്കൃഷ്ടവിചാരത്തോടുകൂടിയായിരിക്കണം.

കേരളം എല്ലാംകൊണ്ടും അതർഹിക്കുന്നവിധം ഒരു സ്വതന്ത്രസംസ്ഥാനമായി വേർതിരിക്കുകയും, അതിന് ഒരു സർവ്വകലാശാല പൊന്തിവരുകയും ചെയ്താലേ, പരിഷത്തിന്റെ ഉദ്ദേശങ്ങൾക്ക് ഊർജ്ജസ്വലതയും സമുദ്യമങ്ങൾക്ക് സാഫല്യവും സിദ്ധിക്കയുള്ളൂ. ഇതുരണ്ടുമായിരിക്കണം പല പല കർത്ത്യവ്യങ്ങളാൽ പൂരിതപ്പെട്ട പരിഷത്തിന്റെ പരമലക്ഷ്യം.

---

*വിവക്ഷിതാർത്ഥപ്രതിപാദകം യേ
വിന്യാസഭേദം ന വിദുഃ പദാനാം
ദുഃഖാവഹോർത്ഥഃ സ്ഫുരിതോപി തേഷാം
ദൗർഭാഗ്യഭാജാമിവ പുത്രലാഭഃ

Digitized By Kerala Sahitya Akademi

യുവജനങ്ങളുടെ കർത്തവ്യം*

മഹാജനങ്ങൾക്കു വന്ദനം!

പ്രിയപ്പെട്ട യുവജനങ്ങളെ, നിങ്ങളുടെ ഉൽകൃഷ്ടചിന്തകളാൽക്കൊണ്ട ശിരസ്സുകളുടെ നടുവിൽ ഈ വൃദ്ധമുഖം സങ്കല്പംകൊണ്ടു പലവുരു മുകൻന കൊള്ളുന്നു.

ഈ യുവജനസാഹിത്യസമാജത്തിന്റെ അധ്യക്ഷപീഠത്തെ ഒരു വൃദ്ധനാൽ ആക്രാന്തമാക്കിത്തീർത്ത വിധിവിലാസം സദസ്യരിൽ പലരേയും വിസ്മയിപ്പിക്കുന്നുണ്ടാവാം. എന്നാൽ ഇങ്ങനെ ഒരു വിരുദ്ധത പറയാതിരിപ്പാൻ ഞാൻ ശ്രമിയ്ക്കാതിരുന്നിട്ടില്ല: ഞാൻ കേരളകലാമണ്ഡലം കഥകളിയോഗത്തോടുകൂടി ബമ്മയിലേയ്ക്കു പുറപ്പെടാൻ ഒരുക്കം കൂട്ടുന്ന അവസരത്തിലാണ്, സ്വാഗതസംഘാധ്യക്ഷന്റെ എഴുത്ത്—ഞാൻ അധ്യക്ഷപദം സ്വീകരിയ്ക്കണമെന്നുള്ള എഴുത്ത്—എന്റെ അടുക്കൽ വന്നുചേർന്നത്. ആ ബദ്ധപ്പാടിൽ ഒന്നും ആലോചിയ്ക്കാതെ, ചാരുശീലനായ ചന്ദ്രനമ്പ്യാരവർകളിലുള്ള സൌഹാർദ്ദക്കൊതിയാൽ മാത്രം, അനുകൂലമായ മറുപടി അയച്ചുപോയി. പിന്നീടു് ഒരു മാസത്തിനുശേഷം 'മാതൃഭൂമി' പത്രത്തിൽ ഒരു മാന്യൻ, പൌരസ്ത്യപാശ്ചാത്യസാഹിത്യങ്ങളിൽ ഒന്നുപോലെ പ്രാവീണ്യമുള്ള ഒരാളെ വേണം അധ്യക്ഷനാക്കാൻ എന്നുപന്യസിച്ചതു കണ്ടപ്പോഴേ, ,എന്റെ ആ സമ്മതംമുളലിന്റെ അനൌചിത്യം ഞാൻ അനുസ്മരിച്ചുള്ളൂ. ഉടൻതന്നെ മാതൃഭൂമി ലേഖകന്റെ അഭിപ്രായം ആദരിക്കേണ്ടതാണെന്നും, അതനുസരിച്ചു് അർഹനായ ഒരാളെ അധ്യക്ഷനാക്കണമെന്നും ഞാൻ സ്വാഗതസംഘാധ്യക്ഷനെ അറിയിച്ചു. എന്നാൽ ആ അറിയിപ്പു്, എന്തുകാരണത്താലോ, അദ്ദേഹത്തിന്റെ മുൻനിശ്ചയത്തെ ഇളക്കാൻ ശക്തമായില്ല; എന്റെ അപേക്ഷ ഒരു നന്ദികാരും അദ്ദേഹത്തിന്റെ നിശ്ചയം ഒരു മാമലയുമായിട്ടാണു് അനുഭവപ്പെട്ടതു്.

ഉള്ളിൽ കലവറ വെയ്ക്കാതെ പറകയാണെങ്കിൽ, അഭിമാനകരമായ ഈ സ്ഥാനം ലഭിച്ചതിൽ എനിക്കാഹ്ലാദമാണുള്ളതു്. പ്രായം കൂടിവരുന്തോറും എനിക്കു താരുണ്യലക്ഷ്മിയുടെ പേരിൽ അഭിനിവേശം ഏറിയേറിവരുന്നു. തന്റെ ദാരിദ്ര്യം, അജ്ഞത, വാർദ്ധക്യം എന്നീ മൂന്നെണ്ണത്തിന്റെ മുമ്പിൽ ഒരു നേരിയ വെളിയടയെങ്കിലും കെട്ടിത്തുക്കാൻ നോക്കുന്നതു മനുഷ്യന്റെ സ്വഭാവമാണല്ലോ. ഞാനൊരു വൃദ്ധനാണെന്നു പറയുന്നതുതന്നെ എനിക്കത്ര സമ്മതമല്ല. എന്തുചെയ്യും? ജനനം കുറേ മുൻകൂട്ടിയായിപ്പോയതുകൊണ്ടു് ഈ അപഖ്യാതി സഹിക്കേണ്ടിവന്നു! ഇന്നിതാ അതിൽനിന്നു ഞാൻ വിമുക്തനായിരിക്കുന്നു. യുവാക്കന്മാരുടെ പേർവിവരപ്പട്ടികയിൽ എന്റെ പേരിന്നും ഒരു വരി കിട്ടിയിരിക്കുന്നുവല്ലോ. കാലം വൃദ്ധതയിലേയ്ക്കു് പിടിച്ചുവലിക്കുന്ന എന്നെ, നിങ്ങ

---

* 1934 മേയ് 10—ാംനു- തലശ്ശേരിയിൽകൂടിയ യുവജനസാഹിത്യസമ്മേളനത്തിലെ അധ്യക്ഷപ്രസംഗം;

Digitized By Kerala Sahitya Akademi

ളുടെ കരുത്തേറിയ കൈകൾ വീണ്ടും യുവത്വത്തിലേയ്ക്ക് വലിച്ചുകൊണ്ടു പോരുന്നതിൽ എനിക്ക് കുറച്ചൊന്നുമല്ല, കൃതജ്ഞതയും സന്തുഷ്ടിയും.

വൃദ്ധന്റെ യുവസഭാധ്യക്ഷതയിൽ ചുളിയുന്ന നെറ്റികളുണ്ടെങ്കിൽ, ചുളിഞ്ഞുകൊള്ളട്ടെ: കേരളത്തിന്റെ കോമളതയെ പരിപുഷ്ടമാക്കിത്തീർക്കുന്ന ശരത്കാലത്തും, നദീതീരങ്ങളിൽ തട്ടിത്തഴച്ച പച്ചച്ചെടികളുടെ ഇടയിൽ, പുഷ്പിച്ച കതിരവാൽപ്പുല്ലിനെ ചാഞ്ചാടിച്ചുരുളുന്ന പ്രകൃതിദേവിക്ക് സമ്മതമായിരിക്കും, യുവാക്കളെ, നിങ്ങളുടെ നടുവിൽ ഈ നരച്ച കിഴവൻ തലപൊക്കിനില്ക്കുന്നത്.

സമസ്തകേരളസാഹിത്യപരിഷത്തുള്ളപ്പോൾ വേറെ ഒരു യുവജനസാഹിത്യസമാജം ഏർപ്പെടുത്തുന്നതെന്തിനാണെന്ന് ചോദിക്കുന്നവരുണ്ടാവാം. അവരോട് മറുപടിപറയാൻ പ്രയാസമില്ല: സമസ്തകേരളസാഹിത്യപരിഷത്ത് ആണ്ടുതോറും വെള്ളിനാണ്യങ്ങളെയെന്നപോലെ പ്രമേയങ്ങളേയും തുരുതുരെ വിതറിക്കളകയല്ലാതെ മറ്റുവല്ലതും ചെയ്കയുണ്ടായോ? എങ്ങിനെചെയ്യും: ഒരു സമ്മേളനത്തിലുണ്ടായ കിതപ്പും തളർച്ചയും നീങ്ങിത്തുടങ്ങുമ്പോഴേയ്ക്കും, മറേറ സമ്മേളനം സമീപിയ്ക്കുകയായി! കാലം സംവത്സരങ്ങളെ ഇത്രവേഗത്തിൽ തന്റെ കൂടയിലേയ്ക്കു തിരിച്ചെടുക്കുന്നതു പരിഷത്തിന്റെ കുറ്റമല്ലല്ലോ. ഇങ്ങനെ ഒന്നല്ല, രണ്ടല്ല, തൊണ്ണൂറാറുമാസങ്ങൾ പുറത്തേയ്ക്കുവരികയും അകത്തേയ്ക്കു വലിയുകയും ചെയ്തുകളഞ്ഞു. പരിഷത്തിന്റെ പരിതാപകരമായ ഈ കർമ്മമാന്ദ്യത്തെ, യുവാക്കളുടെ ചുറുചുറുക്കുള്ള ചുടുരക്തം ഇനിയും എത്രനാൾ ക്ഷമിക്കും? അവർക്ക് അവരുടെ സാഹിത്യത്തെ പരിപോഷിപ്പിച്ച്. ഇതരസാഹിത്യങ്ങളുടെ കിടയിലെത്തിക്കാൻ തിടുക്കമായി; അവർ എന്നെപ്പോലുള്ള കാരണവന്മാരോടു പറയുന്നു: "നമ്മുടെ സാഹിത്യനാടിനെ ഭരിപ്പാൻ നിങ്ങൾ ബുദ്ധിമുട്ടിയത്രമതി. ആ ഭാരം ഞങ്ങളുടെ കട്ടിച്ചുമലുകളിൽ ഇറക്കിവെച്ചുകൊള്ളുക." ഹാ നമുക്കെന്തൊരശ്വാസം!

അനന്തരവന്മാരേ, നിങ്ങൾതന്നെവേണം, പരിഷത്തിന്റെ സമാരംഭത്തെ സഫലീകരിപ്പാൻ: "ലോകം എന്നെന്നും ശൂരന്മാരുടെ കയ്യിന്മേൽ ഒരു പൈതലെന്നപോലെ പിടിച്ചുതൂങ്ങിനില്ക്കുന്നു." *എന്നത്രേ വ്യാസൻ അരുളിച്ചെയ്തിരിക്കുന്നത്. ഒന്നാമതായി നിങ്ങൾ ചെയ്യേണ്ടത്, നിങ്ങളുടെ മാതൃഭാഷയ്ക്ക് എന്തു മുതലുണ്ടെന്നും, അതിൽ അനുഭവയോഗ്യങ്ങളായ വസ്തുക്കളെത്രയുണ്ടെന്നും നോക്കി തിട്ടപ്പെടുത്തുകയാണ്. പഴയതൊക്കെ നല്ലത്, പുതിയതൊക്കെ തീയത് എന്നോ, നേരേമറിച്ചോ ഉള്ള അഭിപ്രായങ്ങൾ നിങ്ങളുടെ ചുറും മുഴങ്ങുന്നുണ്ടാവും. അവയെ നിങ്ങൾ പരിഗണിക്കേണ്ടതില്ല. നിങ്ങളുടെ വിമർശനബുദ്ധിയെത്തന്നെ വിനിയോഗിക്കണം. ഇവിടെ, എന്റെ ഒരനുഭവം ഓർമ്മയിൽ വരുന്നു: ഒരു കാൽ നൂറാണ്ടിനുമുമ്പ് തൃപ്പൂണിത്തുറെ കോവിലകത്തുനിന്നും പതിനെട്ടു ഭാഷാചമ്പുക്കളടങ്ങിയ ഒരു മഹാഗ്രന്ഥം അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ട് തൃശ്ശിവപേരൂരിലുള്ള തന്റെ പാർപ്പിടത്തിൽ കൊണ്ടുവന്ന് എന്റെ കയ്യിൽതന്നു (അന്നെന്റെ വാസവും തൃശ്ശൂരിലായിരുന്നു). ആ ഗ്രന്ഥത്തിൽനിന്നാണ് രാമണീയകമേറിയ 'രാജരത്നാവലീയം' പ്രസി

---

* ശൂരബാഹുഷുലോകോയം
ലംബതേ പുത്രവത്സദാ. (ഭാരതം)

Digitized By Kerala Sahitya Akademi

ദ്ധീകരിച്ചത്. ആ ഗ്രന്ഥം എന്റെ കയ്യിലിരിക്കുന്ന കാലത്ത്, ഒരുച്ചയ്ക്ക് ഞാൻ എന്റെ ഒരു മാന്യസുഹൃത്തിന്റെ ഗൃഹത്തിൽ ചെന്നു. പടിക്കലെത്തിയപ്പോഴേത്തന്നെ, മാളികമുകളിൽനിന്ന് ഒരു സാഹ്ലാദനിർഘോഷം വന്ന് എന്നെ എതിരേറ്റു—അന്ന് എന്റെ ചെവി ചത്തുകഴിഞ്ഞിട്ടില്ലെന്ന് ഇടയിൽ പറഞ്ഞുകൊള്ളട്ടെ—മാളികമുകളിൽ നാലഞ്ചു സഹൃദയന്മാർ—കൈരളീസാഹിത്യലോകത്തിൽ കേളികേട്ട മഹാന്മാർ—ഒത്തുചേർന്നിരുന്നു. എന്റെയും എന്റെ പ്രിയശിഷ്യനായ ശ്രീ: കുറിപ്പുറത്തു കേശവൻനായരുടെയും ആധിപത്യത്തിലിരുന്ന 'രാമാനുജൻ' എന്ന മാസികപത്രത്തിന്റെ ആയിടയിൽ പുറത്തായ ലക്കത്തിലെ ഒരു മംഗളശ്ലോകത്തെ മേല്ക്കുമേൽ പ്രശംസിക്കുകയാണ് അവർ ചെയ്തിരുന്നത്. 'ഒരു പ്രാചീനകവി' എന്നു ചുവട്ടിൽ ചേർത്തിരുന്ന ആ ശ്ലോകം ഇന്നും ഞാൻ മറന്നിട്ടില്ല:

'തണ്ടാർമാതിൻ മുലക്കുങ്കുമരസമിഴകും
ചാരുദോരന്തരാളം
വണ്ടത്താന്മാർ മുരണ്ടെത്തിന മണമിളകും
വന്യമാലാഭിരാമം
കൊണ്ടാടിത്താപസന്മാരഹരനു തിരയും
സച്ചിദാനന്ദരൂപം
കണ്ടാവൂ ഞാൻ കളായദ്യുതിയൊട്ട പട-
തല്ലുന്ന കാന്തിപ്രവാഹം!'

ഇതിന്റെ പദസൌകുമാര്യം, ശയ്യാഗ്രഹണം, അർത്ഥഗൌരവം, വ്യംഗ്യഭംഗി മുതലായവ മാത്രമല്ല, ഒടുവിലൊടുവിൽ ഓരോ പദംപോലും അവരുടെ മുക്തകണ്ഠമായ ശ്ലാഘയ്ക്കു വിഷയീഭവിക്കുകയായി. കൂടക്കൂടെ ഈ ശ്ലോകം ഏതു ചമ്പുവിൽനിന്നു കിട്ടി?' എന്ന് എന്നോടുള്ള ചോദ്യവും പുറപ്പെട്ടിരുന്നു. അവരുടെ നിർബ്ബന്ധം എന്നെക്കൊണ്ട് ആ ശ്ലോകത്തിന്റെ കർത്താവിനെ പറയിക്കുകതന്നെ ചെയ്തു. ആ ശ്ലോകം ഒരു ചമ്പുവിലേതുമല്ലെന്നും, അതൊരു ജീവൽക്കവിയുടേതാണെന്നും അറിഞ്ഞതോടുകൂടി, അവരുടെ ആ പ്രശംസാവിലസിതം പുലർവേളയിലെ പൂനിലാവ് ഉദയപ്രഭകൊണ്ടെന്നപോലെ, പതുക്കെപ്പതുക്കെ മങ്ങിത്തുടങ്ങി. എന്തിനേറെ? രണ്ടുമൂന്നു നിമിഷങ്ങൾക്കുള്ളിൽ, സാഹ്ലാദലോകത്തു വിഹരിക്കപ്പെട്ടിരുന്ന ആ സാധുശ്ലോകം പാതാളത്തിലെത്തിക്കഴിഞ്ഞു! ഇതുക്കുണ്ട്, നമ്മളിൽച്ചിലർക്കു പഴയ കാവ്യങ്ങളിൽ—വിശേഷിച്ചും ചമ്പൂകാവ്യങ്ങളിൽ—അന്ധമായ ആദരവ്.

പഴയ ചമ്പുപ്രബന്ധങ്ങൾ വായിക്കേണ്ടവതന്നെയാണ്. ഒരു രസകരമായ രചനാവിശേഷം അവയിൽ മിക്കതിന്നുമുണ്ട്. രാമായണചമ്പു മുതലായ അഞ്ചാറു ചമ്പുക്കളൊക്കട്ടെ, രചനാഭംഗിയിൽ ഏറ്റവും മുന്തിനില്ക്കുന്നു. ഒരു ചമ്പുശ്ലോകം നിങ്ങളെ കേൾപ്പിക്കാം:

'മേളിച്ചു നല്ല മൃഗനാഭിതുഷാരതോയൈ-
ന്നീളെത്തളിച്ചു ലളിതം മണിരംഗഭൂമൌ
നാളീകലോലമിഴിമാർ മെഴുകീടിനാർ വ-
ന്നാലോലകുണ്ഡലത്ഡണൽക്കരണാഭിരാമം.'

(നൈഷധചമ്പു. പൂർവ്വഭാഗം 68)

Digitized By Kerala Sahitya Akademi

ഈ ശ്ലോകത്തിന്റെ ശബ്ദമാധുരി നിങ്ങളുടെ മനോഭ്രമിയെ പനിനീരിൽക്കലെക്കിയ കസ്തൂരികൊണ്ടു കഴുകുന്നില്ലയോ? പദ്യകാവ്യങ്ങളിൽ സ്വതന്ത്രകല്പനകൾ ചുരുങ്ങും. സംസ്കൃതകവികളുടെ ആശയങ്ങളെ പലമട്ടിൽ പകർത്തുകയാണ്, പദ്യകാരന്മാർ പ്രായേണ ചെയ്തിരിക്കുന്നത്. ഈ അപഹരണത്തിന്നു കാരണം അവരുടെ അശക്തിയാണെന്നു തെറ്റിദ്ധരിക്കരുത്. സംസ്കൃതകാവ്യങ്ങളുടെ സൌഭാഗ്യം സംസ്കൃതാനഭിജ്ഞരെക്കൊണ്ടു സമാസ്വദിപ്പിക്കുക എന്നതായിരുന്നു അവരുടെ ഉദ്ദേശം; ഇത് അന്നത്തെ സ്ഥിതിക്ക് അത്യാവശ്യവുമായിരുന്നു. അന്നുമുണ്ട്, ഇന്നുമുണ്ട് ആശയാപഹരണം: നിങ്ങൾ ഇന്നു മഹാകവികൾ എന്നുവിളിക്കുന്നവരുടെ കൃതികളിൽത്തന്നെ പരസ്വം എത്രയെത്ര പകർന്നിട്ടുണ്ടെന്നു നോക്കുക. വാസ്തവത്തിൽ ഒരു മഹാനായ പാശ്ചാത്യ ചിന്തകൻ പറഞ്ഞതുപോലെ, രണ്ടോ നാലോ സനാതനഗ്രന്ഥങ്ങളുടെ വ്യാഖ്യാനങ്ങളാണ്, പിൽക്കാലത്തുണ്ടാവുന്ന ഗ്രന്ഥങ്ങളിൽ മിക്കവയും.

രാമായണവും ഭാരതവുമത്രേ, ഭാരതവർഷത്തിലെ സനാതനങ്ങളായ സാഹിത്യഗ്രന്ഥങ്ങളിൽ പ്രധാനങ്ങൾ. വിശ്വസാഹിത്യത്തിൽ ഇവയ്ക്കുള്ള സ്ഥാനം ശാശ്വതമായിരിക്കും. ഒരുകാലത്തു ഭൂഗോളത്തിന്റെ എല്ലാ ഭാഗങ്ങളിലേയ്ക്കും മഹത്തരങ്ങളായ മാനുഷസംസ്കാരങ്ങളെ അയച്ചുകൊടുത്തുകൊണ്ടിരുന്ന മനസ്വിനിയായ ഭാരതഭ്രമിയുടെ പ്രാണനാഡികളാണിവ. ഇന്നത്തെ ചില ഉൽപതിഷ്ണുക്കളുടെ പ്രീതി സമ്പാദിക്കണമെങ്കിൽ, ഇങ്ങിനെയല്ല പറയേണ്ടത്. ഈ പഴഞ്ചൻ ഗ്രന്ഥങ്ങൾ ആര്യബ്രാഹ്മണരുടെ മേന്മ സ്ഥാപിക്കാൻ എഴുതപ്പെട്ടവയാണെന്നും, പരിഷ്കൃതജീവിതത്തിന്നു പറ്റിയതല്ലെന്നും, മറ്റും തട്ടിവിടുകയാണ് വേണ്ടത്. എന്നാൽ അതു ഘോരമായ ഒരവാസ്തവമായിരിക്കും. രാമായണഭാരതാദികൾ അവയുടെ ആവിർഭാവകാലത്തു ജാതിഭേദത്തെ അറികയേ ചെയ്തിട്ടില്ല. അവയിലെ ജാതിപരങ്ങളായ സന്ദർഭങ്ങൾ പിൽക്കാലങ്ങളിൽ എഴുതിച്ചേർക്കപ്പെട്ടവയാകുന്നു. ഭാഗവതത്തിൽനിന്ന്, ഒരു ചെറിയ ഉദാഹരണം എടുക്കാം. രുഗ്മിണിയുടെ പ്രണയദൂതനായ ബ്രാഹ്മണയുവാവിനെ കൃഷ്ണൻ എഴുന്നേറ്റു പൂജിച്ചിരുത്തി കാൽ തലോടിക്കൊടുത്തതായി ദശമസ്കന്ധത്തിലെ ഒന്നു രണ്ടു പദ്യങ്ങളിൽ നാം കാണുന്നുXഇപ്പുറത്തുള്ള മറൊരു ശ്ലോകത്തിലാകട്ടേ, കൃഷ്ണൻ ബ്രാഹ്മണന്റെ കൈപിടിച്ചു ചിരിച്ചുകൊണ്ടു സംസാരിച്ചുവെന്നും കാണുന്നു.X നാം ആരുടെ കാൽതലോടുന്നുവോ ആ പൂജനീയനോട്, ഒരു ചങ്ങാതിയോടെന്നപോലെ, കൈപിടിച്ചു സല്ലപിയ്ക്ക എന്നതു സംഭാവ്യമാണോ? ഇതിൽനിന്ന് നിഷ്പ്രയാസം ഊഹിയ്ക്കാമല്ലോ, കാൽ തലോടലിനെക്കുറിച്ചുള്ള ശ്ലോകങ്ങൾ പിൽക്കാലത്തു ബ്രാഹ്മണ

X ദൃഷ്ട്വാ ബ്രഹ്മണ്യദേവസ്തമവരുഹ്യനിജാസനേ
ഉപവേശ്യാഹയാഞ്ചക്രേ യഥാസ്ഥാനം ദിവൌകസഃ
തം ഭുക്തവന്തം വിശ്രാന്തമുപഗമ്യ സതാംഗതിഃ
പാണിനാഭിമൃശ്യൻ പാദാവവ്യഗ്രസ്തമപൃച്ഛത.
(ദശമസ്കന്ധം ഉത്തരാർദ്ധം 52–ാം അധ്യായം. 28 29)

X വൈദർഭ്യാഃ സത്വ സന്ദേശം നിശമ്യ യദുനന്ദനഃ
പ്രഗൃഹ്യ പാണിനാ വാണീം പ്രഹസന്നിദമബ്രവീൽ
(53–ാം അധ്യായം 1)

Digitized By Kerala Sahitya Akademi

രുടെ ജാത്യഭിമാനത്തിൽനിന്നു ജനിച്ചതാണെന്നു്. മറ്റുള്ള ജനങ്ങളെയെല്ലാം എന്നെന്നേയ്ക്കും കീഴ്പ്പെടുത്തുന്നതിന്നുവേണ്ടി, ഇടക്കാലങ്ങളിൽ ബ്രാഹ്മണർ അപ്പപ്പോൾ തുന്നിപ്പിടിപ്പിച്ച കപടാക്ഷരങ്ങൾ നമ്മുടെ സംസ്കൃതമഹാഗ്രന്ഥങ്ങളിൽ പലതിലും മുഴച്ചുനില്ക്കുന്നുണ്ടു്. അവ നമ്മളെ വേണ്ടതിലധികം അടിപ്പെടുത്തുകയും ചെയ്തിരിക്കുന്നു. നോക്കുക: തുപ്പാപ്പൂർസ്വരൂപത്തിലെ ഒരു യുവരാജാവുപോലും (അശ്വതി തിരുനാൾ തമ്പുരാൻ) തന്റെ രുഗ്മിണീസ്വയംവരം ആട്ടക്കഥയിൽ, രാജകുമാരിയായ രുഗ്മിണിയെക്കൊണ്ടും യാദവേശ്വരനായ കൃഷ്ണനെക്കൊണ്ടും ആ ദൂതബ്രാഹ്മണനെ വീണ്ടും വീണ്ടും വന്ദിപ്പിച്ചിരിക്കുന്നു. ഒരു 'കോവിലകം സേവകനു'' എത്രത്തോളം വന്ദനീയത ഉണ്ടാവാമെന്നു നമ്മുടെ തമ്പുരാൻ ആലോചിയ്ക്കാതെ പോയതു്, പരമ്പരാസിദ്ധമായ ബ്രാഹ്മണഭക്തിയുടെ സമ്മോഹനവിദ്യകൊണ്ടല്ലയോ? നേരേമറിച്ചു, നമ്പൂതിരിമാരുടെ ചവിട്ടടിയിൽക്കിടക്കുന്ന ഒരമ്പലവാസിയായിട്ടുകൂടി ഉചിതജ്ഞനായ ഉണ്ണായിവാരിയർ ദമയന്തിയെ പണ്ടാദ—സുദേവന്മാരുടെ കാല്മൽ കുമ്പിടുവിച്ചിട്ടില്ല (നളചരിതം ആട്ടക്കഥയിൽ); വാരിയരുടെ ഋതുപർണ്ണമഹാരാജാവും അത്ര ബ്രാഹ്മണഭക്തനല്ല! അഹോ, അന്നത്തെ ബ്രാഹ്മണർ സ്വജാതിമേന്മയ്ക്കായി ആഷ്സൂക്തങ്ങളിൽ അപ്രകാരമെല്ലാം കൂട്ടുകൂട്ടിയതുകൊണ്ടല്ലയോ, ഇന്നത്തെ ബ്രാഹ്മണർ ആഭിജാത്യമാഗ്രത്തിൽനിന്നു സത്യമാർഗ്ഗത്തിലേയ്ക്കു കയറുവാൻ തീവ്രയത്നം ചെയ്യേണ്ടിവന്നതു്!

നമ്മുടെ ആഷ്ഗ്രന്ഥങ്ങൾ ബ്രാഹ്മണശ്രാഘികളാണെന്നു തന്നെ ഇരിയ്ക്കട്ടെ. ഇതുമൂലം അവയെ വജ്ജിയ്ക്കുകയാണെങ്കിൽ, നാം അത്യാനന്ദകരവും അത്യൽകൃഷ്ടവുമായ ഒരു സാഹിത്യലോകത്തിൽനിന്നു നിഷ്കാസിതരായിപ്പോകും; ഈ ദുർഭാഗ്യം യാതൊരു പരിഹാരവുമില്ലതാനും.

മനുഷ്യൻ എങ്ങിനെയായാൽ മനുഷ്യനാവുമെന്നു മനോഹരമായ സാഹിത്യഭംഗിയിൽ ഉപന്യസിയ്ക്കുകയാണു് രാമായണ—ഭാരതങ്ങൾ ചെയ്യുന്നതു്. നാം എത്ര വലിയ പരിഷ്കാരത്തിലെത്തിയാലും നമ്മുടെ മാർഗ്ഗദർശികളും മാതൃകാപുരുഷന്മാരും രാമ—യുധിഷ്ഠിരാദികൾതന്നെ. ഒരുവിധത്തിലല്ലെങ്കിൽ മറ്റൊരുവിധത്തിൽ ഉൽകൃഷ്ടരാമായണപാത്രങ്ങളെയത്രേ, വാല്മീകി—വ്യാസന്മാർ നമുക്കു പരിചയപ്പെടുത്തിത്തന്നിട്ടുള്ളതു്....അവരുടെ ദൃഷ്ടിയിൽ രാവണ—ദുര്യോധന—കർണ്ണാദികൾതന്നെയും നിന്ദനീയരല്ല. രാവണന്റെയും മറ്റും സൽഗുണങ്ങളിൽ ചില പോറലുകളുണ്ടാക്കിയതു് ആഷ്സിദ്ധാന്തത്തെ വേണ്ടുവോളം ഗ്രഹിക്കാതിരുന്ന അർവ്വാചീനഭക്തകവികളുടെ നാരായമുനകളാകുന്നു. രാവണനെ കണ്ടസമയത്തു്, രാമഭക്തന്മാരിൽ അഗ്രഗണ്യനായ ഹനുമാനെക്കൊണ്ടുപോലും,

അഹോരൂപ, മഹോ ധൈര്യ—
മഹോ നെഞ്ഞുക്കഹോ ദ്യുതി
അഹോ രാക്ഷസരാജാവിൻ
സമ്പൂലക്ഷണ പൂർത്തിയും!
അധർമ്മമിതുവമ്പിച്ചു—
ട്ടില്ലെന്നാലീയരക്കർഃകോൻ
രക്ഷിതാവായിരുന്നേനേ
സേന്ദ്രമാമുമ്പർനാടിനും!

Digitized By Kerala Sahitya Akademi

(വാല്മീകിരാമായണം സുന്ദരകാണ്ഡം 49—ാം സർഗ്ഗം) എന്ന് ആത്മഗതം ചെയ്തിച്ചിട്ടുള്ളതുതന്നെമതി, വാല്മീകി രാവണനു കല്പിച്ചിട്ടുള്ള മാഹാത്മ്യം എത്രമേലാണെന്നു കാണിയ്ക്കാൻ!

പ്രാചീനസൽഗ്രന്ഥങ്ങളെ പരിശീലിച്ചാലേ കവിത്വത്തിനു വളർച്ചയുണ്ടായിവരൂ. വായനയത്രേ വാസനയ്ക്കു വളം. വായനയുടെ കാര്യത്തിൽ നമ്മുടെ പുതുകവികൾ അത്ര ശ്രദ്ധിയ്ക്കുന്നില്ലെന്നു ഞാൻ പലപ്പോഴും വ്യസനിയ്ക്കാറുണ്ട്: വിവക്ഷിതങ്ങൾ വെളിപ്പെടുത്താൻ, തക്ക പദങ്ങൾ വേണം. അവയെ തക്ക സ്ഥാനങ്ങളിൽ വിന്യസിക്കുകയും വേണം. അതിനു പദപരിചയവും പദവിന്യാസരീതിപരിജ്ഞാനവും കൂടിയേകഴിയൂ. ആശയസാമഞ്ജസ്യമെന്നപോലെ ഇവയും വ്യുല്പത്തികൊണ്ടേ സിദ്ധിയ്ക്കുകയുള്ളൂ. വ്യുല്പത്തി എന്നതു സംസ്കൃതഭാഷാപാണ്ഡിത്യമാണെന്നു കരുതി നിങ്ങൾ മുഖംതിരിയ്ക്കേണ്ട; വിശേഷജ്ഞാനമെന്നേ ഇതിനർത്ഥമുള്ളൂ. സമുദ്രംപോലെ വിശാലഗംഭീരമായിക്കിടക്കുന്ന സംസ്കൃതഭാഷയിൽ പാണ്ഡിത്യം സമ്പാദിച്ചിട്ടുവേണം, മലയാളി കാവ്യനിർമ്മാണത്തിനൊരുങ്ങാനെന്ന് ആരും ശഠിയ്ക്കുന്നില്ല. കൈരളിയ്ക്കു സംസ്കൃതപദങ്ങളെ കൈവിടുവാൻ നിവർത്തിയില്ല. അതുകൊണ്ട്, അവയുടെ ശ്രദ്ധ്യശ്രദ്ധികൾ ധരിച്ചുവെയ്ക്കുക അയാളുടെ കർത്തവ്യമാണെന്നു മാത്രം. ഇതു ചെയ്യാത്തതിനാലാണ് അധികമാവുക എന്നർത്ഥത്തിൽ 'അധികരിയ്ക്കു'ന്നും (അധികാരപ്പെടുത്തൽ), പ്രതിനിധിയാവുക എന്നർത്ഥത്തിൽ "പ്രതിനിധീകരിയ്ക്കുലും" (പ്രതിനിധിയാക്കുക) ആകർഷകം എന്നർത്ഥത്തിൽ 'ആകർഷണീയ'വും സധൈര്യം എന്നർത്ഥത്തിൽ 'സധീര'വും സഹാനുഭൂതി എന്നർത്ഥത്തിൽ 'അനുഭാവ'വും മറ്റും നാം എഴുതുന്നവയിൽ ചാടിവീഴുന്നത്. ഈ വക അപശബ്ദങ്ങൾ ഏതാണ്ട് പഴകിപ്പോയിരിയ്ക്കുന്നു, പുതിയ പുതിയ അപശബ്ദങ്ങൾ നാൾതോറും പൊട്ടിമുളയ്ക്കുന്നുമുണ്ട്. X ഒരൊറ്റശ്ശബ്ദം വഴിപോലെ മനസ്സിലാക്കി . ശരിയ്ക്കു പ്രയോഗിച്ചാൽ, അതു സ്വർഗ്ഗലോകത്തു കാമധേനുവായിത്തീരും (പ്രയോക്താവിന്ന് സ്വർഗ്ഗവാസവും സർവാഭീഷ്ടവും നൽകും) എന്ന ശ്രൌതവാക്യത്തിൽ വിശ്വാസമുള്ളവർ, അപശബ്ദപ്രയോഗം പാപജനകവുംകൂടിയാണെന്നു പേടിച്ചേയ്ക്കും! ഇക്കാലത്തിലെ അതിവ്യുല്പന്നന്മാരെന്നു വിശ്രുതന്മാരായ മഹാകവികളുടെ കൃതികളിൽത്തന്നെയും ആനവലിച്ചാൽ നീങ്ങാത്ത അബദ്ധങ്ങൾ അവിടവിടെ കടന്നുകൂട്ടിയിട്ടുള്ളതു നോക്കിയാൽ കാണാം; ഈ സ്ഥിതിയ്ക്ക് പെരുകവികളുടെ അപശബ്ദപ്രയോഗങ്ങളെപ്പറ്റി ആവലാതിപ്പെടുന്നതെന്തിന്?

പഴയ മണിപ്രവാളകാവ്യങ്ങളിൽ മിക്കവയും ഒരു വ്യാഖ്യാതാവിന്റെ സാഹായ്യംകൂടാതെ സാധാരണക്കാർക്ക് വായിച്ചു ഗ്രഹിയ്ക്കാവുന്നതല്ല. ഇയ്യിടയിൽവെച്ച് ഉത്തമഗ്രന്ഥങ്ങൾക്കു വ്യാഖ്യാനം രചിയ്ക്കുന്നതിന്നായി പണ്ഡിതന്മാർ തുവലെടുത്തു തുടങ്ങിയിട്ടുള്ളതു ആശ്വാസകരംതന്നെ. അവരുടെ ഭാഷാഭിമാനത്തേയും പരിശ്രമത്തേയും നാം കൃതജ്ഞതാപൂർവ്വം അഭിനന്ദിയ്ക്കുക. രണ്ടുനാലു മാസങ്ങൾക്കു മുമ്പേ പുറത്തു വന്നിട്ടുള്ള ഭാഷാനൈഷധചമ്പൂവ്യാഖ്യാനം, പഠിതാക്കൾക്കു പല പല പരിജ്ഞാനങ്ങളെ പ്രദാനംചെയ്യുന്നതും പ്രശസ്തരവുമാകുന്നു. പാട്ടത്തിൽ പദ്മനാഭമേനോനവർകൾ പ്രശംസാർഹമായ മനസ്ഥൈര്യത്തോടേ അഞ്ചുകൊല്ലം

X ഏകഃ ശബ്ദഃ സമ്യഗ്ജ്ഞാതഃ സുപ്രയുക്തഃ സ്വർഗ്ലോകേ കാമധുഗ്ഭവതി.

Digitized By Kerala Sahitya Akademi

പരിശ്രമിച്ചതിന്റെ ഫലവും വൈദുഷ്യസമ്പന്നനായ വടക്കുംകൂർ രാജരാജ വർമ്മരാജാവവർകളാൽ പരിശോധിതവുമായ ഒരു സവിസ്തരവ്യാഖ്യാന മാണിത്".

ഇത് അവിടവിടെ ഒന്നോടിച്ചുനോക്കാനേ എന്റെ അലസത സമ്മതിച്ചുള്ളൂ. ഉത്തരഭാഗത്തിൽ, പരിത്യക്തയായ ദമയന്തി, പിച്ചക വള്ളിയോട് നളനെ അന്വേഷിയ്ക്കുന്നതായ 61–ാം ശ്ലോകത്തിന്റെ

"തല്പസീമ്നി തവ മോഹനാനി കുസുമാന്യുത്തര
ധരണീതലാ–
കല്പമിന്നുടനഴിച്ചു കുന്തൽ മമ ചൂടുമേ
പെരുത്ത ചൂടുമേ

എന്ന ഉത്തരാർദ്ധത്തിലുള്ള ധരണീതലാകല്പത്തിന്നു ധരണീതലത്തിന്നു തുല്യം എന്നർത്ഥം കല്പിച്ചു കുന്തലിന്റെ വിശേഷണമാക്കിയതു ചിന്തനീയ മാകുന്നു. അങ്ങിനെയാണ് വിവക്ഷയെങ്കിൽ, 'ധരണീതലകല്പ'മെന്നേ പ്രയോഗിപ്പാനിടയുള്ളൂ. 'ധരണീതലം' സ്ത്രീലിംഗമാകയില്ല; "ആകല്പം" സാദൃശ്യവാചിയുമല്ല. 'നില'ത്തെ ബലാൽക്കാരേണ കേശോപമാനദ്രവ്യ ങ്ങളിൽ ഉൾപ്പെടുത്തിയാൽത്തന്നെയും, ദമയന്തി തന്റെ തലമുടിയെ അതിനോടുപമിച്ചു വർണ്ണിച്ചു എന്നു വരുന്നതാണോ? 'ധരണിതലാകല്പഃ' ധരണിതലത്തിന്നു ആകല്പം—അലങ്കാരഭൂതൻ—നളൻ' എന്നർത്ഥം സുഗ്രഹ മായിരിയ്ക്കേ, വളഞ്ഞ വഴിയിൽ പാഞ്ഞുകയറിയ വ്യാഖ്യാതാവിനെ പരിശോധകൻ തടുക്കേണ്ടതായിരുന്നു. ഇതിന്നടുത്തുതന്നെയുള്ള

'ആധി മേ മനസി ഹന്ത പാരമേ
കാതരോസ്മി വരടാസുമൌഘമേ
ശംസമേ രമണമിന്നു കണ്ഭിതോ
ഹംസമേ ഖഗകുലാവതംസമേ?'

എന്ന ശ്ലോകത്തിലെ 'വരടാസുമൌഘമേ' എന്ന പദത്തിന്നു 'മുല്ലപ്പൂക്കുട്ടമേ' എന്നർത്ഥം കൊടുത്തിട്ടുള്ളതും തിരുത്തേണ്ടതാണെന്നു തോന്നുന്നു. വരടശബ്ദം നപുംസകലിംഗമായാലേ, കുരുക്കുത്തിമുല്ലയാകയുള്ളൂ എന്നതിരിയ്ക്കട്ടെ; "മുല്ലപ്പൂക്കുട്ടമേ' എന്ന സംബുദ്ധി ധാവല്യമൂലകാധ്യവസായദ്വാരാ ഹംസ വിശേഷണമാണെന്നു കല്പിയ്ക്കുകയാണെങ്കിൽ, അതു വിസ്തരിയ്ക്കാത്തതു സവിസ്തരവ്യാഖ്യാനമെന്ന നിലയ്ക്കു യോജിച്ചതല്ല. പൂർവ്വാർദ്ധം മുല്ലപ്പൂക്കുട്ട ത്തോടുതന്നെ പറഞ്ഞതാണെന്നു കല്പിയ്ക്കുകയാണെങ്കിൽ, അതിന്നു പ്രക രണം അനുകൂലവുമല്ല. ഓരോന്നിനോടും ഓരോ ശ്ലോകംകൊണ്ടാണല്ലോ ദമയന്തിയുടെ കാന്താന്വേഷണം, വരടാസുമൌഘമേ (അന്നപ്പിടയുടെ സുഖപുഞ്ജമേപ്രിയതമ) എന്നായിരിയ്ക്കും കവികല്പിതപാഠം. അതിലെ ഖകാരം പകത്തെഴുത്തിൽ മകാരമായി മാറിയതാവാം, നമ്മുടെ വ്യാഖ്യാ താവിന്റെ പ്രധാനകാരണം. 'സ്ഥിതസ്യഗതിഃ' എന്ന ന്യായംമാത്രം പിടിച്ചു വ്യാഖ്യാനിച്ചാൽ ഇങ്ങിനെ ചില ന്യൂനതകളും പറഞ്ഞുപോവാം. 'തട്ടാൻപൂവ്വും വഴിയിലഴകാന്നമ്പലം' എന്ന ഉണ്ണുനീലിസന്ദേശശ്ലോക ത്തിലെ അഴക് അഴലായി മാറിയതു നിമിത്തം, തദ്വ്യാഖ്യാതാവിനു്, ഒരു ക്ഷേത്രവും, ഒരു തട്ടാൻ പണ്ടു വഴിയ്ക്കുവെച്ചു് ദുഃഖത്തിൽപ്പെട്ട എന്നാദി യായ ഒരൈതിഹ്യവും കെട്ടിച്ചമയ്ക്കേണ്ടിവന്നതു ഞാനിപ്പോൾ അനുസ്മരി ക്കുന്നു. വഴിയിൽ അഴകാന്ന തട്ടാൻപൂവ്വും . അമ്പലം—ഹിരണ്യപൂവ്വും

Digitized By Kerala Sahitya Akademi

കശിപും എന്ന മാതിരി) തട്ടാനമ്പലം—മാവേലിയ്ക്കരയ്ക്കടുത്ത ഒരു പ്രദേശം എന്നാണല്ലോ ഇതിന്നർത്ഥം.

വ്യാഖ്യാനങ്ങളെ നാം കണ്ണടച്ചു വിശ്വസിച്ചുകൂടാ എന്നു കാണിപ്പാൻ വേണ്ടി മാത്രമാണ്, ഇതിവിടെ പ്രസ്താവിച്ചതു്. അവയെ കഴിയുന്നേടത്തോളം വിശുദ്ധീകരിച്ചു് അച്ചടിച്ചു പ്രചരിപ്പിയ്ക്കണം. ഇരുട്ടറകളിൽക്കിടന്നു ദ്രവിയ്ക്കുന്ന ഗ്രന്ഥങ്ങളെ വെളിച്ചത്തേയ്ക്കു കൊണ്ടുവരണം. വായനയിൽ പൊതുജനങ്ങൾക്കു് അഭിരുചിയുണ്ടാക്കണം. പലയിടങ്ങളിലും വായനശാലകൾ തുറക്കണം. വിവിധവിഷയകങ്ങളായ പുതിയ പുതിയ ഗ്രന്ഥങ്ങൾ സ്വയം നിർമ്മിയ്ക്കുകയോ, ഇതരഭാഷകളിൽനിന്നെടുക്കുകയോ ചെയ്യണം—ഇങ്ങനെ എണ്ണമില്ലാത്ത കർത്തവ്യങ്ങളുണ്ടു്, നിങ്ങളുടെ യൗവനത്തുടിപ്പിയന്ന മുഖത്തെയ്ക്കു നോക്കിനില്ക്കുന്നു. അതിനാൽ ഈ സമ്മേളനത്തിൽനിന്നു, നമ്മുടെ സാഹിത്യത്തിന്റെ സർവാംഗീണമായ അഭിവൃദ്ധിയൊന്നിനെത്തന്നെ ലക്ഷ്യമാക്കി വേലചെയ്യുന്നതിന്നു് ഒരു പ്രബലമായ സംഘം പൊന്തിവരേണ്ടിയിരിക്കുന്നു. ഭാഗ്യത്താൽ അഭ്യസ്തവിദ്യരായ ഒട്ടേറെ യുവാക്കന്മാർ ഇന്നു കേരളത്തിലുണ്ടല്ലോ. അവരിൽ ചുരുങ്ങിയതു് ഒരായിരം പേർ മാതൃഭാഷാസേവനത്തിന്നു്, ആ പുണ്യംതന്നെ പ്രതിഫലമായിക്കരുതി, കാപ്പുകെട്ടി പുറപ്പെടട്ടെ: ഓരോ വകുപ്പിന്നും എത്ര പേർ വേണമോ, അത്ര പേർ അതിൽച്ചേരുന്ന പ്രസ്തുതവിഷയങ്ങളിൽ പ്രവർത്തിയ്ക്കട്ടെ.

പട്ടണങ്ങളിലല്ല, ഗ്രാമങ്ങളിലാണു് ഭാരതഭൂമിയുടെ യഥാർത്ഥ സാന്നിധ്യം; അതിനാൽ നാട്ടുംപുറങ്ങളത്രേ നിങ്ങളുടെ കർമ്മരംഗങ്ങൾ. നിങ്ങളിൽ കുറേപ്പേർ ഓരോ അംശത്തിലും സഞ്ചരിച്ചു തന്നിവാസികളെ, വിദ്യാഭ്യാസത്തിന്റെ അത്യാവശ്യകതയും സാഹിത്യത്തിന്റെ മഹിമയും സുകുമാരമായ ഭാഷയിൽ പറഞ്ഞുധരിപ്പിക്കുക. ഹൃദയംഗമങ്ങളായ കാവ്യശകലങ്ങളെ കർണ്ണാനന്ദകരമാംവണ്ണം ചൊല്ലിക്കേൾപ്പിച്ചു് അതിന്റെ സാരസ്യം മനസ്സിലാക്കിക്കൊടുക്കുകയും ചെയ്യുക. ഇതു ചെയ്താൽ അവരുടെ സ്ഥിതിയ്ക്കൊത്ത വായനശാലകൾ സ്ഥാപിക്കാൻ അവർതന്നെ ഉത്സാഹിച്ചുകൊള്ളും. സാഹിത്യാമൃതത്തിന്റെ ഒരു തുള്ളി അകത്തുചെന്നാൽ മതി, മനുഷ്യന്നു മാനസദാഹത്തിന്നു മറെറാന്നും കിട്ടിയാൽ പോരെന്നാവാൻ! ഇങ്ങിനെ വായനക്കാർ ഏറിയേറിവരുന്നതോടുകൂടി, നിങ്ങളുടെ ഗ്രന്ഥകാരന്മാരിൽ ലക്ഷ്മീകടാക്ഷവും ഒട്ടൊട്ടു പതിഞ്ഞുതുടങ്ങും. സാഹിത്യമെന്നോ കലാവിദ്യകളെന്നോ കേട്ടിട്ടുപോലും ഇല്ലാത്ത എത്രയെത്ര പാവങ്ങളുണ്ടു് നമ്മുടെ നാട്ടിൽ, മുക്കാലും മൃഗനിർവ്വിശേഷരായി ജീവിച്ചുപോരുന്നു! അവരുടെ പാഴ്ക്കുടിലുകളിൽ,നിങ്ങൾക്കു കിട്ടിയ വിജ്ഞാനം കൊണ്ടു വെളിച്ചംവെച്ചുകൊടുക്കട്ടെ ജാതിശാസനത്താൽ മനുഷ്യത്വത്തിൽ നിന്നുതന്നെയും അകറ്റിനിർത്തപ്പെട്ടിരിക്കുന്ന ഓരോ സാധുവിനേയും നിങ്ങൾ സസ്നേഹം കൈകൂപിടിച്ചു സരസ്വതീക്ഷേത്രത്തിൽ പ്രവേശിപ്പിക്കുക. ഈ ക്ഷേത്രപ്രവേശനത്തിന്നു പുരോഹിതന്റെയോ ഭരണാധികൃതന്റെയോ അനുമതിപത്രം കിട്ടേണ്ടതില്ലല്ലോ.

പ്രവർത്തകന്മാർ പ്രതിഫലം കാംക്ഷിക്കുന്നില്ലെങ്കിലും മറു ചെലവുകൾക്കു പണം വേണ്ടയോ? അതിന്നെന്തുപറയാം? നമ്മുടെ പണക്കാർ തരുമോ? ശ്രീദേവി വാഗ്ദേവിയെ സല്ലരിച്ചിരുന്ന ഒരു സുവർണ്ണകാലം കേരളത്തിലുണ്ടായിരുന്നു; അതിനി തിരിച്ചുവരുമോ, ആവോ? ഇന്നു്

Digitized By Kerala Sahitya Akademi

നമ്മുടെ പണക്കാരിൽ പലർക്കും അവരുടെ ഭാഷയെപ്പറ്റിയോ സാഹിത്യത്തെപ്പറ്റിയോ ആലോചിപ്പാനേ സമയമില്ല; ഈവക ചെറിയ ചെറിയ കാര്യങ്ങളിൽച്ചെന്നുകേറാവുന്നതല്ലതാനും, അവരുടെ ഉയർന്ന തല: അവർക്കു വല്ല സായ്പന്മാരും വരുന്നുണ്ടെന്നു കേട്ടാൽ, ഉത്സാഹപൂർവ്വം എതിരേല്പാൻ മാലയും കൈയിൽത്തൂക്കി തീവണ്ടിയാപ്പീസിൽ ചെന്നു നിൽക്കണം; ആ സായ്പുമാരെ ആയിരക്കണക്കിൽ പണം വാരിവിതറി വിരുന്നൂട്ടണം; മോടിതികഞ്ഞ മോട്ടോർകാർ എവിടെ എത്രായിരം പവന്നു കിട്ടുമെന്നന്വേഷിക്കണം; ആറേഴായിരം നാഴികദൂരത്തുനിന്നും വിലയേറിയ ബിരുദങ്ങൾ വരുത്തിവെയ്ക്കണം. മറ്റുവല്ലതിന്നും അവരുടെ നെടുനീളൻ മടിശ്ശീല വായ് പൊളിയ്ക്കുമെങ്കിൽ അതു പാവങ്ങളുടെ പ്രയത്നഫലം വിഴുങ്ങാനായിക്കും!'

അതിനാൽ സാമാന്യജനങ്ങളുടെ നിഷ്കളങ്കൗദാര്യംതന്നെ നമുക്കു മുഖ്യാവലംബം. അവരോട്, അവരുടെ ഭാഷയ്ക്കുള്ള ഓഹരി യാചിച്ചുവാങ്ങുന്നതിന്നായി നിങ്ങളുടെ ഇടയിൽനിന്നു വിദഗ്ധതയും വിശ്വസ്തതയുമേറിയ കുറേ ചിലർ ഒരുങ്ങിപ്പുറപ്പെടട്ടെ. കേരളത്തിൽമാത്രം പോരാ കേരളീയാധിവാസമുള്ള വിദേശങ്ങളിലും സഞ്ചരിക്കണം. ഈരണ്ടു പേർമാത്രമായി സഞ്ചരിക്കുകയാണ് അധികം നല്ലത്. വേഷം ഭിക്ഷുക്കളുടേതുപോലിരിക്കണം. കാവിയിൽ മുക്കിയ ഖദർവസ്ത്രങ്ങളേ ധരിക്കാവൂ. അത്യാവശ്യങ്ങളായ യാത്രോപകരണങ്ങളടങ്ങിയ ഓരോ സഞ്ചി, സാഹിത്യപോഷണഭാരം ചുവന്ന തോളിൽ തൂങ്ങിനിന്നുകൊള്ളട്ടെ. ദേഹം മറപ്പാൻമാത്രം ധരിച്ചിട്ടുള്ള ചെറുകുപ്പായത്തിന്മേൽ, തുഞ്ചത്താചാര്യരുടെ ഛായാമുദ്ര പതിച്ചിരിക്കണം. ആ ഗുരുവര്യൻ അവരുടെ ഹൃദയത്തിൽ സ്ഥിതി ചെയ്യുന്നു അതിനെ സദാ വിശുദ്ധവും പ്രബുദ്ധവുമാക്കട്ടെ. ഛായയെഴുതിത്തരാൻ സങ്കല്പശക്തിയുള്ള ചിത്രകാരന്മാരിലാരെങ്കിലും ദയചെയ്യാതിരിക്കില്ല. യാത്രച്ചെലവിന്നായി ഒരു കാശും കയ്യിലെടുക്കരുത്. സ്രഷ്ടാവു തന്ന കാലുരണ്ടുംതന്നെ വാഹനം. ആഹാരാദികാര്യങ്ങൾക്കുണ്ടോ പ്രയാസം! അതിഥികളുടെ മുമ്പിൽ വാതിൽ കൊട്ടിയടയ്ക്കാത്തവരാണല്ലോ, കേരളീയത്തറവാട്ടുകാർ മിക്കവയും. കേരളത്തിൽ സഞ്ചരിക്കുന്നതു ശരൽക്കാലത്തും ഹേമന്തകാലത്തുമായാൽ തളർച്ചയ്ക്കു കുറവും, പിരിവിന്നു കൂടുതലുമുണ്ടാവും. സൌഭാഗ്യവും സമ്പത്തുമേറിയവയാണല്ലോ, കേരളത്തിൽ ശരത്തും ഹേമന്തവും.

എന്റെ യുവഭിക്ഷുക്കളേ, നിങ്ങൾ മാതൃഭാഷയെക്കുറിച്ചുള്ള സ്തോത്രങ്ങൾ പാടിക്കൊണ്ട് ഓരോ ഗൃഹത്തിലും ചെന്നുകേറി ഗൃഹനാഥനെ ലഘുലേഖകൾകൊണ്ടോ ലളിതഭാഷണങ്ങൾകൊണ്ടോ കാര്യത്തിന്റെ ഗൌരവം തികച്ചും ധരിപ്പിക്കണം. ഹൃദയമുള്ളവരിലാരും പിച്ചപ്പാത്രത്തെ യഥാശക്തി മാനിക്കാതിരിയ്ക്കയില്ല. പണം ചോദിക്കുമ്പോൾ ചിലർ മുഖം കറുപ്പിച്ചു എന്നുവരാം; എന്നാൽ നിങ്ങളുടെ മുഖം പ്രസന്നംതന്നെയായിരിക്കണം: ചിലർ പരുഷം പറഞ്ഞെയ്തുകാം; അതു നിങ്ങളെ മൃദുഭാഷികളല്ലാതാക്കരുത്. ചിലർ ശകാരിക്കുകതന്നെ ചെയ്തേയ്ക്കാം, അപ്പോൾ നിങ്ങൾ എന്റെ കൂട്ടുകാരായി (ബധിരന്മാരായി)ത്തീർന്നുകൊള്ളണം. ആശാഭംഗം നിങ്ങളെ സ്പർശിക്കരുത്. പർവതങ്ങൾക്കൊത്ത വിഘ്നങ്ങളെപ്പോലും പുറംകാൽകൊണ്ടു തട്ടിനീക്കുവിൻ! രാജ്യസ്നേഹവും സ്ഥിരനിശ്ചയവും നിങ്ങളുടെ മുഖത്തു വിളയാടട്ടെ! ഉദ്ദേശം നിറവേറുന്നതുവരെ

Digitized By Kerala Sahitya Akademi

പിന്തിരിയുകയില്ലെന്ന് ശപഥം ചെയ്യുവിൻ! ഒരിക്കലും തളരാത്ത സിരകൾ, നിറംപകരാത്ത കണ്ണുകൾ, പതറിപ്പോകാത്ത വികാരങ്ങൾ എന്നിവയത്രേ നമ്മുടെ വിജയാചാര്യന്മാർ'' എന്ന് ഒരു പാശ്ചാത്യ പണ്ഡിതൻ ഉപദേശിച്ചിട്ടുള്ളത് നിങ്ങളുടെ മനോഭിത്തിയിൽ മായാതെ കിടക്കട്ടെ!

ഈ പരിപാവനമായ ഭിക്ഷുവ്രതം ആണ്ടിൽ ഒരു നാലുമാസം അനുഷ്ഠിക്കുകയാണെങ്കിൽ, നിങ്ങൾ സിദ്ധാർത്ഥരായിച്ചമയും; സമസ്തകേരള സാഹിത്യപരിഷത്തിന്റെ അരുമസ്സന്താനമായ ഈ യുവസാഹിത്യ സമാജം, അമ്മയെ വീരസൂശബ്ദത്തിന്നർഹയാക്കാൻ പര്യാപ്തമാവും! എന്ത്, ഭിക്ഷുത്വത്തിൽ നിങ്ങൾക്കു ലജ്ജയോ? കഷ്ടപ്പാടിൽ ഭയമോ? ഭാരതത്തിലെ ഭിക്ഷുക്കളുടെ കാഷായവസ്ത്രങ്ങളല്ലയോ, ഒരു കാലത്തു ഭാരതത്തിന്നു പുറത്തും സുപ്രഭാതപ്രഭയെ വീശിപ്പോന്നത്? ആ സർവ്വസംഗപരിത്യാഗികളായ കർമ്മയോഗികളുടെ പിൻതുടർച്ചക്കാരാണ് നിങ്ങൾ; ത്യാഗസന്നദ്ധതയും, ക്ലേശസഹിഷ്ണുതയും, അക്ഷോഭ്യതയും ക്ഷമാശീലതയും നിങ്ങളുടെ യുവസിരകളിൽ പറ്റിക്കിടക്കുന്നുണ്ട്. അവയെ കുലുക്കിയുണർത്തുവിൻ!

യുവജനസാഹിത്യസമാജമേ, ഭവാന്നു ആയുസ്സും തേജസ്സും വർദ്ധിപ്പൂതാക!

Digitized By Kerala Sahitya Akademi

ഉപസംഹാരപ്രസംഗം:

പ്രാചീനസാഹിത്യം

കാലോചിതമായ സാഹിത്യത്തിന്നുവേണ്ടിയാണല്ലോ യുവജന സമ്മേളനം ശ്രമിക്കുന്നത്. വൈദിക സാഹിത്യത്തിൽനിന്ന് ഉത്ഭവിച്ച വയായത്തുകൊണ്ടാണ് ശാസ്ത്രങ്ങളും പുരാണങ്ങളും അവയെ ആധാരമാക്കി രചിച്ച മറ്റു ഗ്രന്ഥങ്ങളും അന്ധവിശ്വാസം നിറഞ്ഞവയായിരിക്കുന്നത് എന്നൊരാക്ഷേപം ഇവിടെ പുറപ്പെട്ടുകണ്ടു. ഞാൻ പറയുന്നു, പുരാണങ്ങളും ശാസ്ത്രങ്ങളും വൈദികസാഹിത്യത്തിൽനിന്നുത്ഭവിച്ചിട്ടുള്ളവയല്ലാത്തതിനാലാണ് അവയിൽ അന്ധവിശ്വാസം കടന്നുകൂടിയത് എന്ന്. നമ്മുടെ യുവകവികൾ ഇന്നിവിടെ പാടിയതുപോലുള്ള പാട്ടുകളാണ്, പ്രകൃതിയെക്കുറിച്ചും മറ്റുമുള്ള ഗാനങ്ങളാണ് വേദങ്ങൾ. അവയിൽ ജാതിയില്ല, മതമില്ല, അന്ധവിശ്വാസമില്ല. അയിത്തത്തെക്കുറിച്ചുള്ള പ്രസ്താവങ്ങളൊന്നുംതന്നെ വേദങ്ങളിലില്ല. യജുർവേദത്തിൽമാത്രം 'നിഷാദ' ശബ്ദമുണ്ട്. യജുർവ്വേദത്തിനാകട്ടെ, ഋഗ്വേദത്തെയും മറ്റും അപേക്ഷിച്ച് പഴക്കംനന്നേ കുറയും.

ആ പഴമയിൽനിന്നു യുവജനങ്ങൾ പുതിയതിലേയ്ക്കു തെറ്റായ മാർഗ്ഗത്തിലേയ്ക്കു ചാടുന്നതുകണ്ട് നമ്മുടെ പുരാതനമഹർഷിമാർ യുവജനങ്ങളെ മാടിവിളിക്കുന്നുണ്ടായിരിക്കും. ആ മഹർഷിമാരുടെ അടുത്തേയ്ക്കു നാം മടങ്ങിപ്പോവുന്നില്ലെങ്കിൽ, നമുക്കു സംസ്കാരവുമില്ല, സാഹിത്യവുമില്ല. ഇന്നിവിടെ വായിച്ച റിപ്പോർട്ടിലെ അഭിപ്രായങ്ങളും താൻ പറയുന്ന അഭിപ്രായങ്ങളും തമ്മിൽ വാസ്തവത്തിൽ യാതൊരു വ്യത്യാസവുമില്ല. താൻ പഴയത് എന്ന് പറയുന്നതിന്നു അദ്ദേഹം പുതിയതെന്നു പേരിട്ടുവെന്നേയുള്ളൂ.

രാവണായനം നിർമ്മിയ്ക്കുവാൻ നമുക്കു സ്വാതന്ത്ര്യമുണ്ടായിരിക്കണമെന്നു സ്വാഗതസംഘാധ്യക്ഷൻ പറയുകയുണ്ടായല്ലൊ. എന്റെ അഭിപ്രായവും അതുതന്നെയാണ്. രാമനെയും രാവണനെയും നമുക്കു പരിചയപ്പെടുത്തിത്തന്നത് ഒരാൾതന്നെയാണ്—വാല്മീകി. ആ നാരായമില്ലായിരുന്നുവെങ്കിൽ, രാമനുമില്ല, രാവണനുമില്ല. ഇന്ത്യയ്ക്കു സാഹിത്യംകൂടിയുണ്ടാകുമായിരുന്നില്ല. രാമനെപ്പോലെ ധീരോദാത്തനായ ഒരു നായകൻ മരംമറഞ്ഞുനിന്നു ബാലിയെ കൊന്നതോ, ഗർഭിണിയായ ധർമ്മപത്നിയെ കാട്ടിൽ കളഞ്ഞതോ നന്നായില്ല. രാവണനെപ്പറ്റിയും ഇങ്ങനെ ധാരാളം പറയാനുണ്ട്.

രാമനെയല്ല, രാവണനെയാണ് ബഹുമാനിക്കേണ്ടതെന്നു ചിലർ പറയുന്നുണ്ടല്ലോ. ഞാൻ അങ്ങിനെ ആരെയും കണ്ടിട്ടില്ല. ശ്രീ: ഉള്ളൂരും പള്ളത്ത് രാമനവർകളും തമ്മിൽ ഇതുസംബന്ധിച്ച ഒരു സംഭാഷണം നടന്നതായി പത്രങ്ങളിൽ കണ്ടു. രാവണായനം എഴുതരുതെന്നു പരമേശ്വരയ്യരവർകൾ ശ്രീമാൻ രാമനെ ഉപദേശിച്ചുവത്രേ. രാമനല്ല രാവണനാണ് വന്ദനീയൻ എന്നും വാല്മീകി രാവണനെ അപമാനിച്ചിരിക്കുന്നുവെന്നും ശ്രീമാൻ പള്ളത്തു രാമൻ പറയുന്നതായിട്ടാണ് എനിക്കു പത്രങ്ങൾ

Digitized By Kerala Sahitya Akademi

വായിച്ചപ്പോൾ തോന്നിയത്. രാമനെയോ രാവണനെയോ വാല്മീകി അറിയുമോ എന്ന സംഗതി സംശയമാണ്. വാല്മീകി മനുഷ്യന്റെ വികാരങ്ങളെയാണ് രാമായണത്തിൽ ചിത്രീകരിച്ചിട്ടുള്ളത്. ആ വികാരങ്ങൾക്ക് രാമനെന്നോ രാവണനെന്നോ പേരുകൾക്കുപകരം ചന്ദ്രനമ്പ്യാരെന്നോ കൃഷ്ണക്കുറുപ്പെന്നോ മറേറാ പേരിടുന്നതിന്ന് ഒരു വിരോധവുമില്ല. വാല്മീകിയുടെ കാവ്യത്തിലുള്ള ചില സംഗതികൾ ശരിയെന്നും മറു ചില സംഗതികൾ തെറെന്നും പറയുന്നതുചിതമല്ല.

വാല്മീകി അതിശയോക്തി പ്രയോഗിച്ചിട്ടുണ്ടാവാം. അതിശയോക്തി കവിയുടെ തറവാട്ടുമുതലാണ്. അതു പാടില്ലെങ്കിൽപ്പിന്നെ കവിതയുമില്ല. എന്റെ അച്ഛൻ—അദ്ദേഹം ഒരു സാധു എളയതായിരുന്നു, തന്റെ തറവാട്ടുകൊണ്ടുതന്നെയാണ് കഴിഞ്ഞുകൂടിയതും—ഫലിതം പറയുന്നതിൽ വളരെ സമർത്ഥനായിരുന്നു. കുട്ടികൾക്കു പല കഥകളും നേരമ്പോക്കുകളും പറഞ്ഞുകൊടുത്തു അവരെ രസിപ്പിക്കുക പതിവായിരുന്ന അദ്ദേഹം പഴയ രീതിയിൽ ബഹുരസികൻ കഥകൾ പറയും. അളകാപുരി അളകാപുരി എന്നൊരു രാജ്യം. അവിടെ കേമനായൊരു രാജാവുണ്ടായിരുന്നു. ആ രാജാവിന്ന് എഴുന്നെള്ളാൻ വളരെ വലിയ ഒരാനയുണ്ട്. ആനയുടെ വലിപ്പം പറഞ്ഞാൽ അവസാനിക്കില്ല. അതു പിണ്ടിയിട്ടാൽ നിലത്തുവീഴാൻ ആറുമാസം വേണം. ഇങ്ങിനെയൊക്കെയായിരുന്ന അദ്ദേഹത്തിന്റെ കഥ. പെറിയ കുട്ടികൾക്കുകൂടി ഇതെല്ലാം കളവാണെന്നറിയാം. എങ്കിലും അതെല്ലാവരേയും ചിരിപ്പിച്ചു. അതിൽ കവിതയുടെ അംശമുണ്ട്. ഈ അതിശയോക്തി മുത്തുമുത്തിട്ടാണ് കവിതയുണ്ടാവുന്നത്. അതുകൊണ്ട് കാവ്യത്തിൽ വാല്മീകി അതിശയോക്തി ചേർത്തു എന്ന് ആക്ഷേപിച്ചുകൂടാ.

എന്താണീ അതിശയോക്തി! വടക്കൻപാട്ടിൽ ഒതേനൻ എന്നൊരു നമ്പ്യാർ (?) അഞ്ഞൂറിലധികം മുസൽമാന്മാരെ, ഒറയ്യനിന്നു തോല്പിച്ചതായി ഒരു കഥയുണ്ട്. ഇതു നാം വിശ്വസിക്കുന്നു. ശ്രീരാമൻ ഖരദൂഷണാദികളോടും അവരുടെ സൈന്യങ്ങളോടും ഏകനായിനിന്നു യുദ്ധംചെയ്ത് അവരെയെല്ലാം കൊന്നൊടുക്കി എന്നു വാല്മീകി പറയുന്നു. ഇതിൽ നാം അതിശയോക്തി കാണുന്നു. ഒതേനൻ കേമനാണെന്നും അദ്ദേഹത്തെപ്പറ്റിയുള്ള കഥ വാസ്തവമാണെന്നും നാം പറയുന്നു. ഇതു രണ്ടുംകൂടി എങ്ങിനെയാണ് യോജിക്കുക? ഒതേനൻ ഒരു മലയാളിയായതുകൊണ്ടാണ് അദ്ദേഹത്തിന്റെ അപദാനങ്ങൾ വിശ്വസിക്കാൻ നാം ഇഷ്ടപ്പെടുന്നത്. ഇതു സങ്കുചിതമായ മനസ്ഥിതിയാണ്. ഉണ്ണിയാർച്ച എന്നൊരു യുവതി മുന്നൂറിൽചിലപ്പാനം മുസ്ലീംകളെ നിലംപൊത്തിച്ചതായി വടക്കൻപാട്ടുകളിൽ കാണാം. ഉൽപ്പതിഷ്ണുക്കളിൽ ഏറവും മീതെയുള്ളവർകൂടി ഇതിൽ യാതൊരതിശയോക്തിയും കാണുന്നില്ല. ഇതെല്ലാം വിശ്വസിക്കാമെങ്കിൽ, ഹനുമാനെപ്പോലെ തപോവീര്യം ഉള്ള ഒരാൾ നൂറു യോജന ചാടിയതായി നമുക്കു വിശ്വസിച്ചുകൂടയോ? ഒരു സമുദായഭ്രാന്തും ജാതിഭ്രാന്തും നമ്മുടെ ഇടയിൽ വന്നിട്ടുണ്ട്. അത് മനസ്സിൽനിന്നു പോകുന്നില്ല.

ഒരായിരം കൊല്ലമായി നാം അയിത്തം ആചരിച്ചുപോരുന്നു. ഒരാചാരത്തിന്ന് ഈ കാലം അധികമൊന്നുമല്ല. അയിത്തം ആചാരങ്ങളുടെ

Digitized By Kerala Sahitya Akademi

കൂട്ടത്തിൽ ഒരു കട്ടിയാണ്. എന്നിട്ടും എത്രപേർ ശ്രമിച്ചിട്ടും, നമുക്കതിനെ തള്ളിക്കളയുവാൻ സാധിച്ചുവോ....? നമ്മുടെ മനസ്സിൽനിന്ന് ആ ആചാരത്തെ മാന്തിക്കളയാൻ നമുക്കു കഴിഞ്ഞിട്ടില്ല. ശ്രീരാമൻ വനയാത്രയ്ക്കു പോകുമ്പോഴും, നിഷാദനായ ഗുഹനെ തന്റെ വീരലക്ഷ്മി വിളയാടുന്ന വിരിമാറിൽ ചേർത്താലിംഗനംചെയ്കയും, ശബരി നല്കിയ ഭക്ഷണം അദ്ദേഹം കഴിച്ചു. അയിത്തവും അന്ധവിശ്വാസവും സൃഷ്ടിച്ചത് നമ്മുടെ നാട്ടിലെ ഇടക്കാലത്തെ സാഹിത്യമാണ്. അതാണ് നമ്മെ വഴിപിഴപ്പിച്ചത്. അതിനെക്കുറിച്ചു പറകയാണെങ്കിൽ, വളരെയധികംനേരം പറയാനുണ്ട്. ബ്രാഹ്മണാധിപത്യം സ്ഥാപിക്കാൻവേണ്ടി ഇടക്കാലത്ത് വളരെ എഴുതിച്ചേർത്തതായി തെളിയിക്കാൻ കഴിയും. എന്നാൽ അവരവർ കഴിച്ച കുഴിയിൽ അവരവർ വീഴുകയാണ് ഇതിന്റെ ഫലമായുണ്ടായത്. ഈ എഴുതിക്കൂട്ടൽകൊണ്ടാണ് ഇന്ന് അയിത്തം പോക്കുവാൻ നമ്പൂതിരിയുവാക്കൾ ഇത്രയധികം പ്രയത്നിക്കേണ്ടിവന്നത്.

'നമ്പൂരിമാർകളെ പൊന്നും
തമ്പുരാനും വണങ്ങിടും
കമ്പമല്ലാകയാൽ ആക്കു
തമ്പുരാനാകയില്ലവർ.'

എന്നു നടുവത്തു മഹൻകൂടി എഴുതുന്നു. തങ്ങൾക്കു മേല്പോട്ടു കയറാൻ വേറൊരാൾ കുനിഞ്ഞുനില്ക്കുണമെന്നാണവർ കരുതിയത്. ശിവന്നു കാളപ്പുറത്തു കയറാൻ കുംഭോദരൻ കുനിഞ്ഞുനിൽക്കും എന്നു കാളിദാസൻ വണ്ണിച്ചിരിക്കുന്നു. ഈ സമ്പ്രദായം നിലനിർത്താൻ ഇടക്കാലത്തെ നമ്പൂതിരിമാർ കുറേ പ്രയത്നിച്ചു. കലപ്രതിഷ്ഠയ്ക്കു വേണ്ടിയെന്നു വിചാരിച്ച് അവർ ചെയ്തതു വാസ്തവത്തിൽ കലവ്യാധിയായി എന്ന് ഇന്നത്തെ ഉണ്ണിനമ്പൂതിരിമാക്ക് ബോധപ്പെട്ടിരിക്കുന്നു.

രാജാവ്, ഗുരു, ഭർത്താവ്—ഇവരെ ഈശ്വരനായിട്ടു കരുതണം എന്നാണ് നമ്മുടെ പഴയ സാഹിത്യം ഉപദേശിക്കുന്നത്. ഇതു വാസ്തവമാണ്. ദശരഥന്നു വയസ്സായപ്പോൾ തന്റെ മൂത്ത മകനായ രാമനെ യുവരാജാവായി അഭിഷേകം ചെയ്യിക്കണമെന്നു തോന്നി. സൂര്യവംശത്തിൽ പുരാതനകാലംമുതൽക്കുള്ള പാരമ്പര്യം അതായിരുന്നിട്ടും അദ്ദേഹം തന്റെ രാജ്യത്തിലെ ആളുകളെ ക്ഷണിച്ചുവരുത്തി സഭകൂടി അതിൽവെച്ചു പ്രസംഗിച്ചതായി രാമായണത്തിൽ വണ്ണിച്ചിരിക്കുന്നു! എന്റെ ശരീരം വെൺകൊറ്റക്കുടയുടെ കീഴിൽത്തന്നെ ജീർണ്ണമായി, അതുകൊണ്ട് ഇനി രാമനെ വാഴിക്കുവാൻ സമ്മതം തരണം എന്നായിരുന്ന ദശരഥരാജാവ് ജനങ്ങളോടപേക്ഷിച്ചത്. അങ്ങനെ ജ്യേഷ്ഠപുത്രനെ വാഴിക്കുവാൻകൂടി നാട്ടുകാരുടെ അനുമതി ചോദിക്കുന്ന ഒരു രാജാവ് ഇന്നു നമ്മെ ഭരിക്കുന്നുണ്ടെങ്കിൽ, നമുക്കു സ്വരാജ്യത്തിന്നുതന്നെ ആവശ്യമുണ്ടാകുമായിരുന്നുവോ? ദശരഥൻ കൈകേയിക്കു രണ്ടു വരം കൊടുക്കാമെന്നു പറഞ്ഞിരുന്നുവല്ലോ. ഇന്നു നമ്മളിലാരെങ്കിലും രണ്ടു പവൻ തരു എന്നു പറയുന്നതുപോലെയേ അദ്ദേഹം അതു കരുതിയിരിക്കയുള്ളൂ, ഈ നിസ്സാരസംഗതിക്ക്. എന്നാൽ സത്യത്തെ രക്ഷിക്കാൻ ദശരഥൻ തനിക്കു പ്രാണാധികപ്രിയനായിരുന്ന മകനെ കാട്ടിലേയ്ക്കയച്ചു. പക്ഷേ അതിന്റെ പിറേറ ദിവസം ആ ദുഃഖംകൊണ്ടു ദശരഥൻ മരിച്ചു. അങ്ങിനെയുള്ള ഒരു രാജാവിനെ ഈശ്വരനായി

Digitized By Kerala Sahitya Akademi

ക്കരുതണമെന്നു പറഞ്ഞാൽ അതിലെന്താണു് അത്ഭുതപ്പെടാനുള്ളതു്? ഒരു കോൽ ഭൂമി കിട്ടാൻവേണ്ടി ആയിരം രക്തക്കടലുകൾ ഉണ്ടാക്കുന്നവരാണു് നാം. അങ്ങനെയിരിക്കെ അച്ഛന്റെ സത്യം പാലിക്കുന്നതിനുവേണ്ടി രാജ്യത്തെ കൈവെടിഞ്ഞ ശ്രീരാമനെ ആരാണു് ബഹുമാനിക്കാത്തതു്? ഇതാണു് ഞാൻ പഴയതെന്നും നിങ്ങൾ പുതിയതെന്നും പറയുന്നതു്. രണ്ടും ഒന്നുതന്നെ.

മലയാളത്തിലെ എഴുത്തിക്കുട്ടലിന്നു് ഒരുദാഹരണം പറയാം. ഒരു നൂറ്റമ്പതു കൊല്ലത്തിന്നിപ്പുറം ജീവിച്ചിരുന്ന, സാമാന്യം കവിതാവാസനയുണ്ടായിരുന്ന ഒരാളാണു് പുറയന്നൂർ നമ്പൂതിരിപ്പാടു്. അദ്ദേഹം ഭാഗവതം ദശമം കിളിപ്പാട്ടായി എഴുതിയിട്ടുണ്ടു്. ജാതിസ്പർദ്ധകൊണ്ടാണു് അങ്ങനെ എഴുതാനിടവന്നതു്. എഴുത്തച്ഛന്റെ രാമായണവും ഭാരതവും (ഭാഗവതം എഴുത്തച്ഛനേറെതാണെന്നു ഞാൻ സമ്മതിക്കയില്ല) നമ്പൂതിരിമാരുടെ ഇല്ലങ്ങളിൽ വായിക്കരുതു് എന്നദ്ദേഹം വിചാരിച്ചു. അന്നു് അന്തർജ്ജനങ്ങൾക്കു് എഴുത്തറിയാം. അവർക്കു വിശ്രമസമയങ്ങളിൽ വായിക്കുവാൻ വേണ്ടിയാണു് പുറയന്നൂർ നമ്പൂതിരിപ്പാടു്* 'കുശലവോപാഖ്യാന' (ഉത്തരരാമായണം കഥ)ത്തിൽ പറയുന്നു, ശ്രുദ്രസ്ത്രീകൾക്കു പാതിവ്രത്യം പാടില്ല എന്നു്. സ്ത്രീകൾക്കു പാതിവ്രത്യം വേണമോ വേണ്ടയോ എന്നു സ്ത്രീകൾ തീർച്ചപ്പെടുത്തിക്കൊള്ളട്ടെ. ഒരു കവി പറയുന്നു, അവർക്കു് പാതിവ്രത്യം പാടില്ലേ—വേണ്ട എന്നല്ല! ഇങ്ങനെ പറഞ്ഞതുനിമിത്തം, ശ്രുദ്രസ്ത്രീകൾക്കു് പാതിവ്രത്യം ഇല്ലാതായിപ്പോയില്ല. ഈ നമ്പൂതിരി എഴുത്തച്ഛന്റെ എത്രയോ അകലെ കിടക്കുന്നു. ഇങ്ങനെ തെറ്റിദ്ധരിപ്പിക്കുവാൻ അനവധി കവികൾ ശ്രമിച്ചിട്ടുണ്ടു്. ഇതിനെയാണു് അന്ധവിശ്വാസം എന്നു പറയുന്നതു്.

സാഹിത്യവിഷയത്തിൽ മുസ്ലീമിങ്ങൾ കൂടുതൽ പരിശ്രമിക്കണമെന്നു് ഒരു മാന്യൻ പറഞ്ഞ അഭിപ്രായത്തോടു് ഞാൻ പൂർണ്ണമായി യോജിക്കുന്നു. വ്യവസായലക്ഷ്മിയുടെ മുഖത്താണു് എപ്പോഴും മുസൽമാന്റെ കണ്ണു്. ഇപ്പോഴൊന്നു നോക്കിയാൽ കടാക്ഷിക്കാൻ തയ്യാറായിനില്ക്കുന്ന സാഹിത്യദേവത. പക്ഷേ, അവർ അങ്ങോട്ടു നോക്കുകയില്ല. ഖുർആനിൽ പല കാവ്യഖണ്ഡങ്ങളും ഉണ്ടു്. 'നക്ഷത്രാങ്കിതമായ ആകാശം സ്രഷ്ടാവിന്റെ പൂന്തോട്ടമാണു്' എന്നു് ഖുർആനിൽ ഒരു വാക്യമുണ്ടു്. ഇതെത്ര ഭംഗിതികഞ്ഞ കവിതയായിരിക്കുന്നു! മുസൽമാൻ കവികളുടെ കഥ പറയേണ്ട. ഖയ്യാം മുതലായവരുടെ പ്രശസ്തി ലോകം മുഴുവൻ പരന്നിരിക്കുന്നു. മലയാളത്തിലെ മുസൽമാന്മാരും കവിതയുടെ നേർക്കൊന്നു കണ്ണയയ്ക്കുണം.** സാഹിത്യം നായർക്കോ തിയ്യനോ ക്രിസ്ത്യാനിക്കോ മുസൽമാനോ ഉള്ളതല്ല. എല്ലാവർക്കുമുള്ളതാണു്. മുസൽമാൻ മതവിശ്വാസത്തെ രക്ഷിക്കാൻ എന്തും ചെയ്യും. അതവരുടെ ഉന്നതഗുണങ്ങളിലൊന്നാണു്. അങ്ങനെയൊരഭിനിവേശം അവർക്കു് സാഹിത്യത്തിലും വേണം.

അമ്മിഞ്ഞ കുടിച്ചു വളർന്നുകൊണ്ടു സംസാരിച്ച ഭാഷയെ ആകാശത്തോളം ഉയർത്തണം. ഭാഷയ്ക്കുവേണ്ടി ഇരന്നുനടക്കണം. എല്ലാ കാര്യത്തിന്നും പണം വേണം.

---

* ഭാഗവതം എഴുതിയതു് ഈ നമ്പൂതിരിപ്പാടു്.

** അവരുടെ കവിതകൾ ലോകം മുഴുവൻ ആസ്വദിക്കുന്നു.

Digitized By Kerala Sahitya Akademi

ആത്മന്യേവ വിലീയന്തേ
ദരിദ്രാണാം മനോരഥാഃ
എന്ന പ്രസിദ്ധമാണല്ലോ.

വയസ്സായിട്ടും മരിക്കാൻ എനിക്കു മോഹമില്ല. മരണത്തിന് എന്റെ സമ്മതം വേണമെങ്കിൽ, അത് ഈ അടുത്തകാലത്തൊന്നുമുണ്ടാവില്ല. ഈ എട്ടുകൊല്ലമായി സാഹിത്യപരിഷത്തും എന്തുചെയ്തു എന്നു നിങ്ങൾ ചോദിക്കുന്നുണ്ടല്ലോ. എട്ടുകൊല്ലം കഴിഞ്ഞാൽ, "പരിഷത്തിനെ ആക്ഷേപിച്ചതല്ലേ? നിങ്ങൾക്കു എന്തു സാധിച്ചു? എന്ന് താൻ വാർദ്ധക്യാക്രാന്തമായ തടികൊണ്ടു ഗോഷ്ടി കാണിക്കും. പുരുഷസമ്പത്തുകളാണ് എല്ലാറ്റിന്നും ആവശ്യമായിരിക്കുന്നത്. നാലുമാസം പ്രയത്നിച്ചാൽ പുരുഷദ്രവ്യസമ്പത്ത് ലഭിക്കും. സമാജം വളർന്നുവളർന്നു വരട്ടെ, സാഹിത്യം ഉയർന്നുയർന്നുവരട്ടെ.

Digitized By Kerala Sahitya Akademi

കഥകളി*

മഹർഷിതുല്യനായ മഹാകവി വിക്തോർ യുഗോവിന്റെ ജന്മദേശ സന്ദർശനം എന്നെ സംബന്ധിച്ചേടത്തോളം ഒരു തീർത്ഥസേവയാണ്. ലോകത്തിലെ ഉത്തമ സാഹിത്യഗ്രന്ഥങ്ങളിൽ അഞ്ചെണ്ണത്തിൽനിന്ന് ആ മഹാന്റെ രണ്ടു കൃതികളാണല്ലോ ലിയോ ടോൾസ്റ്റോയി തിരഞ്ഞെടുത്തത്. അദ്ദേഹത്തിന്റെ കിടയറ്റ പേന സ്വാതന്ത്ര്യത്തിന്റെയും പുരോഗതിയുടേയും രാജപഥത്തെ ചൂണ്ടിക്കാണിച്ചു. ആ പേനയിൽനിന്നു വിശ്വവ്യാപകമായ സമസൃഷ്ടിസ്നേഹം നിരന്തരമായി നിഗ്ഗളിച്ചത് മനുഷ്യസമുദായത്തിന്റെ കാതുകളെ എന്നെന്നും കുളിപ്പിച്ചുകൊണ്ടിരിക്കും. മറെറാന്നുകൊണ്ടുമല്ല, വിഖ്യാതനായ ഒരിംഗ്ലീഷ് സാഹിത്യകാരൻ ആ അതുല്യപ്രഭാവനെ "സാഹിത്യത്തിന്റെ മുത്തിമദ്ഭാവ"മായി വാഴ്ത്തിയത്. ആ യതിതുല്യന്റെ ജന്മദേശം സന്ദർശിക്കുക എന്ന ചിരന്തനാഭിലാഷം എന്റെ ഈ എഴുപത്തഞ്ചാം വയസ്സിൽ നിറവേറിയതു മുലമുണ്ടായ അത്യാഹ്ലാദം മാന്യസഹൃദയരായ നിങ്ങളെ എല്ലാവരേയും ഇവിടെ കണ്ടുമുട്ടാനിടയായതുകൊണ്ട് പത്തിരട്ടിയായി വർദ്ധിച്ചിരിക്കുന്നു.

പ്രകൃതി നൽകിയ പട്ടുപാവാടഞൊറിയാൽ വിളങ്ങുന്ന പാരീസ് നഗരം ഒരാഴ്ചമുമ്പ് സ്തുടികാവഹാതമായ മഞ്ഞിൻതുള്ളിപ്പുക്കം വർഷിച്ച് എനിക്കു സ്വാഗതമോതിയത്, നിങ്ങളുടെ മുദ്ധാഭാരസ്വീകരണത്തിന്റെ ഒരു മുന്നോടിയായിരുന്നുവെന്നു ഞാൻ വിചാരിക്കുന്നു. നിങ്ങൾ ഉന്മേഷകരമായ സൂര്യപ്രകാശത്തിൽ കളിക്കുമ്പോഴത്തെ ആ അനിർവാച്യസുഖമാണ്, നിങ്ങളുടെ പ്രഫുല്ലവദനങ്ങളിലെ പുഞ്ചിരി എന്നിൽ സംജാതമാക്കുന്നത്.

എന്റെ ജന്മദേശമായ കേരളത്തിലെ നൃത്തനാടകത്തെപ്പററി—കഥകളിയെപ്പററി—അസംഖ്യം ലോകവിശ്രുതരായ കലാകാരന്മാക്കു ജന്മം നൽകിയിട്ടുള്ള ഈ പാരീസ്സ് നഗരത്തിൽവെച്ച് നിങ്ങളോടു സംസാരിക്കാനിടയായത് ഒരസുലഭഭാഗ്യമായി ഞാൻ കണക്കാക്കുന്നു.

എന്നാൽ നിങ്ങളുടെ ഹൃദയകവാടങ്ങൾ തുറന്ന് അതിന്നകത്തു കടക്കാനുള്ള താക്കോൽ—നിങ്ങളുടെ ഭാഷ—എന്റെ കൈവശമില്ലെന്നുള്ളത് നിർഭാഗ്യകരവുമാണ്. അതിനാൽ എന്റെ വിനീതമായ മലയാളവാക്കുകൾ ഇംഗ്ലീഷ് ഭാഷമുഖേന നിങ്ങളെ സമീപിക്കും.

കലയെപ്പററി സഗൗരവം ചിന്തിച്ചവരും ആ ചിന്തയ്ക്കനുസരിച്ചു പ്രവർത്തിച്ചവരുമായ ആളുകൾ ഇന്ത്യയിലാണ് പക്ഷേ കൂടുതലുള്ളത്. ലോകത്തിൽ ഒന്നാമതായി ഒരു റിപ്പബ്ലിക്കുണ്ടായതു ഇന്ത്യയിലാണെന്നു ചരിത്രകാരന്മാർ സമ്മതിച്ചിട്ടുണ്ട്. അന്നത്തെ ജനാധിപത്യവ്യവസ്ഥ രാജ്യത്തെ സംതൃപ്തിയും സമ്പന്നവുമാക്കി: സംതൃപ്തിയും സമ്പത്തും കളിയാടുന്ന സ്ഥലത്തേ കലകൾ വളരൂ. അലക്സാണ്ടർ ചക്രവർത്തിയുടെ

---

* 1950 ഡിസമ്പറിൽ പാരീസ് യുനിവേഴ്സിററിയിൽ ചെയ്ത പ്രസംഗം.

Digitized By Kerala Sahitya Akademi

ഇന്ത്യനാക്രമണത്തെ രേഖപ്പെടുത്തിയിട്ടുള്ള ഗ്രീക്ക് ചരിത്രകാരൻ "സംഗീതത്തിലും നൃത്തത്തിലും ഇന്ത്യയെപ്പോലെ അഭിരുചിയുള്ള മറെറാരു രാജ്യവുമില്ല" എന്ന് ഇന്ത്യയെ വാഴ്ത്തിയിട്ടുണ്ട്. നിങ്ങളിൽ ചിലരെങ്കിലും പക്ഷേ ഇതു വായിച്ചിട്ടുണ്ടാവാം.

ഇന്ത്യയുടെ ഒരു പെറിയ ഭാഗമായ കേരളം കലകളേയും കലാകാരന്മാരെയും സൃഷ്ടിക്കുന്നതിലും വളർത്തുന്നതിലും ഒരു കാലത്തും പിന്നിലായിട്ടില്ല. പ്രാചീനകേരളത്തിലെ പണ്ഡിതന്മാർ കണ്ടുപിടിച്ച ഒരു അപൂവ്വ കലാവിശേഷമാണ് കഥകളി. ലോകത്തിലെ പല രാജ്യങ്ങളിലും സഞ്ചരിച്ച അവിടങ്ങളിലെ പലതരം ദൃശ്യകലകളും കണ്ടിട്ടുള്ള ആളുകാം കഥകളിയോട് തുല്യമായി മറെറാരു കലാവിശേഷവുമില്ലെന്ന രേഖപ്പെടുത്തിയിട്ടുണ്ട്. കഥകളിയുടെ ഈ അസുലഭ്രഗുണവൈശിഷ്ട്യത്താലായിരിക്കാം, ഉദയശങ്കറെപ്പോലെയും മറുമുള്ള ലോകവിശ്രുതരായ നർത്തകർ തങ്ങളുടെ നൃത്തനാട്യശിക്ഷണം പൂർത്തിയാക്കാൻ കഥകളി നടന്മാരെ ആശ്രയിച്ചുപോന്നതും ഇപ്പോഴും ആശ്രയിക്കുന്നതും.

എല്ലാ രാജ്യങ്ങളിലും നൃത്തവും മറു കലകളും മതവിശ്വാസത്തിലൂടെയാണ് വളന്നതെന്നതു പക്ഷേ നേരായിരിക്കാം. ഇന്ത്യയിലെ പല മഹാക്ഷേത്രങ്ങളിലും നൃത്തവും സംഗീതവും വാദ്യവും ഉണ്ടാവുക പതിവാണ്. ഈ മൂന്നെണ്ണവും സമ്മേളിച്ചതിന്റെ ഫലമാണ് സംഗീതമെന്ന് ഇതിനെപ്പററി അധികൃതമായി സംസാരിക്കാനവകാശപ്പെട്ടവർ പറയുന്നു. അമേരിക്കയിലെ ഒരു പള്ളിയിൽ സ്ത്രീകാം പള്ളിയുടെ അന്തർഭാഗത്തു നൃത്തം വെച്ചുകൊണ്ടാണ് ആരാധന നടത്തുക പതിവെന്നു കേൾക്കുന്നു. ഇത്തരം നൃത്തം (ദേവദാസീനൃത്തം) ഇന്ത്യയിലെ പല ക്ഷേത്രങ്ങളിലും പ്രചാരത്തിലുണ്ട്.

കഥകളി എന്നാണ് ജന്മം പൂണ്ടത് എന്നു പറയാൻ വിഷമമുണ്ട്. മഹർഷിമാരായ വ്യാസ—വാല്മീകിമാർ വണ്ണിച്ച രാമയുധിഷ്ഠിരാദികളുടെയും മറു മഹാത്മാക്കളുടെയും ജീവിതം ഇന്ത്യൻജനതയുടെ ഹൃദയാന്തർഭാഗത്ത് എന്തെന്നില്ലാത്ത വികാരവായ്പിനെ ഇളക്കിവിട്ടിട്ടുണ്ട്; ഈ ആദർശഭ്രതന്മാരായ മഹാന്മാരെ പ്രത്യക്ഷത്തിൽ കാണണമെന്ന് അവർ കാംക്ഷിച്ചിട്ടുണ്ടാവാം; ഈ മഹാത്മാക്കളെല്ലാം ചരിത്രാതീതകാലത്തു ജീവിച്ചവരായിരിക്കെ, അവരെ നേരിട്ടു കാണാനുള്ള തങ്ങളുടെ ആഗ്രഹം നിറവേറാൻ നാടകം അഭിനയിക്കുകയല്ലാതെ മറെറന്തു ചെയ്യാനാണ്? ഇന്ത്യയുടെ പല ഭാഗങ്ങളിലും അവർ പല വേഷത്തിലും രംഗത്തിൽ ആവിർഭവിക്കയുണ്ടായി. കേരളത്തിൽ അവർ കഥകളിരൂപേണയാണ് പ്രത്യക്ഷീഭവിച്ചത്. രാമനേറയും മറും ജീവിതത്തെ വിഷയീകരിച്ചുള്ള നാടകങ്ങളും ഉണ്ടായിട്ടുണ്ട്.

ഈ മഹാത്മാക്കളെ അനുകരിക്കാൻ അവർ തീർച്ചപ്പെടുത്തിയപ്പോാം, അവരുടെ വേഷത്തെസ്സംബന്ധിച്ചും മറുമുള്ള പുതിയ പ്രശ്നങ്ങളുദിച്ചു. രാമനും യുധിഷ്ഠിരനും മറും ദേവാംശസംഭവന്മാരായതുകൊണ്ട് സാമാന്യ മനുഷ്യത്വത്തിൽനിന്നുയന്ന ദേവപ്രഭാവന്മാരാണ്. അവരെ സാധാരണ മനുഷ്യവേഷത്തിൽ പ്രദർശിപ്പിക്കുന്നത് അത്യധികം അനുപിതമായിരിക്കുമല്ലോ. അതിനാൽ മനുഷ്യരുടേതിൽനിന്നു തീരെ വ്യത്യസ്തമായ വേഷത്തിൽ അവരെ പ്രദർശിപ്പിക്കാൻ ഞങ്ങളുടെ പണ്ഡിതന്മാർ തീരുമാനിച്ചു. ഈ ആടയാഭരണങ്ങാം ഒന്നോ രണ്ടോ കൊല്ലത്തിനുള്ളിൽ കണ്ടുപിടിച്ചു

Digitized By Kerala Sahitya Akademi

പൂർത്തിയാക്കിയതൊന്നുമല്ല. അതിന്നു രണ്ടു മുന്നു നൂറ്റാണ്ടുതന്നെ സമയം എടുത്തിട്ടുണ്ടാവണം. അനേകം നൂറ്റാണ്ടുകളോളം കലാപ്രേമികളും കലാവിദഗ്ധന്മാരും തലപുകഞ്ഞാലോചിച്ചതിൻ ഫലമായിട്ടാണ് ഇത്രയും അത്ഭുതകരമായ ഒരു വേഷവിധാനം കണ്ടുപിടിക്കപ്പെട്ടത്. കേരളീയർ അക്കാലത്തു കച്ചവടാവശ്യത്തിന്നായി പുറം രാജ്യങ്ങളിൽ സഞ്ചരിക്കാറുണ്ടായിരുന്നു. വിദേശീയരുടെ വേഷവിധാനത്തിന്റെ ഓരോ അംശം അവർ ഈ കഥകളിയിൽ കൂട്ടിച്ചേർത്തതായി നിങ്ങൾക്കു കാണാം. കഥകളിയിലെ സ്ത്രീവേഷത്തിന്റെ ശിരോവസ്ത്രസമ്പ്രദായം ഈജിപ്തിലേതിൽനിന്നു പകർത്തിയതാണെന്നു വരാം. നിങ്ങൾ ഈജിപ്തിലെ പഴയ കൊത്തുപണികളെയും പ്രതിമകളെയും സൂക്ഷിച്ചുനോക്കിയാൽ, ഈജിപ്തിലെ പ്രഭുവർഗ്ഗക്കാരുടെ സ്ത്രീകൾ തല മൂടിയിരുന്നതായി കാണാം. കഥകളിനടന്മാർ അരക്കെട്ടിൽ ധരിക്കുന്ന അരഞ്ഞാണിന്റെ മണികൾ ഒരുകാലത്ത് ബാബിലോണിയക്കാർ ഉപയോഗിച്ചുപോന്നിരുന്നതിന്നു തുല്യമാണ്. പല രാജ്യങ്ങളിലെയും ആഭരണങ്ങളും കഥകളിയിൽ ഉപയോഗിക്കുന്നതായി കാണാം. കഥകളിയിലെ പുരുഷവേഷങ്ങൾ ധരിക്കുന്ന കിരീടം, ഇന്ത്യയിലെ പ്രാചീനരാജാക്കന്മാർ ധരിച്ചിരുന്ന പതിനെട്ടു കിരീടങ്ങളുടെ മാതൃകയിൽ നിർമ്മിക്കപ്പെട്ടതാണ്. കൃഷ്ണന്റെ മുടി ബമ്മയിലെ പഴയ രാജാക്കന്മാരുടെ കിരീടത്തോട് സാദൃശ്യം വഹിക്കുന്നു. മഹാചിത്രകാരന്മാരായ ഹ്യൂഷും പെർഡൻലിയും ക്രമേണ ക്രമേണ പൂർണ്ണതനേടിയ കഥകളിയിലെ മനോഹരമായ വേഷവിധാനവും ആടയാഭരണങ്ങളും കണ്ടിരുന്നെങ്കിൽ, ആ കലാശില്പപൂർണ്ണതയുടെ മുമ്പിൽ നമസ്കരിച്ചേനേ!

കിരീടനിർമ്മാണവും മുടിയുംതന്നെ വലിയൊരു കലാവിദ്യയാണ്.

മറ്റുള്ളവരെ അനുകരിക്കാൻ വേഷവിധാനം മാത്രം പോരാ. നാട്യം—നാം അനുകരിക്കുന്നവരുടെ ഭാവങ്ങളെ പ്രദർശിപ്പിക്കലും—അത്യാവശ്യമാണ്. ആ ഭാവാഭിനയത്തിന്ന് തിറവും നിറവും കൂട്ടാൻ നൃത്തവും കൂട്ടിച്ചേർക്കപ്പെട്ടു. നൃത്തം കൂടാതെയുള്ള ഭാവാഭിനയം സാധാരണ ജനങ്ങളെ ആകർഷിക്കാൻ പര്യാപ്തമാവില്ല. നാട്യശാസ്ത്രാചാര്യനായ ഭരതമുനിവളരെ പണ്ടുതന്നെ ഈ സിദ്ധാന്തം ആവിഷ്കരിക്കയുണ്ടായിട്ടുണ്ട്. നൃത്തം കൂട്ടിച്ചേർത്തപ്പോൾ അവക്ക് താളത്തെപ്പറ്റി ആലോചിക്കേണ്ടിവന്നു. അങ്ങനെ ചെണ്ട—മദ്ദളങ്ങളും മറ്റും ഉപയോഗിക്കാനിടയായി. പ്രേക്ഷകരെ കഥ നല്ലപോലെ മനസ്സിലാക്കിക്കാൻ പല കാലങ്ങളിലായി പല കവികളും ഉചിതമായ ഗാനങ്ങൾ രചിച്ചു. അതിനാൽ തികച്ചും വിവിധങ്ങളായ വേഷവിധാനങ്ങളോടും വാദ്യ—ഗീതങ്ങളോടുംകൂടിയ ഒരു നൃത്തനാടകമാണ് കഥകളി.

കഥാപാത്രങ്ങൾ രംഗത്തിൽ സംസാരിക്കുക പതിവില്ല. പശ്ചാത്തലത്തിൽ ചേങ്ങിലയും ഇലത്താളവും പിടിച്ചു പാടുന്ന ഗായകരുടെ പാട്ടുകളുടെ അർത്ഥം നടന്മാർ ആംഗ്യവിശേഷങ്ങൾ (മുദ്രകൾ) മുഖേന വ്യാഖ്യാനിക്കുന്നു. കഥകളി ഒരു ഊമക്കളിയാണെന്നു പറഞ്ഞാക്ഷേപിച്ചവരുണ്ട്. സംഭാഷണം ചെയ്യുന്നതും പാട്ടുപാടുന്നതും ഒരു നടന്റെ ഭാവാഭിനയത്തിന്നു യഥാർത്ഥത്തിൽ ഹാനിതട്ടിക്കുകയാണ് ചെയ്യുക. ഒരു നടൻ സംസാരിക്കുകയും മുദ്രാഭിനയം നടത്തുകയും ചെയ്യുക എന്ന രണ്ടു കലാവിദ്യകൾ ഒരേ സമയത്തു പ്രയോഗിക്കുന്നത് അനുചിതമാവുമെന്ന ഒരു പ്രസിദ്ധ

Digitized By Kerala Sahitya Akademi

കലാനിരൂപകന്റെ അഭിപ്രായം പക്ഷേ നേരായിരിക്കും. നടന്മാർ പാട്ടു പാടുന്ന ഗാനനാടകങ്ങളിൽനിന്നുതന്നെ നമുക്ക് ഈ വാസ്തവം മനസ്സിലാക്കാനാവില്ലേ?

വിദേശീയർ ഇന്ത്യയെ പല കാലങ്ങളിൽ പല തവണ ആക്രമിച്ചു കൊള്ളയടിച്ചിട്ടും, നൃത്ത–സംഗീത–നാട്യ–വാദ്യങ്ങളെസ്സംബന്ധിച്ചു പ്രതിപാദിക്കുന്ന ഏതാനും പഴയ സംസ്കൃതഗ്രന്ഥങ്ങൾ ഇപ്പോഴും ഇന്ത്യയിൽ അവശേഷിച്ചിട്ടുണ്ട്. പ്രസ്തുത ഗ്രന്ഥങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് മിക്കവാറും കഥകളിയിലെ മുദ്രകളും നൃത്തവും അഭിനയവും പാകപ്പെടുത്തിയിട്ടുള്ളത്. ഇരുപത്തിനാലു മൂലമുദ്രകളുടെ അവാന്തരവിഭാഗങ്ങളായ ഏതാണ്ട് എണ്ണൂറു മുദ്രകളിലൂടെയാണ് കഥകളി പ്രദർശിപ്പിക്കപ്പെടുന്നത്. നടൻ സ്ഥായീഭാവത്തിനു കോട്ടംതട്ടാതെ, പ്രത്യേകം മുദ്ര കാണിക്കുമ്പോഴും അതിനനുസരിച്ച ഭാവമാവിഷ്കരിക്കുന്നു. സിംഹത്തിന്റെ മുദ്ര കാണിക്കുമ്പോഴും നടന്റെ ഭാവം ആ ക്രൂരമൃഗത്തിന്റെ മുഖഭാവത്തെ പ്രകടിപ്പിക്കും; എന്നാൽ മാനിന്റെ മുദ്ര കാണിക്കുമ്പോഴാകട്ടെ, അതു ശാന്തമായിരിക്കും. ശൃംഗാരം, വീരം, കരുണം, അത്ഭുതം, ഹാസ്യം, ഭയം, ബീഭത്സം, രൗദ്രം, ശാന്തം—ഈ ഒമ്പതു രസങ്ങളും ഒരു നല്ല കഥകളി നടന്റെ മുഖത്തു സന്ദർഭോചിതമായി സ്ഫുരിക്കും.

കഥകളിയിൽ നാലു വാദ്യങ്ങളാണ് ഉള്ളത്—ചെണ്ട, മദ്ദളം, ചേങ്ങില, ഇലത്താളം. ഒരു ചെറിയ പന്തൽ മാത്രമേ അരങ്ങിന്നാവശ്യമുള്ളൂ. കഥകളിപ്പന്തലിന്റെ നടുവിൽ എണ്ണയൊഴിച്ചു കത്തിക്കുന്ന ഒരു വലിയ നിലവിളക്ക് ഉണ്ടായിരിക്കും. ഗ്രാമങ്ങളിൽ പുലരുംവരെ കഥകളിയുണ്ടാവുമെന്നതിനാൽ രാത്രി മുഴുവൻ ഉറക്കമൊഴിക്കാൻ ഒരുങ്ങിക്കൊണ്ടാവണം ഗ്രാമങ്ങളിൽ കഥകളി കാണാൻപോവുന്നത്. ഇപ്പോൾ പരിഷ്കരിച്ച തിയേറ്ററുകളിലും കഥകളി പ്രദർശിപ്പിച്ചു തുടങ്ങിയിട്ടുണ്ട്. എന്നാലും കഥകളി ആ പഴയ മട്ടിനോടുതന്നെ ഒട്ടിപ്പിടിച്ചു നിൽക്കുകയാണ്. അരങ്ങത്തു പലപ്പോഴും ആവശ്യമില്ലാത്ത വാദ്യോപകരണങ്ങൾ നിരത്തിവെക്കുക, ചിത്രവർണ്ണത്തിലുള്ള വിദ്യുൽവെളിച്ചം പ്രവഹിപ്പിക്കുക, നവീനമാതൃകയിലുള്ള വിലപിടിച്ച തിരശ്ശീലകളാൽ അരങ്ങിന്നു നിറം പിടിപ്പിക്കുക—എന്നിങ്ങനെ കാണികളെ ആകർഷിക്കാനുള്ള കൗശലങ്ങൾ പലതും ഈയിടെയായി പ്രയോഗിച്ചു തുടങ്ങിയിട്ടുണ്ട്. എന്നാൽ പാവപ്പെട്ട കഥകളിക്ക് ഇതൊന്നും അറിഞ്ഞുകൂടാ. കഥകളിയിൽ സ്ത്രീവേഷം കെട്ടുന്നതും പുരുഷന്മാരാണ്. കാരണം കഥകളിയിലെ നൃത്തം താണ്ഡവപ്രധാനമായതുകൊണ്ടു, സ്ത്രീകളുടെ അംഗഘടനയ്ക്ക് അതത്ര അനുരൂപമാവില്ല. മഹാകവി രവീന്ദ്രനാഥടാഗോർ പറഞ്ഞപോലെ, കഥകളി ഒരുശിരൻ നൃത്തമാണ്. ചെണ്ടയും മദ്ദളവും ചേങ്ങിലയും ഇലത്താളവും വളരെ യോജിച്ച വാദ്യങ്ങളാണ്. തുടക്കത്തിൽ അതു നിങ്ങൾക്കു കർണ്ണസുഭഗമായി തോന്നില്ലെങ്കിലും, നിങ്ങൾ അതുമായി തഴകിയാൽ അതിൽനിന്ന് ഒരു തരം സംഗീതം വഴിഞ്ഞൊഴുകുന്നതായി നിങ്ങൾക്കനുഭവപ്പെടും.

മഹാഭാരതത്തിലെയും രാമായണത്തിലെയും കഥകളാണ് കഥകളിയിൽ അഭിനയിക്കുക പതിവ്. എന്നാൽ അതൊരു വെറും ഹിന്ദുകലാവിദ്യയാണെന്നു നിങ്ങൾ തെല്ലും ശങ്കിച്ചുപോകരുത്. ആടയാഭരണങ്ങളും മറ്റും മനുഷ്യവേഷത്തിൽനിന്നു തികച്ചും വ്യത്യസ്തമാണെങ്കിലും,

Digitized By Kerala Sahitya Akademi

വികാരങ്ങളും ഭാവപ്രകടനങ്ങളും തികച്ചും മനുഷ്യോചിതമാണ്. നിറത്തിലും ആകൃതിയിലും വ്യത്യാസമുണ്ടെങ്കിലും, ലോകത്തിൽ സമസ്ത മനുഷ്യരുടെയും വികാരങ്ങളും ഭാവപ്രകടനങ്ങളും ഒരേമട്ടിൽത്തന്നെയാണല്ലോ. ഏതാനും വർഷങ്ങൾക്കുമുമ്പ് ഇന്തോനേഷ്യയിൽ ജകാർത്തയിൽവെച്ച് ശ്രീ: ജവാഹർലാൽനെഹ്റുവിന്ന് കാണാൻവേണ്ടി രണ്ടായിരം സംവത്സരങ്ങൾ പഴക്കമുള്ള ഒരു നൃത്തപ്രകടനം ഏർപ്പാടുചെയ്യുകയുണ്ടായി. അതിലെ കഥ രാമായണത്തിലേതായിരുന്നു. എന്നാൽ മുസ്ലീംകളും അതു കണ്ടു വളരെ രസിക്കുകയുണ്ടായി. ജാവയിലെ സുൽത്താന്മാരിൽ ഒരാൾ, രാമായണ—മഹാഭാരതകഥകളഭിനയിക്കാനായി തന്റെ കൊട്ടാരത്തിൽ ഒരു നാട്യസംഘത്തെ സംരക്ഷിച്ചിരുന്നവത്രേ. ജാവയിലെ നൃത്തസംഗീതങ്ങൾ ഇന്ത്യയിലേതുമായി വളരെ സാമ്യമുള്ളതാണെന്നു പറയുന്നു. ജാവയിലെയും കേരളത്തിലെയും നടന്മാർ തമ്മിൽ കലയെസ്സംബന്ധിച്ച് ആശയവിനിമയം നടന്നിട്ടുണ്ടാവാമെന്നതിൽ സംശയമില്ല.

കേരളത്തിൽ മികച്ച കഥകളിനടന്മാരും ഗായകന്മാരും ഉണ്ടായിരുന്നു. ലൂയി പതിനാലാമന്റെ കൊട്ടാരഗായകനായ ലല്ലിയോട് കിടപിടിക്കുന്ന ഗായകന്മാരുണ്ടായിരുന്നു അക്കൂട്ടത്തിൽ. കഥകളിസംഗീതം കുറെയധികം വ്യത്യാസപ്പെട്ടതാണെന്നു പറയേണ്ടിയിരിക്കുന്നു. ഒരു നടൻ ഒരിക്കൽ പ്രേക്ഷകരിൽ ഒരാളുടെ നേരെ കല്ലു വലിച്ചെറിഞ്ഞതായി അഭിനയിക്കുകയും, ആ കല്ലു ദേഹത്തിൽ വന്നു വീണതായി തോന്നിയ ഒരു പാശ്ചാത്യൻ വല്ലാതെ പരിഭ്രമിച്ച് പ്രാഞ്ചുപോവുകയും ചെയ്തത് ഈയവസരത്തിൽ ഞാൻ അനുസ്മരിക്കുന്നു. ഇത് അത്ഭുതകരവും അവിശ്വസനീയവുമായിത്തോന്നാമെങ്കിലും ഇതൊരു വാസ്തവമാണ്. ആ നടൻ മരിച്ചിട്ട് ഒന്നര നൂറ്റാണ്ടിലധികമായിട്ടില്ല. മൺമറഞ്ഞുപോയ ആ മഹാനടന്റെ അത്ഭുതകരമായ അഭിനയപാടവം കൺകുളിർക്കെ കണ്ടാസ്വദിച്ച പലരെയും ഞാൻ എന്റെ കുട്ടിക്കാലത്തു കാണുകയുണ്ടായിട്ടുണ്ട്. എന്നാൽ ആ മഹാനടന്മാരിൽ മിക്കവരും ഇപ്പോൾ മരണത്തിന്റെ ക്രൂരഹസ്തത്താൽ അപഹരിക്കപ്പെട്ടു. പതുക്കെപ്പതുക്കെ കഥകളിയും അധഃപതിക്കാൻ തുടങ്ങി. എന്നല്ല അതു ചത്തു മണ്ണടിയുമെന്ന നിലവന്നു. ഇത്തരം മനോഹരമായ ഒരു കലാവിശേഷത്തെ പുനരുജ്ജീവിപ്പിക്കേണ്ടതു മലയാളികളുടേയും ഇന്ത്യക്കാരുടേയും മാത്രമല്ല, മറുനാട്ടുകാരുടേയും പവനകർത്തവ്യമാണെന്നു ഉറപ്പിച്ചുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ ഉദ്ദേശത്തോടുകൂടിയാണ്, എന്റെ ഉറ്റ മിത്രങ്ങളിൽ ചിലരുടെ സഹായത്തോടേ ഞാൻ കാൽനൂറ്റാണ്ടുമുമ്പ് 'കേരളകലാമണ്ഡലം' സ്ഥാപിച്ചത്.

യൂറോപ്പിൽനിന്നും അമേരിക്കയിൽനിന്നുമുള്ള മാന്യ സ്ത്രീപുരുഷന്മാർ കഥകളിപഠിക്കാൻ കലാമണ്ഡലത്തിൽ വരാറുണ്ട്. ഇന്ത്യയിലെ എല്ലാ ഭാഗത്തുനിന്നുമുള്ള പെരുപ്പക്കാരും കലാമണ്ഡലത്തിൽ പഠിക്കാനെത്താറുണ്ട്. അവർ ഏതാനും മാസങ്ങൾ അല്ലെങ്കിൽ ഒരുകൊല്ലം കലാമണ്ഡലത്തിൽ താമസിച്ചു പഠിക്കും—വളരെക്കുറച്ചുവല്ലതുമെ പഠിച്ചിട്ടുണ്ടാവൂ. എന്നിട്ട് ലോകത്തിന്റെ നാനാഭാഗത്തും പോയി തങ്ങൾ കഥകളിപ്രദർശിപ്പിക്കുകയാണെന്ന് വിളംബരംചെയ്യും—ഇതാണ് ഇതിൽ ഏറ്റവും ഖേദകരം. അങ്ങനെ കഥകളിയുടെ നന്മുകൾ ലോക

Digitized By Kerala Sahitya Akademi

ത്തിന്റെ പലഭാഗത്തുമുള്ള തിയേറ്ററുകളിൽ ചിതറിക്കിടക്കുന്നുണ്ടാവാം. ആ നുറുങ്ങുകളം കണ്ടു അതു യഥാർത്ഥകഥകളിയാണെന്നു നിങ്ങൾ തെറ്റിദ്ധരിച്ചിട്ടുണ്ടെങ്കിൽ ചുവന്ന മഷികൊണ്ടു് ആ ധാരണ വെട്ടിക്കളയണമെന്നു ഞാൻ അപേക്ഷിക്കുന്നു. ഒരു നല്ല കഥകളിനടനാവാൻ ചുരുങ്ങിയതു് പന്തിരണ്ടുകൊല്ലത്തെ അഭ്യാസം വേണം. പത്തുവയസ്സുമുതൽക്കു കച്ചകെട്ടിത്തുടങ്ങണം. അംഗലാഘവത്തിന്നും വിലാസചേഷ്ടകൾക്കും അനുരോധമായ ഉഴിച്ചൽ നടത്തണം. ഇതോടൊപ്പം കണ്ണുസാധകം ചെയ്യണം. പുരികങ്ങളും മുഖത്തെ മാംസപേശികളും ഇളക്കാൻ പഠിക്കണം; അവസരത്തിനനുരൂപമായ നൃത്തം ശീലിക്കുകയും വേണം. ഇതൊക്കെ ഒന്നോ രണ്ടോ കൊല്ലംകൊണ്ടു പഠിക്കാവുന്നതല്ല. ഈ പന്തിരണ്ടുകൊല്ലക്കാലത്തിനുള്ളിൽ നിത്യം നാലും അഞ്ചുംമണിക്കൂർ പരിശീലനം ഒരു വിദ്യാർത്ഥിക്കു ലഭിക്കുന്നു. അംഗലാഘവം നേടാനുള്ള ഉഴിച്ചൽ സാധാരണയായി വർഷാകാലത്താണു് നടത്തുക പതിവു്.

ലോകത്തിന്നു ചില മികച്ച നടന്മാരെ സമ്മാനിക്കാൻ കലാമണ്ഡലത്തിന്നു കഴിഞ്ഞിട്ടുണ്ടു്. ഏതാനും കൊല്ലങ്ങൾക്കുമുമ്പു പരേതയായ ശ്രീമതി സരോജിനിനായഡു—ഇന്ത്യനാരാമത്തിലെ ആ രാപ്പാടി—ഐക്യസംസ്ഥാനഗവണ്മെന്റായിരിക്കെ മരണത്തിന്റെ ക്രൂരഹസ്തത്താൽ അപഹരിക്കപ്പെട്ട ആ അനശ്വരകവയിത്രി—ഒരു കഥകളിപ്രദർശനം കണ്ടതിന്നുശേഷം ഇങ്ങനെ അഭിപ്രായപ്പെടുകയുണ്ടായി: വളരെ മടിയോടുകൂടിയാണു് ഞാൻ ആ മഹതിയുടെ വാക്കുകളം ഉദ്ധരിക്കുന്നതെന്നു പറഞ്ഞുകൊള്ളട്ടെ—കാരണം, അതിൽ എന്നെസ്സംബന്ധിച്ച പ്രശംസ അടങ്ങിയിട്ടുണ്ടു്—അത്രയൊക്കെ ഞാൻ അർഹിക്കുന്നുണ്ടെന്നു് എനിക്കു തോന്നുന്നില്ല—"തന്റെ സാഹിത്യസംഭാവനകൾക്കു പുറമേ, മഹാകവി വള്ളത്തോൾ ഇന്ത്യക്കു് ഏറ്റവും ഉത്തമമായ കഥകളികലാവിദ്യയും സമ്മാനിക്കുകയുണ്ടായി; അതിന്നു് ഇന്ത്യ മുഴുവൻ അദ്ദേഹത്തോടു് എന്നെന്നും കടപ്പെട്ടിരിക്കും." ആ കലാമർമ്മജ്ഞനു് കഥകളിയോടു് എന്തൊരു ആദരമാണുണ്ടായിരുന്നതെന്നോ! 1936-ൽ മിസ്റ്റർ മാധവന്റെ—മി: മാധവനെ ഉദയശങ്കറിന്റെ നൃത്തസംഘത്തിലേയ്ക്കു് കലാമണ്ഡലത്തിൽനിന്നയച്ചതാണു്—നൃത്തപ്രദർശനം കണ്ടതിന്നുശേഷം പാരീസ്സിലെ വൃത്താന്തപത്രങ്ങളിലൊന്നു് അഭിപ്രായപ്പെടുകയുണ്ടായി: 'ഈ നൃത്തവും ഇന്ത്യൻ സംഗീതവും നമ്മളിൽ വാസ്തവത്തിൽ എന്തൊന്നില്ലാത്ത അത്ഭുതാദരങ്ങം ഉളവാക്കുന്നു. ഈ നൃത്തത്തെ ആകെ കൺകുളിക്കെ കണ്ടാസ്വദിക്കാൻ നാം പ്രേരദതരാവുന്നു. ഈ മഹത്തായ കലാവിദ്യ സമഗ്രമായി ആസ്വദിയ്ക്കാൽ നമുക്കു കഴിയുന്നില്ലെങ്കിൽ, അതിന്നു നമ്മുടെ പരിചയക്കുറവിനേയും നൂതനവസ്തുക്കളിൽ നമുക്കുള്ള വിപ്രതിപത്തിയെയും മാത്രം കുറപ്പെടുത്തിയാൽ മതി." മാധവന്റെ വ്യാധനൃത്തത്തെപ്പറ്റി അതേ പത്രം തുടർന്നു പറയുന്നു: "മാധവൻ തന്റെ വില്ലു കുലയ്ക്കുന്നതു് കാണാൻ കൌതുകമുണ്ടു്. ഇല്ലാത്ത ഒരു വില്ലാണു് മാധവൻ കുലയ്ക്കുന്നതു്. അദ്ദേഹം ഇതെല്ലാം സാധിക്കുന്നതു് ഭാവപ്രകടനത്താലാണു്. ഒരിക്കലും പൂർണമയും സ്വാഭാവികതയും നഷ്ടപ്പെടാത്ത ആ ഭാവപ്രകടനങ്ങളെയും അംഗചലനങ്ങളെയും എങ്ങനെ കൊണ്ടാടണമെന്നും അഭിനന്ദിയ്ക്കണമെന്നും അറിയാതെ നാം കുഴങ്ങിപ്പോവുന്നു."

പൂജ്യാചാര്യനായ നെവേറ അപ്രത്യക്ഷനായതോടെ ഫ്രഞ്ചുബാലെയ്ക്കു വന്ന അധഃപതനം തന്നെയാണു് ഇന്നു കഥകളിക്കും നേരിട്ടിരിക്കുന്നതു്—

Digitized By Kerala Sahitya Akademi

എന്നാൽ അതു പുനരുജ്ജീവിച്ചു പോരുന്നുണ്ട്. മോഹിനിയാട്ടത്തിന്റെ വിധിയും വ്യത്യസ്തമല്ല—അതും കേരളത്തിലെ ഒരു പ്രാചീനനൃത്തമാണ്. സ്ത്രീകൾ മാത്രം ചെയ്യുന്ന ഒരുതരം നൃത്തം. ഇതിനെ മരണശയ്യയിൽ നിന്നു ജീവിപ്പിച്ചെഴുന്നേല്പിക്കാൻ വേണ്ടുന്ന മരുന്നു കലാമണ്ഡലം കണ്ടെത്തിയിട്ടുണ്ട്. ഞാൻ കണ്ടേടത്തോളം മോഹിനിയാട്ടത്തിനു തുല്യമായ മറെറാരു നൃത്തം ഭരതനാട്യം മാത്രമേ ഉള്ളൂ. ഇതും ക്രമേണ നശിച്ചു കൊണ്ടിരിക്കയാണ്. എന്നാൽ ശ്രീമതി താരാചൌധുരിയെപ്പോലുള്ള ഏതാനും മാന്യയുവതികൾ (താരയും കലാമണ്ഡലത്തിലെ ഒരു വിദ്യാർത്ഥിനിയാണ്) ഭരതനാട്യം കാര്യമായിപഠിക്കാൻ ആരംഭിച്ചിട്ടുണ്ട്—ഇത് ഒട്ട് ആശ്വാസകരമാണ്. വിക്തോർയുഗോ ഒരിക്കൽ പറഞ്ഞപോലെ, "ലോകത്തിനാവശ്യമുള്ളതെന്തും ജീവിക്കും."

ഒരു പഴയ കൊട്ടാരമുറ്റത്തുള്ള മരങ്ങളും വല്ലികളും പുഷ്പിതമാവാൻ വസന്തത്തെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നപോലെ കഥകളിയും വികസനൌന്മുഖ്യത്തോടെ ലോകത്തിന്റെ കലാപ്രേമമാകുന്ന ഉഷസ്സിനെ കാത്തു നില്ക്കുന്നു!

Digitized By Kerala Sahitya Akademi

കേരളം ഒന്നാകട്ടെ*

"ഏറവും പ്രിയപ്പെട്ട ആലുവാ സ്നേഹിതന്മാരേ! നിങ്ങളുടെ ഓരോരുത്തനേറയും മുമ്പിൽ ഞാൻ തൊഴുകൈ അപ്പിച്ചുകൊള്ളുന്നു. കൊച്ചി–തിരുവിതാംകൂർ ഒന്നിച്ചുചേരുവാൻ പോകുന്ന സമയമാണല്ലോ ഇതും. മേലിൽ കൊച്ചി, തിരുവിതാംകൂർ വ്യത്യാസമില്ല. നിങ്ങളുടെ പ്രധാനമന്ത്രി ശ്രീ. ടി. കെ. നാരായണപിള്ളയോട് ഈയ്യിടെ ഞങ്ങളെക്കൂടി കൊണ്ടുപോകണേ എന്ന് ഞാൻ നേരമ്പോക്കായി പറയുകയുണ്ടായി. ഞാൻ മലബാർകാരനാണ്. നിങ്ങളുടെ കൂട്ടത്തിൽ ഞങ്ങളെക്കൂടി ചേർക്കണം. കൊച്ചി–തിരുവിതാംകൂർ കൈകോർത്തുപിടിക്കുന്ന ഈ സമയത്ത് തിരുവിതാംകൂറിന്റെ ഒരു ഭാഗത്തുവെച്ച് ഒരു മലബാറുകാരന്ന് മംഗളപത്രം കൊടുക്കുന്നുണ്ടെന്നുള്ളതുകൊണ്ട് മലബാർ ചേരുമെന്നു വിശ്വസിക്കാം. സംയോജനം നിശ്ചയിച്ചുകഴിഞ്ഞു. ഈയ്യിടെ ഹൈക്കോടതി, തലസ്ഥാനം മുതലായവ എവിടെ വേണമെന്നുള്ളതിനെപ്പററി ചില തക്കങ്ങും നടക്കുന്നുണ്ട്. അതു വകവെയ്ക്കേണ്ടതില്ല. രാജസ്ഥാൻ വേണമെന്ന് വാദിക്കുന്ന ഒരു കൂട്ടരുണ്ട്. അതിൽ വലിയ പ്രയോജനമില്ല, കാലം രാജവാഴ്ച അവസാനിപ്പിക്കുകതന്നെ ചെയ്യും. വടക്കെ ഇന്ത്യയിൽ അനവധി രാജാക്കന്മാരുടെ കിരീടം ഇന്ത്യാഗവമ്മെണ്ട് താഴെ വയ്പിച്ചു. വടക്കേ ഇന്ത്യയിലെ രണ്ടുമൂന്നു വലിയ മഹാരാജാക്കന്മാരെ ഞാനറിയും. പറയത്തക്ക പഠിപ്പോ, സംസ്കാരമോ അവക്കില്ല. പ്രജകളെ നാട്ടുഭാഷയെ പണിയെടുക്കും. അതുകൊണ്ടു കഴിയും. ചന്ദ്രമേനോൻ ഇന്ദുലേഖയിൽ വർണ്ണിച്ചതുപോലെ വൈരക്കൽ കട്ടക്കുനും മറുമിട്ട അങ്ങനെ നടക്കും. ഇക്കൂട്ടർ ഇംഗ്ലണ്ടിൽചെന്നു ഏറവും നല്ല ഹോട്ടലെടുത്തു അവിടെ താമസിച്ചു പണം മുടിയ്ക്കാറുണ്ട്. ഉള്ള പണം വ്യഭിചാരശാലയിലും, മദ്യശാലയത്തിലും ചിലവാക്കും. ചില രാജാക്കന്മാർ പ്രാതൽ കഴിഞ്ഞു ചില അവസരസേവകന്മാരുമൊരുമിച്ചു നായാട്ടിനുപോകും. നായാട്ടിൽനിന്നും കിട്ടുന്ന മൃഗങ്ങളുടെ ഇറച്ചിയും മദ്യവുമായി രസിച്ചുനടക്കും. വടക്കേ ഇന്ത്യയിലെ രാജാക്കന്മാരെപ്പോലെയല്ല, കൊച്ചി–തിരുവിതാംകൂർ മഹാരാജാക്കന്മാർ. കഴിഞ്ഞ രണ്ടായിരം കൊല്ലത്തെ ചരിത്രം നോക്കിയാൽ ഇവരെപ്പോലെ ദുർവൃത്തന്മാരാവാതെ രാജ്യം ഭരിച്ചിട്ടുള്ളവരെ കാണാൻ കഴിയുകയില്ല. മൈസൂർ രാജാവിന്റെ വലിയച്ഛനെപ്പററി ജനങ്ങൾക്കുള്ള ഭക്തിയും മതിപ്പും അളവററതായിരുന്നു. അദ്ദേഹം 18 കൊല്ലക്കാലം ഭരിച്ചു. കഷ്കക്കു ആവശ്യമായ കാര്യങ്ങളിൽ അദ്ദേഹത്തിന്നുള്ള ശ്രദ്ധ അപരിമേയമായിരുന്നു. കൃഷ്ണസാഗരം തുടങ്ങിയ അണക്കെട്ടുകൾ അതിനുദാഹരണമാണ്. നാടുനീങ്ങിയ നമ്മുടെ ശ്രീമൂലം തിരുനാളും അതുപോലെ ആയിരുന്നു. റഷ്യയിലെ സാർ ചക്രവത്തിയുടെ കിരീടത്തിലാണ് ലോകത്തിലേയ്ക്കുവെച്ച് വലിയ രത്നമുണ്ടായിരുന്നത്. 27 കൊല്ലം മുമ്പു അതു കടത്തിൽ വിററതായി കേട്ടിട്ടുണ്ട്. ഹിന്ദുക്കളുടെ പുരാണപ്രകാരം രാജാവിനെ ഇരന്നുവാങ്ങുകയായിരുന്നു. രാജാവിനെ

---

* 1947 ജൂണിൽ ആലുവായിലെ ഒരു സ്വീകരണയോഗത്തിൽ ചെയ്ത പ്രസംഗം.

Digitized By Kerala Sahitya Akademi

പ്രജകൾ ബ്രഹ്മാവിന്റെ അടുക്കൽ ചെന്ന സങ്കടം പറഞ്ഞു സമ്പാദിച്ച താണ്. അങ്ങനെയുള്ള രാജാക്കന്മാർക്കു യാതൊരു മടിയുംകൂടാതെ കിരീടം ഊരി ഭൂമിയുടെ കാൽക്കൽ ഏല്പിക്കുന്നതിനു എന്താണ് സങ്കടം? അമ്മയുടെ പക്കൽ ഏല്പിക്കുന്നതിന്ന് മടിക്കേണ്ടതില്ല. കൊച്ചി—തിരുവിതാംകൂർകൂടി ചേർന്നാൽ 80 ലക്ഷം ജനങ്ങളുണ്ട്. ഇന്നു പ്രകൃതി അനുഗ്രഹിച്ച കേരളംപോലെ ദാരിദ്ര്യം ഒരിടത്തുമില്ല, 6 യൂനിറ്റ് അരിയും 2 യൂനിറ്റ് ഗോതമ്പും കൊണ്ട് നാം ഒരു കുടുംബം കഴിച്ചുകൊള്ളണം. നമ്മുടെ അലസതയാണിതിനു കാരണം. ഈ നാട്ടിൽ ഒന്നാംതരം മഴയുണ്ട്. ആനക്കട്ടികൾ തുമ്പിക്കയ്യു ഇളക്കിനടക്കുന്ന വൻ മലകളുണ്ട്. പ്രകൃതി അനുഗ്രഹിച്ച എല്ലാവിധസൗകര്യങ്ങളുമുണ്ട്. എല്ലാവരും കർമ്മവിമുഖരായി പണിയെടുക്കാതിരിക്കുകയാണ്. സംയോജനം അത്ര മാറും, രണ്ടു കൂട്ടരും ഒന്നിക്കുമ്പോൾ മടിയൊക്കെ നീങ്ങും. അറവേനല്ലുപോലും അമ്മ സ്വന്തം കുട്ടികൾക്ക് അമ്മിഞ്ഞപ്പാൽ കൊടുക്കുന്ന നദിയാണ് ഇവിടെയുള്ളത്. സംസ്കൃതത്തിൽ ചൂണ്ണിക എന്ന നദിയാണ് ഇവിടത്തെചുണ്ണിയാറ്. ഇവിടെയാണ്തലസ്ഥാനം വേണ്ടത്. ഈയിടെ ഒരു പത്രം ആലുവാ തലസ്ഥാനമാക്കേണ്ട ഔചിത്യത്തെപ്പറ്റി പറഞ്ഞു. പലതുകൊണ്ടും തലസ്ഥാനത്തിനു ആലുവാ അർഹമാണ്. കൊച്ചിത്തുറമുഖത്തിനടുത്ത സ്ഥലം. പെരിയാർ പടിഞ്ഞാറു ഒഴുകിക്കൊണ്ടിരിക്കുന്നു. അല്പം പടിഞ്ഞാറു മാറിയാണ് ചേരമാൻ പെരുമാളുടെ ആസ്ഥാനനഗരമായിരുന്ന സ്ഥലം (തിരുവഞ്ചിക്കുളം). ആ പഴമ വിചാരിച്ചാലും ആലുവായാണ് തലസ്ഥാനനഗരമാകേണ്ടത്. കൂടാതെ മലബാർകൂടി ചേർന്നുകഴിഞ്ഞാലും മൂന്നിന്റെയും മധ്യത്തിൽ വരുന്ന സ്ഥലവുമാണ്. ഇന്ത്യാഗവർമ്മേണ്ടിന്റെ നയം നാട്ടുരാജ്യങ്ങളെയെല്ലാം സംയോജിപ്പിക്കുക എന്നതാണ്. അതിനു ആരും അസൂയപ്പെട്ടിട്ടു കാര്യമില്ല. നമ്മളെല്ലാം വേണ്ട ഒത്താശകൾ ചെയ്തുകൊടുക്കേണ്ടതാണ്. പരശുരാമൻ സൃഷ്ടിച്ച കേരളം ഒന്നായിത്തീരട്ടെ എന്നു നമുക്കു പ്രാർത്ഥിക്കാം.

എനിക്കു ആസ്ഥാനമഹാകവിപദം കിട്ടിയതിനെക്കുറിച്ച് ഇന്നത്തെ അദ്ധ്യക്ഷൻ മി. തോമസ് സ്മരിച്ചു. ഈ സ്ഥാനത്തിനു സ്വപ്നത്തിൽപോലും ഞാനർഹനാണെന്നു വിചാരിച്ചില്ല. ഞാൻ കവിത എഴുതിത്തുടങ്ങിയിട്ട് 57 വർഷമായി. എന്റെ 13—ാം വയസ്സിൽ ഞാൻ കവിത എഴുതിത്തുടങ്ങി. ആദ്യം പനയോലയിലാണ്ഞാനെഴുതിയത്. എനിക്ക് അധികംവിദ്യാഭ്യാസമൊന്നുമില്ല. കുറച്ചുസംസ്കൃതം പഠിച്ചിട്ടുണ്ട്,ഇന്നും ഞാനൊരു വിദ്യാർത്ഥിയായിക്കഴിയുകയാണ്. എന്നെക്കാൾ മലയാളകവിതകൾ എഴുതുന്ന മഹാകവികളുണ്ട്. തമിഴ്നാട്ടിൽനിന്നും മലയാളികൾക്ക് യാതൊരു പ്രോത്സാഹനവും ലഭിക്കുന്നില്ല. തമിഴിന്റെ അനുജത്തിയാണ് മലയാളം. അവരതു വിസ്മരിക്കുകയാണ്. കോടിക്കണക്കിനു രൂപ ചെലവുചെയ്ത് ജലസേചനത്തിനുവേണ്ടി തമിഴ്നാട്ടിൽ അണ കെട്ടുന്നുണ്ട്. മലയാളത്തിൽ ഒന്നുമില്ല. നമുക്കു ജലസേചനപദ്ധതി കിട്ടുമെന്നുള്ള കൊതികൊണ്ടു വായിൽ വെള്ളമൂറുക മാത്രമേ ഫലമുള്ളൂ. നമ്മുടെ നിഷ്ഫലമായ കാര്യവും അങ്ങിനെതന്നെ. പത്രഭാഷയിൽ പറയുകയാണെങ്കിൽ ഒരുതരം ചിറ്റമ്മനയമാണ് തമിഴ്നാട്ടുകാർ നമ്മോടു കൈക്കൊള്ളുന്നത്; അപ്രകാരമുള്ള മദിരാശിഗവർമ്മേണ്ടിനു ഇപ്പോൾ മലയാളത്തിനെ കാണാൻ കഴിയും. അതാണ് ഇതിന്റെ മർമ്മം. (മല

Digitized By Kerala Sahitya Akademi

യാളിയെ ആസ്ഥാനമഹാകവി ആക്കിയത്) നമ്മുടെ ഭാഷയെ അവർ മാനിച്ചു എന്നു പറയാം. മലയാളത്തിലൊരാസ്ഥാനകവിയെ തെരഞ്ഞെടുക്കാൻ വടക്കെ മലബാറിലൊരു പ്രഭുവിന്റെ വീട്ടിൽവെച്ച് ഒരു മീറ്റിങ്ങ് കൂടി. നാലു ദിവസം കഴിഞ്ഞു വള്ളത്തോളിനെ തിരഞ്ഞെടുത്തു എന്നു ചില പത്രങ്ങളിൽ കണ്ടു. ഒരു യൂണിവേഴ്സിറ്റി ഉദ്യോഗസ്ഥൻ അങ്ങനെ തെരഞ്ഞെടുത്തിട്ടില്ല എന്നും പരസ്യംചെയ്തു. പലരും എനിക്ക് അഭിനന്ദനക്കത്തുകളയച്ചു. രണ്ടാമതു തെരഞ്ഞെടുത്തിട്ടില്ലയെന്നു കണ്ട് ചിലർ ക്ഷോഭിച്ചുകൊണ്ടു കത്തുകളും എഴുതി. തിരുവിതാംകൂറിൽനിന്നൊരു മാന്യൻ എനിക്കൊരു കത്തയച്ചു. അതിൽ പ്രൈവറ്റ് എന്നു എഴുതിയിരുന്നു. "ആദ്യം അങ്ങയെ ആസ്ഥാനമഹാകവിയായി തെരഞ്ഞെടുത്തുവെന്നും പിന്നീട് അങ്ങനെയില്ലെന്നും പത്രങ്ങളിൽ കണ്ടു. ഇതിന്റെ രഹസ്യമെന്താണ്? ഈ സ്ഥാനത്തിന്ന് അങ്ങാണ് അർഹൻ. ഞങ്ങളതിന് വേണ്ടതു ചെയ്തുകൊള്ളാം." എന്നു ആ തിരുവിതാംകൂർ സ്നേഹിതനെഴുതി. ഇവിടെയിരിക്കുന്ന മഹാകവി പള്ളത്തുരാമനും എനിക്കൊരു കത്തയച്ചു. ഞാനവരെയെല്ലാം സമാധാനിപ്പിച്ചുകൊണ്ടു കത്തുകളെഴുതി. അവസാനം എന്നെത്തന്നെ തെരഞ്ഞെടുത്തു. ഏതായാലും മദ്രാസ്ഗവർമ്മേണ്ടിന് മലബാറികളോടു തോന്നിയ ഈ ഭാവഭേദത്തെ—ഈ മനഃപരിവർത്തനത്തെ—നാം അഭിനന്ദിക്കണം. എന്റെ മഹാകവിശബ്ദത്തെപ്പറ്റി പറഞ്ഞാൽ അതും ഒരു യാദൃച്ഛികസംഭവമാണ്. പരിണാമവാദം പുനർജ്ജന്മം ഇവ വാസ്തവമാണെങ്കിൽ രണ്ടു മൂന്നു ജന്മം കഴിഞ്ഞാൽ ഞാനൊരു മഹാകവിയായേയ്ക്കാം, നാല്പതുകൊല്ലം മുമ്പ് ഞാനൊരു മഹാകവിയായിത്തീർന്നു. ഞാനതു അറിഞ്ഞില്ല. എന്നെപ്പറ്റി ശിഷ്യനിർവിശേഷം വാത്സല്യമുള്ള ശ്രീ. കേരളവർമ്മ വലിയ കോയിത്തമ്പുരാൻ അന്നൊരു ഉപന്യാസമെഴുതി, അതിൽ പല എഴുത്തുകാരെപ്പറ്റിയും പ്രതിപാദിച്ചകൂട്ടത്തിൽ എന്നെയും സ്പർശിക്കേണ്ടിവന്നു. അപ്പോഴാണ് അദ്ദേഹം മഹാകവി വള്ളത്തോൾ നാരായണമേനോൻ എന്നെഴുതി, കേരളസാഹിത്യചക്രവർത്തിയായ അദ്ദേഹത്തിന്റെ ആ പ്രസ്താവന എന്നെ മഹാകവിയാക്കി. എന്നിലുള്ള സ്നേഹാതിരേകംകൊണ്ട് അദ്ദേഹം അങ്ങനെ എഴുതിവിട്ടതായിരുന്നു. എന്റെ ജ്യേഷ്ഠഭ്രാതാക്കളാണ് ഉള്ളൂരും, ആശാനും. ഞാൻ അവരെ ഇതുവരെ പരസ്യമായി ഒരു കുറവും പറഞ്ഞിട്ടില്ല. അവരുടെ കൃതികളായ മംഗളമഞ്ജരിയും ലീലയും എനിക്ക് നിരൂപണംചെയ്യേണ്ടിവന്നിട്ടുണ്ട്. അതു ഞാനൊരു പത്രാധിപരായിരുന്ന കാലത്താണ്. വള്ളത്തോളിന്റെ കപ്പായം മാറി പത്രാധിപരായിട്ടാണ് ഞാനതു നിരൂപണംചെയ്തത്. ഈയിടെ ഒരാൾ, ആശാൻ, ശങ്കരക്കുറുപ്പ് ചങ്ങമ്പുഴ ഇവരെ എന്റെ മുന്നിൽ നിറുത്തുവാൻ ചെയ്ത പരിശ്രമങ്ങളെ എന്റെ കൂക്ഷിക്കാർ തടഞ്ഞുവെന്നു പറഞ്ഞു വിലപിക്കുന്നതുകേട്ടു. മഹാകവി ആശാൻ എന്റെ മുന്നിലാണ്! ശങ്കരക്കുറുപ്പും ചങ്ങമ്പുഴയും മുന്നിൽവരുന്നതു എനിക്കു സന്തോഷമാണ്. വള്ളത്തോൾ വയസ്സനായി. അവർ മുന്നിൽ വരുന്നത് നമുക്കു അഭിമാനകരമാണ്. ആദ്യകാലത്ത് ശങ്കരക്കുറുപ്പ് കുട്ടിവള്ളത്തോളായിരുന്നെന്നും ഇന്ന് വള്ളത്തോൾ കുട്ടിക്കുറുപ്പായിയെന്നും പറയുന്നുണ്ട്. അതിലും എനിക്കു സന്തോഷമാണ്. ശങ്കരക്കുറുപ്പിനു ചെറുപ്പമാണല്ലൊ. ചങ്ങമ്പുഴയ്ക്കു അതിലും ചെറുപ്പം. ചങ്ങമ്പുഴ മുമ്പ് കോട്ടയത്തുവെച്ചു നടന്ന സമ്മേളനത്തിൽ എന്നെപ്പറ്റി ആക്ഷേപിച്ച് ഒരു പ്രസംഗം ചെയ്തതായി കേട്ടിട്ടുണ്ട്. അതിലൊന്നും എനിക്ക്

Digitized By Kerala Sahitya Akademi

വിരോധമില്ല. ഈ കക്ഷിവഴക്കും പക്ഷപാതവുംകൊണ്ട് വളരെ വളരെ കവികൾ പിന്നിൽപോയിട്ടുണ്ട്. ഇന്നത്തെ നിരൂപകന്മാരിൽ ധീരനും അദ്വിതീയനുമെന്ന് ഏതാനും അനുയായികൾമാത്രം പറയുന്ന ഒരാൾ ഞാൻ സാഹിത്യസാമ്രാജ്യത്തിന്റെ പട്ടും വളയും വാങ്ങി എന്നുപറഞ്ഞ് പുച്ഛിക്കാറുണ്ട്. ആ മാന്യൻ പന്ത്രണ്ടുകൊല്ലമായി ഉള്ളൂരിനെ ശകാരിച്ചു കൊണ്ടിരിക്കയാണ്. ഉള്ളൂരിന്റെ കവിതകൾ വായിച്ചതിൽ ഗ്രഹിക്കുവാനുള്ള പ്രാപ്തി അദ്ദേഹത്തിനുണ്ടെന്നു തോന്നുന്നില്ല. എന്തോ കാര്യസാദ്ധ്യത്തിന്നായി ഉള്ളൂരിന്റെ പുറകെ നടന്നിട്ട് സാധിക്കാത്ത ഗർവാണ് ഈ അധിക്ഷേപങ്ങൾക്ക് കാരണമെന്നു മനസ്സിലാക്കാൻ വലിയ പ്രയാസമില്ല. ആ നിരൂപകമാന്യൻ ആശാനെ സ്തുതിക്കാറുണ്ട്. പട്ടും വളയും വാങ്ങിയത് മഹാകവി ആശാനാണ്. ആ സ്തുതിയില്ലുള്ള ആത്മാർത്ഥത പ്രകടമാക്കേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. നമ്മുടെ സാഹിത്യം നന്നാകണമെങ്കിൽ കക്ഷിവഴക്കുകളും ജാതിചിന്തകളും മറന്ന് മലയാളികളെല്ലാം ഒന്നാകണം. മഹാകവി ഉള്ളൂർ തന്റെ അമൃതൊഴുകുന്ന തൂലിക മേശപ്പുറത്തുവെച്ചുകൊണ്ട് മരണത്തിന്റെ ഗ്രഹയിലേയ്ക്കു പോയിട്ട് ഇന്നേയ്ക്ക് ആറുദിവസമേ ആയിട്ടുള്ളൂ. ഇത്രയും പാണ്ഡിത്യമേറിയ ഒരു മഹാകവിയെ മലയാളികൾ ഇതിനുമുമ്പ് കണ്ടിട്ടില്ല. അദ്ദേഹത്തിന്റെ നഷ്ടം നമുക്ക് അസഹനീയമാണ്.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi